നാരായണീയം യദുവല്ലഭഹാരം ഭാഷ്യസഹിതം





ശ്രീമന്നാരായണീയം

മേല്പുത്തൂർ നാരായണ ഭട്ടതിരി

യദുവല്ലഭഹാരം

(വ്യാഖ്യാനം)

ഡോ. സുവർണ്ണ നാലപ്പാട്ട്

AUTHOR'S COPY

THEERABHUMI
തീരഭൂമി ബുക്സ്
ഗുരുവായൂർ

Sreemannarayaneeyam
Melputhoor Narayana Bhattathiri
(Yadhuvallabhaharam Commentry)
Dr. Suvarna Nalappat

Malayalam | First TB Edition : 2018 March | Typesetting : Puthur Graphics Guruvayur | Printed at : Sterling Print House, Edappalli | Cover Design : Pratheesh | Published by : Theerabhumi Books, Guruvayur - 680 101

E-mail : theerabhumibooks@gmail.com
Website : www.theerabhumibooks.com

© Rights reserved with the publishers

SL No: 92 | TBP - 68 | 03/18 | BP-05

ആമുഖം

"കർമ്മമേതദ് ഭൂയാത് കൃഷ്ണാർപ്പണം
മേ ഭവതു ച സതതം ധീരഘാരേ: കഥായാം
(പ്രക്രിയാ സർവ്വസ്വം. മേല്പുത്തൂർ)

'എന്റെ കർമ്മങ്ങളെല്ലാം കൃഷ്ണാർപ്പണമായിത്തീരട്ടെ. എന്റെ ബുദ്ധി (ധീ) എപ്പോഴും അഘാസുരനെ വധിച്ചവന്റെ കഥകളിൽ രമിയ്ക്കട്ടെ' എന്നു പാടിയ ഭക്തകവിയാണ് നാരായണീയ കർത്താവ്. 27-ാം വയസ്സിലാണ് നാരായണീയമെന്ന ഭക്തി കാവ്യരചന. മുപ്പതു വർഷം കഴിഞ്ഞ് 57-ാം വയസ്സിലാണ് വെറും 60 ദിവസം കൊണ്ട് പ്രക്രിയാ സർവസ്വമെന്ന വ്യാകരണ ഗ്രന്ഥരചന. ആ കർമ്മവും കൃഷ്ണാർപ്പണമായി ചെയ്ത ഭക്തകവിയെ എങ്ങനെ 'വിഭക്തി'യുടെ മാത്രം വക്താവായി കേരളീയർ ചിത്രീകരിക്കുന്നു എന്നത് ആലോചിക്കേണ്ട വിഷയമാണ്. ഭട്ടതിരിയുടെ കൃഷ്ണഭക്തിയെ അറിയാതെ പൂന്താനത്തിന്റെ കൃഷ്ണഭക്തിയെ അറിയാനോ പറയാനോ കഴിയില്ല എന്നതാണ് സത്യം.

ഭക്തിഃ സജ്ജന സംഗമാത്ര സുലഭാ
തത്വാർത്ഥ ബോധപ്രദാ
സർവ്വേഷാം ഗുണവൃദ്ധികൃദ്വിജയതേ
നൈവം വിഭക്തിഃ പ്രഭോ
ലഭ്യാ ശാസ്ത്ര പരിശ്രമാദിതനുതേ
സാ ചാർത്ഥഭേദാൻ ബഹൂൻ
വൃദ്ധിം ക്വാപി ഗുണഞ്ചകത്രചിദതേ-
സ്ത്വദ് ഭക്തിമേവാശ്രയ (വിദ്വാൻ മച്ചാട്ടിളയത്, സ്തോത്ര പഞ്ചാശിക)

ഭക്തി സജ്ജനസംസർഗ്ഗംകൊണ്ട് എല്ലാവർക്കും കിട്ടും. ശാസ്ത്ര പരിശ്രമം കൊണ്ടുള്ള വിഭക്തി ചുരുക്കം ചിലർക്കേ കിട്ടൂ. ഈശ്വരാനുഗ്രഹം ഒന്നു കൊണ്ടു മാത്രമാണ് ഭക്തിയും വിഭക്തിയും ഒരുമിച്ച് ഒരാളിൽ സംഭവിക്കുക. അത് അത്യപൂർവമായ ഒരു പ്രതിഭാസമാണ്. ഭാഗവതത്തിലെ ഉദ്ധവരെപ്പോലെ ഭക്തിയും ജ്ഞാനവും സമ്മേളിച്ച, അനന്താംശ സംഭവനായ അതിമാനുഷനായിട്ടാണ് ഉള്ളൂർ ഭട്ടതിരിയെ കാണുന്നത്.

ഭക്തിഗ്രന്ഥമായ നാരായണീയ രചനയ്ക്കും വിഭക്തി ഗ്രന്ഥമായ പ്രക്രിയാ സർവ്വസ്വത്തിനും ഇടയിലെവിടെയോ ആണ്. പൂന്താനത്തിന്റെ ജ്ഞാനപ്പാന ഭട്ടതിരി പരിശോധിച്ച കാലം.

സർവം തത് പ്രജ്ജുഹോമി നന്ദതനയേ
മന്ദസ്മിതാദ്രാനനേ
പൂർണ്ണ ബ്രഹ്മണി തുർണ്ണമേഷ കരുണാ-
സിന്ധുർമയീ പ്രീയതാം

എന്ന് തുടക്കം മുതൽ
രാസവിലാസവിലോലം ഭജത
മുരാരേർ മനോരമം രൂപം
പ്രകൃതിഷു യത് പ്രത്യയവത്
പ്രത്യേകം ഗോപികാസു സമ്മിളിതം

എന്ന മംഗളശ്ലോകം വരെ തന്റെ വിഭക്തിഗ്രന്ഥത്തിൽ ഭട്ടതിരി ഭക്തി പൂർവ്വം കൃഷ്ണനെ സ്മരിക്കുന്നു. പ്രക്രിയാസർവ്വസ്വത്തെ മാതൃകയാക്കി "സിദ്ധാന്തകൗമുദി' രചിച്ചത് ഭട്ടോജി ദീക്ഷിതരാണ്. ആ ഗ്രന്ഥം രചിച്ച നാൾ മുതൽ ഇന്നുവരെ സംസ്കൃതവ്യാകരണം പഠിക്കുന്ന "വിഭക്ത"ന്മാരുടെ പാഠ്യപുസ്തകമാണ്.

പാണിനീയ സൂത്രങ്ങളുടെ ഉദാഹരണങ്ങളായി ധാതുപാഠ പഠിതങ്ങളായി ഉദാഹരിച്ച ധാതുകാവ്യത്തിൽ, താൻ മൃത്യുമുഹൂർത്തത്തിൽ ദർശിക്കേണ്ട ശ്രീനാരായണ രൂപത്തെക്കുറിച്ച് ഭട്ടതിരിയുടെ ഒരു പ്രസിദ്ധ ശ്ലോകമുണ്ട്.

ആരൂഢോ ഗരുഢം ഭുജാന്തരഗല-
ശ്രീ വന്യമാലാവലി
ക്ഷ്മാ മാന്ദോളിത ചാമരാന്തരഗതഃ
പ്രോദ് ഗീയ മാനോഽ മരൈഃ
ചഞ്ചന്മീന സുവർണ്ണകുണ്ഡലധരോ
ധാരാധരശ്യാമളഃ
കാലേ മേ ചരമേ മമാക്ഷിപദവീ-
മായാതു നാരായണഃ

ഭഗവാനെ സമീപിക്കുന്ന ഭക്തന്മാർ നാലു തരക്കാരാണെന്ന് ഭഗവദ്ഗീത പറയുന്നു; ആർത്തൻ, അർത്ഥാർത്ഥി, ജിജ്ഞാസു, ജ്ഞാനി.

ഇതിൽ ഏതു തരക്കാരനായിരുന്നു ഭട്ടതിരി? ഏതു തരക്കാരനായിരുന്നു പൂന്താനം? രണ്ടുപേരും അർത്ഥാർത്ഥികളായിട്ടല്ല ഭഗവാനെ സമീപിച്ചത് എന്ന് തീർച്ച. ഭട്ടതിരി ജിജ്ഞാസുവും ജ്ഞാനിയുമാണ്. അച്യുതപ്പിഷാരടിയുടെ മരണവേളയിൽ, അദ്ദേഹത്തിന് പാടി മുഴുമിപ്പാനാവാതെ പോയ താരകമന്ത്രം ശിവരൂപത്തിൽ വന്ന് ഗുരുവിന്റെ ചെവിയിൽ ഓതി പ്രാർത്ഥന സാക്ഷാത്ക്കരിച്ചു കൊടുത്തത് അദ്ദേഹത്തിന്റെ ദിവ്യജ്ഞാനത്തിന് ഉദാഹരണമാണ്.

പൂന്താനം ഏറെക്കാലമായി പ്രാർത്ഥിച്ചു കിട്ടിയ ഉണ്ണിയെ നഷ്ടപ്പെട്ട് ആർത്തനായിട്ടാണ് ഗുരുവായൂരപ്പന് ജ്ഞാനപ്പാന നിവേദിച്ച് ജ്ഞാനം നേടുന്നത്. ഭട്ടതിരി തന്റെ ഗുരുവിന്റെ വാതരോഗം ഏറ്റെടുത്ത് സ്വയം 'രോഗാർത്തി' വരിച്ച് അതിന്റെ ശമനാർത്ഥമാണ് ഗുരുവായൂരപ്പന് നാരായണീയം നിവേദിച്ചത്. അത് ഒരു ദിവ്യസിദ്ധന്റെ "ആർത്തി"യാണ്, ലൗകികമായ ആർത്തിയല്ല.

ഓരോ ദശകത്തിന്റെ അവസാനവും ആ "ആർത്തി" തീരാൻ ഗുരുവായൂരപ്പനോട് ഭട്ടതിരി പ്രാർത്ഥിക്കുന്നു. എന്താണ് അദ്ദേഹത്തിന്റെ ആർത്തിക്ക് പരിഹാരം? ഉപക്രമമായ ആദ്യത്തെ 4 ദശകത്തിലെ പ്രാർത്ഥന നോക്കുക.

"വിശ്വപീഢകൾ ഒഴിയാനാണ് നാരായണീയ രചന." (1.2)

നിന്റെ പാദങ്ങളിൽ പ്രേമപ്രൗഢിരസാർദ്രത, വേഗത്തിൽ ലഭിക്കാനും, എന്നെന്നും നിലനിൽക്കാനുമാണ്. (2.10)

വേഗം രോഗം മാറാൻ പ്രാർത്ഥിക്കുന്നത് ഭഗവത് സേവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ്. (3.2)

അവിടത്തെ ഗുണങ്ങളെ ഉച്ചത്തിൽ പ്രകീർത്തിക്കാനാവണം. (4.10)

ഒരു ഗ്രന്ഥത്തിന്റെ ഉപക്രമത്തിലാണ് ഗ്രന്ഥരചനയുടെ ഉദ്ദേശം വെളിപ്പെടു

ന്നതെന്നതിനാൽ ഈ നാലു ദശകങ്ങളിലെ പ്രാർത്ഥന ശ്രദ്ധിക്കേണ്ടതാണ്.

ദൃഢഭക്തി ചോദിക്കുന്നവയും; പാഹിമാം എന്നോ പായാ എന്നോ മാത്രം പ്രാർത്ഥിക്കുന്നവയുമായി ഏതാനും ദശകങ്ങൾ മദ്ധ്യഭാഗത്തുണ്ട്. (15, 37, 46, 73, 80, 82 എന്നീ ദശകങ്ങൾ) ഇതിൽ 15, 37 ദശകങ്ങളിൽ സർവ്വാമയം നീക്കുന്ന ദൃഢഭക്തി, പരാഭക്തി ഇവയാണ് പ്രാർത്ഥിക്കുന്നത്.

ഗ്രന്ഥത്തിന്റെ ഉപസംഹാര ഭാഗത്ത് വരുന്ന ദശകങ്ങൾ ഉപക്രമത്തിൽ പറഞ്ഞ ഉദ്ദേശത്തെ ഉറപ്പിച്ചു പറയുന്നു. (88, 91, 92, 93 ദശകങ്ങൾ).

സത്വം വിശ്വാർത്തി ശാന്ത്യൈ പവനപുരപതേ
ഭക്തി പൂർത്ത്യൈ ച ഭൂയാഃ (88:10)

വിശ്വത്തിന്റെ മുഴുവൻ ആർത്തിശാന്തിയ്ക്കും ഭക്തിയുടെ പൂർത്തിയ്ക്കു മാണ് രചന.

പരമപദത്തിൽ ആനന്ദ നിർവൃതി നേടി ലയിക്കുന്നതിനുള്ള പൂർവ്വരംഗം മാത്രമാണ് ഈ രോഗവും രോഗശാന്തിയുമെന്ന് ഭട്ടതിരി പറയുന്നു. (91.10)

തന്മേ പാപോത്ഥ താപാൻ പവനപുരപതേ
രുന്ധി ഭക്തിം പ്രണീയാ: (92.10)

എന്നും ക്ഷുദ്രമായ ഇന്ദ്രിയസുഖങ്ങളിലേക്ക് ഉന്താതെ രക്ഷിക്കണ മെന്നും (93.10) പറയുമ്പോൾ വിഷയസുഖാർത്തിശമനമാണ് ഭട്ടതിരി ആവശ്യ പ്പെടുന്നത്; തന്റെ മാത്രമല്ല, ലോകത്തിന്റെ മുഴുവനും!

ഭട്ടതിരിയുടെ സ്വപ്നദർശനത്തിലാണ് ഭഗവാൻ വന്ന് 'പൂന്താനത്തിന്റെ ഭക്തിയാണ് ഭട്ടതിരിയുടെ വിഭക്തിയേക്കാൾ തനിക്കിഷ്ട"മെന്ന് പറഞ്ഞത്. ഒരാൾ പുറത്തു പറയാതെ അയാളുടെ സ്വപ്നദർശനം മറ്റൊരു വ്യക്തി അറിയുന്നതെങ്ങനെ? ഭട്ടതിരിയുടെ സ്വപ്നം പൂന്താനമോ, മറ്റു വല്ലവരുമോ അറിഞ്ഞിട്ടുണ്ടെങ്കിൽ അത് ഭട്ടതിരിയല്ലാതെ മറ്റാരും പറഞ്ഞിട്ടാവുക വയ്യ.

"ജ്ഞാനം തപശ്ച വിനയാന്വിതമേവമാന്യം" (നാരായണീയം 33.8) വിനയത്തോടുകൂടിയ ജ്ഞാനവും തപസ്സുമാണ് ബഹുമാന്യം. ഭട്ടതിരി തന്റെ സ്വപ്നം പറഞ്ഞിട്ടുണ്ടെങ്കിൽ അതദ്ദേഹത്തിന്റെ വിനയത്തെയാണ് കാണി ക്കുന്നത്; ബഹുമാന്യതയേയും, സത്യസന്ധതയേയും. വിനയം വിദ്വാന് ഭൂഷണ മാണ്. ആ വിനയത്തെ ഭട്ടതിരിയെ നിന്ദിക്കാനുള്ള ഒരു വഴിയായി എടുത്ത എല്ലാവരും ലജ്ജിക്കേണ്ടവരാണ്. ജ്ഞാനിയെ അറിയാൻ കഴിയാത്ത അജ്ഞാനികൾ മാത്രമാണ് അവർ.

ജ്ഞാനവും ഭക്തിയും ഒരുപോലെ സമ്മേളിച്ച രണ്ട് മഹാബുദ്ധിമാരാണ് കേരളത്തിന് എന്നും അഭിമാനിക്കാവുന്ന ശങ്കരാചാര്യരും മേല്പത്തൂരും. നാരായണീയത്തിന്റെ ഒരു പഴയ പതിപ്പ് (ഓലയിലെഴുതിയ ഗ്രന്ഥം) നാലപ്പാട്ട് പൂജാമുറിയിലുണ്ടായിരുന്നു. നാരായണീയം നിത്യപാരായണം ചെയ്യേണ്ട ഗ്രന്ഥമാണ്. അർത്ഥമറിഞ്ഞ് പാരായണം ചെയ്താൽ ഏറെ നന്നാ യിരിക്കും.

യസ്മിൻ ദേവഃ സ്വയമപി മഹാപാവനഃ പാവനാനാ-
മാതങ്കാനാമുപശമയിതാ ഭാസതേ വാസുദേവഃ

(ഭ്രമരസന്ദേശം, വാസുദേവ കവി)

നാരായണീയം ഒരതി മനോഹരമായ ഭക്തികാവ്യമാണ് ശബ്ദശില്പം,

അർത്ഥശില്പം, ഭാവശില്പം ഇവ മൂന്നിലും വളരെ ശ്രദ്ധവെച്ച് രചിക്കപ്പെട്ട ഈ കൃതിയോട് കിടനിൽക്കാൻ മറ്റൊരു ഭക്തികാവ്യവും ഇന്നുവരെ ഉണ്ടായിട്ടില്ല. അത്തരമൊരു കവനത്തെ മലയാളത്തിലേക്ക് മൊഴിമാറ്റുക എന്ന ഈ കർമ്മം ഒരു നിമിത്തംപോലെ എന്റെ ജീവിതത്തിൽ വന്നുസംഭവിയ്ക്കയാണുണ്ടായത്. ശ്ലേഷവും യമകവും ധാരാളം പ്രയോഗിച്ച സംസ്കൃത കാവ്യത്തിന്റെ പദസമ്പത്തോട് നീതിപുലർത്താൻ മലയാള കാവ്യത്തിന് പ്രയാസമാണ്; പദാനുപദ തർജ്ജമയാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഭക്തിഭാവം ചോർന്നു പോകാതിരിക്കാനാണ് ഞാൻ പരമാവധി ശ്രദ്ധിച്ചിരിക്കുന്നത്.

കഴിഞ്ഞ വർഷം പ്രായത്തെ ഓർക്കാതെ 140 ക്ഷേത്രങ്ങളിൽ സന്ദർശനം കഴിച്ച് ചരിത്ര ഗവേഷണം നടത്താൻ പുറപ്പെട്ട എനിയ്ക്ക് നടക്കാൻ സാധിക്കാതെയായി. അന്നു മുതൽ എന്തുകൊണ്ടോ, നാരായണീയ കാവ്യം എന്റെ സ്മൃതികളിൽ സദാ നിറഞ്ഞുനിന്നു. വൈദ്യമഠത്തിന്റെ കഷായവും കാണിപ്പയ്യൂർ ഡോ. അജിത് നമ്പൂതിരിയുടെ ചികിത്സയും പത്ഥ്യവുമൊക്കെയായി. തൃശൂരിൽ നിന്ന് ഗുരുവായൂരിലേക്ക് താമസം മാറ്റി. 2014 നവംബർ ഒന്നിനാണ് ഞാൻ ഗുരുവായൂരിൽ താമസമാക്കിയത്. ഗുരുവായൂരപ്പന്റെ നേദ്യച്ചോറും, ആയുർവ്വേദ, സംഗീത ചികിത്സകളും, നിഷ എന്ന പെൺകുട്ടിയുടെ കയ്യിലൂടെ ഒഴുകിയെത്തിയ ഗുരുവായൂരപ്പന്റെ സാന്ത്വന സ്പർശവുമായി ഇവിടെ കൂടി. അപ്പോഴാണ് ആകസ്മികമായി, "തീരഭൂമി"യിലെ രമേഷ് വന്ന് നാരായണീയത്തിന് മലയാളത്തിൽ ഒരു രചന സാധിക്കുമോ എന്ന് ചോദിച്ചത്. ഒരുപക്ഷേ, മേല്പുത്തൂർ പറഞ്ഞപോലെ ഈ ഭാഷാനാരായണീയ രചന എന്റെ പരമപദപ്രാപ്തിക്കുള്ള പൂർവ്വരംഗമാക്കാനാവാം ഭഗവാൻ ഈ രോഗമെനിയ്ക്കു തന്നത് എന്ന് തോന്നുന്നു.

എന്റെ കൃതികളിൽ പലതും അതാത് കലാ, ശാസ്ത്രമേഖലകളിൽ പാണ്ഡിത്യമുള്ളവർക്കുള്ളതാണ്, സാധാരണക്കാർക്ക് ഉള്ളതല്ല എന്ന ഒരു ആരോപണം ഉണ്ട്. ഈ ഭാഷാ നാരായണീയം അങ്ങനെയല്ല. മലയാള ഭാഷ അറിയാവുന്ന ആർക്കും നന്നായി മനസ്സിലാവുന്ന വിധമാണ് രചന. ഓരോ വീട്ടിലും ഇതിലെ ഭക്തിരസം ഒഴുകാനും, നിത്യപാരായണത്താൽ സർവ്വാർത്തിഹരമായി ശാന്തി ഉണ്ടാവാനും ഗുരുവായൂരപ്പൻ അനുഗ്രഹിക്കട്ടെ!

28.03.2015 ന് രണ്ടു ശ്ലോകങ്ങൾ രചിച്ചുകൊണ്ട് ആരംഭിച്ചു. 2015 മെയ് 24 ന് നൂറു ദശകം കഴിഞ്ഞു (57 ദിവസം). 28-05-2015 ന് ഒരു സ്വപ്ന ദർശനത്തിന്റെ പരിസമാപ്തി ദിനത്തിൽ (61 ദിനം) അത്ഭുതകരമെന്നു പറയട്ടെ! ഒരു വർഷമായി നടക്കാൻ കഴിയാതിരുന്ന എനിയ്ക്ക് പതുക്കെയാണെങ്കിലും പരസഹായം കൂടാതെ വീട്ടിനകത്ത് നടക്കാൻ സാധിച്ചു.

ഈ അനുഭവവും ഈ കാവ്യവും എന്റെ ജീവിതവും സർവ്വാർപ്പണമായി കൃഷ്ണനിൽത്തന്നെ സമർപ്പിക്കുന്നു.

"കർമ്മ മേതദ് ഭൂയാത് കൃഷ്ണാർപ്പണം"

01-03-2018

ഗുരുവായൂർ **ഡോ. സുവർണ്ണ നാലപ്പാട്ട്**

ഭാഷാ നാരായണീയം

"ധന്വന്തരേ, ഹരേ, അച്യുതമത്ഭുതം
സുന്ദരം സന്താന പാരിജാതം
വന്ദിതം സന്തതം സർവ്വജ്ഞ ബീജം നിൻ
വന്ദാരു നന്ദിത സച്ചരിതം"

ഭക്തി വിഭക്തി, സുഖദുഃഖമൊക്കെയും
മുക്തന്റെ കണ്ണിൽ സമം മുരാരേ
രാവും പകലു, സന്യാസ സംസാരവും
താവകാദ്വൈതത്തിൻ ദ്വൈതഭാവം"

01-03-2018

സമർപ്പണം

രാധാരാധികാ, രാധനാലോലയാരാധിച്ചു
ആദരാൽ നിവേദിയ്ക്കുന്നീ ഗാഥാവരികളെ
മാധവാ, മധുഹരാ, വരൂ, തേൻകണത്തിരു-
മധുരംപോലേ, വന്നു നുകരൂ, പ്രസാദിയ്ക്കു

രാധതൻ രാഥസ്സായി, പാർത്ഥന്റെ രഥത്തിലെ
മൂർത്തസാരഥീതേജസ്സായി നീയോതീ ഗീത
പാമര നൽകുന്നൊരീ പാഥേയമവിലും നിൻ
താമരക്കണ്ണിൽ നല്ല വാഗ്ഗേയമായ് തോന്നണേ.

മഞ്ജുളയണിയിച്ച മഞ്ജുള ഹാരം മാറിൽ
സഞ്ചിതമോദം ചാർത്തിപ്പുഞ്ചിരി നിലാവേകി
വഞ്ചിയിൽ വന്ദേരിയിലിന്നു ഞാൻ ചാർത്തിയ്ക്കുന്നു
മഞ്ജരീപദം കോർത്തീ "യദുവല്ലഭഹാരം"

(രാധയുടെ ആരാധിക, ആരാധനാലോലയായി ആരാധിച്ച് ആദരപൂർവ്വം നിവേദിക്കുന്ന ഈ വരികൾ, അമൃതകണംപോലുള്ള തിരുമധുരമാണെന്ന് കരുതി നുകർന്ന് പ്രസാദിച്ചാലും, ഹേ, മാധവാ, മധുഹരാ... രാധയുടെ 'രാഥസ്സാ'യി, അർജ്ജുനരഥത്തിലെ മൂർത്തമായ സാരഥീതേജസ്സായി നീ പണ്ട് ഗീത പാടി. ഇപ്പോൾ, പാമരയായ ഞാൻ നൽകുന്ന പാഥേയമായ ഈ അവിലും നിന്റെ താമരക്കണ്ണിൽ നല്ല വാഗ്ഗേയം തന്നെയായിട്ട് തോന്നണേ. നീ പണ്ട് മഞ്ജുള അണിയിച്ച മാല സന്തോഷപൂർവ്വം മാറിൽ ചാർത്തി അവൾക്ക് പുഞ്ചിരിപ്പൂനിലാവ് പകരം സമ്മാനിച്ചു. ഇന്ന് വഞ്ചിനാട്ടിലെ വന്ദേയിൽ, പദമഞ്ജരി കോർത്ത ഒരു "യദുവല്ലഭഹാരം" നിന്റെ കഴുത്തിൽ ഞാൻ അണിയിക്കുന്നു.)

ഓം നമോ നാരായണായ

പ്രസാധക കുറിപ്പ്

ഭക്തി, ജ്ഞാനം, സംസ്കൃതഭാഷാ സൗന്ദര്യം എന്നീ തലങ്ങളിൽ എണ്ണപ്പെട്ട മേൽപുത്തൂർ നാരായണ ഭട്ടതിരിയുടെ 'ശ്രീമന്നാരായ ണീയം' ലളിതമായ മലയാള വ്യാഖ്യാനത്തോടെ തീരഭൂമി ബുക്സ് മലയാളികളുടെ കൈകളിൽ എത്തിക്കുന്നു.

ശ്രീമന്നാരായണീയത്തിലെ ഭക്തിപ്രസാദവും വിഭക്തിയുടെ ഉത്തും ഗതയും ഭാഷയുടെ സൗന്ദര്യാത്മകതയും ഒട്ടും ചോരാതെ മലയാള ത്തിൽ പുനരാഖ്യാനം ചെയ്തു എന്നതാണ് 'യദുവല്ലഭഹാര'ത്തിന്റെ സവിശേഷത. നൂറ്റാണ്ടുകൾക്ക് മുമ്പ് കൃഷ്ണാർപ്പണത്തോടെ ഭട്ടതിരി എഴുതിയ മഹദ് കാവ്യത്തിന് കൃഷ്ണാർപ്പണത്തിന്റെ തന്നെ മറ്റൊരു തലത്തിൽ നിന്ന് സംസ്കൃത-മലയാള ഭാഷാ പണ്ഡിതയായ ഡോ. സുവർണ്ണ നാലപ്പാട്ട് നടത്തിയ രചന മലയാളി മനസ്സിനെ ആർദ്ര മാക്കുന്നു. ജ്ഞാനപ്പാനപ്പോലെ മലയാളത്തിന്റെ ഹൃദയം കവരുന്ന താണ് ഇതിലെ ഓരോ വാക്കും വരിയും.

നാമകീർത്തനമായി വീട്ടിലെ കുടുംബാംഗങ്ങൾക്ക് ചൊല്ലാനും മുക്തിയുടെ തലത്തിലേക്ക് ഉയരാനും സഹായിക്കുന്ന രീതിയിൽ വ്യാഖ്യാനിച്ചു എന്നതാണ് ഭാഷാ നാരായണീയത്തെ വേറിട്ടാക്കുന്നത്.

ഈ വ്യാഖ്യാനം 'യദുവല്ലഭഹാരം' മലയാളി സുമനസ്സുകൾക്ക് സന്തോഷപൂർവം സമർപ്പിക്കുന്നു.

എന്ന്

പുതൂർ രമേഷ്കുമാർ

ഉള്ളടക്കം

		പേജ്
ദശകം 1	ഭഗവന്മഹിമാവർണ്ണനം	13
ദശകം 2	ഭഗവത്സ്വരൂപമാധുര്യവും ഭക്തിമഹത്വവും	23
ദശകം 3	ഭക്തിപ്രാർത്ഥന	31
ദശകം 4	അഷ്ടാംഗയോഗവും യോഗസിദ്ധിയും	36
ദശകം 5	വിരാട് പുരുഷോത്പത്തി	43
ദശകം 6	വിരാട് സ്വരൂപ വർണ്ണനം	53
ദശകം 7	ബ്രഹ്മാവിന്റെ തപസ്സും വൈകുണ്ഠദർശനവും	58
ദശകം 8	പ്രളയാനന്തരമുള്ള ജഗത്സൃഷ്ടി വർണ്ണനം	64
ദശകം 9	ജഗത്സൃഷ്ടിവർണ്ണനം	70
ദശകം 10	സൃഷ്ടിഭേദവർണ്ണനം	76
ദശകം 11	ഹിരണ്യക്ഷ- ഹിരണ്യകശിപു ഉത്ഭവം	81
ദശകം 12	വരാഹാവതാരം	86
ദശകം 13	ഹിരണ്യാക്ഷവധം	90
ദശകം 14	കപിലോപാഖ്യാനം	95
ദശകം 15	കപിലോപദേശം	100
ദശകം 16	നരനാരായണചരിതവും ദക്ഷയജ്ഞവും	105
ദശകം 17	ധ്രുവചരിതം	111
ദശകം 18	പൃഥുചരിതം	117
ദശകം 19	പ്രചേതസ്സുകളുടെ കഥ	122
ദശകം 20	ഋഷഭചരിതം	127
ദശകം 21	ഭഗവദുപാസനാപ്രകാരവർണ്ണനം	131
ദശകം 22	അജാമിളോപാഖ്യാനം	136
ദശകം 23	ദക്ഷചരിതം, ചിത്രകേതുപാഖ്യാനം	141
ദശകം 24	പ്രഹ്ലാദചരിതം	146
ദശകം 25	നരസിംഹാവതാരം	151
ദശകം 26	ഗജേന്ദ്രമോക്ഷം	157
ദശകം 27	പാലാഴിമഥനവും കൂർമ്മാവതാരവും	162
ദശകം 28	ലക്ഷ്മീസ്വയംവരം	167
ദശകം 29	മോഹിനീഅവതാരം	171
ദശകം 30	വാമനാവതാരം	176
ദശകം 31	ബലിദർപ്പഹരണം	181
ദശകം 32	മത്സ്യാവതാരം	187

ദശകം 33	അംബരീഷചരിതം	192
ദശകം 34	ശ്രീരാമചരിതം	197
ദശകം 35	ശ്രീരാമചരിതം (സുഗ്രീവസഖ്യം മുതൽ)	204
ദശകം 36	പരശുരാമചരിതം	211
ദശകം 37	കൃഷ്ണാവതാരപ്രസ്താവം	218
ദശകം 38	ശ്രീകൃഷ്ണാവതാരം	224
ദശകം 39	യോഗമായാപ്രാദുർഭാവം	228
ദശകം 40	പൂതനാമോക്ഷം	233
ദശകം 41	പൂതനാദേഹദാഹവും ശ്രീകൃഷ്ണലീലയും	237
ദശകം 42	ശകടാസുരനിഗ്രഹം	241
ദശകം 43	തൃണാവർത്തവധം	246
ദശകം 44	ജാതകർമ്മം	250
ദശകം 45	ബാലലീല	254
ദശകം 46	വിശ്വരൂപദർശനം	258
ദശകം 47	ഉലൂഖലബന്ധനം	262
ദശകം 48	നളകൂബരമണിഗ്രീവന്മാരുടെ ശാപമോക്ഷം	266
ദശകം 49	വൃന്ദാവനപ്രവേശം	270
ദശകം 50	വത്സാസുര - ബകാസുര വധം	274
ദശകം 51	അഘാസുരനിഗ്രഹം	278
ദശകം 52	ബ്രഹ്മദർപ്പഹരണം	282
ദശകം 53	ധേനുകാസുരവധം	286
ദശകം 54	കാളിയമർദ്ദനം	290
ദശകം 55	കാളിയമർദ്ദനം തുടർച്ച	294
ദശകം 56	കാളിയഗർവ്വശമനം	298
ദശകം 57	പ്രലംബവധം	302
ദശകം 58	ദാവാനലോദ്ധാരണം	306
ദശകം 59	വേണുഗാനം	310
ദശകം 60	ഗോപീവസ്ത്രാപഹരണം	315
ദശകം 61	വിപ്രപത്ന്യനുഗ്രഹം	319
ദശകം 62	ഗോവർദ്ധനപൂജ	323
ദശകം 63	ഗോവർദ്ധനോദ്ധാരണം	327
ദശകം 64	ഗോവിന്ദാഭിഷേകം	331
ദശകം 65	ഗോപികകളുടെ ഭഗവത്സമീപ പ്രാപ്തി	335
ദശകം 66	ഗോപീജനാഹ്ലാദം	339

ദശകം 67	ഗോപികാഗർവ്വപ്രശമനം	343
ദശകം 68	ഗോപികകളുടെ പരമാഹ്ലാദം	347
ദശകം 69	രാസക്രീഡ	351
ദശകം 70	സുദർശനോദ്ധാരണം	358
ദശകം 71	കേശി-വ്യോമാസുരന്മാരുടെ വധം	363
ദശകം 72	അക്രൂരാഗമനം	367
ദശകം 73	മഥുരാപുരിയാത്ര	372
ദശകം 74	മഥുരാപുരിപ്രവേശം	376
ദശകം 75	കംസവധം	383
ദശകം 76	ഉദ്ധവദൗത്യം	390
ദശകം 77	ഉപശ്ലോകോത്പത്തിയും യവനവധവും	396
ദശകം 78	രുക്മിണീസ്വയംവരം	403
ദശകം 79	രുക്മിണീഹരണം	407
ദശകം 80	സ്യമന്തകം	412
ദശകം 81	സുഭദ്രാഹരണം - നരകാസുര നിഗ്രഹം	417
ദശകം 82	ബാണയുദ്ധവും നൃഗമോക്ഷവും	423
ദശകം 83	പൗണ്ഡ്രകവധം	428
ദശകം 84	സമന്തകപഞ്ചകയാത്ര	433
ദശകം 85	ജരാസന്ധ-ശിശുപാലവധം	438
ദശകം 86	ഭാരതയുദ്ധം	443
ദശകം 87	കുചേലവൃത്തം	450
ദശകം 88	സന്താനഗോപാലം	455
ദശകം 89	വൃത്രാസുരകഥയും ഭൃഗുപരീക്ഷണവും	463
ദശകം 90	വിഷ്ണുമഹത്ത്വസ്ഥാപനം	469
ദശകം 91	ഭക്തിമഹത്ത്വം	474
ദശകം 92	കർമ്മമിശ്രഭക്തി	482
ദശകം 93	ഇരുപത്തിനാലു ഗുരുക്കന്മാർ	489
ദശകം 94	തത്ത്വജ്ഞാനോത്പത്തി	497
ദശകം 95	ധ്യാനയോഗം	504
ദശകം 96	ജ്ഞാനകർമ്മഭക്തിയോഗങ്ങൾ	511
ദശകം 97	ഭക്തിയോഗ മഹത്ത്വം	518
ദശകം 98	നിഷ്കളബ്രഹ്മോപാസനം	525
ദശകം 99	വേദസ്തുതി	533
ദശകം 100	ഭഗവാന്റെ കേശാദിപാദ വർണ്ണന	540

ശ്രീമന്നാരായണീയം

ദശകം 1

ഭഗവന്മഹിമാവർണ്ണനം

മൂലം – 1

സാന്ദ്രാനന്ദാവബോധാത്മകമനുപമിതം
കാലദേശാവധിഭ്യാം
നിർമുക്തം നിത്യമുക്തം നിഗമശതസഹ-
സ്രേണ നിർഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരുപുരുഷാർ-
ത്ഥാത്മകം ബ്രഹ്മതത്ത്വം
തത്താവദ് ഭാതി സാക്ഷാദ് ഗുരുപവനപുരേ;
ഹന്ത! ഭാഗ്യം ജനാനാം.

ഭാഷ

ശ്രീ ഗുരുവായുപുരത്തിൽ വിളങ്ങുന്നു
സാന്ദ്രാനന്ദാവബോധത്തിടമ്പായ്
കാലദേശങ്ങളതിർത്തിയിടാത്തതായ്
നിത്യമായ് മുക്തമായ് ബ്രഹ്മതത്വം
ആയിരം വേദവാണിയ്ക്കും വിവരിയ്ക്കാ-
നാവാത്തൊരസ്പഷ്ട സത്യമായി
ഒറ്റൊരു ദർശനം കൊണ്ടേ പുരുഷാർത്ഥ
മൊക്കെയും മുക്തിയും നൽകുവോനായ്
എന്തിതിന്മീതെവരാനുള്ളു ഭാഗ്യമീ
സുന്ദരഭൂവിലെ മാനുഷർക്കായ്

അർത്ഥം : ബ്രഹ്മതത്വമെന്നത് നൂറായിരം വേദമന്ത്രങ്ങളാൽ പ്രകാശിപ്പിക്കപ്പെട്ടതായിട്ടും, അവ്യക്തവും അസ്പഷ്ടവുമായ നിർഗുണ സ്വരൂപമാണ്. അപ്രകാരമുള്ള നിർഗുണസത്തയ്ക്ക് കാലദേശങ്ങൾ (Spacetime) അതിർത്തിയിടുന്നില്ല; അവയ്ക്കതീതമാണ് സത്യം. നിത്യമുക്ത ബുദ്ധശുദ്ധസ്വരൂപമാണ്. അവ്യക്തമായ ആ നിർഗുണ പരബ്രഹ്മം തന്നെ, വ്യക്തമായ സഗുണബ്രഹ്മരൂപത്തിൽ ശ്രീ ഗുരുവായൂരിൽ സർവ്വർക്കും ദർശനമരുളാനായി സ്വയം സ്പഷ്ടമാക്കിയിരിക്കയാണ്. ധർമ്മാർത്ഥ കാമങ്ങളാകുന്ന മൂന്നു പുരുഷാർത്ഥങ്ങൾ നൽകാൻ ഏത് ഇഷ്ടദേവതയ്ക്കും സാധിക്കും. എന്നാൽ നാലാമത്തെ പുരുഷാർത്ഥമായ മുക്തി നൽകാൻ വിഷ്ണുവിനു മാത്രമേ സാധിയ്ക്കൂ. സാന്ദ്രമായ ആനന്ദാവബോധത്തിന്റെ മൂർത്തിമദ്ഭാവമായി, ഭക്തർക്ക് ഒറ്റ ദർശനം

കൊണ്ട് സാന്ദ്രാനന്ദാവബോധവും മുക്തിയും നൽകണമെന്ന കാരുണ്യം ഉള്ളിലുദിക്കയാൽ ഇപ്രകാരം നിർഗുണ പരബ്രഹ്മം സഗുണ രൂപ ത്തിൽ നമ്മുടെ നടുവിൽ പ്രത്യക്ഷപ്പെട്ടിരിക്കയാണ്. അതിസുന്ദരമായ ഈ ഭൂമിയിൽ, അതീവ മനോഹരമായ കേരളത്തിൽ ജീവിക്കാൻ ഭാഗ്യ മുണ്ടായത് എത്ര ആനന്ദകരമായ അനുഭവമാണ്! അതുകൊണ്ടാണല്ലോ, ഈ ദർശനപുണ്യം, ജനങ്ങളേ, നമുക്ക് കിട്ടിയത്.

മൂലം – 2

ഏവം ദുർലഭ്യവസ്തുന്യപി സുലഭതയാ
ഹസ്തലബ്ധേ യദന്യത്
തന്വാ വാചാ ധിയാ വാ ഭജതി ബത! ജനഃ
ക്ഷുദ്രതൈവ സ്ഫുടേയം;
ഏതേ താവദ്വയന്തു സ്ഥിരതരമനസാ
വിശ്വപീഡാപഹത്യൈ
നിഃശേഷാത്മാനമേനം ഗുരുപവനപുരാ-
ധീശമേവാശ്രയാമഃ

ഭാഷ

ദുർല്ലഭമീ വസ്തുവേറെസ്സുലഭമായ്
കയ്യിൽക്കിടച്ചിട്ടുമീ ജനങ്ങൾ
കായേന വാചാ മനസ്സാൽ ഭജിക്കാതെ
മായാ വിവശരാവുന്നതെന്തേ!
ക്ഷുദ്രമാ രീതി വെടിഞ്ഞു സ്ഥിരചിത്ത-
ഭദ്രം ഏകാഗ്രതാബുദ്ധിയോടെ
വിശ്വത്തിൻ പീഢകളൊക്കെയൊഴിയുവാൻ
വിശ്വാത്മാവേ, ഞാൻ ഭജിച്ചിടുന്നു.

അർത്ഥം : അവ്യക്തവും അസ്പഷ്ടവുമായ നിർഗുണബ്രഹ്മ വസ്തു ലഭിക്കാൻ പ്രയാസമാണ്, ദുർല്ലഭമാണ്. ആ സുദുർല്ലഭമായ അമൂല്യ വസ്തു സുലഭമായിട്ട് കയ്യിൽക്കിട്ടാവുന്ന വിധം തന്നെ സ്പഷ്ടവും വ്യക്തവുമാക്കി ദർശനപുണ്യം നൽകിയിട്ടും, സ്വതേ ഭാഗ്യവാന്മാരാ വേണ്ട ജനങ്ങൾ, തങ്ങളുടെ മന്ദബുദ്ധി കൊണ്ട് തങ്ങൾക്കു കിട്ടിയ ഭാഗ്യത്തിന്റെ മഹിമയറിയാതെ മായാ വിവശരായി ഉഴലുന്നതിലുള്ള ആശ്ചര്യവും ദുഃഖവും വിധിവൈപരീത്യവും കവി പ്രകടിപ്പിക്കുന്നു. 'കായേന വാചാ മനസേന്ദ്രിതയൈർ വാ' – ശരീരം, വാക്ക്, മനസ്സ് മുതലായ സർവ്വേന്ദ്രിയങ്ങളും കൊണ്ട് നിത്യം ഭജിയ്ക്കയും സേവി ക്കയും ചെയ്യേണ്ട വസ്തുവെ മന്ദബുദ്ധികൾ മാത്രമേ അവഗണി യ്ക്കയുള്ളൂ – താൻ അത്തരം മന്ദബുദ്ധികളുടെ കൂട്ടത്തിൽ ചേർന്നവനല്ല എന്ന് കവി വ്യക്തമാക്കുന്നു. "ഞാൻ സ്ഥിരചിത്തതയോടെ ഏകാഗ്ര മനസ്സായി" സർവ്വചരാചരാത്മാവായ ഗുരുപവനപുരേശ്വരനെ ആശ്രയിച്ചു

ഭജിക്കുന്നു" എന്നദ്ദേഹം പ്രഖ്യാപിക്കുന്നു - വിശ്വാത്മാവിനെ ഭജിക്കുന്നത് തന്റെ രോഗം മാറിക്കിട്ടാൻ മാത്രമല്ലെന്നും അദ്ദേഹം ഇവിടെ വ്യക്തമായി പറയുന്നു. "വിശ്വപീഢ"കൾ എല്ലാം തന്നെ തീരുവാനാണ് തന്റെ ഏകാഗ്രമായ ഏകാന്തതപസ്സ്. ലോകത്തിന്റെ ദുഃഖവും, രോഗവും, ക്ലേശവും, അശാന്തിയും നീങ്ങി ലോകസമാധാനം വരണം. അതിനാണ് ഉത്തമമായ ഭക്തിയും ജ്ഞാനവും ഒരാൾ നേടുന്നത്.

മൂലം - 3

സത്ത്വം യത്തത് പരാഭ്യാമപരികലനതോ
നിർമലം തേന താവദ്-
ഭൂതൈർഭൂതേന്ദ്രിയൈസ്തേ വപുരിതി ബഹുശഃ
ശ്രൂയതേ വ്യാസവാക്യം;
തത്സ്വച്ഛത്വാദ്യദച്ഛാദിതപരസുഖചിദ്-
ഗർഭനിർഭാസരൂപം
തസ്മിൻ ധന്യാ രമന്തേ ശ്രുതിമതിമധുരേ
സുഗ്രഹേ വിഗ്രഹേ തേ.

ഭാഷ

ഒട്ടും തമസ്സും രജസ്സും കലരാത്ത
നിർമ്മലസത്വഭൂതങ്ങളാലേ
നിർമ്മിതം നിൻ വപുസ്സെന്നുരപ്പു സത്യം
പണ്ടേ പലവട്ടം വ്യാസവാക്യം
സ്വച്ഛം വിശുദ്ധമായ്, ചിദ്സുഖ രൂപമാം
സുഗ്രഹമാം ശ്രുതിസുന്ദരമാം
താവകരൂപത്തിൽ ധന്യർമനീഷികൾ
പ്രേമത്തോടെന്നും രമിച്ചിടുന്നു.

അർത്ഥം : രജസ്സ്, തമസ്സ് ഇവയോടുകൂടി കലരാത്ത, നിർമ്മലമായ സത്വ ഗുണത്താൽ നിർമ്മിതമായ ഭൂതങ്ങളെക്കൊണ്ടും, അവയാൽ സൃഷ്ടിക്കപ്പെട്ട ഇന്ദ്രിയാദികളെക്കൊണ്ടുമാണ് വിഷ്ണുശരീരം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. വിഷ്ണു ശുദ്ധസത്വസ്വരൂപമാണ് എന്ന സത്യവാക്യം പലവട്ടം വ്യാസാദികളായ മനീഷികൾ പണ്ടേ പറഞ്ഞിട്ടുണ്ട്. സത്വ ഗുണത്തിന്റെ സ്വാഭാവിക നൈർമ്മല്യം കൊണ്ടാണ് അപ്രകാരമുള്ള സ്വരൂപം അന്തരാത്മാവിൽ തടസ്സം കൂടാതെ ആനന്ദമായും ജ്യോതിർമയമായും പ്രകാശിക്കാൻ നമുക്കും ഭാഗ്യം കിട്ടുന്നത്. നമ്മിൽ സത്വ ഗുണപ്രധാനികൾക്ക് മാത്രമെ ആ ഭാഗ്യം പൂർണ്ണമായി ലഭിക്കുന്നുള്ളു. അവർക്കാകട്ടെ, ദർശനസുഖം മാത്രമല്ല, ആ നാമസ്മരണയും, ശ്രുതി മധുരമായ നാമചരിതാദികൾ കേൾക്കാനുള്ള ഭാഗ്യവും സദാ കിട്ടുന്നു.

ഈശ്വരന്റെ രൂപ, നാമ, ലീലാചരിതശ്രവണ, ധ്യാന, മനനാദികളിൽ സത്തുക്കൾ സദാ രമിക്കുന്നു.

മൂലം - 4

നിഷ്കമ്പേ നിത്യപൂർണ്ണേ നിരവധിപരമാ-
നന്ദപീയൂഷരൂപേ
നിർലീനാനേകമുക്താവലിസുഭഗതമേ
നിർമ്മലബ്രഹ്മസിന്ധൗ
കല്ലോലോല്ലാസതുല്യം ഖലു വിമലതരം
സത്ത്വമാഹു; സ്തദാത്മാ
കസ്മാന്നോ നിഷ്കളസ്ത്വം, സകല ഇതി
വചസ്ത്വത്കലാസ്വേവ ഭൂമൻ!

ഭാഷ

കമ്പനമറ്റു, സദാപൂർണ്ണമായ് പര-
മാനന്ദ പീയൂഷ രൂപമായി
നിർമ്മലമാകുമീ ബ്രഹ്മത്തിൻ സിന്ധുവിൽ
നിർല്ലീനമേറെ "മുക്താ" വലികൾ
ശുദ്ധസത്യാത്മകമീ സമുദ്രത്തിലെ
സത്യകല്ലോലങ്ങൾക്കറ്റമുണ്ടോ
നിഷ്ക്കല ബ്രഹ്മമേ, നിന്റെ സകലത്വം
ഇത്തിരമാലകൾ പോലെ മാത്രം!

അർത്ഥം : ബ്രഹ്മസിന്ധുവിലെ മുത്തുകളും തിരമാലകളും പോലെയാണ് ജ്ഞാനികളായ ജീവന്മുക്തരും, മറ്റു ചരാചരങ്ങളും. സത്വഗുണത്തിന്റെ നിർമ്മല ബ്രഹ്മസിന്ധുവിന്റെ ഏറ്റവും അഗാധതലങ്ങളിൽ ഒരു കമ്പനവുമില്ല, ചലനവുമില്ല; ഏറ്റവും ശാന്തമായ, സാഗരമൗനം ഘനീഭവിച്ച്, സത്വഗുണാത്മകമായ വെളുത്തമുത്തുകൾക്കൊപ്പം ഓങ്കാരശ്രുതിയും അന്തരാത്മാവിൽ വഹിക്കുന്ന 'സമാധിപാദം' അവിടെയാണ്. ബ്രഹ്മസിന്ധുവിൽ നിർല്ലീനമായ 'ജീവന്മുക്തരും' മുത്തുക്കളും "മുക്താവലികൾ" തന്നെ. അവരാണ് ബ്രഹ്മസാഗരമൗനത്തിന്റെ പരമാനന്ദ പീയൂഷധാരയിൽ ലയിച്ച് അതുമാത്രം അനുഭവിക്കുന്ന ഭാഗ്യശാലികൾ.

ഈ ശുദ്ധസത്വാത്മക ബ്രഹ്മസമുദ്രത്തിലെ കല്ലോലങ്ങളും സത്വാത്മകം തന്നെ. നിരവധി നാമരൂപങ്ങളെടുത്ത് കരയോടാഞ്ഞടിച്ച് ഇതരഗുണ സമ്മിശ്രമാവുമ്പോൾ "സാഗരഗർജ്ജന"മുയർത്തുന്ന തിരകൾ സാഗരത്തിന്റെ അഗാധതയിലല്ല, പുറംഭാഗത്താണ് കാണുന്നത്. അത്തരം ചരാചരങ്ങളുടെ തിരമാലകൾക്ക് അവസാനമില്ല. നിഷ്കള ബ്രഹ്മത്തിന്റെ സകള ബ്രഹ്മത്വം ബ്രഹ്മസിന്ധുവിന്റെ ഉപരിഭാഗത്തു കാണാവുന്ന തിരമാലകൾ പോലെയാണ്. സാഗരത്തിൽ നിന്ന് തിര വേറെയ

ല്ലായ്കയാൽ ആത്യന്തികമായി സർവ്വ ചരാചരവും ബ്രഹ്മം തന്നെ. എന്നാൽ, തിര മാത്രമല്ല സമുദ്രമെന്നതിനാൽ ജീവാത്മാക്കളുടെ അനേകസംഘങ്ങൾ അനന്തം തിരമാലകളായി വന്നുംപോയുമിരിക്കുന്ന ബ്രഹ്മസമുദ്രം ആ ജീവാത്മഭിന്നമായി പരമാത്മാവാണ്. ജീവാത്മ പരമാത്മാക്കളുടെ സഗുണ നിർഗുണത്വം, അവരുടെ ഭിന്നാഭിന്നത്വം, അദ്വൈതം ഇവയെല്ലാം ഈ വരികളിലുണ്ട്.

മൂലം – 5

നിർവ്യാപാരോഽപി നിഷ്കാരണമജ! ഭജസേ
യത് ക്രിയാമീക്ഷണാഖ്യാം
തേനൈവോദേതി ലീനാ പ്രകൃതിരസതിക-
ല്പാപി കല്പാദികാലേ,
തസ്യാഃ സംശുദ്ധമംശം കമപി തമതിരോ-
ധായകം സത്ത്വരൂപം
സ ത്വം ധൃത്വാ ദധാസി സ്വമഹിമവിഭവാ-
കുണ്ഠ! വൈകുണ്ഠ! രൂപം.

ഭാഷ

നീയജം നിഷ്കാരണം നിഷ്ക്രിയം വിഭോ
"ഈക്ഷണ" മെന്ന ക്രിയയിനാലേ
ഇല്ലാത്തതെന്നു തോന്നുന്നതും, നിന്നിലേ
നിത്യവിലീനവുമായ മായ
കല്പാദിയിൽ മഹാസർഗ്ഗപ്രകൃതിയായ്
വന്നുദിച്ചു വീണ്ടും മുന്നെപ്പോലെ
സ്വന്തമഹിമാവാൽ ഗോവിന്ദാ, സംശുദ്ധ
സത്വരൂപത്തെ ധരിച്ചു നീയും

അർത്ഥം : നിർഗുണ പരബ്രഹ്മത്തിന് ജനനമോ മരണമോ ഇല്ലാത്തതിനാൽ അത് അജവും അനന്തവുമാണ്. അനാദിയും അനന്തവുമായതിൽ മദ്ധ്യവും ഉണ്ടാവാനിടയില്ല. അതിനാൽ ജന്മം അഥവാ സൃഷ്ടി എന്നൊന്നും ഇല്ലാത്തതാവണം. "ശൂന്യമാണ് സർവ്വവു" മെന്ന തോന്നൽ അപ്രകാരം ജനിപ്പിക്കുന്നതാണ് പ്രപഞ്ചത്തിൽ മായ.

എപ്രകാരമാണ് നിഷ്ക്കളത്തിൽ നിന്ന് (അവ്യക്തം) സകലം വ്യക്തമായത് എന്ന് ഈ വരികളിൽ പറയുന്നു. തനിക്കു മുമ്പായി, ആദിയിൽ മറ്റൊന്നില്ലാത്ത ബ്രഹ്മം നിഷ്ക്കാരണമാണ്, മറ്റു സർവ്വത്തിനും മൂലകാരണവുമാണ്. നിഷ്ക്കലത്തിൽ വ്യാപാരങ്ങളും ക്രിയകളുമില്ല. നിഷ്ക്രിയമാണ്. അനക്കമററ ആ ബ്രഹ്മത്തിലെ ആദ്യ കമ്പനമെന്ന ചലനം ഈക്ഷണം എന്ന ക്രിയയായിട്ടാണ് വേദങ്ങൾ വർണ്ണിക്കുന്നത്. നിഷ്ക്രിയത്തിലെ ആദ്യ ക്രിയയാണ് ആ സർഗ്ഗചലനമെന്ന ഉണർച്ച. ശൂന്യമെന്നു തോന്നിച്ചുകൊണ്ട്, അസദ് എന്ന് മൂഢന്മാരെ

ക്കൊണ്ടു പറയിക്കുന്ന മായ, നിത്യവും നിന്നിൽ വിലീനയായിരിക്ക യാൽ ഇല്ലാത്തതല്ല; ഓരോ കല്പത്തിലും പഴയപോലെ (യഥാപൂർവ്വം എന്ന് വേദം) അത് മഹാസർഗ്ഗ പ്രകൃതിയായി പുതിയ ഒരു ഉദയം ഉണ്ടാക്കുന്നു. (പുതിയ മഹാസർഗ്ഗത്തിന്റെ ഈ മഹോദയത്തിന് തമിഴിൽ പെരുമ്പടപ്പ് എന്നു പറയും). സർവ്വ സർഗ്ഗത്തിനും കാരണമായ 'ഈക്ഷണ' ക്രിയയാൽ മായയെ ബ്രഹ്മം സർഗ്ഗത്തിനായി, തന്നിൽ നിന്നുതന്നെ വിളിച്ചുണർത്തുകയാണ്. ആ മഹാമായയുടെ മഹോദയ ത്തിൽ, പുതിയ മഹാസർഗ്ഗമെന്ന പെരുമ്പടപ്പിൽ (ബ്രഹ്മാണ്ഡ സൃഷ്ടി), സ്വന്തം സത്വ മഹിമാവാൽ നിർഗുണ ബ്രഹ്മം ഏറ്റവും സംശുദ്ധമായ സത്വരൂപത്തിന്റെ വ്യക്തരൂപമായ സകല ബ്രഹ്മാവസ്ഥ പ്രാപിച്ചു.

ഇപ്രകാരം ആദിമ മഹാസർഗ്ഗത്തിൽ സത്വപ്രധാനമായ, വ്യക്ത മായ സകലബ്രഹ്മം, നിഷ്കള ബ്രഹ്മത്തിൽത്തന്നെ ഉണ്ടായി.

മൂലം - 6

തത് തേ പ്രത്യഗ്രധാരാധരലളിതകളാ-
യാവലീകേളികാരം
ലാവണ്യസ്യൈകസാരം സുകൃതിജനദൃശാം
പൂർണപുണ്യാവതാരം
ലക്ഷ്മീനിഃശങ്കലീലാനിലയനമമൃത-
സ്യന്ദസന്ദോഹമന്തഃ
സിഞ്ചത് സഞ്ചിന്തകാനാം വപുരനുകലയേ
മാരുതാഗാരനാഥ!

ഭാഷ

പ്രത്യഗ്ര ധാരാധരശ്യാമളം കായാ-
മ്പുവർണ്ണം ലാവണ്യമേകസാരം
നൂനം സുകൃതിജനത്തിന്റെ കണ്ണിനു
പൂർണ്ണപുണ്യാവതാര സ്വരൂപം
ലക്ഷ്മീ ഭഗവതി ശങ്കയില്ലാതെന്നും
വക്ഷസ്സിൽ വാഴുന്ന ധർമ്മഗേഹം
ധ്യാനിയ്ക്കും സഞ്ചിന്തകർക്കുള്ളിൽ സന്തതം
പീയൂഷം വർഷിക്കും ദിവ്യദേഹം
നിത്യം ഗുരുവായൂരപ്പാ ഞാൻ ധ്യാനിപ്പൂ
സത്യസ്വരൂപം നിൻ ലീലാരൂപം

അർത്ഥം : വർഷക്കാലത്ത് ആകാശത്തിൽ നിരക്കുന്ന പുത്തൻ കാർമേഘത്തിനും കായാമ്പൂക്കൾക്കും അതിമനോഹരമായ ശ്യാമനിറ ത്തോടൊപ്പം ഒരു പ്രത്യേകം തിളക്കം (ലാവണ്യം) കൂടിയുണ്ട്. ആ ശ്യാമള ലാവണ്യമാണ് ശ്രീകൃഷ്ണ ശരീരത്തിന്. ലാവണ്യത്തിന്റെ ഏകസാരം (ഒരേ ഒരു സാരം) ഭഗവാന്റെ ആ ശ്യാമമേനി മാത്രമാണ്. ലാവണ്യസത്തയാണത്. സുകൃതി ജനങ്ങൾക്ക് അവരുടെ കണ്ണിനു മുമ്പിൽ പൂർണ്ണപുണ്യം ഉടലെടുത്തപോലെയാണ് കൃഷ്ണാവതാരം.

സുകൃതികളുടെ പുണ്യം സമ്പൂർണ്ണമാവാനാണ് നിഷ്ക്കള ബ്രഹ്മം സകല ബ്രഹ്മമായി കൃഷ്ണരൂപത്തിൽ അവതരിച്ചത്; സുകൃതികളുടെ പൂർണ്ണപുണ്യം ഉടലാർന്നതാണ് കൃഷ്ണൻ. രണ്ടർത്ഥമായാലും പുണ്യത്തിനു തന്നെയാണ് പൂർണ്ണത്വം. മൂലകവി ഉപയോഗിച്ച പദവും 'പൂർണ്ണ പുണ്യാവതാരം' എന്നാണ്. (അതിനാൽ വനമാലാ വ്യാഖ്യാനത്തിൽ വ്യാഖ്യാതാവിന്റെ " പുണ്യ പൂർണ്ണാവതാരം എന്ന പദം ഗ്രാഹ്യമല്ല എന്ന വാക്യം പുനർവിചിന്തനം ചെയ്യണം)

ലക്ഷ്മീദേവിക്ക് ശങ്ക കൂടാതെ സദാ ലീലയാടാനുള്ള ഗൃഹമാണ് വിഷ്ണുവിന്റെ വക്ഷസ്സ്. ഗൃഹം ഗൃഹലക്ഷ്മിയുടെ ലീലാ നിലയനമാണ്; പുരുഷന്റെ ധർമ്മപത്നി ധർമ്മം പാലിക്കുന്ന ധർമ്മ ഗൃഹം. വിഷ്ണു പത്നി നിശ്ശങ്കം ധർമ്മപത്നിയായി വിഷ്ണുശരീരത്തിൽ ധർമ്മാനുഷ്ഠാനം നടത്തുന്നതിനാൽ ഐശ്വര്യസമ്പൂർണ്ണമായ (ഐശ്വരം) ഈശ്വരരൂപമാണ്.

നല്ല ചിന്തകരുടെ (സജ്ജനങ്ങൾ) ധ്യാനിക്കുന്ന അന്തഃകരണത്തിൽ അമൃതധാര ഒഴുക്കുന്നതാണ് ആ ലാവണ്യ സാരം. ഈശ്വരാ, അപ്രകാരമുള്ള നിന്റെ രൂപത്തെ ഞാൻ ഇടവിടാതെ, നിരന്തരം, ധ്യാനിക്കുന്നു.

മൂലം – 7

കഷ്ടാ തേ സൃഷ്ടി ചേഷ്ടാ ബഹുതരഭവഖേ-
ദാവഹാ ജീവഭാജാ-
മിത്യേവം പൂർവ്വമാലോചിതമജിതാ,
മയാ; നൈവമദ്യാഭിജാനേ
നോ ചേജ്ജീവാഃ കഥം വാ മധുരതരമിദം
ത്വദ്വപുശ്ചിദ്രസാർത്ഥം
നേത്രൈഃ ശ്രോത്രൈശ്ച തീത്വാപരമരസസുധാംഭോ
ബോധിപൂരേ രമേരൻ.

ഭാഷ

എന്തുകൊണ്ടോ വിഭോ, മുമ്പു ഞാൻ ചിന്തിച്ചു
നിൻസൃഷ്ടി ദുസ്സഹമെന്നുമാത്രം
ജീവനു സംസാരഖേദം വരുത്തുന്ന
ഭീകരസൃഷ്ടിയിതെന്നു മാത്രം.
ഇന്നറിയുന്നു ഞാനെന്റെയാച്ചിന്തതൻ
അന്ധമാ മജ്ഞത തന്റെ യാഴം
സൃഷ്ടി, സംഹാരങ്ങളില്ലെങ്കിൽ നിന്റെയീ
ചിദ്രസാദ്രം മധുരസ്വരൂപം
നേത്ര ശ്രോത്രങ്ങളാൽ മോന്തിയാനന്ദത്തിൽ
സിന്ധുസുധയിലാറാടുമോ ഞാൻ!

അർത്ഥം : ജീവിതത്തിലെ ക്ലേശങ്ങളോട് ഏറ്റുമുട്ടുമ്പോൾ ആരും വിചാരിയ്ക്കുക എന്തൊരു ദുസ്സഹസൃഷ്ടിയാണ് ഈശ്വരന്റേത് എന്നാണ്. കവിയും ആദ്യം അപ്രകാരമാണ് ആലോചിച്ചിട്ടുള്ളത്. എന്നാൽ പിന്നീടാലോചിക്കുമ്പോൾ ആ വിചാരം തെറ്റായിരുന്നു എന്ന് മനസ്സിലായി. ജനന മരണങ്ങളോടും അതിന്റേതായ ദുഃഖങ്ങളോടും കൂടിയ ഈ ജീവിതം ഇല്ലായിരുന്നുവെങ്കിൽ ഏറ്റവും മധുരതരവും ചിന്ദസാനുഭൂതിയുടെ സാരവുമായ ഈശ്വരസ്വരൂപം (സകള ബ്രഹ്മരൂപം) കണ്ണുകളാലും കർണ്ണങ്ങളാലും നുകർന്ന് പരമാനന്ദ സുധാസിന്ധുവിൽ ആറാടാൻ മനുഷ്യജന്മമെടുത്ത ആർക്കെങ്കിലും കഴിയുമായിരുന്നോ?

മൂലം – 8

നമ്രാണാം സന്നിധത്തേ സതതമപി പുര–
സ്തൈരനഭ്യർത്ഥിതാന–
പ്യർത്ഥാൻ കാമാനജസ്രം വിതരതി പരമാ–
നന്ദസാന്ദ്രാം ഗതിം ച
ഇത്ഥം നിശ്ശേഷലഭ്യോ നിരവധികഫലഃ
പാരിജാതോ ഹരേ! ത്വം;
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതി
വ്യർത്ഥമർത്ഥിവ്രജോഽയം.

ഭാഷ

നിന്നെ നമിക്കുന്നവർക്കുള്ളിൽ എന്നെന്നും
സന്നിധാനം ചെയ്യും പ്രേമരൂപാ
അഭ്യർത്ഥിയ്ക്കാതെയുമർത്ഥകാമങ്ങളെ
ഭക്തർക്കരുളുന്ന ദിവ്യമൂർത്തേ
ആനന്ദസാന്ദ്രമാം മോക്ഷഗതിതരും
ശ്രീഹരീസൗഭാഗ്യ പാരിജാതം
ലഭ്യമായിപ്പുരം തന്നിലിരിക്കവെ
കല്പകവൃക്ഷങ്ങളാർ കൊതിയ്ക്കും.

അർത്ഥം : വിനയത്തോടെ തല നമിക്കുന്നവരുടെ അന്തഃകരണത്തിൽ വിഷ്ണു നിത്യവും സന്നിധാനം ചെയ്യുന്നു. ഭക്തവാത്സല്യത്താൽ അപ്രകാരം സന്നിധാനം ചെയ്ക മാത്രമല്ല, അവർ ചോദിക്കാതെ തന്നെ അവർക്കു സർവ്വകാമങ്ങളും സാധിപ്പിച്ച് കൊടുക്കുന്നു; മാത്രമല്ല, പരമാനന്ദ സാന്ദ്രമെന്ന് പാടിപ്പുകഴ്ത്തപ്പെട്ട മോക്ഷഗതിയും കൊടുക്കുന്നു. ഇപ്രകാരം സകലവും നൽകുന്ന "ഹരി" എന്ന പാരിജാതം സദാ അന്തഃകരണത്തിൽ പ്രകാശിക്കുന്നവർക്ക് ക്ഷുദ്രമായ കല്പവൃക്ഷത്തിൽ ആഗ്രഹം എങ്ങനെ ഉണ്ടാവും? ഹരിഭക്തനാണ് എന്ന് നടിക്കുന്നവർക്കേ ധനവും സ്ഥാനമാനവും പ്രശസ്തിയും മാത്രം തരുന്ന ദേവലോകത്തിലെ ക്ഷുദ്ര പാരിജാതത്തിൽ ആഗ്രഹം ജനിക്കുകയുള്ളൂ.

അവയെല്ലാം വ്യർത്ഥമെന്നറിയുന്ന ഹരിഭക്തർക്ക് അന്തഃപുരത്തിൽ ഹരിപരിജാതം ഒന്നേ ആവശ്യമുള്ളൂ. (കുചേലൻ മുതലായവർ ഉദാഹരണം)

മൂലം – 9

കാരുണ്യാത് കാമമന്യം ദദതി ഖലു പരേ,
സ്വാത്മദസ്ത്വം വിശേഷാ-
ദൈശ്വര്യാദീശതേ/ന്യേ ജഗതി പരജനേ,
സ്വാത്മനോ/പീശ്വരസ്ത്വം
ത്വയ്യുച്ചൈരാരമന്തി പ്രതിപദമധുരേ
ചേതനാഃ സ്ഫീതഭാഗ്യാ-
സ്ത്വം ചാത്മാരാമ ഏവേത്യതുലഗുണഗണാ-
ധാര! ശൗരേ! നമസ്തേ.

ഭാഷ

മറ്റുള്ള ദേവന്മാർ തന്നിടാം കാമങ്ങൾ
ആത്മദാതാവെന്നും വിഷ്ണുമാത്രം
ഐശ്വരത്വത്താലപരജനങ്ങളിൽ
ഈശിത്വമുള്ളവരന്യ ദേവർ
സ്വാത്മാവിലീശിത്വമുള്ള തൊരേദേവൻ
ആത്മേശ്വരൻ വിഷ്ണുവൊന്നുമാത്രം
സ്ഫീത ഭാഗ്യർ ജീവരാശി രമിപ്പു നിൻ
മാധുര്യമാസ്വദിച്ചെന്നുമെന്നും
ശ്രീഹരേ, നിസ്തുലശ്രീഗുണാധാര, നീ
മാത്രമാത്മാരാമനെന്നറിവൂ

അർത്ഥം : മറ്റു ദേവന്മാരും കാരുണ്യംകൊണ്ട് കാമങ്ങൾ സാധിപ്പിക്കുന്നുണ്ട്. എന്നാൽ സവിശേഷമായ ആത്മദാനം വിഷ്ണുവിനേ സാധിയ്ക്കൂ. ആത്മദാനമെന്നാൽ ആത്മജ്ഞാനം; അതുകൊണ്ട് നേടുന്ന സായുജ്യം. സ്വാത്മാവെത്തന്നെ ഭക്തനും ദാനം ചെയ്യുന്ന സവിശേഷത വിഷ്ണുവിനേ ഉള്ളൂ.

ഐശ്വര്യം കൊണ്ട് മറ്റുള്ളവരേക്കാൾ ഉയർന്ന് അവരിൽ ഈശിത്വം (സ്വാമി ഭാവം) ഉള്ളവരാണ് ഇതരദേവന്മാർ. അവർക്ക് അന്യരിലേ ഈശിത്വമുള്ളൂ, സ്വാത്മാവിലില്ല – ആത്മേശ്വരത്വമുള്ള വിഷ്ണുവാകട്ടെ സ്വാത്മാവിനു തന്നെ ഈശ്വരനാണ്; തനിക്കു തന്നെ ഈശ്വരനാണ്.

ഭാഗ്യശാലികളായ ജീവന്മാർ പ്രതിപദം, അനുമാത്രം ആസ്വാദ്യ മധുരമായ ഭഗവാനിൽ രമിച്ചാണ് പൂർണ്ണകാമരായി പരമാനന്ദം അനു

ഭവിക്കുന്നത്. ഭഗവാൻ മാത്രമാണ് "ആത്മാരാമൻ". ഇങ്ങനെ നിസ്തുലങ്ങളായ അനവധി ശ്രീഗുണങ്ങൾക്കെല്ലാം ആശ്രയമാണ് ശ്രീഹരി: ആത്മദാനം, ആത്മേശ്വരത്വം, ആത്മാരാമത്വം എന്ന മൂന്ന് സവിശേഷ നിസ്തുലഗുണങ്ങളെ പ്രതിപാദിക്കുന്നു.

മൂലം – 10

ഐശ്വര്യം ശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജഃസംഹാരി വീര്യം, വിമലമപി യശോ
നിഃസ്പൃഹൈശ്ചോപഗീതം.
അംഗാസംഗാ സദാ ശ്രീരഖിലവിദസി, ന
ക്വാപി തേ സംഗവാർത്താ
തദ്വാതാഗാരവാസിൻ! മുരഹര! ഭഗവ-
ച്ഛബ്ദമുഖ്യാശ്രയോഽസി.

ഭാഷ

താവകൈശ്വര്യം വിമലം നിയമിപ്പൂ
ശർവ്വബ്രഹ്മാദികളീശ്വരരെ
താവകവീര്യം ഹരിപ്പൂ, ഹരേ, വിശ്വ-
തേജസ്വി സൂര്യനെയഗ്നിയേയും
നിസ്പൃഹർ ഭക്തർ സദാ പാടിവാഴ്ത്തുന്നു
നിർമ്മലം നിൻ യശസ്സൊന്നു മാത്രം
അംഗസംഗത്തിൽ രമിക്കയാൽ ശ്രീദേവി
അങ്ങയിൽ മാത്രം വസിച്ചിടുന്നു
സർവ്വജ്ഞനാണുനീ, സംഗമില്ലൊന്നിലും
സർവ്വേശ്വരൻ മുരാരേ നമിപ്പൂ.
ശ്രീ ഭഗവാനെന്ന ശബ്ദത്തിനാശ്രയം
നീ മാത്രമല്ലയോ, കൃഷ്ണ, കൃഷ്ണ!

അർത്ഥം : തന്റെ ഐശ്വര്യത്താൽ ബ്രഹ്മാവ്, ശിവൻ മുതലായവരെ കൂടി താന്താങ്ങളുടെ സ്ഥാനത്തും ധർമ്മത്തിലും നിയമിക്കുക എന്ന "നിയാമകത്വം" വിഷ്ണുവിനുണ്ട്. വിഷ്ണുവിന്റെ നാഭിത്താമരയിൽ സ്ഥാനവും സൃഷ്ടിക്രിയയും ബ്രഹ്മാവിനു നൽകിയത് ആദിദേവനായ വിഷ്ണുവാണ്. ആ ബ്രഹ്മാവിൽ നിന്നുണ്ടായ രുദ്രന്റെ കാര്യവും അപ്രകാരം തന്നെ.

വിഷ്ണുവിന്റെ വീര്യം (തേജസ്സ്) സൂര്യൻ, അഗ്നി മുതലായ ഇതര തേജസ്സുകളുടെ തേജസ്സിനെയെല്ലാം സംഹരിക്കുമാറ് അവയേക്കാൾ വീര്യം കൂടിയതാണ്. വിമലമായ യശസ്സാകട്ടെ, ഒന്നിലും കാമമില്ലാത്ത നിസ്പൃഹരായ സിദ്ധമുനിമാരാൽക്കൂടി പാടിപ്പുകഴ്ത്തപ്പെട്ടതാണ്. വിഷ്ണുവാണ് "സർവ്വജ്ഞൻ". ഏതെങ്കിലുമൊന്നിൽ സംഗം, അല്ലെങ്കിൽ ആസക്തി ഇതൊന്നും തന്നെ വിഷ്ണുവിൽ

തൊട്ടുകുളിക്കാനും കൂടി ഇല്ല. അതിനാൽ ശ്രീ ഗുരുവായൂരപ്പാ, അവിടുന്നു മാത്രമാണ് സർവ്വ ഐശ്വര്യങ്ങളും തികഞ്ഞവനെന്നർത്ഥ മുള്ള "ഭഗവാൻ" എന്ന ശബ്ദത്തിന് ആശ്രയമായിരിക്കുന്നത്. ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വിജ്ഞാനം എന്ന ആറു ഭാഗങ്ങളും ഭഗവാനെ ആശ്രയിച്ചിരിക്കുന്നു.

O

ദശകം 2

ഭഗവത്സ്വരൂപമാധുര്യവും ഭക്തിമഹത്വവും

മൂലം - 1

സൂര്യസ്പർദ്ധികിരീടമൂർദ്ധ്വതിലക-
പ്രോദ്ഭാസിഫാലാന്തരം
കാരുണ്യാകുലനേത്രമാർദ്രഹസിതോ-
ല്ലാസം സുനാസാപുടം
ഗണ്ഡോദ്യന്മകരാഭകുണ്ഡലയുഗം
കണ്ഠോജ്വലത്കൗസ്തുഭം
ത്വദ്രൂപം വനമാല്യഹാരപടല-
ശ്രീവത്സദീപ്രം ഭജേ.

ഭാഷ

സൂര്യനെത്തോല്പിക്കും ചാരുകിരീടവും
നേർനെറ്റിമേൽ മിന്നും ഗോപീനാമം
കാരുണ്യനേത്രം, തൂമന്ദഹാസോല്ലാസം
നാസാപുടം, കവിൾ മണ്ഡലത്തിൽ
ഛായവീഴ്ത്തും മകരാകൃതി കുണ്ഡലം
കണ്ഠത്തിൽ ഉജ്ജ്വല കൗസ്തുഭവും
ചാരുവനമാല മുത്തുഹാരം വത്സ-
ദീപ്തം നിൻരൂപം ഞാൻ ധ്യാനിക്കുന്നു.

അർത്ഥം : സൂര്യന്റെ ശോഭയെ വെല്ലുന്ന കിരീടവും, നെറ്റിത്തടത്തിന്റെ നേർമദ്ധ്യത്തിലായി ഗോപിക്കുറി എന്നും "നാമം" എന്നും വൈഷ്ണവർ വിളിക്കുന്ന ഊർദ്ധ്വതിലകവും, കരുണാർദ്രമായ കണ്ണുകളും, മന്ദഹാസ പ്രകാശവും, നാസികയും, മകരമത്സ്യാകൃതിയിലുള്ള കുണ്ഡലങ്ങളുടെ പ്രകാശഛായ പ്രതിഫലിക്കുന്ന കവിൾമണ്ഡലങ്ങളും, കൗസ്തുഭം തിള ങ്ങുന്ന കഴുത്തും, വനമാലയും മുത്തുമാലകളും ശ്രീവത്സവും കൊണ്ട് പ്രകാശിക്കുന്ന മാറിടവും ഞാൻ സദാ ധ്യാനിക്കുന്നു.

തൊട്ടുകുളിക്കാനും കൂടി ഇല്ല. അതിനാൽ ശ്രീ ഗുരുവായൂരപ്പാ, അവിടുന്നു മാത്രമാണ് സർവ്വ ഐശ്വര്യങ്ങളും തികഞ്ഞവനെന്നർത്ഥമുള്ള "ഭഗവാൻ" എന്ന ശബ്ദത്തിന് ആശ്രയമായിരിക്കുന്നത്. ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വിജ്ഞാനം എന്ന ആറു ഭാഗങ്ങളും ഭഗവാനെ ആശ്രയിച്ചിരിക്കുന്നു.

O

ദശകം 2

ഭഗവത്സ്വരൂപമാധുര്യവും ഭക്തിമഹത്വവും

മൂലം - 1

സൂര്യസ്പർദ്ധികിരീടമൂർദ്ധ്വതിലക-
പ്രോദ്ഭാസിഫാലാന്തരം
കാരുണ്യാകുലനേത്രമാർദ്രഹസിതോ-
ല്ലാസം സുനാസാപുടം
ഗണ്ഡോദ്യന്മകരാഭകുണ്ഡലയുഗം
കണ്ഠോജ്വലത്കൗസ്തുഭം
ത്വദ്രൂപം വനമാല്യഹാരപടല-
ശ്രീവത്സദീപ്രം ഭജേ.

ഭാഷ

സൂര്യനെത്തോല്പിക്കും ചാരുകിരീടവും
നേർനെറ്റിമേൽ മിന്നും ഗോപീനാമം
കാരുണ്യനേത്രം, തൂമന്ദഹാസോല്ലാസം
നാസാപുടം, കവിൾ മണ്ഡലത്തിൽ
ഛായവീഴ്ത്തും മകരാകൃതി കുണ്ഡലം
കണ്ഠത്തിൽ ഉജ്ജ്വല കൗസ്തുഭവും
ചാരുവനമാല മുത്തുഹാരം വത്സ-
ദീപ്തം നിൻരൂപം ഞാൻ ധ്യാനിക്കുന്നു.

അർത്ഥം : സൂര്യന്റെ ശോഭയെ വെല്ലുന്ന കിരീടവും, നെറ്റിത്തടത്തിന്റെ നേർമദ്ധ്യത്തിലായി ഗോപിക്കുറി എന്നും "നാമം" എന്നും വൈഷ്ണവർ വിളിക്കുന്ന ഊർദ്ധ്വതിലകവും, കരുണാർദ്രമായ കണ്ണുകളും, മന്ദഹാസപ്രകാശവും, നാസികയും, മകരമത്സ്യാകൃതിയിലുള്ള കുണ്ഡലങ്ങളുടെ പ്രകാശഛായ പ്രതിഫലിക്കുന്ന കവിൾമണ്ഡലങ്ങളും, കൗസ്തുഭം തിളങ്ങുന്ന കഴുത്തും, വനമാലയും മുത്തുമാലകളും ശ്രീവത്സവും കൊണ്ട് പ്രകാശിക്കുന്ന മാറിടവും ഞാൻ സദാ ധ്യാനിക്കുന്നു.

കേശാദിപാദ ധ്യാനത്തിൽ ഭഗവാന്റെ ശിരസ്സും മാറും കണ്ഠവും ഇപ്രകാരം വർണ്ണിക്കുന്നു. ഇതിൽ പറയുന്ന ശ്രീവത്സചിഹ്നം ഭൃഗു മഹർഷിയുടെ കാൽച്ചവിട്ടേറ്റ് ഉണ്ടായ, വെളുത്ത രോമച്ചുഴികളോടു കൂടിയ മറുകാണ്. ഇന്ത്യൻ വാസ്തു ശാസ്ത്രത്തിൽ ഇതിനെ രണ്ടു വിധത്തിൽ ശില്പങ്ങളിൽ കൊത്തിവെച്ചുകാണാം.

ഇതിനെ TREFOIL ചിഹ്നമെന്ന പേരിൽ സിന്ധു-ഹാരപ്പൻ കാലത്തെ ശില്പങ്ങളിൽ കാണാം. അതായത് ബി.സി. 3500 മുതൽ തന്നെ ശ്രീവത്സചിഹ്നം ഇന്ത്യൻ ശില്പികൾക്കും ജനതയ്ക്കും അറിയാം. വിഷ്ണു ആരാധനയുടെ പഴക്കം ഇതിൽ നിന്ന് ഊഹിക്കാം.

മൂലം - 2

കേയൂരാംഗദകങ്കണോത്തമമഹാ-
രത്നാങ്ഗുലീയാങ്കിത-
ശ്രീമദ്ബാഹുചതുഷ്കസങ്ഗതഗദാ-
ശംഖാരിപങ്കേരുഹാം
കാഞ്ചിത് കാഞ്ചനകാഞ്ചിലാഞ്ഛിതലസത്
പീതാംബരാലംബിനീ-
മാലംബേ വിമലാംബുജദ്യുതിപദാം
മൂർത്തിം തവാർത്തിച്ഛിദം.

ഭാഷ

കേയൂരമംഗദം കങ്കണം രത്നാംഗു-
ലീയകം ചാർത്തിയ നാലു തൃക്കൈ-
ശംഖചക്രങ്ങളും താമരയും ഗദ-
യേന്തിയ സുന്ദരചാരുരൂപം
പൊന്നരഞ്ഞാണം വിളങ്ങും പീതാംബരം
സുന്ദരപാദാംബുജങ്ങളോടെ
വാക്കിന്നതീതം മഹനീയം നിൻമൂർത്തി
മാത്രം ശരണമാലംബനീയം

അർത്ഥം : ചുമലിൽ കേയൂരം, തോൾ വള, കയ്യിൽ വളകൾ, വിരലിൽ രത്ന മോതിരങ്ങൾ എന്നിവ ചാർത്തിയ നാലു തൃക്കൈകളിൽ ശംഖ്, ചക്ര, ഗദാ, പത്മങ്ങൾ ധരിച്ച്, മഞ്ഞപ്പട്ടിൻ മേലെ പൊന്നരഞ്ഞാണം കെട്ടി, സുന്ദരവും നിർമ്മലവുമായ പാദാംബുജങ്ങളോടുകൂടിയതും, വാക്കുകൾക്ക് അതീതവും, മഹിതവും ആയ നിന്റെ രൂപം മാത്രമാണ് ആലംബനീയം. ആ രൂപത്തെ ഞാൻ ശരണം പ്രാപിക്കുന്നു; സർവ്വാർത്തികളും തീരാൻ അതു മാത്രമാണാശ്രയം.

മൂലം – 3

യത്ത്രൈലോക്യമഹീയസോഽപി മഹിതം,
സമ്മോഹനം മോഹനാത്,
കാന്തം കാന്തിനിധാനതോഽപി മധുരം
മാധുര്യധുര്യാദപി,
സൗന്ദര്യോത്തരതോഽപി സുന്ദരതരം
ത്വദ്രൂപമാശ്ചര്യതോ-
പ്യാശ്ചര്യം, ഭുവനേ ന കസ്യ കുതുകം
പുഷ്ണാതി വിഷ്ണോ! വിഭോ!

ഭാഷ

വിഷ്ണോ, വിഭോ, ത്രിലോകത്തിലും പൂജ്യമായ്
സമ്മോഹനത്തേക്കാൾ മോഹനമായ്
കാന്തിനിധിയേക്കാൾ കാന്തമായ്, മാധുര്യ-
സത്തിനേക്കാളും മധുരമായി
സൗന്ദര്യസാരത്തേക്കാളും സൗന്ദര്യമായ്
ആശ്ചര്യത്തേക്കാളാശ്ചര്യമായി
ശ്രീ വിളങ്ങുന്നോരീവിഗ്രഹമാർക്കുള്ളിൽ
ശ്രീമത്താം കൗതുകം ചേർക്കുകില്ല!

അർത്ഥം : സർവ്വവ്യാപിയായ വിഷ്ണു ത്രിലോകത്തിലും സർവ്വരാലും സംപൂജ്യനാണ്. സമ്മോഹനത്തേക്കാൾ സമ്മോഹനം, ആകർഷണ ശക്തിയിൽ കാന്തിനിധിയേക്കാൾ കാന്തം, മാധുര്യ സത്തിനേക്കാൾ മധുരതമം, സൗന്ദര്യസാരത്തേക്കാൾ സുന്ദരം, ആശ്ചര്യത്തേക്കാൾ ആശ്ചര്യം. ശ്രീ വിളങ്ങുന്ന ആ വിഷ്ണുവിഗ്രഹം ഏതൊരാൾക്കാണ് അന്തരംഗത്തിൽ കൗതുകം ചേർക്കാത്തത്. സർവ്വലോകവും അതിനെ പ്രേമിക്കുന്നു.

മൂലം – 4

തത്താദൃങ്മധുരാത്മകം തവ വപുഃ
സംപ്രാപ്യ സമ്പന്മയീ
സാ ദേവീ പരമോത്സുകാ ചിരതരം
നാസ്തേ സ്വഭക്തേഷ്വപി
തേനാസ്യാ ബത! കഷ്ടമച്യുത! വിഭോ!
ത്വദ്രൂപമാനോജ്ഞക-
പ്രേമസ്ഥൈര്യമയാദചാപലബലാ-
ച്ചാപല്യവാർത്തോദഭൂത്

ഭാഷ

നിന്മധുരാത്മകമാം വപുപ്രാപിയ്ക്കാ-
നെന്നും സമുത്സുകയായ ദേവി
സമ്പന്മയീ നിത്യപ്രേമസ്വരൂപിണി
നിൻ വക്ഷസ്സൊന്നിൽത്താന് വാഴ്കയാലേ
അച്യുതാ, വാഴ്‌വതില്ലെങ്ങും ചിരം, തന്റെ
ഭക്തരിൽപ്പോലും ശ്രീവാസുദേവാ
ത്വദ്രൂപമാഹാത്മ്യപ്രേമ "സ്ഥിരത" യാൽ
നിത്യം 'അചാപലശക്തി' യാർന്നു
വാഴ്ത്തുന്നവളെ "ച്ചപല" യെന്നീജനം
വൈരുദ്ധ്യവാദമിതെത്ര ചിത്രം!

അർത്ഥം : ഇത്രയും സുന്ദരവും ആനന്ദമയവും രസാനുഭൂതി വിഷയവുമായ അവിടത്തെ ശരീരത്തെ ഭർത്തൃരൂപത്തിൽ പ്രാപിച്ച, സമ്പദ് സമൃദ്ധിയുടെ ദേവത (ലക്ഷ്മി) നിന്റെ മാറിൽത്തന്നെ സദാവസിക്കാൻ ആഗ്രഹം ജനിക്കയാൽ തന്റെ ഭക്തരുടെ അടുത്തുപോലും സ്ഥിരമായി താമസിക്കുന്നില്ല. നിന്റെ മനോഹരരൂപത്തിലുള്ള അനുരാഗാധിക്യമാകുന്ന "പ്രേമസ്ഥൈര്യം" കൊണ്ടാണ് അവൾക്ക് ഭക്തരിൽ ഈ "അസ്ഥിരത". പ്രേമസ്ഥൈര്യം അവളുടെ 'അചാപല' ശക്തിയുടെ തെളിവാണ്. എന്നിട്ടും അവൾക്ക് 'ചപല' എന്ന് പേര് ജനങ്ങൾ കൊടുത്തിരിക്കുന്നു - കഷ്ടം! വിഭോ, അച്യുതാ, ഇത് എന്തൊരു വിരോധാഭാസമാണ്!

മൂലം - 5

ലക്ഷ്മീസ്താവകരാമണീയകഹൃതൈ-
വേയം പരേഷസ്ഥിരേ-
ത്യസ്മിന്നന്യദപി പ്രമാണമധുനാ
വക്ഷ്യാമി ലക്ഷ്മീപതേ!
യേ ത്വദ്ധ്യാനഗുണാനുകീർത്തനരസാ-
സക്താ ഹി ഭക്താ ജനാ-
സ്തേഷ്വേഷാ വസതി സ്ഥിരൈവ ദയിത-
പ്രസ്താവദത്താദരാ.

ഭാഷ

എങ്കിലും ലക്ഷ്മീപതേ, നിന്റെ സൗന്ദര്യ-
സ്ഥൈര്യത്താ 'ലസ്ഥിര' യെന്നു വന്നു
നിൻ ധ്യാന, സദ് ഗുണ കീർത്തനത്തിൽ രസാ-
സക്തയാണീദേവിയെന്നുമെന്നും
നിൻ കീർത്തനം ശ്രീഹരികഥാവാചകം
എങ്ങുണ്ടവിടെ സ്ഥിരയാണവൾ.

അർത്ഥം : ലക്ഷ്മീപതേ, ലക്ഷ്മി. നിന്റെ "സൗന്ദര്യ സ്ഥൈര്യ" ത്താലാണ് 'അസ്ഥിര' എന്ന അപവാദം കേട്ടത്. എന്നാലും നിന്റെ ധ്യാനം, നിന്റെ സദ്ഗുണ കഥാകീർത്തനം എന്നിവയിൽ രസാസക്തി യുള്ളവളാണ് പരമരസികയായ ഈ ദേവി. അതുകൊണ്ടുതന്നെ എവിടെ യൊക്കെ നിന്റെ കീർത്തനം പാടുന്നുവോ, ഹരി കഥ പറയുന്നുവോ, നിന്നെ ധ്യാനിക്കുന്നുവോ അവിടെയെല്ലാം അവൾ 'സ്ഥിര'മായിരിക്കുന്നു.

അപ്രകാരം ലക്ഷ്മീദേവി 'ചപല' യാണെന്നും 'അസ്ഥിര' യാണെന്നുമുള്ള പൊതുജനാഭിപ്രായം ശരിയല്ല എന്ന് കവി ഈ രണ്ടു ശ്ലോകങ്ങളിലൂടെ സമർത്ഥിക്കുന്നു.

മൂലം - 6

ഏവംഭൂതമനോജ്ഞതാനവസുധാ-
നിഷ്യന്ദസന്ദോഹനം
ത്വദ്രൂപം പരചിദ്രസായനമയം
ചേതോഹരം ശൃണ്വതാം
സദ്യഃ പ്രേരയതേ മതിം മദയതേ
രോമാഞ്ചയത്യംഗകം
വ്യാസിഞ്ചത്യപി ശീതബാഷ്പവിസരൈ-
രാനന്ദമൂർച്ഛോദ്ഭവൈഃ

ഭാഷ

ഏറ്റം മനോജ്ഞം, സുധാമയം, പീയൂഷ-
ബ്രഹ്മരസായനം ചിത്സ്വരൂപം
കേൾക്കുന്നോർക്കെല്ലാം മനോബുദ്ധി പ്രേരകം
മോക്ഷദം ആനന്ദസന്ദോഹനം
അംഗങ്ങളൊക്കെയും രോമാഞ്ച കഞ്ചുകം
ആനന്ദമൂർഛോദ് ഭവത്താൽ രമ്യം
ആനന്ദക്കണ്ണീരിലാറാടിക്കുന്നതാം
ആനന്ദഗംഗ നിൻ നാമം മാത്രം.

അർത്ഥം : അതീവ മനോജ്ഞമാണ് ഭഗവാന്റെ ചിത്സ്വരൂപം. എപ്പോഴും പുതിയ തേൻ നിറഞ്ഞു തുളുമ്പുന്നതും ആ മധുര പീയൂഷം സദാ വർഷിക്കുന്നതുമാണ്. ആ നാമശ്രവണം ഒന്നുകൊണ്ടുതന്നെ, കേട്ടവ രുടെ മനസ്സ് 'മനനം' ചെയ്യാനും ബുദ്ധി പ്രവർത്തിയ്ക്കാനും പ്രചോ ദനം (പ്രേരണ) ഉണ്ടാക്കുന്നു. (ശ്രവണ, മനന, നിദിദ്ധ്യാസനം). ഈ ആന്തരപ്രക്രിയ ആരംഭിക്കുന്നതോടെ ബാഹ്യമായ ഭക്തിലക്ഷണങ്ങൾ തെളിഞ്ഞു കാണാൻ തുടങ്ങുന്നു. പരമാനന്ദമൂർച്ഛകൊണ്ട്, സർവ്വാംഗ ങ്ങളും പുളകാങ്കുരമണിയുന്ന ആ ഭാവാവസ്ഥ എത്ര മനോഹരം. കണ്ണിൽ നിന്ന് കുളിർത്ത ആനന്ദാശ്രുക്കൾ പൊഴിയിക്കാൻ പ്രേരകമാ

യിത്തീരുന്ന "ആനന്ദഗംഗ' ഭഗവാന്റെ തിരുനാമമല്ലാതെ മറ്റെന്താണ്? ഉത്തമഭക്തി ലക്ഷണങ്ങൾ ഇപ്രകാരം കവി വർണ്ണിച്ചിരിക്കുന്നു.

മൂലം – 7

ഏവംഭൂതതയാ ഹി ഭക്ത്യഭിഹിതോ
യോഗഃ സ യോഗദ്വയാത്
കർമ്മജ്ഞാനമയാദ് ഭൃശോത്തമതരോ
യോഗീശ്വരൈർഗീയതേ
സൗന്ദര്യൈകരസാത്മകേ ത്വയി ഖലു
പ്രേമപ്രകർഷാത്മികാ
ഭക്തിർനിഃശ്രമമേവ വിശ്വപുരുഷൈർ-
ലഭ്യാ രമാവല്ലഭ!

ഭാഷ

ഈ യനുഭൂതി ലഭിയ്ക്കയാൽ ജ്ഞാനികൾ
യോഗീശ്വരന്മാർ മൊഴിഞ്ഞുപണ്ടേ.
കർമ്മജ്ഞാനങ്ങളാം യോഗദ്വയത്തേക്കാൾ
ഭക്തിയോഗത്തിൽ ഗരിമയേറെ
ഹേ, രമാ വല്ലഭാ, സൗന്ദര്യത്തിന്നേക-
ചിദ്രസാത്മാ, നിന്നിൽ ഭക്തി യോഗം
പ്രേമപ്രകർഷാത്മികയാകയാൽ ശ്രമം
കൂടാതെകിട്ടും 'സ്വഭാവ' മാർക്കും!

അർത്ഥം : ആറാം ശ്ലോകത്തിൽ പറഞ്ഞ അനുഭൂതിരസം നുകർന്ന യോഗീശ്വരന്മാർ, ഉത്തമഭക്തി യോഗത്താൽ സ്വാഭാവികജ്ഞാനം നേടിയവരാണ്. അതുകൊണ്ടാണ് അവർ കർമ്മയോഗത്തേക്കാളും ജ്ഞാനയോഗത്തേക്കാളും മഹിമ ഭക്തി യോഗത്തിനാണെന്ന് പറഞ്ഞത് (ഭക്തിരേവ ഗരീയാസി). സൗന്ദര്യത്തിന്റെ ഏകരസം മാത്രമാണ് ഭഗവാന്റെ ചിദ്രൂപത്തിലുള്ളത്. ആ സൗന്ദര്യരസം തന്നെ ചിദ്രസാത്മാവായ ഭഗവാൻ. സൗന്ദര്യമുള്ള വസ്തുവിൽ പ്രേമം ജനിക്കുക എന്നത് സർവ്വജീവികൾക്കും പ്രയാസം കൂടാതെ ലഭിക്കുന്ന സ്വഭാവജന്യമായ അനുഭവമാണ്. അതിൽ പണ്ഡിതപാമരഭേദമില്ല. സൗന്ദര്യരസം തന്നെയായ ഭഗവാനിൽ അനുരാഗം, ആ അനുരാഗത്താൽ പരമാനന്ദം, ആ ആനന്ദാനുഭൂതിയാൽ പരമമായ അദ്വൈതാനുഭവജ്ഞാനം – പണ്ഡിത പാമരഭേദമന്യെ എല്ലാവർക്കും ഈ അനുഭവം കിട്ടുന്നു. അതിനാൽ മറ്റു മാർഗ്ഗങ്ങളെക്കാൾ ഭക്തിമാർഗ്ഗമാണ് അത്യുത്കൃഷ്ടമെന്ന് അനുഭവസ്ഥരായ യോഗീശ്വരന്മാർ പണ്ടേ പറഞ്ഞിരിക്കുന്നു.

മൂലം – 8

നിഷ്കാമം നിയതസ്വധർമ്മചരണം
യത് കർമ്മയോഗാഭിധം
തദ്ദുരേത്യഫലം, യദൗപനിഷദ-
ജ്ഞാനോപലഭ്യം പുനഃ
തത്ത്വവ്യക്തതയാ സുദുർഗമതരം
ചിത്തസ്യ, തസ്മാദ് വിഭോ!
ത്വത്പ്രേമാത്മകഭക്തിരേവ സതതം
സ്വാദീയസീ ശ്രേയസീ.

ഭാഷ

നിഷ്ക്കാമ കർമ്മം സ്വധർമ്മം ചരിയ്ക്കിലും
കിട്ടും ഫലം കാലമേറെ വൈകി
ഔപനിഷദ് ജ്ഞാന മാർഗ്ഗഫലം ചിത്തി-
ന്നവ്യക്തം, ദുർഗ്ഗമം എന്നുമാകാം
നിൻ പ്രേമഭക്തിയതൊന്നു താൻ ലോകത്തിൽ
സ്വാദീയസി, ശ്രേയസിയെല്ലാർക്കും.

അർത്ഥം : കൃത്യമായി നിഷ്ക്കാമമായി സ്വധർമ്മം അനുഷ്ഠിക്കുന്ന കർമ്മയോഗത്തിന്റെ ഫലം കിട്ടുന്നത് വളരെ വൈകി മാത്രമാണ്. ഉപനിഷദ് ജ്ഞാനമാർഗ്ഗത്തിന്റെ ഫലമാകട്ടെ, അതിന്റെ അവ്യക്തത കാരണം ചിത്തത്തിന് ദുർഗ്ഗമവും അപ്രാപ്യവുമാണ്.

എന്നാൽ ഹരിയിലുള്ള പ്രേമാത്മക ഭക്തിക്ക് ഈ പ്രശ്നങ്ങളൊന്നുമില്ല. അതൊന്നു മാത്രമാണ് സകല മനുഷ്യർക്കും സ്വാദുള്ളതായും (മധുരമായ രുചി അനുഭവിച്ചറിയാവുന്നതായും) ശ്രേയസ്കരമായും പാടപ്പെട്ടിരിക്കുന്നത്.

മൂലം – 9

അത്യായാസകരാണി കർമ്മപടലാ-
ന്യാചര്യ നിര്യന്മലാ
ബോധേ ഭക്തിപഥേƒഥവാപ്യുചിതതാ-
മായാന്തി, കിം താവതാ
ക്ലിഷ്ടാ തർക്കപഥേ പരം തവ വപുർ-
ബ്രഹ്മാഖ്യമന്യേ പുന-
ശ്ചിത്താർദ്രത്വമൃതേ വിചിന്ത്യ ബഹുഭിഃ
സിദ്ധ്യന്തി ജന്മാന്തരൈഃ

ഭാഷ

ആയാസപ്പെട്ടു കർമ്മങ്ങൾ നിഷ്കാമമായ്
ആചരിച്ചും, ചിത്തം ശുദ്ധമാക്കി
ഭക്തിജ്ഞാനങ്ങളും മർഗ്ഗത്തിലേറുവാൻ
കിട്ടുന്ന ഭാഗ്യം ചിലർക്കുമാത്രം
മറ്റുള്ളോർ ക്ലിഷ്ടമാം തർക്കപഥങ്ങളിൽ
ചുറ്റിയലഞ്ഞു വൃഥാ നടന്നു
മുറ്റും മനസ്സലിവില്ലാതവ്യക്തമാം
നിർഗുണ ബ്രഹ്മത്തെയന്വേഷിച്ചും
വ്യക്തമായവ്യക്തമോരാനരുതാതെ
സിദ്ധി ജന്മാന്തരം കൊണ്ടേ നേടൂ

അർത്ഥം : എന്താണ് കർമ്മയോഗത്തിന്റെ പ്രയാസം? ഒന്നാമതായി അനേകം ധർമ്മം, യജ്ഞം, വ്രതം, നിഷ്ഠ എന്നിവ ബുദ്ധിമുട്ടി ഒട്ടും തെറ്റുപറ്റാതെ നിഷ്കാമമായി വളരെയധികം കാലം ആചരിച്ചാലേ ചിത്തം ശുദ്ധമാവുകയുള്ളു. ചിത്തം ശുദ്ധമായാലേ അതിൽ ഉത്തമ ഭക്തിയോഗമാർഗ്ഗവും ജ്ഞാനമാർഗ്ഗവും വിളങ്ങുകയുള്ളൂ. ഇതിനുള്ള ഭാഗ്യം ലഭിക്കുന്നത് വിരലിലെണ്ണാവുന്നവർക്കു മാത്രമാണ്. കാല താമസം, പ്രയാസം എന്നിവ സാധാരണക്കാർക്ക് കർമ്മയോഗ മാർഗ്ഗത്തിലൂടെ ജ്ഞാനം നേടാനുള്ള പ്രതിബന്ധങ്ങളാണ്.

ജ്ഞാനമാർഗ്ഗം തെരഞ്ഞെടുക്കുന്നവർ വളരെ പ്രയാസമേറിയ ബൗദ്ധിക വ്യാപാരങ്ങളിലും, തർക്കങ്ങളിലും വെറുതെ ചുറ്റിത്തിരിഞ്ഞ്, അവ്യക്തമായ നിർഗുണ ബ്രഹ്മത്തെ അന്വേഷിക്കുന്നു. നിശിതമായ തർക്കംകൊണ്ട് അവർ കഠിനഹൃദയരായി മാറുന്നു. മാത്രമല്ല, അവ്യക്തത്തെ അവരുടെ തർക്കംകൊണ്ടൊന്നും വ്യക്തമായി അറിയാനൊട്ടു സാധിക്കയുമില്ല. ഇതിനൊക്കെപ്പുറമെ ഇത്തരം ഗവേഷണം സാധിക്കുന്നത് കോടി മനുഷ്യരിൽ ഒരാൾക്കു മാത്രമാണ്. മറ്റുള്ളവർ ജ്ഞാന സിദ്ധി നേടാൻ അനേകജന്മം ക്ലിഷ്ടമായ തർക്കപഥങ്ങളിൽ വൃഥാ അലയേണ്ടിവരുന്നു.

മൂലം – 10

ത്വദ്ഭക്തിസ്തു കഥാരസാമൃതഝരീ-
നിർമ്മജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീ-
മക്ലേശതസ്തന്വതീ
സദ്യഃ സിദ്ധികരീ ജയത്യയി വിഭോ!
സൈവാസ്തു മേ ത്വത്പദ-
പ്രേമപ്രൗഢിരസാർദ്രതാ ദ്രുതതരം
വാതാലയാധീശ്വര!

ഭാഷ

താവകഭക്തികഥാരസാമൃതത്തിന്റെ
പ്രേമപ്രവാഹത്തിൽ മുങ്ങുകയാൽ
സ്വായത്തമാകുമക്ലേശം വിമലമാം
ബോധപദവിയാം മോക്ഷസിദ്ധി
വാതാലയേശ്വര, നിൻപാദപത്മത്തിൽ
പ്രേമരസാർദ്രമാം ഭക്തി മാത്രം
വേഗത്തിൽ സിദ്ധിച്ചതെന്നും നിലയ്ക്കുവാൻ
വേണു ഗോപാലാ, വരം നൽകണേ!

അർത്ഥം : വിഷ്ണുഭക്തർ ഭഗവാന്റെ കഥാരസാമൃതമാകുന്ന പ്രേമ ഗംഗയുടെ പ്രവാഹത്തിൽ മുങ്ങി, ഒരു ക്ലേശവും കൂടാതെത്തന്നെ, വളരെ വേഗത്തിൽ മോക്ഷം എന്ന 'വിമലപ്രബോധപദവി' സ്വായത്ത മാക്കുന്നു. ഗുരുവായൂരപ്പാ, അപ്രകാരം പ്രേമരസാർദ്രമായ ഭക്തി അവി ടത്തെ പാദപത്മത്തിൽ വളരെ വേഗം ഉണ്ടായി, അത് ദൃഢതരമാവാ നും, അത് എന്നേയ്ക്കും സ്ഥിരമായിരിക്കുവാനും അനുഗ്രഹിക്കണേ.

O

ദശകം 3

ഭക്തിപ്രാർത്ഥന

മൂലം – 1

പഠന്തോ നാമാനി പ്രമദഭരസിന്ധൗ നിപതിതാഃ
സ്മരന്തോ രൂപം തേ വരദ! കഥയന്തോ ഗുണകഥാഃ
ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തേ പരമമൂ-
നഹം ധന്യാൻ മന്യേ സമധിഗതസർവ്വാഭിലഷിതാൻ.

ഭാഷ

നിൻനാമം പാടി, നിൻരൂപം സ്മരിച്ചു, നിൻ
ലീലാഗുണകഥാകീർത്തിചെയ്തും,
നിന്നെ സ്മരിച്ചു രസാനന്ദസിന്ധുവിൽ
മുങ്ങിച്ചരിയ്ക്കുന്നോർ പൂർണ്ണകാമർ.

അർത്ഥം : സർവ്വകാമപ്രാപ്തി നേടി പൂർണ്ണകാമരായി, ധന്യരെന്ന പേരിന് അർഹരായിട്ടുള്ളവർ ആരാണ് എന്ന് കവി പറയുന്നു. ഭഗ വാന്റെ നാമം മാത്രം പാടി, ഭഗവത്സ്വരൂപം മാത്രം ധ്യാനിച്ച്, ഭഗവാന്റെ ലീലകളും ഗുണങ്ങളും കഥകളും പ്രകീർത്തിച്ച്, ഈശ്വര സ്മരണയുടെ

രസാനന്ദ സിന്ധുവിൽ സദാ മുഴുകിക്കൊണ്ട് ഈ ഭൂമിയിൽ സഞ്ചരിക്കുന്നവർ മാത്രമാണ് ധന്യരായ പൂർണ്ണകാമർ എന്ന് അദ്ദേഹം ശങ്കയ്ക്കിടയില്ലാതെ വിശ്വസിക്കുന്നു.

മൂലം – 2

ഗദക്ലിഷ്ടം കഷ്ടം തവ ചരണസേവാരസഭരേ-
പ്യനാസക്തം ചിത്തം ഭവതി ബത! വിഷ്ണോ! കുരു ദയാം
ഭവത്പാദാംഭോജസ്മരണരസികോനാമനിവഹാ-
നഹം ഗായം ഗായം കുഹചന വിവത്സ്യാമി വിജനേ.

ഭാഷ

കഷ്ടമെൻ മാനസം രോഗത്താൽ ക്ലിഷ്ടമായ്
വേദനാഭാരം സഹിയ്ക്കയാലേ
നിൻപദസേവയിലാസക്തിഹീനമായ്
എൻപിഴയെല്ലാം പൊറുക്കണം നീ
നിൻ നാമം പാടിപ്പദം സ്മരിച്ചേകാന്തം
നിൻധ്യാനം ചെയ്യാൻ ദയ കാട്ടണം.

അർത്ഥം : മനുഷ്യന്റെ ഏകാഗ്രതയ്ക്ക് ഭംഗം വരുത്തുന്നതാണ് വേദന – ശരീരം രോഗഗ്രസ്തമായി വേദനാഭാരം സഹിക്കുമ്പോൾ, മനസ്സ് ആ വേദനയെക്കുറിച്ച് മാത്രം ചിന്തിച്ച് ഭഗവദ്പാദസേവയിൽ ആസക്തിയും ഏകാഗ്രതയും നശിച്ചതായിത്തീരുന്നു. അത്തരമൊരവസ്ഥയിലെത്തിയ തന്റെ പിഴവുകൾ പൊറുത്ത് തന്നെ വീണ്ടും വേദനാമുക്തനാക്കി ഏകാഗ്ര ചിത്തനാക്കാനാണ് പ്രാർത്ഥന. ഈശ്വര നാമം മാത്രം പാടി, ഭഗവദ്പാദം മാത്രം സ്മരിച്ച്, ഏകാകിയായി, വിജന സ്ഥലത്തിരുന്ന് ധ്യാനത്തിലും ഏകാഗ്ര തപസ്സിലും വീണ്ടും മുഴുകാൻ തന്നിൽ ദയകാട്ടണം. (അതിനായി രോഗം, വേദന എന്നിവ മാറ്റിത്തരണം).

മൂലം – 3

കൃപാ തേ ജാതാ ചേത് കിമിവ നഹി ലഭ്യം തനുഭൃതാം
മദീയക്ലേശൌഘപ്രശമനദശാ നാമ കിയതീ
ന കേ കേ ലോകേഽസ്മിന്നനിശമയി! ശോകാഭിരഹിതാ
ഭവദ് ഭക്താ മുക്താഃ സുഖഗതിമസക്താ വിദധതേ.

ഭാഷ

നിൻ കൃപാലേശത്താൽ ലഭ്യമെല്ലാം; എന്റെ-
അല്ലലകറ്റാൻ നിനക്കെളുപ്പം
ഭക്തരെല്ലാരു മസക്തർ വിമുക്തരായ്
സൗമ്യമായ് വാഴുന്നീ ലോകമാകെ.

അർത്ഥം : ഈശ്വരന്റെ ദയയുടെ ചെറിയൊരംശം കിട്ടിയാൽത്തന്നെ

പ്രപഞ്ചത്തിലെ സർവ്വവസ്തുക്കളും, സുഖവും ലഭിക്കും. അപ്പോൾ പിന്നെ, എന്റെ ചെറിയൊരു ക്ലേശം (രോഗം) അകറ്റിത്തരിക എന്നത് ഭഗവാന് വലിയൊരു കാര്യമാണോ? നിഷ്പ്രയാസമല്ലേ? ഈ ലോകത്തിൽ ഭക്തന്മാരെല്ലാം തന്നെ അസക്തരും, മുക്തരുമായി സുഖത്തോടെ ജീവിക്കുന്നുണ്ടല്ലോ? (താനും ഭക്തനാണല്ലോ എന്ന് വ്യംഗ്യം)

മൂലം – 4

മുനിപ്രൗഢാ രൂഢാ ജഗതി ഖലു ഗൂഢാത്മഗതയോ
ഭവത് പാദാംഭോജസ്മരണവിരുജോ നാരദമുഖാഃ
ചരന്തീശ! സ്വൈരം സതതപരിനിർഭാതപരചിത്–
സദാനന്ദാദ്വൈതപ്രസരപരിമഗ്നാഃ കിമപരം.

ഭാഷ

ഗൂഢാനുചിത്തർ സ്മൃതിവിലോലർ നിത്യ–
മാമയഹീനർ ശ്രീ നാരദാദി
സച്ചിദാനന്ദ മദ്വൈത പ്രസരത്തിൽ
സഞ്ചരിപ്പൂ, വേറെയെന്തു വേണ്ടു

അർത്ഥം : നാരദൻ മുതലായ ഭക്തരെ ഉദാഹരണം കാണിക്കുന്നു. അവർ ഗൂഢാത്മചിത്തരാണ്, സാധാരണക്കാർക്ക് മനസ്സിലാക്കാനാവാത്ത അതീവരഹസ്യമായ പാതകളിലൂടെയാണ് അവരുടെ ആത്മഗതി. അവർ നിത്യം ഭഗവദ്സ്മരണയിൽ മുഴുകി, നിത്യനിരാമയരായി, സത്ചിത് ആനന്ദമെന്ന ബ്രഹ്മത്തിന്റെ അദ്വൈത പ്രകാശപ്രസരധോരണിയിൽ മുങ്ങി സഞ്ചരിക്കുന്നവരാണ്. ഇതിൽപ്പരം മറ്റെന്തു വേണം ഒരാത്മാവിന് സ്വായത്തമാക്കാൻ.

മൂലം – 5

ഭവദ്ഭക്തിഃ സ്ഫീതാ ഭവതു മ മ, സൈവ പ്രശമയേ–
ദശേഷക്ലേശൗഘം, ന ഖലു ഹൃദി സന്ദേഹകണികാ
ന ചേദ്വ്യാസസ്യോക്തിസ്തവ ച വചനം നൈഗമവചോ
ഭവേന്മിഥ്യാ രഥ്യാപുരുഷവചനപ്രായമഖിലം.

ഭാഷ

നിന്നിലെൻ ഭക്തി വർദ്ധിയ്ക്കണം, ക്ലേശങ്ങ–
ളൊന്നാകെ നീക്കാൻ നിൻഭക്തി പോരും
ഇല്ല സന്ദേഹകണിക; വ്യാസോക്തി, നിൻ
ചൊല്ലും ശ്രുതിയും പൊയ്യാകയില്ല

അർത്ഥം : നിന്നിൽ എനിയ്ക്കുള്ള അനുരാഗം (ഭക്തി) വർദ്ധിച്ചു വർദ്ധിച്ചു വരണം, സർവ്വ ക്ലേശങ്ങളും അകറ്റാൻ ഭക്തി ഒന്നുമാത്രം മതി എന്നതിൽ തെല്ലുപോലും സംശയം എനിക്കില്ല. കാരണം, വ്യാസ

വാക്കും, വിഷ്ണുവചനവും വേദവാക്കും അസത്യമാകയില്ല. വ്യാസനും കൃഷ്ണനും വേദവും ഭക്തിമാത്രം മതി സർവ്വക്ലേശവും നീക്കാൻ എന്നു പറഞ്ഞിട്ടുണ്ട്. അവരുടെ വാക്ക് തെരുവിൽകൂടി പോകുന്ന ഏതെങ്കിലും ഒരു സാധാരണ മനുഷ്യന്റെ വാക്കുപോലെ വീൺവാക്കായി പോകാൻ യാതൊരു സാദ്ധ്യതയുമില്ല.

മൂലം - 6

ഭവദ്ഭക്തിസ്താവത് പ്രമുഖമധുരാ ത്വദ്ഗുണരസാത്
കിമപ്യാരൂഢാ ചേദഖിലപരിതാപപ്രശമനീ,
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമിള-
ന്മഹാനന്ദാദ്വൈതം ദിശതി, കിമതഃ പ്രാർത്ഥ്യമപരം?

ഭാഷ

സർവ്വത്ര മാധുര്യം നിൻഭക്തി, ശ്രീകൃഷ്ണാ,
തെല്ലാലെസ്സർവ്വതാപം ശമിയ്ക്കും
ആദ്യന്തം ജ്ഞാനാനന്ദാദ്വൈത ബോധത്തി-
നേതതിന്മേലൊന്നു പ്രാർത്ഥനീയം?

അർത്ഥം : കൃഷ്ണഭക്തി ആപാദമധുരമാണ്, കൃഷ്ണന്റെ ഗുണരസം മാധുര്യമാകയാൽ! അത് അധികമൊന്നും വേണ്ട, ഒരിത്തിരിമാത്രം മതി സർവ്വതാപവും ശമിപ്പിയ്ക്കാൻ! മനസ്സിൽ ആദ്യന്തം പരിശുദ്ധ മായ ജ്ഞാനബോധം ഉദിപ്പിച്ച്, അദ്വൈതാനന്ദം പകർന്നുതന്ന്, ആമയം നീക്കി നിരാമയമാക്കുന്ന കൃഷ്ണഭക്തിയേക്കാൾ ഉപരിയായി മറ്റെ ന്തുണ്ട് പ്രാർത്ഥിയ്ക്കാൻ! അചഞ്ചലമായ കൃഷ്ണഭക്തിമാത്രം എനിയ്ക്ക് വരപ്രസാദമായി തരണേ!

മൂലം - 7

വിധൂയ ക്ലേശാൻ മേ കുരു ചരണയുഗ്മം ധൃതരസം
ഭവത്ക്ഷേത്രപ്രാപ്തൗ, കരമപി ച തേ പൂജനവിധൗ,
ഭവന്മൂർത്ത്യാലോകേ നയന, മഥ തേ പാദതുളസീ-
പരിഘ്രാണേ ഘ്രാണം, ശ്രവണമപി തേ ചാരുചരിതേ.

ഭാഷ

രോഗങ്ങൾ മാറീട്ടിക്കാലാൽ നടയ്ക്കൽ ഞാ-
നെത്തണം, കണ്ണാലെ കണ്ടിടേണം.
പൂജ കൈകൾക്കും, തുളസീ മണം നാസ
യ്ക്കേകണം കാതിന്നുകീർത്തനവും

അർത്ഥം : രോഗങ്ങൾ എന്റെ കാലുകൾക്ക് നടക്കുവാൻ വയ്യാതെയാ ക്കിയിരിക്കുന്നു. ക്ലേശം നീക്കി, ഈ കാലുകൊണ്ട് നടന്ന് അവിടത്തെ ക്ഷേത്രനടയ്ക്കൽ എത്താൻ എനിക്കു സാധിയ്ക്കണം. നിന്റെ വിഗ്രഹം കണ്ണാൽ കാണണം; കൈകളാൽ പൂജിയ്ക്കണം; തുളസീമണം

മൂക്കിനും നിന്റെ ചരിതകീർത്തന ശ്രവണസുഖം കാതിനും വീണ്ടും അനുഭവിയ്ക്കുമാറാക്കിത്തരണം.

മൂലം – 8

പ്രഭൂതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി
ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാത്
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മര്യാസം ദുരുപശമപീഡാപരിഭവാൻ.

ഭാഷ

ആധിയും വ്യാധിയും മാറി, ഹൃദയത്തിൽ
നിൻരൂപ ചിദ്രസം പൊങ്ങിടട്ടേ
രോമാഞ്ചഹർഷാശ്രുധാരയാലെൻ രോഗ-
മാകവെ മാറട്ടെ യീക്ഷണത്തിൽ

അർത്ഥം : രോഗങ്ങളാലും രോഗങ്ങളുണ്ടാക്കിയ ആധിയാലും ചഞ്ചലമായ മനസ്സ് അവയെല്ലാം അടങ്ങി, വീണ്ടും നിന്റെ പരമമായ ആനന്ദരസചിദ്രൂപം തെളിഞ്ഞു വിളങ്ങി ശുദ്ധമാകട്ടെ. ഭക്തിലക്ഷണങ്ങളായ രോമാഞ്ചം, ആനന്ദക്കണ്ണീർധാര ഇവകളാൽ എന്റെ രോഗവും ആധികളുമെല്ലാം ഒറ്റക്ഷണംകൊണ്ടുതന്നെ ഇല്ലാതാവട്ടെ! ഞാൻ അവയെല്ലാം മറന്നുപോകട്ടെ!

മൂലം – 9

മരുദ്ഗേഹാധീശ! ത്വയി ഖലു പരാഞ്ചോഽപി സുഖിനോ,
ഭവത്സ്നേഹീ സോഽഹം സുബഹു പരിതപ്യേ ച, കിമിദം?
അകീർത്തിസ്തേ മാ ഭൂ, ദ്വരദ! ഗദഭാരം പ്രശമയൻ
ഭവദ്ഭക്തോത്തംസം ഝടിതി കുരു മാം കംസദമന!

ഭാഷ

ശ്രീഗുരോ, വൈമുഖ്യമുള്ളോരും ലോകത്തിൽ
ശ്രീമത്താമാനന്ദമാർന്നു വാഴ്കെ
ഭക്തയെൻ താപത്താൽ ചേരാമോ ദുഷ്കീർത്തി
ഉത്തമ പൂരുഷ നിൻകൃപയിൽ?
താപമകറ്റി ഭക്തോത്തംസം ഞാനെന്ന-
തോതുക വേഗം, വാതാലയേശാ-

അർത്ഥം : ഭഗവാനിൽ വൈമുഖ്യമുള്ളവർപോലും ഈ ലോകത്തിൽ സുഖമായി ജീവിക്കുന്നു. അപ്പോൾ നിന്നെ സ്നേഹിക്കുന്ന ഞാൻ ഇങ്ങനെ സങ്കടപ്പെട്ടാൽ നിന്റെ കൃപാശീലത്തിന് അതൊരു ദുഷ്കീർത്തിയാവുകയില്ലേ? രോഗം ശമിപ്പിച്ച് ഞാൻ നിന്റെ ഭക്തോത്തംസമെന്ന് വേഗത്തിൽ തെളിയിക്കുക. എന്നെ നിന്റെ ഭക്തോത്തംസമാക്കുക.

മൂലം - 10

കിമുക്കൈതർഭൂയോഭി, സ്തവ ഹി കരുണാ യാവദുദിയാ-
ദഹം താവദ്ദേവ! പ്രഹിതവിവിധാർത്ഥപ്രലപിതഃ
പുരഃ ക്ലുപ്തേ പാദേ വരദ! തവ നേഷ്യാമി ദിവസാൻ
യഥാശക്തി വ്യക്തം നതിനുതിനിഷേവാ വിരചയൻ.

ഭാഷ

എന്തിനധികമീ വാക്കു, പാദം സ്മരി-
ച്ചാവോളം പാടി സ്തുതിച്ചീ ദാസി
ആവലാതിപ്പെടാതീ ദിനരാത്രങ്ങൾ
കേവലാത്മാവിൽ ലയിച്ചു നീക്കാം

അർത്ഥം : എന്തിനധികം പറയുന്നു! നിന്റെ കരുണ ലഭിയ്ക്കുവോളം നിന്റെ ഈ ഭക്ത, യാതൊരാവലാതിയും പറയാതെ നിന്റെ പാദം മാത്രം സ്മരിച്ചും, നിന്റെ നാമം പാടി സ്തുതിച്ചും ഭജിച്ചും രാപ്പകലുകൾ, കേവലാത്മാവായ നിന്നിൽത്തന്നെ ലയിച്ച മനസ്സോടെ കഴിച്ചുകൂട്ടിക്കൊള്ളാം. എന്നാലാവും വിധം ഈ ദിനചര്യ ഞാൻ തുടർന്നു കൊണ്ടേ ഇരിയ്ക്കും.

O

ദശകം 4
അഷ്ടാംഗയോഗവും യോഗസിദ്ധിയും

മൂലം - 1

കല്യതാം മമ കുരുഷ്വ താവതീം
കല്യതേ ഭവദുപാസനം യയാ
സ്പഷ്ടമഷ്ടവിധയോഗചര്യയാ
പുഷ്ടയാശു തവ തുഷ്ടിമാപ്നുയാം.

ഭാഷ

എത്രയെത്ര ഞാൻ ചെയ്വതുപാസനം
അത്രയത്ര തരണേ നിരാമയം
അഷ്ടയോഗവിധചര്യയാലിനി
സ്പഷ്ടമായ് നിൻ പ്രസാദം ലഭിക്കട്ടെ

അർത്ഥം : ഞാൻ എത്രയെത്ര നിന്റെ ഉപാസനം ചെയ്യുന്നു, അത്രയത്ര എനിയ്ക്ക് നിരാമയാവസ്ഥ തരണമെന്ന് പ്രാർത്ഥിക്കുന്നു. ഇനി

അഷ്ടാംഗയോഗം വിധിപോലെ ആചരിച്ച്, നിന്റെ പ്രസാദം സ്പഷ്ട മായിത്തന്നെ എനിക്കു ലഭിക്കട്ടെ.

മൂലം – 2

ബ്രഹ്മചര്യദൃഢതാദിഭിര്യമൈ-
രാപ്ലവാദിനിയമൈശ്ച പാവിതാഃ
കുർമ്മഹേ ദൃഢമമീ സുഖാസനം
പങ്കജാദ്യമപി വാ ഭവത്പരാഃ

ഭാഷ

ബ്രഹ്മചര്യ ദൃഢത, യമമാസനം
നിർമ്മലമാം നിയമങ്ങൾ പാലനം
നിത്യമഭ്യാസത്താൽ പാവിതന്മാർ നരർ
ത്വത്പരരാമിവർ ധന്യരായി
ആസനങ്ങൾ സുഖം പത്മവും സ്വസ്തികം
അഭ്യസിച്ചു ഞങ്ങൾ യോഗ യുക്തർ

അർത്ഥം : ബ്രഹ്മചര്യത്തിൽ ദൃഢത വന്ന് യമ, നിയമാദികൾ നിർമ്മല മനസ്സോടെ ഞങ്ങൾ പാലിയ്ക്കാം. നിത്യവും സുഖാസനമോ, പത്മാ സനാദി മറ്റ് ആസനങ്ങളോ അഭ്യസിച്ച്, ഞങ്ങൾ യോഗയുക്തരായി നിന്നെ ധ്യാനിച്ചുകൊള്ളാം. അപ്രകാരം ധന്യത നേടിക്കൊള്ളാം.

മൂലം – 3

താരമന്തരനുചിന്ത്യ സന്തതം
പ്രാണവായുമഭിയമ്യ നിർമ്മലാഃ
ഇന്ദ്രിയാണി വിഷയാദഥാപഹൃ-
ത്യാസ്മഹേ ഭവദുപാസനോന്മുഖാഃ

ഭാഷ

താരകമോങ്കാരത്തെ സന്തതം ചിന്തിച്ചു
ഇന്ദ്രിയമെല്ലാമെ പിന്തിരിച്ചു.
പ്രാണങ്ങളും യമിച്ചെങ്ങൾ നിരന്തരം
നിന്നിലുപാസനാ ലോലർ കൃഷ്ണാ.

അർത്ഥം : അന്തരാത്മാവിൽ സദാ ഓങ്കാരമെന്ന താരകബ്രഹ്മത്തെ ധ്യാനിച്ച്, ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ അലയാൻ വിടാതെ അവയെ പിൻതിരിച്ച്, പ്രാണവായുക്കളെ നന്നായി അടക്കി (പ്രാണായാമത്താൽ കാമക്രോധാദികളെ ജയിച്ച്) നിർമ്മലരായി, നിന്നിൽ ഉപാസനാ രതരായി ഞങ്ങൾ ജീവിക്കുന്നതാണ്.

മൂലം – 4

അസ്ഫുടേ വപുഷി തേ പ്രയത്നതോ
ധാരയേമ ധിഷണാം മുഹുർമുഹുഃ
തേന ഭക്തിരസമന്തരാർദ്രതാ-
മുദ്വഹേമ ഭവദംഘ്രിചിന്തകാഃ

ഭാഷ

പാവനമാകും ധിഷണയാൽ നിർഗുണ-
മസ്ഫുടദേഹം സ്മരിച്ചെപ്പോഴും
പാദവിചിന്തന മൊന്നിനാൽ ആർദ്രമാം
പ്രേമഭക്തീരസമാർന്നുകൊള്ളാം

അർത്ഥം : ഭഗവാന്റെ അസ്ഫുടമായ നിഷ്ക്കള ബ്രഹ്മസ്വരൂപത്തിൽ പ്രയത്നപൂർവ്വം പാവനമായ ധിഷണയെ ഞങ്ങൾ ഉറപ്പിച്ചു നിർത്താം. അപ്രകാരം സ്ഥിരമായ ജ്ഞാനയോഗം ലഭിക്കും. ഭഗവാന്റെ പദചിന്തന മെന്ന ഭക്തിരസത്താൽ ഞങ്ങൾ പരമാനന്ദവും ആർദ്രമായ ഹൃദയവും നേടും. (ഇപ്രകാരം ജ്ഞാനഭക്തികർമ്മയോഗങ്ങൾ മൂന്നും ഞങ്ങൾ നേടും) ധരിയ്ക്കുക അഥവാ ധാരണ ചെയ്യുക എന്ന യോഗാംഗമാണ് ഇവിടെ പറയുന്നത്.

മൂലം – 5

വിസ്ഫുടാവയവഭേദസുന്ദരം
ത്വദ്വപുഃ സുചിരശീലനാവശാത്
അശ്രമം മനസി ചിന്തയാമഹേ
ധ്യാനയോഗനിരതാസ്ത്വദാശ്രയാഃ

ഭാഷ

നിത്യശീലത്താലെളുപ്പമായ്, ശുദ്ധമായ്
വ്യക്തമായ് വിസ്ഫുടംസുന്ദരാംഗം
നിന്റെ സഗുണസ്വരൂപമെങ്ങൾ നിത്യം
ധ്യാനവിലീനമനസ്സിൽക്കാണും

അർത്ഥം : ഇപ്രകാരം നിത്യവും ധ്യാനം, ധ്യാരണ എന്നിവ ശീലിക്ക യാൽ ശുദ്ധമായ, ധ്യാനലീനമായ ഞങ്ങളുടെ സമാധി ചിത്തത്തിൽ അവിടത്തെ സർവ്വ സദ്ഗുണങ്ങൾക്കും വിളനിലമായ സഗുണ ബ്രഹ്മ രൂപം, വ്യക്തമായി, സ്ഫുടവും സുന്ദരവുമായ അംഗങ്ങളോടുകൂടി ഭാവന ചെയ്യപ്പെട്ട് വിളങ്ങണം.

മൂലം – 6

ധ്യായതാം സകളമൂർത്തിമീദൃശീ-
മുന്മിഷന്മധുരതാഹൃതാത്മനാം
സാന്ദ്രമോദരസരൂപമാന്തരം
ബ്രഹ്മരൂപമയി! തേഽവഭാസതേ.

ഭാഷ

ഉന്മിഷന്മാധുര്യചിത്തരാം യോഗികൾ
നിൻ വിഗ്രഹം ധ്യാന ദൃശ്യമാക്കീ
സാന്ദ്രമോദരസരൂപമന്തര്യാമി-
ബ്രഹ്മംമെന്നോരുന്നു ലീന ചിത്തർ.

അർത്ഥം : ഇപ്രകാരം അവിടത്തെ സകല ബ്രഹ്മരൂപം തങ്ങളുടെ അന്തരാത്മാവിൽത്തന്നെ ദർശിച്ച് യോഗികൾ അതിനാൽ വശീകരിക്കപ്പെട്ട് മധുര ചിത്തരായി, ബോധി ഉണർന്നവരായിത്തീരുന്നു. മാത്രമല്ല, തങ്ങളുടെ അന്തരാത്മാവിൽത്തന്നെയാണ് സാന്ദ്രാനന്ദ രസാനുഭൂതി തരുന്ന ആ ബ്രഹ്മരൂപം എന്ന് ധ്യാനലീനരായ അവർ നന്നായി അനുഭവിച്ചറിയുന്നു.

മൂലം – 7

തത്സമാസ്വദനരൂപിണീം സ്ഥിതിം
ത്വത്സമാധിമയി വിശ്വനായക!
ആശ്രിതാഃ പുനരതഃ പരിച്യുതാ-
വാരഭേമഹി ച ധാരണാദികം.

ഭാഷ

നിർവ്വികല്പം ചിരം ബ്രാഹ്മീസ്ഥിതീയാകും
ആത്മസ്വരൂപിയെയാസ്വദിച്ചു
ത്വത്സമാധിയ്ക്ക് സമാപ്തി വരുന്നേരം
ധാരണ ധ്യാനം വീണ്ടും തുടങ്ങും

അർത്ഥം : നിർവ്വികല്പസമാധിയിൽ, സ്വാത്മരൂപിണിയായ ബ്രാഹ്മീസ്ഥിതി എന്ന ബ്രഹ്മാനുഭവത്തെ ആസ്വദിച്ച ആ യോഗീശ്വരന്മാർ പിന്നീട് സമാധി സമാപിക്കുമ്പോൾ, വീണ്ടും ധ്യാന, ധാരണാദികളായ യോഗചര്യ ആവർത്തിച്ചാവർത്തിച്ച് അഭ്യസിക്കുന്നു; വീണ്ടും വീണ്ടും ബ്രഹ്മാനുഭവം നേടുന്നു.

മൂലം – 8

ഇത്ഥമഭ്യസന നിർഭരോല്ലസ-
ത്വത്പരാത്മസുഖകല്പിതോത്സവാഃ
മുക്തഭക്തകുലമൗലിതാം ഗതാഃ
സഞ്ചരേമ ശുകനാരദാദിവത്.

ഭാഷ

നിന്റെ പരാത്മ സുഖസിന്ധുമഗ്നരായ്
ഉല്ലസിച്ചു, യോഗചിത്തരായി
മുക്തഭക്തർകുലമൗലിയായി ഞാനും
സഞ്ചരിക്കും, ശുകനാരദർപോൽ?

അർത്ഥം : യോഗസമാധിലീനമായ ചിത്തത്താൽ നിന്റെ പരമാത്മാനന്ദ സുധാ സിന്ധുവിൽ മുഴുകിക്കൊണ്ട്, ശുകൻ, നാരദൻ മുതലായ ജീവന്മുക്തരായ ഭക്തകുലമൗലികളെപ്പോലെ ഞാനും ഈ ലോകത്തിൽ സഞ്ചരിയ്ക്കാൻ കനിയേണമേ. എന്നെ നിന്റെ മുക്തഭക്തകുലമൗലിയാകാൻ അനുഗ്രഹിക്കണേ. (ഞാൻ ഇപ്പോഴേ അപ്രകാരം സഞ്ചരിക്കുന്നു എന്നർത്ഥം)

മൂലം – 9

ത്വത്സമാധിവിജയേ തു യഃ പുനർ-
മങ്ക്ഷു മോക്ഷരസികഃ ക്രമേണ വാ
യോഗവശ്യമനിലം ഷഡാശ്രയൈ-
രുന്നയത്യജ! സുഷുമ്നയാ ശനൈഃ

ഭാഷ

ത്വത്സമാധീ സുഖം നേരിട്ടറിഞ്ഞവർ
മുക്തീരസികരാം മാമുനിമാർ
ആറു പത്മങ്ങൾ വഴിയേ സുഷുമ്നയിൽ
പ്രാണനേറ്റി സുഖയോഗമാർന്നു.

അർത്ഥം : ഒരിക്കൽ നിന്നിൽ മനസ്സുറപ്പിച്ച് സമാധി വിജയം നേടി അതിന്റെ പരമസുഖാവസ്ഥ അനുഭവിച്ച മുനീശ്വരർ മോക്ഷരസികന്മാരായിത്തീർന്ന്, മുക്തിയിൽ മാത്രം തല്പരരായി ഭവിക്കുന്നു. അവർ ക്രമത്തിൽ മൂലാധാരം മുതൽ മുകളിലേയ്ക്കുള്ള ആറ് ഷഡാധാര പത്മങ്ങളിലൂടെ പ്രാണായാമത്താൽ വശീകരിച്ച പ്രാണനെ ഉയർത്തി, സുഷുമ്നയിലൂടെ സഞ്ചരിപ്പിച്ച് നിശ്ചയമായും സുഖയോഗയുക്തരായി, മുക്തരായി ഭവിക്കുക തന്നെ ചെയ്യും.

മൂലം – 10

ലിങ്ഗദേഹമപി സന്ത്യജന്നഥോ
ലീയതേ ത്വയി പരേ നിരാഗ്രഹഃ
ഊർദ്ധ്വലോകകുതുകീ തു മൂർദ്ധതഃ
സാർദ്ധമേവ കരണൈർന്നിരീയതേ.

ഭാഷ

നിന്നിൽ ലീനന്മാർ നിരാഗ്രഹന്മാർ ത്യജി-
യ്ക്കുന്നാജ്ഞാ ചക്രത്തിൽ ലിംഗദേഹം
ലോകകാമി സൂക്ഷ്മദേഹമെടുത്തിട്ടു
ബ്രഹ്മരന്ധ്രംവഴി നിർഗ്ഗമിപ്പൂ

അർത്ഥം : സ്വർല്ലോകം, ബ്രഹ്മലോകം മുതലായ ഉപരിലോകങ്ങളിൽപോലും ആശയില്ലാതെ, നിഷ്ക്കാമരായി (നിരാഗ്രഹർ) നിന്നെ മാത്രം പ്രാപിയ്ക്കാനാശിക്കുന്നവർ ഭ്രൂമദ്ധ്യത്തിലെ ആജ്ഞാചക്ര

ത്തിൽ വെച്ചുതന്നെ തങ്ങളുടെ ലിംഗശരീരം ഉപേക്ഷിച്ച് സാക്ഷാത് പരബ്രഹ്മമായ നിന്നിൽ ലയിക്കുന്നു. ലോകകാമികളാകട്ടെ, വീണ്ടും മുകളിലേയ്ക്ക് സൂക്ഷ്മശരീരത്തെ ഉയർത്തി, ബ്രഹ്മരന്ധ്രം വഴി നിർഗ്ഗമിക്കുന്നു.

മൂലം – 11

അഗ്നിവാസരവളർക്ഷപക്ഷഗൈ-
രുത്തരായണജുഷാ ച ദൈവതൈഃ
പ്രാപിതോ രവിപദം ഭവത്പരോ
മോദവാൻ ധ്രുവപദാന്തമീയതേ.

ഭാഷ

അഗ്നിപകൽ, ശുക്ലപക്ഷവും ഉത്തര-
ഷണ്മാസയാനവുമേറി ഭക്തർ
സൂര്യലോകപദമാർന്നു, പിന്നെച്ചിരാൽ
മോദമോടെ ധ്രുവലോകമേറും.

അർത്ഥം : നിന്നെമാത്രം ധ്യാനിക്കുന്നവരെ ദേവതകൾ നയിക്കുന്ന മാർഗ്ഗം ഉത്തരായനമാർഗ്ഗമാണ്. അഗ്നി, പകൽ, വെളുത്തപക്ഷം, ഉത്തരായന കാലം എന്നിവയിലെ അധിഷ്ഠാന ദേവതകൾ നിന്റെ പരമഭക്തരെ ആദ്യം സൂര്യലോകത്തിലും, പിന്നീട് അവിടെനിന്ന് ധ്രുവപദത്തിലും എത്തിക്കുന്നു. അവിടെ അവർ ആനന്ദപൂർവ്വം വസിക്കുന്നു.

മൂലം – 12

ആസ്ഥിതോഽഥ മഹരാലയേ യദാ
ശേഷവക്ത്രദഹനോഷ്മണാഽർദ്യതേ,
ഈയതേ ഭവദുപാശ്രയസ്തദാ
വേധസഃ പദമതഃ പുരൈവ വാ.

ഭാഷ

പിന്നെ മഹർല്ലോക വാസികളായവർ
ശേഷവക്ത്രത്തീച്ചൂടേൽക്കയാലേ
നിന്നെ സമാശ്രയിച്ചാ ലോകം വിട്ടിട്ടു
ബ്രഹ്മലോകത്തിലുമെത്തിടുന്നു.

അർത്ഥം : ധ്രുവലോകത്തിൽ നിന്ന് മഹർല്ലോകത്തിലെത്തിയ അവർ, അവിടെ നിന്ന് ആദിശേഷന്റെ മുഖത്തെ അഗ്നി ജ്വാലയാൽ പീഢിതരായോ, അല്ലെങ്കിൽ അതിനുമുമ്പു തന്നെയോ, നിന്നെ ആശ്രയിച്ചു കൊണ്ടുതന്നെ തീർച്ചയായും ബ്രഹ്മലോകത്തിലെത്തിച്ചേരും.

മൂലം – 13

തത്ര വാ തവ പദേ്ഽഥവാ വസൻ
പ്രാകൃതപ്രളയ ഏതി മുക്തതാം
സ്വേച്ഛയാ ഖലു പുരാപി മുച്യതേ
സംവിഭിദ്യ ജഗദണ്ഡമോജസാ.

ഭാഷ

ബ്രഹ്മലോകപദവാസികൾ പിന്നെയാ
പ്രാകൃതപ്രാളയ വേള തന്നിൽ
മുക്തരാം അല്ലെങ്കിൽ ഓജസ്സാൽ സ്വേചരയാ
മുക്തരാം ഭേദിച്ചു ബ്രഹ്മാണ്ഡത്തെ.

അർത്ഥം : ബ്രഹ്മലോകവാസികളായ ആ മഹോന്നതർ, ഒന്നുകിൽ പ്രാകൃത പ്രളയ വേളയിൽ മുക്തരാവും അല്ലെങ്കിൽ അതിനുമുമ്പു തന്നെ സ്വേചരയാ, സ്വന്തം ഓജസ്സുകൊണ്ട് ഈ ജഗദണ്ഡത്തെ പിളർന്ന് മുക്തരാവും.

മൂലം – 14

തസ്യ ച ക്ഷിതിപയോമഹോഽനില-
ദ്യോമഹത്പ്രകൃതിസപ്തകാവൃതീഃ
തത്തദാത്മകതയാ വിശൻ സുഖീ
യാതി തേ പദമനാവൃതം വിഭോ!

ഭാഷ

സൂക്ഷ്മദേഹി പിളരുന്നു പുറം തോടിൻ–
സപ്തകം തത്തത്തദാത്മകമായ്
സൗഖ്യമായ് താവകപാദം അനാവൃതം
മുക്തിപ്രദത്തിൽ അമർന്നിടുന്നു.

അർത്ഥം : ഈ പ്രപഞ്ചാണ്ഡത്തിന് 7 പുറംതോടുകളുണ്ട്. പൃഥ്വി, ജലം, തേജസ്, വായു, ആകാശം, മഹത്തത്ത്വം, മായ. ഈ ഏഴു പുറം തോടുകളേയും, അതാതിന്റെ രൂപമെടുത്ത് സൂക്ഷ്മദേഹി ഒന്നൊന്നായി പിളരുന്നു. ഏഴ് ആവരണങ്ങളെ ക്രമത്തിൽ ഭേദിക്കുന്നു. അപ്രകാരം അവിടുത്തെ പരമപദം താന്താങ്ങളുടെ ഓജസ്സുകൊണ്ട് അവർ അനാവൃതമാക്കി ദർശിക്കുന്നു. മുക്തിദായകമായ ആ പരമ പദത്തിൽ അവർ പരമസുഖാനുഭാവത്തോടെ ലയിക്കുന്നു.

മൂലം – 15

അർച്ചിരാദിഗതിമീദൃശീം വ്രജൻ
വിച്യുതിം ന ഭജതേ ജഗത്പതേ!
സച്ചിദാത്മക! ഭവദ്ഗുണോദയാ-
നുച്ചരന്തമനിലേശ! പാഹി മാം.

ഭാഷ

അർച്ചിരാദിഗതി, യച്യുതാ, ശ്രീഹരേ
സച്ചിദാനന്ദ മരുത്പുരേശാ
ഉച്ചരിപ്പുതവ സദ്ഗുണ ഗാഥകൾ
സ്വച്ഛമുച്ചം ഇവൾ, പാഹി, പാഹി

അർത്ഥം : അച്യുതമായ (നാശമില്ലാത്ത - പുരാവർത്തിയില്ലാത്ത) ഈ മാർഗ്ഗത്തിന് 'അർച്ചിരാദിഗതി' എന്നു പേര്. അപ്രകാരമുള്ള അർച്ചിതദിഗതിയിലൂടെ നിന്നെ ഭജിച്ചുകൊണ്ട് ഞങ്ങൾ സഞ്ചരിക്കുന്നു. സത്, ചിത്, ആനന്ദരൂപമായ ശ്രീ ഗുരുവായൂരപ്പാ, നിന്റെ ഗുണോദയങ്ങൾ, ചരിതങ്ങൾ, നാമങ്ങൾ ഉച്ചത്തിൽ ഉച്ചരിച്ചുപാടിക്കൊണ്ടിരിക്കുന്ന എന്നെ രക്ഷിച്ചാലും.

O

ദശകം 5
വിരാട് പുരുഷോത്പത്തി

മൂലം - 1

വ്യക്താവ്യക്തമിദം ന കിഞ്ചിദഭവത്
പ്രാക് പ്രാകൃതപ്രക്ഷയേ
മായായാം ഗുണസാമ്യരുദ്ധവികൃതൗ
ത്വയ്യാഗതായാം ലയം
നോ മൃത്യുശ്ച തദാമൃതഞ്ച സമഭൂ-
ന്നാഹ്നോ ന രാത്രേഃ സ്ഥിതി-
സ്തത്രൈകസ്ത്വമശിഷ്യഥാഃ കില പരാ-
നന്ദപ്രകാശാത്മനാ.

ഭാഷ

പ്രാകൃതമാകും മഹാപ്രളയത്തിങ്കൽ
മായ ലയിയ്ക്കയാൽ, സ്ഥൂലസൂക്ഷ്മം
മൃത്യു അമൃതവുമില്ല, പകലല്ലും
നീ മാത്രമേകപരപ്രകാശം

അർത്ഥം : പ്രാകൃത മഹാപ്രളയത്തിൽ ത്രിഗുണസാമ്യത്താൽ തടുക്കപ്പെട്ട മായ നിന്നിൽ വിലയിച്ചു. ആ അവസ്ഥയിൽ സ്ഥൂലമോ സൂക്ഷ്മമോ ആയി യാതൊന്നും ഉണ്ടായിരുന്നില്ല. മൃത്യുവും അമൃതത്വവും ഇല്ല, രാപ്പകലുകളുമില്ല. പരാനന്ദപ്രകാശം (ചിദ്) ആയി "ഏക" മായി നീ മാത്രം അവശേഷിച്ചു.

മൂലം – 2

കാലഃ കർമ്മ ഗുണാശ്ച ജീവനിവഹാ
വിശ്വം ച കാര്യം വിഭോ!
ചില്ലീലാരതിമേയുഷി ത്വയി തദാ
നിർലീനതാമായയുഃ
തേഷാം നൈവ വദന്ത്യസത്ത്വമയി ഭോ!
ശക്ത്യാത്മനാ തിഷ്ഠതാം
നോ ചേത്കിം ഗഗനപ്രസൂനസദൃശാം
ഭൂയോ ഭവേത്സംഭവഃ?

ഭാഷ

കാലകർമ്മങ്ങൾ ഗുണം ജീവൻ വിശ്വവും
കാര്യവും ലീനമായ് നിന്നിലെന്നാൽ
ചില്ലീലാ പൂരുഷാ, നിന്നിലാ ശക്തികൾ
വീണ്ടും ഭവിയ്ക്കയാൽ 'ശൂന്യ'മല്ലാ.
ആകാശസൂനംപോൽ 'ശൂന്യ' മെന്നാകിലോ
ഉല്പത്തി വീണ്ടുമുണ്ടാവതാമോ?

അർത്ഥം : കാലം, കർമ്മം, ഗുണം, ജീവൻ, വിശ്വം, കാര്യം – ഈ ശക്തികളോടു കൂടിയ മായാപ്രപഞ്ചം പൂർണ്ണമായും നിന്നിൽ ലയിച്ചു ചേർന്ന പ്രളയാവസ്ഥയെ 'ശൂന്യം' എന്ന് ചിലർ പറയുന്നു. എന്നാൽ ആ അവസ്ഥ ശൂന്യമല്ല; പൂർണ്ണമാണ്. ശുദ്ധസത്യമായ ബ്രഹ്മത്തിൽ അവ ശക്തിസ്വരൂപത്തിൽ ലയിച്ച് 'ഉണ്മ'യായി സത്യമായിരിക്കുന്നു. അവ ആകാശകുസുമംപോലെ "ഇല്ലായ്മ" (ശൂന്യം, അഭാവം) അല്ല. ആയിരുന്നെങ്കിൽ പ്രഭവകാലത്ത് നിന്നിൽനിന്ന് യഥാപൂർവ്വം പ്രപഞ്ച സൃഷ്ടി നടക്കുമായിരുന്നില്ല. അതു തന്നെയാണ് "ഉണ്മ" അഥവാ സത്യമാണ് "ശൂന്യ"മല്ല, 'അസത്ത്'ല്ല പ്രളയാവസ്ഥയിലെ പ്രപഞ്ചമെന്നിതിന് തെളിവ്. അസത്തിൽ നിന്ന് സത്ത ഉണ്ടാവുകയില്ല. ഇല്ലായ്മയിൽ നിന്ന് ഉണ്മ സൃഷ്ടിക്കപ്പെടുന്നില്ല.

മൂലം – 3

ഏവം ച ദ്വിപരാർദ്ധകാലവിഗതാ-
വീക്ഷാം സിസൃക്ഷാത്മികാം
ബിഭ്രാണേ ത്വയി ചുക്ഷുഭേ ത്രിഭുവനീ-
ഭാവായ മായാ സ്വയം,
മായാതഃ ഖലു കാലശക്തിരഖിലാ-
ദൃഷ്ടം സ്വഭാവോഽപി ച
പ്രാദുർഭൂയ ഗുണാൻ വികാസ്യ വിദധു-
സ്തസ്യാഃ സഹായക്രിയാം.

ഭാഷ

രണ്ടുപരാർദ്ധകാലം കഴി"ഞ്ഞീക്ഷണം"
ചെയ്തു നീ, മായ തൻ കമ്പനത്താൽ
കാലവും ദൃഷ്ടം സ്വഭാവം, ത്രിഗുണവും
മായാസഹായത്താൽ വീണ്ടുമുണ്ടായ്

അർത്ഥം : പരാർദ്ധമെന്നാൽ $(10)^{17}$ = 100000000000000000

ദ്വിപരാർദ്ധമെന്നാൽ $(10)^{17 \times 2.}$ = $(10)^{34}$

ഇത്രയും കാലം പ്രളയം കഴിഞ്ഞ്, വീണ്ടും സൃഷ്ടിക്കുവാനായി ഭഗവാൻ ഉണർന്ന് "ഈക്ഷണം" എന്ന ക്രിയ ആരംഭിച്ചു. ഭഗവാന്റെ ആ ഒറ്റ നോട്ടത്താൽത്തന്നെ, തന്നിൽ നിർല്ലീനമായ മായയിൽ ചെറിയ ഒരു കമ്പനം ഉണ്ടായി. ആ കമ്പനം, അഥവാ തിരയിളക്കം കൊണ്ട് മായയിൽനിന്നുതന്നെ കാലം, ദൃഷ്ടാദൃഷ്ടങ്ങൾ, സ്വഭാവം മുതലായ എല്ലാ ശക്തികളും വീണ്ടും സ്പഷ്ടമായി തെളിഞ്ഞുവന്നു; ത്രിഗുണ ങ്ങൾ വീണ്ടും വികസിച്ചുവന്നു. മായയുടെ കമ്പനത്താൽ ഉണ്ടായ ഇവ, മായയെ സഹായിച്ചുകൊണ്ട് പുതിയ പ്രപഞ്ചസൃഷ്ടി തുടങ്ങി

മൂലം - 4

മായാസന്നിഹിതോഽപ്രവിഷ്ടവപുഷാ
സാക്ഷീതി ഗീതോ ഭവാൻ
ഭേദൈസ്താം പ്രതിബിംബതോ വിവി-
ശിവാൻ ജീവോഽപി നൈവാപരഃ
കാലാദിപ്രതിബോധിതാഥ ഭവതാ
സഞ്ചോദിതാ ച സ്വയം
മായാ സാ ഖലു ബുദ്ധിതത്ത്വമസൃജ-
ദ്യോഽസൗ മഹാനുച്യതേ.

ഭാഷ

നീ സാക്ഷി, മായയിൽ സാന്നിദ്ധ്യം ചെയ്തവൻ
മായയിൽ ബിംബിച്ച ജീവാത്മാവും
കാലപ്രബോധിത നിന്നാൽസംചോദിത
മായ സൃഷ്ടിച്ചു മഹദ്ബുദ്ധിയെ.

അർത്ഥം : നിർഗുണ പരബ്രഹ്മമായ ഭഗവാൻ മായയിൽ സന്നിധാന ചെയ്യുന്ന "സാക്ഷി" മാത്രമാണ്; അതിന് ബിംബം (ശരീരം) ഇ അപ്രവിഷ്ടവപുവായാണ് ആ ഊർജ്ജശക്തി (ചിഛക്തി) മായയി സാക്ഷിയായി സന്നിധാനം ചെയ്യുന്നത്. ഇപ്രകാരം വേദങ്ങളിൽ പ പ്പെട്ടിരിക്കുന്നു. അതേ സമയം ഉപാധി ഭേദങ്ങളോടെ മായയിൽ പ്ര

ശിച്ച് പ്രതിബിംബമായിരിക്കുന്ന ജീവാത്മാവും അവിടുന്നു തന്നെ യാണ്. സർവ്വ ബിംബത്തിലും ഭവാൻ തന്നെ പ്രതിബിംബിക്കുന്നു.

കാലാദികളിൽ ഉണർത്തപ്പെട്ട്, ഭഗവാനാൽ പ്രചോദിപ്പിക്കപ്പെട്ട മായ സ്വയം ബുദ്ധിതത്ത്വത്തെ സൃഷ്ടിച്ചു. ഈ ബുദ്ധി തത്ത്വത്തെ "മഹാൻ", മഹത്തത്ത്വം എന്നു പറയുന്നു.

വനമാലാ വ്യാഖ്യാനത്തിൽ വിവിശിവാൻ (പ്രവേശിച്ചു) എന്ന വാക്കിനു മുമ്പ് പ്രതിബിംബിതാ എന്ന പദം വരുന്നത് ഗ്രാഹ്യമല്ല എന്നു പറഞ്ഞിരിക്കുന്നു. ചിച്ഛക്തി ഊർജ്ജശക്തിയാണ്. ബിംബ മല്ലാത്ത ആ ഊർജ്ജശക്തിയുടെ പ്രതിഫലനമാണ് (പ്രതിബിംബം) സർവ്വസൃഷ്ടിയിലും നാം ദർശിക്കുന്ന ഊർജ്ജം. സർവ്വചരാചരങ്ങ ളോടും കൂടിയ ഈ മായാപ്രപഞ്ചത്തിൽ പ്രതിഫലിച്ച്, പ്രതിഫലന ത്താൽ മാത്രം പ്രവേശിച്ച്, തന്റെ സാന്നിദ്ധ്യം പ്രകടമാക്കുന്ന ഊർജ്ജ ശക്തിയെ കുറിച്ചാണ് പരാമർശം. പ്രകാശം അപ്രകാരമാണല്ലോ പ്രവർത്തിക്കുന്നത്.

മൂലം - 5

തത്രാസൗ ത്രിഗുണാത്മകോഽപി ച മഹാൻ
സത്ത്വപ്രധാനഃ സ്വയം
ജീവേഽസ്മിൻ ഖലു നിർവികല്പമഹമി-
ത്യുദ്ബോധനിഷ്പാദകഃ
ചക്രേഽസ്മിൻ സവികല്പബോധകമഹം-
തത്ത്വം മഹാൻ ഖലസൗ
സംപുഷ്ടം ത്രിഗുണൈസ്തമോഽതിബഹുലം
വിഷ്ണോ! ഭവത്പ്രേരണാത്.

ഭാഷ

സത്വപ്രധാനം ത്രിഗുണാത്മകം മഹാൻ
ജീവനിലുണ്ടാക്കി നിർവ്വികല്പം
ഞാനെന്ന ബോധം; തമഃ പ്രധാനം മഹാൻ
ഉണ്ടാക്കി "ഞാ" നഹങ്കാരബോധം.

അർത്ഥം : അഹം ബ്രഹ്മാസ്മി എന്ന നിർവ്വികല്പമായ അദ്വൈത ബോധം ഉണ്ടാക്കുന്നതും ഞാനാണ് ഏറ്റവും വലിയവൻ എന്ന അഹ ങ്കാരമുണ്ടാക്കുന്നതും ബുദ്ധിതത്വമായ 'മഹദ്' തന്നെയാണ്. മഹാൻ (മഹത്) ത്രിഗുണാത്മകമാണ്. അത് സത്ഗുണം അധികരിച്ച അവ സ്ഥയിൽ (സത്വഗുണപ്രധാനം) ജീവനിൽ ഞാൻ തന്നെയാണ് ബ്രഹ്മ മെന്ന ബ്രഹ്മജ്ഞാനം ഉണർത്തുന്നു. തമോഗുണ പ്രധാനമായാൽ അഹ ങ്കാരമാണ് ഉണ്ടാക്കുക. പ്രഹ്ലാദന്റെ ജീവനും ഹിരണ്യകശിപുവിന്റെ ജീവനും തമ്മിലുള്ള വ്യത്യാസം മഹത്ത്വത്തിന്റെ സത്വഗുണ പ്രാധാ ന്യവും (പ്രഹ്ലാദൻ) തമോഗുണപ്രാധാന്യവും (ഹിരണ്യ കശിപു) ആണ്.

മൂലം – 6

സോഽഹം ച ത്രിഗുണക്രമാത് ത്രിവിധതാ-
മാസാദ്യ വൈകാരികോ
ഭൂയസ്തൈജസതാമസാവിതി ഭവ-
ന്നാദ്യേന സത്ത്വാത്മനാ,
ദേവാനിന്ദ്രിയമാനിനോഽകൃത ദിശാ-
വാതാർകപാശ്യശ്വിനോ
വഹ്നീന്ദ്രാച്യുതമിത്രകാൻ വിധുവിധി-
ശ്രീരുദ്രശാരീരകാൻ.

ഭാഷ

"ഞാ" നെന്നഹങ്കാരം മൂന്നു ഗുണങ്ങളാൽ
മൂന്നായ് പിരിഞ്ഞതിൽ നിന്നുപിന്നെ
സത്വത്താലുണ്ടായി ദിക്പാലർ, അച്ച്യുത-
മിത്രകചന്ദ്ര രുദ്രാദികളും
ഇന്ദ്രിയാധീശ്വരർ ഇന്ദ്രിയമാനികൾ
ബ്രഹ്മാദിദേവകൾ സത്വരൂപർ.

അർത്ഥം : "അഹം" എന്ന ബോധം ത്രിഗുണങ്ങളുടെ ഏറ്റക്കുറവനുസരിച്ച് 3 വിധം സൃഷ്ടികളെ ഉണ്ടാക്കി. അതിൽ സത്വഗുണാധിക്യമുള്ള സൃഷ്ടികളെ പറയുന്നു. ദിക്പാലർ, ദശേന്ദ്രിയങ്ങൾ, അന്തഃകരണ വൃത്തികൾ – ഇവയെല്ലാം സാത്വികസൃഷ്ടികളാണ്. ഇന്ദ്രിയാധീശ്വരത്വമുള്ളവരും, ഇന്ദ്രിയമാനികളുമായ സത്വസ്വരൂപികളായ ദേവന്മാർ ദിക്കുകൾ, ഇന്ദ്രിയങ്ങൾ, വൃത്തികൾ അവയുടെ വിഷയങ്ങൾ എന്നിവക്ക് അധിപരുമാണ്.

സാത്വിക സൃഷ്ടിക്രമം

1. ജ്ഞാനേന്ദ്രിയങ്ങൾ

ദിക്ക്	ശ്രോത്രം	കേൾവി
വായു	ത്വക്ക്	സ്പർശം
സൂര്യൻ	കണ്ണ്	ദർശനം
വരുണൻ	നാവ്	രസന
അശ്വിനികൾ	നാസികകൾ	ഗന്ധം

2. കർമ്മേന്ദ്രിയങ്ങൾ

അഗ്നി	വാക്ക്	ബ്രഹ്മണൻ
ഇന്ദ്രൻ	പാണി	ക്ഷത്രിയൻ
ഹരി (അച്യുതൻ)	പാദം	ശൂദ്രൻ
മിത്രൻ	പായു	വൈശ്യൻ
പ്രജാപതി	ഉപസ്ഥം	സർവ്വരും

3. അന്തഃകരണ വൃത്തികൾ

ചന്ദ്രൻ	മനസ്സ്
ബ്രഹ്മാവ്	ബുദ്ധി
രുദ്രൻ	അഹങ്കാരം
ക്ഷേത്രജ്ഞൻ	ചിത്തം

കർമ്മേന്ദ്രിയങ്ങളുടെ പ്രവർത്തനമനുസരിച്ചാണ് വർണ്ണം നിശ്ചയിക്കുന്നത്. ഹരിയുടെ അച്യുതമായ പാദമാണ് ഭൂമി. ആ ഭൂമിയിൽ സർവ്വ ജീവജാലങ്ങളും പ്രജാപത്യം എന്ന പ്രക്രിയയാൽ ജനിച്ചു വീഴുന്ന "ഹരിജ"ങ്ങളാണ്. അവർ സഞ്ചാരികളും കച്ചവടക്കാരും വൈശിക വൃത്തിയിൽ നിപുണരുമാവുമ്പോൾ വൈശ്യരെന്നു വിളിക്കപ്പെടുന്നു. ആയോധനത്തിലും ബാഹുബലത്തിലും ഭരണത്തിലും നൈപുണ്യമേറുമ്പോൾ ക്ഷത്രിയരെന്നും, വാഗ്വിലാസത്താലും അദ്ധ്യയന അദ്ധ്യാപനങ്ങളാലും കീർത്തി നേടുമ്പോൾ ബ്രാഹ്മണരെന്നും അറിയപ്പെടുന്നു. ഇതു മൂന്നിലും താല്പര്യമില്ലാതെ വാഴുമ്പോൾ പാദസേവകരായ ശൂദ്രരെന്നും വിളിക്കുന്നു. കർമ്മമാണ് വർണ്ണം നിശ്ചയിക്കുന്നത്, ജന്മമല്ല.

മൂലം – 7

ഭൂമൻ! മാനസബുദ്ധ്യഹങ്കൃതിമിള-
ച്ചിത്താഖ്യവൃത്ത്യന്വിതം
തച്ചാന്തഃകരണം വിഭോ! തവ ബലാത്
സത്ത്വാംശ ഏവാസൃജത്;
ജാതസ്തൈജസതോ ദശേന്ദ്രിയഗണ-
സ്തത്താമസാംശാത് പുന-
സ്തന്മാത്രം നഭസോ മരുത്പുരപതേ!
ശബ്ദോഽജനി ത്വദ്ബലാത്.

ഭാഷ

മാനസം ബുദ്ധി യഹങ്കൃതി ചിത്തവും
അന്തഃകരണവും സത്വജന്യം
പത്തിന്ദ്രിയങ്ങളും രാജസം; താമസം
ജന്യമാകാശ തന്മാത്ര ശബ്ദം

അർത്ഥം : സ്വാത്വികാകഹങ്കാരത്തിൽ നിന്ന് മനസ്സും ബുദ്ധിയും അഹങ്കാരവും ചിത്തവും ഉൾപ്പെട്ട അന്തഃകരണവും അതിന്റെ വൃത്തികളും ജനിച്ചു. രാജസമായ തേജസ്സിൽ നിന്ന് പത്ത് ഇന്ദ്രിയങ്ങൾ അതാതിന്റെ വൃത്തികളോടെ ജനിച്ചു. ആകാശത്തിന്റെ തന്മാത്രയായ ശബ്ദം താമസാഹങ്കാരത്തിൽ നിന്ന് ജനിച്ചു.

മൂലം – 8

ശബ്ദാദ്ദ്യോമ, തതഃ സസർജിഥ വിഭോ!
സ്പർശം, തതോ മാരുതം,
തസ്മാദ്രൂപ, മതോ മഹോഽഥ ച രസം
തോയം ച ഗന്ധം മഹീം
ഏവം മാധവ! പൂർവ്വപൂർവകലനാ
ദാദ്യാദ്യധർമ്മാന്വിതം
ഭൂതഗ്രാമമിമം ത്വമേവ ഭഗവൻ!
പ്രാകാശയസ്താമസാത്.

ഭാഷ

ശബ്ദത്തിൽനിന്നുണ്ടായാകാശം, ആകാശ-
ജന്യമായ് സ്പർശം, അതാൽ മാരുതം,
വായുവിൽ നിന്നല്ലോ രൂപമതിൽ നിന്നു
തേജസ്സു, തേജസ്സിൽ നിന്നും രസം
പിന്നെജ്ജലമതിൽ ഗന്ധമൊടുവിലീ
മന്നുമുണ്ടായ്‌വന്നു 'മുന്നെപ്പോലെ'
മാധവാ മുമ്പുമുമ്പുണ്ടായ തോടുചേ-
ർന്നീഭൂതഗ്രാമം പ്രകാശിതമായ്

അർത്ഥം : തമസ്സിൽ നിന്ന് ശബ്ദവും അതിൽനിന്ന് ഒന്നൊന്നായി, ഓരോന്നും മുമ്പുണ്ടായതോടു ചേർന്ന് ഭൂതഗ്രാമം മുഴുവനും ഉണ്ടായി.

അതിന്റെ ക്രമം പറയുന്നു. (താമസസൃഷ്ടി)
താമസാഹങ്കാരത്തിൽ നിന്ന് ആകാശതന്മാത്രയായ ശബ്ദം –
ശബ്ദത്തിൽ നിന്ന് ആകാശം.
ആകാശത്തിൽ നിന്ന് വായുതന്മാത്രയായ സ്പർശം.
സ്പർശത്തിൽ നിന്ന് വായു.
വായുവിൽ നിന്ന് രൂപം. (തേജഃ തന്മാത്ര)
രൂപത്തിൽ നിന്ന് തേജസ്സ്.

തേജസ്സിൽ നിന്ന് രസം (ജല തന്മാത്ര)
രസത്തിൽ നിന്ന് ജലം
ജലത്തിൽ നിന്ന് ഗന്ധം (പൃഥ്വീ തന്മാത്ര)
ഗന്ധത്തിൽ നിന്ന് പൃഥ്വി (ഭൂമി)

ഇപ്രകാരം ക്രമത്തിൽ താമസാഹങ്കാരത്തിൽ നിന്ന് സ്ഥൂലമായ പഞ്ചഭൂതസൃഷ്ടി നടന്നു.

മൂലം – 9

ഏതേ ഭൂതഗണാസ്തഥേന്ദ്രിയഗണാ
ദേവാശ്ച ജാതാഃ പൃഥങ്-
നോ ശേകുർഭുവനാണ്ഡനിർമിതിവിധൗ
ദേവൈരമീഭിസ്തദാ
ത്വം നാനാവിധസൂക്തിഭിർനുതഗുണ-
സ്തത്ത്വാന്യമൂന്യാവിശം-
ശ്ചേഷ്ടാശക്തിമുദീര്യ താനി ഘടയൻ
ഹൈരണ്യമണ്ഡം വ്യധാഃ

ഭാഷ

ഭൂതേന്ദ്രിയങ്ങളും ദേവഗണങ്ങളും
താനേ നിർമ്മിയ്ക്കാ ഭുവനാണ്ഡത്തെ
ദേവന്മാർ വാഴ്ത്തവേ, ഭൂതതത്ത്വങ്ങളി-
ലാവേശിച്ചു ഭവാൻ ചേഷ്ട നൽകി
ശക്തിയുണർന്നു ഭൂതങ്ങൾ ചേർത്തുണ്ടാക്കി
ഹൈരണ്യമണ്ഡം നീ ചില്പുമാനേ-

അർത്ഥം : ഭൂതഗ്രാമങ്ങൾക്കും, ഇന്ദ്രിയങ്ങൾക്കും, ദേവന്മാർക്കും ഒന്നും തന്നെ ബ്രഹ്മാണ്ഡത്തെ തനിച്ച് സൃഷ്ടിക്കാൻ ശക്തിയുണ്ടായില്ല. അതിനാൽ ദേവന്മാർ ചില്പുമാനായ വിഷ്ണുവെ വാഴ്ത്തി സ്തുതിച്ചു. എല്ലാ ഭൂത തത്ത്വങ്ങളിലും താൻതന്നെ സ്വയം ആവേശിച്ച് അവയ്ക്കെല്ലാം ഭഗവാൻ ചേഷ്ടാശക്തി നൽകി. അപ്രകാരം ശക്തിയുണർന്ന ഭൂതങ്ങളെ പരസ്പരം ചേർത്തിണക്കി സ്വർണ്ണമയമായ ഒരു അണ്ഡം നിർമ്മിച്ചു.

മൂലം – 10

അണ്ഡം തത് ഖലു പൂർവ്വസൃഷ്ടിസലി-
ലേƒതിഷ്ഠത് സഹസ്രം സമാ
നിർഭിന്ദന്നകൃഥാശ്ചതുർദശജഗ-
ദ്രൂപം വിരാഡാഹ്വയം
സാഹസ്രൈഃ കരപാദമൂർധനിവഹൈർ-
നിശ്ശേഷജീവാത്മകോ
നിർഭാതോƒസി മരുത്പുരാധിപ! സ മാം
ത്രായസ്വ സർവ്വാമയാത്.

ഭാഷ

ആയിരം വർഷം പ്രളയ പയോധിയി–
ലാഴ്ന്നതാ മണ്ഡത്തെ നീ മുറിച്ചു
ഉണ്ടായി തീരേഴു ലോകം 'വിരാട്ടെ' ന്ന
സർവ്വ ചരാചര ബ്രഹ്മാണ്ഡമായ്
കോടിപാദങ്ങൾ ശിരസ്സുകളോടെ നീ
സർവ്വജീവാത്മാവായിത്തിളങ്ങി
സർവ്വാമയങ്ങളും തീർത്തു സംരക്ഷിയ്ക്ക
സർവ്വേശ, ശ്രീ ഗുരുവായൂരപ്പാ

അർത്ഥം : ആദ്യം സൃഷ്ടിക്കപ്പെട്ട കാരണ ജലധിയിൽ 1000 വർഷം മുങ്ങിക്കിടന്ന ഹിരണ്യാണ്ഡത്തെ അവിടന്ന് 14 ലോകമാക്കി വിഭജിച്ചു. 'വിരാട്' എന്നു പേരുള്ളതാക്കിത്തീർത്തു. അതിലെ സർവ്വചരാചരങ്ങളുമായി, ആയിരം ശിരസ്സും ആയിരം പാദവും, ആയിരം കൈകളുമുള്ള വിരാട് പുരുഷനായി വിളങ്ങി. ഗുരുവായൂരപ്പാ, എന്റെ സർവ്വ ആമയങ്ങളും നീക്കി, നിരാമയനാക്കിയാലും.

O

14 ലോകങ്ങൾ





ചതുരം

ഭൂമി	= 2 × 2
ഭുവർ/അതല	= 4 × 4
സ്വർ/വിതല	= 6 × 6
മഹർ/സുതല	= 8 × 8
ജന/തലാതല	= 10 × 10
തപോ/മഹാതല	= 12 × 12
സത്യ/രസാതല	= 14 × 14
വൈകുണ്ഠം/പാതാള	= 16 × 16



ദശകം 6

വിരാട് സ്വരൂപ വർണ്ണനം

മൂലം – 1

ഏവം ചതുർദശജഗന്മയതാം ഗതസ്യ
പാതാളമീശ! തവ പാദതലം വദന്തി-
പാദോർദ്ധ്വദേശമപി ദേവ! രസാതലം തേ
ഗുൽഫദ്വയം ഖലു മഹാതലമദ്ഭുതാത്മൻ!

ഭാഷ

ഇപ്പതിനാലുലകം നിൻ വിരാഡ്രൂപം
പാദതലമല്ലോ പാതാളങ്ങൾ
പാദപ്പുറങ്ങൾ രസാതലം, കാൽഞെരി-
യാണികളല്ലോ മഹാതലങ്ങൾ

അർത്ഥം : പുരുഷസൂക്തത്തിൽ വേദപ്രസിദ്ധമായ ഭഗവാന്റെ വിരാട് രൂപവർണ്ണനത്തിൽ ഏറ്റവും പാവനമായ പാദതലം പാതാളമാണ്. അതിനു മുകളിലെ പുറവടികൾ രസാതലം, ഞെരിയാണികൾ മഹാതലം.

മൂലം – 2

ജംഘേ തലാതല, മഥോ സുതലം ച ജാനൂ,
കിഞ്ചോരുഭാഗയുഗളം വിതലാതലേ ദ്വേ,
ക്ഷോണീതലം ജഘനമംബരമംഗ! നാഭിർ-
വക്ഷശ്ച ശക്രനിലയസ്തവ ചക്രപാണേ!

ഭാഷ

ജംഘതലാതലം ജാനുസുതലവും
ഊരുദ്വയം വിതലം അതലം
ഭൂമിയരക്കെട്ടു, നാഭിയാണംബരം
മാറിടമാണല്ലോ സ്വർഗ്ഗലോകം

അർത്ഥം : കാൽവണ്ണകൾ തലാതലം, കാൽമുട്ടുകൾ സുതലം, തുടകൾ വിതലവും അതലവും, അരക്കെട്ട് ഭൂമി, നാഭി ആകാശം, മാറിടം സ്വർല്ലോകം.

മൂലം – 3

ഗ്രീവാ മഹസ്തവ, മുഖം ച ജന, സ്തപസ്തു
ഫാലം ശിരസ്തവ സമസ്തമയസ്യ സത്യം;
ഏവം ജഗന്മയതനോ! ജഗദാശ്രിതൈര-
പ്യന്യൈർനിബദ്ധവപുഷേ ഭഗവൻ! നമസ്തേ.

ദശകം 6

വിരാട് സ്വരൂപ വർണ്ണനം

മൂലം – 1

ഏവം ചതുർദശജഗന്മയതാം ഗതസ്യ
പാതാളമീശ! തവ പാദതലം വദന്തി-
പാദോർദ്ധ്വദേശമപി ദേവ! രസാതലം തേ
ഗുൽഫദ്വയം ഖലു മഹാതലമദ്ഭുതാത്മൻ!

ഭാഷ

ഇപ്പതിനാലുലകം നിൻ വിരാഡ്രൂപം
പാദതലമല്ലോ പാതാളങ്ങൾ
പാദപ്പുറങ്ങൾ രസാതലം, കാൽഞെരി-
യാണികളല്ലോ മഹാതലങ്ങൾ

അർത്ഥം : പുരുഷസൂക്തത്തിൽ വേദപ്രസിദ്ധമായ ഭഗവാന്റെ വിരാട് രൂപവർണ്ണനത്തിൽ ഏറ്റവും പാവനമായ പാദതലം പാതാളമാണ്. അതിനു മുകളിലെ പുറവടികൾ രസാതലം, ഞെരിയാണികൾ മഹാതലം.

മൂലം – 2

ജംഘേ്ഃ തലാതല, മഥോ സുതലം ച ജാനൂ,
കിഞ്ചോരുഭാഗയുഗളം വിതലാതലേ ദ്വേ,
ക്ഷോണീതലം ജഘനമംബരമംഗ! നാഭിർ-
വക്ഷശ്ച ശക്രനിലയസ്തവ ചക്രപാണേ!

ഭാഷ

ജംഘതലാതലം ജാനുസുതലവും
ഊരുദ്വയം വിതലം അതലം
ഭൂമിയരക്കെട്ടു, നാഭിയാണംബരം
മാറിടമാണല്ലോ സ്വർഗ്ഗലോകം

അർത്ഥം : കാൽവണ്ണകൾ തലാതലം, കാൽമുട്ടുകൾ സുതലം, തുടകൾ വിതലവും അതലവും, അരക്കെട്ട് ഭൂമി, നാഭി ആകാശം, മാറിടം സ്വല്ലോകം.

മൂലം – 3

ഗ്രീവാ മഹസ്തവ, മുഖം ച ജന, സ്തപസ്തു
ഫാലം ശിരസ്തവ സമസ്തമയസ്യ സത്യം;
ഏവം ജഗന്മയതനോ! ജഗദാശ്രിതൈരെ-
പ്യന്യൈർനിബദ്ധവപുഷേ ഭഗവൻ! നമസ്തേ.

തിനാൽ താൻ അശുദ്ധനായി എന്ന തോന്നലുണ്ടായി. അശുദ്ധി നീങ്ങി ക്കിട്ടാൻ വിഷ്ണുപാദധ്യാനം ചെയ്തു.

മൂലം – 3

താവത്സസർജ്ജ മനസാ സനകം സനന്ദം
ഭൂയഃ സനാതനമുനിം ച സനത്കുമാരം
തേ സൃഷ്ടികർമ്മണി തു തേന നിയുജ്യമാനാ-
സ്ത്വത്പാദഭക്തിരസികാ ജഗൃഹുർ ന വാണീം.

ഭാഷ

മാനസപുത്രർ സനക സനന്ദനർ
ശ്രീമത്സനാതൻ സനത്കുമാരൻ
ത്വദ്പാദഭക്തിരസികരാമപ്പുത്രർ
പുത്രസൃഷ്ടിക്കു കൊതിച്ചതില്ല.
ബ്രഹ്മാവിൻ പ്രേരണ വാണി കൈക്കൊള്ളാതെ
നിർമ്മമരാ വാക്കു ധിക്കരിച്ചു.

അർത്ഥം : ബ്രഹ്മാവിന്റെ മാനസപുത്രന്മാരായി സനകൻ, സനന്ദനൻ, സനാതനൻ, സനത്കുമാരൻ, സനത് സുജാതൻ മുതലായ മുനിമാർ ജനിച്ചു. ആദ്യം മുതലേ വിഷ്ണുപാദത്തിലുള്ള ഭക്തിരസത്താൽ ആകൃ ഷ്ടരായി അവർ ബ്രഹ്മചാരികളായി. വംശവൃദ്ധിയ്ക്കായി പുത്രോല് പത്തി ചെയ്യൂ എന്ന ബ്രഹ്മാവിന്റെ പ്രേരണാവാക്യം അവർ സ്വീകരി ച്ചില്ല. വിഷ്ണുപാദഭക്തി രസികരായ കുമാരന്മാർ പിതൃവാക്യം ധിക്ക രിച്ചു.

മൂലം – 4

താവത്പ്രകോപമുദിതം പ്രതിരുന്ധതോഽസ്യ
ഭ്രൂമദ്ധ്യതോഽജനി മൃഡോ ഭവദേകദേശഃ
നാമാനി മേ കുരു പദാനി ച ഹാ! വിരിഞ്ചേ-
ത്യാദൌ രുരോദ കില തേന സ രുദ്രനാമാ.

ഭാഷ

കോപമൊതുക്കും വിധിയുടെ ഭ്രൂമദ്ധ്യ-
ജാതൻ മൃഡൻ നിന്റെയംശമായി
"നാമം, പദം തരി" കെന്നുരോദിക്കയാൽ
രുദ്രനെന്നോതീയവന്നുനാമം.

അർത്ഥം : മക്കൾ തന്റെ വാക്കു ധിക്കരിച്ചപ്പോൾ ബ്രഹ്മാവ് കോപാകു ലനായി. കോപം ഒതുക്കാൻ ശ്രമിച്ചപ്പോൾ, ആജ്ഞാ ചക്രത്തിൽ നിന്ന് വിഷ്ണുവിന്റെ അംശമായി ശിവൻ സൃഷ്ടിക്കപ്പെട്ടു – "എനിയ്ക്ക് നാമം തരൂ, എനിയ്ക്കിരിക്കാൻ പദം തരൂ" എന്ന് രോദിച്ചുകൊണ്ട്

ജനിയ്ക്കയാൽ അവനെ രുദ്രൻ എന്നു വിളിക്കുന്നു. (രുരു എന്നാൽ രോദനമാണ്.)

മൂലം – 5

ഏകാദശാഹ്വയതയാ ച വിഭിന്നരൂപം
രുദ്രം വിധായ ദയിതാ വനിതാശ്ച ദത്വാ
താവന്ത്യദത്ത ച പദാനി ഭവത്പ്രണുന്ന;
പ്രാഹ പ്രജാവിരചനായ ച സാദരം തം.

ഭാഷ

രുദ്രന്നുനൽകീ പതിനൊന്നു രൂപങ്ങൾ
നാമം, പദവും, പ്രിയതമമാർ
കല്പിച്ചു 'സൃഷ്ടിയ്ക്ക മക്കളെ' യെന്നു തൻ
പുത്രനോടപ്പോൾ കമലയോനി.

അർത്ഥം : രുദ്രന് ബ്രഹ്മാവ് പതിനൊന്നു രൂപങ്ങളും അതിനനുസരിച്ച നാമങ്ങളും, ഇരിക്കാൻ പദങ്ങളും കൊടുത്തു. അനുരൂപകളായ പതിനൊന്നു ഭാര്യമാരെ നൽകി. എന്നിട്ട്, ആ പുത്രനോട്, പിതാവായ ബ്രഹ്മാവ് "മക്കളെ സൃഷ്ടിക്കുക" എന്ന് പ്രജാസൃഷ്ടിക്കുള്ള കല്പന നൽകി.

	രുദ്രനാമം	പ്രിയതമ	പദം
1.	മന്യു	ധീ	ഹൃത്ത്
2.	മനു	വൃത്തി	ഇന്ദ്രിയങ്ങൾ
3.	മഹിനസൻ	ഉശന	അസു
4.	മഹാൻ	ഉമ	വ്യോമം
5.	ശിവൻ	നിയുത്	വായു
6.	ഋതധ്വജൻ	സർപ്പി	അഗ്നി
7.	ഉഗ്രരേതസ്	ഇള	ജലം
8.	ഭവൻ	അംബിക	മഹി
9.	കാലൻ	ഇരാവതി	സൂര്യൻ
10.	വാമദേവൻ	സുധ	ചന്ദ്രൻ
11.	ധൃതവ്രതൻ	ദീക്ഷ	തപസ്സ്

മൂലം – 6

രുദ്രാഭിസൃഷ്ടഭയദാകൃതിരുദ്രസംഘ–
സംപൂര്യമാണഭുവനത്രയഭീതചേതാഃ
മാ മാ പ്രജാഃ സൃജ തപശ്ചര മംഗളായേ–
ത്യാചഷ്ട തം കമലഭൂർ ഭവദീരിതാത്മാ.

ഭാഷ

ഭീകരരൂപികൾ രുദ്രസംഘങ്ങളാൽ
മൂന്നു ലോകങ്ങൾ നിറഞ്ഞനേരം
"നിർത്തു പ്രജാസൃഷ്ടി, ചെയ്യൂ ശിവംതപം"
ഭീതനായിട്ടു ബ്രഹ്മാവു ചൊല്ലീ.

അർത്ഥം : രുദ്രൻ സൃഷ്ടിച്ച 'രുദ്രസംഘ'ങ്ങൾ ഭീകരാകൃതികളായി രാക്ഷസാസുര രൂപികളായി മൂന്നു ലോകവും നിറച്ചു. ഇതു കണ്ട് ഭയപ്പെട്ട ബ്രഹ്മാവ് "നിർത്തു, ഇനി നീ പ്രജകളെ സൃഷ്ടിയ്ക്കരുത്; ശിവം (മംഗളം) തരുന്ന തപസ്സനുഷ്ഠിച്ചാൽ മതി" എന്ന് പുത്രനോട് ആജ്ഞാപിച്ചു. അങ്ങനെ രോദനം ചെയ്തുകൊണ്ട് സ്ഥാനമാനങ്ങൾക്കായി ഉഴന്ന് ജനിച്ച രുദ്രൻ, മംഗളമായ തപസ്സനുഷ്ഠിക്കുന്ന "ശിവ"നായി ത്തീർന്നു.

മൂലം – 7

തസ്യാഥ സർഗ്ഗരസികസ്യ മരീചിരത്രി–
സ്തത്രാംഗിരാഃ ക്രതുമുനിഃ പുലഹഃ പുലസ്ത്യഃ
അംഗാദജായത ഭൃഗുശ്ച വസിഷ്ഠദക്ഷൗ
ശ്രീനാരദശ്ച ഭഗവൻ! ഭവദംഘ്രിദാസഃ.

ഭാഷ

സർഗ്ഗരസികനാം ബ്രഹ്മാവിന്നംഗത്തി–
ലുണ്ടായ് മരീചി, ക്രതു, പുലസ്ത്യൻ
അത്രിയുമംഗിരസ്സും പുലഹൻ ഭൃഗു
ദക്ഷൻ വസിഷ്ഠനും നാരദനും.

അർത്ഥം : പിന്നീട് സർഗ്ഗരസികനായ ബ്രഹ്മാവ് തന്റെ സൃഷ്ടി ക്രിയ തുടർന്നു – ബ്രഹ്മാവിന്റെ മനസ്സിൽ നിന്ന് മരീചിയും, കണ്ണിൽ നിന്ന് അത്രിയും, മുഖത്തിൽ നിന്ന് അംഗിരസ്സും, കയ്യിൽ നിന്ന് ക്രതുവും, ത്വക്കിൽ നിന്ന് ഭൃഗുവും, പ്രാണവായുവിൽ നിന്ന് വസിഷ്ഠനും, പെരുവിരലിൽ നിന്ന് ദക്ഷനും, മടിയിൽ നിന്ന് വിഷ്ണുഭക്തനായ നാരദ മുനിയും ജനിച്ചു. പുലസ്ത്യപുലഹന്മാർ ത്വക് രോമങ്ങളിൽ നിന്നുണ്ടായി.

മൂലം – 8

ധർമ്മാദികാനഭിസൃജന്നഥകർദ്ദമം ച
വാണീം വിധായ വിധിരംഗജസങ്കുലോഽഭൂത്
ത്വദ്ബോധിതൈസ്സനകദക്ഷമുഖൈസ്തനൂജൈ-
രുദ്ബോധിതശ്ച വിരരാമ തമോ വിമുഞ്ചൻ.

ഭാഷ

പിന്നെയാ ധർമ്മനും, കർദ്ദമൻ, വാണിയും
ഉണ്ടായി, നാന്മുഖന്നുണ്ടായ് കാമം
മക്കൾ കുമാരന്മാർധർമ്മമുദ്ബോധിയ്ക്കെ
ലജ്ജിതൻ അജ്ഞാനം കൈവെടിഞ്ഞു.

അർത്ഥം : പിന്നീട് തെക്കുദിക്കിന്റെ (ദക്ഷിണേന്ത്യ) അധിപനായ യമധർമ്മനേയും, ചേറിൽ (ചളിയിൽ) നിന്ന് കർദ്ദമനേയും, അവരുടെ നാവിൽ മനോഹരിയായ വാണിയേയും ബ്രഹ്മാവ് സൃഷ്ടിച്ചു. സരസ്വതിയെ കണ്ട് ബ്രഹ്മാവ് കാമപരവശനായി. സനകാദികളും ദക്ഷനും വന്ന് പിതാവിന് ധർമ്മോപദേശം നൽകി. അപ്പോൾ ലജ്ജിത നായി തന്നിൽ അറിയാതെ ഉണർന്നുപോയ കാമമെന്ന് അജ്ഞാനത്തെ ബ്രഹ്മദേവൻ ത്യജിച്ചു.

മൂലം – 9

വേദാൻ പുരാണനിവഹാനപി സർവവിദ്യാഃ
കുർവ്വന്നിജാനനഗണാച്ചതുരാനനോഽസൗ
പുത്രേഷു തേഷു വിനിധായ സ സർഗ്ഗവൃദ്ധി-
മപ്രാപ്നുവംസ്തവ പദാംബുജമാശ്രിതോഽഭൂത്.

ഭാഷ

നാലു മുഖങ്ങളിൽ വേദപുരാണങ്ങൾ
വിദ്യയഖിലവും സൃഷ്ടിചെയ്തു
പുത്രരെയേല്പിച്ചു, സർഗ്ഗവൃദ്ധിയ്ക്കായി
ത്വദ്പദപങ്കജമാശ്രയിച്ചു.

അർത്ഥം : ബ്രഹ്മാവ് തന്റെ നാലുമുഖത്ത് നിന്ന് വേദപുരാണങ്ങളും സർവ്വശാസ്ത്രവും വിദ്യകളും സൃഷ്ടിച്ചു. അവയെ തന്റെ പുത്രന്മാ രിൽ ഏല്പിച്ചു. സർഗ്ഗവൃദ്ധിയ്ക്കായി, വീണ്ടും വിഷ്ണുപാദങ്ങളെ ആശ്രയിച്ച് തപസ്സു തുടങ്ങി.

മൂലം – 10

ജാനന്നുപായമഥ ദേഹമജോ വിഭജ്യ
സ്ത്രീപുംസഭാവമഭജദ്മനുതദ്വധൂഭ്യാം
താഭ്യാം ച മാനുഷകുലാനി വിവർദ്ധയംസ്ത്വം
ഗോവിന്ദ! മാരുതപുരേശ! നിരുന്ധി രോഗാൻ.

ഭാഷ

സൃഷ്ടി വർദ്ധിക്കാനുപായം ഗ്രഹിച്ചുതൻ
ദേഹം പുംസ്ത്രീയായ് രണ്ടായ് പകുത്തു
മാനവവംശവിവർദ്ധനത്തിനായി
ഗോവിന്ദാ, രോഗമകറ്റൂ വേഗം.

അർത്ഥം : വംശവൃദ്ധി വരുത്താൻ മൈഥുനസൃഷ്ടി മാത്രമാണ് ഉപായമെന്നു മനസ്സിലാക്കിയ ബ്രഹ്മാവ് സ്വശരീരത്തെ മനു എന്ന പുരുഷനും, അവന്റെ ഭാര്യ ശതരൂപയെന്ന സ്ത്രീയുമായി രണ്ടായി പകുത്തു. അപ്രകാരം ലിംഗഭേദമുള്ള ശരീരഘടന ഉണ്ടായി. സ്ത്രീ പുരുഷ സംയോഗംകൊണ്ട് മാനവവംശം ഉൾപ്പെടെയുള്ള സർവ്വജീവജാലങ്ങളുടേയും വംശവർദ്ധന അതിവേഗം സംഭവിച്ചു. ഗോവിന്ദാ, ഗുരുവായൂരപ്പാ, എന്റെ രോഗമെല്ലാം അതിവേഗം ശമിപ്പിയ്ക്കണേ.

O

ദശകം 11

ഹിരണ്യക്ഷ-ഹിരണ്യകശിപു ഉത്ഭവം

മൂലം – 1

ക്രമേണ സർഗേ പരിവർദ്ധമാനേ
കദാപി ദിവ്യാഃ സനകാദയസ്തേ
ഭവദ്വിലോകായ വികുണ്ഠലോകം
പ്രപേദിരേ മാരുതമന്ദിരേശ!

ഭാഷ

ക്രമേണ സർഗ്ഗം പരിവൃദ്ധമാകേ
മുനീന്ദ്രദിവ്യർ സനകാദിദേവർ
വികുണ്ഠലോകത്തിലണഞ്ഞു, നിന്നെ
നിറഞ്ഞ കണ്ണോടൊരു നോക്കുകാണാൻ.

അർത്ഥം : സർഗ്ഗം പരിവൃദ്ധമായിക്കൊണ്ടിരുന്ന കാലത്ത്, ഒരിക്കൽ ദിവ്യശക്തിയുള്ള സനകാദികളെന്ന മുനീശ്വരന്മാർ, മഹാവിഷ്ണുവിനെ ഒന്നു ദർശിക്കാനായി വൈകുണ്ഠലോകത്തിലെത്തി.

മൂലം – 2

മനോജ്ഞനൈഃശ്രേയസകാനനാദ്യൈ-
രനേകവാപീമണിമന്ദിരൈശ്ച
അനോപമം തം ഭവതോ നികേതം
മുനീശ്വരാഃ പ്രാപുരതീതകക്ഷ്യാഃ

ഭാഷ

മനോജ്ഞനൈശ്രേയസ കാനനങ്ങൾ
അനേക വാപീ മണി മന്ദിരങ്ങൾ
അതീതകക്ഷ്യം നികേതവാതിൽ
അനോപമം ദിവ്യരണഞ്ഞുവേഗാൽ

അർത്ഥം : മനോജ്ഞങ്ങളും നിശ്രേയസങ്ങളുമായ കാടുകളും, അനേകം കുളങ്ങളും മണിമന്ദിരങ്ങളും ഉള്ള നിരുപമമായ വൈകുണ്ഠം എല്ലാ കക്ഷ്യകൾക്കും അതീതമാണ്. ആ വൈകുണ്ഠ വാതിലിൽ ദിവ്യരായ മുനിമാർ അണഞ്ഞു.

മൂലം – 3

ഭവദ്ദിദൃക്ഷൂൻ ഭവനം വിവിക്ഷൂൻ
ദ്വാഃസ്ഥൌ ജയസ്താൻ വിജയോഽപ്യരുന്ധാം
തേഷാം ച ചിത്തേ പദമാപ കോപഃ
സർവ്വം ഭവത്പ്രേരണയൈവ ഭൂമൻ!

ഭാഷ

കടക്കുവാനായ് തുനിയുന്ന നേരം
തടഞ്ഞുനിർത്തീതവ പാർഷദന്മാർ
വിരിഞ്ഞുകോപം മുനിമാനസത്തിൽ
പിടഞ്ഞു ശാപാൽ ജയവൈജയന്മാർ

അർത്ഥം : വിഷ്ണു ദർശനത്തിനു മോഹിച്ച് ഗോപുരദ്വാരം കടക്കാനൊരുങ്ങിയ സനകാദികളെ ജയവിജയന്മാരെന്ന വിഷ്ണു പാർഷദന്മാർ തടഞ്ഞുനിർത്തി. സ്വതേ ശാന്തമായ മുനിമാനസത്തിൽ ആളിക്കത്തിയ കോപം, ശാപമായി വീണപ്പോൾ ജയവിജയന്മാരുടെ ഉള്ളം പിടഞ്ഞുപോയി. ഭഗവാനേ, സർവ്വവും അവിടുത്തെ ഇച്ഛകൊണ്ടാണല്ലൊ സംഭവിക്കുന്നത്.

മൂലം – 4

വൈകുണ്ഠലോകാനുചിതപ്രചേഷ്ടൌ
കഷ്ടൌ യുവാം ദൈത്യഗതിം ഭജേതം
ഇതി പ്രശപ്തൌ ഭവദാശ്രയൌ തൌ
ഹരിസ്മൃതിർനോഽസ്ത്വിതി നേമതുസ്താൻ.

ഭാഷ

വിഷ്ണുലോകത്തിനനുചിതമിപ്പണി
ദൈത്യരായ് പോകട്ടെ രണ്ടുപേരും
ആശ്രിതർ പാർഷദർ കേണു നമിക്കുന്നു
വേണം ഹരിസ്മൃതിയെന്നുമെന്നായ്

അർത്ഥം : അദ്വൈത ഭൂമികയായ വൈകുണ്ഠലോകത്തിനു നിരക്കാത്ത ദ്വൈതചിന്തയും പ്രവൃത്തിയും കാണിച്ച നിങ്ങൾ രണ്ടുപേരും ദൈത്യ രായിത്തീരട്ടെ എന്ന് മുനിമാർ ശപിച്ചു. വിഷ്ണുവിന്റെ ആശ്രിതരായ പാർഷദർ ഉടനെ സനകാദികളെ നമസ്കരിച്ച് 'ആ അവസ്ഥയിലും ഞങ്ങൾക്ക് സദാ ഹരിസ്മൃതി ഉണ്ടാവണേ' എന്ന് അപേക്ഷിച്ചു.

മൂലം – 5

തദേതദാജ്ഞായ ഭവാനവാപ്തഃ
സഹൈവ ലക്ഷ്മ്യാ ബഹിരംബുജാക്ഷ!
ഖഗേശ്വരാംസാർപിതചാരുബാഹു-
രാനന്ദയംസ്താനഭിരാമമൂർത്ത്യാ.

ഭാഷ

കൈകൾ ഗരുഡന്റെ തോളിലർപ്പിച്ചഭി-
രാമനായ് ലക്ഷ്മീസമേതനായി
വന്നു പുറത്തേയ്ക്കു വേഗം മഹാവിഷ്ണു
തന്നു മോദം മുനിമാർക്കു ചിത്തിൽ

അർത്ഥം : ഉടനെത്തന്നെ, മുനിമാരുടെ മനസ്സിൽ ആനന്ദം ജനിപ്പി ക്കാനും, കോപം തണുപ്പിക്കാനുമായി, ലക്ഷ്മീസമേതനായി, ഗരുഡന്റെ തോളിൽ കൈകളർപ്പിച്ച് അഭിരാമമൂർത്തിയായി പുറത്തേയ്ക്കെഴുന്നെ ള്ളിയ വിഷ്ണു കുമാരന്മാരെ ആനന്ദിപ്പിച്ചു.

മൂലം – 6

പ്രസാദ്യ ഗീർഭിഃ സ്തുവതോ മുനീന്ദ്രാ-
നനന്യനാഥാവഥ പാർഷദൗ തൗ
സംരംഭയോഗേന ഭവൈസ്ത്രിഭിർമ്മാ-
മുപേതമിത്യാത്തകൃപം നൃഗാദീഃ

ഭാഷ

മുനീന്ദ്രരെത്തന്റെ വചസ്സിനാലേ
പ്രസാദനം ചെയ്തുലകാധിനാഥൻ
'അനന്യനാഥർ മമ പാർഷദർക്കു
ഭവിയ്ക്ക കോപസ്മൃതിമൂന്നുജന്മം'.

അർത്ഥം : മുനിമാരെ തന്റെ മധുരവാക്കുകളാൽ പ്രസാദിപ്പിച്ച ലോക നാഥൻ, താനല്ലാതെ മറ്റാരും നാഥനില്ലാത്ത തന്റെ പാർഷദർക്ക് വളരെ വേഗം സ്വധാമത്തിൽ തിരിച്ചെത്താനായി, മൂന്നു ജന്മത്തെ വിദ്വേഷ സ്മൃതി മാത്രം ശാപഫലമായി അനുഭവിച്ചാൽ മതി എന്ന് അരുളി ച്ചെയ്തു.

മൂലം – 7

ത്വദീയഭൃത്യാവഥ കാശ്യപാത്തൌ
സുരാരിവീരാവുദിതൌ ദിതൌ ദ്വൌ
സന്ധ്യാസമുത്പാദനകഷ്ടചേഷ്ടൌ
യമൌ ച ലോകസ്യ യമാവിവാന്യൌ.

ഭാഷ

ജനിച്ചു ദൈത്യർ ദിതികാശ്യപർക്കു
സന്ധ്യാസമുദ്പാദന കഷ്ടചേഷ്ടർ
ഇരട്ടകൾഭൂവിനു കാലതുല്യർ
ത്വദീയഭൃത്യർ ഹരിപാർഷദന്മാർ

അർത്ഥം : അപ്രകാരം, ഹരിപാർഷദന്മാരായിരുന്ന അവിടുത്തെ ഭൃത്യ ന്മാർ, ദിതിയുടേയും കാശ്യപന്റേയും മക്കളായി, ദൈത്യരായി ജനിച്ചു. സന്ധ്യാസമയത്ത് ദിതികശ്യപന്മാർ സംയോഗം ചെയ്കയാലുണ്ടായ ഈ ഇരട്ടകൾ ദുഷ്ടപ്രവൃത്തി ചെയ്യുന്നവരും ഭൂമിയ്ക്കു മുഴുവൻ കാല ന്മാരുമായിത്തീർന്നു.

മൂലം – 8

ഹിരണ്യപൂർവ്വഃ കശിപുഃ കിലൈകഃ
പരോ ഹിരണ്യാക്ഷ ഇതി പ്രതീതഃ
ഉഭൌ ഭവന്നാഥമശേഷലോകം
രുഷാ ന്യരുന്ധാം നിജവാസനാന്ധൌ.

ഭാഷ

ജ്യേഷ്ഠൻ ഹിരണ്യൻ കശിപു, ദ്വിതീയൻ
മദാന്ധനാകും ഹിരണ്യാക്ഷനെന്നോൻ
സ്വവാസനാ മോഹിതർ ലോകമെല്ലാം
മുടിച്ചു ഹിംസിച്ചതി ദുഷ്ടശീലർ

അർത്ഥം : ആദ്യത്തെ പുത്രൻ ഹിരണ്യകശിപു, അടുത്തവൻ ഹിരണ്യാക്ഷൻ, ഇരുപേരും മദാന്ധർ; സ്വന്തം പൂർവ്വവാസനകളാൽ മോഹിതർ. അവർ അതീവ ദുഷ്ടശീലരായി, ലോകത്തെ മുഴുവൻ ഹിംസിച്ചും നശിപ്പിച്ചും ജീവിച്ചു.

ദശകം 12

വരാഹാവതാരം

മൂലം – 1

സ്വായംഭുവോ മനുരഥോ ജനസർഗ്ഗശീലോ
ദൃഷ്ട്വാ മഹീമസമയേ സലിലേ നിമഗ്നാം
സ്രഷ്ടാരമാപ ശരണം ഭവദംഘ്രിസേവാ-
തുഷ്ടാശയം മുനിജനൈഃ സഹ സത്യലോകേ.

ഭാഷ

സ്വായംഭുവൻ പ്രജാസർഗ്ഗശീലൻ മനു
ഭൂമിയകാലത്തിൽ വാരിധിയിൽ
താഴ്വതു കണ്ടു, മുനിജനത്തോടെത്തി
സത്യലോകത്തിൽ ശരണം തേടി

അർത്ഥം : അകാലത്തിൽ ഭൂമി കടലിൽ താഴ്ന്നു പോകുന്നത് പ്രജാസൃഷ്ടി ശീലനായ സ്വായംഭുവമനു കണ്ടു. അദ്ദേഹം മുനിമാരോടൊത്ത്, വിഷ്ണുപാദസ്മരണയാൽ സന്തുഷ്ടചിത്തനായി ബ്രഹ്മാവ് വാഴുന്ന സത്യലോകത്തെ ശരണം പ്രാപിച്ചു.

മൂലം – 2

കഷ്ടം പ്രജാഃ സൃജതിമയ്യവനിർന്നിമഗ്നാ
സ്ഥാനം സരോജഭവ, കല്പയ തത്പ്രജാനാം
ഇത്യേവമേഷ കഥിതോ മനുനാ സ്വയംഭൂ-
രംഭോരുഹാക്ഷ! തവ പാദയുഗം വ്യചിന്തീത്.

ഭാഷ

'കഷ്ടം പ്രജകളും ഭൂമിയും വെള്ളത്തി-
ലാഴ്ന്നുപോയെ' ന്നവൻ വാക്കുകേൾക്കെ
നിൻപാദപങ്കജധ്യാനവിലീനനായ്
ബ്രഹ്മാവിരുന്നാൻ കുറച്ചു നേരം

അർത്ഥം : "കഷ്ടം – ഞാൻ സൃഷ്ടിച്ച പ്രജകളും ഭൂമിയുമെല്ലാം വെള്ളത്തിൽ താഴ്ന്നുപോയി – രക്ഷിയ്ക്കണം" എന്ന മനുവാക്യം ബ്രഹ്മാവ് കേട്ടു. വിഷ്ണുവിന്റെ പാദപങ്കജ ധ്യാനത്തിൽ ലയിച്ച് ബ്രഹ്മാവ് അല്പനേരം ഇരുന്നു.

മൂലം – 3

"ഹാ ഹാ വിഭോ! ജലമഹം ന്യപിബം പുരസ്താ-
ദദ്യാപി മജ്ജതി മഹീ, കിമഹം കരോമി"
ഇത്ഥം ത്വദംഘ്രിയുഗളം ശരണം യതോഽസ്യ
നാസാപുടാത്സമഭവഃ ശിശുകോലരൂപീ.

ഭാഷ

'ഞാനാദ്യം തന്നെ ജലം കുടിച്ചു, വിഭോ,
ഭൂമി താഴുന്നു കടലിലിപ്പോൾ
ഞാനെന്തുചെയ്യും' കാൽതൊട്ടു കേഴും ബ്രഹ്മ-
നാസയിലുണ്ടായി കോലശ്ശിശു.

അർത്ഥം : "ഭഗവാനേ, ആദ്യം തന്നെ ഞാൻ കടലിൽ മുങ്ങി കുറെ വെള്ളം കുടിച്ചതാണ്. ഇപ്പോഴും ഭൂമി കടലിൽ താഴുന്നു. ഞാനിനി എന്തുചെയ്യും" - ഉൾക്കണ്ണിൽ തെളിഞ്ഞ വിഷ്ണുപാദം സ്പർശിച്ച് ബ്രഹ്മാവ് ഇപ്രകാരം കേണു. അപ്പോൾ, ബ്രഹ്മാവിന്റെ നാസികയിൽ നിന്ന് "കോലസ്വരൂപി" യായി ഒരു ശിശു ഉണ്ടായി.

(കോലം = പന്നി. കോലസ്വരൂപി അഥവാ കോലത്തിരിരൂപ മാർന്ന 'പന്നി'യൂർ വരാഹമൂർത്തി.)

മൂലം – 4

അങ്ഗുഷ്ഠമാത്രവപുരുത്പതിതഃ പുരസ്താദ്-
ഭൂയോഽഥ കുംഭിസദൃശഃ സമജൃംഭഥാസ്ത്വം
അഭ്രേ തഥാവിധമുദീക്ഷ്യ ഭവന്തമുച്ചൈർ-
വിസ്മേരതാം വിധിരഗാത് സഹ സൂനുഭിഃ സ്വൈഃ.

ഭാഷ

അംഗുഷ്ടമാത്രം ശിശുകോലരൂപംപി-
ന്നാനപോൽ പെട്ടെന്നുജൃംഭിച്ചപ്പോൾ
ആകാശദേശത്തിലുച്ചസ്ഥനായ്, കണ്ടു
ബ്രഹ്മാവും പുത്രരും വിസ്മയിച്ചു.

അർത്ഥം : ആദ്യം ഒരു തള്ളവിരലോളം വലുപ്പമേ പന്നിക്കുഞ്ഞിനു ണ്ടായിരുന്നുള്ളു. പെട്ടെന്നത് ആനയോളം വളർന്നു. എന്നിട്ട് ആകാശം മുട്ടുമാറ് വളർന്ന് ഉച്ചസ്ഥനായി. ഈ അത്ഭുതം കണ്ട് ബ്രഹ്മാവും പുത്ര ന്മാരും വിസ്മിതരായി.

മൂലം – 5

"കോഽസാവചിന്ത്യമഹിമാ കിടിരുത്ഥിതോ മേ
നാസാപുടാത് കിമു ഭവേദജിതസ്യ മായാ?"
ഇത്ഥം വിചിന്തയതി ധാതരി ശൈലമാത്രഃ
സദ്യോ ഭവൻ കില ജഗർജിഥ ഘോരഘോരം.

ഭാഷ

'ആരീവരാഹ, മിതെങ്ങനെ വന്നിതെൻ-
മൂക്കിലിതാ വിഷ്ണുമായയാമോ'
ചിന്തിയ്ക്കെ, ക്കുന്നോളം പോന്ന വരാഹത്തിൻ
ഗർജ്ജനം ഘോരം മുഴങ്ങിക്കേട്ടു.

അർത്ഥം : ബ്രഹ്മാവ് ചിന്തിച്ചു. "ആരാണ് ഈ വരാഹം. ഇതെങ്ങനെ എന്റെ മൂക്കിനകത്തു നിന്നുവന്നു? അചിന്ത്യ മഹിമയുള്ള ഇവൻ വിഷ്ണുവിന്റെ മായായാവുമോ?" അപ്പോൾ പർവ്വതംപോലെ ഉയർന്നു നിൽക്കുന്ന വരാഹത്തിന്റെ അതിഘോരമായി ഗർജ്ജനം മുഴങ്ങിക്കേട്ടു.

മൂലം - 6

തം തേ നിനാദമുപകർണ്യ ജനസ്തപഃസ്ഥാഃ
സത്യസ്ഥിതാശ്ച മുനയോ നുനുവുർഭവന്തം
തത്സ്തോത്രഹർഷുലമനാഃ പരിണദ്യ ഭൂയ-
സ്തോയാശയം വിപുലമൂർത്തിരവാതരസ്ത്വം.

ഭാഷ

സത്യ ജന തപലോകമുനിമാരാ
സത്വനാദം കേട്ടു വാഴ്ത്തിനിന്നെ
സ്തോത്രത്താൽ ഹർഷിച്ചു, ഗർജ്ജിച്ചു, ചാടുന്നു
സിന്ധുവിലേക്കു വിപുലമൂർത്തി

അർത്ഥം : സത്യ, ജന തപോലോക വാസികളായ മുനിമാർ ഭഗവാന്റെ സാത്വികനാദം കേട്ടു സ്തുതിപാടി. സ്തോത്രപ്രിയനായ ഭഗവാൻ ആനന്ദത്തോടെ ഒരുവട്ടം കൂടി ഗർജ്ജിച്ച്, വിപുലമൂർത്തിയായി, കടലിലേക്ക് കുതിച്ചുചാടി.

മൂലം - 7

ഊർദ്ധ്വപ്രസാരിപരിധൂമ്രവിധൂതരോമാ
പ്രോത്ക്ഷിപ്തവാലധിരവാങ്മുഖഘോരഘോണഃ
തൂർണപ്രദീർണജലദഃ പരിഘൂർണദക്ഷ്ണാ
സ്തോതൄൻമുനീൻ ശിശിരയന്നവതേരിഥ ത്വം.

ഭാഷ

മേലോട്ടെഴുന്ന ചെമ്പൻമുടിയുമിള-
ക്കിട്ടുവാലേറ്റമുയർത്തി, ഘോരം
നാസിക താഴ്ത്തി, മേഘങ്ങളെച്ചിന്നിച്ചു
കണ്ണും കറക്കീട്ടാച്ചാട്ടം കണ്ടു
സ്തോത്രങ്ങൾ പാടി സ്തുതിക്കും മുനിമാരി-
ലേറ്റമുണ്ടായിതു സാന്ദ്രാനന്ദം.

അർത്ഥം : എഴുന്നുനിൽക്കുന്ന ചെമ്പൻ രോമമിളക്കി, ഉയർത്തിപ്പിടിച്ച വാലിളക്കി, നാസിക താഴ്ത്തിപ്പിടിച്ച്, കണ്ണുവട്ടം കറക്കി, മേഘങ്ങളെ ഛിന്നഭിന്നമാക്കിയ ആ ചാട്ടം കണ്ടപ്പോൾ, സ്തുതിപാടുന്ന മുനിമാർക്ക് അളവറ്റ ആനന്ദമുണ്ടായി.

മൂലം – 8

അന്തർജലം തദനു സംകുല നക്രചക്രം
ഭ്രാമ്യത്തിമിങ്ഗിലകുലം കലുഷോർമ്മിമാലം
ആവിശ്യ ഭീഷണരവേണ രസാതലസ്ഥാ-
നാകമ്പയൻ വസുമതീമഗവേഷയസ്ത്വം.

ഭാഷ

ചുറ്റുംതിരിയുന്ന നക്രചക്രം, ഭ്രമി-
ച്ചാകെ കലുഷം തരംഗമാല
അന്തർജ്ജലത്തെയാവേശിച്ചു, ഭീഷണ-
നാദം രസാതലത്തെക്കുലുക്കി
നീളെഗ്ഗവേഷണം ചെയ്തുവസുമതി-
ദേവിയാകും തന്റെ പ്രേയസിയെ.

അർത്ഥം : അങ്ങുമിങ്ങും വട്ടംതിരിയുന്ന നക്രചക്രം, ഭ്രമണം ചെയ്യുന്ന തിമിംഗലമാല, കലങ്ങിമറിഞ്ഞ തിരകൾ – അപ്രകാരമുള്ള സമുദ്ര മദ്ധ്യത്തിൽ പ്രവേശിച്ച് ഭീഷണനാദത്താൽ രസാതലത്തെ മുഴുവൻ വിറപ്പിച്ച് കുലുക്കി, തന്റെ പ്രിയതമയായ വസുമതീദേവി (രത്നഗർഭ യായ ഭൂമി) എവിടെയാണുള്ളതെന്ന് ഗവേഷണം ചെയ്യാൻ (തിരയാൻ) തുടങ്ങി.

മൂലം – 9

ദൃഷ്ട്വാഥ ദൈത്യഹതകേന രസാതലാന്തേ
സംവേശിതാം ഝടിതി കൂടകിടിർവ്വിഭോ! ത്വം
ആപാതുകാനവിഗണയ്യ സുരാരിഖേടാൻ
ദംഷ്ട്രാങ്കുരേണ വസുധാമദധാഃ സലീലം.

ഭാഷ

കൂടകോലം ഭവാൻ കണ്ടുവസുധയെ
താഴെ രസാതലാന്തത്തിലപ്പോൾ
ദംഷ്ട്രാങ്കുരത്താലവളെയുയർത്തി നീ
ലീലയിൽ കൊച്ചുപന്തെന്നപോലെ.

അർത്ഥം : കൂടകിടി (കൂടകോലം) ആയ നീ രസാതലത്തിന്റെ അടി യിൽ അസുരൻ താഴ്ത്തിയിട്ട ഭൂമിയെ കണ്ടുപിടിച്ചു. അവനെ കൂസാതെ, കളിയിൽ കൊച്ചുപന്ത് ഉയർത്തുന്നപോലെ ഭൂമിയെ തേറ്റ യുടെ അറ്റംകൊണ്ട് പൊക്കിയുയർത്തിയെടുത്തു. (കൂടകിടി എന്നാൽ മായാവരാഹം; കൂടൽ എന്ന ത്രിവേണി നദീ സംഗമദേശമായ കൂടല്ലൂ രിന്റെ കോലസ്വരൂപമായ കൂടകോലം)

മൂലം – 10

അഭ്യുദ്ധരന്നഥ ധരാം ദശനാഗ്രലഗ്ന–
മുസ്താങ്കുരാങ്കിത ഇവാധികപീവരാത്മാ
ഉദ്ധൂതഘോരസലിലാജ്ജലധേരുദഞ്ചൻ
ക്രീഡാവരാഹവപുരീശ്വര! പാഹി രോഗാത്.

ഭാഷ

അഭ്യുദ്ധരിച്ചു ധരയെ ദശനാഗ്ര–
ലഗ്നത്തിൽ മുത്തങ്ങയെന്നപോലെ
പൊങ്ങിയിളകി മറിയും കടലിൽ നി–
ന്നങ്ങുന്നുംപൊങ്ങി പൃഥുലദേഹൻ
ക്രീഡാവരാഹ വപുസ്സേ, ഭഗവാൻ, ഞാൻ
രോഗാബ്ധി തന്നിൽ മുഴുകിടുന്നു
ഘോര സംസാരരോഗാബ്ധിയിൽ നിന്നെന്നെ
യുദ്ധരിച്ചാലും പ്രിയയിവളും

അർത്ഥം : വളരെ വിപുലമായ ശരീരത്തോടുകൂടിയ ഭഗവാൻ, ഭൂമിയെ ചെറിയൊരു മുത്തങ്ങപോലെ തേറ്റ മേൽ ധരിച്ച് ഇളകി മറിയുന്ന കടലിൽ നിന്ന് പൊങ്ങിവന്നു. ക്രീഡാവരാഹദേഹം ധരിച്ച ഭഗവാനേ, നിന്റെ പ്രിയയായ ഞാൻ രോഗസമുദ്രത്തിൽ മുങ്ങിത്താഴുകയാണ്. ഘോരമായ സംസാരരോഗ സിന്ധുവിൽ നിന്ന് എന്നെയും ഉദ്ധരിച്ചാലും.

O

ദശകം 13

ഹിരണ്യാക്ഷവധം

മൂലം – 1

ഹിരണ്യാക്ഷം താവദ്വരദ! ഭവ ദന്വേഷണപരം
ചരന്തം സാംവർത്തേ പയസി നിജ ജംഘാപരിമിതേ
ഭവദ്ഭക്തോ ഗത്വാ കപടപടുധീർ നാരദമുനിഃ
ശനൈരൂചേ നന്ദൻ ദനുജമപി നിന്ദംസ്തവ ബലം.

ഭാഷ

ഭക്തൻ കപടപടു നാരദൻ ചെന്നു
മെല്ലെ ഹിരണ്യാക്ഷസങ്കേതത്തിൽ
നിന്നെത്തിരഞ്ഞു കണങ്കാലെത്തും പ്രള–
യാബ്ധിയിൽ പായുമവനോടോതി
ദൈത്യനെനന്ദിച്ചുമങ്ങയെ നിന്ദിച്ചും
ശ്രദ്ധയാകർഷിച്ചുമീവചനം

അർത്ഥം : ഹിരണ്യാക്ഷൻ ഹരിയെ അന്വേഷിച്ച്, തന്റെ കണങ്കാൽവരെ മാത്രമെത്തുന്ന പ്രളയജലത്തിൽ ഓടിനടക്കുകയായിരുന്നു. വിഷ്ണു ഭക്തനും കപടപടുവും ബുദ്ധിമാനുമായ നാരദൻ അവനെ സമീപിച്ചു. അവനെ പുകഴ്ത്തിയും ഹരിയെ ഇകഴ്ത്തിയും അവന്റെ ശ്രദ്ധ ആകർഷിച്ച് ഇങ്ങനെ പറഞ്ഞു.

മൂലം – 2

സ മായാവീ വിഷ്ണുർഹരതി ഭവദീയാം വസുമതീം;
പ്രഭോ! കഷ്ടം! കഷ്ടം! കിമിദമിതി തേനാഭിഗദിതഃ
നദൻ ക്വാസൗ ക്വാസാവിതി സ മുനിനാ ദർശിതപഥോ
ഭവന്തം സംപ്രാപദ്ധരണിധരമുദ്യന്തമുദകാത്.

ഭാഷ

"മായാവി വിഷ്ണു ഹരിച്ചുനിൻഭൂമിയെ
കഷ്ടം! ഇതെങ്ങനെ സംഭവിച്ചു."
"എങ്ങവ"നെന്നു ഗർജ്ജിച്ചസുരൻ മുനി
ചൊല്ലിയ പാതയിൽ സഞ്ചരിച്ചു.
കണ്ടു ധരണീധരനെ യുദകത്തിൽ
നിന്നുയർന്നീടുന്ന കോലമായി.

അർത്ഥം : "കഷ്ടം, കഷ്ടം! മായാവിയായ വിഷ്ണു നിന്റെ ഭൂമിയെ അപഹരിച്ചു. ഇതെങ്ങനെ സംഭവിച്ചു." ഈ വാക്കുകേട്ട് ക്രുദ്ധനായ അസുരൻ "എവിടെ അവൻ" എന്നു ഗർജ്ജിച്ചുകൊണ്ട് മാമുനി കാട്ടിയ വഴിയിലൂടെ സഞ്ചരിച്ച് വിഷ്ണുവെ കണ്ടു. (മുനിമാർ ചൊല്ലിയ മാർഗ്ഗത്തിലൂടെ മാത്രമെ ഈശ്വര ദർശനം കിട്ടൂ) – കടലിൽ നിന്ന്, ഭൂമിയെ ധരിച്ചുകൊണ്ട് (ധരണീധരനെന്നതിന് ചക്രവർത്തിയെന്നും അർത്ഥം പറയാം) ഉയർന്നു പൊന്തിവരുന്ന കോലമായി (കോലത്തിന് പന്നി എന്നും, രൂപമെന്നും, കോലത്തിരി സ്വരൂപമെന്നും മൂന്നർത്ഥമുണ്ട്.) ഭഗവാനെ അസുരൻ കണ്ടു.

മൂലം – 3

അഹോ! ആരണ്യോഽയം മൃഗ ഇതി ഹസന്തം ബഹുതരൈർ-
ദുരുക്തൈർവിധ്യന്തം ദിതിസുതമവജ്ഞായ ഭഗവൻ!
മഹീം ദൃഷ്ട്വാ ദംഷ്ട്രാശിരസി ചകിതാം സ്വേന മഹസാ
പയോധാവാധായ പ്രസഭമുദയുങ്ക്ഥാ മൃധവിധൗ.

ഭാഷ

'ആരണ്യവാസി മൃഗമെന്നു പുഛിച്ചു
ദുർവാക്കുചൊല്ലും ദിതിസുതനെ
കണ്ടു വിറയ്ക്കും മഹിയെ പയോധിമേൽ
സ്വപ്രഭാവത്താലുറപ്പിച്ചു നീ
തൽക്ഷണം തയ്യാറെടുത്തു, അസുരനു
മുക്തി കൊടുക്കാനായ് ദ്വന്ദ്വയുദ്ധം.

അർത്ഥം : "ഇത് വെറും കാട്ടുമൃഗമല്ലേ" എന്ന് നിന്ദിച്ച് പരിഹസിക്കുന്ന ദൈത്യനെ കണ്ട് ഭയന്നു വിറയ്ക്കുന്ന ഭൂമിയെ, സ്വപ്രഭാവത്താൽ ജലോപരി ഉറപ്പിച്ചു നിർത്തി. ഉടനെത്തന്നെ, അസുരന്നു മുക്തി കൊടുക്കാനായി, ദ്വന്ദ്വയുദ്ധത്തിന് തയ്യാറായി.

മൂലം - 4

ഗദാപാണൌ ദൈത്യേ ത്വമപി ഹി ഗൃഹീതോന്നതഗദോ
നിയുദ്ധേന ക്രീഡൻ ഘടഘടരവോദ്ഘുഷ്ടവിയതാ,
രണാലോകൌത്സുക്യാന്മിലതി സുരസങ്ഘേ ദ്രുതമമും
നിരുന്ധ്യാഃ സന്ധ്യാതഃ പ്രഥമമിതി ധാത്രാ ജഗദിഷേ.

ഭാഷ

രണ്ടുഗദാപാണി വീരർ ഘടഘടാ
നാദമുയർത്തി രണക്രീഡയാൽ
കണ്ടുരസിച്ചുസുരസംഘം, ബ്രഹ്മാവോ
"സന്ധ്യക്കു മുമ്പു കഴിയ്ക്ക"യെന്നായ്

അർത്ഥം : അസുരനും ഭഗവാനും ഗദ കയ്യിലെടുത്ത് ഘോരയുദ്ധം തുടങ്ങി. ഗദ കൂട്ടിമുട്ടുമ്പോൾ ഘടഘടാ ശബ്ദമുയർന്നു. ആ വീരന്മാർക്ക് യുദ്ധം ഒരു ക്രീഡയായിരുന്നു. യുദ്ധം കാണാൻ ഉത്സാഹത്തോടെ വന്ന സുരസംഘങ്ങൾ കാഴ്ച കണ്ടു രസിച്ചു. ബ്രഹ്മാവാകട്ടെ, ഭഗവാനോട് "സന്ധ്യയാവും മുമ്പ് അസുരന്റെ കഥ കഴിക്കണം" എന്ന് ഓർമ്മിപ്പിച്ചു.

മൂലം - 5

ഗദോന്മർദ്ദേ തസ്മിംസ്തവ ഖലു ഗദായാം ദിതിഭുവോ
ഗദാഘാതാത് ഭൂമൌ ഝടിതി പതിതായാമഹഹ! ഭോഃ!
മൃദുസ്മേരാസ്യസ്ത്വം ദനുജകുലനിർമ്മൂലനചണം
മഹാചക്രം സ്മൃത്വാ കരഭുവി ദധാനോ രുരുചിഷേ.

ഭാഷ

ദൈത്യഗദാഘാതത്താലെക്കൌമോദകി
താഴത്തുവീഴ്കെച്ചിരിച്ചു ദേവൻ
ദൈത്യരെമുച്ചൂടും വേരറുക്കും മഹാ-
ചക്രവുമേന്തി വിളങ്ങിനിന്നു.

അർത്ഥം : ഹിരണ്യന്റെ ഗദയേറ്റ് ഭഗവാന്റെ കൗമോദകി എന്ന ഗദ താഴെ വീണു. ഭഗവാൻ ചെറിയൊരു പുഞ്ചിരി തൂകി സുദർശന ചക്രത്തെ ആവാഹിച്ചു. ദൈത്യരെ മുച്ചൂടും വേരറുക്കുന്ന ആ മഹാ കാലചക്രം തൃക്കയ്യിലേന്തി വിളങ്ങി.

മൂലം – 6

തതഃ ശൂലം കാലപ്രതിമരുഷി ദൈത്യേ വിസൃജതി
ത്വയി ച്ഛിന്ദത്യേനത്കരകലിത ചക്രപ്രഹരണാത്
സമാരുഷ്ടോ മുഷ്ട്യാ സ ഖലു വിതുദംസ്ത്വാം സമതനോദ്
ഗലന്മായേ മായാസ്ത്വയി കില ജഗന്മോഹനകരീഃ.

ഭാഷ

ശൂലമേന്തിക്കാലനെന്നപ്പോൽ ചാടവെ
ശൂലം മുറിച്ചു വരാഹമൂർത്തി
മുഷ്ടി ചുരുട്ടിയിടിച്ചു നോവിപ്പിച്ചു
മായ പ്രയോഗിക്കാൻ നോക്കി ദൈത്യൻ
മായാവിയാമവൻ മായയേശീടാത്ത
മായാമയനോടു തുല്യമാമോ

അർത്ഥം : കാലനെപ്പോലെ ശൂലമേന്തി അസുരൻ ചാടി വന്നപ്പോൾ വരാഹമൂർത്തി ചക്രത്താൽ ശൂലം മുറിച്ചു. അപ്പോൾ അവൻ മുഷ്ടി ചുരുട്ടി ഇടിച്ചു വേദനിപ്പിക്കാനും മായാപ്രയോഗം നടത്താനും ആരംഭിച്ചു. മായാവിയായ ദൈത്യന്, മായ ഏശാത്ത മായാമയനോട് തുല്യമാകാനോ, അവനിൽ മായ പ്രയോഗിക്കാനോ എങ്ങനെ സാദ്ധ്യമാകാനാണ്!

മൂലം – 7

ഭവച്ചക്രജ്യോതിഷ്കണലവനിപാതേന വിധുതേ
തതോ മായാചക്രേ വിതതഘനരോഷാന്ധമനസം
ഗരിഷ്ഠാഭിർമുഷ്ടിപ്രഹൃതിഭിരഭിഘ്നന്തമസുരം
കരാഗ്രേണ സ്വേന ശ്രവണപദമൂലേ നിരവധീഃ.

ഭാഷ

ദൈത്യന്റെ മായാചക്രങ്ങൾ ഭവച്ചക്ര-
ജ്യോതിഷ്ക്കണത്താൽ പറന്നുപോയി
ശുണ്ഠിയെടുത്തവിവേകം കാണിയ്ക്കുമാ
മണ്ടന്റെ ചെന്നിയിലാഞ്ഞടിച്ചു
സ്വന്ത പാദാംഗുഷ്ഠത്താലെയാവാരാഹ-
സുന്ദരഗാത്രൻ ഹരിപ്രവീരൻ

അർത്ഥം : അസുരൻ പ്രയോഗിച്ച മായാചക്രങ്ങൾ സുദർശന ചക്രത്തിന്റെ തീപ്പൊരി തട്ടി പറന്നുപോയി. അപ്പോൾ അവന് ശുണ്ഠി പിടിച്ചു. മുഷ്ടി ചുരുട്ടി ഇടിച്ച് അവിവേകം പ്രവർത്തിക്കുന്ന അസുരന്റെ കരണക്കുറ്റിയ്ക്ക്, തന്റെ കാൽവിരൽകൊണ്ട് വരാഹമൂർത്തിയായ ഹരി നല്ലൊരു പ്രഹരം കൊടുത്തു.

മൂലം - 8

മഹാകായഃസോഽയം തവചരണപാതപ്രമഥിതോ
ഗളദ്രക്തോ വക്ത്രാദപതദൃഷിഭിഃ ശ്ലാഘിതഹതിഃ
തദാ ത്വാമുദ്ദാമപ്രമദഭരവിദ്യോതിഹൃദയാ
മുനീന്ദ്രാഃ സാന്ദ്രാഭിഃ സ്തുതിഭിരനുവന്നധ്വരതനും.

ഭാഷ

കാൽച്ചവിട്ടേറ്റു ചതഞ്ഞുനിണം തുപ്പി-
യാ മഹാകായൻ പതിച്ചു താഴെ
ശ്ലാഘിച്ചു മാമുനിമാരവനെ യജ്ഞ-
രൂപിയായ് സാന്ദ്രസ്തുതികളാലെ

അർത്ഥം : ആ ചവിട്ടുകൊണ്ട് മഹാകായനായ അസുരൻ ചോരതുപ്പി നിലത്തു വീണു ചതഞ്ഞു ചത്തു. ദൃഷ്ടവധം കണ്ട് സന്തുഷ്ടരായ മഹർഷിമാർ ആന്തരാർത്ഥം മുറ്റിയ (സാന്ദ്രം) സ്തുതികളാൽ അവനെ "യജ്ഞവരാഹരൂപ"ത്തിൽ പ്രകീർത്തിച്ചു.

മൂലം - 9

ത്വചി ച്ഛന്ദോ രോമസ്വപി കുശഗണശ്ചക്ഷുഷി ഘൃതം
ചതുർഹോതാരോഽങ്ഘ്രൗ സ്രുഗപി വദനേ ചോദര ഇഡാ
ഗ്രഹാ ജിഹ്വായാം തേ പരപുരുഷ! കർണ്ണേ ച ചമസാ
വിഭോ! സോമോ വീര്യം വരദ! ഗളദേശേഽപ്യുപസദഃ.

ഭാഷ

ത്വക്കുഛന്ദസ്സു, രോമങ്ങളോ ദർഭ-യാ-
ക്കണ്ണുനെയ്, നാലുകാൽ ഹോതാക്കന്മാർ
സ്രൃക്കു മുഖം വയറാണു പുരോഡാശ-
പാത്രമിഡ, ജിഹ്വ സോമപാത്രം
കർണ്ണം ചമസങ്ങൾ വീര്യമോ സോമവും
നിൻകണ്ഠമാണുപസത്തു വിഷ്ണോ

അർത്ഥം : ഹേ, പരമപുരുഷനായ വിഷ്ണോ, അങ്ങയുടെ യജ്ഞ രൂപം ഇപ്രകാരമാണ്. ത്വക്ക് ഗായത്രി മുതലായ ഛന്ദസ്സുകളാണ്. രോമ ങ്ങൾ കുശപ്പുല്ലാണ്. കണ്ണ് ആജ്യമായ നെയ്യാണ്. നാലു കാലുകൾ നാല് ഹോതാക്കളാണ്. മുഖം (വായ) സ്രൃക്ക്, വയറ് പുരോഡാശ പാത്രമായ ഇഡ, നാവ് സോമരസം നിറച്ചുവെച്ച പാത്രങ്ങൾ, ചെവി കൾ ചമസങ്ങൾ, രേതസ്സ് സോമം, കഴുത്ത് ഉപസത്തുകളെന്ന ഇഷ്ടി വിശേഷം. ഇപ്രകാരം നീ യജ്ഞ വരാഹമാകുന്നു.

മൂലം – 10

മുനീന്ദ്രൈരിത്യാദിസ്തവനമുഖരൈർമോദിതമനാ
മഹീയസ്യാ മൂർത്ത്യാ വിമലതരകീർത്ത്യാ ച വിലസൻ
സ്വധിഷ്ണ്യം സംപ്രാപ്തഃ സുഖരസവിഹാരീ മധുരിപോ!
നിരുന്ധ്യാ രോഗം മേ സകലമപി വാതാലയപതേ!

ഭാഷ

മാമുനിമാരുടെ സ്തോത്രം കേട്ടാനന്ദ-
മോടും മഹീയമാം മൂർത്തിയോടും
നിത്യവിമലമാം കീർത്ത്യാ സ്വധിഷ്ണയാം
നിത്യവൈകുണ്ഠപ്രദേശം തന്നിൽ
ബ്രഹ്മസുഖരസം തന്നിൽ വിഹരിക്കും
വാതാലയേശാ, മധുമഥനാ
എന്നെച്ചുഴലുന്ന രോഗം നിരോധിക്കാൻ
നിന്നുടെ കാരുണ്യമുണ്ടാവണം

അർത്ഥം : ഇപ്രകാരം മുനിമാരുടെ സ്തുതികേട്ടു പ്രസന്നനായി, മഹനീയ മൂർത്തിയായി, വിമലകീർത്തിയോടെ സ്വധിഷ്ണയായ ശാശ്വത വൈകുണ്ഠ ദേശത്തിലെ ബ്രഹ്മാനന്ദരസത്തിൽ വിഹരിക്കുന്ന മധുമഥനനായ ഗുരുവായൂരപ്പാ, എന്നെ ചുഴലുന്ന രോഗം നിരോധിക്കാൻ നിന്റെ കാരുണ്യം ഉണ്ടാവണേ!

O

ദശകം 14

കപിലോപാഖ്യാനം

മൂലം – 1

സമനുസ്മൃതതാവകാങ്ഘ്രിയുഗ്മ-
സ്സ മനുഃ പങ്കജസംഭവാംഗജന്മാ
നിജമന്തരമന്തരായഹീനം
ചരിതം തേ കഥയൻ സുഖം നിനായ.

ഭാഷ

ബ്രഹ്മപുത്രൻ മനു മന്വന്തരമെഴു-
പത്തൊന്നു ചാതുര്യുഗങ്ങൾ വാണു
നിൻപാദമെന്നും സ്മരിച്ചു ചരിതങ്ങൾ
പാടി സ്തുതിച്ചു സുഖിച്ചു ധന്യൻ

അർത്ഥം : ബ്രഹ്മാവിന്റെ അംഗത്തിൽനിന്നുണ്ടായ മനു, തന്റെ മന്വന്തര കാലമായ എഴുപത്തൊന്നു ചതുര്യുഗം, വിഷ്ണുപാദം നിത്യം സ്മരിച്ചും ചരിതങ്ങൾ പാടി സ്തുതിച്ചും ധന്യനായി ആനന്ദപൂർവ്വം വാണു.

മൂലം – 2

സമയേ ഖലു തത്ര കർദ്ദമാഖ്യോ
ദ്രുഹിണച്ഛായഭവസ്തദീയവാചാ
ധൃതസർഗ്ഗരസോ നിസർഗ്ഗരമ്യം
ഭഗവംസ്ത്വാമയുതം സമാഃ സിഷേവേ.

ഭാഷ

ഛായയിൽ ബ്രഹ്മാവിനുണ്ടായ കർദ്ദമൻ
ബ്രഹ്മാജ്ഞയാൽ സർഗ്ഗതല്പരനായ്
നൈസർഗ്ഗികരമ്യമൂർത്തി ഹരിയെപ്പ-
ത്തായിരം വർഷം തപസ്സു ചെയ്തു.

അർത്ഥം : ഛായാദേവിയിൽ ബ്രഹ്മാവിനുണ്ടായ കർദ്ദമൻ ബ്രഹ്മാജ്ഞയാൽ സർഗ്ഗത്തിൽ താല്പര്യമുള്ളവനായി. അദ്ദേഹം നൈസർഗ്ഗികരമ്യമൂർത്തിയായ ഹരിയെ പത്തായിരം വർഷം തപസ്സുചെയ്തു.

മൂലം – 3

ഗരുഡോപരി കാളമേഘക്രമം
വിലസത്കേളിസരോജപാണിപത്മം
ഹസിതോല്ലസിതാനനം വിഭോ! ത്വം
വപുരാവിഷ്കരുഷേ സ്മ കർദ്ദമായ.

ഭാഷ

കാളമേഘോപമസുന്ദരം കൈകളിൽ
കേളീസരോജം പ്രസന്നഹാസം
സൗപർണ്ണ ഗാരുഡാരൂഢം നിൻ പൊന്നുടൽ
കണ്ടു വിശുദ്ധനാ കർദ്ദമനും

അർത്ഥം : കർദ്ദമൻ ധ്യാനിച്ച നൈസർഗ്ഗികസുന്ദരരൂപം അദ്ദേഹത്തിന്റെ കൺമുന്നിൽ പ്രത്യക്ഷമായി. കാർമേഘംപോലെ സുന്ദരം, കൈകളിൽ കേളീപത്മം, മുഖത്ത് സുപ്രസന്ന ഭാവവും മന്ദഹാസവും, ഗരുഡന്റെ പുറത്തിരിക്കുന്ന ആ പൊന്നുടൽ കർദ്ദമൻ ദർശിച്ചു.

മൂലം – 4

സ്തുവതേ പുളകാവൃതായ തസ്മൈ
മനുപുത്രീം ദയിതാം നവാപി പുത്രീഃ
കപിലഞ്ച സുതം സ്വമേവ പശ്ചാത്
സ്വഗതിഞ്ചാപ്യനുഗൃഹ്യ നിർഗതോഽഭൂഃ.

ഭാഷ

ആനന്ദരോമാഞ്ച കഞ്ചുകധാരിയായ്
പാടിസ്തുതിയ്ക്കുമവന്നരുളി
ദേവാഹുതിമനുപുത്രിയിലൊമ്പതു
പുത്രി, താൻ തന്നെ മകനായിട്ടും,
അന്ത്യമാം മോക്ഷഗതിയുമവിടുന്ന-
ചിന്തനീയം നിൻ വരപ്രസാദം.

അർത്ഥം : ആ ദർശനം കിട്ടി, രാമോഞ്ചകഞ്ചുകം ധരിച്ച് പാടി സ്തുതിക്കുന്ന കർദ്ദമന് അവിടുന്ന് അചിന്തനീയമായ അസുലഭവരപ്രസാദം നൽകി. ദേവാഹൂതി എന്ന മനുപുത്രിയിൽ ഒമ്പതു പുത്രിമാരേയും, താൻ തന്നെ പുത്രനായി അവതരിക്കാമെന്നും ഒടുവിൽ മോക്ഷഗതിയും വാഗ്ദാനം നൽകി.

മൂലം – 5

സ മനുഃ ശതരൂപയാ മഹിഷ്യാ
ഗുണവത്യാ സുതയാ ച ദേവഹൂത്യാ
ഭവദീരിതനാരദോപദിഷ്ടഃ
സമഗാത്കർദ്ദമമാഗതിപ്രതീക്ഷം.

ഭാഷ

നാരദവാക്യത്താൽ സ്വായം ഭുവൻ ശത-
രൂപദേവാഹൂതിമാരോടൊപ്പം
കാത്തിരിയ്ക്കുന്ന പ്രജാപതി കർദ്ദമ-
ന്നാശ്രമത്തിൽ വേഗം വന്നുചേർന്നു.

അർത്ഥം : അവിടുത്തെ ഉപദേശപ്രകാരം നാരദമുനി വന്നു പറഞ്ഞതിനാൽ, സ്വായംഭുവ മനു പത്നിയായ ശതരൂപയോടും മകൾ ദേവാഹൂതിയോടുമൊപ്പം, അവരുടെ വരവു പ്രതീക്ഷിച്ചിരിക്കുന്ന കർദ്ദമപ്രജാപതിയുടെ ആശ്രമത്തിൽ വന്നുചേർന്നു.

മൂലം – 6

മനുനോപഹൃതാം ച ദേവഹൂതിം
തരുണീരത്നമവാപ്യ കർദ്ദമോfസൗ
ഭവദർച്ചനനിർവൃതോ fപി തസ്യാം
ദൃഢശുശ്രൂഷണയാ ദധൗ പ്രസാദം.

ഭാഷ

സ്വായംഭുവൻ തന്ന സ്ത്രീരത്നമാമവൾ
അവ്യാജമാം ദൃഢശുശ്രൂഷയാൽ
നിന്നർച്ചനാസുഖം നേടിയ തൻപതി
തന്നുടെ തൃപ്രസാദത്തെ നേടി.

അർത്ഥം : സ്വായംഭുവൻ നൽകിയ ആ തരുണീരത്നമായ ദേവാഹൂതി, കർദ്ദമ പത്നിയായി. ഭഗവദർച്ചനകൊണ്ട് നിർവൃതി നേടിയവനാണെങ്കിൽപ്പോലും ആ ധർമ്മപത്നിയുടെ നിർവ്യാജസ്നേഹവും ദൃഢശുശ്രൂഷയുംകൊണ്ട് അവളിൽ പ്രസാദവാനായി ഭവിച്ചു.

മൂലം - 7

സ പുനസ്ത്വദുപാസനപ്രഭാവാദ്-
ദയിതാകാമകൃതേ കൃതേ വിമാനേ
വനിതാകുലസങ്കുലോ നവാത്മാ
വ്യഹരദ് ദേവപഥേഷു ദേവഹൂത്യാ.

ഭാഷ

നിന്റെ യുപാസനാ വീര്യത്താലുണ്ടാക്കി
പത്നി കാമിച്ച വിധം വിമാനം
ഒമ്പതു ദിവ്യരൂപത്തിലവളുമായ്
ദേവപഥങ്ങളിലാരമിച്ചു.

അർത്ഥം : കർദ്ദമൻ നിന്റെ, ഉപാസിച്ച് നേടിയ, പ്രഭാവത്താൽ പത്നിയ്ക്കുവേണ്ടി ദിവ്യമായ ഒരു വിമാനമുണ്ടാക്കി. അനേകം ദിവ്യസ്ത്രീകളാൽ ചുറ്റപ്പെട്ട്, പരിചരിക്കപ്പെട്ട അവളോടുകൂടി, ഒമ്പതു ആകൃതി (രൂപം) എടുത്ത് ദേവപഥങ്ങളിൽ രമിച്ചു.

മൂലം - 8

ശതവർഷമഥ വ്യതീത്യ സോഽയം
നവ കന്യാഃ സമവാപ്യ ധന്യരൂപാഃ
വനയാനസമുദ്യതോഽപി കാന്താ-
ഹിതകൃത്ത്വജ്ജനനോത്സുകോ ന്യവാത്സീത്.

ഭാഷ

നൂറുവർഷത്തെസ്സുഖത്താലുളവായി
ധന്യനവകന്യമാർ പുത്രിമാർ
കാട്ടിൽ തപസ്സിനുപോകാനൊരുങ്ങവെ
കാന്താഹിതം കേട്ടു പിന്മടങ്ങി
വിഷ്ണു തൻ പുത്രനായ് ജന്മമെടുക്കുവാ-
നുത്സുകനായിട്ടു വാണു വീട്ടിൽ

അർത്ഥം : നൂറുവർഷം സുഖിച്ച് ഒമ്പതു ധന്യകളായ പുത്രിമാരെ ജനിപ്പിച്ചശേഷം കാട്ടിലേക്ക് തപസ്സിന് പോകാനൊരുങ്ങി. അപ്പോൾ, പുത്രൻ കൂടി ജനിക്കണമെന്ന ഭാര്യയുടെ ആഗ്രഹം കേട്ട് പിന്മടങ്ങി. മഹാവിഷ്ണു സ്വയം തന്റെ പുത്രനായവതരിക്കുന്ന നാളിനു കാത്തുകൊണ്ട് ഗൃഹത്തിൽ തന്നെ താമസിച്ചു.

മൂലം – 9

നിജഭർതൃഗിരാ ഭവന്നിഷേവാ-
നിരതായാമഥ ദേവ! ദേവഹൂത്യാം
കപിലസ്ത്വമജായഥാ ജനാനാം
പ്രഥയിഷ്യൻ പരമാത്മതത്ത്വവിദ്യാം.

ഭാഷ

ഭർത്തൃവാക്യം കേട്ടു വിഷ്ണു ഭജനത്തിൽ
ശ്രദ്ധവെച്ചീടും ദേവാഹൂതിയിൽ
ആത്മതത്വാർത്ഥവിദ്യാ ഗുരുവായിട്ടു
ആത്മജനായ്പ്പിറന്നൂ കപിലൻ

അർത്ഥം : ഭർത്താവ് ഉപദേശിച്ചതനുസരിച്ച് ശ്രദ്ധാപൂർവ്വം വിഷ്ണു ഭജനം ചെയ്ത് ദേവനെ ആഹ്വാനം ചെയ്യുന്നവളായ (ആവാഹിക്കുന്ന) ദേവാഹൂതിയിൽ, അവൾക്കും സർവ്വലോകത്തിനും ആത്മതത്വവിദ്യ ഉപദേശിക്കുന്നതിനുള്ള സദ് ഗുരുവായി, മകനായി, നിന്തിരുവടി കപില മുനിയായി അവതാരം ചെയ്തു.

മൂലം – 10

വനമേയുഷി കർദ്ദമേ പ്രസന്നേ
മതസർവസ്വമുപാദിശജ്ജനന്യൈ
കപിലാത്മക! വായുമന്ദിരേശ!
ത്വരിതം ത്വം പരിപാഹി മാം ഗദൌഘാത്.

ഭാഷ

ഏറ്റം പ്രസന്നൻ പിതാവു കാട്ടിൽപോകെ
അമ്മയ്ക്കുപദേശം നൽകിപുത്രൻ
ഹേ, കപിലാത്മക, വായു പുരേശ്വരാ
വേഗമകറ്റൂ ദുരിതമെല്ലാം.

അർത്ഥം : പ്രസന്നനായ അച്ഛൻ കാട്ടിലേക്കു തപസ്സിനു പോയ കാലത്ത്, മതസർവ്വസ്വവും അമ്മയ്ക്ക് ഉപദേശിച്ച കപിലാത്മകനായ ഗുരുവായു പുരേശാ, അതിവേഗം എന്റെ ദുരിതങ്ങളും രോഗങ്ങളും അകറ്റണം.

O

ദശകം 15

കപിലോപദേശം

മൂലം – 1

മതിരിഹ ഗുണസക്താ ബന്ധകൃ, ത്തേഷ്വസക്താ
ത്വമൃതകൃ, ദുപരുന്ധേ ഭക്തിയോഗസ്തു സക്തിം
മഹദനുഗമലഭ്യാ ഭക്തിരേവാത്ര സാധ്യാ,
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

ലൗകിക സൗഖ്യത്തിലാസക്തിയുണ്ടായ
മാനസം സംസാരബന്ധമേല്പു
ആസക്തിയില്ലാത്ത മാനസം മോക്ഷമാം
ദിവ്യാമൃത സുഖമാസ്വദിപ്പു.
ഭക്തിയോഗത്താൽ തടയണ മാസക്തി
സദ്സംഗത്താൽ വേണം ഭക്തി നേടാൻ

അർത്ഥം : "മനസ്സിന് ലൗകികസുഖങ്ങളിൽ ആസക്തിയുണ്ടായാൽ സംസാരബന്ധം വരും. ആസക്തിയില്ലാത്ത മനസ്സ് മോക്ഷമാകുന്ന ദിവ്യമായ അമൃതാനന്ദം ആസ്വദിക്കയും ചെയ്യും. ആസക്തി തടയാൻ ഭക്തിയോഗം മാത്രമാണ് വഴി. സദ്സംഗം കൊണ്ടു വേണം ഭക്തി നേടാൻ." കപിലരൂപത്തിൽ അവതരിച്ച ഈശ്വരൻ തന്റെ അമ്മയായ ദേവാഹൂതിയ്ക്ക് ഇപ്രകാരം ഉപദേശിച്ചു.

മൂലം – 2

പ്രകൃതിമഹദഹങ്കാരാശ്ച മാത്രാശ്ച ഭൂതാ-
ന്യപി ഹൃദപി ദശാക്ഷീ പൂരുഷഃ പഞ്ചവിംശഃ
ഇതി വിദിതവിഭാഗോ മുച്യതേ/സൌ പ്രകൃത്യാ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

മൂലപ്രകൃതി, മഹ, ത്തഹങ്കാരവും
അഞ്ചുതന്മാത്രകൾ ഭൂതങ്ങളും
ഹൃത്തു, പത്തിന്ദ്രിയം, പൂരുഷനും പഞ്ച-
വിംശതിതത്ത്വമറിയുവോനെ
മായാപ്രകൃതി വിമുക്തനാക്കും തന്റെ
മായാബന്ധങ്ങളിൽ നിന്നു താനേ
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : മൂലപ്രകൃതി, മഹത്തത്ത്വം, അഹങ്കാരം, അഞ്ചു തന്മാത്രകൾ, പഞ്ചഭൂതങ്ങൾ, ഹൃത്ത്, പത്ത് ഇന്ദ്രിയങ്ങൾ എന്ന് 24 തത്ത്വവും, ഇരുപത്തഞ്ചാമത്തെ 'പുരുഷനും' – ഈ തത്ത്വവിഭാഗം അറിയുന്ന മനുഷ്യനെ മായാപ്രകൃതി തന്റെ ബന്ധനത്തിൽ നിന്ന് മുക്തനാക്കുന്നു. കപിലരൂപത്തിൽ അവതരിച്ച ഈശ്വരൻ തന്റെ അമ്മയായ ദേവാഹൂതിയ്ക്ക് ഇപ്രകാരം ഉപദേശിച്ചു.

മൂലം – 3

പ്രകൃതിഗതഗുണൌഘൈർന്നാജ്യതേ പൂരുഷോ/യം
യദി തു സജതി തസ്യാം തദ്ഗുണാസ്തം ഭജേരൻ
മദനുഭജനതത്ത്വാലോചനൈഃ സാപ്യപേയാത്
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

പുരുഷന്നില്ല ജന്മങ്ങളും മൃത്യുവും
ധർമ്മവും ബന്ധവും തെല്ലുപോലും
ആസക്ത ജീവനെ മാത്രം പ്രകൃതിത-
ന്നാ ധർമ്മബന്ധനം കീഴടക്കും
എന്നെ ഭജിച്ചെന്റെ തത്വമാലോചിക്കി-
ലാബന്ധവും കൂടി മാറിനിൽക്കും
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : പുരുഷന് (ആത്മാവ്) ജനനം, മരണം, ധർമ്മം, കർമ്മം, കർമ്മബന്ധനം ഇവയൊന്നും അശേഷമില്ല. എന്നാൽ ഏതൊരു ജീവാത്മ പുരുഷന് പ്രകൃതിയിലും ഭൗതികവസ്തുക്കളിലും ആസക്തി ഉദിച്ചുവോ, ആ ജീവാത്മപുരുഷനെ പ്രകൃതിധർമ്മമായ കർമ്മബന്ധങ്ങൾ ബന്ധിക്കുക തന്നെ ചെയ്യും. ആ ബന്ധത്തിൽ നിന്നും മുക്തി നേടാനായി ഈശ്വരനെ നിരന്തരം ഭജിക്കു, ഈശ്വര തത്വത്തെ നിരന്തരം ധ്യാനമനന നിദിദ്ധ്യാസനങ്ങളിലൂടെ ഗവേഷണ ബുദ്ധിയോടെ ആലോചിച്ച് ചിത്തത്തിലുറപ്പിക്കുക. ഇപ്രകാരം കപിലൻ അമ്മയോടു പറഞ്ഞു.

മൂലം – 4

വിമലമതിരുപാത്തൈരാസനാദ്യൈർമ്മദംഗം
ഗരുഡസമധിരൂഢം ദിവ്യഭൂഷായുധാങ്കം
രുചിതുലിതതമാലം ശീലയേതാനുവേലം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

യോഗമുറകൾ ശീലിച്ചുവിമലമാം
മാനസത്താൽ ധ്യാനം ചെയ്കനിത്യം
ദിവ്യഭൂഷായുധധാരം തമാലത്തിൻ
നീലം ഗരുഡാധിരൂഢരൂപം
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : യമനിയമാസനാദി യോഗമുറകൾ നിത്യം പരിശീലിച്ച് ചിത്തം ശുദ്ധമാക്കുക. ശുദ്ധമായ ചിത്തം മാത്രമെ ഏകാഗ്ര ധ്യാനത്തിന് ഉപകരിയ്ക്കുകയുള്ളു. അപ്രകാരമുള്ള ശുദ്ധ മനസ്സാൽ നിത്യവും ധ്യാനം ചെയ്യുക. എല്ലാ ദിവ്യായുധങ്ങളും ദിവ്യാഭരണങ്ങളും അണിഞ്ഞ് തമാലനീലകാന്തിയോടെ, ഗരുഡന്റെ പുറത്തു കയറിയ എന്റെ രൂപം നന്നായി ധ്യാനിക്കുക എന്ന് കപിലൻ അമ്മയോടു പറഞ്ഞു.

മൂലം – 5

മമ ഗുണഗണലീലാകർണ്ണനൈഃ കീർത്തനാദ്യൈർ-
മ്മയി സുരസരിദോഘപ്രഖ്യചിത്താനുവൃത്തിഃ
ഭവതി പരമഭക്തിഃ സാ ഹി മൃത്യോർവ്വിജേത്രീ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

എൻ ഗുണം, ലീലാ ശ്രവണം, സങ്കീർത്തനം
ധ്യാനം തരും ചിത്തം ഗംഗാതുല്യം
ആ ചിത്തവൃത്തിയിൽ ഉത്കൃഷ്ടഭക്തിയാൽ
മൃത്യുജയം അമൃതത്വമുണ്ടാം
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : എന്റെ ഗുണഗുണങ്ങളും ലീലകളും നിത്യം കേൾക്കുക, സങ്കീർത്തനം ചെയ്യുക, എന്റെ ചിത്സ്വരൂപം ധ്യാനിയ്ക്കുക മുതലായ പ്രവൃത്തികൾകൊണ്ട് മനുഷ്യന്റെ ചിത്തം ഗംഗാനദിപോലെ പരിശുദ്ധമാവും. ആ ചിത്തവൃത്തിയിൽ ജനിക്കുന്ന അത്യുത്തമമായ ഭക്തി കൊണ്ട് മനുഷ്യൻ മൃത്യുവെ ജയിച്ച് അമൃതത്വം നേടുന്നു എന്ന് കപിലൻ അമ്മയോട് പറഞ്ഞു.

മൂലം – 6

അഹഹ! ബഹുളഹിംസാസഞ്ചിതാർത്ഥൈഃ കുടുംബം-
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ.

ഭാഷ

ഭക്തിയില്ലാത്തോൻ പലതരം ഹിംസകൾ
ചെയ്തു നേടുന്ന ധനത്തിനാലേ
ഗേഹം നടത്തുന്നു സ്ത്രീജിതരായിട്ടും
മക്കളെ ലാളിച്ചും സ്വാർത്ഥരായി.
ലൗകിക ഗേഹാസക്തന്മാർക്കു യാതന-
യൊന്നേയനുഭവം മറ്റൊന്നില്ല
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : ഭഗവദ് ഭക്തിയില്ലാതെ, സ്വാർത്ഥചിന്തയോടെ ഗൃഹസ്ഥാശ്രമത്തിൽ കഴിയുന്ന സംസരികളെക്കുറിച്ച് പറയുന്നു. അവർ സ്ത്രീകളുടെ ചൊല്പടിക്കു വഴങ്ങിയും, മക്കളെ ലാളിച്ച് അവരുടെ സുഖസൗകര്യത്തിനായും അനേകം അവിഹിതമാർഗ്ഗങ്ങളിലൂടെ മറ്റുള്ളവരെ ചൂഷണം ചെയ്യുക എന്ന ഹിംസാത്മകവൃത്തികൊണ്ട് ധനം സമ്പാദിക്കുന്നു. ആ ധനം കൊണ്ട് കുടുംബം നടത്തുന്നു. ഇത്തരം ലൗകികാ സക്തന്മാർക്ക് സംസാരയാതനയല്ലാതെ, ഒരിക്കലും മുക്തിയുടെ ആനന്ദാനുഭവം ലഭിക്കുന്നില്ല എന്ന് കപിലൻ അമ്മയോടു പറഞ്ഞു.

മൂലം - 7

യുവതിജഠരഖിന്നോ ജാതബോധോഽപ്യകാണ്ഡേ
പ്രസവഗളിതബോധഃ പീഡയോല്ലംഘ്യ ബാല്യം
പുനരപി ബത! മുഹ്യത്യേവ താരുണ്യകാലേ
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ

ഭാഷ

അമ്മതൻ ഗർഭത്തിലുണ്ടാവും തല്ക്കാല-
ജ്ഞാനം, പ്രസവത്തിൽ ബോധം പോകും
ശൈശവബാല്യപീഡാർത്തികൾ, താരുണ്യ-
കാലത്തോ മോഹത്തിൻ മായാബന്ധം
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : അമ്മയുടെ ഗർഭത്തിൽ കിടക്കുമ്പോൾ ജീവന് പൂർവ്വജന്മസ്മൃതികൊണ്ട് ജ്ഞാനബോധം ഉദിക്കുന്നു. എന്നാൽ പെറ്റു വീണ ഉടനെ ആ ജ്ഞാനബോധം ജീവനെ വേർപിരിയുന്നു. ശൈശവബാല്യകാലങ്ങളിലെ അരിഷ്ടുകളും പീഢകളും കഴിഞ്ഞ് താരുണ്യത്തിലെത്തുമ്പോൾ അനവധി മോഹങ്ങളുടെ മായാബന്ധത്തിൽ ജീവൻപെട്ടു കഴിഞ്ഞിരിക്കും. ഇതാണ് സംസാരബന്ധനമെന്ന് കപിലൻ അമ്മയോട് പറഞ്ഞു.

മൂലം – 8

പിതൃസുരഗണയാജീ ധാർമികോ യോ ഗൃഹസ്ഥഃ
സ ച നിപതതി കാലേ ദക്ഷിണാധ്വോപഗാമീ
മയി നിഹിതമകാമം കർമ തൂദക്പഥാർത്ഥം
കപിലതനുരിതി ത്വം ദേവഹൂത്യൈ ന്യഗാദീഃ.

ഭാഷ

ധാർമ്മികരാകും ഗൃഹസ്ഥർ പിതൃദേവ-
യാജ്ഞികർ തെക്കോട്ടുപോയിടുന്നു.
പുണ്യക്ഷയത്തിൽ പതനമവർക്കുത്ത-
രായനം നിഷ്ക്കാമ ഭക്തർക്കല്ലോ-
ചൊല്ലി കപിലസ്വരൂപനാമീശ്വരൻ
അമ്മ ദേവാഹൂതിയോടു മെല്ലെ.

അർത്ഥം : ധർമ്മിഷ്ഠരായ ഗൃഹസ്ഥന്മാർ പിതൃയജ്ഞം, ദേവയജ്ഞം, ബ്രഹ്മയജ്ഞം, ഭൂതയജ്ഞം, മനുഷ്യയജ്ഞം മുതലായ പഞ്ചമഹാ യജ്ഞങ്ങളെ വിധിപോലെ അനുഷ്ഠിക്കുന്നു. അവർ ദക്ഷിണായനം, കൃഷ്ണപക്ഷം, രാത്രി എന്ന ധൂമമാർഗ്ഗത്തിൽ തെക്കോട്ടുപോയി ചന്ദ്ര ലോകത്തിൽ സുഖിക്കുന്നു. പുണ്യം ക്ഷയിക്കുമ്പോൾ വീണ്ടും മഴ ത്തുള്ളി രൂപത്തിൽ ഭൂമിയിൽ വന്നു ജനിക്കുന്നു. ഉത്തരായനമാർഗ്ഗം നിഷ്കാമഭക്തിയുള്ള ഉത്തമ ജീവന്മാർക്കു മാത്രമാണ് എന്ന് കപിലൻ അമ്മയോട് പറഞ്ഞു.

മൂലം – 9

ഇതി സുവിദിതവേദ്യാം ദേവ ഹേ! ദേവഹൂതിം
കൃതനുതിമനുഗൃഹ്യ ത്വം ഗതോ യോഗിസംഘൈഃ
വിമലമതിരഥാസൌ ഭക്തിയോഗേന മുക്താ
ത്വമപി ജനഹിതാർത്ഥം വർത്തസേ പ്രാഗുദീച്യാം.

ഭാഷ

അമ്മയറിയേണ്ടതെല്ലാമറിഞ്ഞിട്ടു
നൽകീയനുഗ്രഹം, പുത്രനപ്പോൾ
യോഗസംഘത്തോടെ യാത്രയായമ്മയോ
ശുദ്ധമാം ഭക്തിയാൽ മുക്തയായി
ലോകഹിതത്തിനായ് പ്രാഗുത്തരദിക്കിൽ
പാർക്കുന്നതിന്നും കപിലോത്തമൻ

അർത്ഥം : ഏതൊന്നാണോ അറിയേണ്ടത്, ആ തത്വമറിഞ്ഞ അമ്മ മകനെ പോകാനനുവദിച്ച്, അനുഗ്രഹാശിസ്സുകളരുളി. തന്റെ യോഗി സംഘത്തോടൊപ്പം മകൻ യാത്രയായപ്പോൾ സംസാരബന്ധമറ്റ അമ്മ ശുദ്ധമായ ഭക്തി ഒന്നുകൊണ്ടുതന്നെ മുക്തയായി. ലോകഹിതത്തി

നായി ആത്മതത്വം ഉപദേശിക്കാൻ അവതരിച്ച ഉത്തമാവതാരമായ കപിലമുനി ഇപ്പോഴും വടക്കു കിഴക്കെ ദിശയിൽ ഗംഗാസാഗര സംഗമ ദേശത്ത് ഭൂമിയ്ക്കടിയിൽ വാഴുന്നു.

മൂലം – 10

പരമ! കിമു ബഹൂക്ത്യാ ത്വത്പദാംഭോജഭക്തിം
സകലഭയവിനേത്രീം സർവ്വകാമോപനേത്രീം
വദസി ഖലു ദൃഢം ത്വം തദ്വിധൂയാമയാൻ മേ
ഗുരുപവനപുരേശ! ത്വയ്യുപാധത്സ്വ ഭക്തിം.

ഭാഷ

എന്തിനധികം പറയുന്നു, നിൻപാദ
ഭക്തിയകറ്റും ഭയമഖിലം
സർവ്വകാമപ്രാപ്തി നൽകുമാ ഭക്തിയെ
നൽകൂ ദൃഢമാക്കൂ, മന്മനസ്സിൽ
സർവ്വാമയം മാറ്റുമാ ദൃഢ ഭക്തിയെ
സർവ്വോത്തമാത്മൻ ഞാൻ യാചിയ്ക്കുന്നു.

അർത്ഥം : എന്തിനാണ് അധികം പറയുന്നത്, അവിടുത്തെ പാദത്തിൽ ഭക്തിയുണ്ടായാൽ സർവ്വ ഭയവും നീങ്ങും, സർവ്വകാമ പ്രാപ്തിയു ണ്ടാവും. അപ്രകാരമുള്ള ഭക്തിയെ നൽകി, എന്റെ മനസ്സിൽ അതിനെ രൂഢമൂലമാക്കിയാലും. സർവ്വോത്തമമായ പരമാത്മാവെ, സർവ്വ ആമ യവും നീക്കി, നിരാമയമാക്കുന്ന ആ ദൃഢഭക്തിയെ മാത്രമാണ് ഞാൻ അവിടുത്തോട് യാചിക്കുന്നത്.

O

ദശകം 16

നരനാരായണചരിതവും ദക്ഷയജ്ഞവും

മൂലം – 1

ദക്ഷോ വിരിഞ്ചതനയോഽഥ മനോസ്തനൂജാം
ലബ്ധ്വാ പ്രസൂതിമിഹ ഷോഡശ ചാപ കന്യാഃ
ധർമ്മേ ത്രയോദശ ദദൗ പിതൃഷു സ്വധാം ച
സ്വാഹാം ഹവിർഭുജി സതീം ഗിരിശേ ത്വദംശേ.

ഭാഷ

ദക്ഷന്റെ പത്നി പ്രസൂതി മനുപുത്രി-
യ്ക്കുണ്ടായ് പതിനാറു കന്യകമാർ,
ധർമ്മദേവനു പതിമ്മൂന്നു പേരെ, പ്പി-
തൃക്കൾക്കു നൽകി സ്വധയെ, സ്വാഹ
അഗ്നിയെ വേട്ടു, ശിവൻ സതീദേവിയെ
ദക്ഷവംശം മഹാവംശമത്രെ.

അർത്ഥം : ബ്രഹ്മപുത്രനായ ദക്ഷപ്രജാപതി സ്വയംഭൂവ മനുവിന്റെ പുത്രി പ്രസൂതിയെ വിവാഹം ചെയ്തു, അതിൽ 16 പെൺകുട്ടികളുണ്ടായി. 13 പേരെ ധർമ്മദേവൻ വേട്ടു. സ്വധയെ പിതൃക്കൾക്കും സ്വാഹയെ അഗ്നിക്കും സതിയെ ശിവനും കൊടുത്തു. ദക്ഷന്റെ വംശം പേരുകേട്ട വംശമാണ്.



കപിലനും, നരനാരായണന്മാരും, പൃഥുവും, ഋഷഭനും മഹാവിഷ്ണു വിന്റെ അവതാരങ്ങളാണ്. ദശകം 14 മുതൽ 20 വരെ കപിലൻ, നരനാരായണർ, ധ്രുവൻ, പൃഥു, ഋഷഭൻ എന്നിവരുടെ അവതാര കഥ പറയുന്നു.

മൂലം – 2

മൂർത്തിർഹി ധർമ്മഗൃഹിണീ സുഷുവേ ഭവന്തം
നാരായണം നരസഖം മഹിതാനുഭാവ
യജ്ജന്മനി പ്രമുദിതാഃ കൃതതൂര്യഘോഷാഃ
പുഷ്പോത്കരാൻ പ്രവവൃഷുർനുനുവുഃ സുരൗഘാഃ.

ഭാഷ

ധർമ്മന്റെ പത്നിയാം മൂർത്തിയിലുണ്ടായി
നാരായണനും നരനുമൊപ്പം
ദേവഗണങ്ങൾ സന്തൂര്യഘോഷത്തോടെ
പൂ തൂകി സ്തോത്രം പാടി സ്തുതിച്ചു.

അർത്ഥം : ധർമ്മന്റെ പത്നിമാരിലൊരാളായ മൂർത്തിയിൽ നാരായണനും നരനുമായി വിഷ്ണു അവതരിച്ചു. ആ അവതാരത്തിൽ സന്തുഷ്ടരായ ദേവഗണങ്ങൾ സന്തൂർ എന്ന വാദ്യവിശേഷം ഘോഷിച്ച് സ്തോത്രം പാടി കല്പവൃക്ഷപ്പൂക്കൾ വർഷിച്ചു.

മൂലം – 3

ദൈത്യം സഹസ്രകവചം കവചൈഃ പരീതം
സാഹസ്രവത്സരതപഃസമരാഭിലവ്യൈഃ
പര്യായനിർമ്മിതതപഃസമരൗ ഭവന്തൗ
ശിഷ്ടൈകകങ്കടമമും ന്യഹതാം സലീലം.

ഭാഷ

ആയിരവർഷം തപം പിന്നെയായിരം
വത്സരം യുദ്ധവും ചെയ്തു വേണം
ആയിരം പോർച്ചട്ടയിട്ടവൻ ദൈത്യനെ
കൊല്ലുവാനെന്നതിനാലെയന്നാൾ
ഊഴമിട്ടു തപം, യുദ്ധമെന്നായിട്ടു
നാരായണൻ, നരൻ നാളുനീക്കി–
സാഹസ്രകാവചൻ ദൈത്യനെ മാറ്റിനാർ
ഏകകവചനായ്, കൊന്നു പിന്നെ!
(ഏക കവചൻ ജനിച്ചതു കർണ്ണനായ്
ഊഴത്തിലർജ്ജുനനായി വീണ്ടും)

അർത്ഥം : സഹസ്രകവചനെന്ന ദൈത്യൻ ജന്മനാ 1000 കവചത്തോടെ ജനിച്ചു. അവനെ വധിക്കാൻ ആയിരവർഷം തപസ്സും ആയിരവർഷം യുദ്ധവുമായി ഓരോരോ കവചം ഭേദിക്കണം. നരനാരായണന്മാർ ഊഴമിട്ട് തപസ്സും യുദ്ധവും ചെയ്തു. (നരൻ യുദ്ധം ചെയ്യുമ്പോൾ നാരായണൻ തപം ചെയ്യും) ഇങ്ങനെ അനേക വർഷത്തെ സാധനകൊണ്ട് 999 കവചം ഭേദിച്ച് ഏകകവചനാക്കിമാറ്റി, സഹസ്രകവചനെ നിഗ്രഹിച്ചു. (ആ "ഏകകവച" നാണ് മഹാഭാരത കാലത്ത് കർണ്ണനായി അവതരിച്ചത്. അപ്പോൾ അവനെ വധിയ്ക്കേണ്ടത് നരന്റെ ഊഴമായിരുന്നതിനാലാണ് അർജ്ജുനൻ ആ കർമ്മം പൂർത്തിയാക്കിയത്.)

മൂലം - 4

അന്വാചരന്നുപദിശന്നപി മോക്ഷധർമ്മം
ത്വം ഭ്രാതൃമാൻ ബദരികാശ്രമ മധ്യവാത്സീ:
ശക്രോƒ ഥ തേ ശമതപോബല നിഃസഹാത്മാ
ദിവ്യംഗനാ പരിവൃതം പ്രജിഘായ മാരം

ഭാഷ

മോക്ഷധർമ്മാചാരവും ഉപദേശവും
ശ്രീ ബദര്യാശ്രമ വാസവുമായ്
വാഴവെ ഇന്ദ്രനയച്ചിതു കാമനെ
ദിവ്യാംഗനാഗണത്തോടുകൂടി
നിൻ ശമം നിൻ തപശ്ശക്തിയിവകളെ
ഒന്നു പരീക്ഷിയ്ക്കാ നീർഷ്യയോടെ.

അർത്ഥം : പിന്നീട്, യുദ്ധമെല്ലാം ഉപേക്ഷിച്ച് മോക്ഷധർമ്മം ആചരിച്ചും ഉപദേശിച്ചും നരനോടുകൂടി നാരായണൻ ബദര്യാശ്രമത്തിൽ തപസ്സു ചെയ്തു. ശമവും തപശ്ശക്തിയും കണ്ട് അസൂയയോടെ ഇന്ദ്രൻ, നാരായണന്റെ ബലം പരീക്ഷിക്കാൻ കാമദേവനെ ദിവ്യാംഗനകളായ അപ്സരസ്സുകളോടൊപ്പം അയച്ചു.

മൂലം - 5

കാമോ വസന്തമലയാനിലബന്ധുശാലീ
കാന്താകടാക്ഷവിശിഖൈർവ്വികസദ്വിലാസൈഃ
വിധ്യൻ മുഹുർമ്മുഹുരകമ്പമുദീക്ഷ്യ ച ത്വാം
ഭീതസ്ത്വയാഥ ജഗദേ മൃദുഹാസഭാജാ.

ഭാഷ

കാമൻ വസന്തം മലയാനിലനുമാ
കാമിനീ ലാസ്യ കടാക്ഷബാണം,
കണ്ടുമകമ്പനമായി സ്ഥിരചിത്ത-
നായി മൃദുഹാസമോടിരുന്നു.

അർത്ഥം : കാമദേവൻ വസന്തത്തോടും മലയാചലത്തിലെ തെക്കൻ കാറ്റോടുമൊപ്പം വന്നു. അവന്റെ തന്ത്രങ്ങളും കാമിനിമാരുടെ ലാസ്യവും കടാക്ഷ ബാണങ്ങളും ഒന്നും നാരായണനെ ഇളക്കിയില്ല. അചഞ്ചലനായി, സ്ഥിരചിത്തനായി, ചെറിയൊരു മന്ദഹാസവും തൂകി നാരായണൻ ഇരിയ്ക്കുന്നതു കണ്ടപ്പോൾ കാമദേവന് ഭയം തോന്നി.

മൂലം – 6

'ഭീത്യാലമംഗജ, വസന്ത, സുരാംഗനാ, വോ
മന്മാനസം ത്വിഹ ജുഷധ്വ'മിതി ബ്രുവാണഃ
ത്വം വിസ്മയേന പരിതഃ സ്തുവതാമഥൈഷാം
പ്രാദർശയഃ സ്വപരിചാരകകാതരാക്ഷീഃ.

ഭാഷ

"കാമാ, വസന്താ, സുരാംഗനേ ഭീതിവേ-
ണ്ടെന്റെ സമ്മാനവും കണ്ടുകൊൾക"
കാതരമാർ സ്വന്ത ദാസിമാരെക്കാട്ടി
വിസ്മയിപ്പിച്ചു കാമാദികളെ

അർത്ഥം : "ഹേ, കാമദേവാ, വസന്താ, അപ്സരസ്സുകളേ, പേടിയ്ക്കേണ്ട – നിങ്ങൾക്ക് ഞാൻ തരുന്ന സമ്മാനം കാണുവിൻ" എന്നു പറഞ്ഞുകൊണ്ട് തന്റെ ദാസിമാരെ കാട്ടിക്കൊടുത്തു. കാതരമാരായ അവരെ കണ്ട് കാമാദികൾ വിസ്മയിച്ചുപോയി.

മൂലം – 7

സമ്മോഹനായ മിളിതാ മദനാദയസ്തേ
ത്വദ്ദാസികാപരിമളൈഃ കില മോഹമാപുഃ
ദത്താം ത്വയാ ച ജഗൃഹുസ്ത്രപയൈവ സർവ്വ-
സ്വർവാസിഗർവശമനീം പുനരുർവ്വശീം താം.

ഭാഷ

സമ്മോഹിപ്പിക്കുവാനെത്തിയോരൊക്കെയും
മോഹിതരായ് ദാസീസൗരഭ്യത്തിൽ
സ്വർല്ലോക സുന്ദരീഗർവ്വം ശമിപ്പിയ്ക്കും
ഉർവ്വശിയുണ്ടായ് തുടയിൽ നിന്നും
ലജ്ജിതരായിന്ദ്രദേവാദികൾ 'ഊരു'
പുത്രിയാമുർവ്വശിയെ വണങ്ങി.

അർത്ഥം : നാരായണനെ മോഹിപ്പിക്കാനായി വന്ന സംഘം, നാരായണന്റെ ദാസിമാരുടെ സൗരഭ്യത്താൽ സമ്മോഹിതരായി. നാരായണൻ തന്റെ തുടയിൽ നിന്ന് സ്വർല്ലോക സുന്ദരിമാരുടെ സൗന്ദര്യ ഗർവ്വം ശമിപ്പിക്കുന്നവളും ലക്ഷ്മീസദൃശ്യയുമായ "ഉർവ്വശി" യെ ജനിപ്പിച്ചു. വിഷ്ണുവിന്റെ "ഊരു" വിൽ നിന്ന് ജനിച്ച ആ വിഷ്ണു പുത്രിയെ കണ്ട് ദേവന്മാരെല്ലാം ലജ്ജിതരായി, അവളെ വണങ്ങിനിന്നു.

മൂലം – 8

ദൃഷ്ട്വോർവശീം തവ കഥാം ച നിശമ്യ ശക്രഃ
പര്യാകുലോഽജനി ഭവന്മഹിമാവമർശാത്
ഏവം പ്രശാന്തരമണീയതരാവതാരാത്
ത്വത്തോഽധികോ വരദ! കൃഷ്ണതനുസ്ത്വമേവ.

ഭാഷ

ഉർവ്വശീലോലൻ, തവചരിതത്തിനാൽ
വിസ്മിതൻ ഇന്ദ്രൻ പണിഞ്ഞുപാദം
ഏറ്റം പ്രശാന്ത രമണീയമാകുമീ
നാരായണാവതാരം മനോജ്ഞം
മറ്റവതാരത്തിൽ കൃഷ്ണാവതാരം താൻ
മുറ്റുമിതിലധികം മനോജ്ഞം.

അർത്ഥം : ഉർവ്വശിയെ കണ്ട് അവളിലനുരക്തനായ ഇന്ദ്രൻ നാരായണന്റെ, അത്ഭുതകരമായ ചരിതവും മാഹാത്മ്യവും കണ്ട് വിസ്മയിച്ച് പാദത്തിൽ നമസ്ക്കരിച്ചു. വിഷ്ണുവിന്റെ മറ്റവതാരങ്ങളേക്കാൾ പ്രശാന്ത രമണീയവും മനോജ്ഞവുമാണ് നാരായണാവതാരം. അതിനേക്കാൾ മനോജ്ഞമായി മറ്റൊരവതാരമുണ്ടായിട്ടുണ്ടെങ്കിൽ, അത് ദ്വാപരയുഗത്തിലെ കൃഷ്ണാവതാരം മാത്രമാണ്.

മൂലം – 9

ദക്ഷസ്തു ധാതുരതിലാളനയാ രജോഽന്ധോ
നാത്യാദൃതസ്ത്വയി ച കഷ്ടമശാന്തിരാസീത്
യേന വ്യരുന്ധ സ ഭവത്തനുമേവ ശർവ്വം
യജ്ഞേ ച വൈരപിശുനേ സ്വസുതാം വ്യമാനീത്.

ഭാഷ

ദക്ഷനതിലാളനകൊണ്ടു രാജസാ-
ജ്ഞാനാന്ധകാരത്തിൽ മുങ്ങയാലേ
ബ്രഹ്മാവുപേക്ഷിച്ചു, നിന്നെ മറന്നു, നിൻ
മൂർത്തി ശിവനെ ദ്വേഷിക്കയായി.
യജ്ഞത്തിനെത്തിയ പുത്രിയെ നിന്ദിച്ചു
യോഗാഗ്നി തന്നിൽ ദഹിച്ചു ദേവി.

അർത്ഥം : ബ്രഹ്മാവ് ഏറെ ലാളിക്കയാൽ രാജസാഹങ്കാരമാകുന്ന അജ്ഞാനാന്ധകാരത്തിൽ ദക്ഷൻ മുങ്ങി. അപ്പോൾ ബ്രഹ്മാവു തന്നെ ആ പുത്രനെ ഉപേക്ഷിച്ചു. ദക്ഷൻ പരംപൊരുളായ വിഷ്ണുവിനേയും മറന്നു. വിഷ്ണുവിന്റെ അംശമായ ശിവനോട് പകവെച്ച് മത്സരിച്ചു. ദക്ഷയാഗം കാണാനെത്തിയ സ്വന്തം പുത്രി സതിയെ, ശിവപത്നിയാകയാൽ, സദസ്സിൽവെച്ച് നിന്ദിച്ച് അപമാനിച്ചു. സതീദേവി യോഗാഗ്നി ഉജ്വലിപ്പിച്ച് അതിൽ സ്വശരീരം ദഹിപ്പിച്ചു കളഞ്ഞു.

മൂലം – 10

ക്രൂദ്ധേശമർദ്ദിതമഖഃ സ തു കൃത്തശീർഷോ
ദേവപ്രസാദിതഹരാദഥ ലബ്ധജീവഃ
ത്വത്പൂരിതക്രതുവരഃ പുനരാപ ശാന്തിം
സ ത്വം പ്രശാന്തികര! പാഹി മരുത്പുരേശ!

ഭാഷ

ക്രുദ്ധനാം രുദ്രനാൽ യാഗം മുടങ്ങിയാ
ദക്ഷശിരം നുള്ളി വീരഭദ്രൻ
ദേവപ്രസാദിതൻ രുദ്രൻ തിരിച്ചേകി
ജീവൻ, നീ യജ്ഞത്തെ പൂർത്തിയാക്കി
ദക്ഷനുമെല്ലാർക്കുമെപ്പോഴും ശാന്തിയെ
നൽകും, ഹരേ, ശാന്തി നൽകണം മേ

അർത്ഥം : ക്രുദ്ധനായ രുദ്രൻ അയച്ച ശിവഭൂതങ്ങൾ ദക്ഷയാഗം മുടക്കി. വീരഭദ്രൻ ദക്ഷന്റെ തല നുള്ളിയെടുത്ത് വലിച്ചെറിഞ്ഞു. പിന്നീട് ദേവന്മാരാൽ വഴിപോലെ പ്രസാദിക്കപ്പെട്ട രുദ്രൻ ശാന്തനായി ദക്ഷന് ജീവൻ തിരിച്ചുനൽകി. മഹാവിഷ്ണു യജ്ഞം പൂർത്തിയാക്കിച്ച് ദക്ഷന് ശാന്തി കൊടുത്തു. ദക്ഷനും സർവ്വ ജീവജാലങ്ങൾക്കും സദാ ശാന്തി യരുളുന്ന ശ്രീ ഗുരുവായൂരപ്പാ, എനിക്കും അവിടന്ന് ശാന്തി തരണേ.

O

ദശകം 17

ധ്രുവചരിതം

മൂലം – 1

ഉത്താനപാദനൃപതേർമനുനന്ദനസ്യ
ജായാ ബഭൂവ സുരുചിർനിതരാമഭീഷ്ടാ
അന്യാ സുനീതിരിതി ഭർത്തുരനാദൃതാ സാ
ത്വാമേവ നിത്യമഗതിഃ ശരണം ഗതാ/ഭൂത്.

ഭാഷ

ഉത്താനപാദ നൃപൻ മനുപുത്രന്നു-
ണ്ടായീ സുരുചിയാമിഷ്ട പത്നി
അന്യ സുനീതിയനിഷ്ടയഗതിയാ-
യെന്നും സ്മരിച്ചുനിൻ പാദപത്മം.

അർത്ഥം : മനുപുത്രനായ ഉത്താനപാദന് രണ്ടു ഭാര്യമാരുണ്ടായിരുന്നു. സുരുചിയിലായിരുന്നു അദ്ദേഹത്തിന് പ്രിയം. അനിഷ്ട പത്നിയായ

സുനീതി അഗതിയായി - അവൾ എന്നും വിഷ്ണുപാദസ്മരണയോടെ കഴിഞ്ഞുകൂടി.

മൂലം - 2

അങ്കേ പിതുഃ സുരുചിപുത്രകമുത്തമം തം
ദൃഷ്ട്വാ ധ്രുവഃ കില സുനീതിസുതോഽധിരോക്ഷ്യൻ
ആചിക്ഷിപേ കില ശിശുഃ സുതരാം സുരുച്യാ
ദുസ്സന്ത്യജാ ഖലു ഭവദ്വിമുഖൈരസൂയാ.

ഭാഷ

അച്ഛന്റെയങ്കത്തിലേറിസ്സുരുചിതൻ
പുത്രനാമുത്തമൻ, പ്രീതിയോടെ
താനും കയറാൻ തുടങ്ങി ധ്രുവൻ രണ്ടാ
നമ്മയായവനെയിറക്കി വിട്ടു.
വിട്ടുമാറാറില്ലസൂയ, നിന്നിൽ പ്രേമ-
മൊട്ടുമില്ലാത്തവർക്കെന്നറിവൂ!

അർത്ഥം : ഒരിക്കൽ അച്ഛന്റെ മടിയിൽ കയറിയിരുന്ന് സുരുചീപുത്രനായ അനുജൻ ഉത്തമൻ കളിക്കുന്നത്, സുനീതിയുടെ മകൻ ധ്രുവൻ കണ്ടു. തനിക്കും കയറിയിരിക്കാൻ മോഹം തോന്നി, ഓടി അടുത്തു വന്നു. അപ്പോഴേക്കും കോപക്കാരിയും സപത്നിയെ അസൂയയോടെ കാണുന്നവളുമായ സുരുചി ആ കൊച്ചു ബാലനെ തടുത്തുനിർത്തി, കണക്കറ്റ് ശകാരിച്ചു.

മൂലം - 3

ത്വന്മോഹിതേ പിതരി പശ്യതി ദാരവശ്യേ
ദൂരം ദുരുക്തിനിഹതഃ സ ഗതോ നിജാംബാം
സാപി സ്വകർമ്മഗതിസന്തരണായ പുംസാം
ത്വത്പാദമേവ ശരണം ശിശവേ ശശംസ.

ഭാഷ

ദുഃഖിതൻ പുത്രന്റെ കണ്ണീരു കണ്ടിട്ടും
അച്ഛൻ ഭാര്യാജിതൻ മിണ്ടിയില്ല
അമ്മയോടോതീ തൻ സങ്കടം, ചൊല്ലിനാൾ
സന്മതിയാകും സുനീതീദേവി
"സ്വന്തകർമ്മങ്ങൾ തൻ സന്തരണത്തിനായ്
ഒന്നേ ശരണമാ വിഷ്ണുപാദം"

അർത്ഥം : മകൻ കണ്ണീരൊഴുക്കി പോകുന്നതു കണ്ട് ഹൃദയം വേദനിച്ചുവെങ്കിലും ഭാര്യാദാസനായ രാജാവ് ഒരക്ഷരം മിണ്ടിയില്ല. കുട്ടി സ്വന്തം അമ്മയോട് തന്റെ സങ്കടം പറഞ്ഞു. ഹരിഭക്തയും ശുദ്ധ ഹൃദയയും ആയ സുനീതി മകനോട് ഇങ്ങനെ പറഞ്ഞു. "എല്ലാ മനുഷ്യർക്കും അവരവരുടെ കർമ്മഗതികളെ തരണം ചെയ്യാൻ ഒരേ ഒരു ആശ്രയമേയുള്ളു. വിഷ്ണുപാദം. അതിനെ ശരണം പ്രാപിക്കുക".

മൂലം – 4

ആകർണ്യ സോഽപി ഭവദർച്ചനനിശ്ചിതാത്മാ
മാനീ നിരേത്യ നഗരാത് കില പഞ്ചവർഷഃ
സംദൃഷ്ടനാരദനിവേദിതമന്ത്രമാർഗ-
സ്ത്വാമാരരാധ തപസാ മധുകാനനാന്തേ.

ഭാഷ

അഞ്ചാം വയസ്സിലഭിമാനിയാം പുത്രൻ
അമ്മതൻ വാക്കു ശ്രവിക്കുകയാൽ
അങ്ങതൻ പൂജനമൊന്നേ വരിച്ചിട്ടു
നാടും നഗരവും വിട്ടുപോയി.
നാരദൻ നൽകിയ മന്ത്രമാർഗ്ഗത്തിലാ-
രാധന ചെയ്തു മധുവനത്തിൽ

അർത്ഥം : വെറും അഞ്ചു വയസ്സു പ്രായമായ ധ്രുവൻ അഭിമാനിയായിരുന്നു. അമ്മയുടെ വാക്കനുസരിച്ച് മഹാവിഷ്ണുവിനെ തപസ്സുചെയ്യാൻ നിശ്ചയിച്ച് അവൻ വീടും നാടും നഗരവും വിട്ട് കാട്ടിലേക്ക് പോയി. നാരദൻ ഉപദേശിച്ച മന്ത്രമാർഗ്ഗമനുസരിച്ച് ആരാധന ചെയ്ത് മധുവനത്തിൽ ഉഗ്രതപസ്സ് ആരംഭിച്ചു. (നാരദൻ കൊടുത്ത മന്ത്രം ദ്വാദശാക്ഷരീ മന്ത്രമാണ്. "ഓം നമോ ഭഗവതേ വാസുദേവായ")

മൂലം – 5

താതേ, വിഷണ്ണഹൃദയേ നഗരീം ഗതേന
ശ്രീനാരദേന പരിസാന്ത്വിതചിത്തവൃത്തൗ,
ബാലസ്ത്വദർപ്പിതമനാഃ ക്രമവർദ്ധിതേന
നിന്യേ കഠോരതപസാ കില പഞ്ച മാസാൻ.

ഭാഷ

അച്ഛൻ വിഷാദിച്ചിരിക്കും നഗരിയിൽ
ചെന്നു മുനി, ശാന്തമാക്കി ചിത്തം;
നിന്നിലർപ്പിച്ച മനസ്സിൽ ക്രമവൃദ്ധി
വന്നഞ്ചുമാസം കഠോരം തപം

അർത്ഥം : കുട്ടി നാടു വിട്ടു പോയതിൽ വിഷമിച്ചിരിക്കുന്ന ഉത്താനപാദന്റെ നഗരത്തിൽ ചെന്ന് നാരദൻ സാന്ത്വനവാക്കുരച്ച് ചിത്തവൃത്തികളെ ശാന്തമാക്കി. കാട്ടിൽ ഈശ്വരാർപ്പിതമായ മനസ്സോടെ ഒരഞ്ചു മാസക്കാലം കഠിനതപം ചെയ്ത ധ്രുവന് വളരെ വേഗം വിഷ്ണു പ്രത്യക്ഷമായി.

മൂലം – 6

താവത്തപോബലനിരുച്ഛ്വസിതേ ദിഗന്തേ
ദേവാർത്ഥിതസ്ത്വമുദയത്കരുണാർദ്രചേതാഃ
ത്വദ്രൂപചിദ്രസനിലീനമതേഃ പുരസ്താ-
ദാവിർബഭൂവിഥ വിഭോ! ഗരുഡാധിരൂഢഃ.

ഭാഷ

ദിക്കുകളാകേയചലം ക്രമത്തിൽ പ്ര-
വൃദ്ധമാകും ശിശുവിൻ തപസ്സാൽ
ആർദ്രചേതസ്സാമവിടുന്നണയുന്നു
ചിദ്രൂപ ലീനന്നടുക്കലപ്പോൾ

അർത്ഥം : കഠിന തപസ്സ് ക്രമമായി വർദ്ധിക്കവേ ചൂടുകൊണ്ട് ദിഗന്ത ങ്ങളാകെ ശ്വാസമടക്കി അചലമായി നിന്നു. കരുണാർദ്ര ചേതസ്സും വാത്സല്യ നിധിയുമായ വിഷ്ണു, തന്റെ ചിദ്രൂപത്തിൽ ലയിച്ചിരിക്കുന്ന ആ കുട്ടിയുടെ മുന്നിൽ, ഗരുഡന്റെ പുറത്തു കയറി വന്നണഞ്ഞു.

മൂലം – 7

ത്വദ്ദർശനപ്രമദഭാരതരങ്ഗിതം തം
ദൃഗ്ഭ്യാം നിമഗ്നമിവ രൂപരസായനേ തേ
തുഷ്ടൂഷമാണമവഗമ്യ കപോലദേശേ
സംസ്പൃഷ്ടവാനസി ദരേണ തഥാ/ദരേണ.

ഭാഷ

ആനന്ദസിന്ധൂർമ്മികളാലെ ചിത്തം
നിമഗ്നമായ് രൂപരസായനത്തിൽ
കുരുന്നുനാവിൽ സ്തുതിപൊങ്ങിയില്ലാ
കവിൾ തലോടീ തിരുപാഞ്ചജന്യം
ഉദിച്ചുനാദം ശിശുവിന്റെ നാവിൽ
ജനിച്ചു വാഗ്മിത്വ വിശേഷ വാണീ.

അർത്ഥം : ദർശനം കിട്ടിയ ധ്രുവന്റെ ചിത്തം ആ സുന്ദരരൂപ രസായ നാമൃത സിന്ധുവിൽ നിമഗ്നമായി, അനേകായിരം ആനന്ദത്തിരമാലക ളാണഞ്ഞടിച്ച് കൃതാർത്ഥമായി. ആ കൊച്ചുകുട്ടിയുടെ കുരുന്നു നാവിൽ ഭഗവാനെ സ്തുതിച്ചു പാടാനുള്ള വാണി ഉണർന്നിരുന്നില്ല. അതി നാൽ അവൻ വികാരാധീനനായി മൗനിയായി നിന്നു. ഭഗവാൻ വാത്സല്യ പൂർവ്വം ആദരപൂർവ്വം കുഞ്ഞിന്റെ കവിളത്ത് “നാദ” രൂപമായ തന്റെ ശംഖുകൊണ്ട് പതുക്കെ ഒന്നു തലോടി. ഉടനെ കുട്ടിയ്ക്ക് നാദം ഉദിച്ചു; വാഗ്മിത്വത്താൽ സവിശേഷമായ സാരസ്വതം ഉള്ളിലുണർന്നു.

മൂലം – 8

താവദ്വിബോധവിമലം പ്രണുവന്തമേന-
മാഭാഷഥാസ്ത്വമവഗമ്യ തദീയഭാവം;
രാജ്യം ചിരം സമനുഭൂയ ഭജസ്വ ഭൂയഃ
സർവോത്തരം ധ്രുവ! പദം വിനിവൃത്തിഹീനം.

ഭാഷ

വിശുദ്ധബോധപ്രഭവം തെളിഞ്ഞു
സ്തുതിക്കുമുള്ളം അറിയുന്നു വിഷ്ണു
"ഭരിയ്ക്ക രാജ്യം ചിരകാല സൗഖ്യം
ഗമിയ്ക്ക സർവ്വോത്തര മായപാദം
വിനിവൃത്തിഹീനം ധ്രുവമാർത്തിഹീനം"
അനുഗ്രഹിച്ചു ഭഗവാൻ മറഞ്ഞു.

അർത്ഥം : വിശുദ്ധമായ ബോധം (ജ്ഞാനം) തെളിഞ്ഞു പ്രകാശിച്ച്, സ്തുതിപാടുന്ന ധ്രുവന്റെ ഉള്ളറിഞ്ഞ ഭഗവാൻ ഇപ്രകാരം അനുഗ്രഹിച്ചു. "ചിരകാലം സുഖമായി, പിതാവിന്റെ രാജ്യം പരിപാലിക്കുക. പിന്നീട്, പുനരാവൃത്തിയില്ലാത്തതും ദുഃഖമില്ലാത്തതും സർവ്വോത്തരവുമായ ധ്രുവപദം പ്രാപിക്കുക."

മൂലം – 9

ഇത്യൂചുഷി ത്വയി ഗതേ നൃപനന്ദനോഽസാ-
വാനന്ദിതാഖിലജനോ നഗരീമുപേതഃ
രേമേ ചിരം ഭവദനുഗ്രഹപൂർണ്ണകാമ-
സ്താതേ ഗതേ ച വനമാദൃതരാജ്യഭാരഃ.

ഭാഷ

പുനഃപ്രവേശിച്ചു പ്രമോദചിത്തൻ
സമസ്ത നാട്ടാരുടെ മാലകറ്റി
താതൻ വനം പൂകി,യതിന്നുശേഷം
ഭരിച്ചു രാജ്യം പരിപൂർണ്ണ കാമൻ

അർത്ഥം : ധ്രുവൻ വരപ്രസാദം നേടി നഗരത്തിൽ തിരിച്ചെത്തി. ആനന്ദ ചിത്തനായി മടങ്ങിവന്ന നൃപകുമാരനെ കണ്ട് നാട്ടുകാർ മുഴുവനും സമാധാനിച്ചു. പിന്നീട്, ഉത്താനപാദൻ വാനപ്രസ്ഥം സ്വീകരിച്ച ശേഷം ധ്രുവൻ രാജ്യഭാരമേറ്റു. ദൈവാനുഗ്രഹത്താൽ പരിപൂർണ്ണകാമനായി, ചിരകാലം ഭരിച്ചു.

മൂലം – 10

യക്ഷേണ ദേവ! നിഹതേ പുനരുത്തമേഽസ്മിൻ
യക്ഷൈഃ സ യുദ്ധനിരതോ വിരതോ മനൂക്ത്യാ
ശാന്ത്യാ പ്രസന്നഹൃദയാദ്ധനദാദുപേതാത്
ത്വദ്ഭക്തിമേവ സുദൃഢാമവൃണോന്മഹാത്മാ.

ഭാഷ

യക്ഷർക്കുനേരെപ്പടകൂട്ടി, ഭ്രാതൃ-
ഹത്യയ്ക്കു പോർ നീക്കുമവന്റെ വീര്യം
മനൂക്തിയാലെ വിരമിച്ച ശാന്തി-
ക്ഷമാദി ലോകം സ്തുതിപാടി വാഴ്ത്തി-
ശാന്തൻ പ്രസന്നൻ ധ്രുവനെന്നു കേട്ടു
കാണാനണഞ്ഞു ധനദൻ മഹാത്മൻ

അർത്ഥം : ഒരിക്കൽ സഹോദരനായ ഉത്തമനെ ഒരു യക്ഷൻ വധിച്ചു. യക്ഷർക്കു നേരെ ധ്രുവൻ പടയെടുത്തു. അവന്റെ അപ്രതിഹതമായ വീര്യം തടുക്കാൻ ആർക്കുമായില്ല. മനുവിന്റെ അപേക്ഷ പ്രകാരം യുദ്ധം നിർത്തിയ ധ്രുവന്റെ ശാന്തതയും ക്ഷമയും ജനങ്ങൾ പുകഴ്ത്തി. യക്ഷ രാജാവായ വൈശ്രവണൻ ധ്രുവനെ കാണാൻ വന്നു, ഇഷ്ടമുള്ള വരം കൊടുക്കാൻ തുനിഞ്ഞു. ധ്രുവൻ ഒരു വരമേ ചോദിച്ചുള്ളു. "ദൃഢ മായ ഭഗവദ്ഭക്തി" – അത് തനിയ്ക്ക് നേരത്തെ ഉള്ളതുമാണല്ലോ.

മൂലം – 11

അന്തേ ഭവത്പുരുഷനീതവിമാനയാതോ
മാത്രാ സമം ധ്രുവപദേ മുദിതോഽയമാസ്തേ!–
ഏവം സ്വഭൃത്യജനപാലനലോലധീസ്ത്വം
വാതാലയാധിപ! നിരുന്ധി മമാമയൗഘാൻ.

ഭാഷ

അന്ത്യപ്രയാണത്തിൽ വിമാനമെത്തി
മാതാവിനൊത്തു ധ്രുവനെയിരുത്തി
ഇന്നും വസിപ്പൂ ധ്രുവതാരലോകേ
ചൊൽവൂ വിശിഷ്ടർ മുനിസംഘമെല്ലാം
സ്വദാസപാലാ, ഗുരുവായൂരപ്പാ
മമാമയം തീർക്കുക, പാഹി ദേവാ–

അർത്ഥം : മരണകാലമടുത്തപ്പോൾ വിഷ്ണുപാർഷദർ വിമാനവുമായി വന്ന് ധ്രുവനേയും അമ്മ സുനീതിയേയും അതിലിരുത്തി ധ്രുവലോക ത്തിലേക്ക് കൊണ്ടുപോയി. ധ്രുവതാരത്തിൽ ഇന്നും ധ്രുവൻ വസി ക്കുന്നു എന്ന് ജ്ഞാനികളായ വിശിഷ്ട മുനി സംഘം (സപ്തർഷി കൾ) സാക്ഷ്യപ്പെടുത്തുന്നു. ഭക്തപരിപാലന ലോലനായ ശ്രീ ഗുരുവായൂരപ്പാ, എന്റെ സർവ്വാമയങ്ങളും നീക്കി സംരക്ഷിച്ചാലും!

O

ദശകം 18
പൃഥുചരിതം

മൂലം – 1

ജാതസ്യ ധ്രുവകുല ഏവ തുംഗകീർത്തേ-
രംഗസ്യ വ്യജനി സുതഃ സ വേന നാമാ
യദ്ദോഷവ്യഥിതമനാഃ സ രാജവര്യ-
സ്ത്വത്പാദേ നിഹിതമനാ വനം ഗതോ൭ഭൂത്.

ഭാഷ

അംഗൻ പ്രസിദ്ധൻ ജനിച്ചു ധ്രുവകുലേ
അംഗന്നുണ്ടായ് വേന നാമപുത്രൻ
ദുഷ്ടന്റെ യക്രമത്താലെ മനംനൊന്തി-
ട്ടച്ഛൻ വനത്തിന്നു യാത്രയായി.

അർത്ഥം : ധ്രുവന്റെ വംശത്തിൽ പ്രസിദ്ധനായ അംഗരാജാവ് ജനിച്ചു. നല്ലവനായ ആ അച്ഛന് വിധിവൈപരീത്യത്താൽ ദുഷ്ടനായ വേനൻ മകനായി ജനിച്ചു. മകന്റെ അക്രമം കണ്ട് സഹിക്കാതെ മനസ്സ് നൊന്ത്, മനസ്സ് ഭഗവാനിലർപ്പിച്ച പിതാവ്, രാജ്യം ഉപേക്ഷിച്ച് വനവാസത്തിനു പോയി.

മൂലം – 2

പാപേ൭പി ക്ഷിതിതലപാലനായ വേനഃ
പൌരാദ്യൈരുപനിഹിതഃ കഠോരവീര്യഃ
സർവ്വേഭ്യോ നിജബലമേവ സംപ്രശംസൻ
ഭൂചക്രേ തവ യജനാന്യയം ന്യരൌത്സീത്.

ഭാഷ

ദുഷ്ടൻ കഠോരന് അതിശക്തനാം വേനൻ
രാജ്യാഭിഷിക്തൻ തടഞ്ഞു യജ്ഞം
കയ്യൂക്കുകൊണ്ടതിഗർവ്വാലുമാമന്നൻ
ആത്മപ്രശംസാനിരതനായി

അർത്ഥം : ദുഷ്ടനും കഠോരനുമെങ്കിലും അതിശക്തനായ വേനൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. അവൻ ആദ്യംതന്നെ ഈശ്വരാർപ്പിതമായ സകല യജ്ഞങ്ങളും മുടക്കി. തന്റെ കയ്യൂക്കിനാലും ഗർവ്വാലും അവൻ ആത്മപ്രശംസ ചെയ്തുകൊണ്ട് ജീവിച്ചു.

മൂലം – 3

സമ്പ്രാപ്തേ ഹിതകഥനായ താപസൌഘേ
മത്തോ ന്യോ ഭുവനപതിർ ന കശ്ചനേതി
ത്വന്നിന്ദാവചനപരോ മുനീശ്വരൈസ്തൈഃ
ശാപാഗ്നൗ ശലഭദശാമനായി വേനഃ.

ഭാഷ

ഹിതം കഥിക്കാനണയും തപസ്വീ-
ജനത്തോടോതീ "ഹരിയല്ലയീശൻ
ഞാനാണു വിശ്വേശ്വര", നീ വചസ്സാൽ
ശപിച്ചു, ശാപാഗ്നിയിൽ പാറ്റയാക്കീ

അർത്ഥം : രാജാവിനോട് ഹിതം കഥിക്കാനായി വന്ന തപസ്വികളോട് അഹങ്കാരിയായ വേനൻ പറഞ്ഞു. "ഹരിയല്ല, ഈശ്വരൻ. ഞാനാണ് വിശ്വേശ്വരൻ" – ഈ അഹങ്കാര വാക്ക് കേട്ട് ക്രുദ്ധരായ മുനിമാർ അവനെ തങ്ങളുടെ ശാപാഗ്നിയിൽ വെറുമൊരു പാറ്റയെപ്പോലെ എരിച്ചു കളഞ്ഞു.

മൂലം – 4

തന്നാശാത് ഖലജനഭീരുകൈർമുനീന്ദ്രൈ-
സ്തന്മാത്രാ ചിരപരിരക്ഷിതേ തദംഗേ
ത്യക്താഘേ പരിമഥിതാദഥോരുദണ്ഡാദ്
ദോർദ്ദണ്ഡേ പരിമഥിതേ ത്വമാവിരാസീഃ

ഭാഷ

ശക്തൻ നശിയ്ക്കെ, വരുമല്ലോ ശത്രു
ഭയന്നു നാട്ടാർ, മുനിമാരുമൊപ്പം
സുനീഥകാക്കും സുതനൂരുമന്ഥം
കഴിഞ്ഞുനീക്കി കറയാം നിഷാദൻ
പിന്നെക്കടഞ്ഞൂകരവല്ലിയപ്പോൾ
മന്നിൽ ജനിച്ചൂ ഭവദംശരൂപം

അർത്ഥം : ശക്തനായ രാജാവിന്റെ മരണത്താൽ നാട്ടിൽ അരാജകത്വം വന്നു. തക്കം നോക്കിയിരിക്കുന്ന ശത്രുക്കളെ നാട്ടുകാരും മുനീന്ദ്രനും ഭയന്നു. വേനന്റെ അമ്മ സൂക്ഷിച്ചുവെച്ചിരുന്ന വേനന്റെ അംഗങ്ങൾ മുനീന്ദ്രന്മാർ കടഞ്ഞു. തുട കടഞ്ഞപ്പോൾ വേനന്റെ പാപക്കറയുടെ മൂർത്തിരൂപമായി നിഷാദനുണ്ടായി. പിന്നീട് കയ്യിലെ എല്ല് കടഞ്ഞു. അതിൽനിന്ന് വിഷ്ണുവിന്റെ അംശമായി പൃഥു മഹാരാജാവ് ജനിച്ചു.

മൂലം – 5

വിഖ്യാതഃ പൃഥുരിതി താപസോപദിഷ്ടൈഃ
സൂതാദ്യൈഃ പരിണുതഭാവിഭൂരിവീര്യഃ
വേനാർത്ത്യാ കബളിതസമ്പദം ധരിത്രീ-
മാക്രാന്താം നിജധനുഷാ സമാമകാർഷീഃ.

ഭാഷ

വിഖ്യാതനാം പൃഥുവെന്നു തപസ്വികൾ
ഭാവി വീര്യത്തെ പ്രവചിക്കുന്നു
വന്ദികൾ സൂതന്മാർ വന്ദിച്ചുപാടുന്നു
അമ്മഹാൻ തൻ കീർത്തി ലോകമെങ്ങും
വേനാർത്തിയാൽ ഭൂമിയുൾവലിച്ചീടിന
സമ്പത്തു വീണ്ടും മുളപ്പതിനായ്
വില്ലറ്റമൊന്നാൽ നിരപ്പാക്കി ഭൂമിയെ-
യന്നാദ്യമായിക്കൃഷി തുടങ്ങി.

അർത്ഥം : തപസ്വിമാർ ഈ കുട്ടി ഭാവിയിൽ വീരനാകുമെന്നും പൃഥു എന്ന പേരിൽ വിഖ്യാതനാകുമെന്നും പ്രവചിച്ചു. വന്ദികൾ പുകഴ്ത്തിപ്പാടി. വേനന്റെ അക്രമം സഹിക്കാതെ ഭൂമി ഉള്ളിലേയ്ക്കു വലിച്ച സമ്പത്തുക്കളെ വീണ്ടും മുളപ്പിച്ച് ധനധാന്യസമൃദ്ധമാക്കാൻ പൃഥു തന്റെ വില്ലറ്റത്താൽ ഭൂമിയെ സമനിരപ്പാക്കി. പൃഥുവിന്റെ കാലത്താണ് ഭൂമിയിൽ കൃഷിസമ്പ്രദായം ആദ്യമായി നടപ്പായത്.

മൂലം – 6

ഭൂയസ്താം നിജകുലമുഖ്യവത്സയുക്തൈർ
ദേവാദ്യൈഃ സമുചിതചാരുഭാജനേഷു
അന്നാദീന്യഭിലഷിതാനി യാനി താനി
സ്വച്ഛന്ദം സുരഭിതനൂമദൂദുഹസ്ത്വം.

ഭാഷ

അതാതു വംശത്തിലെ മുഖ്യരെത്തൻ
കിടാങ്ങളാക്കീട്ടു സുരാദികൾക്കായ്
വിശിഷ്ടപാത്രങ്ങളിലിഷ്ടമന്നം
കറന്നു, ഭൂമീസുരഭീങ്കൽ നിന്നും.

അർത്ഥം : ഭൂമി എന്ന കാമധേനുവിൽ നിന്ന്, അതാത് വംശങ്ങളിലെ മുഖ്യന്മാരെ വത്സങ്ങളാക്കിയിട്ട് (പശുക്കുട്ടി), ദേവമനുഷ്യഗന്ധർവ്വാദികൾക്കോരോരുത്തർക്കും അവരവർക്കിഷ്ടമായ അന്നം വിശേഷപാത്രങ്ങളിൽ കറന്നെടുത്തു.

മൂലം – 7

ആത്മാനം യജതി മഖൈസ്ത്വയി ത്രിധാമൻ!
ആരബ്ധേ ശതതമവാജിമേധയാഗേ
സ്പർദ്ധാലുഃ ശതമഖ ഏത്യ നീചവേഷോ
ഹൃത്വാശ്വം തവ തനയാത് പരാജിതോഽഭൂത്.

ഭാഷ

ത്രിധാമ, നീയന്നുമഖങ്ങളാലെ
സ്വയം യജിക്കും ശതമശ്വമേധേ
ഹരിച്ചിതശ്വത്തെ ശതക്രതു, വ-
ന്നെതിർത്തു തോല്പിച്ചിതു രാജസൂനു.

അർത്ഥം : ത്രിധാമാ, അങ്ങ് യജ്ഞങ്ങളാൽ യജ്ഞമൂർത്തിയായ സ്വാത്മാവെത്തന്നെ യജിക്കുന്ന അക്കാലത്ത്, നൂറാമത്തെ അശ്വമേധ യാഗം നടക്കുമ്പോൾ തന്റെ ശതക്രതു എന്ന പേര് പോകുമോ എന്ന ഭയത്താൽ സ്പർദ്ധയോടെ ഇന്ദ്രൻ യജ്ഞാശ്വത്തെ ചണ്ഡാല വേഷത്തിൽ വന്ന് അപഹരിച്ചു. പൃഥുവിന്റെ പുത്രൻ ഇന്ദ്രനെ എതിർത്തു തോല്പിച്ചു.

മൂലം – 8

ദേവേന്ദ്രം മുഹുരിതി വാജിനം ഹരന്തം
വഹ്നൌ തം മുനിവരമണ്ഡലേ ജുഹൂഷൌ
രുന്ധാനേ കമലഭവേ, ക്രതോഃ സമാപ്തൌ
സാക്ഷാത് ത്വം മധുരിപുമൈക്ഷഥാഃ സ്വയം സ്വം!

ഭാഷ

ഹരിച്ചു വീണ്ടും പലവട്ടമിന്ദ്രൻ
നിനച്ചു ഭൂദേവരവന്റെ മേനി
ദഹിക്കണം തീയിൽ, തടഞ്ഞു ബ്രഹ്മാ-
വപേക്ഷയാലേ ക്രതുനിർത്തി രാജൻ
ദർശിച്ചു തന്നിൽ താൻ താൻ സ്വയം സ്വം
സാക്ഷാത്ക്കരിച്ചു പരവിഷ്ണുരൂപം

അർത്ഥം : ഇന്ദ്രൻ വീണ്ടും പലവട്ടം യാഗം മുടക്കാൻ കുതിരയെ കട്ടു. യജ്ഞം നടത്തുന്ന ബ്രാഹ്മണൻ ഇന്ദ്രനെ ഹോമാഗ്നിയിൽ ഹോമിക്കാൻ തീരുമാനിച്ചു. ബ്രഹ്മാവ് വന്ന് അപേക്ഷിക്കയാൽ പൃഥു യാഗം നിർത്തി. താൻതന്നെയായ പരമപുരുഷന്റെ വിഷ്ണുരൂപം തനിയ്ക്കുള്ളിൽ ദർശിച്ച് സാക്ഷാത്ക്കാരം നേടുകയും ചെയ്തു.

മൂലം – 9

തദ്ദത്തം വരമുപലഭ്യ ഭക്തിമേകാം
ഗംഗാന്തേ വിഹിതപദഃ കദാപി ദേവ!
സത്രസ്ഥം മുനിനിവഹം ഹിതാനി ശംസ-
ന്നൈക്ഷിഷ്ഠാഃ സനകമുഖാൻ മുനീൻ പുരസ്താത്.

ഭാഷ

വിഷ്ണുപ്രസാദമാം ഏകാന്തിക ഭക്തി-
യൊത്തു ഗംഗാതട ഭൂവിൽ വാണു
സത്രത്തിലെത്തും മുനിമാർക്കു നിത്യവും
ധർമ്മോപദേശം കൊടുത്തു രാജൻ
അദ്ധ്യാപനം ചെയ്കെ മുന്നിൽ വരുന്നുസ-
നകാദി ദിവ്യ മുനീന്ദ്രസംഘം

അർത്ഥം : വിഷ്ണുപ്രസാദമായി ഏകാന്തികഭക്തി എന്ന വരം കിട്ടിയ പൃഥു ഗംഗാതടത്തിൽ സത്രത്തിനുവരുന്ന മുനിമാർക്കെല്ലാം നിത്യവും ധർമ്മോപദേശം കൊടുത്തുകൊണ്ടിരുന്നു. അപ്രകാരം അദ്ധ്യാപന വൃത്തി ചെയ്കെ ഒരിക്കൽ സനകാദി ദിവ്യമുനി സംഘം മുന്നിൽ വന്നു നിന്നത് കണ്ടു.

മൂലം – 10

വിജ്ഞാനം സനകമുഖോദിതം ദധാനഃ
സ്വാത്മാനം സ്വയമഗമോ വനാന്തസേവീ
തത്താദൃക്പൃഥുവപുരീശ! സത്വരം മേ
രോഗൌഘം പ്രശമയ വാതഗേഹവാസിൻ!

ഭാഷ

അവർ കൊടുത്തു പരമാത്മതത്വ-
ജ്ഞാനം സ്വരൂപത്തിൽ ലയിച്ചു രാജൻ
തപോവനം പുക്ക പൃഥുസ്വരൂപാ
രോഗം ശമിപ്പിക്കുക ദേവദേവാ.

അർത്ഥം : സനകാദികൾ കൊടുത്ത പരമമായ ആത്മജ്ഞാനോപദേശം സ്വീകരിച്ച് സ്വസ്വരൂപത്തിൽ ലയിച്ച് തപോവനത്തിലേയ്ക്കു യാത്രയായ പൃഥുരൂപമെടുത്ത അവതാരസ്വരൂപാ, ദേവദേവേശനായ ഗുരുവായൂരപ്പാ, എന്റെ രോഗങ്ങൾ വേഗം ശമിപ്പിക്കുക.

O

ദശകം 19

പ്രചേതസ്സുകളുടെ കഥ

മൂലം – 1

പൃഥോസ്തു നപ്താ പൃഥുധർമകർമ്മാഃ
പ്രാചീനബർഹിർയുവതൗ ശതദ്രുതൗ
പ്രചേതസോ നാമ സുചേതസഃ സുതാ-
നജീജനത്ത്വത്കരുണാങ്കുരാനിവ.

ഭാഷ

പൗത്രനു പുത്രൻ പൃഥുധർമ്മ കർമ്മാവാം
പ്രാചീന ബർഹൻ ശതദ്രുതിയിൽ
നിന്റെ ദയാങ്കുരംപോലെ സുചേതസർ
മക്കൾ പ്രചേതസന്മാരെ നേടി.

അർത്ഥം : പൃഥുവിന്റെ പൗത്രന്റെ പുത്രനും അനേകം ധർമ്മകർമ്മങ്ങൾ ചെയ്തവനുമായ പ്രാചീന ബർഹിസ്സ്, പടിഞ്ഞാറൻ സമുദ്ര രാജാവായ വരുണന്റെ പുത്രി ശതദ്രുതിയെ വേട്ടു. അവളിൽ മഹാവിഷ്ണുവിന്റെ കരുണാങ്കുരങ്ങൾ രൂപമാർന്നു വന്നവരെപ്പോലെ തേജസ്വികളും പരിശുദ്ധ ചേതസ്സുകളുമായ "പ്രചേതസന്മാർ" എന്ന മക്കളെ ജനിപ്പിച്ചു.

പൃഥു പുത്രൻ വിജിതാശ്വൻ

പൗത്രൻ ഹവിർദ്ധാനൻ

↓

ബർഹിഷത്ത് (പ്രാചീന ബർഹിസ്) +

വരുണ പുത്രി ശതദ്രുതി

↓

പത്ത് പ്രചേതസ്സുകൾ + മാരീച

↓

ദക്ഷൻ + പഞ്ചജനപുത്രി അസിക്നി

↓

ഹര്യശ്വൻ, ശബളാശ്വൻ, 60 പെൺമക്കൾ (ഒരാൾ അദിതി)

അദിതിയിൽ 12 ആദിത്യർ

(നാലാമത്തവൻ ത്വഷ്ടാവ് + അസുരസ്ത്രീ)

↓

വിശ്വരൂപൻ

പ്രചേതസ്സുകൾ അമ്മയുടെ അച്ഛനായ വരുണന്റെ പടിഞ്ഞാറൻ സമുദ്രതീരത്ത് തപം ചെയ്തത് ഗുരുവായൂരിലാണ്. ക്ഷേത്രത്തിന് വടക്കുവശമുള്ള രുദ്രതീർത്ഥമെന്ന തീർത്ഥക്കുളത്തിൽ മുങ്ങിക്കിടക്കുമ്പോഴാണ് ശിവൻ 'രുദ്രഗീത' മെന്ന വിഷ്ണുസ്തുതി അവർക്ക് ഉപദേശിച്ചത്.

മൂലം – 2

പിതുഃ സിസൃക്ഷാനിരതസ്യ ശാസനാത്–
ഭവത്തപസ്യാഭിരതാ ദശാപി തേ
പയോനിധിം പശ്ചിമമേത്യ തത്തടേ
സരോവരം സംദദൃശുർമനോഹരം.

ഭാഷ

സൃഷ്ടിവിലോലനാമച്ഛന്റെ യാജ്ഞയിൽ
പത്താളുമെത്തി കടൽക്കരയിൽ
നിന്നെത്തപം ചെയ്യാൻ, പശ്ചിമതീരത്തു
ഇന്ദീവരപ്പൊയ്കയൊന്നു കണ്ടു.

അർത്ഥം : സൃഷ്ടിയിൽ താല്പര്യമുള്ള അച്ഛൻ നിയോഗിക്കയാൽ പത്തു പ്രചേതസ്സുകളും പടിഞ്ഞാറെ കടൽത്തീരത്ത് മഹാവിഷ്ണുവിനെ തപസ്സു ചെയ്യാൻ വന്നു. അവിടെ മനോഹരമായ ഒരു താമരപ്പൊയ്ക കണ്ടു.

മൂലം – 3

തദാ ഭവത്തീർത്ഥമിദം സമാഗതോ
ഭവോ ഭവത്സേവകദർശനാദൃതഃ
പ്രകാശമാസാദ്യ പുരഃ പ്രചേതസാ–
മുപാദിശദ്ഭക്തതമസ്തവ സ്തവം.

ഭാഷ

ഭവൻ ഭവത്തീർത്ഥ മണഞ്ഞുവേഗം
ഭവസ്തവത്തെയരുളുന്നതിന്നായ്
പ്രസന്നരായി ഭവസേവകന്മാർ
പ്രചേതസർ ശ്രീഭവ ദർശനത്താൽ

അർത്ഥം : ഭവൻ (ശിവൻ) ഭവത്തീർത്ഥത്തിൽ (രുദ്രതീർത്ഥത്തിൽ; നിന്റെ തീർത്ഥത്തിൽ, സംസാരതീർത്ഥത്തിൽ – നാനാർത്ഥം) വേഗം വന്നു ചേർന്നത് ഭവസ്തവത്തെ (രുദ്രഗീതത്തെ; നിന്റെ – വിഷ്ണുവിന്റെ – സ്തവത്തെ) അവർക്കു കൊടുക്കുന്നതിനും വിഷ്ണുഭക്തരായ അവരെ ദർശിക്കുന്നതിനുമാണ്. ഭവസേവകന്മാരായ ആ പ്രചേതസ്സുകൾ (നിന്റെ സേവകർ, ഭവന്റെ സേവകർ, ഭവമെന്ന സംസാരത്തെ സേവിക്കാൻ തപം ചെയ്യുന്നവർ – നാനാർത്ഥം) രുദ്രദർശനം കിട്ടി പ്രസന്ന ചേതസരായിത്തീർന്നു.

മൂലം – 4

സ്തവം ജപന്തസ്തമമീ ജലാന്തരേ
ഭവന്തമാസേവിഷതായുതം സമാഃ
ഭവത്സുഖാസ്വാദരസാദമീഷ്വിയാൻ
ബഭൂവ കാലോ, ധ്രുവവന്ന ശീഘ്രതാ.

ഭാഷ

ഭവസ്തവം നിത്യമുരുക്കഴിക്ക
ജലാന്തരത്തിൽ അയുതങ്ങൾ വർഷം
ഭവസുഖാസ്വാദരസർ തപിച്ചു,
ഫലം ധ്രുവൻ പോലതി ശീഘ്രമല്ലാ.

അർത്ഥം : രുദ്രഗീതം നിത്യവും ഉരുക്കഴിച്ച് രുദ്രതീർത്ഥത്തിൽ 10000 വർഷം അവർ മുങ്ങിക്കിടന്നു. ഭവത്സുഖാസ്വാദന രസികരായ അവർ കാലം പോയത് അറിഞ്ഞില്ല. ധ്രുവനെപ്പോലെ തപോഫലം അതി ശീഘ്രം അവർക്കു കിട്ടിയില്ല.

മൂലം – 5

തപോഭിരേഷാമതിമാത്രവർദ്ധിഭിഃ
സ യജ്ഞഹിംസാനിരതോഽപി പാവിതഃ
പിതാഽപി തേഷാം ഗൃഹയാതനാരദ-
പ്രദർശിതാത്മാ ഭവദാത്മതാം യയൗ.

ഭാഷ

തപോബലത്താൽ പശുഹിംസചെയ്യും
പിതാവിനെക്കൂടി പവിത്രമാക്കി
അവന്നു ശ്രീനാരദ നാത്മതത്വ-
പ്രദർശനം നൽകി സരൂപമുക്തി.

അർത്ഥം : മക്കളുടെ തപഃശക്തി മൂലം, അനവധി പശുഹിംസ ചെയ്തവനായിട്ടുപോലും പിതാവ് ശുദ്ധനായി – അദ്ദേഹത്തിന് നാരദന്റെ ആത്മതത്വോപദേശത്താൽ സരൂപമുക്തി കിട്ടുകയും ചെയ്തു.

മൂലം – 6

കൃപാബലേനൈവ പുരഃ പ്രചേതസാം
പ്രകാശമാഗാഃ പതഗേന്ദ്രവാഹനഃ
വിരാജിചക്രാദിവരായുധാംശുഭിർ-
ഭുജാഭിരഷ്ടാഭിരുദഞ്ചിതദ്യുതിഃ

ഭാഷ

കൃപാബലത്താൽ ഗരുഡന്റെ മേലെ
പ്രകാശരൂപി ഭഗവാൻ വരുന്നു
ചക്രാദി ദിവ്യായുധ ശോഭ, യെട്ടു
കയ്യോടുകൂടി വരമേകുവാനായ്

അർത്ഥം : പ്രചേതസ്സുകളുടെ മുമ്പിൽ കൃപാബലത്താൽ ഭഗവാൻ പ്രത്യക്ഷമായി. ചക്രം മുതലായ ദിവ്യായുധങ്ങളുടെ പ്രഭാരശ്മികൾ കൊണ്ട് ജ്വലിക്കുന്ന അഷ്ടഭുജമൂർത്തിയായി ഗരുഡാരൂഢനായി പ്രകാശ രൂപിയായി വരം നൽകാൻ ദേവൻ പ്രത്യക്ഷനായി.

മൂലം – 7

പ്രചേതസാം താവദയാചതാമപി
ത്വമേവ കാരുണ്യഭരാദ്വരാനദാഃ
ഭവദ്വിചിന്താപി ശിവായ ദേഹിനാം
ഭവത്വസൗ രുദ്രനുതിശ്ച കാമദാ.

ഭാഷ

അയ്യം കൊടുത്തു കൃപയോടെ ദേവൻ
"ഭവദ്വിചിന്തയരുളും ശിവത്തെ
ജനത്തിനേകട്ടെ സമസ്തനാമാം
മഹത്തരം നിങ്ങടെ രുദ്രഗീതം"

അർത്ഥം : പ്രചേതസ്സുകൾക്ക് കാരുണ്യശാലിയായ ഭഗവാൻ അവർ ചോദിക്കാതെത്തന്നെ വരം കൊടുത്തു (ചോദിക്കാതെ കൊടുക്കുന്നത് അയ്യം). "നിങ്ങളെക്കുറിച്ച് സ്മരിക്കുന്നതു തന്നെ മംഗളം വരുത്തും, മാത്രമല്ല, നിങ്ങൾ പാടിയ മഹത്തരമായ ഈ രുദ്രഗീതം സർവ്വലോക ത്തിനും സമസ്തകാമപ്രദമായി ഭവിയ്ക്കും."

മൂലം – 8

'അവാപ്യ കാന്താം തനയാം മഹീരുഹാം
തയാ രമസ്വ ദശലക്ഷവത്സരീം
സുതോഽസ്തു ദക്ഷോ, നനു തത്ക്ഷണാച്ച മാം
പ്രയാസ്യഥേ'തി ന്യഗദോ മുദൈവ താൻ.

ഭാഷ

രമിച്ചിടേണം ദശലക്ഷവർഷം
മരങ്ങൾ തൻ പുത്രി മരീചയൊപ്പം
ലഭിച്ചിടും ദക്ഷനെ പുത്രനായ് തത്ൽ-
ക്ഷണം ലഭിക്കും മമ മുക്തിപാദം

അർത്ഥം : നിങ്ങൾ മരങ്ങളുടെ പുത്രിയായ മരീചയെ വിവാഹം കഴിച്ച് പത്തുലക്ഷം വത്സരം അവളോടൊപ്പം സുഖിയ്ക്കുവിൻ. നിങ്ങൾക്ക്

അവളിൽ ദക്ഷനെന്ന പുത്രനുണ്ടാവും. ഉടനെത്തന്നെ നിങ്ങൾക്ക് മുക്തി കിട്ടി എന്നോടു ചേരാനാവും"

(മരങ്ങളുടെ പുത്രിയായ മരീച കുരുമുളകുവള്ളിയാണ്. മരീചിപത്തനം പടിഞ്ഞാറൻ കടലോരത്താണ്. ദക്ഷനെന്നാൽ തച്ചൻ അഥവാ ദാരുശില്പി ആശാരി എന്നും അർത്ഥമുണ്ട്. മരങ്ങളുടെ പൗത്രനാണ് മരപ്പണി ചെയ്യുന്ന ആശാരി)

മൂലം – 9

തതശ്ച തേ ഭൂതലരോധിനസ്തരൂൻ
ക്രുധാ ദഹന്തോ ദ്രുഹിണേന വാരിതാഃ
ദ്രുമൈശ്ച ദത്താം തനയാമവാപ്യ താം
ത്വദുക്തകാലം സുഖിനോഽഭിരേമിരേ.

ഭാഷ

തപസ്സുണർന്നിട്ടവർ കണ്ടു കാടാൽ
നിറഞ്ഞ ഭൂമി; ദ്രുമഹത്യചെയ്കെ
തടഞ്ഞു ബ്രഹ്മൻ, കൊടുത്തു കാടാ
മരീചയെ, വാണവർ സ്വസ്ഥരായി

അർത്ഥം : തപസ്സുണർന്ന പ്രചേതസ്സുകൾ ഭൂമിയാകെ കാടുമൂടിയതു കണ്ടു. ജലത്തിൽ നിന്നു പൊങ്ങിയ പ്രചേതസ്സുകളുടെ വായിൽ നിന്നു വന്ന കാറ്റും തീയും കാട് നശിപ്പിക്കാൻ തുടങ്ങി. ബ്രഹ്മാവ് വന്നു തടുത്തു നിർത്തി. രക്ഷപ്പെട്ട മരങ്ങൾ തങ്ങളുടെ പുത്രിയായ (തങ്ങളിൽ പടർന്നു കയറിയ) മരീചയെ പ്രചേതസ്സുകൾക്കു കൊടുത്തു.അവർ വിഷ്ണു നിർദ്ദേശിച്ചപ്രകാരം സ്വസ്ഥരായി സുഖിച്ചുവാണു.

മൂലം – 10

അവാപ്യ ദക്ഷം ച സുതം കൃതാധ്വരാഃ
പ്രചേതസോ നാരദലബ്ധയാ ധിയാ
അവാപുരാനന്ദപദം, തഥാവിധ-
സ്ത്വമീശ! വാതാലയനാഥ! പാഹി മാം.

ഭാഷ

കൃതാദ്ധ്വരർ നാരദ വാക്യ വിജ്ഞാ-
നാനന്ദികൾ ദക്ഷനു ജന്മമേകി
ധീയാലെ പ്രാപിച്ചിതു വിഷ്ണുലോകം
പാലിയ്ക്കയെന്നെ, ഗുരുവായൂരപ്പാ.

അർത്ഥം : യാഗങ്ങൾ ചെയ്ത് നാരദനിൽ നിന്ന് ആത്മതത്വം ഗ്രഹിച്ച പ്രചേതസ്സുകൾ ദക്ഷനെന്ന പുത്രനു ജന്മം നൽകിയശേഷം അവരുടെ വിമലബോധത്താൽ വിഷ്ണുലോകം പ്രാപിച്ച് മുക്തരായി. ഗുരുവായൂരപ്പാ, എന്നേയും അതുപോലെ പരിപാലിയ്ക്കണേ.

O

ദശകം 20

ഋഷഭചരിതം

മൂലം – 1

പ്രിയവ്രതസ്യ പ്രിയപുത്രഭൂതാ-
ദാഗ്നീധ്രരാജാദുദിതോ ഹി നാഭിഃ
ത്വാം ദൃഷ്ടവാനിഷ്ടദമിഷ്ടിമധ്യേ
തവൈവ തുഷ്ട്യൈ കൃതയജ്ഞകർമ്മാ.

ഭാഷ

പ്രിയവ്രതൻ തൻപ്രിയപുത്രനഗ്നീ-
ധ്രനെന്ന രാജന്നു ജനിച്ചു നാഭി
അനേക യജ്ഞങ്ങൾ നടത്തിനീയാം
പ്രിയസ്വരൂപത്തെയറിഞ്ഞു കണ്ണാൽ.

അർത്ഥം : പ്രിയവ്രതന്റെ പ്രിയപുത്രനായ അഗ്നീധ്രനെന്ന രാജാവിന്റെ പുത്രനായ നാഭി അനേകം യാഗങ്ങൾ നടത്തി. അദ്ദേഹം യജ്ഞ മദ്ധ്യേ തനിയ്ക്ക് ഏറ്റവും പ്രിയമായ വിഷ്ണുസ്വരൂപത്തെ സ്വന്തം കണ്ണുക ളാൽത്തന്നെ കണ്ടറിഞ്ഞു.

മൂലം – 2

അഭിഷ്ടുതസ്തത്ര മുനീശ്വരൈസ്ത്വം
രാജ്ഞഃ സ്വതുല്യം സുതമർത്ഥ്യമാനഃ
സ്വയം ജനിഷ്യേ ƒഹമിതി ബ്രുവാണ-
സ്തിരോദധാ ബർഹിഷി വിശ്വമൂർത്തേ!

ഭാഷ

മുനീന്ദ്രർ യാജിച്ചു സ്തുതിയ്ക്കെ യാത്മ-
സമൻ സുതന്നായി വണങ്ങി നാഭി
"സ്വയം ജനിപ്പേനഹ" മെന്നു ചൊല്ലി
യജ്ഞാഗ്നിയിൽമാഞ്ഞിതു വിശ്വമൂർത്തി

അർത്ഥം : ചുറ്റും മുനീശ്വരന്മാർ യജിച്ചു സ്തുതിക്കുമ്പോൾ, തനിയ്ക്കു തുല്യനായ പുത്രൻ വേണമെന്ന് വരം ചോദിച്ച നാഭിയോട് "നിന്റെ മകനായി ഞാൻ തന്നെ വന്നവതരിക്കു" മെന്ന് പറഞ്ഞിട്ട് വിശ്വമൂർത്തി യായ ഭഗവാൻ യജ്ഞാഗ്നിയിൽത്തന്നെ അപ്രത്യക്ഷനായി.

മൂലം – 3

നാഭിപ്രിയായാമഥ മേരുദേവ്യാം
ത്വമംശതോƒഭൂർഋഷഭാഭിധാനഃ
അലോകസാമാന്യഗുണപ്രഭാവ-
പ്രഭാവിതാശേഷജനപ്രമോദഃ

ഭാഷ

വിഷ്ണ്വംശഭൂതൻ ഋഷഭൻ ജനിച്ചു
നാഭീയ്ക്കു മേരു ദേവീവയറ്റിൽ
അലോക സാമാന്യ ഗുണപ്രഭാവം
കൊടുത്തിതാനന്ദമശേഷലോകേ.

അർത്ഥം : നാഭിയുടെ പത്നി മേരുദേവിയിൽ വിഷ്ണുവിന്റെ അംശാവതാരമായി ഋഷഭൻ ജനിച്ചു. സാധാരണ ലോകത്തിൽ കണ്ടുവരാത്ത അസാമാന്യമായ ഗുണപ്രഭാവങ്ങൾ കുട്ടിക്കാലത്തുതന്നെ പ്രദർശിപ്പിക്കുന്ന ആ രാജകുമാരൻ സർവ്വജനങ്ങൾക്കും ആനന്ദദായകനായി ത്തീർന്നു.

മൂലം – 4

ത്വയി ത്രിലോകീഭൃതി രാജ്യഭാരം
നിധായ നാഭിഃ സഹ മേരുദേവ്യാ
തപോവനം പ്രാപ്യ ഭവന്നിഷേവീ
ഗതഃ കിലാനന്ദപദം പദം തേ.

ഭാഷ

ത്രിലോക ഭർത്താ ഭഗവാനിലേകി
സ്വരാജ്യം, ആ നാഭി ഗമിച്ചുകാട്ടിൽ
മാതാവുമൊത്താത്മപദം ഭജിച്ചു
നേടീ ത്വാനന്ദപദം ത്വദേകം

അർത്ഥം : ത്രിലോക ഭർത്താവായ ഭഗവാനാകുന്ന സ്വപുത്രനിൽ തന്റെ ചെറിയ രാജ്യഭാരം ഏല്പിച്ച് നാഭി, മേരുദേവിയൊത്ത് വാനപ്രസ്ഥത്തിനുപോയി – അവിടെ ഇരുന്ന് ആത്മചിന്തയോടെ ഭഗവാനെത്തന്നെ ഭജിച്ച്, നീ തന്നെയായ "ഏക"മായ പരമാനന്ദപദത്തിൽ ലയിച്ചു.

മൂലം – 5

ഇന്ദ്രസ്ത്വദുത്കർഷകൃതാദമർഷാദ്
വവർഷ നാസ്മിന്നജനാഭവർഷേ
യദാ തദാ ത്വം നിജയോഗശക്ത്യാ
സ്വവർഷമേനദ്വ്യദധാഃ സുവർഷം.

ഭാഷ

ഉൽക്കർഷകണ്ടീർഷ്യയൊടിന്ദ്രദേവൻ
വർഷിച്ചതില്ലാ, അജനാഭവർഷേ
സുവർഷമാക്കി സ്വയോഗശക്ത്യാ
സ്വവർഷമാകെ ഋഷഭാഖ്യദേവൻ

അർത്ഥം : ഋഷഭന്റെ രാജ്യമായ അജനാഭവർഷത്തിന്റെ (ഇന്ത്യയുടെ പഴയ പേര്) ഉത്കർഷ കണ്ട് ഈർഷ്യ വന്ന ദേവേന്ദ്രൻ അവിടെ മഴ

പെയ്യിക്കാതായി. പരമയോഗിയായ ഋഷഭദേവൻ സ്വന്തം യോഗശക്തിയാൽ "സ്വവർഷ"മായ അജനാഭവർഷത്തിൽ ധാരാളം മഴ വർഷിച്ച് അതിനെ "സുവർഷ"മാക്കിത്തീർത്തു.

മൂലം – 6

ജിതേന്ദ്രദത്താം കമനീം ജയന്തീ-
മഥോദ്വഹന്നാത്മരതാശയോഽപി
അജീജനസ്തത്ര ശതം തനൂജാൻ
യേഷാം ക്ഷിതീശോ ഭരതോഽഗ്രജന്മാ.

ഭാഷ

ജിതേന്ദ്രനേകീ കമനീ ജയന്തി
ജിതേന്ദ്രിയൻ വേട്ടവളിന്ദ്ര പുത്രി
ശതംസുതന്മാർ ഭരതൻ മുതിർന്നോൻ
ക്ഷിതീശനായി മഹിതൻ മഹാത്മൻ

അർത്ഥം : പരാജിതനായ ഇന്ദ്രൻ സമ്മാനമായി കൊടുത്ത സുന്ദരിയായ ഇന്ദ്രപുത്രി ജയന്തിയെ ജിതേന്ദ്രിയനും ആത്മരതനുമെങ്കിലും ഋഷഭൻ വിവാഹം കഴിച്ചു. അവളിൽ നൂറുമക്കളുണ്ടായി. മൂത്തവൻ മഹാത്മാവായ ഭരതൻ രാജാവായി.

മൂലം – 7

നവാഭവൻ യോഗിവരാ നവാന്യേ
ത്വപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാ ത്വശീതിസ്തവ ശേഷപുത്രാ-
സ്തപോബലാദ് ഭൂസുരഭൂയമീയുഃ

ഭാഷ

ഒരൊമ്പതോ, ഭാരതക്ഷേത്രപാലർ
ഒരൊമ്പതായ് ശ്രീനവയോഗിവര്യർ
അശീതിയേകം തവശേഷപുത്രർ
തപോബലർ ബ്രാഹ്മണരായി പാരിൽ.

അർത്ഥം : ഋഷഭന്റെ 9 മക്കൾ പ്രസിദ്ധരായി 'നവയോഗി' കളായി. വേറെ ഒമ്പതു മക്കൾ ഭരതന്റെ രാജ്യമായ ഭാരതക്ഷേത്രത്തിന്റെ വിവിധ ഭാഗങ്ങൾ പരിപാലിക്കുന്ന രാജാക്കന്മാരായി. ബാക്കിയുള്ള 81 പുത്രന്മാരാണ്, അവരുടെ തപോബലത്താൽ ബ്രാഹ്മണരായിത്തീർന്നത്.

മൂലം – 8

ഉക്ത്വാ സുതേഭ്യോഽഥ മുനീന്ദ്രമധ്യേ
വിരക്തിഭക്ത്യന്വിതമുക്തിമാർഗ്ഗം
സ്വയം ഗതഃ പാരമഹംസ്യവൃത്തി-
മധാ ജഡോന്മത്തപിശാചചര്യാം.

പെയ്യിക്കാതായി. പരമയോഗിയായ ഋഷഭദേവൻ സ്വന്തം യോഗശക്തിയാൽ "സ്വവർഷ"മായ അജനാഭവർഷത്തിൽ ധാരാളം മഴ വർഷിച്ച് അതിനെ "സുവർഷ"മാക്കിത്തീർത്തു.

മൂലം – 6

ജിതേന്ദ്രദത്താം കമനീം ജയന്തീ-
മഥോദ്വഹന്നാത്മരതാശയോഽപി
അജീജനസ്തത്ര ശതം തനൂജാൻ
യേഷാം ക്ഷിതീശോ ഭരതോഽഗ്രജന്മാ.

ഭാഷ

ജിതേന്ദ്രനേകീ കമനീ ജയന്തി
ജിതേന്ദ്രിയൻ വേട്ടവളിന്ദ്ര പുത്രി
ശതംസുതന്മാർ ഭരതൻ മുതിർന്നോൻ
ക്ഷിതീശനായി മഹിതൻ മഹാത്മൻ

അർത്ഥം : പരാജിതനായ ഇന്ദ്രൻ സമ്മാനമായി കൊടുത്ത സുന്ദരിയായ ഇന്ദ്രപുത്രി ജയന്തിയെ ജിതേന്ദ്രിയനും ആത്മരതനുമെങ്കിലും ഋഷഭൻ വിവാഹം കഴിച്ചു. അവളിൽ നൂറുമക്കളുണ്ടായി. മൂത്തവൻ മഹാത്മാവായ ഭരതൻ രാജാവായി.

മൂലം – 7

നവാഭവൻ യോഗിവരാ നവാന്യേ
ത്വപാലയൻ ഭാരതവർഷഖണ്ഡാൻ
സൈകാ ത്വശീതിസ്തവ ശേഷപുത്രാ-
സ്തപോബലാദ് ഭൂസുരഭൂയമീയുഃ

ഭാഷ

ഒരൊമ്പതോ, ഭാരതക്ഷേത്രപാലർ
ഒരൊമ്പതായ് ശ്രീനവയോഗിവര്യർ
അശീതിയേകം തവശേഷപുത്രർ
തപോബലർ ബ്രാഹ്മണരായി പാരിൽ.

അർത്ഥം : ഋഷഭന്റെ 9 മക്കൾ പ്രസിദ്ധരായി 'നവയോഗി' കളായി. വേറെ ഒമ്പതു മക്കൾ ഭരതന്റെ രാജ്യമായ ഭാരതക്ഷേത്രത്തിന്റെ വിവിധ ഭാഗങ്ങൾ പരിപാലിക്കുന്ന രാജാക്കന്മാരായി. ബാക്കിയുള്ള 81 പുത്രന്മാരാണ്, അവരുടെ തപോബലത്താൽ ബ്രാഹ്മണരായിത്തീർന്നത്.

മൂലം – 8

ഉക്ത്വാ സുതേഭ്യോഽഥ മുനീന്ദ്രമധ്യേ
വിരക്തിഭക്ത്യന്വിതമുക്തിമാർഗ്ഗം
സ്വയം ഗതഃ പാരമഹംസ്യവൃത്തി-
മധാ ജഡോന്മത്തപിശാചചര്യാം.

ഭാഷ

ഉണ്ടായറുപതു പുത്രിമാർ ദക്ഷന്റെ
വംശം തുടർന്ന തവരിലൂടെ
പൗത്രനാം വിശ്വരൂപൻ നിന്റെ സ്തോത്ര വ-
ർമ്മത്തിനാലിന്ദ്രനെ രക്ഷചെയ്തു.
സർവ്വരേയും വെല്ലും നിന്മഹിമാവിനി-
ല്ലാദിയുമന്തവും വിശ്വമൂർത്തേ.

അർത്ഥം : പിന്നീട് ദക്ഷന് അറുപതു പുത്രിമാരുണ്ടായി. അവരിലൂടെ സർഗ്ഗക്രിയ തുടർന്നാണ് ദക്ഷവംശം നിലനിന്നത്. ദക്ഷന്റെ മകളുടെ മകന്റെ പുത്രനായ വിശ്വരൂപൻ 'വിഷ്ണുമന്ത്ര' മാകുന്ന സ്തോത്രം പടച്ചട്ടയാക്കി അണിയിച്ച് ഇന്ദ്രനെ യജ്ഞവേളയിൽ രക്ഷിച്ചു. സർവ്വജിത്തായ അവിടുത്തെ മഹിമാവിനുണ്ടോ ആദിയും അന്തവും!! (വിശ്വരൂപൻ ജപിച്ചതാണ് നാരായണകവചം)

മൂലം – 4

പ്രാക്ശൂരസേനവിഷയേ കില ചിത്രകേതുഃ
പുത്രാഗ്രഹീ നൃപതിരംഗിരസഃ പ്രഭാവാത്
ലബ്ധ്വൈകപുത്രമഥ തത്ര ഹതേ സപത്നീ-
സംഘൈരമുഹ്യദവശസ്തവ മായയാസൌ.

ഭാഷ

ശൂരസേനൻ ചിത്രകേതു വിനംഗിര-
സ്സേകീ കൃപയാലെ തൃപ്പുത്രനെ
കൊന്നുസപത്നിമാർ മോഹിതൻ രാജാവി-
ന്നുണ്ടായീ ദുഃഖമവർണ്ണ്യ നീയം.

അർത്ഥം : ശൂരസേന രാജ്യത്തെ ചിത്രകേതുവിന് പുത്രനില്ലാതെ ദുഃഖിക്കുമ്പോൾ അംഗിരസ്സ് തന്റെ തപോബലത്താല് ഒരു സന്തതിയെ കൊടുത്തു. കുഞ്ഞിനെ അവന്റെ അമ്മയുടെ സപത്നിമാർ അസൂയ കൊണ്ട് കൊന്നുകളഞ്ഞു. രാജാവിന്റെ ദുഃഖം നിസ്സീമമായിരുന്നു. അദ്ദേഹം മോഹിതനായി വീണുപോയി.

മൂലം – 5

തം നാരദസ്തു സമമംഗിരസാ ദയാലുഃ
സംപ്രാപ്യ താവദുപദർശ്യ സുതസ്യ ജീവം
'കസ്യാസ്മി പുത്ര' ഇതി തസ്യ ഗിരാ വിമോഹം
ത്യക്ത്വാ ത്വദർച്ചനവിധൗ നൃപതിം ന്യയുങ്ക്ത.

ഭാഷ

ദീനദയാലുവാം നാരദനംഗിര-
സ്സോടൊത്തു വന്നു, മൃതാത്മാവിനെ
കാണിച്ചു "ആരുടെപുത്രൻ ഞാനേതേതു
ജന്മത്തി" ലെന്നവൻ വാക്കു കേട്ടു
രാജാവിൻ മായാവിമോഹം നീങ്ങി നിന്നെ
യർപ്പിച്ചു പൂജിച്ചുപാസിക്കയായ്

അർത്ഥം : രാജാവിന്റെ ദുഃഖം കണ്ട് മനസ്സലിഞ്ഞ നാരദൻ അംഗിരസ്സു മുനിയോടൊപ്പം കൊട്ടാരത്തിലെത്തി. അവർ മരിച്ചുപോയ പുത്രന്റെ ആത്മാവിനെ രാജാവിനെ കാണിച്ചുകൊടുത്തു. "ഞാനാരുടെ മകനാണ്. ഏതു ജന്മത്തിലാണ് ഞാനിവരുടെ മകനായിരുന്നത്" എന്ന് ആത്മാവ് പറഞ്ഞത് കേട്ട് രാജാവിന്റെ മായാമോഹം നീങ്ങി. ദുഃഖം ശമിച്ചു. വിഷ്ണുവിനെ ഉപാസിക്കാൻ ആരംഭിച്ചു.

മൂലം – 6

സ്തോത്രം ച മന്ത്രമപി നാരദതോഽഥ ലബ്ധ്വാ
തോഷായ ശേഷവപുഷോ നനു തേ തപസ്യൻ
വിദ്യാധരാധിപതിതാം സ ഹി സപ്തരാത്രേ
ലബ്ധ്വാപ്യകുണ്ഠമതിരന്വഭജദ് ഭവന്തം.

ഭാഷ

നാരദൻ നൽകിയ മന്ത്രസ്തോത്രങ്ങളാൽ
ശേഷമൂർത്തേ നിൻതപം തുടങ്ങി
ഏഴുദിനംകൊണ്ട് വിദ്യാധരപദം
കിട്ടിയെന്നാലും ഭജിച്ചു നീണാൾ

അർത്ഥം : നാരദൻ ഉപദേശിച്ച മന്ത്രസ്തോത്രങ്ങളാൽ ആദി ശേഷമൂർത്തിയെ തപം ചെയ്തു. ഏഴു ദിനം കൊണ്ട് വിദ്യാധരപദം കിട്ടി. എന്നാലും തപസ്സു നിർത്തിയില്ല. തുടർന്ന് തപം ചെയ്തു.

മൂലം – 7

തസ്മൈ മൃണാളധവളേന സഹസ്രശീർഷ്ണാ
രൂപേണ ബദ്ധനുതിസിദ്ധഗണാവൃതേന
പ്രാദുർഭവന്നചിരതോ നുതിഭിഃ പ്രസന്നോ
ദത്വാത്മതത്ത്വമനുഗൃഹ്യ തിരോദധാഥ.

ഭാഷ

താമരത്തണ്ടുപോൽ തൂവെള്ളയായിരം
നാവും തലയും, ചുഴന്നു നിൽക്കും
സിദ്ധസംഘത്തിൻ സ്തുതി, യാ പ്രസന്നമാം
പ്രത്യക്ഷരൂപം തെളിഞ്ഞു കണ്ണിൽ
ആത്മതത്ത്വത്തെയുപദേശിച്ചു, വര-
മേകീട്ടുദേവൻ മറഞ്ഞുപോയി.

അർത്ഥം : താമരവളയംപോലെ വെളുത്ത് ആയിരം ഫണങ്ങളിൽ നാവുകളോടെ, ചുറ്റും സിദ്ധസംഘം സ്തുതിച്ചു നിൽക്കുന്ന ആദി ശേഷന്റെ പ്രസന്നരൂപം പ്രത്യക്ഷദർശനം കിട്ടി. ഭഗവാൻ ചിത്രകേതുവിന് ആത്മതത്വം ഉപദേശിച്ച്, വരം നൽകി, അന്തർദ്ധാനം ചെയ്തു.

മൂലം – 8

ത്വദ്ഭക്തമൌലിരഥ സോഽപി ച ലക്ഷലക്ഷം
വർഷാണി, ഹർഷുലമനാ ഭുവനേഷു കാമം
സംഗാപയൻ ഗുണഗണം തവ സുന്ദരീഭിഃ
സംഗാതിരേകരഹിതോ ലളിതം ചചാര.

ഭാഷ

ഭക്തതിലകമാ ചിത്രകേതു, ലക്ഷ-
ലക്ഷവർഷം ഹർഷതുന്ദിലനായ്
ലോകമാകെ നിൻഗുണം പാടിത്തൻവിദ്യാ-
ധാരിണിമാരൊത്തു സഞ്ചരിച്ചു.
സംഗാതിരേകരഹിതനായ് ലൗകിക-
ഭോഗത്തിലെല്ലാം വിരക്തനായി.

അർത്ഥം : ഭക്തതിലകമായ ചിത്രകേതു വിഷ്ണുനാമം പാടിയും അനേക വിദ്യാധരി സുന്ദരികളെക്കൊണ്ടു പാടിച്ചും, അനേക ലക്ഷം വർഷം ലോകമാകെ ചുറ്റി സഞ്ചരിച്ചു. ലൗകിക ഭോഗങ്ങളിൽ അദ്ദേഹത്തിന് സംഗം ഉണ്ടായതേയില്ല.

മൂലം – 9

അത്യന്തസംഗവിലയായ ഭവത്പ്രണുന്നോ
നൂനം സ രൂപ്യഗിരിമാപ്യ മഹത്സമാജേ
നിശ്ശങ്കമങ്കകൃതവല്ലഭമംഗജാരിം
തം ശങ്കരം പരിഹസന്നുമയാഭിശേപേ!

ഭാഷ

സാമാജമദ്ധ്യത്തിൽ അങ്കത്തിൽ ഗൗരിയെ
കാമാന്തകൻ താങ്ങും കാഴ്ച കണ്ടു
കൈലാസം പൂകിയ ചിത്രകേതു നിന്ദി-
ച്ചോരോ പരിഹാസവാക്യമോതി
ഗൗരിശാപത്തിനുപാത്രമായ്, ആസക്തി
പൂർണ്ണമായ്പോകാൻ നിൻ ലീലയാകാം.

അർത്ഥം : കൈലാസത്തിൽ സഭാമദ്ധ്യത്തിൽ കാമാന്തകനായ ശിവൻ മടിയിൽ ഗൗരിയെ താങ്ങിയിരിക്കുന്നതു കണ്ട ചിത്രകേതു നിന്ദിച്ച് പരിഹസിച്ച് ചിരിയ്ക്കയാൽ പാർവ്വതീദേവിയുടെ ശാപത്തിനു പാത്രമായി – ആസക്തി പൂർണ്ണമായി പോകാൻ ഭഗവാൻ നടത്തിയ ലീലയാവാം ഇതും.

മൂലം – 10

നിസ്സംഭ്രമസ്ത്വയമയാചിതശാപമോക്ഷോ
വൃത്രാസുരത്വമുപഗമ്യ സുരേന്ദ്രയോധീ
ഭക്ത്യാത്മതത്ത്വകഥനൈഃ സമരേ വിചിത്രം
ശത്രോരപി ഭ്രമമപാസ്യ ഗതഃ പദം തേ.

ഭാഷ

നിസ്സംഭ്രമം ശാപമോക്ഷവും വാങ്ങാതെ
വൃത്രാസുരനായ് ജനിച്ചു പാരിൽ
യുദ്ധമദ്ധ്യത്തിൽ ദേവേന്ദ്രനു ഭക്തിയാൽ
ആത്മതത്ത്വത്തെയുപദേശിച്ചു.
ശത്രുവിന്നജ്ഞാനം നീക്കി നിൻ തൃപ്പദം
പ്രാപിച്ചു ആശ്ചര്യമാചരിത്രം.

അർത്ഥം : ചിത്രകേതു ഒട്ടും സംഭ്രമിച്ചില്ല. ശാപമോക്ഷം ചോദിച്ചതുമില്ല. ത്വഷ്ടാവിന്റെ അഗ്നിയിൽ നിന്ന് വൃതാസുരനായി ജനിച്ചു (ഇന്ദ്രന്റെ ശത്രുവായ പുത്രനെയാണ് ത്വഷ്ടാവ് മോഹിച്ചത്. പക്ഷെ "ഇന്ദ്രൻ ശത്രുവായ" പുത്രനാണുണ്ടായത്). യുദ്ധത്തിൽ ഇന്ദ്രന് ഭക്തി പൂർവ്വം ആത്മതത്വം ഉപദേശിച്ച്, ശത്രുവിൽപോലും ജ്ഞാനം ഉദിപ്പിച്ചു. ഒടുവിൽ വിഷ്ണുപാദം പ്രാപിച്ചു. ആശ്ചര്യകരമാണ് ആ വിചിത്ര ചരിത്രം.

മൂലം – 11

ത്വത്സേവനേന ദിതിരിന്ദ്രവധോദ്യതാപി
താൻ പ്രത്യുതേന്ദ്രസുഹൃദോ മരുതോഽഭിലേഭേ
ദുഷ്ടാശയേഽപി ശുഭദൈവ ഭവന്നിഷേവാ,
തത്താദൃശസ്ത്വമവ മാം പവനാലയേശ!

ഭാഷ

ഇന്ദ്രനെക്കൊല്ലാൻ നിൻഭക്ത ദിതിചെയ്ത
കർമ്മത്തിലുണ്ടായി ഇന്ദ്രസഖർ
ദിവ്യമരുത്തുക്കൾ നിൻസേവനം ശുഭ-
മേകുന്നിതാർക്കും, രക്ഷിക്കയെന്നെ.

അർത്ഥം : ഇന്ദ്രനെ വധിക്കാൻ മഹാവിഷ്ണുവിന്റെ ഭക്തയായ ദിതി ചെയ്ത കർമ്മത്താൽ ഉണ്ടായത് ഇന്ദ്രസഖികളായ ദിവ്യമരുത്തുക്കളാണ്. ഭഗവാനെ ഭജിച്ചാൽ എല്ലാവർക്കും ശുഭം മാത്രമേ സംഭവിക്കു എന്നതിനുദാഹരണമാണ്. ഭഗവാനെ, എന്നെ രക്ഷിക്കണേ.

○

ദശകം 24

പ്രഹ്ലാദചരിതം

മൂലം - 1

ഹിരണ്യാക്ഷേ പോത്രിപ്രവരവപുഷാ, ദേവ! ഭവതാ
ഹതേ ശോകക്രോധഗ്ലപിതധൃതിരേതസ്യ സഹജഃ
ഹിരണ്യപ്രാരംഭഃ കശിപുരമരാരാതിസദസി
പ്രതിജ്ഞാമാതേനേ തവ കില വധാർത്ഥം മുരരിപോ!

ഭാഷ

കോലത്താൽ ഭ്രാതാവിൻ മൃത്യുകേട്ടുദുഃഖ-
ഭാരാൽ ക്രുധിതൻ ഹിരണ്യ കശിപു
ചെയ്താൻ പ്രതിജ്ഞ സഭയിൽ "വധിക്കുവൻ
വിഷ്ണുവെ" വെന്നു മദാന്ധതയാൽ.

അർത്ഥം : 'വരാഹത്താൽ സഹോദരനായ ഹിരണ്യാക്ഷൻ വധിക്കപ്പെട്ടു എന്ന വാർത്ത കേട്ട് ദുഃഖവും ക്രോധവും സഹിക്കാതെ, മദാന്ധനായ ഹിരണ്യകശിപു അസുരസഭയിൽ വെച്ച് 'ഞാൻ ആ വിഷ്ണുവെ വധിയ്ക്കുന്നതാണ്" എന്ന് ശപഥം ചെയ്തു.

മൂലം - 2

വിധാതാരം ഘോരം സ ഖലു തപസിത്വാ ന ചിരതഃ
പുരഃ സാക്ഷാത്കുർവ്വൻ സുരനരമൃഗാദ്യൈരനിധനം
വരം ലബ്ധ്വാ ദൃപ്തോ ജഗദിഹ ഭവന്നായകമിദം
പരിക്ഷുന്ദന്നിന്ദ്രാദഹരത ദിവം ത്വാമഗണയൻ.

ഭാഷ

ഘോരതപത്താൽ വിധാതാവിൽ നിന്നവൻ
നേടീവരം, സുരമാനുഷരാൽ
തിര്യക്കിനാലും വരില്ലാ മൃതി, യഹ-
കാരിയാസ്വർഗ്ഗ മടക്കിവാണു.

അർത്ഥം : ഘോരതപസ്സു ചെയ്ത് അവന് ബ്രഹ്മാവിൽ നിന്നു വരം നേടി, ദേവാസുര മനുഷ്യഗണങ്ങളാലോ മൃഗങ്ങളാലോ, രാത്രിയോ പകലോ, അകത്തോ പുറത്തോ വെച്ചോ മരണം സംഭവിക്കില്ല എന്നാണ് വരം. ഈ വരത്താൽ അഹങ്കാരിയായ അസുരൻ സ്വർഗ്ഗലോക മുൾപ്പെടെ മൂന്നു ലോകവും തന്റെ കാൽക്കീഴിലാക്കി അടക്കിവാണു.

മൂലം - 3

നിഹന്തും ത്വാം ഭൂയസ്തവ പദ മവാപ്തസ്യ ച രിപോർ-
ബഹിർദൃഷ്ടേരന്തർദധിഥ ഹൃദയേ സൂക്ഷ്മവപുഷാ
നദന്നുച്ചൈസ്തത്രാപ്യഖിലഭുവനാന്തേ ച മൃഗയൻ
ഭിയാ യാതം മത്വാ സ ഖലു ജിതകാശീ നിവവൃതേ.

ഭാഷ

കൊല്ലാനണഞ്ഞുവൈകുണ്ഠത്തിൽ, ശത്രുവി-
ന്നുള്ളിൽ സൂക്ഷ്മാന്തര്യാമീയണുവായ്
ബാഹ്യ നേത്രത്തിന്നദൃശ്യനാം നീ ഭയ-
ന്നോടിയെന്നോർത്തു ഗർജ്ജിച്ചു ശത്രു
മൂവുലകം തേടിക്കണ്ടില്ലാ തന്നക-
ക്കാമ്പിലിരിയ്ക്കു മണുസ്വരൂപം
'ഞാൻ വിജയി, വിഷ്ണു തോറ്റു' വെന്നാനന്ദി-
ച്ചാ മൂഢ മാനസൻ വീട്ടിലെത്തി.

അർത്ഥം : വിഷ്ണുവിനെ വധിക്കാൻ ഹിരണ്യകശിപു വൈകുണ്ഠ ത്തിലെത്തി. വിഷ്ണു അതിസൂക്ഷ്മരൂപത്തിൽ അണുപ്രായത്തിൽ ശത്രുവിന്റെ ഉള്ളിൽത്തന്നെ അന്തര്യാമിയായിരുന്നിട്ടും, അവന്റെ ബാഹ്യനേത്രങ്ങൾക്ക് കാണാൻ കഴിഞ്ഞില്ല. അപ്പോൾ വിഷ്ണു എന്നെ ഭയന്നോടി എന്ന് അഹങ്കരിച്ച് ഗർജ്ജിച്ച് അവൻ മുന്നു ലോക ത്തിലും വിഷ്ണുവിനെ അന്വേഷിച്ചു. കാണാഞ്ഞപ്പോൾ "ഞാൻ വിജയി; വിഷ്ണു തോറ്റോടി" എന്ന് ആത്മപ്രശംസ ചെയ്ത് ആ മൂഢൻ തന്റെ കൊട്ടാരത്തിൽ മടങ്ങിയെത്തി.

മൂലം - 4

തതോƒസ്യ പ്രഹ്ലാദഃ സമജനി സുതോ ഗർഭവസതൌ
മുനേർവ്വീണാപാണേരധിഗതഭവദ്ഭക്തിമഹിമാ
സ വൈ ജാത്യാ ദൈത്യഃ ശിശുരപി സമേത്യ ത്വയി രതിം
ഗതസ്ത്വദ്ഭക്താനാം വരദ! പരമോദാഹരണതാം.

ഭാഷ

ഗർഭസ്ഥനാം സുതൻ നാരദവാണിയാൽ
ഭക്തിരഹസ്യമറിഞ്ഞ ധന്യൻ
ജാത്യാ അസുരശിശുവെന്നാലും ഭക്തോ-
ത്തംസ ദൃഷ്ടാന്തം പ്രഹ്ലാദനെന്നോൻ

അർത്ഥം : ഹിരണ്യകശിപുവിന്റെ പുത്രൻ പ്രഹ്ലാദൻ അമ്മയുടെ ഗർഭ ത്തിലിരിക്കെത്തന്നെ നാരദമുനിയിൽ നിന്ന് വിഷ്ണുഭക്തി രഹസ്യം അറിഞ്ഞു. ജാത്യാ അസുരനും, ശിശുവുമായിട്ടും ആ ധന്യ ബാലൻ ഭക്തോത്തംസങ്ങളുടെ പരമോദാദരണമായി വളർന്നുവന്നു.

മൂലം – 5

സുരാരീണാം ഹാസ്യം തവ ചരണദാസ്യം നിജസുതേ
സ ദൃഷ്ട്വാ ദുഷ്ടാത്മാ ഗുരുഭിരശിശിക്ഷച്ചിരമമും
ഗുരുപ്രോക്തം ചാസാവിദമിദമഭദ്രായ ദൃഢമി-
ത്യപാകുർവ്വൻ സർവ്വം തവ ചരണഭക്ത്യൈവ വവൃധേ.

ഭാഷ

ഹാസ്യമസുരരിൽ ദാസ്യമോ വിഷ്ണുവിൽ
ആസുരമായ പഠിപ്പിൽ വൈരം
തൻ ഗുരുവോതുമഭദ്രം വെടിഞ്ഞവൻ
ഭദ്രം നിൻതൃപ്പാദശ്രദ്ധ നേടി

അർത്ഥം : അസുരന്മാരിൽ പരിഹാസവും വിഷ്ണുവിൽ ദാസ്യവും കാട്ടുന്ന മകനെ ഗുരുകുലത്തിലയച്ചു. അവൻ ആസുരമായ പഠിപ്പുകളിൽ ഒട്ടും താല്പര്യം കാട്ടിയില്ല. ഗുരു പഠിപ്പിക്കുന്ന "അഭദ്ര" മായ കാര്യങ്ങൾ അവൻ അഭദ്രമെന്നറിഞ്ഞ് തിരസ്ക്കരിച്ചു. ഏറ്റവും ഭദ്രമായ വിഷ്ണുപാദത്തിൽ ഭക്തിശ്രദ്ധകളോടെ വളർന്നു.

മൂലം – 6

അധീതേഷു ശ്രേഷ്ഠം കിമിതി പരിപൃഷ്ടേ്ഽഥ തനയേ
ഭവദ്ഭക്തിം വര്യാമഭിഗദതി പര്യാകുലധൃതിഃ
ഗുരുഭ്യോ രോഷിത്വാ സഹജമതിരസ്യേത്യഭിവിദൻ
വധോപായാനസ്മിൻ വ്യതനുത ഭവത്പാദശരണേ.

ഭാഷ

"ഏതു പഠിച്ചതിൽ ശ്രേഷ്ഠം?"; "ഭഗവാനിൽ
ഭക്തി" യെന്നോതും മകനെക്കാൺകെ
കോപിച്ചു "സ്വാഭാവികമിവൻ തൻ ബുദ്ധി"
യോതീഗുരു "ഞങ്ങൾക്കില്ല കുറ്റം".
കൊല്ലാനുറച്ചു ഭവദ്പാദദാസനെ
പുത്രനീ ബാലനെന്നോർത്തതില്ല.

അർത്ഥം : "നീ പഠിച്ചതിൽ വെച്ച് ഏറ്റവും ശ്രേഷ്ഠം ഏത്" എന്നതിന് "ഭഗവാനിൽ ഭക്തി" എന്ന മകൻ പറഞ്ഞപ്പോൾ ഹിരണ്യകശിപു അവന്റെ ഗുരുവിനോട് കോപിച്ചു. "ഇത് ഇവന്റെ സഹജബുദ്ധിയാണ്. ഞങ്ങൾ കുറ്റക്കാരല്ല" എന്ന ഗുരുവചനം സത്യമാണെന്ന് ബോധ്യപ്പെട്ടപ്പോൾ എങ്ങനെയും ആ വിഷ്ണുഭക്തനെ കൊല്ലണമെന്ന് ഹിരണ്യകശിപു ഉറപ്പിച്ചു. അവൻ ശിശുവാണെന്നോ, തന്റെ സ്വന്തം പുത്രനാണെന്നോ ഉള്ള പരിഗണനയൊന്നും ഉണ്ടായില്ല.

മൂലം - 7

സ ശൂലൈരാവിദ്ധഃ സുബഹു മഥിതോ ദിഗ്ഗജഗണൈഃ
മഹാസർപ്പൈർദ്രഷ്ടോഽപ്യനശനഗരാഹാരവിധുതഃ
ഗിരീന്ദ്രാവക്ഷിപ്തോഽപ്യഹഹ! പരമാത്മന്നയി വിഭോ!,
ത്വയി ന്യസ്താത്മത്വാത് കിമപി ന നിപീഡാമഭജത.

ഭാഷ

ശൂലത്തിനാലെ പിളർന്നിട്ടും ദിഗ്ഗജ-
ത്താലേ ചവിട്ടീട്ടും ചത്തതില്ല,
സർപ്പം കടിച്ചിട്ടും പട്ടിണിയ്ക്കിട്ടിട്ടും
കുന്നിൽ നിന്നുന്തീട്ടും ചാവുന്നില്ല,
അന്നം വിഷമയം തിന്നിട്ടും പീഢക-
ളൊന്നൊക്കെയേറ്റിട്ടുമില്ല മൃത്യു
നിന്നിലാത്മാർപ്പണം ചെയ്ത പ്രഹ്ലാദനാ
വൻപീഢയൊന്നുമേയേറ്റതില്ലാ-

അർത്ഥം : ശൂലം കൊണ്ടു പിളർന്നു, ആനയെക്കൊണ്ട് ചവിട്ടി അരപ്പിച്ചു, സർപ്പത്തെക്കൊണ്ട് കടിപ്പിച്ചു, പട്ടിണിയ്ക്കിട്ടു, പർവ്വതശിഖരത്തിൽ നിന്ന് താഴേയ്ക്കു തള്ളി, വിഷം ചേർത്ത ചോറ് കൊടുത്തു. ഇതൊക്കെ ചെയ്തിട്ടും പ്രഹ്ലാദൻ മരിച്ചില്ല - ആ പീഢയൊന്നും അവന് പീഢയായി അനുഭവപ്പെട്ടതുപോലുമില്ല. വിഷ്ണുവിൽ ആത്മാർപ്പണം ചെയ്ത ആ കൊച്ചുകുട്ടിയെ വിഷ്ണുതന്നെ കാത്തു.

മൂലം - 8

തതഃ ശങ്കാവിഷ്ടഃ സ പുനരതിദുഷ്ടോഽസ്യ ജനകോ
ഗുരൂക്ത്യാ തദ്ഗേഹേ കില വരുണപാശൈസ്തമരുണത്
ഗുരോശ്ചാസാന്നിധ്യേ സ പുനരനുഗാൻ ദൈത്യതനയാൻ
ഭവദ്ഭക്തേസ്തത്ത്വം പരമമപി വിജ്ഞാനമശിഷത്.

ഭാഷ

പ്രാചിയിൽ ശുക്രഗുരുശൃഹത്തിൽ ആഴി
തീരേ വരുണപാശത്താൽക്കെട്ടി
അപ്പോഴും കൂട്ടർക്കു ഭക്തിതത്ത്വം, മോക്ഷ
മാർഗ്ഗവും ബാലനുപദേശിച്ചു

അർത്ഥം : ഒടുവിൽ പടിഞ്ഞാറെ കടൽതീരത്തുള്ള ശുക്രഗുരുവിന്റെ ഗൃഹത്തിൽ വരുണപാശംകൊണ്ട് കെട്ടിയിട്ടു. ഗുരുവിന്റെ അസാന്നിദ്ധ്യത്തിൽ, ആ അവസ്ഥയിലിരുന്നും പ്രഹ്ലാദൻ ചുറ്റും കൂടിയ കൂട്ടുകാരായ അസുരബാലന്മാർക്ക് ഭക്തിതത്വവും പരമമായ മുക്തിമാർഗ്ഗവും ഉപദേശിച്ചു.

മൂലം – 9

പിതാ ശൃണ്വൻ ബാലപ്രകരമഖിലം ത്വത്സ്തുതിപരം
രുഷാന്ധഃ പ്രാഹൈനം കുലഹതക, 'കസ്തേ ബല'മിതി
'ബലം മേ വൈകുണ്ഠസ്തവ ച ജഗതാം ചാപി സ ബലം
സ ഏവ ത്രൈലോക്യം സകല'മിതി ധീരോഽയമഗദീത്.

ഭാഷ

സർവ്വാസുര ബാലർ നിന്നെ സ്തുതിക്കുന്ന-
തെന്നറിഞ്ഞച്ഛൻ കോപാന്ധനായി
'ആരാണുനിൻബലം', 'വിഷ്ണുവാണെൻ ബലം
നിൻബലം, ലോക ബലവും വിഷ്ണു.
മൂവുലകും സർവ്വം വിഷ്ണു താ' നെന്നവൻ
ധീരനോതീ സത്യവാചകത്തെ.

അർത്ഥം : അസുരബാലന്മാർ ഒന്നടങ്കം വിഷ്ണുവിനെ സ്തുതിക്കുന്നത് കേട്ട് ഹിരണ്യകശിപു കോപിച്ചു. മകനോട് 'ആരാണ് നിൻബലം' എന്നു ചോദിച്ചു. കുട്ടി പറഞ്ഞു. " എന്റെ ബലം വിഷ്ണുവാണ്. എന്റെ മാത്രമല്ല, അച്ഛന്റേയും ലോകങ്ങളുടേയും ബലം വിഷ്ണു തന്നെയാണ്. മൂന്നു ലോകവും വിഷ്ണുമയമാണ്." ധീരനായ ആ കുട്ടി ഇപ്രകാരം അച്ഛന് സത്യം ഉപദേശിച്ചു.

മൂലം – 10

'അരേ ക്വാസൗ ക്വാസൗ സകലജഗദാത്മാ ഹരി' രിതി
പ്രഭിന്തേ സ്മ സ്തംഭം ചലിതകരവാളോ ദിതിസുതഃ
അതഃ പശ്ചാദ്വിഷ്ണോ! നഹി വദിതുമീശോഽസ്മി സഹസാ
കൃപാത്മൻ! വിശ്വാത്മൻ! പവനപുരവാസിൻ മൃഡയ മാം.

ഭാഷ

വാളുമിളക്കി 'യെവിടെയവൻ സർവ്വ-
ലോകാത്മനാം ഹരി' യെന്നലറി
തൂണിൽ തുരുമ്പിലുമുള്ളവനെത്തൂണി-
ലാഞ്ഞടിച്ചിട്ടു പിളർത്തുവോനായ്
പിന്നെപ്പറയാനെളുതല്ല, ശ്രീഹരേ
വിശ്വാത്മക, കൃപാശീല, ശൗരേ,
സർവ്വാമയം തീർത്തു നൽകേണമാനന്ദം
സർവ്വാത്മകാ, ഗുരുവായൂരപ്പാ.

അർത്ഥം : ഹിരണ്യകശിപു വാളിളക്കി "എവിടെ അവൻ? നിന്റെ സർവ്വ ലോകാത്മാവായ ഹരി" എന്നലറിക്കൊണ്ട് തൂണിലും തുരുമ്പിലുമുള്ള അവനെ കാണാൻ തൂണിൽ ആഞ്ഞടിച്ച് അത് പിളർത്തി. ഈശ്വരാ, കൃപാനിധേ, ഹരേ, ഇനിയുള്ളത് പറയാൻ എളുപ്പമല്ല. സർവ്വാമയം തീർത്ത് എനിക്ക് ആനന്ദം തരണേ, ഗുരുവായൂരപ്പാ.

○

ദശകം 25

നരസിംഹാവതാരം

മൂലം - 1

സ്തംഭേ ഘട്ടയതോ ഹിരണ്യകശിപോഃ
കർണ്ണൗ സമാചൂർണ്ണയ-
ന്നാഘൂർണ്ണജ്ജഗദണ്ഡകുണ്ഡകുഹരോ
ഘോരസ്തവാഭൂദ്രവഃ;
ശ്രുത്വാ യം കില ദൈത്യരാജഹൃദയേ
പൂർവ്വം കദാപ്യശ്രുതം
കമ്പഃ കശ്ചന സമ്പപാത; ചലിതോപ്യ ƒo-
ഭോജഭൂർവിഷ്ടരാത്.

ഭാഷ

തൂണിൽ പ്രഹരിക്കും ദൈത്യകർണ്ണങ്ങളെ
ചൂർണ്ണമാക്കുന്ന മഹാനിനാദം
അണ്ഡകടാഹത്തിന്നുൾഭാഗമൊക്കെയും
ചുറ്റിത്തിരിയും മഹാകമ്പനം
മുമ്പൊന്നും കേൾക്കാത്തൊരാനാദകമ്പനം
കമ്പമായ് വീണു ദൈത്യന്റെ ചിത്തിൽ
ഒന്നു വിറച്ചവൻ, ബ്രഹ്മാവുപോലും തൻ
സ്ഥാനത്തിലൊന്നു ചലിച്ചുപോയി.

അർത്ഥം : തൂണിൽ പ്രഹരിച്ചപ്പോൾ വല്ലാത്തൊരു നാദകമ്പനം ഉണ്ടായി. ആ മഹാനാദം ദൈത്യന്റെ കർണ്ണപുടങ്ങളെ അടിച്ചുപൊടിയാക്കി. ബ്രഹ്മാണ്ഡ കടാഹത്തിനകത്തു മുഴുവൻ ചുറ്റിക്കറങ്ങിത്തിരിഞ്ഞ് ആ മഹാകമ്പനം വിറകൊണ്ടു. ഇതിനു മുമ്പ് ഒരിക്കലും കേട്ടിട്ടില്ലാത്ത ആ മഹാനാദകമ്പനം കേട്ട് ഹിരണ്യന്റെ ഹൃദയത്തിൽ വലിയൊരു കമ്പനം (ചാഞ്ചല്യം) ഉണ്ടായി. ബ്രഹ്മാവുപോലും തന്റെ സ്ഥാനത്തു നിന്ന് ഒരല്പനേരത്തേക്ക് ഇളകിപ്പോയി.

മൂലം - 2

ദൈത്യേ ദിക്ഷു വിസൃഷ്ടചക്ഷുഷി മഹാ-
സംരംഭിണി സ്തംഭതഃ
സംഭൂതം ന മൃഗാത്മകം ന മനുജാകാരം
വപുസ്തേ വിഭോ!
കിം കിം ഭീഷണമേതദദ്ഭുതമിതി
വ്യുദ്ഭ്രാന്തചിത്തേƒസുരേ,
വിസ്ഫൂർജ്ജദ്ധവളോഗ്രരോമവികസ-
ദ്വർഷ്മാ സമാജൃംഭഥാഃ.

ഭാഷ

ക്രുദ്ധനസുരന്റെ കണ്ണിൽക്കാണായ് പാതി
മർത്ത്യമൃഗമായ തേജോരൂപം
ഭീഷണമാശ്ചര്യമെന്തിതെന്നമ്പര-
ന്നാ ഭ്രാന്തചിത്തൻ വിറച്ചുനിൽക്കെ
ജൃംഭിച്ചവെള്ളരോമങ്ങളാൽ രശ്മികൾ
എങ്ങും വികസിയ്ക്കും കാഴ്ചകണ്ടു.

അർത്ഥം : ക്രുദ്ധനായ അസുരൻ പാതി മനുഷ്യനും പാതി മൃഗവുമായ തേജോരൂപത്തെ കൺമുന്നിൽ കണ്ടു. ഭീഷണവും ആശ്ചര്യകരവുമായ ഇത് എന്താണെന്ന് അമ്പരപ്പോടെ ചിന്തിച്ച് ആ സംഭ്രാന്തചിത്തൻ വിറച്ചു. അപ്പോൾ വിജ്രംഭിച്ച വെള്ളരോമങ്ങളാകുന്ന രശ്മികൾ അനുനിമിഷം വികസിച്ച്, വലുതായി വരുന്ന നൃസിംഹാകൃതി കണ്ടു.

മൂലം – 3

തപ്തസ്വർണസവർണഘൂർണദതി-
രൂക്ഷാക്ഷം സടാകേസര-
പ്രോത്കമ്പപ്രനികുംബിതാംബരമഹോ!
ജീയാത്തവേദം വപുഃ
വ്യാത്തവ്യാപ്തമഹാദരീസഖമുഖം
ഖഡ്ഗോഗ്രവല്ഗന്മഹാ-
ജിഹ്വാനിർഗമദൃശ്യമാനസുമഹാ-
ദംഷ്ട്രായുഗോഡ്ഡാമരം!

ഭാഷ

നന്നായ്ത്തപിച്ച സുവർണ്ണനിറം രൂക്ഷ-
മായിയുരുട്ടിമിഴിച്ച നേത്രം
കമ്പനംകൊണ്ടെഴും ചെഞ്ചിടകേസരം
അംബരം മൂടുന്ന ദീപ്തദേഹം
ആകെത്തുറന്നവായ് വിസ്താരമേറിയ
ഏതോ മഹാഗുഹയെന്നു തോന്നും
നാവു ചുഴറ്റുന്ന വാൾപോലെ, നീട്ടിയ
ദംഷ്ട്രകളേറ്റം ഭയാനകങ്ങൾ.

അർത്ഥം : 3, 4 ശ്ലോകങ്ങളിൽ നൃസിംഹാകൃതി വർണ്ണിക്കുന്നു). ഉരുക്കിയ സ്വർണ്ണത്തിന്റെ നിറത്തിൽ രൂക്ഷമായ മിഴികൾ ഉരുട്ടിമിഴിച്ച് നോക്കി വിറയാർന്ന ചുവന്ന സടാകേസരം എഴുന്നുനിൽക്കുമാറ് ആകാശം മുട്ടെ വളർന്നുനിൽക്കുന്ന ആ ദീപ്തമായ അത്ഭുത രൂപം ഭീഷണം തന്നെ. വായ് തുറന്നപ്പോൾ ഏതോ വിസ്താരമേറിയ ഗുഹയാണെന്ന് തോന്നി. വട്ടത്തിൽ ചുഴറ്റുന്ന നാവ് വാൾപോലെ. ദംഷ്ട്രകളാണെങ്കിൽ അതീവ ഭീഷണങ്ങൾ.

മൂലം - 4

ഉത്സർപദ്വലിഭംഗഭീഷണഹനു
ഹ്രസ്വസ്ഥവീയസ്തര-
ഗ്രീവം പീവരദോശ്ശതോദ്ഗതനഖ-
ക്രൂരാംശുദൂരോല്ബണം
വ്യോമോല്ലംഘി ഘനാഘനോപമഘന-
പ്രധ്വാനനിർധാവിത-
സ്പർധാലുപ്രകരം നമാമി ഭവത-
സ്തന്നാരസിംഹം വപുഃ!

ഭാഷ

മേൽവലിതൻ ചുളിത്താടി ഭയങ്കര-
മാം ഹനു, ഹ്രസ്വം തടിച്ച കണ്ഠം
ആയിരം കൈനഖശ്രേണീ പ്രസരങ്ങൾ
തീഷ്ണങ്ങൾ രശ്മികൾ താപദങ്ങൾ
ആകാശം ലംഘിക്കും കാർമേഘഘോഷംപോൽ
പൊട്ടിച്ചിതറിടുമട്ടഹാസം
ആസുരസംഘത്തെയാട്ടിയോടിച്ചൊരാ
നാരസിംഹം വപുകൈ തൊഴുന്നേൻ

അർത്ഥം : മുകളിലേക്കു വളഞ്ഞ ചുളിവുകളുള്ളതും ഭയങ്കരമായതുമായി കീഴ്ത്താടിയും കവിളുകളും, തടിച്ച് നീളം കുറഞ്ഞ കഴുത്ത്, അനേകം കൈനഖങ്ങളിൽ നിന്ന് പ്രസരിക്കുന്നവയും താപം ജനിപ്പിക്കുന്നവയും തീക്ഷ്ണവുമായ രശ്മീസമൂഹം, ആകാശം മുട്ടിനിൽക്കുന്ന മഴക്കാറിൽ നിന്ന് പൊട്ടിച്ചിതറുന്ന ഇടിപോലെ അട്ടഹാസം - അസുരസംഘത്തെ ഭയപ്പെടുത്തി ആട്ടിയോടിച്ച അവിടത്തെ ആ നൃസിംഹരൂപത്തെ കൈവണങ്ങുന്നു.

മൂലം - 5

നൂനം വിഷ്ണുരയം നിഹന്മ്യമുമിതി
ഭ്രാമ്യദ്ഗദാഭീഷണം
ദൈത്യേന്ദ്രം സമുപാദ്രവന്തമധൃഥാ
ദോർഭ്യാം പൃഥുഭ്യാമമും;
വീരോ നിർഗളിതോഽഥ ഖഡ്ഗഫലകേ
ഗൃഹ്ണൻ വിചിത്രശ്രമാൻ
വ്യാവൃണ്വൻ പുനരാപപാത ഭുവന-
ഗ്രാസോദ്യതം ത്വാമഹോ!

ഭാഷ

'കൊല്ലുമിവനെ യിവനാവാം വിഷ്ണു' വെ-
ന്നോടിവരുന്നു ഗദ ചുഴറ്റി
ആസുരരാജനവനെയവിടുന്നു
ചുറ്റിപ്പിടിച്ചു തടിച്ച കയ്യാൽ
വീരൻ കുടഞ്ഞു മാറീട്ടു പരിചയും
വാളുമെടുത്തു വരുന്നു വീണ്ടും
ലോകം വിഴുങ്ങാനൊരുങ്ങുമവിടുത്തെ
നേരിടാ, നാശ്ചര്യം വേറെയുണ്ടോ?

അർത്ഥം : "ഇവൻ തന്നെയായിരിക്കണം വിഷ്ണു. ഇവനെ ഞാൻ കൊല്ലും" എന്നുറപ്പിച്ച് അസുരരാജാവ് ഗദ ചുഴറ്റി ചാടി വന്നു. നൃസിംഹം അവനെ തന്റെ തടിച്ച കയ്യാൽ ചുറ്റിപ്പിടിച്ച് കുടഞ്ഞു. വീരനായ അവൻ ആ പിടിയിൽ നിന്ന് കുതറിച്ചാടി. വീണ്ടും, ലോകം തന്നെ വിഴുങ്ങുന്ന ഭീഷണരൂപമെടുത്ത അവിടുത്തെ നേർക്ക്, വാളും പരിചയും എടുത്ത് എതിരിടാനായി ഉറച്ചു വന്നു. എന്തൊരാശ്ചര്യം!

മൂലം – 6

ഭ്രാമ്യന്തം ദിതിജാധമം പുനരപി
പ്രോദ്ഗൃഹ്യ ദോർഭ്യാം ജവാദ്,
ദ്വാരേഽഥോരുയുഗേ നിപാത്യ നഖരാൻ
വ്യുത്ഖായ വക്ഷോഭുവി,
നിർഭിന്ദന്നധിഗർഭനിർഭരഗള-
ദ്രക്താംബുബദ്ധോത്സവം
പായം പായമുദൈരയോ ബഹു-
ജഗത്സംഹാരിസിംഹാരവാൻ.

ഭാഷ

വട്ടം ചുഴന്നു കറങ്ങിയൊഴിയുന്ന
ദൈത്യാധമനെയിരുകയ്യാലേ
ഞെക്കിപ്പിടിച്ചു തുടമേൽക്കിടത്തി വാ-
തിൽപ്പടിമേൽ നിറസന്ധ്യാനേരം
മാറിൽ നഖമാഞ്ഞമർത്തിച്ചുടുചോര
കോരിക്കുടിച്ചു നീരാടിഘോഷം
ലോകം പിളർത്തുന്ന സിംഹനാദങ്ങളാ-
ലാരെയും ഞെട്ടിച്ചു ഘോരഘോരം.

അർത്ഥം : വട്ടം കറങ്ങിച്ചുഴന്ന് പിടികൊടുക്കാതെ അഭ്യാസം കാട്ടുന്ന ദൈത്യാധമനെ രണ്ടു കൈകളാലും ഞെക്കിപ്പിടിച്ചു. സന്ധ്യനേരത്ത് വാതിൽപ്പടിമേൽ തുടമേൽ മലർത്തിക്കിടത്തി നഖങ്ങളാൽ മാറു പിളർന്ന് ഒഴുകുന്ന രക്തത്തിൽ ആറാട്ടു നടത്തി, രക്തം പാനം ചെയ്തു. ഇടയ്ക്കിടെ ലോകത്തെ പിളർത്തുമാറുള്ള ഘോരഘോരങ്ങളായ സിംഹനാദങ്ങളാൽ എല്ലാവരെയും ഞെട്ടിച്ചു.

മൂലം – 7

ത്യക്ത്വാ തം ഹതമാശു രക്തലഹരീ-
സിക്തോന്നമദ്വർഷ്മണി
പ്രത്യുത്പത്യ സമസ്തദൈത്യപടലീം
ചാഖ്യാദ്യമാനേ ത്വയി,
ഭ്രാമ്യദ്ഭൂമി വികമ്പിതാംബുധികുലം
വ്യാലോലശൈലോത്കരം
പ്രോത്സർപത്ഖചരം ചരാചരമഹോ!
ദുഃസ്ഥാമവസ്ഥാം ദധൗ.

ഭാഷ

പിന്നെ ത്യജിച്ചു ജഡം, നിണം പൂണ്ടതൻ
ഉന്നതദേഹത്താൽ പൊങ്ങിച്ചാടി
ദൈത്യസമൂഹത്തെ തച്ചുടച്ചാശ്ചര്യം!
സർവ്വ ചരാചരവും കുലുങ്ങി
ഭൂമി വേഗത്തിൽ ചുഴന്നു സമുദ്രത്തിൽ
കുന്നുപോലെത്തിരമാല വന്നു,
പർവ്വതജാലത്തിൽ സ്ഫോടനം, താരങ്ങൾ
തമ്മിലിടിച്ചു പൊടിയുയർന്നു
ബ്രഹ്മാണ്ഡമാകെയാ സംഹാരലീലയാൽ
വല്ലാത്തവസ്ഥയിൽ കമ്പിതമായ്

അർത്ഥം : ഹിരണ്യ കശിപുവിന്റെ ജഡം വലിച്ചെറിഞ്ഞിട്ട് കലിയടങ്ങാത്ത നൃസിംഹമൂർത്തി എടുത്തുചാടി ദൈത്യരെ മുഴുവൻ കടിച്ചുകീറി തച്ചുടച്ചു. എന്തൊരാശ്ചര്യം! അപ്പോൾ സർവ്വചരാചരങ്ങളും കുലുങ്ങി. ഭൂമി വേഗത്തിൽ ഭ്രമണം ചെയ്തു, ഭൂമി കുലുക്കങ്ങളുണ്ടായി. കടലിൽ ഒരു മലയോളം വലിപ്പത്തിൽ തിരമാലകൾ ഉയർന്നുപൊങ്ങി. പർവ്വതനിരകളിലെല്ലാം അഗ്നിപർവ്വത സ്ഫോടനങ്ങൾ സംഭവിച്ചു. നക്ഷത്രങ്ങൾ പരസ്പരം കൂട്ടിയിടിച്ച് ആകാശം ധൂളീമയമായി. ബ്രഹ്മാണ്ഡം മുഴുവനും സംഹാരലീലാവേളയിൽ വല്ലാത്തൊരു ദുരവസ്ഥ അനുഭവിച്ച്, വിറപൂണ്ടു നിന്നു.

മൂലം – 8

താവന്മാംസവപാകരാളവപുഷം
ഘോരാന്ത്രമാലാധരം
ത്വാം മധ്യേസഭമിദ്ധരോഷമുഷിതം
ദുർവാരഗുർവാരവം
അഭ്യേതും ന ശശാക കോഽപി ഭുവനേ,
ദൂരേ സ്ഥിതാ ഭീരവഃ
സർവേ ശർവവിരിഞ്ചവാസവമുഖാഃ
പ്രത്യേകമസ്തോഷത.

ഭാഷ

മാംസവപാരക്തഭീഷണം ഘോരാന്ത്ര-
മാലാധരം വപു സിംഹനാദം
രോഷംപൂണ്ടാസഭാമദ്ധ്യേവിളങ്ങും നിൻ
ചാരെയൊരാളുമണഞ്ഞതില്ല.
ശർവ്വവിരിഞ്ചേന്ദ്രദേവാദിയും ഭയ-
ന്നങ്ങയെ ദൂരെ നിന്നേ സ്തുതിച്ചു.

അർത്ഥം : മേലാകെ മാംസവും വപയും രക്തവും പുരട്ടി ഭീഷണ മായ ശരീരത്തിൽ ഘോരമായ കുടൽമാല ധരിച്ച് സിംഹനാദം മുഴക്കി രോഷം പൂണ്ട് സഭാമദ്ധ്യത്തിൽ വിളങ്ങുന്ന ഉഗ്രനരസിംഹമൂർത്തിയുടെ അടുത്തുചെല്ലാൻ ആർക്കും ധൈര്യമുണ്ടായില്ല. ശിവനും, ബ്രഹ്മാവും, ഇന്ദ്രനും, ദേവന്മാരുമെല്ലാം പേടിച്ച് വളരെദൂരെ നിന്നാണ് അവിടുത്തെ സ്തുതിച്ചത്.

മൂലം – 9

ഭൂയോഽപ്യക്ഷതരോഷധാമ്നി ഭവതി,
ബ്രഹ്മാജ്ഞയാ ബാലകേ
പ്രഹ്ലാദേ പദയോർനമത്യപഭയേ,
കാരുണ്യഭാരാകുലഃ
ശാന്തസ്ത്വം കരമസ്യ മൂർധ്നി സമധാഃ,
സ്തോത്രൈരഥോദ്ഗായത-
സ്തസ്യാകാമധിയോഽപി തേനിഥ വരം
ലോകായ ചാനുഗ്രഹം.

ഭാഷ

ഒട്ടും കുറയാത്ത നിൻകോപമാറ്റുവാൻ
ബ്രഹ്മാജ്ഞയാലെ പ്രഹ്ലാദനെത്തി
നിർഭയൻ ചെയ്തു നിൻ പാദനമസ്ക്കാരം
കാരുണ്യ മൂർത്തേ നീ ശാന്തനായി
കുഞ്ഞിൻ നെറുകിൽത്തലോടികരങ്ങളാൽ
ഉച്ചം സ്തുതിക്കുമവന്നു നൽകി
ഒന്നുമാവശ്യമില്ലെങ്കിലും സർവ്വവും
ലോകത്തിനാകെ യനുഗ്രഹവും

അർത്ഥം : ഒട്ടും കുറയാത്ത ആ കോപം ശമിപ്പിക്കാൻ ബ്രഹ്മാവ് പ്രഹ്ലാദനെ അയച്ചു. നിർഭയനായ ആ കുട്ടി വന്ന് പാദനമസ്കാരം ചെയ്തപ്പോൾ ഉഗ്രമൂർത്തി ശാന്തമൂർത്തിയായി, കാരുണ്യമൂർത്തിയായി. കുട്ടിയുടെ നെറുകയിൽ വാത്സല്യപൂർവ്വം തലോടി. തന്നെ പ്രകീർത്തിച്ച് ഉച്ചത്തിൽ സ്തുതി പാടുന്ന ആ കുട്ടിയ്ക്ക് ഭക്തിയല്ലാതെ മറ്റൊന്നും ആവശ്യമില്ലാതിരുന്നിട്ടും ഭഗവാൻ സർവ്വവും നൽകി. ലോകത്തിനു മുഴുവൻ അനുഗ്രഹവും കൊടുത്തു.

മൂലം – 10

ഏവം നാടിതരൗദ്രചേഷ്ടിത, വിഭോ!
ശ്രീതാപനീയാഭിധ-
ശ്രുത്യന്തസ്ഫുടഗീതസർവമഹിമ-
ന്നത്യന്തശുദ്ധാകൃതേ!
തത്താദൃങ്നിഖിലോത്തരം പുനരഹോ!
കസ്ത്വാം പരോ ലംഘയേത്?
പ്രഹ്ലാദപ്രിയ, ഹേ മരുത്പുരപതേ!
സർവാമയാത് പാഹി മാം!

ഭാഷ

രൗദ്രരസാഭിനയത്താൽ ജഗത്തിനെ
ഞെട്ടിച്ച ശുദ്ധാകൃതേ, വിഭു നീ
ശ്രീതാപനീയ ശ്രുതിയിൽ സ്ഫുടഗീത-
സർവ്വമാഹാത്മ്യം തികഞ്ഞവൻ നീ
സർവ്വോത്തമം നിസ്തുലം നിന്നെയാർക്കാവും
വന്നു ലംഘിക്കാൻ മരുദ്പുരേശാ
നീ കനിയേണം പ്രഹ്ലാദപ്രിയാ, സർവ്വ-
മാമയം നീക്കണം, പാലിയ്ക്കേണം.

അർത്ഥം : സ്വതവെ ശുദ്ധസത്വാകൃതിയാണെങ്കിലും രൗദ്രരസം അഭിനയിച്ചുകാട്ടി ഈ ജഗത്തിനെ ഞെട്ടിച്ച വിഭുവായ അവിടുത്തെ മാഹാത്മ്യം, ശ്രീ താപനീയ നൃസിംഹോപനിഷത്തെന്ന ശ്രുതിയിൽ സ്ഫുടമായി പാടപ്പെട്ടിട്ടുണ്ട്. സർവ്വോത്തമവും അനുപമവുമായ നിന്നെ ലംഘിക്കാൻ ആർക്കാണ് കഴിയുക. പ്രഹ്ലാദപ്രിയനായ ഗുരുവായൂരപ്പാ, എന്റെ സർവ്വ ആമയങ്ങളും നീക്കാൻ അവിടുന്നു കനിയണം. എന്നെ രക്ഷിക്കണം.

O

ദശകം 26
ഗജേന്ദ്രമോക്ഷം

മൂലം – 1

ഇന്ദ്രദ്യുമ്നഃ പാണ്ഡ്യഖണ്ഡാധിരാജഃ
ത്വത്ഭക്താത്മാ ചന്ദനാദ്രൗ കദാചിത്
ത്വത്സേവായാം മഗ്നധീരാലുലോകേ
നൈവാഗസ്ത്യം പ്രാപ്തമാതിഥ്യകാമം.

മൂലം – 4

സ്വേന സ്ഥേമ്നാ ദിവ്യദേഹത്വശക്ത്യാ
സോഽയം ഖേദാനപ്രജാനൻ കദാചിത്
ശൈലപ്രാന്തേ ഘർമ്മതാന്തസ്സരസ്യാം
യൂഥൈസ്സാർദ്ധം ത്വത്പ്രണുന്നോഭിരേമേ.

ഭാഷ

ദിവ്യദേശത്തിൻ മഹിമ, സ്വശക്തിയും
ഖേദമറിയിച്ചതില്ലവനെ.
വേനൽവെയിലിലൊരു ദിനം പർവ്വത-
പ്രാന്തത്തിൽ താമരപ്പൊയ്ക തന്നിൽ
യൂഥവുമൊത്തിട്ടിറങ്ങിക്കുളിർനീരി-
ലാറാടി ക്രീഡിച്ചാ നിന്ദ്രദ്യുമ്നൻ

അർത്ഥം : താൻ വസിക്കുന്ന ദിവ്യദേശത്തിന്റെ മഹിമയും സ്വന്തം ഭക്തിയുടെ ശക്തിയുംകൊണ്ട് യാതൊരു ദുഃഖവും അവനെ തീണ്ടിയില്ല. ഒരു വേനൽക്കാലത്ത് വെയിൽ കൂടിയപ്പോൾ പർവ്വതപ്രാന്തത്തിലെ താമരപ്പൊയ്കയിൽ തന്റെ പിടിയാനക്കൂട്ടവുമായിട്ട് ഇറങ്ങി, തണുത്ത വെള്ളത്തിൽ അവൻ നീരാടിക്കളിച്ചു.

മൂലം – 5

ഹൂഹൂസ്താവദ് ദേവലസ്യാപി ശാപാദ്-
ഗ്രാഹീഭൂതസ്തജ്ജലേ വർത്തമാനഃ
ജഗ്രാഹൈനം ഹസ്തിനം പാദദേശേ
ശാന്ത്യർത്ഥം ഹി ശ്രാന്തിദോഽസി സ്വകാനാം.

ഭാഷ

ദേവല ശാപത്താൽ ഹുഹൂഗന്ധർവ്വനാ
പൊയ്കയിൽ വാണു മുതലയായി
ആനതൻ കാലിൽപ്പിടിച്ചു, പരമമാം
ശാന്തിയേകാൻ നീ തരുന്നു ക്ലേശം.

അർത്ഥം : ആ പൊയ്കയിൽ ദേവല മുനിയുടെ ശാപത്താൽ ഹുഹൂ എന്ന ഗന്ധർവ്വൻ മുതലയായി കിടന്നിരുന്നു. ആ മുതല ആനയുടെ കാലിൽ കയറിപ്പിടിച്ചു. പരമമുക്തിയുടെ ശാന്തി നൽകാൻ ഭഗവാൻ ഭക്തർക്ക് ക്ലേശം തരാറുണ്ടല്ലൊ.

മൂലം – 6

ത്വത്സേവായാ വൈഭവാദ്ദുർന്നിരോധം
യുദ്ധ്യന്തം തം വത്സരാണാം സഹസ്രം
പ്രാപ്തേ കാലേ ത്വത്പദൈകാഗ്ര്യസിദ്ധ്യൈ
നക്രാക്രാന്തം ഹസ്തിവര്യം വ്യധാസ്ത്വം.

ഭാഷ

പാണ്ഡ്യരാജാവിന്ദ്രദ്യുമ്നൻ മലയാദ്രി
മോളിൽ നിൻ ധ്യാനത്തിൽ മഗ്നനായി
ആതിഥ്യകാമിയഗസ്ത്യന്റെയാഗമ-
മേതുമറിഞ്ഞില്ല, കണ്ടുമില്ല.

അർത്ഥം : പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നൻ ഒരിക്കൽ മലയാദ്രി മുകളിൽ വിഷ്ണുധ്യാനത്തിൽ മഗ്നനായിരിക്കെ, ആതിഥ്യം മോഹിച്ച് അഗസ്ത്യ മഹർഷി വന്നത് കണ്ടുമില്ല, അറിഞ്ഞുമില്ല.

മൂലം – 2

കുംഭോദ്ഭൂതഃ സംഭൃതക്രോധഭാരഃ
സ്തബ്ധാത്മാ ത്വം ഹസ്തിഭൂയം ഭജേതി
ശപ്ത്വാഥൈനം പ്രത്യഗാത് സോഽപി ലേഭേ
ഹസ്തീന്ദ്രത്വം ത്വത്സ്മൃതിവ്യക്തിധന്യം.

ഭാഷ

ക്രോധിച്ചഗസ്ത്യൻ ശപിച്ചു "സ്തബ്ധാത്മാവേ,
ആനയായ്പ്പോകനീ", നിൻസ്മൃതിയാൽ
ധന്യനായ്ത്തന്നെക്കഴിഞ്ഞിതു ഹസ്തീന്ദ്ര-
രൂപിയായ് മാറീട്ടും പാണ്ഡ്യരാജൻ

അർത്ഥം : ക്രോധിച്ച് അഗസ്ത്യമഹർഷി ശപിച്ചു; "സ്തബ്ധാത്മാവായ നീ ആനയായിപ്പോകട്ടെ". ആനയായിട്ടും, വിഷ്ണുസ്മൃതി വിട്ടു പോകാതെ ധന്യനായിത്തന്നെ പാണ്ഡ്യരാജാവ് കഴിഞ്ഞുകൂടി.

മൂലം – 3

ദുഗ്ദ്ധാംഭോധേർ മധ്യഭാജി ത്രികൂടേ
ക്രീഡൻ ശൈലേ യൂഥപോഽയം വശാഭിഃ
സർവ്വാൻ ജന്തൂനത്യവർത്തിഷ്ട ശക്ത്യാ
ത്വദ്ഭക്താനാം കുത്ര നോത്കർഷലാഭഃ

ഭാഷ

പാലാഴി മദ്ധ്യത്രികൂടാചലേ പിടി-
യാനകളൊത്തു കളിച്ചുവാണു
സർവ്വജന്തുക്കളിൽ ശ്രേഷ്ഠനായ് ഭക്താഗ്ര്യ-
ഗണ്യനുത്ക്കർഷയോടാ ഗജേന്ദ്രൻ.

അർത്ഥം : പാലാഴി നടുവിൽ ത്രികൂടാചലത്തിൽ പിടിയാനകളോടൊത്ത് അവന് കളിച്ചു വാണു. സർവ്വ ജന്തുക്കളിലും വെച്ച് ശ്രേഷ്ഠനായി, ഉത്ക്കർഷയോടെത്തന്നെ ഭക്താഗ്ര്യഗണ്യനായ ആ ഗജേന്ദ്രൻ വർത്തിച്ചു. ഭക്തർക്ക് ശ്രേഷ്ഠത്വവും ഉത്ക്കർഷയും സ്വാഭാവികമാണല്ലൊ.

ഭാഷ

നിൻഭക്തി വൈഭവത്താലാമുതലയെ-
യായിരം കൊല്ലം ജയിച്ചുനിന്നാൻ
ഏകാഗ്രസിദ്ധിയ്ക്കും മുക്തിയ്ക്കും നാളാകെ-
യാനയെ കിഴടക്കുന്നു നക്രം

അർത്ഥം : ഭഗവാനിലുള്ള ഭക്തിവൈഭവത്താൽ ഒരു ക്ഷീണവും കൂടാതെ ആന ഒരായിരം കൊല്ലം മുതലയെ ജയിച്ച് കീഴടങ്ങാതെ നിന്നു. പിന്നീട് ഏകാഗ്രസിദ്ധിയും മുക്തിയും ലഭിക്കാനുള്ള കാല മായപ്പോൾ ഭഗവദിച്ഛയാൽ, ആനയെ മുതല കീഴടക്കി.

മൂലം – 7

ആർത്തിവ്യക്തപ്രാക്തനജ്ഞാനഭക്തിഃ
ശുണ്ഡോത്ക്ഷിപ്തൈഃ പുണ്ഡരീകൈഃ സമർച്ചൻ
പൂർവ്വാഭ്യസ്തം നിർവിശേഷാത്മനിഷ്ഠം
സ്തോത്രശ്രേഷ്ഠം സോഽന്വഗാദീത് പരാത്മൻ!

ഭാഷ

പൂർവ്വജന്മജ്ഞാനഭക്തിസ്മൃതിയുദി-
ച്ചാധന്യ, നാർത്തൻ ഗജേന്ദ്രനപ്പോൾ
താമരപ്പൂതുമ്പിയാലിറുത്തർപ്പിച്ചു
നിർഗുണ ബ്രഹ്മസ്തുതികൾ പാടി

അർത്ഥം : മുതലയാൽ പീഡിതനായി ആർത്തനായ ഗജേന്ദ്രനിൽ പൂർവ്വ ജന്മത്തിലെ ജ്ഞാനഭക്തികളുടെ ഓർമ്മ ഉണ്ടായി. ധന്യനായ അവൻ വിടർന്നു നിൽക്കുന്ന താമരപ്പൂക്കൾ ഒന്നൊന്നായി തുമ്പിക്കൈ കൊണ്ട് ആകാശത്തിലേക്ക് അർപ്പിച്ച്കൊണ്ട് പൂർവ്വജന്മത്തിൽ താൻ ആലപിച്ചിരുന്ന നിർഗുണപരബ്രഹ്മപരമായ സ്തുതികൾ പാടാൻ തുടങ്ങി.

മൂലം – 8

ശ്രുത്വാ സ്തോത്രം നിർഗ്ഗുണസ്ഥം സമസ്തം
ബ്രഹ്മേശാദ്യൈർ നാഹമിത്യപ്രയാതേ
സർവ്വാത്മാ ത്വം ഭൂരികാരുണ്യവേഗാത്
താർക്ഷ്യാരൂഢഃ പ്രേക്ഷിതോഽഭൂഃ പുരസ്താത്.

ഭാഷ

നിർഗുണബ്രഹ്മസ്തോത്രങ്ങൾ ശ്രവിച്ചിട്ടു
ബ്രഹ്മാദി ദേവന്മാർ മാറിനിൽക്കെ
കാരുണ്യവേഗത്താൽ സർവ്വാത്മാ പക്ഷീന്ദ്ര-
വാഹനാരൂഢനായ് മുന്നിൽവന്നു.

അർത്ഥം : നിർഗുണപരബ്രഹ്മപരമായ സ്തോത്രം കേട്ടപ്പോൾ ബ്രഹ്മാദികളായ സഗുണേശ്വരന്മാർ ഇതു ഞങ്ങളെക്കുറിച്ചല്ല എന്നു മനസ്സിലാക്കി മാറി നിന്നു. സർവ്വാത്മാവായ വിഷ്ണു കാരുണ്യ വേഗത്താൽ ഗരുഡവാഹനനായി ഗജേന്ദ്രനു മുമ്പിൽ പ്രത്യക്ഷമായി.

മൂലം – 9

ഹസ്തീന്ദ്രം തം ഹസ്തപത്മേന ധൃത്വാ
ചക്രേണ ത്വം നക്രവര്യം വ്യദാരീഃ
ഗന്ധർവേഽസ്മിൻ മുക്തശാപേ സ ഹസ്തീ
ത്വത്സാരൂപ്യം പ്രാപ്യ ദേദീപ്യതേ സ്മ

ഭാഷ

ഹസ്തപത്മത്താൽ ഹസ്തീന്ദ്രനെയുദ്ധരി-
ച്ചുഗ്രനക്രത്തെച്ചക്രാൽ വധിച്ചു
ഗന്ധർവ്വൻ ശാപവിമുക്തനായ് സാരൂപ്യ
മുക്തിയാൽ ശോഭിച്ചാൽ ഇന്ദ്രദ്യുമ്നൻ

അർത്ഥം : താമരക്കൈകളാൽ ആനയെ പിടിച്ചുയർത്തി മുതലയുടെ പിടിയിൽ നിന്ന് കാൽ വിടർത്തിച്ചിട്ട്, ചക്രം പ്രയോഗിച്ച് മുതലയെ വധിച്ചു. മുതലയുടെ രൂപം വെടിഞ്ഞ് ഗന്ധർവ്വനായ ഹുഹൂ ശാപമുക്തി നേടി. ഇന്ദ്രദ്യുമ്നനാകട്ടെ ഭഗവാന്റെ സാരൂപ്യമുക്തിയാൽ (ഭഗവാനു തുല്യമായ സ്വരൂപം) അത്യധികം ശോഭിച്ചു.

മൂലം – 10

ഏതദ്വൃത്തം ത്വാം ച മാം ച പ്രഗേ യോ
ഗായേത് സോഽയം ഭൂയസേ ശ്രേയസേ സ്യാത്
ഇത്യുക്ത്വൈനം തേന സാർദ്ധം ഗതസ്ത്വം
ധിഷ്ണ്യം വിഷ്ണോ! പാഹി വാതാലയേശ!

ഭാഷ

"ഇക്കഥ പാടി പ്രഭാതത്തിലെന്നേയും
നിന്നേയുമൊപ്പം സ്തുതിക്കുന്നോരിൽ
ഉത്തമശ്രേയസ്സിണങ്ങു" മെന്നോതീട്ടു
ഉത്തമഭക്തനെക്കൊണ്ടുപോയി.
വൈകുണ്ഠമാകും സ്വധിഷ്ണയെ പ്രാപിച്ച
വാതാലയേശ്വര, കാക്കുകെന്നെ!

അർത്ഥം : "ഈ കഥ ഏതൊരാൾ പ്രഭാതത്തിൽ കീർത്തനം ചെയ്ത് എന്നെയും നിന്നെയും ഒപ്പം സ്തുതിക്കുന്നുവോ, അവന് ഉത്തമ ശ്രേയസ്സ് ലഭിക്കു" മെന്ന വരം നൽകി. തന്റെ ഉത്തമ ഭക്തനും സ്വന്തം സാരൂപ്യം പ്രാപിച്ചവനുമായ ആ പാണ്ഡ്യരാജാവൊത്ത് സ്വന്തം ധിഷ്ണയായ വൈകുണ്ഠത്തിൽ പ്രവേശിച്ച്. അപ്രകാരം ഗജേന്ദ്രമോക്ഷമരുളിയ ഗുരുവായൂരപ്പാ, എന്നെ കാത്തു രക്ഷിക്കണേ.

O

ദശകം 27

പാലാഴിമഥനവും കൂർമ്മാവതാരവും

മൂലം – 1

ദുർവ്വാസാഃ സുരവനിതാപ്തദിവ്യമാല്യം
ശക്രായ സ്വയമുപദായ, തത്ര ഭൂയഃ
നാഗേന്ദ്രപ്രതിമൃദിതേ ശശാപ ശക്രം,
കാ ക്ഷാന്തിസ്ത്വദിതരദേവതാംശജാനാം.

ഭാഷ

ദേവസ്ത്രീയേകിയ കല്പകപ്പൂമാല
ദേവേന്ദ്രന്നേകി ദുർവ്വാസാമുനി
ഐരാവതമതുകാലാലരയ്ക്കയാ-
ലിന്ദ്രനു നൽകി കടുത്ത ശാപം
നീയൊഴിഞ്ഞന്യദേവാംശസംഭൂതരാം
മാനവർക്കുണ്ടാമോ ക്ഷാന്തി ശീലം?

അർത്ഥം : ദുർവ്വാസാവിന് ഒരു ദേവസ്ത്രീ നൽകിയ കല്പകപ്പൂമാല, അദ്ദേഹം ദേവേന്ദ്രനു കൊടുത്തു. ആ മാല ഐരാവതം കാലുകൊണ്ട് ചവിട്ടിയരച്ചതു കണ്ട് ദേഷ്യം വന്ന് "ജരാനരകൾ ഉണ്ടാവട്ടെ" എന്ന് ശാപം നൽകി. മഹാവിഷ്ണു ഒഴിച്ച് മറ്റ് ദേവന്മാരുടെ അംശങ്ങളായി ജനിച്ചവർക്ക് ക്ഷമ ഉണ്ടാകുമോ. (ദുർവ്വാസാവ് ശിവാംശമായി ജനിച്ച തിനാൽ കോപം കൂടും.)

മൂലം – 2

ശാപേന പ്രഥിതജരേഥ നിർജ്ജരേന്ദ്രേ
ദേവേഷ്വപ്യസുരജിതേഷു നിഷ്പ്രഭേഷു
ശർവ്വാദ്യാഃ കമലജമേത്യ സർവ്വദേവാഃ
നിർവ്വാണപ്രഭവ!, സമം ഭവന്തമാപുഃ.

ഭാഷ

വന്നു ജരാനരയിന്ദ്രാദിദേവർക്കു
ചെന്നു തോല്പിച്ചാരസുരസൈന്യം
ശർവ്വബ്രഹ്മാദികളെത്തി നിൻ സന്നിധേ
നിർവ്വാണമൂലമാം തമ്പുരാനേ.

അർത്ഥം : ശാപംകൊണ്ട് ഇന്ദ്രനും ദേവന്മാരും ജരാനര ബാധിച്ച് വൃദ്ധരായി ശക്തിനശിച്ചു. ഉടനെ അസുരസൈന്യം വന്ന് ദേവലോകം കീഴടക്കി. ശിവനും ബ്രഹ്മാവും ദേവസമൂഹവും കൂടി നിർവ്വാണത്തിന്റെ മൂലകാരണവും പ്രഭവകേന്ദ്രവുമായ മഹാവിഷ്ണുവിന്റെ സന്നിധിയി ലെത്തി ശരണം പ്രാപിച്ചു.

മൂലം – 3

ബ്രഹ്മാദ്യൈഃ സ്തുതമഹിമാ ചിരം തദാനീം
പ്രാദുഷ്ഷൻ വരദ!, പുരഃ പരേണ ധാമ്നാ
'ഹേ ദേവാ! ദിതിജകുലൈർവിധായ സന്ധിം
പീയൂഷം പരിമഥതേ' തി പര്യശാസ്ത്വം.

ഭാഷ

ബ്രഹ്മാദി ദേവസ്തുതിയാൽ പ്രസന്നനായ്
മുന്നിലെത്തീ തേജസ്സോടെ ദേവൻ
"സന്ധി ചെയ്താലു, മസുരരോടൊന്നിച്ചു
മന്ഥനം ചെയ്തിട്ടമൃതെടുക്കാൻ."

അർത്ഥം : ബ്രഹ്മാദികളായ ദേവന്മാരുടെ സ്തുതിയാൽ പ്രസന്നനായി തേജസ്വിയായി ഭഗവാൻ പ്രത്യക്ഷപ്പെട്ടു. ദേവന്മാരോട് അസുരന്മാരുമായി സന്ധിചെയ്ത്, അവരുടെ സഹായത്തോടെ, അമൃത് കടഞ്ഞെടുക്കാൻ ഉപദേശിച്ചു.

മൂലം – 4

സന്ധാനം കൃതവതി ദാനവൈഃ സുരൗഘേ
മന്ഥാനം നയതി മദേന മന്ദരാദ്രിം
ഭ്രഷ്ടേഽസ്മിൻ, ബദരമിവോദ്വഹൻ ഖഗേന്ദ്രേ
സദ്യസ്ത്വം വിനിഹിതവാൻ പയഃപയോധൗ.

ഭാഷ

സന്ധാനം ചെയ്തിട്ടു, മന്ഥാനമായിട്ടു
മന്ദരശൈലവുംകൊണ്ടുപോകെ
ക്ഷീണിച്ചു വീണു, ഗരുഡന്മേൽ നീ ഗിരി
ലന്തപ്പഴംപോലെടുത്തുവെച്ചു.
പാൽക്കടലിൽക്കടകോലായതിനെ നീ
തൽക്ഷണം കൊണ്ടുപോയിട്ടു വിഷ്ണോ–

അർത്ഥം : സന്ധി ചെയ്ത ശേഷം, കടകോലായ മന്ദര പർവ്വതം എടുത്തുകൊണ്ടുപോകുന്ന ദേവന്മാർ ക്ഷീണിച്ചു വീണു. ഉടനെ ഗരുഡന്റെ പുറത്ത് ചെറിയൊരു ലന്തപ്പഴം പോലെ ആ പർവ്വതത്തെ എടുത്തുവെച്ച്, തൽക്ഷണം തന്നെ പാലാഴിയിൽ കൊണ്ടുപോയിട്ടു.

മൂലം – 5

ആധായ ദ്രുതമഥ വാസുകിം വരത്രാം
പാഥോധൗ വിനിഹിതസർവ്വബീജജാലേ
പ്രാരബ്ധേ മഥനവിധൗ സുരാസുരൈസ്തൈർ–
വ്യാജാത്ത്വം ഭുജഗമുഖേഽകരോഃ സുരാരീൻ.

ഭാഷ

വാസുകി പാശമായ് സർവ്വൗഷധീബീജ-
ജാലവും ചേർത്ത കടൽ മഥിയ്ക്കെ
ദേവരെ വാലിൽ അസുരർ തലയ്ക്കലും
വ്യാജത്താലാക്കിനാൻ വാസുദേവൻ

അർത്ഥം : മന്ദരം കടകോലായി, വാസുകി കയറായി, എല്ലാ ഔഷധി ബീജവുമിട്ട പാൽക്കടൽ കടയാൻ തുടങ്ങി. അപ്പോൾ കപടം പ്രയോഗിച്ച് വാസുദേവൻ അസുരന്മാരെ വാസുകിയുടെ തലയ്ക്കലും ദേവന്മാരെ വാൽഭാഗത്തും മാറ്റിനിർത്തി.

മൂലം - 6

ക്ഷുബ്ധാദ്രൗ ക്ഷുഭിതജലോദരേ തദാനീം
ദുഗ്ദ്ധാബ്ധൗ ഗുരുതരഭാരതോ നിമഗ്നേ,
ദേവേഷു വ്യഥിതതമേഷു, തത്പ്രിയൈഷീ
പ്രാണൈഷീഃ കമഠതനും കഠോരപൃഷ്ഠാം.

ഭാഷ

ആകെക്കലങ്ങിച്ചുഴന്നുമറിയുന്ന
പാലാഴിമദ്ധ്യത്തിൽ താഴ്ന്നുശൈലം
ദേവപ്രിയാർത്ഥം കഠോരപൃഷ്ഠത്തോടെ
ആമയായ് ദേവനവതരിച്ചു.

അർത്ഥം : കുലുങ്ങിച്ചുഴന്നു മറിയുന്ന പാലാഴിയിൽ മന്ദരപർവ്വതം താണപ്പോൾ ദുഃഖിച്ചു നിൽക്കുന്ന ദേവന്മാർക്കു വേണ്ടി ദേവപ്രിയനായ വിഷ്ണു, കഠിനമായ പൃഷ്ഠഭാഗത്തോടുകൂടിയ ആമയുടെ രൂപമെടുത്തു.

മൂലം - 7

വജ്രാതിസ്ഥിരതരകർപ്പരേണ വിഷ്ണോ!
വിസ്താരാത് പരിഗതലക്ഷയോജനേന
അംഭോധേഃ കുഹരഗതേന വർഷ്മണാ ത്വം
നിർമ്മഗ്നം ക്ഷിതിധരനാഥമുന്നിനേഥ.

ഭാഷ

വജ്രംപോലുള്ള പുറം ചട്ട, വിസ്താരം
യോജനലക്ഷയാകൂർമ്മദേഹം
ആഴിയിലാഴ്ന്ന ശൈലേന്ദ്രനെ വേഗത്തി-
ലൂഴിതലത്തിലുയർത്തി നിർത്തി-

അർത്ഥം : വജ്രംപോലെ കഠിനമായ പുറംചട്ടയും, ലക്ഷയോജന വിസ്താരവുമുള്ള കൂർമ്മദേഹത്താൽ കടലിൽത്താണ മന്ദരത്തെ അവിടന്ന് വേഗത്തിൽ ഭൂതലത്തിലേക്കുയർത്തി നിർത്തി.

മൂലം – 8

ഉന്മഗ്നേ ഝടിതി തദാ ധരാധരേന്ദ്രേ
നിർമ്മേഥുർദൃഢമിഹ സമ്മദേന സർവ്വേ
ആവിശ്യ ദ്വിതയഗണേഽപി സർപ്പരാജേ
വൈവശ്യം പരിശമയന്നവീവൃധസ്താൻ.

ഭാഷ

പൊങ്ങുന്ന മന്ദരം കണ്ടിട്ടു മോദിച്ചു
മന്ഥനം വീണ്ടും തുടങ്ങയായി
രണ്ടു ഗണത്തിലും, വാസുകിയിൽ ദേവ–
നാവേശിച്ചിട്ടു ബലം പകർന്നു.

അർത്ഥം : മന്ദരപർവ്വതം ഉയർന്നതുകണ്ട് സന്തോഷിച്ച ദേവാസുര സംഘം വീണ്ടും മഥനം തുടങ്ങി. രണ്ടു ഗണങ്ങളിലും വാസുകിയിലും വിഷ്ണു ആവേശിച്ച് അവർക്ക് ഓജസ്സും ബലവും പകർന്നുകൊടുത്തു.

മൂലം – 9

ഉദ്ദാമഭ്രമണജവോന്നമദ്ഗിരീന്ദ്ര–
ന്യസ്തൈകസ്ഥിരതരഹസ്തപങ്കജം ത്വാം
അഭ്രാന്തേ വിധിഗിരിശാദയഃ പ്രമോദാ–
ദുദ്ഭ്രാന്താ നുനുവുരുപാത്തപുഷ്പവർഷാഃ.

ഭാഷ

ഭ്രാമണവേഗത്തിൽ പൊങ്ങും ശിലാദ്രിമേൽ
താമരക്കൈ വെച്ചു നിൽക്കും നിന്നെ–
ബ്രഹ്മാദി ദേവകൾ പൂതൂകിപ്പൂജിച്ചു
പാടിസ്തുതിച്ചഭ്രവീഥി തന്നിൽ

അർത്ഥം : ഭ്രമണ വേഗതയാൽ ഉയരുന്ന പർവ്വതത്തിന്മേൽ അതിനെ ഉറപ്പിക്കാൻ ഒരു താമരക്കൈ വെച്ച് നിൽക്കുന്ന നിന്നെ, ബ്രഹ്മാദികൾ പുഷ്പവൃഷ്ടി തൂകി പൂജിച്ചു പാടിസ്തുതിച്ചുകൊണ്ട്, അഭ്രവീഥിയിൽ നിരന്നുനിന്നു.

മൂലം – 10

ദൈത്യൗഘേ ഭുജഗമുഖാനിലേന തപ്തേ
തേനൈവ ത്രിദശകുലേഽപി കിഞ്ചിദാർത്തേ
കാരുണ്യാത്തവ കില ദേവ! വാരിവാഹാഃ
പ്രാവർഷന്നമരഗണാൻ, ന ദൈത്യസംഘാൻ.

ഭാഷ

വാസുകി തൻ ഫണം ചീറ്റും വിഷക്കാറ്റിൽ
ദേവാസുരന്മാർ തളർന്നുപോകേ
കാരുണ്യരൂപാ ചൊരിഞ്ഞു മഴമേഘം
ദേവരിൽ മാത്രം നിന്നാജ്ഞയാലേ.

അർത്ഥം : വാസുകിയുടെ ഫണങ്ങൾ വിഷക്കാറ്റു വമിച്ചപ്പോൾ ദേവാസുരന്മാർ ചൂടുകൊണ്ടു തളർന്നു. കാരുണ്യരൂപനായ വിഷ്ണുവിന്റെ ആജ്ഞയാൽ മേഘങ്ങൾ ദേവപക്ഷത്തു മാത്രം മഴ പെയ്യിച്ച് ചൂടു ശമിപ്പിച്ചു.

മൂലം – 11

ഉദ്ഭ്രാമ്യദ്ബഹുതിമിനക്രചക്രവാളേ
തത്രാബ്ധൗ ചിരമഥിതേഽപി നിർവ്വികാരേ
ഏകസ്ത്വം കരയുഗകൃഷ്ടസർപ്പരാജഃ
സംരാജൻ പവനപുരേശ! പാഹി രോഗാത്.

ഭാഷ

നക്രങ്ങളേറിത്തിമിംഗലങ്ങൾ ഭ്രമി-
ച്ചാക്രാന്തമായിടും പാൽസമുദ്രം
നിർവ്വികാരം; ഏകനായിട്ടു രണ്ടുകൈ
നീട്ടിക്കടഞ്ഞ മരുത്പുരേശാ
രോഗത്തിൽ നിന്നു കരകേറ്റി പാലിയ്ക്ക
നീയൊഴിഞ്ഞാരുണ്ടെനിയ്ക്കഭയം.

അർത്ഥം : നിരവധി തിമിംഗലങ്ങളും മുതലകളും ചക്രരൂപത്തിൽ വട്ടം തിരിഞ്ഞ് പരിഭ്രമിച്ച് ഭ്രമണം ചെയ്തിട്ടും പാൽക്കടൽ നിർവ്വികാരമായിരുന്നു, അമൃത് തന്നില്ല. അപ്പോൾ ഒറ്റയ്ക്ക് രണ്ടു കൈകൊണ്ടും വാസുകിയെ പിടിച്ച് വലിച്ചു കടയുന്ന ഗുരുവായൂരപ്പാ, രോഗത്തിൽ നിന്ന് കരകയറ്റി എന്നെ രക്ഷിച്ചാലും. നീയല്ലാതെ ആരാണ് എനിക്കഭയം.

(ഭഗവാൻ പാലാഴി കടയുന്ന രൂപം ഭാഗവതത്തിൽ 8-7-17 വർണ്ണിക്കുന്നതിന്റെ സ്വതന്ത്ര ഭാഷാ രൂപം ഇങ്ങനെ :

ആയിരം കൈകൾ, ചോന്ന കൺ, മേനി മേഘശ്യാമം
മഞ്ഞപ്പ, ട്ടൊട്ടൊന്നഴിഞ്ഞുലഞ്ഞ തലമുടി
നെറ്റത്തെ വേർപ്പിൽ മിന്നും കർണ്ണകുണ്ഡലദ്യുതി
മറ്റേതൊന്നിണയുണ്ടാമന്ഥന രൂപം ദിവ്യം.
ദ്വാപരയുഗത്തിലെ യിടയക്കുടിലിലെ
തൈർ കടഞ്ഞുരുട്ടിയ വെണ്ണയെസ്സങ്കല്പിച്ചു
ആദിദേവനാ സുധാസിന്ധുവിൽക്കടഞ്ഞെടു-
ത്താദിമാമൃതം വേദമധുരം സനാതനം)

O

ദശകം 28

ലക്ഷ്മീസ്വയംവരം

മൂലം – 1

ഗരളം തരളാനലം പുരസ്താ-
ജ്ജലധേരുദ്വിജഗാല കാളകൂടം
അമരസ്തുതിവാദമോദനിഘ്നോ
ഗിരിശസ്തന്നിപപൗ ഭവത്പ്രിയാർത്ഥം.

ഭാഷ

ആദ്യമുണ്ടായതു കാളകൂടം, വിഷ-
ജാലവമിക്കുന്ന ഹാലാഹലം
ദേവസ്തുതിയാലെ പ്രീതൻ മഹേശ്വര-
നാ വിഷം ഭക്ഷിച്ചു നിൻപ്രിയാർത്ഥം.

അർത്ഥം : ആദ്യം ഉണ്ടായത് കാളകൂടവിഷമാണ്. ദേവന്മാരുടെ സ്തുതിയിൽ പ്രസന്നനായ ശിവൻ, നിന്റെ പ്രിയത്തിനായി ആ വിഷം ഭക്ഷിച്ച് 'നീലകണ്ഠ'നായി.

മൂലം – 2

വിമഥത്സു സുരാസുരേഷു ജാതാ
സുരഭിസ്താമൃഷിഷു ന്യധാസ്ത്രിധാമൻ,
ഹയരത്നമഭൂദഥേഭരത്നം
ദ്യുതരുശ്ചാപ്സരസഃ സുരേഷു താനി.

ഭാഷ

പിന്നെയുണ്ടായി സുരഭി, യവളെ നീ
ധന്യർ ഋഷിമാർക്കു നൽകി മോദാൽ
ഉച്ചൈശ്രവൈരാവതമുഗരത്നങ്ങൾ
കല്പവൃക്ഷാപ്സരദേവേന്ദ്രനും.

അർത്ഥം : പിന്നെ ഉണ്ടായ കാമധേനുവിനെ മഹർഷിമാർക്കു കൊടുത്തു. ഉച്ചൈശ്രവസ്സ്, ഐരാവതം, കല്പതരു, അപ്സരസ്സുകളെന്നിവയെ ദേവേന്ദ്രനു കൊടുത്തു.

മൂലം – 3

ജഗദീശ, ഭവത്പരാ തദാനീം
കമനീയാ കമലാ ബഭൂവ ദേവീ
അമലാമവലോക്യ യാം വിലോലഃ
സകലോഽപി സ്പൃഹയാംബഭൂവ ലോകഃ

ഭാഷ

നിന്നിലനുരക്ത, കന്യ, കമനീയ
പിന്നെ ജനിച്ചു കമല ദേവി
രാഗവിലോലരായേവരും ആവിമ-
ലാംഗിയെക്കണ്ടു മയങ്ങി നിന്നു.

അർത്ഥം : പിന്നെ ജനിച്ചത്, നിന്നിൽ അനുരക്തയും കമനീയയുമായ കമലയാണ്. ആ വിമലാംഗിയെ കണ്ട് സകലരും അനുരാഗലോലരായി മയങ്ങിനിന്നു.

മൂലം – 4

ത്വയി ദത്തഹൃദേ തദൈവ ദേവ്യൈ
ത്രിദശേന്ദ്രോ മണിപീഠികാം വ്യതാരീത്
സകലോപഹൃതാഭിഷേചനീയൈർ
ഋഷയസ്താം ശ്രുതിഗീർഭിരഭ്യഷിഞ്ചൻ.

ഭാഷ

നിന്നിലർപ്പിച്ച ഹൃദയമുള്ളാദേവി-
യ്ക്കിന്ദ്രനേകീ രത്നസിംഹാസനം
സർവ്വോപചാരങ്ങൾ, മന്ത്രങ്ങളാൽ ഋഷി-
വര്യർ നടത്തിയഭിഷേചനം.

അർത്ഥം : ഭഗവാനിൽ ഹൃദയമർപ്പിച്ച ദേവിക്ക് ഇന്ദ്രൻ രത്നസിംഹാസനം കൊടുത്തു. മഹർഷികൾ എല്ലാ ഉപചാരങ്ങളാലും മന്ത്രങ്ങളാലും ദേവിയെ അഭിഷേകം ചെയ്തു.

മൂലം – 5.

അഭിഷേകജലാനുപാതിമുഗ്ദ്ധ-
ത്വദപാംഗൈരവഭൂഷിതാംഗവല്ലീം
മണികുണ്ഡലപീതചേലഹാര-
പ്രമുഖൈസ്താമമരാദയോ്നവഭൂഷൻ.

ഭാഷ

മുഗ്ദ്ധകടാക്ഷപുഷ്പത്താലഭിഷിക്ത-
മത്തിരുമേനി നീ ഭൂഷ ചാർത്തി
നന്മണികുണ്ഡലം പീതാംബരം ഹാര
മെന്നിവ ചാർത്തിച്ചു ദേവവൃന്ദം

അർത്ഥം : അഭിഷിക്തമായ ആ കമനീയ മേനിയെ അവിടുന്ന് മുഗ്ദ്ധങ്ങളായ കടാക്ഷപുഷ്പങ്ങളാകുന്ന ആഭരണം ചാർത്തി. മറ്റു ദേവന്മാർ മണികുണ്ഡലം, പീതാംബരം, മാലകൾ എന്നിവയാലും അലങ്കരിച്ചു.

മൂലം - 6

വരണസ്രജമാത്തഭൃംഗനാദാം
ദധതീ സാ കുചകുംഭമന്ദയാനാ
പദശിഞ്ജിതമഞ്ജുനൂപുരാ ത്വാം
കലിതവ്രീളവിലാസമാസസാദ.

ഭാഷ

ഭൃംഗനാദം മുഴങ്ങുന്ന സ്വയംവര-
മംഗള മാലയെടുത്തു ദേവി
കുംഭസ്തനഭാരമോടെ മന്ദം നട-
ന്നാമഞ്ജുനൂപുര താളത്തോടെ
വ്രീളവിലാസങ്ങളോടെയക്കാമിനി
നീലായതാക്ഷനരികിലെത്തി

അർത്ഥം : വണ്ടുകൾ രീങ്കാരനാദം മുഴക്കുന്ന പൂക്കളാൽ കോർത്ത വരണമാല്യം ധരിച്ച്, സ്തനകലശഭാരത്താൽ പതുക്കെ അടിവെച്ചടി വെച്ചു നടന്ന്, നൂപുരതാളധ്വനിയോടെ, ലജ്ജാവിലാസത്തോടെ കാമിനിയായ ദേവി നീലായതാക്ഷനായ അവിടുത്തെ സമീപിച്ചു.

മൂലം - 7

ഗിരിശദ്രുഹിണാദിസർവ്വദേവാൻ
ഗുണഭാജോഽപ്യവിമുക്തദോഷലേശാൻ
അവമൃശ്യ സദൈവ സർവ്വരമ്യേ
നിഹിതാ ത്വയ്യനയാഽപി ദിവ്യമാലാ.

ഭാഷ

ഈശനും ബ്രഹ്മാവും സദ്ഗുണരെങ്കിലും
ദോഷലേശങ്ങളുണ്ടായവർക്കും
സർവ്വരമ്യം നിഷ്ക്കളം നിർഗുണം ദോഷ-
ഹീനം ഹരിയ്ക്കു വരണമാല്യം

അർത്ഥം : ശിവൻ, ബ്രഹ്മാവ് മുതലായ ദേവന്മാർ ഭക്തവാത്സല്യം മുതലായ സദ്ഗുണങ്ങളുള്ളവരാണെങ്കിലും അവരിൽ ദോഷങ്ങളുണ്ടെന്ന് വിചാരിച്ചുറപ്പിച്ച ലക്ഷ്മി സർവ്വ രമ്യവും, നിഷ്ക്കളങ്കവും, നിർഗുണപരബ്രഹ്മവും, ദോഷരഹിതവുമായ ഹരിയ്ക്ക് തന്റെ വരണമാല്യം സമർപ്പിച്ചു.

മൂലം - 8

ഉരസാ തരസാ മമാനിഥൈനാം
ഭുവനാനാം ജനനീമനന്യഭാവാം
ത്വദുരോവിലസത്തദീക്ഷണശ്രീ-
പരിവൃഷ്ട്യാ പരിപുഷ്ടമാസ വിശ്വം.

ഭാഷ

മാറിലെ ശ്രീവത്സമാക്കീയനന്യമാം
പ്രേമവായ്പേഴും ശ്രീ മാതാവിനെ
മാനിച്ചു, ലക്ഷ്മീകടാക്ഷം പൊഴിയുമാ
മാറിനാൽ ഭൂമി സമൃദ്ധമായി.

അർത്ഥം : അങ്ങയിൽ അനന്യമായ പ്രേമവായ്പുള്ള ആ ജഗജ്ജന നിയെ അവിടുന്ന് മാറിലെ ശ്രീവത്സചിഹ്നമാക്കി ഇരുത്തി ബഹുമാനിച്ചു. ലക്ഷ്മീകടാക്ഷം പൊഴിയുന്ന ആ വിഷ്ണു വക്ഷസ്സിനാൽ ലോകം ധനധാന്യസമൃദ്ധമായി.

മൂലം – 9

അതിമോഹനവിഭ്രമാ തദാനീം
മദയന്തീ ഖലു വാരുണീ നിരാഗാത്
തമസഃ പദവീമദാസ്ത്വമേനാ-
മതിസമ്മാനനയാ മഹാസുരേഭ്യഃ

ഭാഷ

അത്യന്തമോഹനവിഭ്രമയായ് മദ-
മത്തയായ് വാരുണി വന്നു പിന്നെ
താമസാജ്ഞാനത്തിൻ കാരണിയാമവൾ
ആസുര ശ്രേഷ്ഠർക്കു സമ്മാനമായ്

അർത്ഥം : അത്യന്തമോഹനമായ വിലാസങ്ങളോടെ വിഭ്രമിപ്പിക്കുന്ന മദമത്തയായ വാരുണിയാണ് പിന്നെ ജനിച്ചത്. താമസമായ അജ്ഞാന ത്തിനു കാരണഭൂതയായ അവളെ അസുരശ്രേഷ്ഠന്മാർക്ക് സമ്മാനിച്ചു.

മൂലം – 10

തരുണാംബുദസുന്ദരസ്തദാ ത്വം
നനു ധന്വന്തരിരുത്ഥിതോഽംബുരാശേഃ
അമൃതം കലശേ വഹൻ കരാഭ്യാ-
മഖിലാർത്തിം ഹര മാരുതാലയേശ.

ഭാഷ

പുത്തൻ കാർമേഘമനോജ്ഞ ശരീരനായ്
കയ്യിലമൃത കലശമേന്തി
നീ യുയർന്നംബുധി തന്നിൽ ധന്വന്തരേ,
ശ്രീ മാരുതേശ, സർവ്വാർത്തിഹാരേ-

അർത്ഥം : പുതിയ കാർമേഘം പോലെ സുന്ദര ശരീരനായി, കൈക ളിൽ അമൃതകലശമേന്തി, പാലാഴിയിൽ നിന്ന് പൊന്തി വന്ന സാക്ഷാത് ധന്വന്തരീമൂർത്തിയായ ശ്രീ ഗുരുവായൂരപ്പാ, സർവ്വാർത്തിഹരനായ ഹരേ, രക്ഷിച്ചാലും.

O

ദശകം 29

മോഹിനീ അവതാരം

മൂലം – 1

ഉദ്ഗച്ഛതസ്തവ കരാദമൃതം ഹരത്സു
ദൈത്യേഷു, താനശരണാനനുനീയ ദേവാൻ
സദ്യസ്തിരോദധിഥ ദേവ! ഭവത്പ്രഭാവാ-
ദുദ്യത്സ്വയൂഥ്യകലഹാ ദിതിജാ ബഭൂവുഃ.

ഭാഷ

തട്ടിയെടുത്തമൃതത്തെയസുരന്മാർ
പൊട്ടിക്കരഞ്ഞു നിരാശർ ദേവർ
പെട്ടെന്നവിടെ മറഞ്ഞു നീ, ദൈത്യരോ
കൂട്ടരുമായിക്കലഹമായി.

അർത്ഥം : അമൃത കലശം അസുരന്മാർ തട്ടിപ്പറിച്ചതു കണ്ട് അശരണരായ ദേവന്മാർ നിരാശയോടെ വിലപിച്ചു. വിഷ്ണു പെട്ടെന്ന് അപ്രത്യക്ഷനായി. അസുരന്മാർ തമ്മിൽത്തമ്മിൽ അമൃതിനുവേണ്ടി കലഹമായി.

മൂലം – 2

ശ്യാമാം രുചാപി വയസാപി തനും തദാനീം
പ്രാപ്തോഽസി തുംഗകുചമണ്ഡലഭംഗുരാം ത്വം;
പീയൂഷകുംഭകലഹം പരിമുച്യ സർവ്വേ
തൃഷ്ണാകുലാഃ പ്രതിയയുസ്ത്വദുരോജകുംഭേ.

ഭാഷ

കാന്തിയിൽ പ്രായത്തിൽ ശ്യാമ, കുച-
കുംഭഭാരത്താലൊന്നു കുനിഞ്ഞമേനി
പീയൂഷകുംഭം മറന്നിട്ടു ദൈത്യരാ
മോഹിനീ കുംഭ വിവശരായി

അർത്ഥം : കാന്തിയിൽ കറുത്തുമിനുത്ത് ശ്യാമള, പ്രായത്തിലും യൗവനമദ്ധ്യത്തിലെത്തിയ ശ്യാമ, കുചകുംഭങ്ങളുടെ ഭാരത്താൽ അല്പം കുനിഞ്ഞ സുന്ദര ശരീരം. അവിടുത്തെ മോഹിനീവേഷം കണ്ട ദൈത്യന്മാർ വിവശരായി. അമൃതകലശത്തിലുള്ള ആർത്തി വെടിഞ്ഞ് അവർ മോഹിനിയുടെ കുചകുംഭത്തിലുള്ള ആർത്തി മൂലം കലഹിക്കാൻ തുടങ്ങി.

മൂലം – 3

"കാ ത്വം മൃഗാക്ഷി! വിഭജസ്വ സുധാമിമാ'' മി-
ത്യാരൂഢരാഗവിവശാനഭിയാചതോ*f*മൂൻ-
"വിശ്വസ്യതേ മയി കഥം, കുലടാസ്മി ദൈത്യാ''
ഇത്യാലപന്നപി സുവിശ്വസിതാനതാനീഃ.

ഭാഷ

"മാൻമിഴി നീയാരു ഞങ്ങൾക്കു പീയൂഷ-
ധാര വിളമ്പു നീ" എന്നു കേൾക്കെ
ആരൂഢ രാഗവിവശരോടോതിനാൾ
"ഞാനവിശ്വാസ്യ, കുലടയല്ലേ."

അർത്ഥം : "മാൻ മിഴി, നീ ആരാണ്? ഞങ്ങൾക്ക് ഈ അമൃതം വിള മ്പിത്തരാമോ" എന്ന് അനുരാഗവിവശരായി തന്നെ വിശ്വസിച്ച് ചോദി ക്കുന്ന അവരോട് മോഹിനി വേഷമെടുത്ത വിഷ്ണു പറഞ്ഞു. "ഞാൻ ഒരു കുലടയാണ്. എന്നെ വിശ്വസിക്കാൻ കൊള്ളില്ല". ഇതുകേട്ട ദൈത്യർക്ക് അവളിൽ പൂർണ്ണവിശ്വാസം ജനിയ്ക്കയാണുണ്ടായത്.

മൂലം – 4

മോദാത് സുധാകലശമേഷു ദദത്സു സാ ത്വം,
ദുശ്ചേഷ്ടിതം മമ സഹധ്വമിതി ബ്രുവാണാ
പംക്തിപ്രഭേദവിനിവേശിതദേവദൈത്യാ
ലീലാവിലാസഗതിഭിഃ സമദാഃ സുധാം താം.

ഭാഷ

മോദിച്ചു നൽകി സുധാകലശം, "മമ
ദുശ്ചേഷ്ടിതങ്ങൾ ക്ഷമിക്കേണമേ"
ഓതീ, വരി വേർതിരിച്ചിരുത്തി, ലീലാ-
ലോലയായ് മെല്ലെ സുധ വിളമ്പി.

അർത്ഥം : അസുരന്മാർ ആനന്ദിച്ച് സുധാകലശം അവളുടെ കയ്യിൽ കൊടുത്തു. "ഞാൻ നിങ്ങൾക്കിഷ്ടമില്ലാത്ത എന്തെങ്കിലും ചെയ്താൽ ക്ഷമിക്കണേ" എന്ന് കൊഞ്ചിപ്പറഞ്ഞ്, ദേവന്മാരെയും അസുരന്മാരെയും രണ്ടുവരിയായി വേർതിരിച്ചിരുത്തി. ലീലാവിലാസത്തോടെ മന്ദഗാമിനി യായി, ആരെയും ആകർഷിക്കുമാറ്, അമൃതു വിളമ്പാൻ തുടങ്ങി.

മൂലം – 5

അസ്മാസ്വിയം പ്രണയിനീത്യസുരേഷു തേഷു
ജോഷം സ്ഥിതേഷ്വഥ സമാപ്യ സുധാം സുരേഷു,
ത്വം, ഭക്തലോകവശഗോ നിജരൂപമേത്യ
സ്വർഭാനുമർദ്ധപരിപീതസുധം വ്യലാവീഃ

ഭാഷ

"എന്നിൽ പ്രണയിനി" യെന്നു നിനച്ചിട്ടു
മിണ്ടാതിരുന്നു അസുരരെല്ലാം
ദേവർക്കു മാത്രം സുധ വിളമ്പി ഭക്ത-
ലോകർക്കു മാത്രമധീനനനീശൻ
ദേവവേഷം പൂണ്ടമൃതകണം പാനം
ചെയ്താൻ സ്വർഭാനുവാം രാഹുവപ്പോൾ
സ്വന്തസ്വരൂപമെടുത്തു ജഗദീശൻ
രണ്ടായ്മുറിച്ചിതാ രാഹുതന്നെ.

അർത്ഥം : ഓരോ അസുരനും കരുതി 'ഇവൾക്കെന്നോടാണ് പ്രണയ" മെന്ന്. അതിനാൽ അവർ ഒന്നും മിണ്ടാതെ സഹിച്ചിരിയ്ക്കെ, ഭഗവാൻ ഭക്തവാത്സല്യത്താൽ ദേവകൾക്കു മാത്രം അമൃതു വിളമ്പി. ദേവവേഷം ധരിച്ച് ഒരു തുള്ളി അമൃതു കുടിച്ച സ്വർഭാനുവെ സ്വന്തം രൂപമെടുത്ത് സുദർശന ചക്രത്താൽ രണ്ടായി മുറിച്ചു (രാഹുവും കേതുവുമാക്കി).

മൂലം – 6

ത്വത്തഃ സുധാഹരണയോഗ്യഫലം പരേഷു
ദത്വാ ഗതേ ത്വയി സുരൈഃ ഖലു തേ വ്യഗൃഹ്ണൻഃ
ഘോരേഽഥ മൂർഛതി രണേ, ബലിദൈത്യമായാ-
വ്യാമോഹിതേ സുരഗണേ, ത്വമിഹാവിരാസീഃ

ഭാഷ

നൽകി സുധാഹരണത്തിൻ ഫലം ദേവൻ,
ദേവാസുരന്മാർ ഇടഞ്ഞു തമ്മിൽ
ദേവർ 'ബലി' യുടെ മായയാൽ മോഹിത-
രാകെ, സ്വരൂപത്തിലെത്തി വീണ്ടും.

അർത്ഥം : ധന്വന്തരീമൂർത്തിയായ തന്നിൽ നിന്ന് അമൃത് കട്ടതിന്റെ ഫലം അസുരന്മാർക്കു കൊടുത്ത് ഭഗവാൻ മറഞ്ഞു. പിന്നീട്, അതിഭയങ്കരമായ ദേവാസുര യുദ്ധത്തിൽ ബലിയുടെ മായാപ്രയോഗത്താൽ ദേവന്മാർ മോഹിതരായപ്പോൾ വീണ്ടും സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു.

മൂലം – 7

ത്വം കാലനേമിമഥ മാലിമുഖാൻ ജഘന്ഥ
ശക്രോ ജഘാന ബലിജംഭവലാൻ സപാകാൻ,
ശുഷ്കാർദ്രദുഷ്കരവധേ നമുചൗ ച ലൂനേ
ഫേനേന, നാരദഗിരാ ന്യരുണോ രണം തം.

ഭാഷ

കാലനേമീ മാലീമുഖ്യരെ നീ; പാകൻ
ജംഭൻ, വലി, ബലിയിന്ദ്രൻ താനും
ശുഷ്ക്കവുമാർദ്രവുമായതാൽ ചാവാത്ത
ദുഷ്ട നമുചിയെ ഫേനത്താലും
കൊന്നിട്ടു, നാരദ വാക്യത്താൽ നീ യുദ്ധം
നന്നായ് നിരോധിച്ചു വിശ്വമൂർത്തേ.

അർത്ഥം : കാലനേമിയേയും മാലിയേയും ഭഗവാൻ തന്നെ വധിച്ചു. പാകൻ, ജംഭൻ, വലി, ബലി എന്നിവരെ ഇന്ദ്രനും. ഉണങ്ങിയതോ നനഞ്ഞതോ ആയ വസ്തുക്കളാൽ കൊല്ലാനാവില്ലെന്ന വരം കിട്ടിയ നമുചിയെ, വജ്രത്തിന്മേൽ നുര (ഫേനം) പുരട്ടി ഫേനത്താൽ ഇന്ദ്രൻ വധിച്ചു. പിന്നീട് നാരദൻ അപേക്ഷിക്കയാൽ അവിടുന്ന് ആ ദേവാസുര യുദ്ധത്തിന് വിരാമമിട്ടു.

മൂലം – 8

യോഷാവപുർദനുജമോഹനമാഹിതം തേ
ശ്രുത്വാ വിലോകനകുതൂഹലവാൻ മഹേശഃ,
ഭൂതൈഃ സമം ഗിരിജയാ ച ഗതഃ പദം തേ
സ്തുത്വാബ്രവീദഭിമതം, ത്വമഥോ തിരോധാഃ

ഭാഷ

ദൈത്യർ മോഹിച്ച നിൻ മോഹിനീ രൂപത്തെ
ക്കാണാൻ കുതൂഹലം പുണ്ടു ശർവ്വൻ
ഭൂതഗണങ്ങളും ഗൗരിയുമൊത്തിട്ടു
വൈകുണ്ഠമെത്തി സ്തുതിച്ചു നിന്നു
ആശകേട്ടപ്പോളവിടന്നു തൽക്ഷണം
താനേത്തിരോധാനം ചെയ്തു ദേവാ.

അർത്ഥം : അസുരന്മാരെ മോഹിപ്പിച്ച മോഹിനീരൂപം കാണാൻ ശിവന് ആശതോന്നി. ഭൂതഗണങ്ങളും പാർവ്വതിയുമൊത്ത് വൈകുണ്ഠത്തിലെത്തി സ്തുതിച്ച് തന്റെ ആശ അറിയിച്ചു. അതുകേട്ട വിഷ്ണു തൽക്ഷണം തിരോധാനം ചെയ്യുകയാണുണ്ടായത്.

മൂലം – 9

ആരാമസീമനി ച കന്ദുകഘാതലീലാ-
ലോലായമാനനയനാം കമനീം മനോജ്ഞാം
ത്വാമേഷ വീക്ഷ്യ വിഗളദ്വസനാം മനോഭൂ-
വേഗാദനംഗരിപുരംഗ! സമാലിലിംഗ.

ഭാഷ

ആരാമസീമയിൽ ലീലാവിലോലയായ്
പന്തിൽ കടാക്ഷമെറിഞ്ഞുകൊണ്ടും
കാമിനിയായിട്ടുടുപുട നീങ്ങിയും
മോഹിനീരൂപത്തെക്കണ്ട ശർവ്വൻ
കാമാരിയെന്നാലും കാമവേഗത്തിനാൽ
പുൽകിനാൻ ലജ്ജിത സുന്ദരിയെ-
ഗൗരിതൻ സാന്നിദ്ധ്യം കൂടിയറിഞ്ഞില്ല
ഗൗരാംഗൻ കാമാർത്തനാകയാലെ.

അർത്ഥം : ഉദ്യാനത്തിൽ കളിപ്പന്തിൽ കടാക്ഷവിക്ഷേപം ചെയ്തും, പന്തു കളിയ്ക്കവെ അറിയാതെ ഉടുപുടവ കിഴിഞ്ഞും അതി സുന്ദരിയായ കാമിനീ രൂപത്തിൽ അവിടത്തെ മോഹിനീ രൂപം പരമ ശിവൻ കണ്ടു. കാമദഹനന് കാമവേഗമുണ്ടായി. അടുത്ത് ഗൗരി ഉണ്ടെന്നു പോലും ഓർക്കാതെ കാമാർത്തനായ ശിവൻ, ലജ്ജ നടിച്ചു നിൽക്കുന്ന മോഹിനിയെ കെട്ടിപ്പിടിച്ചു.

മൂലം – 10

ഭൂയോഽപി വിദ്രുതവതീമുപധാവ്യ ദേവോ
വീര്യപ്രമോക്ഷവികസത്പരമാർത്ഥബോധഃ
ത്വന്മാനിതസ്തവ മഹത്ത്വമുവാച ദേവ്യൈ-
തത്താദൃശസ്ത്വമവ വാതനികേതനാഥ!

ഭാഷ

ഒട്ടു കുതറി ലജ്ജിച്ചോടും ദേവിയെ
പെട്ടെന്നനുഗമിച്ചിട്ടു രുദ്രൻ
വീര്യപ്രമോക്ഷത്താൽ ബോധമുദിക്കയാൽ
തത്ത്വമറിഞ്ഞു നിൻ മാഹാത്മ്യവും
നിന്നാലെമാനിതനോതി നിന്മാഹാത്മ്യം
ഗൗരിയോടപ്പോൾ കൃതാർത്ഥനായി
അന്യാദൃശം പരിപാവനം നിൻകഥ
എന്നെ നീ കാത്തരുളീടേണമേ.

അർത്ഥം : ശിവന്റെ പിടിയിൽ നിന്ന് കുതറി, ലജ്ജയോടെ ഓടുന്ന മോഹിനിയെ ശിവൻ പിന്നാലെ ഓടിച്ചെന്ന് പിടിച്ചു. വീര്യം സ്ഖലിച്ചപ്പോൾ ബോധമുദിച്ചു. തത്ത്വമറിഞ്ഞു; വിഷ്ണു മാഹാത്മ്യവും അറിഞ്ഞു. പിന്നീട് വിഷ്ണുവാൽ ബഹുമാനിതനായി. വിഷ്ണു മാഹാത്മ്യം പാർവ്വതിയോട് പറഞ്ഞുകൊടുത്ത് ശിവൻ കൃതകൃത്യനായി. ഇപ്രകാരം അന്യാദൃശവും പരിപാവനവുമായ അവിടുത്തെ കഥ അത്ഭുതകരമാണ്. എന്നെ കാത്തരുളേണമെ, ഗുരുവായൂരപ്പാ.

O

ദശകം 30

വാമനാവതാരം

മൂലം – 1

ശക്രേണ സംയതി ഹതോഽപി ബലിർമഹാത്മാ
ശുക്രേണ ജീവിതതനുഃ ക്രതുവർദ്ധിതോഷ്മാ
വിക്രാന്തിമാൻ ഭയനിലീനസുരാം ത്രിലോകീം
ചക്രേ വശേ, സ തവ ചക്രമുഖാദഭീതഃ.

ഭാഷ

ശക്രൻ വധിച്ച ബലിക്കു ജീവൻ നൽകി
ശുക്ര, നവൻ സത്രമാബലിയായ്
ചക്രമുഖത്തെ ഭയപ്പെടാതെത്തൻപ-
രാക്രമത്താൽ ഉലകം ജയിച്ചു.

അർത്ഥം : അമൃതമഥന കാലത്ത് ഇന്ദ്രൻ വധിച്ച ബലിയെ ശുക്രൻ മൃതസജ്ജീവനിയാൽ പുനർജ്ജീവിപ്പിച്ചു. ആ മഹാത്മാവ് അനേകം യജ്ഞങ്ങൾ ചെയ്ത് "മഹാബലി"യായി. വിഷ്ണുചക്രത്തെപോലും ഭയപ്പെടാത്ത വീരപരാക്രമത്താൽ അവൻ മൂന്നുലോകവും കീഴടക്കി വിശ്വവിജയിയായി.

മൂലം – 2

പുത്രാർത്തിദർശനവശാദദിതിർവിഷണ്ണാ
തം കാശ്യപം നിജപതിം ശരണം പ്രപന്നാ
ത്വത്പൂജനം തദുദിതം ഹി പയോവ്രതാഖ്യം
സാ ദ്വാദശാഹമചരത് ത്വയി ഭക്തിപൂർണ്ണാ.

ഭാഷ

ദേവമാതാവാമദിതി, തൻ പുത്രർത-
ന്നാർത്തികണ്ടിട്ടു വിഷണ്ണയായീ
കാശ്യപൻ ചൊന്ന പയോവ്രതം പന്ത്രണ്ടു
നാളുകൾ ഭക്തിയോടാചരിച്ചു.

അർത്ഥം : ദേവമാതാവായ അദിതി മക്കളുടെ ദയനീയാവസ്ഥയിൽ ദുഃഖിതയായി, കശ്യപനെ ശരണം പ്രാപിച്ചു. അദ്ദേഹം ഉത്തമസന്താന ലബ്ധിക്കായി ഉപദേശിച്ച പയോവ്രതം പന്ത്രണ്ടു ദിവസം ഭക്തിപൂർവ്വം ആചരിച്ചു.

മൂലം – 3

തസ്യാവധൗ ത്വയി നിലീനമതേരമുഷ്യാഃ
ശ്യാമശ്ചതുർഭുജവപുഃ സ്വയമാവിരാസീഃ
നമ്രാം ച താമിഹ ഭവത്തനയോ ഭവേയം
ഗോപ്യം മദീക്ഷണമിതി പ്രലപന്നയാസീഃ

ഭാഷ

നിന്നിൽ നിലീന മനസ്സാമവൾ മുന്നിൽ
വന്നു ഭവാൻ വ്രതപൂർത്തിനാളിൽ
ശ്യാമം ചതുർഭുജം; തൃപ്പാദം വന്ദിക്കും
മാതാവിനോടോതിയിപ്രകാരം
"ഞാൻ മകനായിജ്ജനിയ്ക്കുമീ ദർശനം
ആരുമറിയാതെ വെച്ചിടേണം"

അർത്ഥം : വിഷ്ണുവിൽ നിലീനമനസ്സായ അവളുടെ മുന്നിൽ വ്രതം പൂർത്തിയായപ്പോൾ ശ്യാമളവർണ്ണനും ചതുർഭുജനുമായി അവിടുന്ന് ദർശനം കൊടുത്തു. തൃപ്പാദം വന്ദിക്കുന്ന അമ്മയോട് ഭഗവാൻ പറഞ്ഞു. "അമ്മേ, ഞാൻ നിന്റെ മകനായി ജനിക്കും. ഈ ദർശനം അവിടുന്ന് ആരോടും പറയാതെ രഹസ്യമായി സൂക്ഷിക്കണം."

മൂലം – 4

ത്വം കാശ്യപേ തപസി സന്നിദധത്തദാനീം
പ്രാപ്തോഽസി ഗർഭമദിതേഃ പ്രണുതോ വിധാത്രാ
പ്രാസൂത ച പ്രകടവൈഷ്ണവദിവ്യരൂപം
സാ ദ്വാദശീശ്രവണപുണ്യദിനേ ഭവന്തം.

ഭാഷ

കശ്യപ വീര്യത്തിൽ സന്നിധാനം ചെയ്തു
ഗർഭപ്രവേശം ചെയ്തു വിധാതാ-
പൂജിത വൈഷ്ണവ ദിവ്യ ശിശുവുണ്ടായ്
ശ്രാവണ ദ്വാദശി നാളിൽത്തന്നെ.

അർത്ഥം : കശ്യപന്റെ വീര്യത്തിലൂടെ അദിതിയുടെ ഗർഭത്തിൽ പ്രവേശിച്ച് വിധാതാവിനാൽ സ്തുതിക്കപ്പെട്ട ദിവ്യവൈഷ്ണവ ശിശുരൂപം ശ്രാവണ ദ്വാദശി നാളിൽത്തന്നെ പ്രകടമായി ജനിച്ചു.

മൂലം – 5

പുണ്യാശ്രമം തമഭിവർഷതി പുഷ്പവർഷൈഃ
ഹർഷാകുലേ സുരകുലേ കൃതതൂര്യഘോഷേ
ബദ്ധാഞ്ജലിം ജയജയേതി നുതഃ പിതൃഭ്യാം
ത്വം തത്ക്ഷണേ പടുതമം വടുരൂപമാധാഃ.

ഭാഷ

ബ്രഹ്മാദിപൂജിതപുണ്യാശ്രമേ ദേവർ
ദുന്ദുഭി സന്തൂര്യഘോഷമോടെ
പൂ തൂകി; യഞ്ജലി കൂപ്പി; "ജയജയ"
മാതാപിതാക്കൾ നമസ്ക്കരിച്ചു.
തത്ക്ഷണം നീ വടുവേഷം പടുതമം
കൈക്കൊണ്ടു, വാതാലയേശ, കൃഷ്ണാ.

അർത്ഥം : ഗുരുവായൂരപ്പാ, കൃഷ്ണാ, ബ്രഹ്മാദി ദേവന്മാർ കശ്യപന്റെ പുണ്യാശ്രമത്തെ പൂജിക്കയും ദേവവൃന്ദം ദുന്ദുഭിയും സന്തൂര്യഘോഷവും മുഴങ്ങവെ പൂമഴ പെയ്യുകയും ചെയ്തു. മാതാപിതാക്കൾ അഞ്ജലി കൂപ്പി 'ജയജയ' എന്നോതി നമസ്ക്കരിച്ചു. തത്ക്ഷണം, അവിടുന്ന് സമർത്ഥമായ വടുവേഷം (ബ്രഹ്മചാരി വേഷം) എടുത്തു.

മൂലം – 6

താവത് പ്രജാപതിമുഖൈരുപനീയ മൌഞ്ജീ-
ദണ്ഡാജിനാക്ഷവലയാദിഭിരർച്ച്യമാനഃ
ദേദീപ്യമാനവപുരീശ! കൃതാഗ്നികാര്യ-
സ്ത്വം പ്രാസ്ഥിഥാ ബലിഗൃഹം പ്രകൃതാശ്വമേധം.

ഭാഷ

മേഖല, ദണ്ഡ, മജിനാ, ക്ഷമാലകൾ
നൽകീട്ടുപനയനം നടത്തി
ഉജ്ജ്വലതേജസ്വിയഗ്നിപൂജ ചെയ്തി-,
ട്ടശ്വമേധം ചെയ്യും മാബലിതൻ
യജ്ഞ ഗൃഹത്തിലേയ്ക്കീശ്വരാ നീയന്നു
സത്കാര്യത്തിന്നായി യാത്രയായി.

അർത്ഥം : കാശ്യപാദികൾ അവിടുത്തെ ഉപനയനം ചെയ്യിച്ചു മേഖല, ദണ്ഡം, അജിനം, അക്ഷമാല ഇവ തന്നു. ഉജ്ജ്വല തേജസ്വിയായി അഗ്നിപൂജ ചെയ്ത് അവിടുന്ന് സത്കാര്യം ചെയ്യാനായി, അശ്വമേധം നടക്കുന്ന മഹാബലിയുടെ യജ്ഞഗൃഹത്തിലേക്ക് പുറപ്പെട്ടു.

മൂലം – 7

ഗാത്രേണ ഭാവിമഹിമോചിതഗൌരവം പ്രാഗ്-
വ്യാവൃണ്വതേവ ധരണീം ചലയന്നയാസീഃ
ഛത്രം പരോഷ്മതിരണാർത്ഥമിവാദധാനോ
ദണ്ഡം ച ദാനവജനേഷ്വിവ സന്നിധാതും.

ഭാഷ

വാമന ഗാത്രനാണെങ്കിലും ഭാവിയിൽ
ചേരും മഹിമാ ഗരിമ കാട്ടി
കാലൂന്നവെ ഭൂമിയാകെക്കുലുക്കി, ക്കുട
ശത്രുതാപം കുറയ്ക്കാൻ ചൂടി,
ദാനവന്മാരെ പ്രഹരിക്കാൻ ദണ്ഡവു-
മേന്തിയോരാ നട സാരഗർഭം.

അർത്ഥം : ഇപ്പോൾ വാമന ഗാത്രനാണെങ്കിലും ഭാവിയിൽ ഈ ചെറിയ ശരീരം വളരെ വലുതാവുമെന്ന് പ്രവചിക്കുമാറ് ഓരോ ഉറച്ച കാൽ വെപ്പിലും ഭൂമിയെ കുലുക്കിക്കൊണ്ടും; ശത്രുക്കളുടെ ചൂട് തടുക്കാനായിട്ട് കുട ചൂടിയും; അസുരന്മാരെ പ്രഹരിക്കാനായി ദണ്ഡം (വടി) കയ്യിലേന്തിയുമുള്ള അവിടുത്തെ ഗംഭീരമായ ആ "നട" സാരഗർഭം തന്നെ.

മൂലം – 8

താം നർമ്മദോത്തരതടേ ഹയമേധശാലാ-
മാസേദുഷി ത്വയി രുചാ തവ രുദ്ധനേത്രൈഃ
ഭാസ്വാൻ കിമേഷ ദഹനോ നു സനത്കുമാരോ
യോഗീ നു കോഽയമിതി ശുക്രമുഖൈഃ ശശങ്കേ.

ഭാഷ

നർമ്മദ തന്റെ വടക്കെക്കരയിലെ
യജ്ഞശാലയ്ക്കടുത്തെത്തിടുമ്പോൾ
തേജസ്സാൽ കണ്ണഞ്ചി ശുക്ര, നിവൻ സൂര്യ-
നഗ്നി, സനത്കുമാരാഖ്യനാമോ?

അർത്ഥം : നർമ്മദയുടെ വടക്കെകരയിലെ മാഹിഷ്മതി നഗരത്തിലെ യജ്ഞശാലയ്ക്കടുത്തേക്ക് വാമനൻ എത്തിയപ്പോൾ അഭൗമമായ ആ തേജസ്സിനാൽ ശുക്രാചാര്യന് കണ്ണഞ്ചി. ഈ വരുന്ന കുട്ടി ആര്? സൂര്യനോ, അഗ്നിയോ, സനത്കുമാരനോ എന്നദ്ദേഹം ചിന്തിച്ചു.

മൂലം – 9

ആനീതമാശു ഭൃഗുഭിർമഹസാഭിഭൂതൈ
സ്ത്വാം രമ്യരൂപമസുരഃ പുളകാവൃതാംഗഃ
ഭക്ത്യാ സമേത്യ സുകൃതീ പരിഷിച്യ പാദൗ
തത്തോയമന്വധൃത മൂർദ്ധനി തീർത്ഥതീർത്ഥം.

ഭാഷ

തേജസ്സുകണ്ട ഭൃഗുക്കളാൽ സ്വീകരി-
ച്ചാനയിക്കപ്പെട്ട രമ്യരൂപം
രോമാഞ്ചിതാംഗൻ സുകൃതി മഹാബലി
പാദം കഴുകി നമസ്ക്കരിച്ചു.
സർവ്വ തീർത്ഥങ്ങളും പാവനമാക്കുമാ
പാദ ഗംഗാതീർത്ഥം ഭക്തിപൂർവ്വം
സ്വന്തശിരസ്സിൽ ധരിച്ചിട്ടസുരേന്ദ്ര-
നന്നു പരിശുദ്ധനായ് ഭവിച്ചു.

അർത്ഥം : ബ്രഹ്മചാരിയുടെ തേജസ്സു കണ്ട ഭൃഗുക്കൾ സ്വീകരിച്ചാനയിച്ച രമ്യരൂപത്തെ അടുത്തുകണ്ട് മേലാകെ പുളകമണിഞ്ഞ സുകൃതിയായ മഹാബലി ആ പാദം കഴുകി നമസ്ക്കരിച്ചു. സർവ്വതീർത്ഥത്തേയും പാവനമാക്കുന്ന പാദഗംഗാതീർത്ഥം ഭക്തിപൂർവ്വം സ്വന്തം ശിരസ്സിൽ ധരിച്ച് അസുരേന്ദ്രനായ മഹാബലി പരിശുദ്ധരിൽ പരിശുദ്ധനായി ഭവിച്ചു.

മൂലം - 10

പ്രഹ്ലാദവംശജതയാ ക്രതുഭിർദ്വിജേഷു
വിശ്വാസതോ നു തദിദം ദിതിജോഽപി ലേഭേ
യത്തേ പദാംബു ഗിരിശസ്യ ശിരോഽഭിലാല്യം
സ ത്വം വിഭോ! ഗുരുപുരാലയ! പാലയേഥാഃ

ഭാഷ

പ്രഹ്ലാദ വംശജൻ, യാഗങ്ങൾ ചെയ്തവൻ,
ബ്രാഹ്മണ ഭക്തിവിശ്വാസമുള്ളോൻ
ഈശൻ ജടയിൽ ധരിയ്ക്കും ഭവദ്പാദ-
ഗംഗയെത്തന്റെ ശിരസ്സിലേറ്റു.
ജന്മമസുരമാണെങ്കിലും കർമ്മത്താ-
ലുന്നതി നേടുമെന്നുള്ള തത്വം
നന്നായുണർത്തും മരുദ്പുരാധീശ്വരാ
എന്നെ നീയെന്നെന്നും പാലിയ്ക്കണം.

അർത്ഥം : പ്രഹ്ലാദന്റെ വംശത്തിൽ ജനിച്ചവനും നിരവധി യജ്ഞം നടത്തിയവനും ബ്രാഹ്മണരിൽ ഭക്തി വിശ്വാസങ്ങളർപ്പിച്ചവനുമാണ് മഹാബലി. അപ്രകാരം ജന്മത്താൽ അസുരനെങ്കിലും കർമ്മത്താൽ ഉന്നതി നേടിയവനാണ്. സാക്ഷാൽ പരമേശ്വരൻ ശിരസ്സിലെ ജടയിൽ ആദരപൂർവ്വം ധരിക്കുന്ന വിഷ്ണുപാദഗംഗാതീർത്ഥത്തെ, സ്വന്തം ശിരസ്സിൽ ധരിക്കാൻ മഹാബലിക്ക് ഭാഗ്യമുണ്ടായി. ജനനം കൊണ്ടല്ല, കർമ്മംകൊണ്ടാണ് ഒരാൾ ഉന്നതി പ്രാപിക്കുന്നതെന്ന തത്ത്വം എല്ലാവരേയും നന്നായി ധരിപ്പിക്കുന്ന ഗുരുവായൂരപ്പാ, എന്നേയും നീ എന്നെന്നും കാത്തു രക്ഷിക്കണേ.

O

ദശകം 31

ബലിദർപ്പഹരണം

മൂലം – 1

പ്രീത്യാ ദൈത്യസ്തവ തനുമഹഃ-
പ്രേക്ഷണാത്സർവ്വഥാപി
ത്വാമാരാദ്ധ്യന്നജിത!, രചയന്ന-
ഞ്ജലിം സഞ്ജഗാദ
'മത്തഃ കിം തേ സമഭിലഷിതം
വിപ്രസൂനോ!, വദ ത്വം
വിത്തം ഭക്തം ഭവനമവനീം
വാപി, സർവ്വം പ്രദാസ്യേ'

ഭാഷ

തേജസ്വി ബാലനെക്കണ്ടതി പ്രീതനാം
മാബലിയഞ്ജലീബദ്ധനായി
ആരാധിച്ചോതി 'യഭിലാഷമെന്തവാം
വിത്തമോ, ഭക്തം, ഭവനമാണോ
ഭൂമിയോ, വിപ്രകുമാരാ പറക ഞാൻ
ദാനമായ് സർവ്വം നിനക്കു നൽകാം.

അർത്ഥം : തേജസ്വിയായ ബാലകനെ കണ്ട് സന്തുഷ്ടനായ മഹാബലി തന്റെ ആ അതിഥിയെ സന്തോഷിപ്പിക്കുന്നതിൽ ശ്രദ്ധയോടെ, ആരാധിച്ച് അഞ്ജലി കൂപ്പി തൊഴുതു നിന്ന് ഇങ്ങനെ പറഞ്ഞു. "ബ്രാഹ്മണകുമാരാ, അവിടുത്തെ അഭിലാഷം എന്താണ്. ധനമാണോ, ഭക്ഷണമാണോ, വീടാണോ, ഭൂമിയാണോ? എന്തുതന്നെയാണെങ്കിലും പറയുക. ഞാൻ അവിടുത്തേയ്ക്ക് ദാനമായി "സർവ്വവും നൽകാം".

മഹാബലി ചോദിച്ച കാര്യങ്ങളെല്ലാം ലൗകികങ്ങളായ ഭൗതികസ്വത്തുക്കളായിരുന്നു. മാത്രമല്ല "സർവ്വവും നിനക്ക് നൽകാ"മെന്ന പ്രതിജ്ഞയോടെത്തന്നെ അദ്ദേഹം തന്റെ സർവ്വസ്വദാനം പ്രവചിക്കയും ചെയ്തു.

മൂലം – 2

താമക്ഷീണാം ബലിഗിരമുപാ-
കർണ്ണ്യ കാരുണ്യപൂർണ്ണോ്-
പ്യസ്യോത്സേകം ശമയിതുമനാ
ദൈത്യവംശം പ്രശംസൻ
ഭൂമിം പാദത്രയപരിമിതാം
പ്രാർത്ഥയാമാസിഥ ത്വം,
സർവ്വം ദേഹീതി തു നിഗദിതേ
കസ്യ ഹാസ്യം ന വാ സ്യാത്

ഭാഷ

സർവ്വേശ്വരനു സർവ്വം നൽകാമെന്നുള്ള
ഗർവ്വവാക്യം കേട്ടു കാരുണ്യത്താൽ
ദൈത്യവംശത്തെ പ്രശംസിച്ചു, "മൂന്നടി-
മണ്ണുമാത്രം", സർവ്വമാർക്കു സ്വന്തം!

അർത്ഥം : സർവ്വേശ്വരന് സർവ്വവും നൽകാമെന്ന ഗർവ്വവാക്യം പരിഹാസ്യമാണെങ്കിലും കരുണാമൂർത്തിയായ ഭഗവാൻ ദൈത്യവംശത്തിന്റെ ദാനശീലത്തെ സഭയിൽ പ്രശംസിച്ചു പറഞ്ഞു. ആർക്കാണ് സർവ്വം അധീനമായിട്ടുള്ളത്! അധീനമല്ലാത്ത ഒന്ന് എങ്ങനെ ദാനം ചെയ്യും? "എനിയ്ക്ക് എന്റെ കാലുകൊണ്ട് അളന്നെടുക്കാവുന്ന മൂന്നടി മണ്ണുമാത്രം മതി" എന്ന് ഭഗവാൻ പറഞ്ഞു.

മൂലം - 3

വിശ്വേശം മാം ത്രിപദമിഹ കിം
യാചസേ ബാലിശസ്ത്വം
സർവ്വാം ഭൂമിം വൃണു, കിമമുനേ-
ത്യാലപത്ത്വാം സ ദൃപ്യൻ
യസ്മാദ്ദർപ്പാത് ത്രിപദപരിപൂർത്ത്യ-
ക്ഷമഃ ക്ഷേപവാദാൻ
ബന്ധം ചാസാവഗമദതദർ-
ഹോഽപി ഗാഢോപശാന്ത്യൈ.

ഭാഷ

'വിശ്വേശനെന്നോടു മൂന്നടിമണ്ണോ, നിൻ
ബാലിശബുദ്ധിയതിപ്രമാദം
സർവ്വമീഭൂമിയും നൽകുവ" നെന്നവൻ
ഗർവ്വോടെ വീണ്ടും പറഞ്ഞ നേരം
മൂന്നാമടിമണ്ണുപോലും നിന്റേതല്ലെ-
ന്നാവോളം ദർപ്പം ശമിപ്പിക്കാനായ്
സജ്ജനമെങ്കിലും ദുർവ്വാക്കും ബന്ധന-
മൊക്കെയവന്നു നീ നൽകി, ശൗരേ.

അർത്ഥം : "വിശ്വേശ്വരനായ എന്നോട് വെറും മൂന്നടി മണ്ണ് യാചിക്കുന്ന നിന്റെ ബാലിശബുദ്ധി ശുദ്ധഭ്രാന്തുതന്നെ. സർവ്വവും തരാനെനിക്കാവും. ഈ ഭൂമി മുഴുവൻ തരാം. ചോദിയ്ക്കുക" - എന്ന് ഗർവ്വോടെ വീണ്ടും മഹാബലി പറഞ്ഞു. ആക്ഷേപവാക്കോ ബന്ധനമോ അനുഭവിക്കേണ്ടവനല്ല, സജ്ജനമായ മഹാബലി. എങ്കിലും ആ ഗർവ്വവാക്കിന്റെ ഫലമായി, "വെറും മൂന്നാമത്തെ അടി മണ്ണു തരാൻപോലും നിന്റെ കയ്യിൽ എനിക്കു തരാനായി ഇല്ല" എന്ന് ഉദ്ബോധിപ്പിച്ച് ഗർവ്വ

ത്തിന് ശമനം വരുത്താനായി, അതെല്ലാം മഹാബലിയെ അനുഭവിപ്പി ക്കേണ്ടതായിവന്നു.

മൂലം – 4

'പാദത്രയ്യാ യദി ന മുദിതോ
വിഷ്ടപൈർന്നാപി തുഷ്യേ'–
ദിത്യുക്തേഽസ്മിൻ വരദ!,
ഭവതേ ദാതുകാമേഽഥ തോയം
ദൈത്യാചാര്യസ്തവ ഖലു
പരീക്ഷാർത്ഥിനഃ പ്രേരണാത്തം
'മാ മാ ദേയം ഹരിരയ'മിതി
വ്യക്തമേവാബഭാഷേ.

ഭാഷ

"മൂന്നടി മണ്ണിനാൽ പ്രീതനായില്ലെങ്കിൽ
മൂവുലകും പോരാ പ്രീതനാക്കാൻ"
നീരട്ടിപ്പേറായി ദാനം കൊടുക്കുവാൻ
രാജാവൊരുങ്ങിയീ വാക്കുകേൾക്കെ.
വീണ്ടും പരീക്ഷിക്കാൻ, നിൻ പ്രേരണയാലെ
രാജഗുരുവാകും ശുക്രനോതി
"മാദേയം, മാദേയം, മറ്റാരുമല്ലിതു
ശ്രീഹരിയാം മായാമാണവകൻ

അർത്ഥം : കുട്ടി പറഞ്ഞു. "മൂന്നടി മണ്ണുകൊണ്ട് തൃപ്തനാകാത്ത വനെ മൂന്നുലകിനും തൃപ്തനാക്കാനാവില്ല." ആ തത്വം കേട്ട ഉടൻ മഹാബലി ബാലന് നീരട്ടിപ്പേറായി ദാനം കൊടുക്കാൻ ഒരുങ്ങി. ഒന്നു കൂടി മഹാബലിയെ പരീക്ഷിക്കാൻ അവിടത്തെ പ്രേരണയാൽ രാജ ഗുരുവായ ശുക്രാചാര്യൻ തടഞ്ഞുപറഞ്ഞു. "അരുത്. ദാനം കൊടുക്ക രുത്. ദാനം കൊടുക്കരുത്. ഇത് മറ്റാരുമല്ല - ശ്രീഹരി തന്നെയാണ്." (മായാ മാണവകനെന്ന തമിഴുവാക്കാണ് ഭാഗവതത്തിൽ വ്യാസൻ ഉപ യോഗിക്കുന്നത്).

മൂലം – 5

'യാചതേ്യവം യദി സ ഭഗവാൻ,
പൂർണ്ണകാമോഽസ്മി സോഽഹം,
ദാസ്യാമ്യേവ സ്ഥിര'മിതി വദൻ
കാവ്യശപ്തോഽപി ദൈത്യഃ
വിന്ധ്യാവല്യാ നിജദയിതയാ
ദത്തപാദ്യായ തുഭ്യം,
ചിത്രം ചിത്രം, സകലമപി സ
പ്രാർപയത്തോയപൂർവ്വം.

ഭാഷ

'യാചകൻ വിഷ്ണുവാണെങ്കിൽ ഞാൻ സമ്പൂർണ്ണ-
കാമനായ്; ദാനം കൊടുക്കുവൻ ഞാൻ"
ശുക്രന്റെ ശാപം ഗണിക്കാതെ നീരട്ടി-
പ്പേറായി സർവ്വമർപ്പിച്ചു നിന്നിൽ
വിന്ധ്യാവലിയേകും പാദ്യത്തോടൊപ്പമാ,
സർവ്വസ്വദാനം വിചിത്രം ധന്യം.

അർത്ഥം : "യാചകൻ ഭഗവാൻ വിഷ്ണു തന്നെയാണെങ്കിൽ അദ്ദേഹത്തിന് സർവ്വസ്വദാനം ചെയ്യാൻ ഭാഗ്യമുണ്ടായ ഞാൻ തീർച്ചയായും സമ്പൂർണ്ണകാമനായി. ദാനം കൊടുക്കാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു" എന്നു മഹാബലി പറഞ്ഞു. ഗുരുവാക്യം അനുസരിക്കാത്തതിന് ശുക്രൻ ശപിച്ചതുപോലും അദ്ദേഹം വകവെച്ചില്ല. ഭാര്യ വിന്ധ്യാവലി പാദ്യം നൽകിയ ഭഗവാന് ബാലി സർവ്വസ്വവും നീരട്ടിപ്പേറായി (ഉദകപൂർവ്വം) ദാനം ചെയ്തു. ആ സമ്പൂർണ്ണമായ സർവ്വസ്വദാനം വിചിത്രവും ധന്യവുമത്രെ.

മൂലം - 6

നിസ്സന്ദേഹം ദിതികുലപതൗ
ത്വയ്യശേഷാർപ്പണം തദ്-
വ്യാതന്വാനേ മുമുചുരൃഷയഃ സാമരാഃ
പുഷ്പവർഷം
ദിവ്യം രൂപം തവ ച തദിദം
പശ്യതാം വിശ്വഭാജാ-
മുച്ചൈരുച്ചൈരവൃധദവധീകൃത്യ
വിശ്വാണ്ഡഭാണ്ഡം.

ഭാഷ

നിസ്സന്ദേഹം ചെയ്ത സർവ്വസ്വദാനം ക-
ണ്ടംബര ചാരികൾ പൂചൊരിഞ്ഞു.
ദിവ്യരൂപ ലോകർ നോക്കിനിൽക്കെ, ബ്രഹ്മാ-
ണ്ഡത്തെ ഭേദിച്ചു വളർന്നുനിന്നു.

അർത്ഥം : യാതൊരു സംശയവും കൂടാതെ അസുര രാജാവ് ചെയ്ത ആ മഹത്തായ സർവ്വസ്വ ദാനം കണ്ട് ആകാശചാരികളായ ദേവഗണങ്ങൾ പൂമഴ പെയ്തു. ലോകം മുഴുവൻ കണ്ടുനിൽക്കെ, ഭഗവാന്റെ ദിവ്യരൂപം ബ്രഹ്മാണ്ഡത്തെ ഭേദിച്ച് വളർന്നു നിന്നു.

മൂലം - 7

ത്വത്പാദാഗ്രം നിജപദഗതം
പുണ്ഡരീകോദ്ഭവോഽസൗ
കുണ്ഡീതോയൈരസിച, ദപു-
നാദ്യജ്ജലം വിശ്വലോകാൻ

ഹർഷോത്കർഷാത് സുബഹു നനൃതേ
ഖേചരൈ, രുത്സവേ/സ്മിൻ
ഭേരീം നിഘ്നൻ ഭുവനമചര-
ജ്ജാംബവാൻ ഭക്തിശാലീ.

ഭാഷ

സത്യലോകം തൊട്ട പാദാഗ്രം ബ്രഹ്മാവു
കിണ്ടിവെള്ളത്താൽ കഴുകിനന്നായ്
വിശ്വങ്ങളൊക്കെപ്പവിത്രമായി ഹർഷ-
നൃത്തം ചവിട്ടിനാർ ഖേചരങ്ങൾ
ഭക്തനാം ജാംബവാൻ ഭേരി കൊട്ടീ – ഭൂമി
ചുറ്റിയറിയിച്ചിതുത്സവത്തെ.

അർത്ഥം : സത്യലോകം സ്പർശിച്ച കാലടി ബ്രഹ്മാവ് തന്റെ തീർത്ഥക്കിണ്ടിയിലെ വെള്ളം കൊണ്ടു കഴുകി. ആ പാദോദകത്താൽ ഭൂമി പവിത്രമായി. ആകാശചാരികൾ ആനന്ദനൃത്തം ചവിട്ടി. വിഷ്ണുഭക്തനായ ജാംബവാൻ പെരുമ്പറ മുഴക്കി ഭൂമിയാകെ ചുറ്റിസ്സഞ്ചരിച്ച് ഈ മഹോത്സവ വാർത്ത സർവ്വരേയും അറിയിച്ചു.

മൂലം – 8

താവദ്ദൈത്യാസ്ത്വനുമതിമൃതേ
ഭർത്തുരാരബ്ധയുദ്ധാ
ദേവോപേതൈർഭവദനുചരൈഃ
സംഗതാ ഭംഗമാപൻ
'കാലാത്മായം വസതി പുരതോ
യദ്വശാത് പ്രാഗ്ജിതാഃ സ്മഃ
കിം വോ യുദ്ധൈ'രിതി ബലിഗിരാ
തേ/ഥ പാതാളമാപുഃ.

ഭാഷ

ദൈത്യർ ബലിതന്നനുമതി കൂടാതെ
യുദ്ധം തുടങ്ങിപ്പരാജിതരായ്
"കാലാത്മാവീഹരി, മുമ്പത്തെ യുദ്ധങ്ങൾ
കാലത്താലല്ലോ ജയിച്ചു നമ്മൾ
എന്തിനീ വീൺയുദ്ധം കാലത്തോ" ടെന്നുള്ള
മാബലിവാക്യം ശ്രവിച്ചു ദൈത്യർ
സന്താപത്തോടെയനുസരിച്ചു വേഗം
പാതാളലോകം ഗമിക്കയായി.

അർത്ഥം : അസുരന്മാർ മഹാബലിയുടെ സമ്മതം കൂടാതെ, മഹാവിഷ്ണുവിന്റെ അനുചരന്മാരോട് ഏറ്റുമുട്ടി തോറ്റു. "മുന്നിൽ നിൽക്കുന്നത് കാലാത്മാവായ വിഷ്ണുവാണ്. പണ്ടത്തെ യുദ്ധം നമ്മൾ ജയിച്ചത് ഈ കാലത്തിന്റെ സഹായത്താലാണ്. കാലത്തോടുള്ള നിങ്ങ

ളുടെ ഈ വീൺയുദ്ധം എന്തിന്" എന്ന ബലിവാക്യം കേട്ട് ആ ദൈത്യർ വ്യസനത്തോടെ യുദ്ധം നിർത്തി പാതാളത്തിലേക്ക് പോയി.

മൂലം – 9

പാശൈർബ്ബദ്ധം പതഗപതിനാ
ദൈത്യമുച്ചൈരവാദീ-
'സ്താർത്തീയീകം ദിശ മമ പദം,
കിം ന വിശ്വേശ്വരോfസി'
'പാദം മൂർദ്ധ്നി പ്രണയ
ഭഗവ'ന്നിത്യകമ്പം വദന്തം
പ്രഹ്ലാദസ്തം സ്വയമുപഗതോ
മാനയന്നസ്തവീത്ത്വാം.

ഭാഷ

വാരുണപാശത്താൽ കെട്ടീഗരുഡൻ, "നീ
വിശ്വേശനല്ലേ, തരിക വേഗം
മൂന്നാമടി "യെന്നുറക്കെപ്പറയവേ
വാമനവാക്യപ്പൊരുളറിഞ്ഞു.
"പാദം പതിയ്ക്കുകെൻ മൂർദ്ധാവി" ലെന്നവൻ
ഏതും വിറയാതെ ചൊന്നനേരം
പ്രഹ്ലാദനെത്തി സ്വയം, തന്റെ പൗത്രനെ
മാനിച്ചു, നിന്നെ സ്തുതിച്ചു നിന്നു.

അർത്ഥം : ഗരുഡൻ മഹാബലിയെ വരുണപാശത്താൽ കെട്ടി. രണ്ടടി കൊണ്ട് ലോകം മുഴുവൻ അളന്ന വാമനൻ "നീ വിശ്വേശ്വരനല്ലേ, എനിക്ക് വേഗം മൂന്നാമത്തെ അടി മണ്ണ് തരിക" എന്നു പറഞ്ഞപ്പോൾ ആ വാക്യത്തിന്റെ പൊരുൾ തന്റെ ഗർവ്വശമനത്തിനാണെന്ന് മഹാബലി അറിഞ്ഞു. "ഭഗവാനേ, എന്റെ മൂർദ്ധാവിൽ പാദം പതിച്ചാലും" എന്ന് വിറയലോ ഭയമോ കൂടാതെ പറഞ്ഞു. പൗത്രനെ മാനിച്ചുകൊണ്ട് അവിടെ വന്ന പ്രഹ്ലാദൻ ഭഗവാനെ വാഴ്ത്തി സ്തുതിച്ചു.

മൂലം – 10

'ദർപ്പോച്ഛിത്ത്യൈ വിഹിതമഖിലം,
ദൈത്യസിദ്ധോfസി പുണ്യൈർ-
ല്ലോകസ്തേfസ്തു ത്രിദിവവിജയീ,
വാസവത്വം ച പശ്ചാത്,
മത്സായുജ്യം ഭജ ച പുന'രിത്യ-
ന്വഗൃഹ്ണാ ബലിം തം,
വിപ്രൈഃ സന്താനിതമഖവരഃ

ഭാഷ

"പൂർണ്ണപുണ്യം നിനക്കുണ്ടു, നിൻ ദർപ്പത്തെ
നീക്കുവാൻ മാത്രമീ നാടകങ്ങൾ
സിദ്ധൻ നിനക്കു ലഭിക്കുന്ന ലോകമോ
സ്വർഗ്ഗത്തേക്കാൾ ദിവ്യപുണ്യലോകം
പിന്നീടിന്ദ്രത്വവുമെന്നിൽ സായൂജ്യവു"
മെന്നു ബലിയെയനുഗ്രഹിച്ചു.
ശുക്രാദി വിപ്രരാൽ യാഗവും പൂർത്തിയായ്
യജ്ഞേശ്വരാ, കാത്തിടേണമെന്നെ.

അർത്ഥം : "നീ പൂർണ്ണപുണ്യമുള്ളവനും സിദ്ധനുമാണ്. ഈ കാണിച്ച നാടകമൊക്കെ നിന്റെ അഹങ്കാരം നീക്കാൻ മാത്രമാണ്. നിനക്ക് സ്വർഗ്ഗത്തേക്കാൾ ദിവ്യമായ പുണ്യലോകം (സുതലം) ലഭിക്കും. പിന്നീട് ഇന്ദ്രപട്ടവും, ഒടുവിൽ എന്നിൽത്തന്നെ സായൂജ്യമുക്തിയും ഉണ്ടാകും" എന്ന് മഹാബലിയെ അനുഗ്രഹിച്ചു. ശുക്രൻ മുതലായ മഹർഷിമാരാൽ മഹാബലിയുടെ യജ്ഞം പൂർത്തിയാക്കിച്ച യജ്ഞേശ്വരനായ ഗുരുവായൂരപ്പാ, എന്നെ കാത്തു കൊള്ളേണേ.

O

ദശകം 32

മത്സ്യാവതാരം

തുഞ്ചത്തെഴുത്തച്ഛൻ 'മത്സ്യം തൊട്ടുകൂട്ടാൻ' പറഞ്ഞിട്ടാണ് നാരായണീയം മത്സ്യാവതാരം മുതൽ മേല്പത്തൂർ എഴുതിയതെന്ന് ഒരു കഥ പ്രചാരത്തിലുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ പറഞ്ഞപോലെ ഭട്ടതിരി "മത്സ്യം തൊട്ടല്ല കൂട്ടിയത്" എന്ന് നാരായണീയത്തിലെ അവതാര വർണ്ണനാക്രമം തെളിയിക്കുന്നു. 32-ാം ദശകത്തിലാണ് മത്സ്യാവതാര വർണ്ണനം 21-ാം ദശകത്തിൽ, ഓരോ ശ്ലോകത്തിൽ ഓരോന്നായി 12 അവതാരം പറയുമ്പോഴും അഞ്ചാമത്തേതാണ്, ഒന്നാമത്തേതല്ല മത്സ്യാവതാരം.

നാരായണീയത്തിലെ അവതാരക്രമം

1.	ശിശുകോലരൂപമായ വരാഹം	ദശകം	13
2.	കപിലൻ	"	14
3.	നരനാരായണന്മാർ	"	16

4.	പൃഥു	”	18
5.	ഋഷഭൻ	”	20
6.	നൃസിംഹം	”	24
7.	കൂർമ്മം	”	27
8. & 9	ധന്വന്തരി, മോഹിനി	”	28, 29
10.	വാമനൻ	”	30
11.	മത്സ്യം	”	32
12.	ശ്രീരാമൻ	”	34, 35
13.	പരശു രാമൻ	”	36
14.	കൃഷ്ണനും ബലരാമനും	”	37 മുതൽ

മൂലം - 1

പുരാ ഹയഗ്രീവ മഹാസുരേണ
ഷഷ്ഠാന്തരാന്തോദ്യദകാണ്ഡകല്പേ
നിദ്രോന്മുഖബ്രഹ്മമുഖാദ്ധൃതേഷു
വേദേഷ്വധിത്സഃ കില മത്സ്യരൂപം.

ഭാഷ

ആറാംമന്വന്തരാന്ത്യത്തിൽ വിധാതാവു-
റങ്ങാൻ തുടങ്ങെ, മുഖത്തു നിന്നും
നാലുവേദങ്ങൾ ഹരിച്ചു ഹയഗ്രീവൻ
'നൂലു' രക്ഷിക്കാൻ നീയന്നെടുത്തു
ആദ്യമത്സ്യാവതാരസ്വരൂപം ഗുരു-
വായുപുരേശാ, ദ്രവിഡദേശേ.

അർത്ഥം : ആറാം മന്വന്തരത്തിന്റെ ഒടുക്കം ബ്രഹ്മാവ് ഉറങ്ങാൻ ഭാവിക്കുമ്പോൾ, ബ്രഹ്മാവിന്റെ മുഖത്ത്നിന്ന് നാലു വേദങ്ങളെയും ഹയഗ്രീവൻ ഹരിച്ചു. അന്ന് നൂല് (വേദ) രക്ഷിക്കാൻ, ഈ ദ്രാവിഡദേശത്തിൽ ഗുരുവായൂരപ്പാ, അവിടുന്ന് ആദ്യത്തെ അവതാരമായ മത്സ്യരൂപമെടുത്തു.

മൂലം - 2

സത്യവ്രതസ്യ ദ്രമിളാധിഭർത്തുർ
നദീജലേ തർപ്പയതസ്തദാനീം
കരാഞ്ജലൗ സഞ്ജ്വലിതാകൃതിസ്ത്വ-
മദൃശ്യഥാഃ കശ്ചന ബാലമീനഃ.

ഭാഷ

ദ്രാവിഡരാജാ സത്യവ്രതൻ സന്ധ്യക്ക്
തർപ്പണം ചെയ്കെക്കൃതമാലയിൽ
അഞ്ജലീ തീർത്ഥത്തിൽക്കണ്ടുതിളങ്ങുന്ന
ബാലമീനത്തെശ്ശഫരിയായി.

അർത്ഥം : ദ്രാവിഡരാജാവായ സത്യവ്രതമനുസന്ധ്യക്ക് കൃതമാലാന ദിയിൽ ജലതർപ്പണം ചെയ്യുകയായിരുന്നു. കൈക്കുടന്നയിലെ വെള്ള ത്തിൽ വളരെ ചെറിയതും തിളങ്ങുന്നതുമായ ഒരു മത്സ്യക്കുട്ടിയെ ശഫരീരൂപത്തിൽ (ഭഗവതത്തിൽ ശഫരി എന്ന വാക്കാണ്. അത് സ്ത്രീ ലിംഗപദമാണ്) കണ്ടു.

മൂലം – 3

ക്ഷിപ്തം ജലേ ത്വാം ചകിതം വിലോക്യ
നിന്യേ ƒംബുപാത്രേണ മുനിഃ സ്വഗേഹം
സ്വല്പൈരഹോഭിഃ കലശീം ച കൂപം
വാപീം സരശ്ചാനശിഷേ വിഭോ!, ത്വം.

ഭാഷ

അർപ്പിച്ചു വീണ്ടും പുഴയിലപ്പോൾ മത്സ്യ-
ക്കുഞ്ഞു ഭയന്നതു കണ്ടു രാജൻ
അംബുപാത്രത്തിലെടുത്തു ഗൃഹത്തിലേ-
യ്ക്കങ്ങു വളർന്നു പൊടുന്നനവെ,
ആദ്യം കുടം, കിണർ, പിന്നെക്കുളത്തിലും
വൻതടാകത്തിലുമായ് നിറഞ്ഞു.

അർത്ഥം : രാജർഷി അതിനെ തിരിച്ച് പുഴയിലിട്ടപ്പോൾ അത് ഭയന്ന തായി കണ്ടു. തന്റെ കമണ്ഡലുവിലെടുത്ത് ഗൃഹത്തിൽ കൊണ്ടുപോയി ആശ്ചര്യം! ആ മത്സ്യക്കുഞ്ഞ് അതിവേഗം വളർന്നു. ആദ്യം കുടത്തിലും, പിന്നെ കിണറ്റിലും, കുളത്തിലും, വളരെ വലിയ തടാകത്തിലുമിട്ടിട്ടും അവയെ നിറച്ച്, അതിക്രമിച്ച്, വിപുലശരീരമായി വളർന്നുവന്നു.

മൂലം – 4

യോഗപ്രഭാവാദ് ഭവദാജ്ഞയൈവ
നീതസ്തതസ്ത്വം മുനിനാ പയോധിം
പൃഷ്ടോƒമുനാ കല്പദിദൃക്ഷുമേനം
സപ്താഹമാസ്വേതി വദന്നയാസീഃ.

ഭാഷ

രാജർഷി തന്നുടെയോഗപ്രഭാവത്താൽ
ആഴിയിലേക്കു നയിച്ചുനിന്നെ
നിന്നാജ്ഞയാലോ; പ്രളയത്തെ കാണുവാൻ
സപ്താഹം കാക്കുവാൻ നീയുരച്ചു.

അർത്ഥം : അവിടുത്തെ ആജ്ഞപ്രകാരം രാജർഷി തന്റെ യോഗപ്രഭാവത്താൽ മത്സ്യത്തെ കടലിൽ കൊണ്ടുപോയിട്ടു. കല്പാന്തപ്രളയം കാണാനാശിച്ച അവനോട് ഏഴുദിനം കാക്കാൻ മത്സ്യമൂർത്തി അരുളിച്ചെയ്തു.

മൂലം – 5

പ്രാപ്തേ ത്വദുക്തേ/ഹനി വാരിധാരാ-
പരിപ്ലുതേ ഭൂമിതലേ മുനീന്ദ്രഃ
സപ്തർഷിഭിഃ സാർദ്ധമപാരവാരി-
ണ്യുദ്ഘൂർണ്ണമാനഃ ശരണം യയൗ ത്വാം.

ഭാഷ

ഏഴുദിനംകൊണ്ട് ഭൂതലം മുങ്ങുന്ന
മാമഴയോടെ പ്രളയമായി
രാജർഷി സപ്തർഷിമാരൊത്തപാരമാ
വാരിയിൽ ചുറ്റിത്തിരിയുകയായ്

അർത്ഥം : ഏഴുദിനംകൊണ്ട് കനത്ത മഴ പെയ്ത് ഭൂമി പ്രളയജലത്തിൽ മുങ്ങി. രാജർഷിയായ മനുവും സപ്തർഷിമാരും കരകാണാത്ത ആ ജലത്തിൽ ചുറ്റിത്തിരിഞ്ഞ് വിഷ്ണുവിനെ അഭയംപ്രാപിച്ചു.

മൂലം – 6

ധരാം ത്വദാദേശകരീമവാപ്താം
നൗരൂപിണീമാരുരുഹുസ്തദാ തേ
തത്കമ്പകമ്പ്രേഷു ച തേഷു ഭൂയ-
സ്ത്വമംബുധേരാവിരഭൂർമ്മഹീയാൻ.

ഭാഷ

നിന്നാജ്ഞപാലിച്ചു, നൗരൂപിണീധരാ
തന്നിൽക്കേറിനാർ മാമുനിമാർ
വഞ്ചിതൻ കമ്പനത്താൽവിറയ്ക്കെ, മത്സ്യ-
മൂർത്തിയായ് വീണ്ടുമാവിർഭവിച്ചു

അർത്ഥം : അവിടുത്തെ ആജ്ഞ പാലിച്ച് മഹർഷിമാർ, നൗകാരൂപത്തിലെത്തിയ ഭൂമിയിൽ കയറി. ആ വഞ്ചി ഇളകിക്കളിക്കുന്നതുകണ്ട് ഭയപ്പെട്ടു വിറച്ചപ്പോൾ, മത്സ്യമൂർത്തി വീണ്ടും പ്രത്യക്ഷമായി.

മൂലം – 7

ഝഷാകൃതിം യോജനലക്ഷദീർഘാം
ദധാനമുച്ചൈസ്തരതേജസം ത്വാം
നിരീക്ഷ്യ തുഷ്ടാ മുനയസ്ത്വദുക്ത്യാ
ത്വത്തുംഗശൃംഗേ തരണിം ബബന്ധുഃ.

ഭാഷ

യോജന ലക്ഷദീർഘം മഹാതേജസ്വീ
മത്സ്യം കണ്ടാനന്ദതുന്ദിലരായ്
ഉത്തുംഗ ശൃംഗത്തിൽ ഭൂമിയാം തോണിയെ
ക്കെട്ടിയുറപ്പിച്ചിതാജ്ഞപോലെ

അർത്ഥം : ഒരു ലക്ഷം യോജന നീളമുള്ള മഹാതേജസ്വിയായ രൂപം കണ്ട് രാജർഷിയും മുനിമാരും സന്തോഷിച്ചു. മത്സ്യമൂർത്തി ആജ്ഞാപിച്ച പ്രകാരം ഭൂമിയാകുന്ന തോണിയെ അതിന്റെ ഉയർന്ന കൊമ്പിന്മേൽ കെട്ടി ഉറപ്പിച്ചുനിർത്തി.

മൂലം – 8

ആകൃഷ്ടനൗകോ മുനിമണ്ഡലായ
പ്രദർശയൻ വിശ്വജഗദിഭാഗാൻ
സംസ്തൂയമാനോ നൃവരേണ തേന
ജ്ഞാനം പരം ചോപദിശന്നചാരീഃ.

ഭാഷ

നൗകവലിച്ചു ചരിച്ചു പ്രപഞ്ചത്തെ
കാണിച്ചു മാമുനിമാർക്കെല്ലാർക്കും
സത്യവ്രതന്റെ സ്തുതി സ്വീകരിച്ചിട്ടു
തത്ത്വജ്ഞാനോപദേശത്തെ നൽകി

അർത്ഥം : ഭൂമിയെ (തോണി) വലിച്ചുകൊണ്ട് (ഋഗ്വേദത്തിൽ പറയുന്ന) മത്സ്യമാർഗ്ഗത്തിലൂടെ ലോകം ചുറ്റിസഞ്ചരിച്ച് മുനിമാർക്ക് ലോകത്തിലെ സർവ്വഭാഗങ്ങളും കാണിച്ചുകൊടുത്തു. സത്യവ്രതന്റെ സ്തുതിയിൽ പ്രസന്നനായി, പരമമായ ആത്മതത്ത്വോപദേശം കൊടുത്തു.

മൂലം – 9

കല്പാവധൗ സപ്തമുനീൻ പുരോവത്
പ്രസ്ഥാപ്യ സത്യവ്രതഭൂമിപം തം
വൈവസ്വതാഖ്യം മനുമാദധാനഃ
ക്രോധാദ്ധയഗ്രീവമഭിദ്രുതോഽഭൂഃ.

ഭാഷ

കല്പാന്തത്തിൽ മുൻപോൽ സപ്തർഷി സ്ഥാപിച്ചു,
സത്യവ്രതനാകും ഭൂമിപനെ
വൈവസ്വത മനുവാക്കി; ഹയഗ്രീവ-
നോടടുത്തു വേദം വീണ്ടെടുക്കാൻ

അർത്ഥം : കല്പാന്ത പ്രളയം തീർന്നപ്പോൾ സപ്തർഷിമാരെ പഴയ സ്ഥാനത്തു തന്നെ ഉറപ്പിച്ചു. സത്യവ്രതനെ വൈവസ്വതമനുവാക്കി. വേദം വീണ്ടെടുക്കാൻ ഹയഗ്രീവന്റെ നേർക്കടുത്തു.

മൂലം - 10

സ്വതുംഗശൃംഗക്ഷതവക്ഷസം തം
നിപാത്യ ദൈത്യം നിഗമാൻ ഗൃഹീത്വാ
വിരിഞ്ചയേ പ്രീതഹൃദേ ദദാനഃ
പ്രഭഞ്ജനാഗാരപതേ പ്രപായാഃ.

ഭാഷ

ഏറെയുയർന്നതൻ കൊമ്പാൽ ഹയഗ്രീവ-
മാറിടം കുത്തിയവനെ വീഴ്ത്തി
വേദങ്ങളുദ്ധരിച്ചേകീ വിരിഞ്ചനു
മാധവാ, ദുഃഖങ്ങൾ തീർക്കേണമേ.

അർത്ഥം : ഉയർന്ന കൊമ്പുകൊണ്ട് മാറത്തു കുത്തി ഹയഗ്രീവനെ വീഴ്ത്തി, വേദം വീണ്ടെടുത്ത് ബ്രഹ്മാവിനു നൽകി ബ്രഹ്മാവിനെ ആനന്ദിപ്പിച്ച മാധവാ, ഗുരുവായൂരപ്പാ, എന്റെ ദുഃഖങ്ങളും തീർത്തു തന്ന് ആനന്ദിപ്പിക്കണേ.

O

ദശകം 33

അംബരീഷചരിതം

മൂലം - 1

വൈവസ്വതാഖ്യമനുപുത്രനഭാഗജാത-
നാഭാഗനാമകനരേന്ദ്രസുതോഽംബരീഷഃ
സപ്താർണവാവൃതമഹീദയിതോഽപി രേമേ
ത്വത്സംഗിഷു ത്വയി ച മഗ്നമനാഃ സദൈവ.

ഭാഷ

വൈവസ്വത പൗത്രൻ നാഭാഗനുണ്ടായി
അംബരീഷൻ മഹാചക്രവർത്തി
ഏഴാഴിചൂഴുമൂഴിക്കുനാഥൻ, നിന്നി-
ലോരോ നിമിഷവും മഗ്നചിത്തൻ

അർത്ഥം : വൈവസ്വത മനുപുത്രൻ നഭാഗൻ. നഭാഗപുത്രൻ നാഭാഗൻ - നാഭാഗപുത്രനായ അംബരീഷ ചക്രവർത്തി ഏഴാഴി ചൂഴുന്ന ഭൂമിക്കു മുഴുവൻ നാഥനാണെങ്കിലും അതിലൊന്നും ആസക്തി പൂണ്ടില്ല. ഓരോ നിമിഷവും അങ്ങയിൽ മഗ്നമായ ചിത്തത്തോടെ അവിടുത്തെ ഭക്തരുടെ സദ്സംഗത്തിൽ മാത്രം രമിച്ച് വാണു.

മൂലം – 2

തത്പ്രീതയേ സകലമേവ വിതന്വതോഽസ്യ
ഭക്ത്യൈവ ദേവ! നചിരാദഭൃഥാഃ പ്രസാദം;
യേനാസ്യ യാചനമൃതേപ്യഭിരക്ഷണാർത്ഥം
ചക്രം ഭവാൻ പ്രവിതതാര സഹസ്രധാരം.

ഭാഷ

എല്ലാം ഭവത്പ്രീതിയ്ക്കെന്നുചെയ്യും ഭക്തി-
യൊന്നാലവനിൽ പ്രസാദിച്ചു നീ
ചോദിക്കാതേകീ സംരക്ഷയ്ക്കായ് സുദർശന-
മായിരം പൊന്നരമുള്ള ചക്രം

അർത്ഥം : എല്ലാ കർമ്മവും ഭഗവദ്പ്രീതിക്കായി മാത്രം ചെയ്യുന്ന നിഷ്കാമഭക്തിയാൽ വിഷ്ണു അംബരീഷനിൽ പ്രസാദിച്ചു. അവൻ ചോദിക്കാതെത്തന്നെ ഒരായിരം പൊന്നരമുള്ള ദിവ്യസുദർശനത്തെ അവനെ സംരക്ഷിക്കാനായി നൽകി.

മൂലം – 3

സ ദ്വാദശീവ്രതമഥോ ഭവദർച്ചനാർത്ഥം
വർഷം ദധൗ മധുവനേ യമുനോപകണ്ഠേ
പത്ന്യാ സമം സുമനസാ മഹതീം വിതന്വൻ
പൂജാം, ദ്വിജേഷു വിസൃജൻ പശുഷഷ്ടികോടിം.

ഭാഷ

നിന്നർച്ചനയ്ക്കായ് യമുനാതടത്തിലെ
സുന്ദരകം മധുകാനനത്തിൽ
ആണ്ടൊന്നു ദ്വാദശീ സുവ്രതം പത്നിയൊ-
ത്താചരിച്ചു, പശുദാനമേകി
ആറുകോടിപ്പശുദാന ഹരിവാസ-
രവ്രത ശുദ്ധനായംബരീഷൻ.

അർത്ഥം : ഒരിക്കൽ ഒരു വർഷം മുഴുവൻ ഭഗവദർച്ചനയ്ക്കായി ഹരിവാസരമെന്ന ദ്വാദശീവ്രതം, സുമസ്സായ പത്നിയൊത്ത് അനുഷ്ഠിച്ച് ആറുകോടി പശുക്കളെ ബ്രാഹ്മണർക്ക് ദാനം ചെയ്ത് യമുനാതടത്തിലെ മധുവനത്തിൽ അംബരീഷൻ വ്രതശുദ്ധനായി വാണു.

മൂലം – 4

തത്രാഥ പാരണദിനേ ഭവദർച്ചനാന്തേ
ദുർവാസസാസ്യ മുനിനാ ഭവനം പ്രപേദേ;
ഭോക്തും വൃതശ്ച സ നൃപേണ പരാർത്തിശീലോ
മന്ദം ജഗാമ യമുനാം നിയമാൻ വിധാസ്യൻ.

ഭാഷ

പാരണനേരത്തു പൂജ കഴിഞ്ഞു, ദുർ-
വ്വാസമുനി വന്നതിഥിയായി
ഉണ്ണാൻ ക്ഷണിക്കെപ്പരാർത്തിശീലൻ കർമ്മം
ചെയ്യാൻ യമുനയിലേക്കു പോയി.

അർത്ഥം : ഒരു വർഷത്തെ വ്രതം കഴിഞ്ഞ് (പന്ത്രണ്ടാം മാസത്തെ കാർത്തിക ദ്വാദശി നാൾ) പാരണ നേരത്ത് വിഷ്ണുപൂജ കഴിഞ്ഞു. അപ്പോഴാണ് തുർവ്വശുരാജവംശത്തിന്റെ കുലഗുരുവായ ദുർവ്വാസാവ് കയറിവരുന്നത്. ബ്രാഹ്മണനായ അതിഥിയെ അംബരീഷൻ ഉണ്ണാൻ ക്ഷണിച്ചു. മറ്റുള്ളവരെ വിഷമിപ്പിക്കുക എന്നത് ശീലമാക്കിയ മുനി മദ്ധ്യാഹ്ന കർമ്മങ്ങൾ ചെയ്യാനെന്നും പറഞ്ഞ് യമുനാതീരത്തേയ്ക്ക് നടന്നു.

മൂലം – 5

രാജ്ഞാഥ പാരണമുഹൂർത്തസമാപ്തിഖേദാ-
വാരൈവ പാരണമകാരി ഭവത്പരേണ;
പ്രാപ്തോ മുനിസ്തദഥ ദിവ്യദൃശാ വിജാനൻ
ക്ഷിപ്യൻ ക്രുധോദ്ധൃതജടോ വിതതാന കൃത്യാം.

ഭാഷ

പാരണയ്ക്കുള്ള മുഹൂർത്തമായിട്ടുമാ
മാമുനി വന്നില്ല, ത്വത്പരനായ്
തുള്ളി ജലം മാത്രമാചമിച്ചു വ്രത-
ഭംഗം വരുത്താതെ യംബരീഷൻ
ദിവ്യദൃക്കാംമുനി കോപിച്ചു ശാസിച്ചു
കൃത്യയുണ്ടാക്കിജ്ജടയിൽ നിന്നും.

അർത്ഥം : പാരണാ മുഹൂർത്തമായിട്ടും മുനി വന്നില്ല. വ്രതഭംഗം വരാതിരിക്കാൻ ഒരു തുള്ളി വെള്ളം കുടിച്ച് രാജാവ് പാരണ വീട്ടി. ദിവ്യദൃക്കായ മുനി അതറിഞ്ഞ് കണക്കറ്റ് കോപിച്ച് ശകാരിച്ചു. ജട പറിച്ച് അതിൽ നിന്ന് 'കൃത്യ'യെ സൃഷ്ടിച്ചു വിട്ടു.

മൂലം – 6

കൃത്യാം ച താമസിധരാം ഭുവനം ദഹന്തീ-
മഗ്രേ*f*ഭിവീക്ഷ്യ നൃപതിർന പദാച്ചകമ്പേ!;
ത്വദ്ഭക്തബാധമഭിവീക്ഷ്യ സുദർശനം തേ
കൃത്യാനലം ശലഭയന്മുനിമന്വധാവീത്.

ഭാഷ

വാളെടുത്തീലോകമാകെ ദഹിപ്പിക്കാൻ
തീ തുപ്പി നിൽക്കുമവൾക്കു മുന്നിൽ
നിർഭയൻ നിന്നു നിരായുധൻ, ചക്രമോ
ഭക്തസംരക്ഷണത്തിന്നൊരുങ്ങി
അഗ്നിയിൽ പാറ്റപോൽ കൃത്യയെ-യാക്കീട്ടു
പിന്നാലെ പാഞ്ഞുമുനിയ്ക്കു നേരെ.

അർത്ഥം : വാൾ ഇളക്കി ലോകം ദഹിപ്പിക്കുമാറ് തീ തുപ്പി നിൽക്കുന്ന കൃത്യയെ കണ്ടിട്ടും നിരായുധനായി, നിർഭയനായി, രാജാവ് ഇളകാതെ നിന്നു. ഭക്തസംരക്ഷണത്തിനായി സുദർശനചക്രം കൃത്യയെ അഗ്നിയിൽ പാറ്റ പോലെയാക്കി. എന്നിട്ട് ദുർവ്വാസാവിന്റെ പിന്നാലെ ചെന്നു.

മൂലം – 7

ധാവന്നശേഷഭുവനേഷു ഭിയാ സ പശ്യൻ
വിശ്വത്ര ചക്രമപി തേ, ഗതവാൻ വിരിഞ്ചം;
കഃ കാലചക്രമതിലംഘയതീത്യപാസ്തഃ
ശർവം യയൗ, സ ച ഭവന്തമവന്ദതൈവ.

ഭാഷ

തൻ നേർക്കടുക്കുന്ന ചക്രത്തെക്കണ്ടിട്ടു
പേടിച്ചു പാഞ്ഞുത്രിലോകമാകെ
"ആർക്കാവും കാലചക്രത്തെ ലംഘിക്കുവാൻ"
ബ്രഹ്മാവു കൈമലർത്തീ, ശിവനോ
മിണ്ടാതെ വിഷ്ണുവെ വന്ദിക്കയായ് മുനി-
യെല്ലാരും കൈവിട്ടതായറിഞ്ഞു.

അർത്ഥം : തന്റെ നേരെ പാഞ്ഞടുക്കുന്ന ചക്രം കണ്ട് പേടിച്ച് മുനി മൂന്നു ലോകത്തിലും പാഞ്ഞു. ബ്രഹ്മാവ് കൈമലർത്തി. "ആർക്കാവും കാലചക്രത്തെ ലംഘിക്കാൻ" എന്നു പറഞ്ഞു. ശിവൻ ഒന്നും മിണ്ടാതെ വിഷ്ണുവെ വന്ദിച്ചു. എല്ലാവരും തന്നെ കൈവിട്ട സത്യം മുനി മനസ്സിലാക്കി.

മൂലം – 8

ഭൂയോ ഭവന്നിലയമേത്യ മുനിം നമന്തം
പ്രോചേ ഭവാ "നഹമൃഷേ! നനു ഭക്തദാസഃ;
ജ്ഞാനം തപശ്ച വിനയാന്വിതമേവ മാന്യം
യാഹ്യംബരീഷപദമേവ ഭജേ" ƒതി ഭൂമൻ!

ഭാഷ

വൈകുണ്ഠം പ്രാപിച്ചു തന്നെ നമിക്കുമ്പോൾ
"ഭക്തദാസൻ ഞാൻ, മുനേ, ശ്രവിയ്ക്കു
ജ്ഞാനം തപസ്സും വിനയമുണ്ടെങ്കിലേ
മാന്യമായ് തീരു, അറിഞ്ഞിടേണം
അംബരീഷന്റെ പദം മാത്രമാണിനി-
യങ്ങേയ്ക്കൊരാശ്രയം" ചൊല്ലി വിഷ്ണു

അർത്ഥം : വൈകുണ്ഠത്തിലെത്തി നമസ്ക്കരിക്കുന്ന മുനിയോട് വിഷ്ണു പറഞ്ഞു. "ഞാൻ ഭക്തദാസനാണ്. ജ്ഞാനവും തപസ്സും മാന്യമാകണമെങ്കിൽ വിനയത്തോടുകൂടി ചേരണം. ഇനി നിങ്ങൾക്ക്

ഒരേ ഒരാശ്രയം അംബരീഷന്റെ പാദമാണ്. അവിടെ ചെന്നു ശരണം പ്രാപിച്ചാൽ രക്ഷ കിട്ടും." –

മൂലം – 9

താവത് സമേത്യ മുനിനാ സ ഗൃഹീതപാദോ
രാജാഽപസൃത്യ ഭവദസ്ത്രമസാവനൗഷീത്
ചക്രേ ഗതേ മുനിരദാദഖിലാശിഷോഽസ്മൈ
ത്വദ്ഭക്തിമാഗസി കൃതേഽപി കൃപാം ച ശംസൻ.

ഭാഷ

തൻ കാലിൽ വീണ മുനിയിൽ നിന്നും വേഗം
മാറി നിന്നിട്ടപ്പോഴംബരീഷൻ
ചക്രായുധത്തെ സ്തുതിച്ചു, ചക്രം സ്വയം
പിൻവാങ്ങി, ദുർവ്വാസാവാശ്വസിച്ചു
അംബരീഷന്റെ കാരുണ്യവും, വിഷ്ണുവിൽ
ഭക്തിയും ശ്ലാഘിച്ചു ആശിസ്സേകി.

അർത്ഥം : മഹർഷി കാൽക്കൽ വീണപ്പോൾ അംബരീഷൻ ഒഴിഞ്ഞു മാറി. ചക്രായുധത്തെ സ്തുതിച്ചു. ചക്രം സ്വയം പിൻമാറി. ആശ്വസിച്ചു മുനി അംബരീഷന്റെ കാരുണ്യത്തേയും വിഷ്ണുഭക്തിയേയും പ്രശംസിച്ചു, അദ്ദേഹത്തിന് എല്ലാ നന്മയും ആശിസ്സും നേർന്നു.

മൂലം – 10

രാജാ പ്രതീക്ഷ്യ മുനിമേകസമാമനാശ്വാൻ
സംഭോജ്യ സാധു തമൃഷിം വിസൃജൻ പ്രസന്നം
ഭുക്ത്വാ സ്വയം ത്വയി തതോഽപി ദൃഢം രതോഽഭൂത്
സായുജ്യമാപ ച സ മാം പവനേശ! പായാഃ!

ഭാഷ

ഒറ്റ വർഷം കാത്തു ഒറ്റ വറ്റും തിന്നാ-
തൊറ്റ ജലത്തുള്ളി യാചമിച്ചു
പാരണവീട്ടി, മഹാമുനിയെയൂട്ടി-
യേറെ പ്രസന്നനായ് യാത്രയാക്കി
താനും ഭുജിച്ചു, പൂർവ്വാധിക ഭക്തനായ്
സായുജ്യം നേടിനാനന്ത്യകാലേ
ഭക്തരെ കാക്കും ഗുരുവായൂരപ്പാ നീ
ഭക്തയാമെന്നെ രക്ഷിക്കേണമെ.

അർത്ഥം : അംബരീഷൻ ഒരു വർഷം ഉപവാസത്തോടെ നിഷ്ഠയായി ദ്വാദശീവ്രതം നോറ്റു. ഒറ്റത്തുള്ളി വെള്ളത്താൽ പാരണ വീട്ടി. മഹാമുനിയോട് ക്ഷമ കാട്ടി, അദ്ദേഹത്തെ നന്നായി ഊട്ടി. പ്രസന്നനാക്കി യാത്രയയച്ചു. അതിനുശേഷം താനും ഭക്ഷണം കഴിച്ചു. സ്വതേ ഭക്താഗ്രണിയായ അദ്ദേഹം പൂർവ്വാധികം വിഷ്ണുഭക്തിയോടെ ഒടുവിൽ

വിഷ്ണുവിൽ സായൂജ്യമുക്തി നേടി. ഭക്തദാസനായി ഭക്തരെ പരിപാലിക്കുന്ന ഗുരുവായൂരപ്പാ, ഭക്തയായ ഈ ദാസിയേയും കാത്തു രക്ഷിക്കണേ.

O

ദശകം 34

ശ്രീരാമചരിതം

മൂലം – 1

ഗീർവാണൈരർത്ഥ്യമാനോ ദശമുഖനിധനം
കോസലേഷ്വൃശ്യശൃംഗേ
പുത്രീയാമിഷ്ടിമിഷ്ട്വാ ദദുഷി ദശരഥ-
ക്ഷ്മാഭൃതേ പായസാഗ്ര്യം
തദ്ഭുക്ത്യാ തത്പുരന്ധ്രീഷ്വഥ തിസൃഷു സമം
ജാതഗർഭാസു ജാതോ
രാമസ്ത്വം ലക്ഷ്മണേന സ്വയമഥ ഭരതേ-
നാപി ശത്രുഘ്നനാമ്നാ.

ഭാഷ

രാവണനിഗ്രഹത്തിനു ദേവാദികൾ
പ്രാർത്ഥിക്കയാൽ വിഷ്ണു കോസലത്തിൽ
ഋശ്യ ശൃംഗേഷ്ടിതൻ പായസം ഭക്ഷിച്ച-
യോദ്ധ്യാധിപ പത്നിമാർ വയറ്റിൽ
ശ്രീരാമലക്ഷ്മണന്മാരും ഭരതനും
ശത്രുഘ്നനായിട്ടവതരിച്ചു.

അർത്ഥം : രാവണ വധത്തിനു വേണ്ടി ദേവകൾ പ്രാർത്ഥിക്കയാൽ, വിഷ്ണു കോസലത്തിന്റെ അയോദ്ധ്യാധിപനായ ദശരഥന്റെ പത്നിമാരിൽ അവതരിച്ചു. ഋശ്യശൃംഗൻ യാഗാഗ്നിയിൽ നിന്നു നൽകിയ പായസം ഭക്ഷിച്ച അവരിൽ ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നനെന്നു നാൽവരായിട്ടാണ് അവതരിച്ചത്.

മൂലം – 2

കോദണ്ഡീ കൗശികസ്യ ക്രതുവരമവിതും
ലക്ഷ്മണേനാനുയാതോ
യാതോഽഭൂസ്താതവാചാ, മുനികഥിതമനു-
ദ്വന്ദ്വശാന്താധ്വഖേദഃ
നൃണാം ത്രാണായ ബാണൈർമുനിവചനബലാ-
ത്താടകാം പാടയിത്വാ
ലബ്ധ്വാസ്മാദസ്ത്രജാലം മുനിവനമഗമോ
ദേവ! സിദ്ധാശ്രമാഖ്യം.

ഭാഷ

കോദണ്ഡരാമനായ് കൗശികയാഗത്തെ
സോദരനൊത്തിട്ടു കാത്തിടുവാൻ
മാമുനിയോതിയ മന്ത്രം ഗ്രഹിച്ചു, ഗ്ര-
താടക തന്നെയും നിഗ്രഹിച്ചു.
ദിവ്യാസ്ത്രം നേടി, വിശ്വാമിത്രഗേഹമാം
സിദ്ധാശ്രമത്തിങ്കൽ വിശ്രമിച്ചു.

അർത്ഥം : വില്ലേന്തി, കോദണ്ഡ രാമനായി, ലക്ഷ്മണനോടൊപ്പം വിശ്വാമിത്ര യാഗം രക്ഷിക്കാൻ പുറപ്പെട്ടു. മുനി കൊടുത്ത ദിവ്യ മന്ത്രങ്ങൾ ഗ്രഹിച്ചു. താടകയെ വധിച്ചു. മുനിയിൽ നിന്ന് ദിവ്യാസ്ത്രങ്ങൾ നേടി, വിശ്വാമിത്ര ഗൃഹമായ സിദ്ധാശ്രമത്തിലെത്തി വിശ്രമിച്ചു.

മൂലം – 3

മാരീചം ദ്രാവയിത്വാ മഖശിരസി ശരൈ-
രന്യരക്ഷാംസി നിഘ്നൻ
കല്യാം കുർവന്നഹല്യാം പഥി പദരജസാ
പ്രാപ്യ വൈദേഹഗേഹം
ഭിന്ദാനശ്ചാന്ദ്രചൂഡം ധനുരവനിസുതാ-
മിന്ദിരാമേവ ലബ്ധ്വാ
രാജ്യം പ്രാതിഷ്ഠഥാസ്ത്വം ത്രിഭിരപി ച സമം
ഭ്രാതൃവീരൈസ്സദാരൈഃ.

ഭാഷ

മാരീചനെത്തുരത്തീട്ടു യാഗാരംഭേ
രാക്ഷസന്മാരെ വധിച്ചു രാമൻ
പാദധൂളിസ്പർശമൊന്നിനാൽക്കല്ലായ
ഗൗതമപത്നിക്കു മുക്തിയേകി
വൈദേഹ ഗേഹത്തിൽ ശൈവചാപം കുല-
ച്ചിന്ദിര സീതയെ വേട്ടുരാമൻ
ഭാര്യമാരൊത്ത ഭ്രാതാക്കൾ വീരരോടെ
വീണ്ടുമയോദ്ധ്യാപുരിയിലെത്തി.

അർത്ഥം : യാഗം തുടങ്ങുമ്പോൾ മുടക്കാൻ വന്ന മാരീചനെ ഓടിച്ച് മറ്റു രാക്ഷസരെ വധിച്ചു. പാദസ്പർശത്താൽ കല്ലായിക്കിടന്ന അഹല്യക്ക് മുക്തി നൽകി. വിദേഹപുരിയിൽ ശിവധനുസ്സൊടിച്ച് ലക്ഷ്മിയുടെ അവതാരമായ സീതയെ വേട്ടു. ഭാര്യമാരൊത്തു ഭ്രാതാക്കളോടെ (വീരന്മാരായ നാലുപേരും) അയോദ്ധ്യയിൽ തിരിച്ചെത്തി.

മൂലം – 4

ആരുന്ധാനേ രുഷാന്ധേ ഭൃഗുകുലതിലകേ
സംക്രമയ്യ സ്വതേജോ
യാതേ യാതോഽസ്യയോധ്യാം സുഖമിഹ നിവസൻ
കാന്തയാ കാന്തമൂർത്തേ!
ശത്രുഘ്നേനൈകദാഽഥോ ഗതവതി ഭരതേ
മാതുലസ്യാധിവാസം
താതാരബ്ധോഽഭിഷേകസ്തവ കില വിഹതഃ
കേകയാധീശപുത്ര്യാ.

ഭാഷ

മാർഗ്ഗം നിരോധിച്ച ഭാർഗ്ഗവരാമന്റെ
വൈഷ്ണവ തേജസ്സു സംക്രമിയ്ക്കേ
കാന്തമൂർത്തേ, കാന്തയൊത്തു പുരത്തിൽ നീ
ശാന്തനായ് വാണു, സീതാഭിരാമൻ.

ഏകദാ ശത്രുഘ്നനൊത്തു ഭരതനാ
കേകയ രാജ്യം ഗമിച്ച കാലം
കേകയ പുത്രി മുടക്കിയഭിരാമ-
രാജ പട്ടാഭിഷേകം മനോജ്ഞം.

അർത്ഥം : മാർഗ്ഗം തടഞ്ഞ പരശുരാമന്റെ വൈഷ്ണവ തേജസ്സ് ശ്രീരാമനിലേക്കു സംക്രമിച്ചു. കാന്തയോടൊത്ത് സീതാഭിരാമനായ കാന്തമൂർത്തി കൊട്ടാരത്തിൽ വാണു. ഭരതനും ശത്രുഘ്നനും കേകയത്തിൽ വിരുന്നു പോയ സമയത്ത് നിശ്ചയിക്കപ്പെട്ട ശ്രീരാമപട്ടാഭിഷേകം കൈകേയി മുടക്കി.

മൂലം – 5

താതോക്ത്യാ യാതുകാമോ വനമനുജവധൂ-
സംയുതശ്ചാപധാരഃ
പൗരാനാരുദ്ധ്യ മാർഗ്ഗേ ഗുഹനിലയഗത-
സ്ത്വം ജടാചീരധാരീ
നാവാ സന്തീര്യ ഗംഗാമധിപദവി പുന-
സ്തം ഭരദ്വാജമാരാ-
ന്നത്വാ തദ്വാക്യഹേതോരതിസുഖമവസ-
ശ്ചിത്രകൂടേ ഗിരീന്ദ്രേ.

ഭാഷ

താതോക്തി പാലിച്ചനുജനും സീതയു-
മായി, വില്ലേന്തി വനയാത്രയായ്
പിന്നിൽ വരുന്ന പൗരന്മാരെയും തട-
ഞ്ഞെത്തി ഗുഹന്റെ ഗൃഹത്തിൽ രാമൻ
ചീരം, ജട ധരിച്ചിട്ടു ഗംഗ കട-
ന്നെത്തി ഭരദ്വാജന്നാശ്രമത്തിൽ
മാമുനി വാക്യത്താൽ ചിത്രകൂടത്തിലെ
ദിവ്യാശ്രമത്തിൽ വസിച്ചു രാമൻ

അർത്ഥം : അച്ഛന്റെ വാക്കു പാലിക്കാൻ ലക്ഷ്മണനോടും സീതയോടുമൊപ്പം വനവാസത്തിനുപോയി. പിന്തുടർന്ന പൗരന്മാരെ മടക്കിയയച്ച് ഗുഹന്റെ വീട്ടിലെത്തി. ജടാവൽക്കല ധാരിയായി, ഗുഹന്റെ തോണിയിൽ ഗംഗ കടന്ന്, ഭരദ്വാജാശ്രമത്തിലെത്തി. ഭരദ്വാജൻ പറഞ്ഞതനുസരിച്ച് ചിത്രകൂടത്തിൽ ദിവ്യമായ പർണ്ണശാല കെട്ടി താമസിച്ചു.

മൂലം – 6

ശ്രുത്വാ പുത്രാർത്തിഖിന്നം ഖലു ഭരതമുഖാത്
സ്വർഗ്ഗയാതം സ്വതാതം
തപ്തോ ദത്വാംബു തസ്മൈ നിദധിഥ ഭരതേ
പാദുകാം മേദിനീഞ്ച
അത്രിം നത്വാഥ ഗത്വാ വനമതിവിപുലം
ദണ്ഡകം ചണ്ഡകായം
ഹത്വാ ദൈത്യം വിരാധം സുഗതിമകലയ-
ശ്ചാരു ഭോഃ! ശാരഭംഗീം.

ഭാഷ

അച്ഛന്റെ മൃത്യുവിൻ വാർത്ത ഭരതന്റെ
വാക്കാലറിഞ്ഞിട്ട് ശ്രാദ്ധമേകീ
പാദുകം മേദിനിയൊത്തേകി; അത്രിതൻ
കാൽതൊട്ടു വന്ദിച്ചു; ദണ്ഡകത്തിൽ
ചണ്ഡകായൻ വിരാധനു നൽകി മുക്തി
ശാരഭംഗന്റെ യാഹൂതി കണ്ടു.

അർത്ഥം : അച്ഛൾ മരിച്ച വാർത്ത ഭരതനിൽ നിന്നറിഞ്ഞ്, ശ്രാദ്ധോദകം അർപ്പിച്ചു. ഭരതന് രാജ്യം മെതിയടിയോടൊപ്പം നൽകി. അത്രിയെ നമസ്കരിച്ചു. ദണ്ഡകാരണ്യത്തിൽ ചണ്ഡകായനായ വിരാധന് മുക്തി കൊടുത്തു. ശരഭംഗമുനി യോഗാഗ്നിയിൽ സ്വയം ആഹൂതി ചെയ്യുന്നതിന് സാക്ഷ്യം വഹിച്ചു.

മൂലം – 7

നത്വാഗസ്ത്യം സമസ്താശരനികരസപ-
ത്രാകൃതിം താപസേഭ്യഃ
പ്രത്യശ്രൗഷീഃ പ്രിയൈഷീ തദനു ച മുനിനാ
വൈഷ്ണവേ ദിവ്യചാപേ
ബ്രഹ്മാസ്ത്രേ ചാപി ദത്തേ പഥി പിതൃസുഹൃദം
വീക്ഷ്യ ഭൂയോ ജടായും
മോദാദ് ഗോദാതടാന്തേ പരിരമസി പുരാ
പഞ്ചവട്യാം വധൂട്യാ.

ഭാഷ

ചെന്നു വണങ്ങിയഗസ്ത്യനെ, ത്താപസ–
ർക്കാനന്ദമേകാനരക്കവൃന്ദം
മുച്ചൂടുമേ മുടിച്ചീടുവാനായിട്ടു
സത്യപ്രതിജ്ഞയെടുത്തു ദേവൻ
വൈഷ്ണവ ചാപവും ബ്രഹ്മാസ്ത്രവും രാമ
നേകീട്ടഗസ്ത്യനനുഗ്രഹിച്ചു.
കണ്ടൂപിതൃസഖാവാകും ജടായുവെ
ഗോദാതടത്തിലണഞ്ഞു രാമൻ
പഞ്ചവടിയിലൊരാശ്രമം കെട്ടിട്ടു
സീതാസമേതം രമിച്ചു വാണു.

അർത്ഥം : അഗസ്ത്യനെ കണ്ടു വണങ്ങി, മുനിമാരെ സന്തോഷിപ്പിക്കാനായി രാക്ഷസവംശത്തെ നശിപ്പിക്കുമെന്ന് പ്രതിജ്ഞ എടുത്തു. അഗസ്ത്യൻ വൈഷ്ണവ ധനുസ്സും ബ്രഹ്മാസ്ത്രവും കൊടുത്തു. യാത്രാമദ്ധ്യേ അച്ഛന്റെ സുഹൃത്തായ ജടായുവിനെ കണ്ടു. ഗോദാവരീതീരത്ത് പഞ്ചവടിയിൽ പർണ്ണശാല കെട്ടി സീതയോടൊപ്പം സുഖമായി താമസിച്ചു.

മൂലം – 8

പ്രാപ്തായാഃ ശൂർപ്പണഖ്യാ മദനചലധൃതേ-
രർത്ഥനൈർനിസ്സഹാത്മാ
താം സൗമിത്രൗ വിസൃജ്യ പ്രബലതമരുഷാ
തേന നിർല്ലൂനനാസാം
ദൃഷ്ട്വൈനാം രുഷ്ടചിത്തം ഖരമഭിപതിതം
ദൂഷണഞ്ച ത്രിമൂർദ്ധം
വ്യാഹിംസീരാശരാനപ്യയുതസമധികാം-
സ്തത്ക്ഷണാദക്ഷതോഷ്മാ.

ഭാഷ

കാമാകുല ശൂർപ്പണേഖയെ സൗമിത്രി
ചാരത്തയച്ചു, സൗമിത്രിയപ്പോൾ
രാക്ഷസീ നാസിക ചെത്തി; ഖരദൂഷ-
ണാദി, ത്രിശിരസ്സരക്കരേയും
പത്തായിരം പേരെയൊറ്റ ക്ഷണത്തിലാ
മൃത്യു ഭവനത്തിലേക്കയച്ചു.

അർത്ഥം : കാമാകുലയായി വന്ന ശൂർപ്പണഖയെ ലക്ഷ്മണന്റെ അടുത്തേക്ക് അയച്ചു. ലക്ഷ്മണൻ അവളുടെ മൂക്ക് മുറിച്ചു. ഖരൻ, ത്രി ശിരസ്, ദൂഷണൻ എന്നിവരേയും പതിനായിരം രക്ഷസരേയും സഹോദരന്മാർ രണ്ടുപേരും ക്ഷണനേരംകൊണ്ട് കാലപുരിയ്ക്കയച്ചു.

മൂലം - 9

സോദര്യാപ്രോക്തവാർത്താവിവശ ദശമുഖാ-
ദിഷ്ടമാരീചമായാ-
സാരങ്ഗം സാരസാക്ഷ്യാ സ്പൃഹിതമനുഗതഃ
പ്രാവധീർ ബാണഘാതം
തന്മായാക്രന്ദനിര്യാപിതഭവദനുജാം
രാവണസ്താമഹാർഷീത്
തേനാർത്തോഽപി ത്വമന്തഃ കിമപി മുദമധാ-
സ്തദ്വധോപായലാഭാത്.

ഭാഷ

സോദരീ വാക്കു കേട്ടെത്തിയ രാവണൻ
മാരീചമായാമൃഗമയച്ചു
സീത മോഹിക്കയാൽ പിന്തുടർന്നു, രാമ-
നാ മൃഗത്തിൽ ബാണമെയ്തു വീഴ്ത്തി
രാമനാദത്തിൽ കരഞ്ഞു, സൗമിത്രിയെ
നിന്ദിച്ചു സീത പറഞ്ഞയച്ചു
രാവണൻ കട്ടതിലാർത്തനെന്നാകിലും
ജന്മസാഫല്യമായാശ്വസിച്ചു.

അർത്ഥം : സഹോദരിയുടെ വാക്കുകേട്ട് രാവണൻ മാരീചനെ മായാമൃഗരൂപത്തിൽ അയച്ചു. സീത മോഹിച്ചതിനാൽ, രാമൻ അതിനെ പിൻതുടർന്ന് അമ്പെയ്തു. രാമന്റെ ശബ്ദത്തിൽ കരഞ്ഞതു കേട്ട് പേടിച്ച സീത, ലക്ഷ്മണനെ അതിയായി നിന്ദിച്ച് പറഞ്ഞയച്ചു. സീതയെ രാവണൻ കട്ടതിൽ ദുഃഖിതനെങ്കിലും, രാവണവധത്തിനായി ജനിച്ച തന്റെ ജന്മം സഫലമാകാൻ പോകയാണെന്ന് രാമൻ ഉള്ളാലെ സന്തോഷിച്ചു.

മൂലം – 10

ഭൂയസ്തന്വീം വിചിന്വന്നഹൃത ദശമുഖ-
സ്ത്വദ്വധൂം മദ്വധേനേ-
ത്യുക്ത്വാ യാതേ ജടായൗ ദിവമഥ സുഹൃദഃ
പ്രാതനോഃ പ്രേതകാര്യം
ഗൃഹ്ണാനന്തം കബന്ധം ജഘ്നിഥ ശബരീം
പ്രാപ്യ പമ്പാതടേ ത്വം
സമ്പ്രാപ്തോ വാതസൂനും, ഭൃശമുദിതമനാഃ
പാഹി വാതാലയേശ!

ഭാഷ

സീതയെത്തേടവെ 'രാവണൻ കട്ടു' വെ-
ന്നോതി മരിച്ച ജടായുവിനായ്
ശ്രാദ്ധ ബലികർമ്മ മൂട്ടി, കബന്ധനെ
ക്കൊന്നു, ശബരിയെക്കണ്ടുരാമൻ
പമ്പാതടത്തിൽ ലഭിച്ച വാതാത്മജൻ
ശ്രീഹനുമാനാൽ മുദിതനായി
വാതാലയേശ, വാതാത്മജ വന്ദിത,
വാതം ഹരിച്ചു പാലിയ്ക്കയെന്നെ.

അർത്ഥം : സീതാന്വേഷണം ചെയ്യുമ്പോൾ, രാവണനാണ് കട്ടതെന്ന റിയിച്ച് ജടായു മരിച്ചു. ജടായുവിന്റെ അന്ത്യകർമ്മങ്ങൾ ചെയ്തു. കബന്ധനെ നിഗ്രഹിച്ചു. ശബരിയെ സന്ദർശിച്ചു. പമ്പാതടത്തിൽവെച്ച് ശ്രീരാമഭക്ത ഹനുമാനെ ലഭിച്ച് ഏറ്റവും സന്തോഷിച്ചു. വാതാത്മജനാൽ വന്ദിക്കപ്പെട്ട വാതാലയേശാ, എന്നെ വാതരോഗത്തിൽ നിന്ന് സംരക്ഷിക്കണേ.

O

ദശകം 35

ശ്രീരാമചരിതം (സുഗ്രീവസഖ്യം മുതൽ)

മൂലം – 1

നീതഃ സുഗ്രീവമൈത്രീം തദനു ഹനുമതാ
ദുന്ദുഭേഃ കായമുച്ചൈഃ
ക്ഷിപ്ത്വാംഗുഷ്ഠേന ഭൂയോ ലുലവിഥ യുഗപത്
പത്രിണാ സപ്തസാലാൻ
ഹത്വാ സുഗ്രീവഘാതോദ്യതമതുലബലം
ബാലിനം വ്യാജവൃത്ത്യാ
വർഷാവേലാമനൈഷീർവ്വിരഹതരളിത-
സ്ത്വം മതംഗാശ്രമാന്തേ.

ഭാഷ

സുഗ്രീവ സഖ്യത്തിനായിട്ടു ദുന്ദുഭീ-
ദേഹം പെരുവിരൽ കൊണ്ടു നീക്കി
ഒറ്റ ശ്ശരത്താലെ യേഴുസാലങ്ങളെ-
ഒപ്പം മുറിച്ചി, ട്ടൊളിഞ്ഞു നിന്നു
ബാലിയെ കൊന്നു, വിരഹിയായി മതം-
ഗാശ്രമത്തിൽ ചാതുർമാസ്യം വാണു.

അർത്ഥം : സുഗ്രീവനുമായി സഖ്യം ചെയ്യാൻ വേണ്ടി ദുന്ദുഭിയുടെ തല പെരുവിരൽ കൊണ്ടു ദൂരേയ്ക്കെറികയും, ഏഴു സാലവൃക്ഷങ്ങളെ ഒറ്റ ശരംകൊണ്ട് ഭേദിക്കയും ചെയ്തു. ബാലിസുഗ്രീവ യുദ്ധവേളയിൽ ഒളിഞ്ഞുനിന്ന് അമ്പെയ്ത് ബാലിയെ വധിച്ചു. സീതാവിരഹ ദുഃഖത്തോടെ മതംഗാശ്രമത്തിൽ നാലു മാസത്തെ വർഷക്കാലം കഴിച്ചുകൂട്ടി.

മൂലം – 2

സുഗ്രീവേണാനുജോക്ത്യാ സഭയമഭിയതാ
വ്യൂഹിതാം വാഹിനീം താ-
മൃക്ഷാണാം വീക്ഷ്യ ദിക്ഷു ദ്രുതമഥ ദയിതാ-
മാർഗ്ഗണായാവനമ്രാം
സന്ദേശം ചാംഗുലീയം പവനസുതകരേ
പ്രാദിശോ മോദശാലീ
മാർഗ്ഗേ മാർഗ്ഗേ മമാർഗ്ഗേ കപിഭിരപി തദാ
ത്വത്പ്രിയാ സപ്രയാസൈഃ.

ഭാഷ

ലക്ഷ്മണവാക്യം ഭയന്നിട്ടു സുഗ്രീവൻ
വാനര സൈന്യം വിളിച്ചുകൂട്ടി
സർവ്വദിക്കും സീതാന്വേഷണത്തിനെത്തും
വൻപട കണ്ടിട്ടു സന്തോഷിച്ചു
മോതിരം ഗൂഢ സന്ദേശവും ശ്രീഹനു-
മാനോടു ചൊല്ലിയയച്ചു രാമൻ

അർത്ഥം : മഴക്കാലം കഴിഞ്ഞിട്ടും സുഗ്രീവൻ വാക്കു പാലിക്കുന്നില്ലെന്ന് കണ്ട് ലക്ഷ്മണൻ ക്രുദ്ധനായി കിഷ്കിന്ധയിലെത്തി. ലക്ഷ്മണവാക്യം കേട്ടു പേടിച്ച് സുഗ്രീവൻ ഉടനെ വാനരപ്പടയെ വിളിച്ചുകൂട്ടി. നാലു ദിക്കിലേക്കും സീതാന്വേഷണത്തിനു പോകാൻ തയ്യാറായി നിൽക്കുന്ന ആ വലിയ സൈന്യം കണ്ട് രാമൻ സന്തുഷ്ടനായി. മുദ്രാമോതിരം ഹനുമാന്റെ കയ്യിൽ കൊടുത്ത് സീതയോടു പറയാനുള്ള രഹസ്യസന്ദേശവും ഹനുമാനോട് പറഞ്ഞ് അവരെ സീതാന്വേഷണത്തിനയച്ചു.

മൂലം - 3

ത്വദ്വാർത്താകർണ്ണനോദ്യദ്ഗരുദുരുജവസ-
മ്പാതിസമ്പാതിവാക്യ-
പ്രോത്തീർണ്ണാർണ്ണോധിരന്തർന്നഗരി ജനകജാം
വീക്ഷ്യ ദത്വാംഗുലീയം
പ്രക്ഷുദ്യോദ്യാനമക്ഷക്ഷപണചണരണഃ
സോഢബന്ധോ ദശാസ്യം
ദൃഷ്ട്വാ പ്ലുഷ്ട്വാ ച ലങ്കാം ഝടിതി സ ഹനുമാൻ
മൗലിരത്നം ദദൗ തേ.

ഭാഷ

ആഴിതീരത്തു ശ്രീരാമകഥ കേട്ടു
പത്രം മുളച്ച സമ്പാതിയപ്പോൾ
കാണിച്ചു സ്ഥാനം, ഹനുമാൻ കടൽ ചാടി
ലങ്കയിൽ കണ്ടു ജനകജയെ
അംഗുലീയം നൽകി, ഉദ്യാനവും തക-
ർത്തക്ഷകുമാരനെത്തച്ചരച്ചു
ബ്രഹ്മാസ്ത്രബന്ധിതൻ കണ്ടു ദശാസ്യനെ
ലങ്കാദഹനം കഴിച്ചു വീരൻ
വേഗം തിരിച്ചെത്തി ചൂഡാമണി നൽകി
രാമനു ചിത്തം കുളിരുവാനായ്

അർത്ഥം : സമുദ്രതീരത്ത് വാനരന്മാർ പാടിയ രാമകഥകേട്ട് കരിഞ്ഞ ചിറക് വീണ്ടും മുളച്ച സമ്പാതി സീത ഇരിക്കുന്ന സ്ഥാനം പറഞ്ഞു കൊടുത്തു. ഹനുമാൻ കടൽ ചാടി ലങ്കയിലെത്തി. അശോകവനത്തിൽ സീതയെ കണ്ടു. അശോകവനം നശിപ്പിക്കുക, അക്ഷകുമാരനെ വധി

ക്കുക, ബ്രഹ്മാസ്ത്രബന്ധിതനായി രാവണ സഭയിലെത്തി രാവണനെ കാണുക. വാലിലെ അഗ്നിയാൽ ലങ്ക ദഹിപ്പിക്കുക മുതലായ കർമ്മങ്ങൾക്കുശേഷം അതിവേഗം തിരിച്ചെത്തി, സീത നൽകിയ ചൂഡാമണി രാമനു കൊടുത്ത് രാമനെ സന്തുഷ്ടനാക്കി.

മൂലം - 4

ത്വം സുഗ്രീവാംഗദാദിപ്രബലകപിചമൂ-
ചക്രവിക്രാന്തഭൂമീ-
ചക്രോഽഭിക്രമ്യ പാരേജലധി നിശിചരേ-
ന്ദ്രാനുജാശ്രീയമാണഃ
തത്പ്രോക്താം ശത്രുവാർത്താം രഹസി നിശമയൻ
പ്രാർത്ഥനാപാർത്ഥ്യരോഷ-
പ്രാസ്താഗ്നേയാസ്ത്രതേജസ്ത്രസദുദധിഗിരാ
ലബ്ധവാൻ മദ്ധ്യമാർഗ്ഗം.

ഭാഷ

സുഗ്രീവനംഗദ വാനര ശ്രേഷ്ഠരോ-
ടൊത്തു പടയുമായ് യാത്രചെയ്തു
ആഴിതീരത്തിൽ വിഭീഷണസഖ്യം ചെ-
യ്താ ശത്രുവാർത്ത ശ്രവിച്ച ശേഷം
മാർഗ്ഗം തരാത്ത വരുണന്മേലാഗ്നേയ-
മസ്ത്രം തൊടുത്തു ഭയപ്പെടുത്തി.
വന്നു നമിച്ച വരുണൻ ചിറകെട്ടാ-
നന്നു കൊടുത്തിതു മദ്ധ്യമാർഗ്ഗം.

അർത്ഥം : സുഗ്രീവൻ, അംഗദൻ മുതലായ വാനരശ്രേഷ്ഠന്മാരും വമ്പിച്ച പടയുമായി യാത്രചെയ്ത് കടൽതീരത്തെത്തി. അവിടെവെച്ച് വിഭീഷണൻ ശരണം പ്രാപിച്ചു. അവന് അഭയം നൽകി സഖ്യം ചെയ്തു. രാവണനെക്കുറിച്ച എല്ലാ വാർത്തകളും വിഭീഷണനിൽ നിന്ന് അറിഞ്ഞു. കടൽ തനിയ്ക്ക് മാർഗ്ഗം തരാത്തതുകൊണ്ട് ആഗ്നേയാസ്ത്രം തൊടുത്തപ്പോൾ വരുണൻ ഭയപ്പെട്ടു വന്ന് നമസ്ക്കരിച്ച് കടലിന്റെ മദ്ധ്യമാർഗ്ഗത്തിലൂടെ ചിറകെട്ടി കടന്നുകൊള്ളുവാൻ അനുവദിച്ചു.

മൂലം - 5

കീശൈരാശാന്തരോപാഹൃതഗിരിനികരൈഃ
സേതുമാധാപ്യ യാതോ
യാതൂന്യാമർദ്യ ദംഷ്ട്രാനഖശിഖരിശിലാ-
സാലശസ്ത്രൈഃ സ്വസൈന്യൈഃ
വ്യാകുർവ്വൻ സാനുജസ്ത്വം സമരഭുവി പരം
വിക്രമം ശക്രജേത്രാ
വേഗാന്നാഗാസ്ത്രബദ്ധഃ പതഗപതിഗരു-
ന്മാരുതൈർമ്മോചിതോഽഭൂഃ

ഭാഷ

വാനരർ പാറയാൽ തീർത്ത നളസേതു
താണ്ടി ലങ്കാപുരിയെത്തി രാമൻ
പല്ലും നഖവും മരങ്ങളും കല്ലുംകൊ-
ണ്ടല്ലോ നിൻ സൈന്യം നടത്തി യുദ്ധം
നാഗാസ്ത്രം കൊണ്ടിന്ദ്രജിത്തു ബന്ധിച്ചിതു
രാമനേയും തന്നനുജനേയും
പക്ഷീന്ദ്ര പക്ഷക്കാറ്റേറ്റഴിഞ്ഞൂനാഗ-
മുത്തേജിതാംഗരായ് രണ്ടുപേരും

അർത്ഥം : വാനരന്മാർ പാറകൊണ്ടു തീർത്ത നളസേതു താണ്ടി ലങ്കയിലെത്തി. വാനരസൈന്യം പല്ലും കല്ലും നഖവും മരവുംകൊണ്ട് രാക്ഷസരോട് യുദ്ധം ചെയ്തു. ഇന്ദ്രജിത്ത് നാഗാസ്ത്രം കൊണ്ട് രാമലക്ഷ്ണന്മാരെ കെട്ടിയിട്ടപ്പോൾ ഗരുഡൻ പറന്നെത്തി. അവന്റെ ചിറകിന്റെ കാറ്റു തട്ടി നാഗക്കെട്ട് അഴിഞ്ഞു. രണ്ടു സഹോദരന്മാരും വീണ്ടും ഉണർന്നെണീറ്റു.

മൂലം - 6

സൌമിത്രിസ്ത്വത്ര ശക്തിപ്രഹൃതിഗളദസുർ-
വാതജാനീതശൈല-
ഘ്രാണാത് പ്രാണാനുപേതോ വ്യകൃണുത കുസൃതി
ശ്ലാഘിനം മേഘനാദം
മായാക്ഷോഭേഷു വൈഭീഷണവചനഹൃത-
സ്തംഭനഃ കുംഭകർണ്ണം
സമ്പ്രാപ്തം കമ്പിതോർവ്വീതലമഖിലചമൂ-
ഭക്ഷിണം വ്യക്ഷിണോസ്ത്വം.

ഭാഷ

വേലേറ്റു ജീവൻ വെടിഞ്ഞ സൗമിത്രിയെ
മാരുതിയൗഷധ പർവ്വതത്താൽ
പ്രാണൻ തിരിച്ചേകി, യമ്മഹാ യുദ്ധത്തിൽ
മായാവിയിന്ദ്രജിത്തെ വധിച്ചു.
രാക്ഷസമായാവിക്ഷോഭം വിഭീഷണ
വാക്കാൽ ശമിച്ച ശ്രീരാമദേവൻ
സൈന്യത്തെ ഭക്ഷിക്കും കുംഭകർണ്ണന്നന്ത്യ-
യാത്ര നൽകുന്നു തന്നസ്ത്രങ്ങളാൽ

അർത്ഥം : ഇന്ദ്രജിത്തിന്റെ വേലേറ്റു മരിച്ച ലക്ഷ്മണനെ മൃതസഞ്ജീവനിയോടുകൂടിയ ഔഷധപർവ്വതം പുഴക്കികൊണ്ടുവന്ന് ഹനുമാൻ പുനരുജ്ജീവിപ്പിച്ചു. രാക്ഷസമായയാൽ ക്ഷോഭിച്ച ശ്രീരാമനെ വിഭിഷണൻ തന്റെ വാക്കുകൊണ്ട് ശാന്തനാക്കി. സൈന്യങ്ങളെ കൂട്ടത്തോടെ പിടിച്ചു തിന്നുന്ന ഭീമകായനായ കുംഭകർണ്ണനെ രാമൻ വധിച്ചു.

മൂലം – 7

ഗൃഹ്ണൻ ജംഭാരിസമ്പ്രേഷിതരഥകവചൌ
രാവണേനാഭിയുദ്ധ്യൻ
ബ്രഹ്മാസ്ത്രേണാസ്യ ഭിന്ദൻ ഗളതതിമബലാ-
മഗ്നിശുദ്ധാം പ്രഗൃഹ്ണൻ
ദേവശ്രേണീവരോജ്ജീവിതസമരമൃതൈ-
രക്ഷതൈരൃക്ഷസംഘൈർ-
ലങ്കാഭർത്ത്രാ ച സാകം നിജനഗരമഗാഃ
സപ്രിയഃ പുഷ്പകേണ.

ഭാഷ

ദേവേന്ദ്രൻ തന്നരഥകവചത്തോടെ
രാവണനോടുഗ്രയുദ്ധം ചെയ്തു
ബ്രഹ്മാസ്ത്രംകൊണ്ടു മുറിച്ചു തലപത്തും,
അഗ്നിവിശുദ്ധയെ സ്വീകരിച്ചു,
ദേവവരത്താൽ മരിച്ചു ജീവിച്ചതാം
വാനരർ, സോദരൻ, സീതയുമായ്
പുഷ്പകത്തിൽ ലങ്കാരാജാവുമൊന്നിച്ചു
സസ്പൃഹം തൻ നാട്ടിലേക്കു പോന്നു.

അർത്ഥം : രാമൻ ദേവേന്ദ്രൻ കൊടുത്ത തേരും കവചവും ധരിച്ച് രാവണനോട് യുദ്ധം ചെയ്ത് ബ്രഹ്മാസ്ത്രത്താൽ അവന്റെ 10 തലയും അറുത്തു. അഗ്നിപരീക്ഷയിൽ ശുദ്ധയായ സീതയെ സ്വീകരിച്ചു. യുദ്ധത്തിൽ മരിച്ചിട്ടും ദേവാനുഗ്രഹത്താൽ ജീവിച്ചു വന്ന വാനരപ്പടയോടും ലക്ഷ്മണനോടും സീതയോടും വിഭീഷണനോടുമൊപ്പം പുഷ്പക വിമാനത്തിൽ നാട്ടിലേക്കു യാത്ര തിരിച്ചു.

മൂലം – 8

പ്രീതോ ദിവ്യാഭിഷേകൈരയുതസമധികാൻ
വത്സരാൻ പര്യരംസീർ-
മൈഥില്യാം പാപവാചാ ശിവ ശിവ കില താം
ഗർഭിണീമഭ്യഹാസീഃ
ശത്രുഘ്നേനാർദ്ദയിത്വാ ലവണനിശിചരം
പ്രാർദ്ദയഃ ശൂദ്രപാശം
താവദ്വാല്മീകിഗേഹേ കൃതവസതിരുപാ-
സൂത സീതാ സുതൌ തേ.

ഭാഷ

ദിവ്യാഭിഷേകം കഴിഞ്ഞു പത്തായിരം
കൊല്ലം സുഖിച്ചു ഭരിച്ചു വാണു.
ഗർഭിണി സീതയെക്കഷ്ടം ശിവശിവ
ലോകാപവാദത്തിനായ് ത്യജിച്ചു

ശത്രുഘ്നനാലേ ലവണാസുരവധം
ധർമ്മത്തിനായി ശൂംബൂക മോക്ഷം
വാത്മീകി ഗേഹത്തിൽ സീത രണ്ടുണ്ണിയെ
രാമാത്മജന്മാരെപ്പെറ്റെടുത്തു.

അർത്ഥം : ശ്രീരാമ പട്ടാഭിഷേകം കഴിഞ്ഞു. പതിനായിരം വർഷം രാമൻ രാജ്യം ഭരിച്ചു. കഷ്ടം, ഗർഭിണിയായ സീതയെ ലോകാപവാദം ഭയന്ന് ഉപേക്ഷിച്ചു. ശത്രുഘ്നനെ അയച്ച് ലവണാസുരനെ കൊല്ലിച്ചു. അധർമ്മിയായ ശംബൂകന് മോക്ഷം നൽകി. അക്കാലത്ത് വാത്മീകിയുടെ ആശ്രമത്തിൽ സീത രണ്ട് ഉണ്ണികളെ പ്രസവിച്ചു.

മൂലം – 9

വാല്മീകേസ്ത്വത്സുതോദ്ഗാപിതമധുരകൃതേ-
രാജ്ഞയാ യജ്ഞവാടേ
സീതാം ത്വയ്യാപ്തുകാമേ ക്ഷിതിമവിശദസൌ,
ത്വം ച കാലാർത്ഥിതോഽഭൂഃ
ഹേതോഃ സൗമിത്രിഘാതീ സ്വയമഥ സരയൂ-
മഗ്നനിശ്ശേഷഭൃത്യൈഃ
സാകം നാകം പ്രയാതോ നിജപദമഗമോ
ദേവ! വൈകുണ്ഠമാദ്യം.

ഭാഷ

യജ്ഞത്തിൽ വാത്മീകി ശിഷ്യർ കുശീലവർ,
പാടുന്നിതാദ്യകാവ്യം മധുരം
വാത്മീകിവാക്കാലെ സീതയെക്കാണുവാ-
നാശിയ്ക്കെ ദേവീ ഭൂഗർഭം പൂകീ
കാലദേവൻ സ്വർഗ്ഗാരോഹണകാലമാ-
യോർമ്മിപ്പിക്കുന്നു, ശ്രീരാമദേവൻ
സൗമിത്രീത്യാഗം വധതുല്യം ചെയ്തു തൻ
ഭൃത്യരുമൊത്തു സരയുവികൽ
മുങ്ങി, നിജപദവൈകുണ്ഠ ലോകത്തിൽ
മംഗളരൂപനായ് വാണിടുന്നു.

അർത്ഥം : യജ്ഞവേളയിൽ വാത്മീകി ശിഷ്യരായ കുശനും ലവനും ആദികാവ്യമായ വാത്മീകി രാമായണം മധുരമായി ഗാനം ചെയ്തു. സീതയുടെ പരിശുദ്ധി വാത്മീകി വാക്യത്താലറിഞ്ഞ രാമൻ സീതയെ കാണാനും സ്വീകരിക്കാനും ആശിച്ചു. എന്നാൽ അതിനു കൂട്ടാക്കാതെ, സീതാദേവി ഭൂഗർഭം പിളർന്ന് അതിൽ അപ്രത്യക്ഷമായി. കാലദേവൻ വന്ന് സ്വർഗ്ഗാരോഹണ കാലമായെന്ന് രാമനെ ഓർമ്മിപ്പിച്ചു. അപ്പോൾ വധതുല്യമായ ലക്ഷ്മണ പരിത്യാഗം ചെയ്ത്, രാമൻ സപരിവാരം സരയൂ നദിയിൽ മുങ്ങി മരിച്ചു; വൈകുണ്ഠമെന്ന സ്വധാമത്തിൽ സ്വരൂപത്തിൽത്തന്നെ വാണു.

മൂലം – 10

സോഽയം മർത്ത്യാവതാരസ്തവ ഖലു നിയതം
മർത്ത്യശിക്ഷാർത്ഥമേവം
വിശ്ലേഷാർത്തിർന്നിരാഗസ്ത്യജനമപി ഭവേത്
കാമധർമ്മാതിസക്ത്യാ
നോ ചേത് സ്വാത്മാനുഭൂതേഃ ക്വ നു തവ മനസോ
വിക്രിയാ ചക്രപാണേ!
സ ത്വം സത്ത്വൈകമൂർത്തേ! പവനപുരപതേ!
വ്യാധുനു വ്യാധിതാപാൻ.

ഭാഷ

ഉത്തമപൂരുഷമർത്ത്യാവതാരത്തിൽ
മർത്ത്യർക്കു പാഠം കൊടുത്തു രാമൻ
പ്രേമത്തിന്നാസക്തിയാലും വിരഹം, ധ-
ർമ്മാസക്തിയാലും വിരഹദുഃഖം.
ചക്രം ധരിച്ച പരാത്മാവിൽ ആനന്ദ-
ബ്രഹ്മത്തിനുണ്ടോ വിരഹദുഃഖം!
നിർവ്വികാര, ശുദ്ധസത്വമൂർത്തേ, ഗുരു
വായു പുരേശ, ഹരിയ്ക്ക താപം.

അർത്ഥം : പ്രസിദ്ധമായ രാമാവതാരം ഉത്തമ പുരുഷന്റെ ലക്ഷണ മൊത്തതാണ്. ഈ അവതാരത്തിൽ മനുഷ്യരെ പഠിപ്പിച്ചത് എന്താണ്? പ്രേമാസക്തി കൂടിയാലും വിരഹദുഃഖം അനുഭവിക്കേണ്ടി വരും (സീതയെ രാവണൻ കട്ടപ്പോൾ അനുഭവിച്ചത്), ധർമ്മാസക്തി കൂടിയാലും വിരഹദുഃഖം അനുഭവിക്കേണ്ടിവരും. (സീതയെ കാട്ടിൽ ത്യജിക്കേണ്ടി വന്നപ്പോൾ അനുഭവിച്ചത്) അതിനാൽ ധർമ്മാർത്ഥ കാമങ്ങളിൽ ആർക്കായാലും ആസക്തി നല്ലതല്ല. ചക്രധാരിയായ പരമാത്മ പുരുഷന്റെ ബ്രഹ്മാനന്ദാനുഭൂതിയിലുണ്ടോ വിരഹദുഃഖം? (ഈ ദുഃഖം അവതാര പുരുഷൻ അനുഭവിച്ചത്, മനുഷ്യർക്ക് ഒരു പാഠം പഠിപ്പിക്കുവാൻ മാത്രമാണ്). നിർവ്വികാരനും ശുദ്ധസാത്വിക മൂർത്തിയുമായ ഗുരുവായൂരപ്പാ, എന്റെ രോഗക്ലേശങ്ങളും താപങ്ങളും ശമിപ്പിക്കണേ.

O

ദശകം 36

പരശുരാമചരിതം

മൂലം – 1

അത്രേഃ പുത്രതയാ പുരാ ത്വമനസൂയായാം
ഹി ദത്താഭിധോ
ജാതഃ ശിഷ്യനിബന്ധതന്ദ്രിതമനാഃ
സ്വസ്ഥശ്ചരൻ കാന്തയാ
ദൃഷ്ടോ ഭക്തതമേന ഹേഹയമഹീ-
പാലേന തസ്മൈ വരാ-
നഷ്ടൈശ്വര്യമുഖാൻ പ്രദായ ദദിഥ
സ്വേനൈവ ചാന്തേ വധം.

ഭാഷ

അത്രിയ്ക്കനസൂയാ പുത്രനായ് നീ പണ്ടു
ദത്തനാമത്തിലവതരിച്ചു.
സ്വസ്ഥനായ് കാന്താസമേതം നിവൃത്തിമാ-
ർഗ്ഗത്തിൽച്ചരിയ്ക്കുന്ന നിന്നെക്കാൺകെ
ഹേഹയ കാർത്തവീര്യൻ തൻ ഗുരുവാക്കാൻ
മോഹിച്ചു നീയാ വരം കൊടുത്തു.
അഷ്ടൈശ്വര്യങ്ങൾ, തൻ കയ്യാൽ മരണവും
പുത്രസുരക്ഷാവരവുമേകി.

അർത്ഥം : പണ്ട് അത്രിയ്ക്ക് അനസൂയയിൽ വിഷ്ണു ദത്താത്രേയ നായവതരിച്ചു. പത്നിയോടൊത്ത് സ്വസ്ഥനായി നിവൃത്തിമാർഗ്ഗത്തിൽ ചരിയ്ക്കുന്ന മുനിയെ ഹൈഹയ യാദവ വംശത്തിലെ കാർത്തവീര്യാ ർജുനൻ തന്റെ ഗുരുവായി വരിച്ചു. ആ മോഹം ദത്താത്രേയൻ സാധി പ്പിച്ചു കൊടുത്തു. മാത്രമല്ല, അവന് അഷ്ടൈശ്വര്യങ്ങളും, തന്റെ കയ്യാൽത്തന്നെ മരണവും, പുത്രന് (മൂഷക രാജവംശം) സുരക്ഷയും വരങ്ങളായി കൊടുത്തു.

മൂലം – 2

സത്യം കർത്തുമഥാർജ്ജുനസ്യ ച വരം
തച്ഛക്തിമാത്രാനതം
ബ്രഹ്മദ്വേഷി തദാഖിലം നൃപകുലം
ഹന്തും ച ഭൂമേർഭരം
സഞ്ജാതോ ജമദഗ്നിതോ ഭൃഗുകുലേ
ത്വം രേണുകായാം ഹരേ!,
രാമോ നാമ തദാത്മജേഷ്വവരജഃ
പിത്രോരധാഃ സമ്മദം.

ഭാഷ

ആ വരം സത്യമായ് തീരുവാനർജ്ജുന-
വീരപരാക്രമം കാരണമായ്
വേദബ്രഹ്മദ്വേഷിഭൂഭാരമേറ്റിടും
രാജവംശത്തെ ഹനിക്കാനായി
ജാമദഗ്ന്യൻ രേണുകാത്മജൻ രാമനായ്
ഭാർഗ്ഗവ വംശത്തിൽ വന്നുദിച്ചു.
ഏറ്റ മവരജനാകുന്ന രാമനിൽ
അമ്മയുമച്ഛനും പ്രീതിയാർന്നു.

അർത്ഥം : കൊടുത്ത വരം സത്യമായിത്തീരാൻ കാർത്ത വീര്യാർജ്ജനനെ വീരപരാക്രമിയാക്കി; അവന്റെ ശക്തിയിൽ സർവ്വ രാജാക്കന്മാരും അഹങ്കരിച്ച് വേദത്തേയും ബ്രഹ്മത്തേയും ധിക്കരിക്കുന്നവരായി മാറി. ഭൂമിക്ക് ഭാരമായ ആ ക്ഷത്രിയകുലത്തെ നശിപ്പിക്കാൻ ഭൃഗുവംശത്തിൽ ജമദഗ്നി മുനിക്ക് രേണുകയിൽ രാമൻ എന്നപേരോടെ അവതരിച്ചു. അവസാനത്തെ കുട്ടിയായ രാമനിൽ മാതാപിതാക്കൾക്ക് കൂടുതൽ സ്നേഹവാത്സല്യങ്ങളുണ്ടായി.

മൂലം – 3

ലബ്ധാമ്നായഗണശ്ചതുർദശവയാ
ഗന്ധർവ്വരാജേ മനാ-
ഗാസക്താം കില മാതരം പ്രതി പിതുഃ
ക്രോധാകുലസ്യാജ്ഞയാ
താതാജ്ഞാതിഗസോദരൈഃ സമമിമാം
ഛിത്വാഥ ശാന്താത് പിതു-
സ്തേഷാം ജീവനയോഗമാപിഥ വരം
മാതാ ച തേഽദാദ്വരാൻ.

ഭാഷ

വേദം പഠിച്ചു പതിനാലാണ്ടെത്തിയ
രാമൻ താതാജ്ഞയെ പാലിക്കാനായ്
ഗന്ധർവ്വലീലയിലാസക്തയമ്മയെ
കൊല്ലാൻ മടിച്ച തൻ ജ്യേഷ്ഠരൊപ്പം
കൊന്നിട്ട് ജീവനയോഗമവർക്കെല്ലാം
വാങ്ങീവരമായ് പിതാവിൽ നിന്നും.

അർത്ഥം : രാമൻ പതിനാലു വയസ്സിൽ തന്നെ സർവ്വവേദവും പഠിച്ചു തീർന്നു. അച്ഛന്റെ ആജ്ഞ പാലിക്കാൻ, ഗന്ധർവ്വ ലീലയിലാസക്തയായിപ്പോയ അമ്മയേയും അമ്മയെ കൊല്ലാൻ വിസമ്മതിച്ച ജ്യേഷ്ഠന്മാരെയും, കുട്ടിയായ രാമൻ വധിച്ചു. എന്നിട്ട് അച്ഛനോട് അവരെയെല്ലാം ജീവിപ്പിച്ചു തരാനുള്ള വരം വാങ്ങുകയും ചെയ്തു.

മൂലം – 4

പിത്രാ മാതൃമുദേ സ്തവാഹൃതവിയദ്ധേനോ-
ർന്നിജാദാശ്രമാത്
പ്രസ്ഥായാഥ ഭൃഗോർഗ്ഗിരാ ഹിമഗിരാ-
വാരാധ്യ ഗൗരീപതിം
ലബ്ധ്വാ തത്പരശും, തദുക്തദനുജ-
ച്ഛേദീ, മഹാസ്ത്രാദികം
പ്രാപ്തോ മിത്രമഥാകൃതവ്രണമുനിം
പ്രാപ്യാഗമഃ സ്വാശ്രമം.

ഭാഷ

അമ്മയ്ക്കു പ്രത്യേക പ്രീതി വളർത്തുവാ-
നച്ഛനാവാഹിച്ച കാമധേനു
ക്രീഡിയ്ക്കുമാശ്രമം വിട്ടു ഹിമാലയ-
ഭൂമിയിൽ ഗൗരീപതീ തപസ്സാൽ
വെണ്മഴു നേടിയസുര വധം ചെയ്തു
ദിവ്യാസ്ത്രമൊട്ടേറെ നൽകി ശർവ്വൻ
ചങ്ങാതിയാകുമകൃതവ്രണനുമൊ-
ത്താശ്രമം പൂകി പരശുരാമൻ

അർത്ഥം : അമ്മയ്ക്ക് സന്തോഷം കൊടുക്കാനായി അച്ഛൻ ആവാഹിച്ച കാമധേനു കളിച്ചു മേയുന്ന ആശ്രമം വിട്ട് രാമൻ ഹിമാലയത്തിലെത്തി. ശിവനെ തപം ചെയ്ത് ശിവന്റെ വെണ്മഴു നേടി. ശിവൻ പറഞ്ഞ അസുരനെ വധിച്ച്, ശിവനിൽ നിന്ന് ശിഷ്യത്വവും അനേക ദിവ്യാസ്ത്രാദി ആയുധങ്ങളും നേടി. അകൃതവ്രണ മുനി എന്ന ചങ്ങാതിയുമൊത്ത് സ്വന്തം ആശ്രമത്തിൽ മടങ്ങിയെത്തി.

മൂലം – 5

ആഖേടോപഗതോഽർജ്ജുനഃ സുരഗവീ-
സംപ്രാപ്തസംപദ്ഗണൈ-
സ്ത്വത്പിത്രാ പരിപൂജിതഃ പുരഗതോ
ദുർമ്മന്ത്രിവാചാ പുനഃ
ഗാം ക്രേതും സചിവം ന്യയുംക്ത കുധിയാ
തേനാപി രുന്ധൻ മുനി-
പ്രാണക്ഷേപസരോഷഗോഹതചമൂ-
ചക്രേണ വത്സോ ഹൃതഃ.

ഭാഷ

നായാട്ടിനെത്തിയ കാർത്ത വീര്യാർജ്ജുനൻ
സല്കാരമേറ്റു ജമദഗ്നിയാൽ
കാമധേനു സമ്പദ്സാരത്തിൽ രാജാവു
മോഹിച്ചു, വാങ്ങാനായാളെവിട്ടു
കിട്ടീല്ല, മന്ത്രിതൻ ദുർവ്വാക്കു കേട്ടിട്ടു
തട്ടിപ്പറിക്കാൻ പടയയച്ചു.
കൊന്നു മുനിയെ, ക്രുധിതസുരഭിയ-
ന്നുണ്ടാക്കി വമ്പിച്ച സൈന്യവ്യൂഹം
തോറ്റ ദുർമ്മന്ത്രിയാ രാത്രിയിൽ സൂത്രത്തിൽ
വത്സത്തെക്കട്ടു പുരംഗമിച്ചു.

അർത്ഥം : ഒരിക്കൽ നായാട്ടിനുപോയ കാർത്തവീര്യനെ ജമദഗ്നി കാമധേനു ഉണ്ടാക്കിയ വിഭവ സംഭാരങ്ങളാൽ നന്നായി സൽക്കരിച്ചു. ഇതുകണ്ട് മോഹിച്ച രാജാവ് പശുവിനെ വിലയ്ക്കു വാങ്ങാൻ ആളയച്ചു. കിട്ടില്ലെന്നുറപ്പായപ്പോൾ മന്ത്രിയുടെ ദുരുപദേശത്താൽ തട്ടിപ്പറിക്കാൻ സൈന്യമയച്ചു. അവർ ജമദഗ്നിയെ കൊല്ലുന്നത് കണ്ട് കോപിച്ച കാമധേനു വലിയൊരു സൈന്യമുണ്ടാക്കി രാജാവിന്റെ സൈന്യത്തെ തോല്പിച്ചോടിച്ചു. അന്നുരാത്രി മന്ത്രി കാമധേനുവിന്റെ പശുകുട്ടിയെ കട്ടുകൊണ്ടുപോയി.

മൂലം – 6

ശുക്രോജ്ജീവിതതാതവാക്യചലിത-
ക്രോധോഽഥ സഖ്യാ സമം
ബിഭ്രദ്ധ്യാതമഹോദരോപനിഹിതം
ചാപം കുഠാരം ശരാൻ
ആരൂഢഃ സഹവാഹയന്തൃകരഥം
മാഹിഷ്മതീമാവിശൻ
വാഗ്ഭിർവ്വത്സമദാശുഷി ക്ഷിതിപതൗ
സംപ്രാസ്തുഥാഃ സംഗരം.

ഭാഷ

ശുക്രനാൽ ജീവിതം നേടിയ താതങ്കൽ
നിന്നിക്കഥകേട്ടു ക്രോധമോടെ
ചങ്ങാതിയൊത്തു ധ്യാനിച്ചു, മഹോദരൻ
കൊണ്ടുവന്നസ്ത്രം, ധനു, മഴുവും
തേരിൽ സഖാവൊത്തു മാഹിഷ്മതിയെത്തി
വത്സത്തെയേകീല്ല ചക്രവർത്തി
ക്രോധിച്ച രാമൻ പരശുവോങ്ങി, ഘോര-
ഘോരമാം യുദ്ധവുമാരംഭിച്ചു.

അർത്ഥം : ശുക്രനാൽ പുനരുജ്ജീവിപ്പിച്ച അച്ഛനിൽ നിന്ന്, ഈ കഥ കേട്ട രാമൻ ക്രോധിച്ചു. ചങ്ങാതിയോടൊത്തു ധ്യാനിച്ച് ദിവ്യാസ്ത്ര

ങളും ധനുസ്സും വെണ്മഴുവും മഹോദരനെക്കൊണ്ട് വരുത്തിച്ചു. തേരിൽ കയറി മാഹിഷ്മതിയിലെത്തി. പലവട്ടം പറഞ്ഞിട്ടും രാജാവ് പശുക്കുട്ടിയെ തിരിച്ചുകൊടുക്കാൻ തയ്യാറായില്ല. അപ്പോൾ രാമൻ വെണ്മഴുവോങ്ങി – ഘോരയുദ്ധം ആരംഭിച്ചു.

മൂലം – 7

പുത്രാണാമയുതേന സപ്തദശഭി-
ശ്ചാക്ഷൌഹിണീഭിർമ്മഹാ-
സേനാനീഭിരനേകമിത്രനിവഹൈർ-
വ്യാജൃംഭിതായോധനഃ
സദ്യസ്ത്വത്കകുഠാരബാണവിദള-
ന്നിഃശേഷസൈന്യോത്കരോ
ഭീതിപ്രദ്രുതനഷ്ടശിഷ്ടതനയ-
സ്ത്വാമാപതദ്ധേഹയഃ

ഭാഷ

ഉണ്ടു പതിനായിരം മക്കൾ, വീരനാം
സേനാപതി, മിത്രവ്യൂഹമേറെ
അക്ഷൗഹിണിപ്പടയുണ്ടു പതിനേഴു
കാർത്തവീര്യൻ നിന്നെ വന്നെതിർത്തു
സർവ്വമതിവേഗം നിശ്ശേഷം ഭസ്മമായ്
സർവ്വേശ്വരാ നിന്റെ വെണ്മഴുവാൽ
മക്കൾ മരിച്ചതു മോടിപ്പോകുന്നതും
ക്രുദ്ധനായ് കണ്ടിതു കാർത്തവീര്യൻ

അർത്ഥം : കാർത്തവീര്യന്റെ പതിനായിരം മക്കളും സമർത്ഥനായ സേനാപതിയും, അനേകം സുഹൃദ്സമൂഹങ്ങളും, പതിനേഴ് അക്ഷൗഹിണിപ്പടയും സർവ്വേശ്വരാംശമായ രാമന്റെ വെണ്മഴുവാൽ ഭസ്മമായി – മക്കൾ മരിക്കുന്നതും ബാക്കി വന്നവർ ഓടിപ്പോകുന്നതും കണ്ട് ക്രുദ്ധനായി കാർത്തവീര്യാർജ്ജുനൻ പരശുരാമനോട് നേരിട്ടെതിർത്തു.

മൂലം – 8

ലീലാവാരിതനർമ്മദാജലവല
ല്ലങ്കേശഗർവ്വാപഹ-
ശ്രീമദ്ബാഹുസഹസ്രമുക്തബഹുശ
സ്ത്രാസ്ത്രംനിരുന്ധന്നമും
ചക്രേ ത്വയ്യഥ വൈഷ്ണവേ$\int$പി വിഫലേ
ബുധ്വാ ഹരിം ത്വാം മുദാ
ധ്യായന്തം ഛിതസർവ്വദോഷമവധീഃ
സോ$\int$ഗാത് പരം തേ പദം.

ഭാഷ

ലീലയാ നർമ്മദ വാരിചിറകെട്ടി
രാവണഗർവ്വത്തെയൊന്നൊടുക്കി
വീരങ്ങളായിരം കൈകളാൽ ദിവ്യാസ്ത്ര
മേറെ പ്രയോഗിക്കും മന്നവനെ
നീ തടഞ്ഞു; വൈഷ്ണവം ചക്രവും കൂടി
രാമനെ വന്നു വണങ്ങിനിൽക്കെ
ശ്രീഹരിസാക്ഷാലിതെന്നറിഞ്ഞു, ധ്യാന-
ലീനനായ് അർജ്ജുനൻ യുദ്ധമദ്ധ്യേ
ആയിരം കയ്യാകും ദോഷമറുത്തിട്ടാ
വീരനു വൈകുണ്ഠ ലോകമേകീ.

അർത്ഥം : നർമ്മദാ നദിയിൽ കളിയായിട്ട് തന്റെ ആയിരം കൈകളാൽ അണകെട്ടി രാവണന്റെ ഗർവ്വു തീർത്ത കാർത്തവീര്യൻ വീരങ്ങളായ ആ 1000 കയ്യുകളാൽ നിരവധി ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു. എല്ലാം പരശുരാമൻ തടഞ്ഞു. ഒടുവിൽ വൈഷ്ണവ ചക്രം പ്രയോഗിച്ചു. ചക്രം രാമനെ തൊഴുതു നിന്നു. ഇതു കണ്ടപ്പോൾ തന്റെ മുമ്പിൽ സാക്ഷാൽ ഹരിയാണ് എന്ന് മനസ്സിലാക്കിയ രാജാവ് വിഷ്ണു ധ്യാനം ചെയ്യാൻ തുടങ്ങി. അപ്പോൾ ആയിരം കൈകളോടൊപ്പം അവ ചെയ്ത കർമ്മ ദോഷങ്ങളേയും അറുത്തെടുത്ത്, ആ ധീരന് വൈകുണ്ഠപദം കൊടുത്തു.

മൂലം - 9

ഭൂയോഽമർഷിതഹേഹയാത്മജഗണൈ-
സ്താതേ ഹതേ രേണുകാ-
മാഘ്നാനാം ഹൃദയം നിരീക്ഷ്യ ബഹുശോ
ഘോരാം പ്രതിജ്ഞാം വഹൻ
ധ്യാനാനീതരഥായുധസ്ത്വമകൃഥാ
വിപ്രദ്രുഹഃ ക്ഷത്രിയാൻ
ദിക്ചക്രേഷു കുഠാരയൻ വിശിഖയൻ
നിഃക്ഷത്രിയാം മേദിനീം.

ഭാഷ

കോപിച്ച രാജപുത്രന്മാർ നിന്നച്ഛനെ
ക്കൊന്നതു കണ്ടിട്ടതിദാരുണം
നെഞ്ഞത്തടിച്ചു കരഞ്ഞിടുമമ്മയ്ക്കാ-
യന്നെടുത്തു ഘോരമാം പ്രതിജ്ഞ
ധ്യാനിച്ചു നേടിയ ദിവ്യാസ്ത്രമായിത്തേ-
രേറീട്ടു ദിക്കുവിദിക്കു ചുറ്റി
ക്ഷത്രിയ വംശവിഹീനമാക്കീ ഭൂമി
കെട്ടടങ്ങീ രാമനന്നു കോപം.

അർത്ഥം : കോപിച്ച രാജപുത്രന്മാർ പകപോക്കാൻ ആശ്രമത്തിലെത്തി ജമദഗ്നിയെ കൊന്നു. ദാരുണമായി നെഞ്ഞത്തടിച്ചു കരയുന്ന അമ്മയെ കണ്ട രാമൻ ഉഗ്രപ്രതിജ്ഞയെടുത്തു. ദിവ്യാസ്ത്രം ധ്യാനിച്ചു വരുത്തി തേരിൽ കയറി ദിക്കുവിദിക്കിലെല്ലാം ചുറ്റി ക്ഷത്രിയരെവധിച്ച് ഭൂമിയെ ക്ഷത്രിയരില്ലാത്തതാക്കി. അന്നേ രാമന്ന് കോപം ശമിച്ചുള്ളൂ.

മൂലം – 10

താതോജ്ജീവനകൃന്നൃപാലകകുലം
ത്രിഃസപ്തകൃത്വോ ജയൻ
സന്തർപ്യാഥ സമന്തപഞ്ചകമഹാ-
രക്തഹ്രദൌഘേ പിതൄൻ
യജ്ഞേ ക്ഷ്മാമപി കാശ്യപാദിഷു ദിശൻ
സാല്വേന യുദ്ധ്യൻ പുനഃ
കൃഷ്ണോഽമും നിഹനിഷ്യതീതി ശമിതോ
യുദ്ധാത് കുമാരൈർഭവാൻ.

ഭാഷ

അച്ഛനെജ്ജീവിപ്പിച്ചിട്ടു, നൃപകുലം
മൂവേഴുവട്ടം മുടിച്ചുരാമൻ
സ്യമന്തപഞ്ചകരക്തതീർത്ഥത്തിൽ ന-
ന്നായിപ്പിതൃതർപ്പണം നടത്തി
യജ്ഞത്തിൽ ഭൂമിയും സമ്പത്തും കാശ്യപ-
ന്നേകീട്ടു, സാല്വനോടേറ്റ നേരം
'കൃഷ്ണൻ വധിയ്ക്കുമിവനെ' കുമാരന്റെ
വാക്കിനാൽ യുദ്ധനിവൃത്തി ചെയ്തു.

അർത്ഥം : അച്ഛനെ വീണ്ടും ജീവിപ്പിച്ചു. രാജവംശത്തെ 21 വട്ടം നിശ്ശേഷം നശിപ്പിച്ച്. സ്യമന്തപഞ്ചകത്തിലെ രക്തതീർത്ഥത്തിൽ നന്നായി പിതൃതർപ്പണം ചെയ്തു. യാഗം ചെയ്ത് ഭൂമി മുഴുവനും സർവ്വ സമ്പത്തും കാശ്യപന് ദാനം ചെയ്തു. പിന്നീട് സാല്വനുമായി നേരിട്ടപ്പോൾ 'ഇവനെ കൃഷ്ണനാണ് വധിക്കുക" എന്ന സനത് കുമാരന്റെ പ്രവചന വാക്യം കേട്ട് യുദ്ധത്തിൽ നിന്നു വിരമിച്ചു.

മൂലം – 11

ന്യസ്യാസ്ത്രാണി മഹേന്ദ്രഭൂഭൃതി തപ-
സ്തന്വൻ പുനർമ്മജ്ജിതാം
ഗോകർണ്ണാവധി സാഗരേണ ധരണീം
ദൃഷ്ട്വാർത്ഥിതസ്താപസൈഃ
ധ്യാതേഷ്വാസധൃതാനലാസ്ത്രചകിതം
സിന്ധും സ്രുവക്ഷേപണാ-
ദുത്സാര്യോദ്ധൃതകേരളോ ഭൃഗുപതേ!
വാതേശ! സംരക്ഷ മാം.

ഭാഷ

ആയുധമൊക്കെ ത്യജിച്ചു മഹേന്ദ്രത്തിൽ
നീണ്ടനാൾ രാമൻ തപസ്സുചെയ്തു.
ഗോകർണ്ണത്തോളം കടലെടുക്കെ, ഭൂമി
താപസർക്കായിട്ടു വീണ്ടെടുത്തു.
ആഗ്നേയത്താലെ ഭയപ്പെട്ട സിന്ധുവെ
മാറ്റിയകലെ സ്രുവമെറിഞ്ഞു
ഉദ്ധരിച്ചു കേരളത്തിനെ വാതാല-
യേശ്വരാ, സംരക്ഷിക്കേണമെന്നെ.

അർത്ഥം : ആയുധങ്ങൾ ത്യജിച്ച് മഹേന്ദ്രപർവ്വതത്തിൽ ഏറെക്കാലം തപസ്സു ചെയ്തു. ഗോകർണ്ണം വരെയുള്ള ഭൂമിയെ കടലെടുത്തപ്പോൾ, താപസന്മാർക്കുവേണ്ടി ഭൂമിയെ വീണ്ടെടുത്തു. ധ്യാനിച്ചു വരുത്തിയ വില്ലിൽ ആഗ്നേയാസ്ത്രം തൊടുത്ത്, സമുദ്രത്തെ സ്രുവം എറിഞ്ഞ് അകലെ മാറ്റി, കേരളത്തെ ഉദ്ധരിച്ച ഗുരുവായൂരപ്പാ, എന്നെ സംരക്ഷിക്കണേ.

O

ദശകം 37

കൃഷ്ണാവതാരപ്രസ്താവം

മൂലം - 1

സാന്ദ്രാനന്ദതനോ! ഹരേ! നനു പുരാ
ദൈവാസുരേ സംഗരേ
ത്വത്കൃത്താ അപി കർമ്മശേഷവശതോ
യേ തേ ന യാതാ ഗതിം
തേഷാം ഭൂതലജന്മനാം ദിതിഭുവാം
ഭാരേണ ദൂരാർദ്ദിതാ
ഭൂമിഃ പ്രാപ വിരിഞ്ചമാശ്രിതപദം
ദേവൈഃ പുരൈവാഗതൈഃ.

ഭാഷ

സാന്ദ്രാനന്ദം രൂപമാർന്ന ഹരേ, പണ്ടു
ദേവാസുരപ്പോരിൽ ദാനവന്മാർ
കർമ്മങ്ങൾ ശേഷിയ്ക്കയാലേ, നിൻ കയ്യാലെ-
ക്കൊന്നിട്ടും മുക്തി പ്രാപിച്ചതില്ല.
ഭൂമിയിൽ വന്നു പിറന്നോരവരാലേ
ഭാരത്താൽ പീഢിതയായ ഭൂമി
ദേവഗണങ്ങളോടൊത്തു ബ്രഹ്മാവിന്റെ
പാദത്തിലാശ്രയം കേണിരന്നു.

അർത്ഥം : സാന്ദ്രമായ ആനന്ദം രൂപമാർന്ന ഹരേ ദേവാസുരയുദ്ധത്തിൽ അവിടുത്തെ കയ്യാൽ വധിക്കപ്പെട്ടിട്ടും കർമ്മങ്ങൾ ബാക്കി നില്ക്കയാൽ ദാനവന്മാർക്ക് മുക്തി കിട്ടിയില്ല. അവർ ഭൂമിയിൽ പുനർജ്ജനിക്കയാൽ അവരുടെ ഭാരത്താൽ ഭൂമി പീഢിതയായി. അവൾ ദേവന്മാരോടുകൂടി ബ്രഹ്മലോകത്തു ചെന്ന് ആശ്രയം അഭ്യർത്ഥിച്ചു.

മൂലം – 2

ഹാ ഹാ! ദുർജ്ജനഭൂരിഭാരമഥിതാം
പാഥോനിധൗ പാതുകാ-
മേതാം പാലയ; ഹന്ത! മേ വിവശതാം
സംപൃച്ഛ ദേവാനിമാൻ
ഇത്യാദിപ്രചുരപ്രലാപവിവശാ-
മാലോക്യ ധാതാ മഹീം
ദേവാനാം വദനാനി വീക്ഷ്യ പരിതോ
ദധ്യൗ ഭവന്തം ഹരേ!

ഭാഷ

'ദുർജ്ജ'ന ഭാരത്താലേറെ മഥിതയായ്
മജ്ജനമാഴിയിൽ ചെയ്യുംമുമ്പെ
കാക്കു വിവശയാമെന്നെയെന്നോതുന്ന
ഭൂമിയെ; ദേവരെക്കണ്ടു ബ്രഹ്മാ
സർവ്വാമയ ഹാരേ, ശ്രീഹരേ നിന്റെ തൃ-
പ്പാദവും ധ്യാനിച്ചിരുന്നിതല്പം.

അർത്ഥം : 'ദുജ്ജ'നങ്ങളുടെ ഭാരം താങ്ങാനാവാതെ ഞാൻ കടലിൽ മുങ്ങിത്താഴുന്നതിനു മുമ്പ് രക്ഷിക്കണേ' എന്നു കരയുന്ന ഭൂമിയേയും ദേവന്മാരെയും കണ്ട ബ്രഹ്മാവ്, സർവ്വാമയ ഹാരിയായ ഹരിപാദങ്ങളെ തെല്ലു നേരം ധ്യാനിച്ചു.

മൂലം – 3

ഊചേ ചാമ്ബുജഭൂരമൂ- "നയി സുരാഃ!
സത്യം ധരിത്ര്യാ വചോ
നന്വസ്യാ ഭവതാം ച രക്ഷണവിധൗ
ദക്ഷോ ഹി ലക്ഷ്മീപതിഃ
സർവ്വേ ശർവപുരഃസരാ വയമിതോ
ഗത്വാ പയോവാരിധിം
നത്വാ തം സ്തുമഹേ ജവാ"- ദിതി
യയുഃ സാകം തവാകേതനം.

ഭാഷ

"ഭൂമിതൻ വാക്കുപരമാർത്ഥം, ഭൂഭാരം
തീർത്തിട്ട് ദേവസംരക്ഷ ചെയ്യാൻ
ആകെയൊരാൾ മാത്രം വൈകുണ്ഠവാസിയാം
ശ്രീ ഹരി; ശർവ്വനുമൊത്തു നമ്മൾ
പാടി സ്തുതിച്ചു ചരണം നമിക്കണം
പാലിയ്ക്കും", ഓതിനാൻ പത്മജന്മാ.

അർത്ഥം : ഭൂമി പറഞ്ഞതു നേരാണ്. ഭൂഭാരം തീർത്ത് ദേവസംരക്ഷണം ചെയ്യാൻ ഒരാൾക്കേ കഴിയൂ. വൈകുണ്ഠ വാസിയായ ശ്രീ നാരായണനു മാത്രം. ശിവനേയും കൂട്ടി ഹരിയെ പാടിസ്തുതിച്ച് ഹരി പാദത്തിൽ വീണാൽ ആ സ്നേഹശീലൻ നമ്മെ രക്ഷിക്കുമെന്ന് ബ്രഹ്മാവ് പറഞ്ഞു.

മൂലം – 4

തേ മുഗ്ധാനിലശാലി ദുഗ്ദ്ധജലധേ-
സ്തീരം ഗതാഃ സംഗതാ
യാവത് ത്വത്പദചിന്തനൈകമനസ-
സ്താവത് സ പാഥോജഭൂഃ
ത്വദ്വാചം ഹൃദയേ നിശമ്യ സകലാ-
നാനന്ദയന്നൂചിവാ-
നാഖ്യാതഃ പരമാത്മനാ സ്വയമഹം
വാക്യം തദാകർണ്ണ്യതാം.

ഭാഷ

മുഗ്ദ്ധ മലയാനിലൻ വീശും പാലാഴി-
ത്തീരത്തിൽ നിൻപാദധ്യാനലീനൻ
നിൻവാക്കു ഹൃത്തിൽ ധരിച്ചു ബ്രഹ്മാവോതി
"കേട്ടു ഞാൻ വിഷ്ണു വാക്യം, കേൾക്കുവിൻ."

അർത്ഥം : മുഗ്ദ്ധ മലയാനിലൻ വീശുന്ന പാലാഴിക്കരയിൽ അവിടുത്തെ തൃപ്പാദം ഏകാഗ്രമായി ധ്യാനിക്കുന്ന ബ്രഹ്മാവിന്റെ ഹൃദയത്തിൽ വിഷ്ണുവിന്റെ വാണി ധ്വനിച്ചു. ദേവന്മാരെ ആനന്ദിപ്പിച്ചുകൊണ്ട് ബ്രഹ്മാവ് പറഞ്ഞു. "ഞാൻ വിഷ്ണുവാക്യം കേട്ടു. നിങ്ങൾ അത് കേൾക്കുവിൻ."

മൂലം – 5

ജാനേ ദീനദശാമഹം ദിവിഷദാം
ഭൂമേശ്ച ഭീമൈർനൃപൈ-
സ്തത്ക്ഷേപായ ഭവാമി യാദവകുലേ
സോഽഹം സമഗ്രാത്മനാ;

ദേവാ വൃഷ്ണികുലേ ഭവന്തു കലയാ
ദേവാംഗനാശ്ചാവനൗ
മത്സേവാർത്ഥമിതി ത്വദീയവചനം
പാഥോജഭൂരൂചിവാൻ.

ഭാഷ

ദേവർക്കും ഭൂമിയ്ക്കും ഭീതിയും ദുഃഖവും
ദീനദശയും നൃപന്മാർമൂലം.
യാദവവംശത്തിൽ പൂർണ്ണവതാരമായ്
ഞാൻ വരുമുന്മൂലനത്തിനായി
ദേവർ മുനിമാർ പിറക്കണം അംശമായ്
വൃഷ്ണിവംശത്തിലെൻ സേവനാർത്ഥം

അർത്ഥം : ദേവന്മാർക്കും ഭൂമിക്കും ഭയവും ദുഃഖവും ദൈന്യാവസ്ഥയുമുണ്ടായത്. രാജാക്കന്മാരായി പുനർജ്ജനിച്ച ദാനവർ മൂലമാണ്. അവരെ ഉന്മൂലനം ചെയ്യാൻ യാദവവംശത്തിൽ ഞാൻ പൂർണ്ണരൂപത്തിൽ അവതരിക്കും. ദേവന്മാരും മുനിമാരും വൃഷ്ണി വംശത്തിൽ അംശാവതാരമെടുത്ത് എന്റെ സേവനത്തിനായി ഒരുങ്ങിയിരിക്കണം.

മൂലം – 6

ശ്രുത്വാ കർണ്ണരസായനം തവ വചഃ
സർവ്വേഷു നിർവാപിത-
സ്വാന്തേഷ്വീശ! ഗതേഷു താവകകൃപാ-
പീയൂഷതൃപ്താത്മസു,
വിഖ്യാതേ മഥുരാപുരേ കില ഭവത്-
സാന്നിധ്യപുണ്യോത്തരേ
ധന്യാം ദേവകനന്ദനാമുദവഹ-
ദ്രാജാ സ ശൂരാത്മജഃ.

ഭാഷ

കർണ്ണാമൃതമീ രസായനവാണിയാൽ
കർണ്ണം മനവും കുളിർന്നെല്ലാർക്കും
പുണ്യപുരാണമഥുരാപുരിയിലെ
ശൂരാത്മജൻ വാസുദേവനന്നാൾ
ദേവകനന്ദിനി ദേവകിദേവിയെ-
പ്പാണിഗ്രഹണം കഴിക്കയായി.

അർത്ഥം : കർണ്ണാമൃതമായ ഈ രസായന വാണികേട്ട് മനസ്സും ചെവിയും കുളിർന്ന് എല്ലാവരും സ്വസ്ഥാനത്തേയ്ക്കുപോയി. അക്കാലത്ത് പുണ്യപുരാതനമായ മഥുരാപുരിയിൽ വെച്ച് ശൂരപുത്രനായ വസുദേവൻ ദേവകപുത്രി ദേവകിയെ പാണിഗ്രഹണം ചെയ്തു.

മൂലം - 7

ഉദ്വാഹാവസിതൗ തദീയസഹജഃ
കംസോ൭ഥ സമ്മാനയ-
ന്നേതൗ സൂതതയാ ഗതഃ പഥി രഥേ
വ്യോമോത്ഥയാ ത്വദ്ഗിരാ
അസ്യാസ്ത്വാമതിദുഷ്ടമഷ്ടമസുതോ
ഹന്തേതി ഹന്തേരിതഃ
സന്ത്രാസാത് സ തു ഹന്തുമന്തികഗതാം
തന്വീം കൃപാണീമധാത്.

ഭാഷ

ഭ്രാതാവുകംസനതിപ്രീതനായിട്ടു
സാരഥിയായി രഥം തെളിയ്ക്കെ
"ദുഷ്ട, നിന്നെക്കൊല്ലുമെട്ടാമൻ പുത്ര" നെ-
ന്നുണ്ടായശരീരി വാക്യമപ്പോൾ
പേടിച്ചരണ്ടതൻ സോദരിയെക്കൊല്ലാൻ
വാളെടുത്തോങ്ങീനൃശംസകംസൻ

അർത്ഥം : സഹോദരനായ കംസൻ സന്തോഷത്തോടെ സാരഥിയായി അവരുടെ രഥം തെളിയ്ക്കുമ്പോൾ അശരീരിവാക്യം കേട്ടു. "ദുഷ്ടാ, നിന്നെ, ഇവളുടെ എട്ടാമത്തെ പുത്രൻ കൊല്ലും" - ക്ഷോഭിച്ച കംസൻ പേടിച്ചരണ്ട സഹോദരിയെ കൊല്ലാൻ വാളോങ്ങി.

മൂലം - 8

ഗൃഹ്ണാനശ്ചികുരേഷു താം ഖലമതിഃ
ശൗരേശ്ചിരം സാന്ത്വനൈർ-
നോമുഞ്ചൻ പുനരാത്മജാർപണഗിരാ
പ്രീതോ൭ഥ യാതോ ഗൃഹാൻ;
ആദ്യം ത്വത്സഹജം തഥാർപ്പിതമപി
സ്നേഹേന നാഹന്നസൗ
ദുഷ്ടാനാമപി ദേവ! പുഷ്ടകരുണാ
ദൃഷ്ടാ ഹി ധീരേകദാ.

ഭാഷ

കുത്തിപ്പിടിച്ചു മുടി, യവൻ വിട്ടില്ല
ക്രുദ്ധൻ ശ്രവിച്ചില്ല ശൗരിവാക്യം
കുട്ടികളല്ലേ നിനക്കു ശത്രു, തരാം
മക്കളെയെന്നായി ശൂരപുത്രൻ
അർപ്പിതമാദ്യശിശുവിനെക്കൊന്നില്ല
കംസൻ സഹജയിൽ സ്നേഹവായ്പാൽ
ദുഷ്ടർക്കും കാരുണ്യബുദ്ധി കാണാം ചില
കാലത്തെന്നുണ്ടല്ലോ, ആപ്തവാക്യം

അർത്ഥം : ദേവകിയുടെ മുടി കുത്തിപ്പിടിച്ച് നിൽക്കുന്ന കംസൻ അവളെ വിട്ടില്ല. വസുദേവൻ പറഞ്ഞതൊന്നും ശ്രദ്ധിച്ചില്ല. ഒടുവിൽ കുട്ടികളാണല്ലൊ നിന്റെ ശത്രു, എല്ലാ കുട്ടികളേയും നിനക്കു തരാമെന്നായി വസുദേവൻ. ആദ്യത്തെ കുഞ്ഞിനെ കൊടുത്തപ്പോൾ കംസൻ സഹജയിലുള്ള സ്നേഹവായ്പാൽ അതിനെ കൊന്നില്ല. ദുഷ്ടന്മാർക്കും ചിലപ്പോൾ ചില കാലത്ത് കാരുണ്യബുദ്ധി കാണാമെന്ന് ചൊല്ലുണ്ടല്ലോ.

മൂലം – 9

താവത് ത്വന്മനസൈവ നാരദമുനിഃ
പ്രോചേ സ ഭോജേശ്വരം
യൂയം നന്വസുരാഃ, സുരാശ്ച യദവോ,
ജാനാസി കിം ന പ്രഭോ?
മായാവീ സ ഹരിർഭവദ്വധകൃതേ
ഭാവീ സുരപ്രാർത്ഥനാ-
ദിത്യാകർണ്യ യദൂനദൂധുനദസൗ
ശൗരേശ്ച സൂനൂനഹൻ!

ഭാഷ

നാരദർ ചൊന്നാ നസുരാംശമാണു നീ
യാദവരൊക്കെയും ദേവാംശങ്ങൾ
മായാവി വിഷ്ണുവവതരിക്കുന്നേരം
ബാലന്മാരൊക്കെയാ പക്ഷമാകും
യാദവരൊക്കെ തടവിലായ് ദേവകീ-
ബാലരെയൊക്കെയും കൊന്നു കംസൻ

അർത്ഥം : നാരദൻ വന്ന് കംസനോട് പറഞ്ഞു. നീ അസുരാംശമാണ്. യാദവർ ദേവാംശവും. വിഷ്ണു അവതരിക്കുമ്പോൾ ഈ കുട്ടികളെല്ലാം വിഷ്ണുപക്ഷം ചേരും.

ഇതുകേട്ട് യാദവരെ കംസൻ വിറപ്പിച്ചു. അവരെ തടവിലിട്ടു. ദേവകി പ്രസവിച്ച കുട്ടികളെയെല്ലാം വധിച്ചു.

മൂലം – 10

പ്രാപ്തേ സപ്തമ ഗർഭതാമഹിപതൗ
ത്വത്പ്രേരണാന്മായയാ
നീതേ മാധവ! രോഹിണീം, ത്വമപി ഭോഃ
സച്ചിത്സുഖൈകാത്മകഃ
ദേവക്യാ ജഠരം വിവേശിഥ വിഭോ!;
സംസ്തൂയമാനഃ സുരൈഃ
സ ത്വം കൃഷ്ണ! വിധൂയ രോഗപടലീം
ഭക്തിം പരാം ദേഹി മേ!

ഭാഷ

ഏഴാമതാംഗർഭമായിട്ടനന്താംശം
രോഹിണി ഗർഭത്തിലാക്കി മായ
എട്ടാമതായിനി, സച്ചിന്മയാത്മക
ദേവകീ ഗർഭത്തിലാവേശിച്ചു.
ദേവസ്തുതനാകും കൃഷ്ണാപരാഭക്തി
നൽകിയെന്നാമയം നീക്കിടേണം.

അർത്ഥം : ഏഴാമതായി അനന്താംശമാണ് ദേവകീ ഗർഭത്തിലുണ്ടാ യത്. മായ അതിനെ രോഹിണീ ഗർഭത്തിലാക്കി. എട്ടാമത് നീ ദേവകീ ഗർഭത്തിൽ പ്രവേശിച്ചു. സച്ചിദാനന്ദരൂപനായ ഗുരുവായൂരപ്പാ, ദേവന്മാ രാൽ സ്തുതിക്കപ്പെട്ട അവിടുന്ന് എനിക്ക് പരാഭക്തി തന്ന്, സകല ആമയങ്ങളും നീക്കി, രക്ഷിക്കണം.

O

ദശകം 38

ശ്രീകൃഷ്ണാവതാരം

മൂലം – 1

ആനന്ദരൂപ! ഭഗവന്നയി! തേവതാരേ
പ്രാപ്തേ പ്രദീപ്തഭവദംഗനിരീയമാണൈഃ
കാന്തിവ്രജൈരിവ ഘനാഘനമണ്ഡലൈർദ്യാ-
മാവൃണ്വതീ വിരുരുചേ കില വർഷവേലാ.

ഭാഷ

ആനന്ദരൂപനവതാര കാലമായ്
പ്രാവൃഡ്ഢം വന്നു; നഭസ്സിലാകെ
ശ്യാമമേഘങ്ങൾ നിറഞ്ഞുപ്രദീപ്തം നിൻ
മേനിതൻ കാന്തിപോലുജ്ജ്വലമായ്

അർത്ഥം : ആനന്ദരൂപാ, അവിടുത്തെ അവതാരകാലം വന്നു. വർഷ കാലവും വന്നു. അവിടുത്തെ ശരീരകാന്തിപോലെ ഉജ്ജ്വലമായി, തേജസ്സുപോലെ ദീപ്തമായി, കനത്ത ശ്യാമമേഘങ്ങൾ ആകാശത്തിൽ നിറഞ്ഞു.

മൂലം – 2

ആശാസു ശീതളതരാസു പയോദതോയൈ-
രാശാസിതാപ്തിവിവശേഷു ച സജ്ജനേഷു
നൈശാകരോദയവിധൗ നിശി മധ്യമായാം
ക്ലേശാപഹസ്ത്രിജഗതാം ത്വമിഹാഹരാസീഃ

ഭാഷ

ദിക്കു കുളിർത്തു മഴയാൽ, ജലം കണ്ടു
സജ്ജന ചിത്തങ്ങളാശ്വസിച്ചു
ചന്ദ്രനുദിച്ചു, ത്രൈലോക്യം കുളിർപ്പിക്കാ-
നർദ്ധരാത്രിക്കു നീയും പിറന്നു.

അർത്ഥം : നന്നായി മഴപെയ്തു ദിക്കുകളാകെ കുളിർത്തു. ജലം കണ്ട് സജ്ജന ചിത്തങ്ങൾക്ക് ആശ്വാസമായി. അർദ്ധരാത്രിയിൽ ചന്ദ്രനുദിച്ചു. മൂന്നു ലോകവും കുളിർപ്പിക്കാൻ അർദ്ധരാത്രിക്ക് നീയും അവതരിച്ചു.

മൂലം – 3

ബാല്യസ്പൃശാപി വപുഷാ ദധുഷാ വിഭൂതീ-
രുദ്യത്കിരീടകടകാംഗദഹാരഭാസാ
ശംഖാരിവാരിജഗദാപരിഭാസിതേന
മേഘാസിതേന പരിലേസിഥ സൂതിഗേഹേ.

ഭാഷ

ബാലരൂപം വിഭൂതീകരം സുന്ദരം
ഹാരകിരീടകടകധാരം
ശംഖചക്രം ഗദാപങ്കജകാന്തിയെ
എങ്ങും വിതറുന്ന നിൻസ്വരൂപം
മേഘശ്യാമം തിരുമേനിയാരാത്രിയിൽ
സൂതിഗേഹത്തിൽ പ്രഭ പരത്തി.

അർത്ഥം : സർവ്വൈശ്വര്യവും തികഞ്ഞ് കിരീടം, കടകം, ഹാരങ്ങൾ ഇവയുടെ കാന്തി കലർന്ന്, ശംഖചക്രങ്ങളും പത്മവും ഗദയും ധരിച്ച് മേഘശ്യാമളമായ നിന്റെ ബാലരൂപം സൂതിഗൃഹത്തിൽ (പ്രസവമുറി) എങ്ങും പ്രഭ പരത്തി.

മൂലം – 4

വക്ഷഃസ്ഥലീസുഖനിലീനവിലാസിലക്ഷ്മീ-
മന്ദാക്ഷലക്ഷിതകടാക്ഷവിമോക്ഷഭേദൈഃ
തന്മന്ദിരസ്യ ഖലകംസകൃതാമലക്ഷ്മീ-
മുന്മാർജ്ജയന്നിവ വിരേജിഥ വാസുദേവ!

ഭാഷ

വക്ഷസ്ഥലത്തിൽവിലീനയാം ലക്ഷ്മിതൻ
മന്ദാക്ഷ ലാസ്യകടാക്ഷത്താലേ
കംസഗൃഹത്തിലശ്രീ നീക്കി ശ്രീയേറും
ത്വത്സ്വരൂപം ചിത്രം കാമനീയം

അർത്ഥം : മാർത്തട്ടിൽ ലയിച്ചിരിക്കുന്ന മഹാലക്ഷ്മിയുടെ മനോഹരമായ കടാക്ഷങ്ങളാൽ, കംസന്റെ ഗൃഹത്തിലെ അശ്രീ നീക്കി, ശ്രീയെ പ്രതിഷ്ഠിക്കുന്ന അവിടുത്തെ രൂപം വിചിത്രവും കമനീയവുമാണ്.

മൂലം – 5

ശൗരിസ്തു ധീരമുനിമണ്ഡലചേതസോഽപി
ദൂരസ്ഥിതം വപുരുദീക്ഷ്യ നിജേക്ഷണാഭ്യാം
ആനന്ദബാഷ്പപുളകോദ്ഗമഗദ്ഗദാർദ്ര-
സ്തുഷ്ടാവ ദൃഷ്ടിമകരന്ദരസം ഭവന്തം.

ഭാഷ

ധീരമുനീന്ദ്രർ സമാധിയിൽക്കാണുവാൻ
മോഹിയ്ക്കും പൂവുടൽ; ധന്യനായി
ആനന്ദക്കണ്ണീർരോമാഞ്ചങ്ങളോടെ കൺ-
നേരിൽക്കണ്ടു വസുദേവരപ്പോൾ
കണ്ണിനു തേൻകുഴമ്പാകുമാരൂപത്തെ
ഗദ്ഗദത്തോടെ സ്തുതിച്ചുപാടി

അർത്ഥം : ധീരന്മാരായ മുനിമാർ സമാധിയിൽ കാണാൻ കൊതിച്ചിട്ടും സാധിക്കാത്ത നിന്റെ പൂവുടൽ കണ്ട് വസുദേവൻ ധന്യനായി - ആനന്ദക്കണ്ണീരോടെ, രോമാഞ്ചത്തോടെ ആ രൂപം കണ്ണു നിറയെ അദ്ദേഹം കണ്ടു. ഗദ്ഗദത്തോടെ തന്റെ കണ്ണിന് തേൻകുഴമ്പായ നിന്റെ സ്വരൂപത്തെ സ്തുതിച്ചു പാടി.

മൂലം – 6

ദേവ! പ്രസീദ പരപൂരുഷ! താപവല്ലീ-
നിർല്ലൂനിദാത്രസമനേത്രകലാവിലാസിൻ!
ഖേദാനപാകുരു കൃപാഗുരുഭിഃ കടാക്ഷൈ-
രിത്യാദി തേന മുദിതേന ചിരം നുതോഽഭൂഃ.

ഭാഷ

"ദേവപ്രസീദ, പരപൂരുഷ, താപ-
വല്ലിയെക്കൺവാളാൽ വെട്ടുന്നു നീ
നിൻ കരുണാമയ വീക്ഷണത്താലെന്റെ
ഖേദങ്ങളൊക്കെയുമിന്നകന്നു."

അർത്ഥം : "ദേവാ, പരമപുരുഷ, പ്രസാദിച്ചാലും." താപവള്ളികളെ നിന്റെ കടക്കണ്ണാകുന്ന വാളാൽ നീ ഛേദിച്ചുകളഞ്ഞു. അവിടുത്തെ കരുണാമയമായ നോട്ടത്താൽ എന്റെ സർവ്വദുഃഖവും അകന്നുകഴിഞ്ഞു."

മൂലം – 7

മാത്രാ ച നേത്രസലിലാസ്തൃതഗാത്രവല്യാ
സ്തോത്രൈരഭിഷ്ടുതഗുണഃ കരുണാലയസ്ത്വം
പ്രാചീനജന്മയുഗളം പ്രതിബോധ്യ താഭ്യാം
മാതുർഗിരാ ദധിഥ മാനുഷബാലവേഷം.

ഭാഷ

അമ്മ കഴുകിയാ പൊന്മേനി കണ്ണീരാൽ
സമ്മാനിതനായ് നീ സ്നേഹവായ്പാൽ
അമ്മയ്ക്കുമച്ഛനും രണ്ടുപൂർവ്വം ജന്മ-
സംസ്മൃതി വന്നു നിൻ കാരുണ്യത്താൽ
മാനുഷബാലകവേഷത്തിലമ്മതൻ
മാറിൽ മടിയിലും നീ കിടന്നു.

അർത്ഥം : കുഞ്ഞിന്റെ മേനി അമ്മ കണ്ണീരാൽ കഴുകി. ആ സ്നേഹത്താൽ അവിടുന്ന് സമ്മാനിതനായി – കാരുണ്യപൂർവ്വം അവിടുന്നു മാതാപിതാക്കൾക്ക് രണ്ടു പൂർവ്വജന്മങ്ങളിലെ ഓർമ്മ കൊടുത്തു. പിന്നെ, അമ്മയെ സംതൃപ്തയാക്കാൻ, മനുഷ്യക്കുട്ടിയുടെ വേഷത്തിൽ അവളുടെ മാറത്തും മടിയിലും കിടന്നു കളിച്ചു.

മൂലം – 8

ത്വത്പ്രേരിതസ്തദനു നന്ദതനൂജയാ തേ
വ്യത്യാസമാരചയിതും സ ഹി ശൂരസൂനുഃ
ത്വാം ഹസ്തയോരധൃത ചിത്തവിധാര്യമാര്യൈ-
രംഭോരുഹസ്ഥകളഹംസകിശോരരമ്യം.

ഭാഷ

നന്ദാത്മജയെയും കൊണ്ടുപോരാൻ ശൗരി
നിന്നെത്തൻ കയ്യിലെടുത്തു മന്ദം
യോഗീശ്വരർ ശുദ്ധചിത്തിൽ ധരിക്കുന്ന
നിന്നെക്കമലത്തിൽ ഹംസംപോലെ
കയ്യിൽധരിച്ചച്ഛൻ പോകാനൊരുങ്ങുന്നു
മായാ മയാ നിന്റെയിച്ഛയെല്ലാം.

അർത്ഥം : നന്ദഗോപന്റെ മകളെ കൊണ്ടുവരാനായി വസുദേവൻ നിന്നെ പതുക്കെ കയ്യിലെടുത്തു. യോഗീശ്വരന്മാർ പരിശുദ്ധ ചിത്തത്തിൽ ധരിക്കുന്ന അവിടത്തെ, താമരയിൽ ഹംസശിശുപോലെ അവൻ കയ്യിൽ ധരിച്ചു. മായാമയനായ അവിടുത്തെ ഇച്ഛയാണ് സർവ്വവും.

മൂലം – 9

ജാതാ തദാ പശുപസത്മനി യോഗനിദ്രാ
നിദ്രാവിമുദ്രിതമഥാകൃത പൗരലോകം
ത്വത്പ്രേരണാത് കിമിഹ ചിത്രമചേതനൈർ യദ്
ദ്വാരൈഃ സ്വയം വ്യഘടി സംഘടിതൈഃ സുഗാഢം.

ഭാഷ

അമ്പാടിതന്നിലവതരിച്ചീടിന
അമ്മഹാമായയാൽ പൗരലോകം
നിദ്രയിൽ മുങ്ങീ, യടച്ച കാരാഗൃഹ
വാതിലും താനെത്തുറന്നുപോയി-

അർത്ഥം : അമ്പാടിയിൽ പിറന്നുകഴിഞ്ഞ യോഗമായാവൈഭവത്താൽ ജനങ്ങളൊക്കെ ഉറക്കമായി. കാരാഗൃഹത്തിന്റെ അടച്ച വാതിലൊക്കെ താനേ തുറന്നു മലർന്നു.

മൂലം – 10

ശേഷേണ ഭൂരിഫണവാരിതവാരിണാ*f*ഥ
സൈ്വരം പ്രദർശിതപഥോ മണിദീപിതേന
ത്വാം ധാരയൻ സ ഖലു ധന്യതമഃ പ്രതസ്ഥേ
സോ*f*യം ത്വമീശ മമ നാശയ രോഗവേഗാൻ.

ഭാഷ

ശേഷഫണക്കുടക്കീഴിൽ, മണിദീപ-
ശോഭവഴി കാട്ടിനിൽക്കുന്നേരം
നീലയമുന വഴിമാറി, നിന്നാദ്യ
യാത്രയായ് നന്ദഗൃഹത്തിലെത്താൻ
ഈശ്വരാ വാതാലയേശായെൻ രോഗത്തിൻ
വേഗതയാറ്റിശ്ശമിപ്പിക്കണേ-

അർത്ഥം : സഹസ്രഫണനായ അനന്തൻ മഴ തട്ടാതിരിക്കാൻ കുട നീർത്തവെ, അവന്റെ ശിരസ്സിലെ രത്നങ്ങൾ ദീപപ്രഭകാട്ടി വഴി തെളിക്കവെ, നീലയമുന വഴിമാറിത്തരവേ, നന്ദഗൃഹത്തിലേക്കുള്ള ഭഗവാന്റെ ആദ്യയാത്ര തുടങ്ങി. ഈശ്വരാ, ഗുരുവായൂരപ്പാ, എന്റെ രോഗത്തിന്റെ ശക്തി വേഗം കുറച്ച് രോഗശാന്തി അരുളണേ.

O

ദശകം 39

യോഗമായാപ്രാദുർഭാവം

മൂലം – 1

ഭവന്തമയമുദ്വഹൻ യദുകുലോദ്വഹോ നിസ്സരൻ
ദദർശ ഗഗനോച്ചലജ്ജലഭരാം കളിന്ദാത്മജാം
അഹോ, സലിലസഞ്ചയഃ സ പുനരൈന്ദ്രജാലോദിതോ
ജലൗഘ ഇവ തത്ക്ഷണാത് പ്രപദമേയതാമായയൗ.

ഭാഷ

പേറീ ഭവാനെ യദുകുലജാതനാ
സാരഗർഭം യാത്രയാരംഭിയ്ക്കെ
കേറിപ്പെരുവെള്ളം കാളിന്ദിയിൽ, അതു
കേറിയില്ലാശ്ചര്യം പാദത്തിന്മേൽ!

അർത്ഥം : ഭഗവാനെ എടുത്ത് യദുകുലജാതനായ വസുദേവൻ തന്റെ

സാരഗർഭമായ, ചരിത്രം തിരുത്തിയെഴുതിയ, യാത്ര തുടങ്ങിയപ്പോൾ കാളിന്ദീ നദിയിൽ പെരുവെള്ളം കയറിയിരിക്കയാണ്. എന്നാൽ എന്താശ്ചര്യം! അത് അവിടത്തെ കാലടി തൊട്ടതല്ലാതെ, പാദത്തിനു മുകളിലേയ്ക്ക് ഉയർന്നതേയില്ല.

മൂലം – 2

പ്രസുപ്തപശുപാലികാം നിഭൃതമാരുദദ്ബാലികാ-
മപാവൃതകവാടികാം പശുപവാടികാമാവിശൻ
ഭവന്തമയമർപ്പയൻ പ്രസവതല്പകേ തത്പദാ-
ദ്വഹൻ കപടകന്യകാം സ്വപുരമാഗതോ വേഗതഃ

ഭാഷ

സുപ്തരെല്ലാരും; പെൺകുഞ്ഞു കരയുന്നു;
വാതിലെല്ലാമേ തുറന്നിരിപ്പൂ.
നന്ദവാടത്തിൽ പ്രസവതല്പേ മായാ-
കന്യയെക്കൊണ്ടവൻ പൂകി ഗേഹം.

അർത്ഥം : വസുദേവൻ നന്ദഗൃഹത്തിലെത്തുമ്പോൾ എല്ലാവരും നല്ല ഉറക്കമാണ്. അപ്പോൾ പിറന്ന പെൺകുഞ്ഞിന്റെ മൃദുവായ കരച്ചിൽ കേൾക്കാം. എല്ലാ വാതിലും തുറന്നു കിടക്കയാണ്. പ്രസവതല്പത്തിൽ ഉറങ്ങുന്ന യശോദയുടെ സമീപം കൃഷ്ണനെ കിടത്തി, പകരം യോഗമായാ കന്യയെ എടുത്ത് വസുദേവൻ മഥുരയ്ക്ക് മടങ്ങി.

മൂലം – 3

തദസ്ത്വ തനുജാരവക്ഷപിത നിദ്രാവേഗദ്രവദ്-
ഭടോത്കര നിവേദിത പ്രസവവാർത്തയൈവാർത്തിമാൻ
വിമുക്ത ചികുരോത് കരസ്ത്വരിനുമാപതൻ ഭോജരാ-
വാ തുഷ്ട ഇവ ദൃഷ്ടവാൻ ഭഗിനികാകരേ കന്യകാം

ഭാഷ

കുഞ്ഞിൻ കരച്ചിൽ കേട്ടിട്ട് ഭടർ ചെന്നു
ചൊല്ലി, പ്രസവമറിഞ്ഞ കംസൻ
ആർത്തനായ്, മുക്തചികുരനായ്, വേർപ്പണി-
ഞ്ഞെത്തി വിവശൻ കാരാഗൃഹത്തിൽ
സോദരി തൻ കയ്യിൽ പെൺകുഞ്ഞു കാണുന്നു
സ്തബ്ധനതുഷ്ടനായ് ഭോജരാജൻ.

അർത്ഥം : കുട്ടിയുടെ കരച്ചിൽ കേട്ട് ഉണർന്ന ഭടന്മാർ ചെന്ന് പ്രസവവാർത്ത അറിയിച്ചപ്പോൾ കംസൻ ആർത്തനായി, അഴിഞ്ഞ മുടി കെട്ടാതെ, വിയർപ്പണിഞ്ഞ് വിവശനായി കാരാഗൃഹത്തിലേക്ക് ഓടി വന്നു. സഹോദരിയുടെ കയ്യിൽ പെൺകുഞ്ഞിനെ കണ്ട് സ്തബ്ധനായി ഒട്ടും സന്തോഷമില്ലാത്തവനായി. (എട്ടാമത്തെ പുത്രൻ എന്ന അശരീരി

വാക്യം തെറ്റായ സ്ഥിതിക്ക് കൊല്ലുമെന്ന പ്രവചനവും തെറ്റായിത്തീക്കുമോ എന്ന് ഒരു നിമിഷം ചിന്തിച്ചതിനാലാണ് സ്തബ്ധനായതും സന്തോഷം പോയതും. അങ്ങനെയാണെങ്കിൽ നിഷ്ക്കരുണം ശിശുഹത്യ ചെയ്ത തന്റെ പാപഭാരം എത്രയെന്നും ഓർത്തിരിക്കാം.)

അടുത്ത നിമിഷം ആ വിചാരം പോയി എന്ന് നാലാം ശ്ലോകത്തിൽ കാണാം.

മൂലം - 4

'ധ്രുവം കപടശാലിനോ മധുഹരസ്യ മായാ ഭവേ-
ദസാ'വിതി കിശോരികാം ഭഗിനികാകരാലിംഗിതാം
ദ്വിപോ നളിനികാന്തരാദിവ മൃണാളികാമാക്ഷിപ-
ന്നയം ത്വദനുജാമജാമുപലപട്ടകേ പിഷ്ടവാൻ.

ഭാഷ

"മായാവിയാകും മധുഹരൻ തൻ മായ-
യായിടാ" മെന്നോർത്തജ, മായയെ
ആനയിളം താമരത്തണ്ടുപോലെടു-
ത്താഞ്ഞടിച്ചാൽ കടുംപാറതന്മേൽ

അർത്ഥം : 'ഇത് മായാവിയായ വിഷ്ണുവിന്റെ മായ'യാകാമെന്ന് അവൻ കരുതി, ജനനമില്ലാത്തവളായ ആ യോഗമായയെ കൊല്ലാനായി അവൻ കയ്യിലെടുത്തു. മദിച്ച ആന ഇളം താമരത്തണ്ടിനെ പറിച്ചെടുക്കും പോലെ സഹോദരിയുടെ മടിയിലിരിക്കുന്ന കുട്ടിയെ തട്ടിപ്പറിച്ചെടുത്ത് കഠിനമായ പാറക്കല്ലിന്മേൽ ആഞ്ഞടിച്ചു.

മൂലം - 5

തതോ ഭവദുപാസകോ ഝടിതി മൃത്യുപാശാദിവ
പ്രമുച്യ തരസൈവ സാ സമധിരൂഢരൂപാന്തരാ
അധസ്തലമജഗ്മുഷീ വികസദഷ്ടബാഹുസ്ഫുര-
ന്മഹായുധമഹോ ഗതാ കില വിഹായസാ ദിദ്യുതേ,

ഭാഷ

നിൻ ഭക്തൻ മൃത്യുപാശത്തിൽനിന്നെന്നപോൽ
കുട്ടിയാകാശത്തുയർന്നു നിന്നു
എട്ടു കരത്തിലും ദിവ്യായുധം മഹാ-
അട്ടഹാസം, ദേവീരൂപം ചിത്രം.

അർത്ഥം : അവിടുത്തെ ഭക്തൻ പെട്ടെന്ന് മൃത്യുപാശം വിടുവിച്ച് ഉയരുന്നപോലെ, ആ കൊച്ചുപെൺകുഞ്ഞ് കംസന്റെ പിടിവിട്ട് ആകാശത്തിൽ ഉയർന്നുനിന്ന് ആശ്ചര്യകരമായ തന്റെ സ്വരൂപം കാട്ടിക്കൊടുത്തു. എട്ടു കരങ്ങളിൽ ദിവ്യായുധം ധരിച്ച്, മഹാട്ടഹാസത്തോടെ ഉയർന്ന ആ ദേവീസ്വരൂപം അവർണ്ണനീയം!

മൂലം – 6

'നൃശംസതര!, കംസ!, തേ കിമു മയാ വിനിഷ്പിഷ്ടയാ
ബഭൂവ ഭവദന്തകഃ ക്വചന, ചിന്ത്യതാം തേ ഹിതം'
ഇതി ത്വദനുജാ വിഭോ ഖലമുദീര്യ തം ജഗ്മുഷീ
മരുദ്ഗണപണായിതാ ഭുവി ച മന്ദിരാണ്യേയുഷീ.

ഭാഷ

'കംസാ, നൃശംസാ, നിനക്കെന്തു കാര്യമെൻ
മൃത്യുവിൽ? അന്തകൻ വന്നു ഭൂവിൽ
ചെന്നു തിരഞ്ഞോളൂ", യെന്നവൾചെന്നേറി
നൂറ്റെട്ടു ദുർഗ്ഗാലയങ്ങളിലും
നാനാസ്വരൂപത്തിൽ നീളെ മരുദ്ഗണം
പാണി കൊട്ടിപ്പാടി സ്വീകരിച്ചു.

അർത്ഥം : "ദുഷ്ടനായ കംസാ, എന്നെ കൊന്നിട്ട് നിനക്കൊരു കാര്യവുമില്ല. നിന്റെ കാലൻ വന്നു കഴിഞ്ഞു. പോയി തിരഞ്ഞോ" എന്നു പറഞ്ഞ് അവൾ എല്ലാ ദുർഗ്ഗാലയങ്ങളിലും നാനാരൂപത്തിൽ നാമത്തിൽ ചെന്നു കയറി വസിച്ചു. ചെന്നിടത്തെല്ലാം മരുദ്ഗണങ്ങൾ അവളെ പാണി കൊട്ടിപ്പാടി സ്തുതിച്ച് സ്വീകരിച്ച് പൂജിച്ചിരുത്തി.

മൂലം – 7

പ്രഗേ പുനരഗാത്മജാവചനമീരിതാ ഭൂഭുജാ
പ്രലംബബകപൂതനാപ്രമുഖദാനവാ മാനിനഃ
ഭവന്നിധനകാമ്യയാ ജഗതി ബഭ്രമുർന്നിർഭയാഃ
കുമാരകവിമാരകാഃ, കിമിവ ദുഷ്കരം നിഷ്കൃപൈഃ.

ഭാഷ

ദേവീ വചനം കേട്ടിട്ടഭിമാനികൾ
പൂതനയും പ്രലംബൻ ബകനും
കാരുണ്യഹീനർ നിന്നെക്കൊല്ലാനായിട്ടു
നാലു ദിശയിലും സഞ്ചരിച്ചു
ഓരോ നവജാതക്കുഞ്ഞിനേയും കൊന്നു
ദുഷ്ടർക്കു ദുഷ്ക്കരമെന്തു പാരിൽ!

അർത്ഥം : ദേവിയുടെ വാക്ക് കേട്ടറിഞ്ഞ് പൂതന, പ്രലംബൻ, ബകൻ മുതലായവർ കംസന്റെ ഘാതകനായ നിന്നെ കൊല്ലാൻ എല്ലായിടവും സഞ്ചരിച്ചു. എല്ലാ നവജാത ശിശുക്കളേയും ആ കരുണയില്ലാത്തവർ കൊന്നൊടുക്കി. ദുഷ്ടന്മാർക്ക് എന്താണ് ചെയ്യാൻ പാടില്ലാത്തത്!!

മൂലം – 8

തതഃ പശുപമന്ദിരേ ത്വയി മുകുന്ദ!, നന്ദപ്രിയാ-
പ്രസൂതിശയനേശയേ രുവതി കിഞ്ചിദഞ്ചത്പദേ
വിബുദ്ധ്യ വനിതാജനൈസ്തനയസംഭവേ ഘോഷിതേ
മുദാ കിമു വദാമ്യഹോ, സകലമാകുലം ഗോകുലം.

ഭാഷ

അമ്പാടിയിൽ നന്ദഗോപ ഗൃഹത്തിലെ
നന്ദപ്രിയ തൻ കിടക്കയിന്മേൽ
കൈകാൽ കുടഞ്ഞു 'നാദം' മുഴക്കീ നീയും
ഉണ്ണിയുണ്ടായതറിഞ്ഞെല്ലാരും
ഗോകുലമാകെയും ആനന്ദനർത്തന-
കോലാഹലത്തിൽ തെളിഞ്ഞുനിന്നു.

അർത്ഥം : അമ്പാടിയിൽ നന്ദന്റെ വീട്ടിൽ യശോദയുടെ കിടക്കമേൽ കൈകാൽ കുടഞ്ഞു കിടന്ന് അവിടന്ന് "നാദം" മുഴക്കി ഞാൻ അവതരിച്ചു എന്ന് എല്ലാവരെയും അറിയിച്ചു. ഗോകുലമാകെ ആനന്ദനർത്തനഘോഷത്താൽ മനം തെളിഞ്ഞ് നിന്നു.

മൂലം – 9

അഹോ ഖലു യശോദയാ നവകളായ ചേതോഹരം
ദവന്തമലമന്തികേ പ്രഥമമാപിബന്ത്യാ ദൃശാ
പുനഃസ്തനഭരം നിജം സപദിപായയന്ത്യാമുദാ
മനോഹരതനുസ്പൃശാ ജഗതി പുണ്യവന്തോ ജിതാഃ

ഭാഷ

പുത്തൻകായാമ്പു പോൽ ചേതോഹരം മേനി-
യന്തികേയാദ്യമായ് കണ്ടനേരം
കണ്ണാൽ നുകർന്നും മുലപ്പാലു നേദിച്ചും
പൂപോൽ തലോടിയും ശ്രീയശോദ
ഭൂവിലെപ്പുണ്യാത്മാ സഞ്ചയമൊക്കെയും
നന്നായ് ജയിച്ചിട്ടു, ധന്യയായി.

അർത്ഥം : പുതിയ കായാമ്പൂപോലെ മനോഹരമായ കുഞ്ഞിന്റെ പൂവുടൽ തന്റെ അടുത്തു കിടക്കുന്നത് ആദ്യമായി കണ്ടപ്പോൾ യശോദ കണ്ണുനിറയെ, മതിവരുവോളം അത് നോക്കിയിരുന്നു. പിന്നീട് മുലപ്പാൽ നിവേദിച്ച് കുഞ്ഞിനെ സന്തുഷ്ടനാക്കി. ആ മൃദുമേനി തടവിത്തലോടി. ഈ ഭൂമിയിൽ ഇതുവരെ ജനിച്ച എല്ലാ പുണ്യാത്മാക്കളുടേയും പുണ്യസഞ്ചയത്തെ മുഴുവൻ അപ്രകാരം ജയിച്ച് യശോദ ധന്യയായി.

മൂലം – 10

ഭവത്കുശലകാമ്യയാ സ ഖലു നന്ദഗോപസ്തദാ
പ്രമോദഭരസങ്കുലോ ദ്വിജകുലായ കിം നാദദാത്
തഥൈവ പശുപാലകാഃ കിമു ന മംഗളം തേനിരേ
ജഗത്രിതയമംഗള!, ത്വമിഹ പാഹി മാമാമയാത്.

ഭാഷ

നിൻമംഗളത്തിനായ് നന്ദ ഗോപൻപര–
മാനന്ദത്തോടെ ദ്വിജർക്കു നൽകീ
എന്തെല്ലാം ദാനങ്ങൾ; ഗോപർ സൽക്കർമ്മങ്ങൾ
മംഗളം നേർന്നു നിനക്കായ് ചെയ്തു.
ഭൂവുലകത്തിനും മംഗളമേകും നീ
ആമയം തീർത്തെന്നെ പാലിക്കണം.

അർത്ഥം : കുഞ്ഞിന്റെ മംഗളത്തിനായി, പരമാനന്ദത്തോടെ, നന്ദഗോപൻ എന്തെല്ലാം ദാനങ്ങളാണ് ബ്രാഹ്മണർക്കു ചെയ്തത്! നിനക്കു മംഗളം നേർന്ന് ഗോപന്മാരെല്ലാം അനേകം സൽക്കർമ്മം ചെയ്തു. ത്രിലോകത്തിനും മംഗളം തരുന്ന ഈശ്വരാ, എന്റെ ആമയങ്ങൾ തീർത്ത് രക്ഷിക്കണേ.

O

ദശകം 40

പൂതനാമോക്ഷം

മൂലം – 1

തദനു നന്ദമമന്ദശുഭാസ്പദം
നൃപപുരീം കരദാനകൃതേ ഗതം
സമവലോക്യ ജഗാദ ഭവത്പിതാ
വിദിതകംസസഹായജനോദ്യമഃ.

ഭാഷ

ചെന്നുമഥുരയിൽ കംസനുകപ്പത്തെ
നൽകുവാൻ നന്ദൻ, ശുഭസ്വഭാവൻ
ചൊന്നാൻ വസുദേവൻ കംസപ്രഭൃതിതൻ
നിന്ദിതബാലവധത്താൽ തപ്തൻ

അർത്ഥം : ഒരിക്കൽ ശുഭസ്വഭാവിയായ നന്ദൻ കംസനു കപ്പം കൊടുക്കാൻ മഥുരയിലെത്തി. കംസന്റെ കൂട്ടർ നിന്ദിതമായ ശിശുഹത്യ ചെയ്യുന്ന കാര്യം അറിഞ്ഞ് ഉൾത്താപം അനുഭവിക്കുന്ന വസുദേവൻ നന്ദനോട് പറഞ്ഞു.

മൂലം – 2

"അയി സഖേ!, തവ ബാലകജന്മ മാം
സുഖയതേദ്യ നിജാത്മജജന്മവത്''
ഇതി ഭവത്പിതൃതാം വ്രജനായകേ
സമധിരോപ്യ ശശംസ തമാദരാത്.

ഭാഷ

നിൻപിതൃത്വം നന്ദഗോപനു നൽകീട്ടു
സമ്മതിയാദരപൂർവ്വമോതി
"നിന്നുണ്ണിയുണ്ടായ വാർത്ത കേട്ടു, സഖേ,
എന്നുണ്ണിയുണ്ടായപോൽ സുഖദം.

അർത്ഥം : അവിടത്തെ പിതൃത്വം നന്ദഗോപരിൽ ആരോപിച്ച് ആദരപൂർവ്വം വസുദേവൻ പറഞ്ഞു: "സുഹൃത്തേ, നിന്റെ ഉണ്ണി പിറന്ന വാർത്ത ഞാൻ കേട്ടു. അതെനിക്ക്, എന്റെ ഉണ്ണി പിറന്നപോലെ ആനന്ദം തരുന്നു.

മൂലം – 3

ഇഹ ച സന്ത്യനിമിത്തശതാനി തേ
കടകസീമ്നി തതോ ലഘു ഗമ്യതാം
ഇതി ച തദ്വചസാ വ്രജനായകോ
ഭവദപായധിയാ ദ്രുതമായയൗ.

ഭാഷ

കാണുന്നനേകമശുഭ ശകുനങ്ങ-
ളിങ്ങു, മവിടേയും, പോക വേഗം.
എന്നുണ്ണിയ്ക്കാപത്തണയുമോ, ശങ്കിച്ചു
നന്ദഗോപൻ വേഗം യാത്രയായി –

അർത്ഥം : "ഇവിടെ മഥുരയിലും അവിടെ അമ്പാടിയിലും അനേകം അശുഭ ശകുനങ്ങൾ കാണുന്നു. അതുകൊണ്ട്, വേഗം മടങ്ങിപ്പോവുക." എന്റെ ഉണ്ണിയ്ക്ക് ആപത്തു വരുമോ എന്ന് ശങ്കിച്ച് ഉടനെ നന്ദഗോപൻ മടങ്ങിപ്പോയി.

മൂലം – 4

അവസരേ ഖലു തത്ര ച കാചന
വ്രജപദേ മധുരാകൃതിരങ്ഗനാ
തരളഷട്പദലാളിതകുന്തളാ
കപടപോതക!, തേ നികടം ഗതാ.

ഭാഷ

തക്കം നോക്കീട്ടു ലളിതവേഷം പൂണ്ടു
വണ്ടുലാളിക്കും പൂചൂടിക്കൊണ്ടും
ചുണ്ടിൽ ചിരിയുമായ് മായാ ബാലാ, നിന്റെ
സന്നിധിയെത്തിയൊരുത്തിയന്നാൾ

അർത്ഥം : തക്കം പാർത്തിരുന്ന്, ലളിത വേഷം ധരിച്ച്, മുടിയിൽ വണ്ട് പറക്കുന്ന പൂവുചൂടി, ചുണ്ടിൽ പുഞ്ചിരിയോടെ ഒരുത്തി ഹേ, മായാ ബാലകാ, നിന്റെ അടുക്കലെത്തി.

മൂലം – 5

സപദി സാ ഹൃതബാലകചേതനാ
നിശിചരാന്വയജാ കില പൂതനാ
വ്രജവധൂഷ്വിഹ കേയമിതി ക്ഷണം
വിമൃശതീഷു ഭവന്തമുപാദദേ.

ഭാഷ

പൂതനയായിരം ബാലകഘാതിനി
യാതുധാനകുലനാരി വന്നു
ആരിവളെന്നു വ്രജവധുക്കൾ നോക്കെ
സ്നേഹം നടിച്ചു കടന്നെടുത്തു.

അർത്ഥം : ആയിരമായിരം ശിശുക്കളെ വധിച്ച പൂതനയെന്ന ആ രാക്ഷസി, 'ആരാണീ അപരിചിത സുന്ദരി' എന്നമ്പരന്ന് ഗോപസ്ത്രീകൾ നോക്കി നിൽക്കെ, സ്നേഹം അഭിനയിച്ച് കുഞ്ഞായ നിന്നെ കടന്നെടുത്തു.

മൂലം – 6

ലളിതഭാവവിലാസഹൃതാത്മഭി-
ര്യുവതിഭിഃ പ്രതിരോദ്ധുമപാരിതാ
സ്തനമസൗ ഭവനാന്തനിഷേദുഷീ
പ്രദദുഷീ ഭവതേ കപടാത്മനേ.

ഭാഷ

ഭാവവിലാസത്താൽ ഗോപികമാരുടെ
മാനസവും കവർന്നാ ലളിത
നിന്നെ മടിയിലെടുത്തു, വിഷംതേച്ച
സ്തന്യം തരുവാനൊരുങ്ങി വേഗം.

അർത്ഥം : ലളിത വേഷത്താലും മനോഹരമായ ഭാവവിലാസത്താലും ഗോപികമാരെ ആകർഷിച്ച് അവരുടെ മനം കവർന്ന്, പൂതന നിന്നെ മടിയിൽ വെച്ചു. വിഷം പുരട്ടിയ മുല കുടിപ്പിക്കാൻ ഒരുങ്ങി.

മൂലം – 7

സമധിരുഹ്യ തദങ്കമശങ്കിത-
സ്ത്വമഥ ബാലകലോപനരോഷിതഃ
മഹദിവാമ്രഫലം കുചമണ്ഡലം
പ്രതിചുചൂഷിഥ ദുർവ്വിഷദൂഷിതം.

ഭാഷ

കുഞ്ഞുങ്ങളെക്കൊല്ലും രാക്ഷസിതന്നുടെ
നഞ്ഞു പുരട്ടിയ പോർമുലകൾ
മാങ്ങ വലിച്ചു കുടിയ്ക്കുന്ന പോലെ നീ
ശങ്കക്കൂടാതെ നീരൂറ്റിച്ചപ്പി-

അർത്ഥം : കുട്ടികളെക്കൊല്ലുന്ന വഞ്ചകിയായ രാക്ഷസിയെ ശിക്ഷിക്കാൻ, നീ ശങ്കയില്ലാതെ അവളുടെ മടിയിൽക്കിടന്ന്, വിഷം പുരട്ടിയ മുലകൾ മാങ്ങ ചപ്പിക്കുടിക്കുന്നപോലെ മുഴുവൻ നീരും ഊറ്റിയെടുത്തു കുടിച്ചു.

മൂലം – 8

അസുഭിരേവ സമം ധയതി ത്വയി
സ്തനമസൗ സ്തനിതോപമനിസ്വനാ
നിരപതത് ഭയദായി നിജം വപുഃ
പ്രതിഗതാ പ്രവിസാര്യ ഭുജാവുഭൗ.

ഭാഷ

പ്രാണങ്ങളുറ്റവെ യട്ടഹസിച്ചിടി-
നാദം പോൽ രണ്ടു കയ്യും പരത്തി
സ്വന്തരൂപം പൂണ്ടു ഭൂവിൽ വീണു, കണ്ടോർ
കേട്ടോരുമൊന്നു ഭയന്നു ഞെട്ടി

അർത്ഥം : പ്രാണനീരുകൂടി ഊറ്റിയപ്പോൾ വേദനകൊണ്ട് അട്ടഹസിച്ച്, രണ്ടും കയ്യും പരത്തി രാക്ഷസീരൂപത്തിൽ അവൾ ഭൂമിയിൽ വീണു. ആ രൂപം കണ്ടവരും, ഇടിവെട്ടുപോലത്തെ ശബ്ദം കേട്ടവരുമെല്ലാം പേടിച്ചു ഞെട്ടി.

മൂലം – 9

ഭയദഘോഷണഭീഷണവിഗ്രഹ-
ശ്രവണദർശനമോഹിതവല്ലവേ
വ്രജപദേ തദുരഃസ്ഥലഖേലനം
നനു ഭവന്തമഗൃഹ്ണത ഗോപികാഃ.

ഭാഷ

കണ്ടു കേട്ടിട്ടു ഭയന്നു മോഹിച്ചിട്ട-
ന്നമ്പാടിയാകെക്കരഞ്ഞണഞ്ഞു.
നീലാഞ്ജന മലമേലിന്ദ്രരത്നംപോൽ
നീ കളിയ്ക്കുന്നു മാറത്താശ്ചര്യം!

അർത്ഥം : പേടിച്ച് വിറച്ച് അമ്പാടിയിലെ ജനങ്ങളൊക്കെ അലമുറയിട്ടു കരഞ്ഞെത്തി നോക്കുമ്പോൾ, ആശ്ചര്യം! നീലഗിരിയുടെ മുകളിൽ ചെറിയ ഒരിന്ദ്രനീലരത്നംപോലെ രാക്ഷസിയുടെ മാറത്ത് ഒട്ടിപ്പിടിച്ചുകിടന്ന് ഉണ്ണിയുണ്ട്, കളിയ്ക്കുന്നു! ഒരു കേടുപാടും പറ്റാതെ!

മൂലം – 10

ഭുവനമംഗള! നാമഭിരേവ തേ
യുവതിഭിർബഹുധാ കൃതരക്ഷണഃ
ത്വമയി വാതനികേതനനാഥ! മാ-
മഗദയൻ കുരു താവകസേവകം.

ഭാഷ

സർവ്വജഗത്മംഗളാ, നിന്റെ നാമത്താൽ
നിൻ രക്ഷ ചെയ്യുന്നു ഗോപികമാർ
ഗോപസംരക്ഷക, രോഗങ്ങൾ മാറ്റി നിൻ
തൃപ്പദദാസിയാക്കീടുകെന്നെ.

അർത്ഥം : ജഗത്തിനു മുഴുവൻ മംഗളമായവനേ, ഗോപികമാർ നിന്റെ നാമംകൊണ്ടുതന്നെ നിനക്കു രക്ഷ ചെയ്യുന്നു. ഗോപന്മാരാൽ സംരക്ഷിക്കപ്പെടുന്ന ഗോപരക്ഷകാ, എന്റെ രോഗങ്ങൾ മാറ്റി അവിടുത്തെ പരമഭക്തയായ തൃപ്പാദ ദാസിയാക്കണേ.

O

ദശകം 41

പൂതനാദേഹദാഹവും ശ്രീകൃഷ്ണലീലയും

മൂലം – 1

വ്രജേശ്വരഃ ശൗരിവചോ നിശമ്യ
സമാവ്രജന്നധ്വനി ഭീതചേതാഃ
നിഷ്പിഷ്ടനിഃശേഷതരും നിരീക്ഷ്യ
കഞ്ചിത് പദാർത്ഥം ശരണം ഗതസ്ത്വാം.

ഭാഷ

ശൗരി പറഞ്ഞതു കേട്ടു ഭയന്നുതൻ
മന്ദിരപ്രാന്തമണഞ്ഞ നന്ദൻ
ചുറ്റും മരങ്ങൾ പൊടിച്ചു തകർത്തൊരു
വസ്തുകണ്ടീശനെ ധ്യാനിക്കുന്നു

അർത്ഥം : വസുദേവവാക്യം കേട്ടു ഭയന്ന് വേഗം തന്റെ വീട്ടിലേക്കു മടങ്ങിയ നന്ദൻ വീടിനടുത്തായി, ചുറ്റും ഭീമാകാരമായ മരങ്ങളെ പൊടിച്ചു തകർത്ത് ഒരു ഭയങ്കര വസ്തു (പൂതനാദേഹം) കിടക്കുന്നതു കണ്ടു. 'ഈശ്വരാ' എന്ന് ധ്യാനിച്ചു. (ആപത്തു വരല്ലേ എന്ന്!)

മൂലം – 2

നിശമ്യ ഗോപീവചനാദുദന്തം
സർവ്വേ fപി ഗോപാ ഭയവിസ്മയാന്ധാഃ
ത്വത്പാതിതം ഘോരപിശാചദേഹം
ദേഹുർവിദൂരേfഥ കുഠാരകൃത്തം.

ഭാഷ

പൂതനാവൃത്താന്തം കേട്ടുഭയ വിസ്മി-
താത്മാവവനാപിശാച ദേഹം
വെട്ടി മുറിപ്പിച്ചു കഷ്ണങ്ങളൊക്കെയും
ചുട്ടുദൂരത്തെച്ചിതാഗ്നിതന്നിൽ

അർത്ഥം : ഗോപിമാരിൽ നിന്ന് പൂതനയുടെ കഥ കേട്ട് ഭയവും വിസ്മയവും ഉണ്ടായ നന്ദഗോപൻ ആ പിശാചദേഹത്തെ ഗോപന്മാരെക്കൊണ്ട് വെട്ടിമുറിപ്പിച്ച് ചെറിയ കഷ്ണങ്ങളാക്കി അകലെ ചിതകൂട്ടി അതിൽ ദഹിപ്പിച്ചു.

മൂലം – 3

ത്വത്പീതപൂതസ്തനതച്ഛരീരാത്
സ്മുച്ചലന്നുച്ചതരോ ഹി ധൂമഃ,
ശങ്കാമധാദാഗരവഃ കിമേഷ
കിം ചാന്ദനോ ഗൗല്ഗുലവോfഥവേതി.

ഭാഷ

നീ പാൽ കുടിക്കയാൽ പൂതമാം
പൂതനാദേഹം ദഹിച്ചിട്ടുയർന്ന ധൂമം
ചന്ദനം ഗുൽഗുലു ചേർന്നകിൽ ഗന്ധമായ്
ശങ്കയുണ്ടാക്കിയതെന്താശ്ചര്യം

അർത്ഥം : നീ പാലു കുടിച്ചതുകൊണ്ട് ശുദ്ധമായിത്തീർന്ന പൂതനയുടെ ശരീരം ദഹിച്ച് ഉയർന്ന പുക അകിലോ, ചന്ദനമോ, ഗുൽഗുലുവോ അവ ചേർന്ന മിശ്രിതമോ എന്ന് ശങ്കയുളവാക്കും വിധം സുഗന്ധ പൂരിതമായിരുന്നു. എന്തൊരാശ്ചര്യം!

മൂലം – 4

'മദംഗസംഗസ്യ ഫലം ന ദൂരേ
ക്ഷണേന താവത് ഭവതാമപി സ്യാത്
ഇത്യുല്ലപൻ വല്ലവതല്ലജേഭ്യ-
സ്ത്വം പൂതനാമാതനുഥാഃ സുഗന്ധിം.

ഭാഷ

'എന്നംഗസംഗഫലം ബഹുദൂരെയ-
ല്ലെന്നും ക്ഷണം കിട്ടും നിങ്ങൾക്കെ"ന്നും
വല്ലവരോടെല്ലാം ചൊല്ലുംവിധം ഭവാൻ
നല്ല ഗന്ധം നൽകി പൂതനയ്ക്കും.

അർത്ഥം : എന്റെ ശരീരം സ്പർശിച്ചാലുള്ള പുണ്യഫലം വളരെ കാലം കഴിഞ്ഞല്ല, ക്ഷണത്തിൽ ലഭിക്കും, അതു നിങ്ങൾക്കും ലഭിക്കുന്നതാണെന്ന് ഗോപാലകന്മാർക്കെല്ലാം സന്ദേശം കൊടുക്കുന്ന വിധം അവിടുന്ന് ദുഷ്ടയായ പൂതനയെപ്പോലും സുഗന്ധിയാക്കി ത്തീർത്തു.

മൂലം – 5

'ചിത്രം പിശാച്യാ ന ഹതഃ കുമാര,-
ശ്ചിത്രം! പുരൈവാകഥി ശൗരിണേദം'
ഇതി പ്രശംസൻ കില ഗോപലോകോ
ഭവന്മുഖാലോകരസേ ന്യമാങ്ക്ഷീത്.

ഭാഷ

"ആശ്ചര്യം രാക്ഷസിയ്ക്കായില്ലിക്കുഞ്ഞിനെ-
ക്കൊല്ലാ", "നിതെങ്ങനെ നേർത്തെയോതി
ശൗരി, യവന്റെ പ്രവചനം നന്നെ"ന്നു
ഗോപർ നിന്നിൽത്തന്നെമഗ്നരായി.

അർത്ഥം : "ആശ്ചര്യം തന്നെ. ഈ പെരും രാക്ഷസിക്ക് ഈ കൊച്ചു കുഞ്ഞിനെ കൊല്ലാനായില്ല" എന്നും "ഇതെങ്ങനെ വസുദേവർ നേരത്തെ പ്രവചിച്ചു" എന്നും മറ്റും പറയുന്ന ഗോപന്മാരും നന്ദഗോപരും പ്രേമത്താല് നിന്നിൽത്തന്നെ മുഴുകിയവരായിത്തീർന്നു. നിന്റെ മുഖം തന്നെ നോക്കി ആനന്ദിച്ചു.

മൂലം – 6

ദിനേ ദിനേƒഥ പ്രതിവൃദ്ധലക്ഷ്മീ-
രക്ഷീണമാംഗല്യശതോ വ്രജോƒയം,
ഭവന്നിവാസാദയി വാസുദേവ!
പ്രമോദസാന്ദ്രഃ പരിതോ വിരേജേ.

ഭാഷ

ലക്ഷ്മീശാ നിന്നുടെ സാന്നിദ്ധ്യമൊന്നിനാൽ
ലക്ഷ്മീഗൃഹമായിത്തീർന്നമ്പാടി
ഓരോ ദിനം പ്രതിവൃദ്ധമായൈശ്വര്യം
സാന്ദ്രാനന്ദത്തിൻ നികേതമായി.

അർത്ഥം : ലക്ഷ്മീപതിയായ നിന്റെ സാന്നിദ്ധ്യത്താൽ അമ്പാടി ലക്ഷ്മീ ഗൃഹമായിത്തീർന്നു. പ്രതിദിനം വർദ്ധിച്ചു വർദ്ധിച്ചു വരുന്ന ഐശ്വര്യത്താൽ സാന്ദ്രാനന്ദത്തിന്റെ വിളനിലമായി.

മൂലം – 7

ഗൃഹേഷു തേ കോമളരൂപഹാസ-
മിഥഃകഥാസങ്കുലിതാഃ കമന്യഃ
വൃത്തേഷു കൃത്യേഷു, ഭവന്നിരീക്ഷാ-
സമാഗതാഃ പ്രത്യഹമത്യനന്ദൻ!

ഭാഷ

ഗോപിമാരാ ദിവ്യരൂപം ചരിതവും
തൂമന്ദഹാസവുമോതിക്കൊണ്ടും
കൃത്യങ്ങളൊക്കെക്കഴിച്ചു നിന്നെക്കാണാൻ
നിത്യം വന്നും പരമാനന്ദിച്ചു.

അർത്ഥം : ഗോപികമാർ നിന്റെ മനോഹര രൂപം, പുഞ്ചിരി, നിന്റെ കഥകൾ ഇവയെപ്പറ്റി സദാ സംസാരിച്ചുകൊണ്ടും, ഗൃഹകൃത്യങ്ങളൊക്കെ വേഗം കഴിച്ച് നിത്യവും നിന്നെക്കാണാൻ വന്നിട്ടും അത്യന്തം ആനന്ദിച്ചു.

മൂലം – 8

അഹോ! കുമാരോ മയി ദത്തദൃഷ്ടിഃ
സ്മിതം കൃതം മാം പ്രതി വത്സകേന
ഏഹ്യേഹി മാമിത്യുപസാര്യ പാണീ
ത്വയീശ! കിം കിം ന കൃതം വധൂഭിഃ

ഭാഷ

'എന്നെയാണിപ്പോൾ കുമാരകൻ നോക്കുന്ന',
'തെന്നെനോക്കീട്ടാണവൻ ചിരിച്ചു'
'ഒന്നുവാ ഉണ്ണീ' കൈനീട്ടിയെടുക്കാനാ-
യെല്ലാ വധുക്കളും മത്സരിച്ചു.

അർത്ഥം : ഗോപിമാർ നിന്നിലുള്ള സ്നേഹത്താൽ എന്തൊക്കെ ചെയ്തില്ല. "നോക്കു, കുമാരൻ എന്നെ നോക്കി", "എന്നെ നോക്കി പുഞ്ചിരിച്ചു" "ഉണ്ണീ, ഒന്ന് എന്റെയടുത്തുവരൂ, ഒന്നെടുക്കട്ടെ" എന്ന് കൈനീട്ടി എല്ലാ വ്രജവധുക്കളും മത്സരിച്ചു സ്നേഹിച്ചു.

മൂലം – 9

ഭവദ്വപുഃസ്പർശനകൗതുകേന
കരാത്കരം ഗോപവധൂജനേന
നീതസ്ത്വമാതാമ്രസരോജമാലാ-
വ്യാലംബിലോലംബതുലാമലാസീഃ.

ഭാഷ

നിൻദേഹസ്പർശാലിംഗനകൗതുകം
കൊണ്ടവർ കൈമാറി ലാളിക്കയാൽ
ചെന്താമരകളിൽ മാറിമുട്ടും നീല-
വണ്ടുപോൽ നിൻബാലരൂപം രമ്യം.

അർത്ഥം : നിന്റെ ശരീരം തൊടാനും കെട്ടിപ്പുണരാനും കൗതുകം പൂണ്ട ഗോപികമാർ ഓരോരുത്തരും നിന്നെ കൈമാറി എടുത്ത് ലാളിച്ചു. അവരുടെ ചുവന്ന കൈകളിൽ നിന്റെ നീലമേനി, ചെന്താമരത്താരുകളിൽ മാറിമാറി മുട്ടി തേൻ (ഭക്തിരസം) നുകരുന്ന നീലവണ്ടുപോലെ മനോഹരമായി ശോഭിച്ചു.

മൂലം – 10

നിപായയന്തീ സ്തനമങ്കഗം ത്വാം
വിലോകയന്തീ വദനം ഹസന്തീ
ദശാം യശോദാ കതമാം ന ഭേജേ!–
സ താദൃശഃ പാഹി ഹരേ! ഗദാന്മാം.

ഭാഷ

നിന്നെ മടിയിൽവെച്ചിട്ടു മുലതന്നു
പുഞ്ചിരിപ്പൂമുഖം കാണുമമ്മ
എന്തെന്തു പുണ്യദശ പ്രാപിച്ചില്ലെന്റെ–
യാമയം നീക്കണേ നീയെൻ കണ്ണാ–

അർത്ഥം : നിന്നെ മടിയിൽ എടുത്തുവെച്ച് പാല് തരുമ്പോൾ ആ പുഞ്ചിരിപ്പൂമുഖം നോക്കിയിരിക്കുന്ന നിന്റെ അമ്മ എന്തെന്തു പുണ്യാവസ്ഥകളും പുണ്യലോകങ്ങളുമാണ് പ്രാപിക്കാതെയുള്ളത്! എന്റെ കണ്ണാ, എന്റെ സർവ്വാമയങ്ങളും നീക്കണേ...!

O

ദശകം 42

ശകടാസുരനിഗ്രഹം

മൂലം – 1

കദാപി ജന്മർക്ഷദിനേ തവ പ്രഭോ!
നിമന്ത്രിതജ്ഞാതിവധൂമഹീസുരാ
മഹാനസസ്ത്വാം സവിധേ നിധായ സാ
മഹാനസാദൗ വവൃതേ വ്രജേശ്വരീ.

ഭാഷ

ആട്ടപ്പിറന്നാളിൽ ജ്ഞാതിവധുക്കളും
ബ്രാഹ്മണരും വന്നു; നിന്റെയമ്മ
നിന്നെക്കിടത്തി 'മഹാനസ'ത്തിൽ ചാരെ
ചെന്നു 'മഹാനസ' ജോലി ചെയ്യാൻ

അർത്ഥം : ഒരു പിറന്നാൾ ദിനം ബന്ധുക്കളും സ്ത്രീകളും ബ്രാഹ്മണരുമായ അതിഥികൾ വീട്ടിൽ വന്നു. നിന്റെ അമ്മ നിന്നെ വലിയൊരു വണ്ടിയുടെ അടുത്ത് കിടത്തി അടുക്കള ജോലി ചെയ്യാൻ പോയി. (3-ാം വരിയിൽ വണ്ടി എന്നർത്ഥത്തിലും, 4-ാം വരിയിൽ അടുക്കള എന്നർത്ഥത്തിലും മഹാനസം എന്ന ഒരേ വാക്ക് ഉപയോഗിച്ചിരിക്കുന്നു)

മൂലം – 2

തതോ ഭവത്ത്രാണനിയുക്തബാലക-
പ്രഭീതിസംക്രന്ദനസങ്കുലാരവൈഃ
വിമിശ്രമശ്രാവി ഭവത്സമീപതഃ
പരിസ്ഫുടദ്ദാരുചടച്ചടാരവഃ.

ഭാഷ

കാവലിരുത്തിയ കുട്ടികൾ സംഭ്രമ-
ത്തോടെയുയർത്തും നിലവിളിയും
നീളെ മരച്ചീളു പൊട്ടുംചടച്ചടാ-
നാദവും കേട്ടു സകലലോകം.

അർത്ഥം : നിന്നെകിടത്തിയ സ്ഥാനത്തുനിന്ന് കാവലിനിരുത്തിയ കുട്ടികൾ പേടിച്ചു കരയുന്ന ശബ്ദവും മരച്ചീളുകൾ പൊട്ടുന്ന 'ചടചടാ' ശബ്ദവും എല്ലാവരും കേട്ടു.

മൂലം – 3

തതസ്തദാകർണ്ണനസംഭ്രമശ്രമ-
പ്രകമ്പിവക്ഷോജഭരാ വ്രജാംഗനാഃ
ഭവന്തമന്തർദദൃശുഃ സമന്തതോ
വിനിഷ്പതദ്ദാരുണദാരുമധ്യഗം.

ഭാഷ

സംഭ്രമിച്ചെത്തിചലിതവക്ഷോജരായ്
അമ്പാടിപ്പെണ്ണുങ്ങൾ കൂട്ടമായി
ചുറ്റും ചിതറും പരുത്ത മരച്ചീളിൻ
മദ്ധ്യേയവർ കണ്ടു നിൻ തിരുമെയ്

അർത്ഥം : മാറിടം തുടിച്ച് സംഭ്രമത്തോടെ, കൂട്ടത്തോടെ ഓടിവന്ന ഗോപസ്ത്രീകൾ ചുറ്റും ചിതറിക്കിടക്കുന്ന പരുപരുത്ത മരച്ചീളുകൾക്കിടയിൽ കിടക്കുന്ന നിന്റെ തിരുമെയ് കണ്ടു.

മൂലം – 4

ശിശോരഹോ! കിം കിമഭൂദിതി ദ്രുതം
പ്രധാവ്യ നന്ദഃ പശുപാശ്ച ഭൂസുരാഃ
ഭവന്തമാലോക്യ യശോദയാ ധൃതം
സമാശ്വസന്നശ്രുജലാർദ്രലോചനാഃ.

ഭാഷ

"എന്തുപറ്റീക്കുഞ്ഞി" ന്നെന്നതിവേഗത്തിൽ
നന്ദനും ഭൂസുരർ ഗോപന്മാരും
വന്നപ്പോഴമ്മതൻ കയ്യിലിരിക്കുന്ന
നിന്നെക്കണ്ടാർദ്രവിലോചനരായ്

അർത്ഥം : 'കുട്ടിയ്ക്കെന്തുപറ്റി' എന്ന് അതിവേഗം പാഞ്ഞെത്തിയ ഗോപന്മാരും ബ്രാഹ്മണരും നന്ദനും, ആപത്തൊന്നും കൂടാതെ അമ്മയുടെ ഒക്കത്തിരിക്കുന്ന നിന്നെ കണ്ട് ആശ്വസിച്ച്, അവരുടെ കണ്ണുകൾ കണ്ണീർകൊണ്ട് ആർദ്രങ്ങളായി.

മൂലം – 5

കസ്കോ നു കൗതസ്കുത ഏഷ വിസ്മയോ
വിശങ്കടം യച്ഛകടം വിപാടിതം
ന കാരണം കിഞ്ചിദിഹേതി തേ സ്ഥിതാഃ
സ്വനാസികാദത്തകരാസ്ത്വദീക്ഷകാഃ.

ഭാഷ

ആശ്ചര്യമെന്തിതെന്തെങ്ങനെയുണ്ടായി,
വണ്ടി വലുതാരു തച്ചുടച്ചു.
കാരണം കാണാതെ മൂക്കിൽ വിരൽവെച്ചു
നിന്നെ നോക്കീട്ടവർ വിസ്മയിച്ചു.

അർത്ഥം : 'ഇതെന്താശ്ചര്യമാണ്. എന്തായിത് – എങ്ങനെ സംഭവിച്ചു. വണ്ടി വളരെ വലുതാണ് – ഇത് ആര് ഇങ്ങിനെ ഛിന്നഭിന്നമാക്കി – ' ഒന്നിനും കാരണം കാണാതെ മൂക്കത്തുവിരൽവെച്ച് അവർ നന്നേ ചെറുതായ കണ്ണനെ നോക്കിനിന്നു.

മൂലം – 6

കുമാരകസ്യാസ്യ പയോധരാർത്ഥിനഃ
പ്രരോദനേ ലോലപദാംബുജാഹതം
മയാ മയാ ദൃഷ്ടമനോ വിപര്യഗാ–
ദിതീശ, തേ! പാലകബാലകാ ജഗുഃ.

ഭാഷ

"പാലു കുടിക്കാൻ കരഞ്ഞു കാലിട്ടടി–
ച്ചീക്കണ്ണൻ വണ്ടിയെത്തച്ചുടച്ചു
ഞാൻ കണ്ടു, ഞാൻ കണ്ടു" എന്നോതിപാലിക്കാൻ
കാവലായ് നിർത്തിയ ബാലകന്മാർ

അർത്ഥം : "കണ്ണൻ പാലു കുടിക്കാൻ വിശന്ന് കൈകാലിട്ടടിച്ചു കരഞ്ഞു. കാലടികൊണ്ട് വണ്ടി ഉടച്ചു കളഞ്ഞു. "ഞാൻ കണ്ടു, ഞാൻ കണ്ടു" എന്ന് കാവലായി നിർത്തിയ കുട്ടികൾ പറഞ്ഞു.

മൂലം – 7

ഭിയാ തദാ കിഞ്ചിദജാനതാമിദം
കുമാരകാണാമതിദുർഘടം വചഃ
ഭവത്പ്രഭാവാവിദുരൈരിതീരിതം
മനാഗിവാശങ്കൃത ദൃഷ്ടപൂതനൈഃ.

ഭാഷ

പേടിച്ചരണ്ടവരജ്ഞരീബാലകർ
ചൊല്ലുന്നതൊന്നും ശരിയല്ലെന്നാർ
നിൻ പ്രഭാവത്തെയറിയാത്തോരിൽച്ചിലർ,
ശങ്കിച്ചാർ ആ വാക്യം ഗോപവൃന്ദം
പൂതനാ മോക്ഷത്തെ കണ്ടവർക്കീ വാക്കിൽ
വാസ്തവം വിശ്വസിക്കാനെളുതായ്

അർത്ഥം : 'ഈ കുട്ടികൾ പേടിച്ചിട്ട് എന്തൊക്കെയോ പറയുകയാണ്. അജ്ഞരായ ഇവർ പറയുന്നത് വിശ്വസിക്കരുത്' എന്ന് അവിടുത്തെ പ്രഭാവം അറിയാത്ത ചിലർ പറഞ്ഞു. ചില ഗോപന്മാർക്ക് അവരുടെ വാക്കിലാണ് ശങ്ക തോന്നിയത്. പൂതനാമോക്ഷം കണ്ടവർക്ക് കുട്ടികൾ പറഞ്ഞത് വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല.

മൂലം – 8

പ്രവാളതാമ്രം കിമിദം പദം ക്ഷതം
സരോജരമ്യൗ നു കരൗ വിരോജിതൗ
ഇതി പ്രസർപ്പത്കരുണാതരംഗിതാ-
സ്ത്വദംഗമാപസ്പൃശുരംഗനാജനാഃ

ഭാഷ

ചെന്തളിർ പോൽ ചുവന്നിപ്പാദം പൊട്ടിയോ
ചെന്താമരക്കൈകൾ നൊന്തുപോയോ
വാത്സല്യ കാരുണ്യധാരയൊഴുക്കീട്ടു
ഗോപിമാർ നിൻമെയ് തലോടി നോക്കി-

അർത്ഥം : ചെന്തളിരുപോലെ ചുവന്ന ഈ കൊച്ചുപാദം വണ്ടി തട്ടി പൊട്ടിയോ? ഈ ചെന്താമരക്കൈകൾ വേദനിച്ചുവോ? വാത്സല്യ കാരുണ്യങ്ങളുടെ ധാരയൊഴുകുന്ന മനസ്സോടെ ഗോപിമാർ നിന്റെ ശരീരം തൊട്ടു തലോടി.

മൂലം – 9

അയേ! സുതം ദേഹി ജഗത്പതേഃ കൃപാ-
തരംഗപാതാത് പരിപാതമദ്യ മേ
ഇതി സ്മ സംഗൃഹ്യ പിതാ ത്വദങ്ഗകം
മുഹുർമുഹുഃ ശ്ലിഷ്യതി ജാതകണ്ടകഃ.

ഭാഷ

"ഈശ്വര കാരുണ്യം പാലിച്ചെന്നുണ്ണിയെ
ഒന്നിങ്ങു തന്നാട്ടെ" യെന്നു നന്ദൻ
അമ്മതൻ കയ്യിൽ നിന്നുണ്ണിയെ വാങ്ങീട്ടു
നന്നായ് പുണർന്നു രോമാഞ്ചമാർന്നു-

അർത്ഥം : "ഈശ്വര കാരുണ്യം ഒന്നു മാത്രമാണ് ഇപ്പോൾ എന്റെ ഉണ്ണിയെ കാത്തത്. അവനെ ഒന്നിങ്ങോട്ടു തരൂ" എന്നു പറഞ്ഞ് യശോദയുടെ കയ്യിൽ നിന്ന് നന്ദൻ ഉണ്ണിയെ വാങ്ങി, കെട്ടിപ്പിടിച്ച്, രോമാഞ്ചമണിഞ്ഞു.

മൂലം – 10

അനോനിലീനഃ കില ഹന്തുമാഗതഃ
സുരാരിരേവം ഭവതാ വിഹിംസിതഃ
രജോഽപി നോ ദൃഷ്ടമമുഷ്യ തത്കഥം
സ ശുദ്ധസത്ത്വേ ത്വയി ലീനവാൻ ധ്രുവം.

ഭാഷ

ചാടായി വന്ന ശകടാസുരൻ തന്റെ
ജാടയ്ക്കു നൽകിയിശ്ശിക്ഷ ബാലൻ
ഇല്ലാ രജസ്സണുവും നിലീനം ഇവൻ
മല്ലാരീ സത്ത്വമഹസ്സിൽ നിത്യം

അർത്ഥം : ചാടിന്റെ വേഷം ധരിച്ചു വന്ന ശകടാസുരന്റെ ജാടയ്ക്ക് ബാലൻ നൽകിയതാണ് വധശിക്ഷ. എന്നാൽ അവന്റെ ഒരു പൊടി (രജസ്സു) പോലും കാണാനില്ല. ഇവൻ മല്ലാരിയുടെ സത്ത്വമഹസ്സിൽ നിത്യമുക്തി പ്രാപിച്ചുകഴിഞ്ഞു.

മൂലം – 11

പ്രപൂജിതൈസ്തത്ര തതോ ദ്വിജാതിഭിർ-
വിശേഷതോ ലംഭിതമംഗളാശിഷഃ
വ്രജം നിജൈർ ബാല്യരസൈർവിമോഹയൻ
മരുത്പുരാധീശ! രുജാം ജഹീഹി മേ.

ഭാഷ

പ്രപൂജിതം ബ്രാഹ്മണരാലെ മംഗ-
ലാശിസ്സുകൾ തൂകി സുരക്ഷ ചെയ്തു
അമ്പാടി നീളെക്കളിയാടി ബാലൻ
എൻ നോവു നീക്കൂ, ഗുരുവായൂരപ്പാ.

അർത്ഥം : ബ്രാഹ്മണർ കുട്ടിക്ക് മംഗളാശിസ്സു തൂകി പൂജകൾ ചെയ്തു രക്ഷ ചെയ്തു. കൃഷ്ണൻ അമ്പാടിയിൽ ലീലയാടി നടന്നു. ഗുരുവായൂരപ്പാ, എന്റെ വേദനകളെല്ലാം നീക്കേണമെ.

○

ദശകം 43

തൃണാവർത്തവധം

മൂലം - 1

ത്വാമേകദാ ഗുരുമരുത്പുരനാഥ, വോഢും
ഗാഢാധിരൂഢഗരിമാണമപാരയന്തീ
മാതാ നിധായ ശയനേ കിമിദം ബതേതി
ധ്യായന്ത്യചേഷ്ടത ഗൃഹേഷു നിവിഷ്ടശങ്കാ.

ഭാഷ

"കുഞ്ഞിനിന്നെന്തീവിധം ഭാരം കൂടുവാ"
നെന്നു ശങ്കിച്ചു, കിടത്തി താഴെ
ഈശ്വരധ്യാനനിമഗ്ന, യശോദതൻ
ഗാർഹിക ജോലികൾ ചെയ്കയായി

അർത്ഥം : ഒരു ദിവസം കുട്ടിക്ക് വല്ലാതെ ഘനം തോന്നിയതിനാൽ ഇതിനെന്തു കാരണമെന്ന് ചിന്തിച്ച് യശോദ കുട്ടിയെ താഴെ കിടത്തി. ഈശ്വരനെ ധ്യാനിച്ചുകൊണ്ട് വീട്ടുജോലികൾ ചെയ്യാൻ തുടങ്ങി.

മൂലം - 2

താവദ്വിദൂരമുപകർണ്ണിതഘോരഘോഷ-
വ്യാജൃംഭിപാംസുപടലീപരിപൂരിതാശഃ
വാത്യാവപുഃ സ കില ദൈത്യവരസ്തൃണാവ-
ർത്താഖ്യോ ജഹാര ജനമാനസഹാരിണം ത്വാം.

ഭാഷ

ദൂരെ മുഴങ്ങുന്ന ഘോരഘോഷം, പൊടി-
പൂരം പറക്കുന്നു ദിക്കിലെല്ലാം
വാതശരീരൻ തൃണാവർത്തനെത്തീട്ടു
വാതാലയേശ്വരനെ ഹരിച്ചു.

അർത്ഥം : ദൂരെ നിന്ന് ഘോരമായ ഘോഷത്തോടും, പൊടിപടലത്തോടും ദിക്കുകളെ നിറച്ചുകൊണ്ട് ചുഴലിക്കാറ്റിന്റെ രൂപമെടുത്ത് തൃണാവർത്തൻ വന്ന് കൃഷ്ണനെ അപഹരിച്ചു.

മൂലം - 3

ഉദ്ദാമപാംസുതിമിരാഹതദൃഷ്ടിപാതേ
ദ്രഷ്ടും കിമപ്യകുശലേ പശുപാലലോകേ
'ഹാ ബാലകസ്യ കി'മിതി ത്വദുപാന്തമാപ്താ
മാതാ ഭവന്തമവിലോക്യ ഭൃശം രുരോദ.

ഭാഷ

ധൂളിപടർന്നോരിരുട്ടിനാലന്ധരായ്
ഗോപാലകർ; അമ്മയോടിവന്നു.
'ഉണ്ണിയെവിടെ" യെന്നെങ്ങും തിരയുന്നു
കണ്ണാ നിന്നമ്മ കരഞ്ഞുകൊണ്ടേ,

അർത്ഥം : പൊടി പടർന്ന് ഇരുട്ടുമൂടി ആർക്കും ഒന്നും കാണാതായി - അമ്മ കുഞ്ഞിനെ കിടത്തിയ ഇടത്തേക്ക് ഓടിവന്നു. കാണാതെ 'ഉണ്ണിയെവിടെ' എന്ന് അലമുറയിട്ടു കരഞ്ഞ് കൂട്ടുകാരോടൊപ്പം എല്ലായിടവും തിരഞ്ഞു.

മൂലം - 4

താവത് സ ദാനവവരോഽപി ച ദീനമൂർത്തിർ
ഭാവത്കഭാരപരിധാരണലൂനവേഗഃ
സങ്കോചമാപ, തദനു ക്ഷതപാംസുഘോഷേ
ഘോഷേ വ്യതായത ഭവജ്ജനനീനിനാദഃ

ഭാഷ

നിൻ കനം താങ്ങാതെ ദാനവൻ ദീനനായ്
സങ്കോചിച്ചിട്ടു, പൊടിയകന്നു
കാറ്റിന്റെ ഘോഷം നിലച്ചൊരാഘോഷത്തിൽ
അമ്മതന്നാർത്തനാദം മുഴങ്ങി.

അർത്ഥം : കുട്ടിയുടെ ഭാരം താങ്ങാതെ അസുരൻ ദീനമൂർത്തിയായി, സങ്കോചിച്ചു, അപ്പോൾ പൊടിയും അകന്നു. കാറ്റിന്റെ ഘോഷം (നാദം) നിലച്ച ഘോഷത്തിൽ (അമ്പാടിയിൽ) അമ്മയുടെ ആർത്തനാദം തന്നായി മുഴങ്ങിക്കേട്ടു.

മൂലം - 5

രോദോപകർണ്ണനവശാദുപഗമ്യ ഗേഹം
ക്രന്ദത്സു നന്ദമുഖഗോപകുലേഷു, ദീനഃ
ത്വാം ദാനവസ്ത്വഖിലമുക്തികരം മുമുക്ഷു-
സ്ത്വയ്യപ്രമുഞ്ചതി, പപാത വിയത്പ്രദേശാത്.

ഭാഷ

രോദനം കേട്ടീട്ടുനന്ദഗോപാദികൾ
കൂടെക്കരയാൻ തുടങ്ങി ദീനം
മുക്തിയെല്ലാർക്കുമേകുന്നൊരാക്കുഞ്ഞിനു
മുക്തികൊടുക്കാനണഞ്ഞ ദൈത്യൻ
അക്കയ്യിൽ നിന്നു തനിയ്ക്കില്ല മുക്തിയെ-
ന്നുൾക്കൊണ്ടാകാശത്തിൽ നിന്നുവീണു.

അർത്ഥം : യശോദയുടെ രോദനം കേട്ട് നന്ദഗോപനുൾപ്പെടെ ആബാലവൃദ്ധം ഗോപജനങ്ങൾ ദീനദീനം കേണു - സർവ്വർക്കും മുക്തിയേ

കുന്ന ഭഗവാന് മുക്തി (മരണം) കൊടുക്കാൻ വന്ന അസുരൻ, തനിക്കു മാത്രം ആ കയ്യിൽ നിന്ന് മുക്തിയില്ല. (പിടി വിടീക്കാനാവില്ല) എന്ന് അറിഞ്ഞപ്പോൾ ആകാശത്തിൽ നിന്ന് ഭൂമിയിലേക്കു വീണു.

മൂലം – 6

രോദാകുലാസ്തദനു ഗോപഗണാ ബഹിഷ്ഠ-
പാഷാണപൃഷ്ഠഭുവി ദേഹമതിസ്ഥവിഷ്ഠം
പ്രൈക്ഷന്ത, ഹന്ത!, നിപതന്തമമുഷ്യ വക്ഷ-
സ്യക്ഷീണമേവ ച ഭവന്തമലം ഹസന്തം.

ഭാഷ

രോദിക്കും ഗോപന്മാർ കണ്ടു ഭീമാകാരം
പാറമേൽ വീഴ്‌വതു പർവ്വതം പോൽ
മാറിലിരുന്നു ചിരിക്കുന്നു ബാലകൻ
ഹർഷവിഷാദങ്ങളേറിയാർക്കും.

അർത്ഥം : കരയുന്ന നന്ദഗോപാദികൾ ഭീമാകാരമായ ഒരു പർവ്വതം പോലെ അസുര ശരീരം പാറമേൽ വീഴുന്നതു കണ്ടു. അതിന്റെ മാറത്തിരുന്ന് ഒന്നുമറിയാത്തപോലെ, ഒരു കേടും പറ്റാതെ, നിഷ്ക്കളങ്കം ചിരിക്കുന്ന കുട്ടിയെക്കണ്ട് എല്ലാവർക്കും ഒരേ സമയം ആനന്ദവും സങ്കടവും ഉണ്ടായി.

മൂലം – 7

ഗ്രാവപ്രപാതപരിപിഷ്ടഗരിഷ്ഠദേഹ-
ഭ്രഷ്ടാസുദുഷ്ടദനുജോപരി ധൃഷ്ടഹാസം
ആഘ്നാനമംബുജകരേണ ഭവന്തമേത്യ
ഗോപാ ദധുർഗ്ഗിരിവരാദിവ നീലരത്നം.

ഭാഷ

പാറമേൽ വീണു തകർന്ന ശരീരത്തിൽ
താമരക്കയ്യാലടിയ്ക്കുവോനായ്
നീലരത്നംപോൽ കളിക്കുമാക്കണ്ണനെ
വാരിയെടുത്തവർ സ്നേഹശീലർ.

അർത്ഥം : പാറമേൽ വീണു തകർന്ന അസുരദേഹത്തിൽ താമരക്കയ്യാൽ അടിച്ചു കളിക്കുന്ന നീലരത്നംപോലെയുള്ള കണ്ണനെ സ്നേഹശീലരായ അവർ വാരിയെടുത്ത് ഉമ്മവെച്ചു.

മൂലം – 8

ഏകൈകമാശു പരിഗൃഹ്യ നികാമനന്ദ-
ന്നന്ദാദിഗോപപരിരബ്ധവിചുംബിതാംഗം
ആദാതുകാമപരിശങ്കിതഗോപനാരീ-
ഹസ്താംബുജപ്രപതിതം പ്രണുമോ ഭവന്തം.

ഭാഷ

ഓരോരോ ഗോപരും മാറോടണച്ചിട്ടു
വാരിയണച്ചുമ്മവെക്കുന്നേരം
ശങ്കിച്ചു നിൽക്കുന്ന ഗോപികൾ തൻഹസ്ത-
പങ്കജേ ചാടുവോനേ തൊഴുന്നേൻ

അർത്ഥം : ഓരോരോ ഗോപനും മാറിമാറിയെടുത്ത് കെട്ടിപ്പിടിച്ചുമ്മ വെക്കുമ്പോൾ ശങ്കിച്ചു നിൽക്കുന്ന സ്ത്രീകളുടെ (ഗോപികമാരുടെ) കൈത്താരുകളിലേക്ക് സ്നേഹപൂർവ്വം ചാടിയ ഓമനക്കണ്ണാ, നിന്നെ തൊഴുന്നു.

മൂലം – 9

'ഭൂയോഽപി കിം നു കൃണുമഃ പ്രണതാർത്തിഹാരീ
ഗോവിന്ദ ഏവ പരിപാലയതാത് സുതം നഃ'
ഇത്യാദി മാതരപിതൃപ്രമുഖൈസ്തദാനീം
സമ്പ്രാർത്ഥിതസ്ത്വദവനായ വിഭോ! ത്വമേവ.

ഭാഷ

"ഗോവിന്ദാ, സർവ്വപ്രണതാർത്തീഹാരേ, നീ
പൂവുപോലുണ്ണിയെ കാക്കേണമേ"
അമ്മയുമച്ഛനുമങ്ങയെക്കാക്കുവാ-
നങ്ങയോടർത്ഥിച്ചു പ്രേമപൂർവ്വം

അർത്ഥം : "ഗോവിന്ദാ, പ്രണതാർത്തിഹാരേ, പൂപോലുള്ള ഞങ്ങളുടെ ഉണ്ണിയെ കാക്കാൻ നീയേ ഉള്ളൂ. അവനെ കാക്കണേ" എന്ന് അമ്മയും അച്ഛനും നിന്നെക്കാക്കാൻ നിന്നോടു തന്നെ പ്രേമപൂർവ്വം പ്രാർത്ഥിച്ചു.

മൂലം – 10

വാതാത്മകം ദനുജമേവമയി പ്രധൂന്വൻ
വാതോദ്ഭവാൻ മമ ഗദാൻ കിമു നോ ധുനോഷി
കിം വാ കരോമി പുനരപ്യനിലാലയേശ!,
നിശ്ശേഷരോഗശമനം മഹുരർത്ഥയേ ത്വാം.

ഭാഷ

വാതാത്മകനാം അസുരനെ കൊന്നുനീ
വാതാലയേശ്വരാ, മാറ്റുകില്ലേ
വാതോദ്ഭവം മമ രോഗമഖിലവും
മാധവാ, പ്രാർത്ഥന കേൾക്കുകില്ലേ.

അർത്ഥം : വാതാത്മകനായ അസുരനെ കൊന്ന വാതാലയേശാ, വാതകോപത്താലുണ്ടായ എന്റെ രോഗം നിശ്ശേഷം മാറ്റിത്തരികയില്ലേ? നിന്നോട് പ്രാർത്ഥിയ്ക്കയല്ലാതെ എനിയ്ക്കെന്തു ചെയ്യാൻ കഴിയും. ഈ പ്രാർത്ഥന നീ കേൾക്കുകില്ലേ –

O

ദശകം 44

ജാതകർമ്മം

മൂലം - 1

ഗൂഢം വസുദേവഗിരാ
കർത്തും തേ നിഷ്ക്രിയസ്യ സംസ്കാരാൻ
ഹൃദ്ഗതഹോരാതത്ത്വോ
ഗർഗ്ഗമുനിസ്ത്വദ്ഗൃഹം വിഭോ!, ഗതവാൻ.

ഭാഷ

നിഷ്ക്രിയാ, നിൻജാതസംസ്ക്കാരത്തിൻ ക്രിയ
ഗൂഢം ചെയ്യാൻ വസുദേവൻ ചൊൽകെ
ഹൃത്തിലെ ഹോരതൻ തത്വം ഗ്രഹിച്ചവ-
നെത്തുന്നു ഗർഗ്ഗനന്നമ്പാടിയിൽ.

അർത്ഥം : നിഷ്ക്രിയനായ നിനക്ക് ജാതസംസ്കാരക്രിയകളെന്തിന്. എന്നാലും, ഗൂഢമായി അവ നടത്താൻ വസുദേവൻ ആവശ്യപ്പെടുകയാൽ, യാദവരുടെ കുലഗുരുവും, ഹൃത്തിൽ ഉണരുന്ന ജ്യോതിശാസ്ത്ര ഹോരാതത്ത്വം ഗ്രഹിച്ചവനുമായ ഗർഗ്ഗമുനി അമ്പാടിയിലെത്തി.

മൂലം - 2

നന്ദോഽഥ നന്ദിതാത്മാ
വൃന്ദിഷ്ഠം മാനയന്നമും യമിനാം
മന്ദസ്മിതാർദ്രമൂചേ
ത്വത്സംസ്കാരാൻ വിധാതുമുത്സുകധീഃ.

ഭാഷ

നന്ദിതൻ നന്ദൻ യമിവൃന്ദശ്രേഷ്ഠനെ
മന്ദഹാസത്തോടെ മാനിയ്ക്കുന്നു.
നിൻജാതനാമ സംസ്ക്കാര ക്രിയചെയ്യാൻ
അഞ്ചാതെ വിപ്രനോടഭ്യർത്ഥിച്ചു.

അർത്ഥം : സന്തുഷ്ടനായ നന്ദൻ യമികളിൽവെച്ചു ശ്രേഷ്ഠനായ മുനിയെ ബഹുമാനിച്ച്, മന്ദഹാസത്തോടെ സ്വീകരിച്ചിരുത്തി. മകന്റെ നാമകരണാദി ജാത സംസ്കാര ക്രിയകൾ ചെയ്തു തരണമെന്ന്, (അതിനു തയ്യാറായി വന്ന) വിപ്രനോട് പ്രാർത്ഥിച്ചു.

മൂലം - 3

യദുവംശാചാര്യത്വാത്
സുനിഭൃതമിദമാര്യ, കാര്യമിതി കഥയൻ
ഗർഗ്ഗോ നിർഗ്ഗതപുളക-
ശ്ചക്രേ തവ സാഗ്രജസ്യ നാമാനി.

ഭാഷ

"ഗൂഢമായ്ചെയ്യണമിക്കർമ്മം, ഞാൻ യദു-
വംശത്തിന്നാചാര്യനാകയാലേ"
രോമാഞ്ചത്തോടെ മുനീന്ദ്രൻ നിനക്കും നി-
ന്നേട്ടനും നൽകുന്നു നാമധേയം."

അർത്ഥം : 'എനിക്ക് യദുവംശത്തിന്റെ കുലഗുരു സ്ഥാനമുള്ളതു കൊണ്ട് ഈ കർമ്മം വളരെ രഹസ്യമായി വെക്കണ്ണ"മെന്ന് ഗർഗ്ഗമുനി പറഞ്ഞു. അദ്ദേഹം രോമാഞ്ചത്തോടെ നിനക്കും നിന്റെ ഏട്ടനും പേരുകൾ നൽകി.

മൂലം – 4

കഥമസ്യ നാമ കുർവ്വേ
സഹസ്രനാമ്നോ ഹ്യനന്തനാമ്നോവാ
ഇതിനൂനം ഗർഗ്ഗമുനി-
ശ്ചക്രേതവ നാമനാമ രഹസീവിഭോ.

ഭാഷ

ആയിരം നാമം അനന്തനാമം ഇവ-
ന്നേതുനാമം നൽകുമെന്നു നണ്ണി
ഗൂഢം വിജനത്തിൽ ഏകാന്തസ്ഥാനത്തിൽ
നാമം കുറിച്ചിതു ഗർഗ്ഗാചാര്യൻ

അർത്ഥം : 'സഹസ്രനാമമുള്ള, അനന്തം നാമമുള്ളവന് ഞാനെന്തു നാമം കൊടുക്കും, എങ്ങനെ പേരിടും' എന്ന് മനസ്സിൽ വിചാരിച്ചു കൊണ്ട് ഗൂഢമായി (കംസനറിയാതെ) വിജനമായ ഏകാന്ത സ്ഥാനത്തുവെച്ച് ഗർഗ്ഗാചാര്യൻ നാമകരണം ചെയ്തു.

മൂലം – 5

കൃഷിധാതുണകാരാഭ്യാം
സത്താനന്ദാത്മതാം കിലാഭിലപത്
ജഗദഘകർഷിത്വം വാ
കഥയദൃഷിഃ കൃഷ്ണനാമ തേ വ്യതനോത്.

ഭാഷ

'കൃഷ്' ധാതു ഭൂവാചകം, 'ണ' സത്താനന്ദം
നിസ്തുല നിർവൃതിവാചകവും.
ആകർഷണീയം ജഗദഘകർഷിത്വം
കൃഷ്ണാകും നിനക്കേകി ഗർഗ്ഗൻ.

അർത്ഥം : 'കൃഷ്' എന്ന ധാതുഭൂമിയെ സൂചിപ്പിക്കുന്നു. 'ണ' കാരം, സത്ത, ആനന്ദം എന്ന് വിളിക്കുന്ന നിസ്തുലമായ നിർവൃതിയേയും – അതായത് ഭൂമിയുടെ സത്തായ ആനന്ദം (സാന്ദ്രാനന്ദം) അഥവാ ഭൂമിയുടെ നിർവൃതി. സർവ്വാകർഷകത്വം, ലോകത്തിന്റെ സർവ്വ പാപവും കർഷിക്കുന്നത് (നശിപ്പിക്കുന്നത്), എന്നീ അർത്ഥത്തിലും അന്വർത്ഥ

മായ കൃഷ്ണനാമം ഏറ്റവും ആകർഷണീയമാണ്. അതാണ് മഹർഷി നിനക്കു തന്നത്.

മൂലം – 6

അന്യാശ്ച നാമഭേദാൻ
വ്യാകുർവ്വർന്നഗ്രജേ ചരാമാദീൻ
അതിമാനുഷാനുഭാവം
ന്യഗദത്ത്വാമപ്രകാശയൻ പിത്രേ.

ഭാഷ

വാസുദേവാദിയാമന്യനാമങ്ങൾ, നിൻ
ജ്യേഷ്ഠന്റെ രാമാദിനാമങ്ങളും
വ്യാകരിച്ചോതി, യതി മാനുഷനിവൻ
"നാരായണൻതാ" നെന്നോതിയില്ല.

അർത്ഥം : കൃഷ്ണന്റെ വാസുദേവൻ മുതലായ മറ്റു നാമങ്ങളും, ജ്യേഷ്ഠന്റെ രാമൻ മുതലായ നാമങ്ങളും വ്യാകരിച്ച് അർത്ഥം പറഞ്ഞു കൊടുത്ത മുനി ഇവൻ "അതിമാനുഷ"മായ പ്രഭാവമുള്ളവനാണെന്ന് പറഞ്ഞു കൊടുത്തു. "സാക്ഷാൽ നാരായണൻ തന്നെ" യാണെന്ന് അറിഞ്ഞിട്ടും അത് പറഞ്ഞുകൊടുത്തില്ല.

മൂലം – 7

സ്നിഹ്യതി യസ്തവ പുത്രേ
മുഹ്യതി സ ന മായികൈഃ പുനഃ ശോകൈഃ
ദ്രുഹ്യതി യഃ സ തു നശ്യേ-
ദിത്യവദത്തേ മഹത്വമൃഷിവര്യഃ.

ഭാഷ

'ആരു പ്രേമിക്കുമിവനെ യാമാനസം
മായാദുഃഖത്താൽ മോഹിക്കയില്ല
ആരു ക്രോധിക്കുമിവനെയവൻ നാശ
മാകു' മിതാണിവൻ തൻ മഹത്വം.

അർത്ഥം : മുനി പറഞ്ഞു. ആര് ഇവനെ സ്നേഹിക്കുന്നുവോ, അവർ പിന്നെ ഒരു കാലവും മായാദുഃഖത്താൽ മോഹിക്കയില്ല. ആര് ഇവ നോട് ക്രോധിക്കുന്നുവോ അവർ നാശമടയും. ഇതാണ് ഇവന്റെ മഹത്വം.

മൂലം – 8

ജേഷ്യതി ബഹുതരദൈത്യാൻ
നേഷ്യതി നിജബന്ധുലോകമമലപദം
ശ്രോഷ്യതി സുവിമലകീർത്തീ-
രസ്യേതി ഭവദിഭൂതിമൃഷിരൂചേ.

ഭാഷ

ഏറെയസുരരെക്കൊല്ലുമിവൻ, സ്നേഹ-
മേറുവോരെ വിഷ്ണുപാദമേറ്റും
കേൾക്കുമവിടുന്നിവന്റെ വിമലമാം
കീർത്തിയെന്നോതിനാൻ ധർമ്മാചാര്യൻ.

അർത്ഥം : ഇവൻ ഒട്ടേറെ അസുരന്മാരെ വധിക്കും, പ്രേമിക്കുന്നവരെയെല്ലാം വിഷ്ണുലോകത്തിലെത്തിക്കും. ഇവന്റെ വിമല കീർത്തി അങ്ങ് കേൾക്കും' എന്ന് ഋഷി പറഞ്ഞു.

മൂലം – 9

'അമുനൈവ സർവ്വദുർഗ്ഗം
തരിതാസ്ഥ കൃതാസ്ഥമത്ര തിഷ്ഠധ്വം'
ഹരിരേവേത്യനഭിലപ-
ന്നിത്യാദി ത്വാമവർണ്ണയത് സ മുനിഃ.

ഭാഷ

'ഉണ്ണിയിവനാലെ സർവ്വവിഘ്നങ്ങളും
നന്നായകലും, നമിയ്ക്ക വേണം
സേവിക്ക പുത്രനെ', ചൊല്ലാതെ ചൊല്ലിനാൻ
ശ്രീ ഹരിയെന്നു തൻ വർണ്ണനയാൽ

അർത്ഥം : 'ഈ ഉണ്ണിയാൽ സകല വിഘ്നവും ദുർഘടങ്ങളും തീർത്തു തരപ്പെടും – ഇവൻ നമസ്കരിക്കപ്പെടേണ്ടവനാണ്. ഈ പുത്രനെ സേവിക്കുക' എന്ന് 'ഹരിയാണിവൻ' എന്ന് പറയാതെ പറഞ്ഞു ഗർഗ്ഗ മുനി.

മൂലം – 10

ഗർഗ്ഗേ *f*ഥ നിർഗ്ഗതേ്സ്മിൻ
നന്ദിതനന്ദാദിനന്ദ്യമാനസ്ത്വം
മദ്ഗദമുദ്ഗതകരുണോ
നിർഗ്ഗമയ ശ്രീമരുത്പുരാധീശ.

ഭാഷ

ഗർഗ്ഗൻ ഗമിയ്ക്കവെ, നന്ദാദിനന്ദിത-
നന്ദനാ, ശ്രീ ഗുരുവായൂരപ്പാ
ഉള്ളിൽ കരുണയുള്ളോനല്ലെ, രോഗങ്ങ-
ളെല്ലാമകറ്റിസ്സുഖം തരണേ.

അർത്ഥം : ഗർഗ്ഗമുനി പോയ ശേഷം നന്ദാദികളാൽ ആനന്ദപൂർവ്വം സേവിതനായി ലാളിക്കപ്പെട്ട നന്ദനന്ദനയായ. ഗുരുവായൂരപ്പാ, കരുണാ ഹൃദയമുള്ള നീ എന്റെ രോഗങ്ങൾ അകറ്റി സുഖം തരണേ.

O

ദശകം 45

ബാലലീല

മൂലം - 1

അയി സബലമുരാരേ! പാണിജാനുപ്രചാരൈഃ
കിമപി ഭവനഭാഗാൻ ഭൂഷയന്തൗ ഭവന്തൗ,
ചലിതചരണകഞ്ജൗ മഞ്ജുമഞ്ജീരശിഞ്ജാ-
ശ്രവണകുതുകഭാജൗ ചേരതുശ്ചാരുവേഗാത്.

ഭാഷ

മുട്ടുകുത്തീട്ടിഴഞ്ഞാ നന്ദഗേഹത്തെ-
യൊട്ടുക്കലങ്കരിച്ചീടുവോരായ്
മഞ്ജു മഞ്ജീര ശിഞ്ജ ശ്രവണത്തിനായ്
ചെഞ്ചെറുകാലിളക്കുന്നവരായ്
ചാരുവേഗത്തിൽച്ചരിയ്ക്കുവോർ കൃഷ്ണനും
രാമനും, അമ്പാടിയെത്ര രമ്യം

അർത്ഥം : കുട്ടികൾ മുട്ടുകുത്തി ഇഴഞ്ഞ് നന്ദഭവനത്തെ മുഴുവൻ അല ങ്കരിക്കുന്നവരായി; കാലിലെ തള കിലുങ്ങുന്ന നാദം കേൾക്കാൻ അവർ ചുവന്ന ചെറിയ കാലുകൾ തുരുതുരെ ഇളക്കി ചാരുവേഗത്തിൽ സഞ്ചരിച്ചു. രാമകൃഷ്ണന്മാരുടെ ആ ബാലലീലയാൽ അലങ്കൃതമായ അമ്പാടി എത്ര മനോഹരം.

(16-ാം നൂറ്റാണ്ടിൽ നാരായണീയം എഴുതപ്പെടുന്ന കാലം വരെ "ചേരതു" എന്ന പദത്തിന് സഞ്ചരിച്ചു എന്നാണർത്ഥമെന്ന് ഈ ശ്ലോക ത്തിൽ നിന്നറിയാം. "ചേര"ന്മാരുടെ നാടായ നമ്മുടെ കേരളം "സഞ്ചാരി" കളുടെ നാടാണ്. സമുദ്രത്തിലും കരയിലും സഞ്ചരിക്കുന്ന 'wandering Tribes' എന്ന ആദിമ വർഗ്ഗത്തിന്റെ കാലമാണ് ചേരന്മാരുടേയും ചേര മാന്മാരുടേയും ഉത്ഭവകാലം

മൂലം - 2

മൃദുമൃദുവിഹസന്താവുന്മിഷദ്ദന്തവന്തൗ
വദനപതിതകേശൗ ദൃശ്യപാദാബ്ജദേശൗ
ഭുജഗളിതകരാന്തവ്യാലഗത്കങ്കണാങ്കൗ
മതിമഹരതമുച്ചൈഃ പശ്യതാം വിശ്വനൃണാം.

ഭാഷ

മന്ദഹസിയ്ക്കെത്തെളിയുന്ന പല്ലുകൾ,
ചന്തത്തിൽ നെറ്റിയിൽ വീണ കേശം
താമരക്കാലടി കാണിച്ചു, കയ്യിൽ നി-
ന്നൂർന്ന വളകൾ തൻ പാട്ടു കേട്ടും
ലീലകളാടുമാ ബാലരെക്കണ്ടവ-
രീലോകം തന്നെ മറന്നുപോയി.

അർത്ഥം : പുഞ്ചിരിക്കുമ്പോൾ മുൻവരിയിലെ രണ്ടുനാലു പല്ലു കാണുന്ന പ്രായമായി. ഭംഗിയിൽ നെറ്റിയിൽ വീണ മുടിച്ചുരുളും, താമര കാലടിയും, വളകൾ ഊർന്നു വീഴുമ്പോഴുള്ള നാദവും ഒക്കെയായി ലീലയാടുന്ന ആ കുഞ്ഞുങ്ങളെ കണ്ടവരെല്ലാം അവരാൽ ആകർഷിക്കപ്പെട്ട് ഈ ലോകം തന്നെ മറന്നുനിന്നു.

മൂലം - 3

അനുസരതി ജനൗഘേ കൗതുകവ്യാകുലാക്ഷേ
കിമപി കൃതനിനാദം വ്യാഹസന്തൗ ദ്രവന്തൗ
വലിതവദനപദ്മം പൃഷ്ഠതോ ദത്തദൃഷ്ടീ
കിമിവ ന വിദധാഥേ കൗതുകം വാസുദേവ!

ഭാഷ

ഗോപർ പിടിക്കാനെടുക്കാനും ചെല്ലുമ്പോൾ
കൊഞ്ചിച്ചിരിച്ചു നോക്കീട്ടു മണ്ടും
പിന്നെ മുഖം തിരിച്ചൊന്നു നോക്കും, "വരു-
ന്നുണ്ടോ?" നന്ദാത്മജർ സുന്ദരന്മാർ

അർത്ഥം : കുറച്ചുകൂടി വലുതായപ്പോൾ ഗോപവൃന്ദം പിടിക്കാനും എടുക്കാനും ചെല്ലുമ്പോൾ പിടികൊടുക്കാതെ അവ്യക്തമായതെന്തോ കൊഞ്ചി, അവരെ നോക്കി ചിരിച്ച് മണ്ടും. ഇത്തിരി ഓടിയിട്ട് മുഖം തിരിച്ച് 'വരുന്നുണ്ടോ' എന്ന് പിന്നാക്കം നോക്കും. സുന്ദരന്മാരായ നന്ദാത്മജന്മാർ കാണികൾക്ക് കൗതുകമായി.

മൂലം - 4

ദ്രുതഗതിഷു പതന്താവുത്ഥിതൗ ലിപ്തപങ്കൗ
ദിവി മുനിഭിരപങ്കൈഃ സസ്മിതം വന്ദ്യമാനൗ
ദ്രുതമഥ ജനനീഭ്യാം സാനുകമ്പം ഗൃഹീതൗ
മുഹുരപി പരിരബ്ധൗ ദ്രാഗ്യുവാം ചുംബിതൗ ച.

ഭാഷ

വീഴും, പിടഞ്ഞെഴുന്നേൽക്കും, ചളി പുര-
ണ്ടോടുമ്പോളമ്മമാർ വന്നെടുക്കും
പങ്കമില്ലാത്ത മുനികൾ വന്ദിക്കുന്ന
പങ്കം പുരണ്ടോരാം നന്ദനരെ
അങ്കത്തിലേറ്റിയണച്ചു പുൽകിക്കൊഞ്ചി
ചുംബിക്കുമമ്മമാർ ധന്യരായി.

അർത്ഥം : ഓടി വീഴുമ്പോൾ തട്ടിക്കുടഞ്ഞെഴുന്നേറ്റ് ചളിപുരണ്ട മെയ്യോടെ വീണ്ടും ഓടും. അമ്മമാർ ഓടിവന്ന് അവരെ എടുക്കും. ഒട്ടും ചളി പുരളാത്ത നിർമ്മല മനസ്ക്കരായ മഹർഷിമാരാൽ വന്ദിക്കപ്പെടുന്ന, ചളി പുരണ്ട ആ കുട്ടികളെ എടുത്ത് കെട്ടിപ്പിടിച്ച് മടിയിൽ വെച്ച് തെരുതെരെ ഉമ്മവെച്ച് കൊഞ്ചിച്ച് അമ്മമാർ ധന്യരായി.

മൂലം – 5

സ്നുതകുചഭരമങ്കേ ധാരയന്തീ ഭവന്തം-
തരളമതിയശോദാ സ്തന്യദാ ധന്യധന്യാ
കപടപശുപ, മധ്യേ മുഗ്ദ്ധഹാസാങ്കുരം തേ
ദശനമുകുളഹൃദ്യം വീക്ഷ്യ വക്ത്രം ജഹർഷ.

ഭാഷ

ധാരയായിച്ചുരക്കുന്ന പാൽ നൽകീട്ടു
ശ്രീഹരേ, യമ്മ മടിയിൽവെയ്ക്കെ
മുഗ്ദ്ധമാം പുഞ്ചിരിപ്പൂമൊട്ടാം രണ്ടിളം-
കുട്ടിപ്പൽ കാട്ടിച്ചിരിച്ചിടും നീ
അമ്മതൻ മാനസം സ്നേഹാർദ്ര കാരുണ്യ-
പ്പാലാഴിയാക്കുന്ന മായാഗോപാ.

അർത്ഥം : ധാരയായി ചുരക്കുന്ന പാലു കുടിച്ച് അമ്മയുടെ മടിയിലി രുന്ന് നീ മുഗ്ദ്ധമായ പുഞ്ചിരിപ്പൂമൊട്ടുപോലെ രണ്ട് പാൽപ്പല്ലു കാട്ടി ചിരിക്കും. മായാ ഗോപബാലാ, അങ്ങനെ നീ അമ്മയുടെ മനസ്സ് സ്നേഹകാരുണ്യങ്ങളാൽ ആർദ്രമായ ആനന്ദപ്പാലാഴിയാക്കിത്തീർത്തു.

മൂലം – 6

തദനു ചരണചാരീ ദാരകൈഃ സാകമാരാ-
ന്നിലയതതിഷു ഖേലൻ ബാലചാപല്യശാലീ
ഭവനശുകബിഡാലാൻ വത്സകാംശ്ചാനുധാവൻ
കഥമപി കൃതഹാസൈർഗോപകൈർവാരിതോഽഭൂഃ.

ഭാഷ

മെല്ലെനടന്നിട്ടടുത്ത വീട്ടിൽച്ചെന്നു
സല്ലീലം ബാലരുമൊത്തു നിങ്ങൾ
ബാലചാപല്യത്താൽത്തത്തവത്സാദിയെ
താവിപ്പിടിയ്ക്കെത്തടഞ്ഞു ഗോപർ.

അർത്ഥം : നടക്കുന്ന പ്രായമായി – കൂടെ കളിക്കുന്ന കുട്ടികളുമൊത്ത് അടുത്ത വീടുകളിൽ ചെന്ന് ബാലചാപല്യത്താൽ അവിടെ വളർത്തുന്ന തത്ത, പശുക്കുട്ടി ഇവയെ പിടിക്കാൻ ശ്രമിക്കുമ്പോൾ ഗോപന്മാർ പുഞ്ചിരിച്ചുകൊണ്ട് നിങ്ങളെ തടഞ്ഞു.

മൂലം – 7

ഹലധരസഹിതസ്ത്വം യത്ര യത്രോപയാതോ
വിവശപതിതനേത്രാസ്തത്ര തത്രൈവ ഗോപ്യഃ
വിഗളിതഗൃഹകൃത്യാ വിസ്മൃതാപത്യഭൃത്യാ
മുരഹര! മുഹുരത്യന്താകുലാ നിത്യമാസൻ.

ഭാഷ

എങ്ങെങ്ങുണ്ടുണ്ണികളങ്ങങ്ങുണ്ടാലോല-
മംഗള നേത്രങ്ങൾ ഗോപിമാർക്കും
വീട്ടുകടമകളൊക്കെ മറന്നവർ
നിന്നിലനുരക്തരായ് ചമഞ്ഞു.

അർത്ഥം : എവിടെവിടെ ഉണ്ണികൾ ഉണ്ടോ, അവിടവിടെ ചഞ്ചലങ്ങളും മംഗളകരങ്ങളുമായ ഗോപിമാരുടെ കണ്ണുകളുമെത്തി. വീട്ടുജോലികൾ പോലും നിന്നിൽ അനുരക്തരായ അവർ മറന്നു.

മൂലം - 8

പ്രതിനവനവനീതം ഗോപികാദത്തമിച്ഛൻ
കളപദമുപഗായൻ കോമളം ക്വാപി നൃത്യൻ
സദയയുവതിലോകൈരർപ്പിതം സർപ്പിരശ്നൻ
ക്വചന നവവിപക്വം ദുഗ്ദ്ധമപ്യാപിബസ്ത്വം.

ഭാഷ

എന്നും പുതുവെണ്ണ നൽകുമവർക്കായി
പാടിയുമാടിയും ചോടുവെച്ചും
ആയർ യുവതികളർപ്പിക്കും നെയ്, പാലും
വാങ്ങിക്കുടിച്ചും നീ കേളിയാടി.

അർത്ഥം : എന്നും ഗോപസ്ത്രീകൾ പുതിയ വെണ്ണ കൊടുക്കും. അത് കിട്ടാൻ കൊതിച്ച് അവരുടെ മുമ്പിൽ ആടിയും പാടിയും ചുവടുവെച്ചു കളിച്ചും, അവർ അർപ്പിക്കുന്ന നെയ്യും പാലും വാങ്ങിക്കഴിച്ചും നീ അമ്പാടിയിൽ വിഹരിച്ചു.

മൂലം - 9

"മമ ഖലു ബലിഗേഹേ യാചനം ജാത, മാസ്താ;
മിഹ പുനരബലാനാമഗ്രതോ നൈവ കുർവേ"-
ഇതി വിഹിതമതിഃ കിം ദേവ! സംത്യജ്യ യാച്ഞാം
ദധിഘൃതമഹരസ്ത്വം ചാരുണാ ചോരണേന.

ഭാഷ

'യാചിച്ചു ഞാൻ ബലിഗേഹത്തിൽ, ച്ചെയ്യി-
ല്ലബലാഗൃഹത്തി' ലെന്നാലോചിച്ചോ
യാചിക്കാതെ കട്ടു തിന്നാനുത്സാഹമായ്
പാൽവെണ്ണ മോഷ്ടിച്ചു, വാസുദേവാ-

അർത്ഥം : പണ്ട് മഹാബലിയോട് യാചിച്ചപോലെ ഈ അബലപ്പെണ്ണുങ്ങളോട് ഞാൻ ഭിക്ഷ യാചിക്കയില്ല എന്നു വിചാരിച്ചാണോ, അവരുടെ പാലും വെണ്ണയുമൊക്കെ നീ വിദഗ്ദ്ധമായി കട്ടുതിന്നാൻ തുടങ്ങിയത്?

മൂലം – 10

തവ ദധിഘൃതമോഷേ ഘോഷയോഷാജനാനാ-
മഭജത ഹൃദി രോഷോ നാവകാശം ന ശോകഃ;
ഹൃദയമപി മുഷിത്വാ ഹർഷസിന്ധൗ ന്യധാസ്ത്വം
സ മമ ശമയ രോഗാൻ വാതഗേഹാധിനാഥ!

ഭാഷ

മോഷണം കണ്ടുമാഘോഷയോഷാജനം
രോഷമോ ശോകമോ ആർന്നതില്ല
ആകർഷണീയം നിൻരൂപം മനങ്ങളെ-
യാഹർഷ സിന്ധുവിൽ മഗ്നമാക്കെ-
ഏതുണ്ടുശോകം ഗുരുവായൂരപ്പാ എൻ
രോഗ ശോകങ്ങളകറ്റിടേണം

അർത്ഥം : നീ കട്ടുതിന്നുന്നതു കണ്ടിട്ടും ഗോപസ്ത്രീകൾക്ക് ദേഷ്യവും വന്നില്ല, ശോകവും വന്നില്ല. നിന്റെ ആകർഷണീയരൂപം അവരുടെ മനസ്സുകളെ അത്രമേൽ "ഹർഷസിന്ധു"വിൽ മഗ്നമാക്കിക്കഴിഞ്ഞിരുന്നു. അങ്ങനെയിരിക്കെ പിന്നെ എവിടെ ശോകം! ഗുരുവായൂരപ്പാ എന്റെ രോഗവും രോഗത്താലുണ്ടായ ശോകവും അതുപോലെ അകറ്റണം.

O

ദശകം 46

വിശ്വരൂപദർശനം

മൂലം – 1

അയി ദേവ! പുരാ കില ത്വയി
സ്വയമുത്താനശയേ സ്തനന്ധയേ
പരിജൃംഭണതോ വ്യപാവൃതേ
വദനേ വിശ്വമചഷ്ട വല്ലവീ.

ഭാഷ

അമ്മതൻ പാലു കുടിയ്ക്കാൻ കിടക്കുന്ന
തന്മകൻ കോട്ടുവായിട്ട നേരം
വല്ലവി കണ്ടു പ്രപഞ്ചമഖിലവും
ചെല്ലച്ചെറുകുഞ്ഞിച്ചോരി വായിൽ

അർത്ഥം : ഒരിക്കൽ അമ്മയുടെ മടിയിൽ പാലു കുടിക്കാൻ മലർന്നു കിടക്കുന്ന മകൻ കോട്ടുവായിട്ടപ്പോൾ, യശോദ കുഞ്ഞിന്റെ ചോരി വായിൽ പ്രപഞ്ചം മുഴുവൻ കണ്ടു.

മൂലം – 2

പുനരപ്യഥ ബാലകൈസ്സമം
ത്വയി ലീലാനിരതേ ജഗത്പതേ!
ഫല സഞ്ചയവഞ്ചനക്രുധാ
തവ മൃദ്ഭോജനമൂചുരർഭകാഃ.

ഭാഷ

ബാലകരൊത്തുകളിയ്ക്കെപ്പൊടിമണ്ണു
ലീലയാ തിന്നുണ്ണിയെന്ന കാര്യം
ഏറെപ്പഴം കട്ടുതിന്നതിന്നീർഷ്യയാൽ
കൂറി മാതാവിനോടുണ്ണിമാരും.

അർത്ഥം : കുട്ടികളുടെ കൂടെ കളിക്കുമ്പോൾ കണ്ണൻ മണ്ണു തിന്നു. തങ്ങളെ പറ്റിച്ച് കൂടുതൽ പഴം തിന്ന ഈർഷ്യ തീർക്കാൻ കുട്ടികൾ ഈക്കാര്യം അമ്മയോട് ചെന്നു പറഞ്ഞു.

മൂലം – 3

അയി തേ പ്രളയാവധൗ വിഭോ!
ക്ഷിതിതോയാദിസമസ്തഭക്ഷിണഃ
മൃദുപാശനതോ രുജാ ഭവേ-
ദിതി ഭീതാ ജനനീ ചുകോപ സാ.

ഭാഷ

കല്പപ്രളയത്തിൽ ബ്രഹ്മാണ്ഡമുണ്ടോനേ
അല്പമണ്ണുണ്ടാൽ വരുമോ ദണ്ണം!
ഉണ്ണിക്കുമണ്ണുണ്ടുദണ്ണം പിടിക്കുമെ-
ന്നമ്മ ദണ്ഡിക്കുവാനായണഞ്ഞു.

അർത്ഥം : കല്പാന്തപ്രളയത്തിൽ ബ്രഹ്മാണ്ഡം മുഴുവൻ തിന്നുന്ന നിനക്ക് ഒരിത്തിരി മണ്ണുതിന്നാൽ എന്തു സംഭവിക്കാനാണ്! ഉണ്ണിക്ക് മണ്ണ് തിന്ന് ദണ്ണം പിടിക്കുമെന്ന് പേടിച്ച് അമ്മ ശിക്ഷിക്കാൻ ഓടിവന്നു.

മൂലം – 4

അയി ദുർവിനയാത്മക!, ത്വയാ
കിമു മൃത്സാ ബത! വത്സ! ഭക്ഷിതാ?
ഇതി മാതൃഗിരം ചിരം വിഭോ!
വിതഥാം താം പ്രതിജജ്ഞിഷേ ഹസൻ.

ഭാഷ

"തിന്നരുതെന്നു പറഞ്ഞിട്ടും നീയിന്നു
മണ്ണുണ്ടുവോ" വെന്ന ചോദ്യം കേൾക്കെ
മന്ദഹസിച്ചിട്ടു നന്ദാത്മജൻ മെല്ലെ
'മണ്ണുതിന്നില്ലെ'ന്നു കള്ളമോതി

അർത്ഥം : മണ്ണു തിന്നരുതെന്ന് പറഞ്ഞതല്ലേ – എന്നിട്ടും നീ മണ്ണു തിന്നുവോ എന്ന അമ്മയുടെ ചോദ്യത്തിന് മന്ദഹാസത്തോടെ മകൻ 'ഞാൻ മണ്ണു തിന്നില്ല' എന്ന് കള്ളം പറഞ്ഞു.

മൂലം – 5

അയി തേ സകലൈർവിനിശ്ചിതേ
വിമതിശ്ചേദ്വദനം വിദാര്യതാം
ഇതി മാതൃവിഭർത്സിതോ മുഖം
വികസത്പദ്മനിഭം വ്യദാരയഃ.

ഭാഷ

'ഉണ്ണീപറയുന്നിതെല്ലാരും, വായ്പൊളി-
ച്ചുണ്ടില്ലയെന്നു തെളിയിക്കേണം'
പാതിവിടർന്ന ചെന്താമരപോൽ മധു-
രോദാരം വായ പിളർത്തി ബാലൻ.

അർത്ഥം : 'എല്ലാവരും പറയുന്നു നീ മണ്ണു തിന്നു എന്ന്. തിന്നില്ല എന്നുണ്ടെങ്കിൽ വായ്പൊളിച്ചു കാണിച്ച് തെളിയിക്ക്' എന്ന് അമ്മ പറഞ്ഞപ്പോൾ കൃഷ്ണൻ പകുതി വിടർന്ന ചെന്താമരമൊട്ടുപോലെ വായ പിളർത്തിക്കാട്ടി.

മൂലം – 6

അയി! മൃല്ലവദർശനോത്സുകാം
ജനനീം താം ബഹു തർപ്പയന്നിവ
പൃഥിവീം നിഖിലാന്ന കേവലം
ഭുവനാന്യപ്യഖിലാന്യദീദൃശഃ.

ഭാഷ

മണ്ണുതെല്ലെങ്കിലും കാണാൻ തിരയുന്ന
അമ്മയ്ക്കു സംതൃപ്തിയേകുവാനോ
ഭൂവിലെ മണ്ണെല്ലാം, സർവ്വപ്രപഞ്ചവും
കാണിച്ചു ചോരിവായ് ഗഹ്വരത്തിൽ

അർത്ഥം : കുറച്ചെങ്കിലും മണ്ണ് കണ്ണന്റെ വായിൽ കാണാൻ തിരയുന്ന അമ്മയ്ക്ക് നല്ലവണ്ണം തൃപ്തിയാകാനെന്നപോലെ, കണ്ണൻ ഭൂമിയിലെ മണ്ണു മുഴുവനും, സർവ്വപ്രപഞ്ചവും ആ ചെറിയ വായിൽ കാണിച്ചു കൊടുത്തു.

മൂലം – 7

കുഹചിദ്വനമംബുധിഃ ക്വചിത്
ക്വചിദഭ്രം കുഹചിദ്രസാതലം
മനുജാ ദനുജാഃ ക്വചിത്സുരാ
ദദൃശേ കിംന തദാ ത്വദാനനേ.

മൂലം – 10

ധൃതതത്ത്വധിയം തദാ ക്ഷണം
ജനനീം താം പ്രണയേന മോഹയൻ
സ്തനമംബ! ദിശേത്യുപാസജൻ
ഭഗവന്നത്ഭുതബാല! പാഹിമാം.

ഭാഷ

തത്ത്വബോധം ക്ഷണമുണ്ടായൊരമ്മയെ
പ്രേമമാം മായയിൽ ബന്ധിക്കാനായ്
'അമ്മേ വിശക്കുന്നു, അമ്മിഞ്ഞവേണമെ-
ന്നോതിയോരമ്മണിക്കുഞ്ഞേ, പാഹി.

അർത്ഥം : ഒരു ക്ഷണനേരത്തേക്ക് തത്വബോധം വന്ന അമ്മയെ വീണ്ടും പ്രേമമെന്ന മായയിൽ ബന്ധിക്കാൻ "അമ്മേ, വിശക്കുന്നു, അമ്മിഞ്ഞവേണ' മെന്ന് പറ്റിക്കൂടി നിന്ന മണിക്കുഞ്ഞേ, രക്ഷിക്കണേ.

O

ദശകം 47

ഉലൂഖലബന്ധനം

മൂലം – 1

ഏകദാ ദധിവിമാഥകാരിണീം
മാതരം സമുപസേദിവാൻ ഭവാൻ
സ്തന്യലോലുപതയാ നിവാരയ-
ന്നങ്കമേത്യ പപിവാൻ പയോധരൗ.

ഭാഷ

തൈരുകടയും യശോദതന്നങ്കത്തിൽ
പാലുകുടിയ്ക്കാനുള്ളാശയോടെ
ചെന്നിരുന്നമ്മിഞ്ഞയുണ്ണവെ കണ്ണന്റെ-
യമ്മ മറന്നുപോയ് മറ്റെല്ലാമേ.

അർത്ഥം : തൈര് കടയുന്ന യശോദയുടെ മടിയിൽ പാൽ കുടിക്കാൻ മോഹിച്ച് കണ്ണൻ ചെന്നിരുന്നു. മുല കുടിക്കാൻ തുടങ്ങിയപ്പോൾ അമ്മ കുറച്ചു നേരത്തേക്ക് വീട്ടുകാര്യങ്ങളൊക്കെ മറന്നുപോയി.

മൂലം – 2

അർദ്ധപീതകുചകുഡ്മളേ ത്വയി
സ്നിഗ്ദ്ധഹാസമധുരാനനാംബുജേ
ദുഗ്ദ്ധമീശ, ദഹനേ പരിസ്രുതം
ധർത്തുമാശു ജനനീ ജഗാമ തേ.

ഭാഷ

പാതി കുടിച്ചു, പാൽപുഞ്ചിരി തൂകുമാ
താമരപ്പൂമുഖം നോക്കിയമ്മ
പെട്ടെന്നടുക്കളത്തിണ്ണയിൽ തൂവുന്ന
ദുഗ്ദ്ധമോർത്തിട്ടെഴുന്നേറ്റു പോയി.

അർത്ഥം : പകുതി കുടിച്ച് തന്റെ മുഖത്തു നോക്കി പാൽപുഞ്ചിരി തൂകുന്ന ആ താമരപ്പൂമുഖം നോക്കിയിരിക്കെ, പെട്ടെന്ന് അമ്മയ്ക്ക് അടുക്കളയിൽ തിളച്ചു തൂവിപ്പോകുന്ന പാലിന്റെ ഓർമ്മ വന്നു. അപ്പോൾ തന്നെ എഴുന്നേറ്റ് അടുക്കളയിലേക്കു പോകയും ചെയ്തു.

മൂലം – 3

സാമിപീതരസഭംഗസംഗത-
ക്രോധഭാരപരിഭൂതചേതസാ
മന്ഥദണ്ഡമുപഗൃഹ്യ പാടിതം
ഹന്ത ദേവ; ദധിഭാജനം ത്വയാ.

ഭാഷ

പാതി കുടിച്ച മുലപ്പാൽ നിഷേധിച്ച
ക്രോധം കൊണ്ടക്കടകോലെടുത്ത്
തൈർക്കലം തല്ലിയുടച്ചു വികൃതിയാ-
മർഭകൻ ഓടി മറഞ്ഞുപോയി.

അർത്ഥം : പകുതി കുടിച്ച മുലപ്പാൽ നിഷേധിച്ചതിലുള്ള കോപം പ്രകടിപ്പിക്കാൻ വികൃതിയായ കുട്ടി കടകോലെടുത്ത് തൈർക്കലം തല്ലിയുടച്ച് ഓടിമറഞ്ഞു.

മൂലം – 4

ഉച്ചലദ് ധ്വനിതമുച്ചകൈസ്തദാ
സന്നിശമ്യ ജനനീ സമാദ്രുതാ
ത്വദ്യശോവിസരവദ് ദദർശ സാ
സദ്യ ഏവ ദധി വിസ്തൃതം ക്ഷിതൗ.

ഭാഷ

തൈർക്കലം പൊട്ടിയ ശബ്ദം കേട്ടമ്മവ-
ന്നുണ്ണി കാണിച്ചൊരാ വേല കണ്ടു
നിൻ കീർത്തിപോലെ ധവളം, പരക്കുന്നു
മന്നിടമൊക്കെയും തൈർനുരകൾ.

അർത്ഥം : കലമുടഞ്ഞ ശബ്ദം കേട്ടുവന്ന അമ്മ ഉണ്ണി കാണിച്ചു വെച്ച പണി കണ്ടു. കണ്ണന്റെ കീർത്തിപോലെ വെളുത്തു വിസ്തൃതമായി ഭൂമിയിൽ പരക്കുന്ന തൈർനുരകൾ കണ്ടു.

മൂലം – 5

വേദമാർഗ്ഗപരിമാർഗ്ഗിതം രുഷാ
ത്വാമവീക്ഷ്യ പരിമാർഗ്ഗയന്ത്യസൗ
സന്ദദർശ സുകൃതിന്യുലൂഖലേ
ദീയമാനനവനീതമോതവേ.

ഭാഷ

വേദമാർഗ്ഗത്തിൽ ഋഷിമാർ തിരഞ്ഞിട്ടും
കാണാത്ത നിന്നെത്തിരഞ്ഞാളമ്മ.
മൊച്ചയ്ക്കു വെണ്ണ കൊടുത്തിട്ടുരലിന്മേൽ
മുറ്റത്തിരിക്കും മകനെക്കണ്ടു.

അർത്ഥം : വേദമാർഗ്ഗത്തിൽ ജ്ഞാനികളായ ഋഷിമാർ തിരഞ്ഞിട്ടും കാണാത്തവനെ തിരയുന്ന അമ്മ, തന്റെ വീട്ടുമുറ്റത്ത് ഉരലിന്മേലിരുന്ന് കുരങ്ങന് വെണ്ണ കൊടുത്തു കളിക്കുന്ന നിന്നെ കണ്ടു. (വൃന്ദാവനത്തിൽ നിറയെ കുരങ്ങന്മാരാണ്. അതുകൊണ്ട് മൂലകൃതിയിൽ വ്യാസനെഴുതിയ മർക്കായകാമം ദദതം ശിചിസ്ഥിതം എന്നതാണ് പൂച്ചക്ക് എന്നതിനേക്കാൾ അനുയോജ്യം).

മൂലം – 6

ത്വാം പ്രഗൃഹ്യ ബത ഭീതിഭാവനാ-
ഭാസുരാനനസരോജമാശു സാ
രോഷരൂഷിതമുഖീ സഖീപുരോ
ബന്ധനായ രശനാമുപാദദേ.

ഭാഷ

കോപിച്ച ദേവി കയറെടുത്തീടിനാൾ
പേടി നടിക്കുന്ന നിന്നെക്കെട്ടാൻ
തോഴിമാർ കാണാൻ നടത്തുമീ നാട്യങ്ങ-
ളെത്ര ചിത്രം നടനാരായണാ.

അർത്ഥം : അമ്മ നിന്നെ കെട്ടിയിടാൻ കയറെടുത്തു. അമ്മയുടെ തോഴിമാരുടെ മുന്നിൽ വെച്ച് കണ്ണൻ പേടി അഭിനയിച്ചു നിന്നു. അവരെ കണ്ടാൽ നടിക്കുന്ന ഈ നാട്യങ്ങൾ നടനാരായണാ, എത്ര ചിത്രങ്ങൾ!

മൂലം – 7

ബന്ധുമിച്ഛതി യമേവ സജ്ജന-
സ്തം ഭവന്തമയി ബന്ധുമിച്ഛതീ
സാ നിയുജ്യ രശനാഗുണാൻ ബഹൂൻ
ദ്വ്യംഗുലോനമഖിലം കിലൈക്ഷത.

ഭാഷ

സജ്ജനമിച്ഛിപ്പു നിൻ ബന്ധുവാകുവാൻ
ബന്ധനമാണല്ലൊ ബന്ധുമാർഗ്ഗം
അമ്മതൻ ബന്ധനം ദ്വംഗുലം മൗനമായ്
സമ്മതിച്ചില്ല നീ ബന്ധമാർഗ്ഗം.

അർത്ഥം : സജ്ജനങ്ങൾക്ക് ഭഗവാന്റെ ബന്ധുത്വമാണ് ആഗ്രഹം. ബന്ധുക്കളുടെ മാർഗ്ഗമെന്നത് ബന്ധനമാർഗ്ഗമാണ്. നീയാകട്ടെ സർവ്വ ബന്ധവും അറ്റവനാണ്. അതിനാൽ അമ്മയുടെ ബന്ധനമാർഗ്ഗം നീ സമ്മതിച്ചില്ല. എത്ര കയറ് കൂട്ടിക്കെട്ടിയാലും രണ്ടംഗുലം കുറവായി കണ്ട് യശോദ അമ്പരന്നു.

മൂലം – 8

വിസ്മിതോത്സ്മിതസഖീജനേക്ഷിതാം
സ്വിന്നസന്നവപുഷം നിരീക്ഷ്യ താം
നിത്യമുക്തവപുരപ്യഹോ! ഹരേ!,
ബന്ധമേവ കൃപയാന്വമന്യഥാഃ.

ഭാഷ

വിസ്മിതർ തോഴിമാർ പുഞ്ചിരിക്കെ സ്വിന്ന-
ഖിന്നയാമമ്മയിൽ കാരുണ്യത്താൽ.
നിത്യമുക്തം വപുവെന്നാലും ബന്ധനം
സത്യസ്വരൂപനനുവദിച്ചു.

അർത്ഥം : വിസ്മയത്തോടെ പുഞ്ചിരിച്ചു നിൽക്കുന്ന തോഴിമാരുടെ മുമ്പിൽ വിയർത്തു കുളിച്ച് ക്ഷീണിച്ച് തോറ്റു നിൽക്കുന്ന അമ്മയെ കണ്ട് ഭഗവാന് കരുണ തോന്നി. അതിനാൽ, സ്വയം നിത്യമുക്ത സ്വരൂപ നെങ്കിലും അമ്മയുടെ ബന്ധനത്തിന് വഴങ്ങിക്കൊടുത്തു.

മൂലം – 9

സ്ഥീയതാം ചിരമുലൂഖലേ ഖലേ-
ത്യാഗതാ ഭവനമേവ സാ യദാ
പ്രാഗുലൂഖലബിലാന്തരേ തദാ
സർപ്പിരർപ്പിതമദന്നവാസ്ഥിഥാഃ.

ഭാഷ

ഉണ്ണിയെക്കെട്ടിയുരലിൽ "ക്കിടക്കനീ-
യിങ്ങെ" ന്നടുക്കള പൂകിയമ്മ
മുമ്പേയുരൽക്കുഴി തന്നിൽക്കരുതിയ
വെണ്ണയും തിന്നിട്ടിരുന്നു കണ്ണൻ

അർത്ഥം : ഉണ്ണിയെ ഉരലിൽ കെട്ടി "ഇവിടെ കിടക്ക്" എന്നും പറഞ്ഞ് അടുക്കളയിലേക്ക് അമ്മ പോയി. നേരത്തെ ഉരൽക്കുഴിയിൽ സൂക്ഷിച്ച വെണ്ണയും നിന്ന് കണ്ണൻ ഉരലിന്മേലിരുന്നു.

മൂലം - 10

യദ്യപാശ സുഗമോ വിഭോ, ഭവാൻ
സംയത കിമു സപാശയാനയാ
ഏവമാഭി ദിവിജൈരഭിഷ്ടുതോ
വാതനാഥ, പരിപാഹി മാംഗദാത്

ഭാഷ

പാശമില്ലാത്തോർക്കു മാത്രം സുഗമൻ നീ
പാശമെടുത്തോൾക്കും സ്വന്തമായി
സ്വർല്ലോകമേവം സ്തുതിച്ചവനേയെന്നെ
നിർമുക്തമാക്കു രോഗത്തിൽ നിന്നും.

അർത്ഥം : 'പാശങ്ങളറ്റ ഋഷിമാർക്കുമാത്രം ലഭിക്കുന്ന അവിടത്തെ പാശമെടുത്ത ഈ അമ്മ സ്വന്തമാക്കി' എന്ന് സ്വർല്ലോകവാസികളാൽ സ്തുതിക്കപ്പെട്ടവനെ, എന്നെ രോഗമുക്തയാക്കുക.

O

ദശകം 48

നളകൂബരമണിഗ്രീവന്മാരുടെ ശാപമോക്ഷം

മൂലം - 1

മുദാ സുരൗഘൈസ്ത്വമുദാരസമ്മദൈ-
രുദീര്യ ദാമോദര ഇത്യഭിഷ്ടുതഃ
മൃദൂദരഃ സ്വൈരമുലൂഖലേ ലഗ-
ന്നദൂരതോ ദ്വൌ കകുഭാവുദൈക്ഷഥാഃ.

ഭാഷ

ദാമമുദരത്തിൽ ദാമോദരാ യെന്നു
ദേവർ സ്തുതിക്കെ മൃദൂദരൻ നീ
കണ്ടു മരുതുമരങ്ങളിരട്ടകൾ
നിൻ സമീപത്തു, കുതുകമാർന്നു.

അർത്ഥം : ദാമം (കയറ്) ഉദരത്തിൽ കെട്ടുകയാൽ ദാമോദരാ എന്നു ദേവന്മാർ സ്തുതിച്ച മൃദൂദരനായ നീ രണ്ട് മരുതുമരങ്ങളെ അടുത്തു കണ്ട് കൗതുകം പൂണ്ടു.

മൂലം - 2

കുബേരസൂനുർനളകൂബരാഭിധഃ
പരോ മണിഗ്രീവ ഇതി പ്രഥാം ഗതഃ
മഹേശസേവാധിഗതശ്രിയോന്മദൗ
ചിരം കില ത്വദ്വിമുഖാവഖേലതാം.

ഭാഷ

കൂബരനും മണിഗ്രീവനും സൗന്ദര്യ-
സമ്പദ്സമൃദ്ധിയാലുന്മദരായ്
നീളെക്കളിച്ചു നടന്നു നിൻ നാമവും
കൂടി മറന്നിട്ടു പണ്ടുകാലം

അർത്ഥം : നളകൂബരൻ, മണിഗ്രീവൻ എന്നീ വൈശ്രവണപുത്രന്മാർ സൗന്ദര്യത്തിലും സമ്പത്തിലും അഹങ്കരിച്ച് ഉന്മത്തരായി, ഭഗവാന്റെ നാമം കൂടി മറന്ന് കളിച്ചു നടന്നു.

മൂലം – 3

സുരാപഗായാം കില തൗ മദോത്കടൗ
സുരാപഗായദ്ബഹുയൗവതാവൃതൗ
വിവാസസൗ കേളിപരൗ സ നാരദോ
ഭവത്പദൈകപ്രവണോ നിരൈക്ഷത.

ഭാഷ

മദ്യപരായി മദോന്മത്ത സ്ത്രീകളാൽ
ചുറ്റി, വിവസ്ത്രരായ് ഗംഗാ തീർത്ഥേ
വന്നു കേളിക്കവെ കണ്ടു ഭവത്പരൻ
നന്ദിതനായിടും നാരദനെ

അർത്ഥം : മദ്യപിച്ച് വിവസ്ത്രരായി മദോന്മത്തകളായ പെണ്ണുങ്ങളുമൊത്ത് ഗംഗയിൽ കുളിക്കുമ്പോൾ ഭഗവദ്ഭക്തനായ നാരദൻ ആ വഴി വന്നു.

മൂലം – 4

ഭിയാ പ്രിയാലോകമുപാത്തവാസസം
പുരോ നിരീക്ഷ്യാപി മദാന്ധചേതസൗ
ഇമൗ ഭവദ്ഭക്ത്യുപശാന്തിസിദ്ധയേ
മുനിർജഗൗ ശാന്തിമൃതേ കുതഃ സുഖം.

ഭാഷ

ഭീതിപൂണ്ടിട്ടു വധുക്കളുടുത്തു മു-
ണ്ടോ യക്ഷസോദരരന്ധചിത്തർ
ഭക്ത്യുപശാന്തിയവർക്കു ലഭിക്കാനായ്
സത്യശീലൻ മുനിചൊന്നാ നേവം
(ശാന്തി കിട്ടാതെയാർക്കുണ്ടാവും ആനന്ദം-
അന്ധചിത്തർക്കുണ്ടോ സൗഖ്യമെന്നും!)

അർത്ഥം : പേടിച്ച പെണ്ണുങ്ങൾ മുണ്ടെടുത്തുടുത്തു. അന്ധചിത്തരായ യക്ഷ സോദരർ അപ്പോഴും നിന്ദിച്ചുകൊണ്ടുനിന്നു. അവർക്ക് ഭക്തിയും ശാന്തിയും കിട്ടാൻ നാരദൻ അവരെ ശപിച്ചു. ശാന്തി കിട്ടാത്തവർക്കുണ്ടോ ആനന്ദവും സുഖവും?

മൂലം - 5

യുവാമവാപ്തൗ കകുഭാത്മതാം ചിരം
ഹരിം നിരീക്ഷ്യാഥ പദം സ്വമാപ്നുതം
ഇതീരിതൗ തൗ ഭവദീക്ഷണസ്പൃഹാം
ഗതൗ വ്രജാന്തേ കകുഭൗ ബഭൂവതുഃ.

ഭാഷ

ഏറെനാൾ വൃക്ഷങ്ങളായിത്തപിച്ചിട്ടു
ശ്രീഹരിയെക്കണ്ടു കിട്ടും മോക്ഷം
ശാപമോക്ഷം കാത്തു നിന്നെ പ്രതീക്ഷിച്ചു
അമ്പാടി മുറ്റത്തവർ മരുതായ്.

അർത്ഥം : 'ഏറെക്കാലം വൃക്ഷങ്ങളായി നിന്ന്, ഹരിയെ കാണുമ്പോൾ ശാപമോക്ഷം ഭവിക്കും' ആ ദിനം കാത്ത് അമ്പാടി മുറ്റത്ത് അവർ മരുതു മരങ്ങളായി നിന്നു.

മൂലം - 6

അതന്ദ്രമിന്ദ്രദ്രുയുഗം തഥാവിധം
സമേയുഷാ മന്ഥരഗാമിനാ ത്വയാ
തിരായിതോലൂഖലരോധനിർദ്ധുതൗ
ചിരായ ജീർണ്ണൗ പരിപാതിതൗ തരൂ.

ഭാഷ

ഇന്ദ്രവൃക്ഷത്തിനടുത്തെത്തി ബാലകൻ
മെല്ലെ നടന്നു മദ്ധ്യത്തിലൂടെ
ചെന്നുരൽ കേറ്റീ വിലങ്ങനെ ജീർണ്ണിച്ച
വന്മരമപ്പോൾ കടപുഴങ്ങി.

അർത്ഥം : മരങ്ങളുടെ അടുത്തെത്തി അവയുടെ നടുവിലൂടെ വിലങ്ങനെ ഉരൽ വലിച്ചു നടന്നു. ജീർണ്ണിച്ച മരങ്ങൾ കടപുഴങ്ങി വീണു.

മൂലം - 7

അഭാജി ശാഖിദ്വിതയം യദാ ത്വയാ
തദൈവ തദ്ഗർഭതലാന്നിരേയുഷാ
മഹാത്വിഷാ യക്ഷയുഗേന തത്ക്ഷണാ-
ദഭാജി ഗോവിന്ദ!, ഭവാനപി സ്തവൈഃ.

ഭാഷ

ഗോവിന്ദ, വൃക്ഷ യുഗളങ്ങൾ തൽക്ഷണം
തേജസ്വി യക്ഷ യുഗളമായി
സ്തോത്രങ്ങൾ പാടി സ്തുതിച്ചവരങ്ങയെ
പൂർണ്ണ കാമർ സ്വന്തധാമം പൂകി.

അർത്ഥം : വൃക്ഷങ്ങൾ യക്ഷന്മാരായി രൂപം മാറി, പൂർണ്ണ കാമന്മാരായി, ഭഗവാനെ പാടി സ്തുതിച്ച് സ്വസ്ഥാനത്തേക്ക് പോയി.

മൂലം – 8

ഇഹാന്യഭക്തോഽപി സമേഷ്യതി ക്രമാദ്-
ഭവന്ത; മേതൗ ഖലു രുദ്രസേവകൗ
മുനിപ്രസാദാദ്ഭവദംഘ്രിമാഗതൗ
ഗതൗ വൃണാനൗ ഖലു ഭക്തിമുത്തമാം.

ഭാഷ

അന്യഭക്തന്മാരുമെത്തും ഭവാങ്കൽത്താൻ
രുദ്രഭക്തർയക്ഷരെത്തി നിന്നിൽ
ഉത്തമസാത്വിക ഭക്തി നേടി, മുനി
സത്തമൻ ശാപപ്രസാദത്താലേ.

അർത്ഥം : മറ്റു ദേവതാ ഭക്തരും ഒടുവിൽ വിഷ്ണുപദം പ്രാപിക്കുന്നു. രുദ്രഭക്തരായ യക്ഷപുത്രന്മാർ മുനിസത്തമന്റെ ശാപം പ്രസാദമായി ഭവിച്ച്, ഉത്തമസാത്വിക ഭക്തി നേടി വിഷ്ണുപാദം ചേർന്നു.

മൂലം – 9

തതസ്തരൂദ്ദാരണദാരുണാരവ-
പ്രകമ്പിസമ്പാതിനി ഗോപമണ്ഡലേ
വിലജ്ജിതത്വജ്ജനനീമുഖേക്ഷിണാ
വ്യമോക്ഷി നന്ദേന ഭവാൻ വിമോക്ഷദഃ.

ഭാഷ

ദാരുണമാരവം കേട്ടെത്തിക്കമ്പനം
ചേരുമുടലോടെ ഗോപരെത്തി
ലജ്ജിതയമ്മയെ നോക്കീട്ടുനന്ദൻതൻ
മോക്ഷകനുണ്ണിക്കു മോക്ഷമേകി.

അർത്ഥം : മരം വീഴുന്ന ദാരുണ ശബ്ദംകേട്ട് വിറച്ച് ഗോപരെല്ലാം ഓടിവന്നു. ലജ്ജിതയായ യശോദയെ ഒന്നു നോക്കിയിട്ട് നന്ദൻ മോക്ഷദനായ തന്റെ ഉണ്ണിക്ക് മോക്ഷം (മോചനം) നൽകി – ഉരലിൽ നിന്ന് അഴിച്ചുവിട്ടു.

മൂലം – 10

'മഹീരുഹോർമധ്യഗതോ ബതാർഭകോ
ഹരേഃ പ്രഭാവാദപരിക്ഷതോഽധുനാ'
ഇതി ബ്രുവാണൈർഗമിതോ ഗൃഹം ഭവാൻ
മരുത്പുരാധീശ്വര! പാഹി മാം ഗദാത്.

ഭാഷ

'ഉണ്ണിയെപ്പാലിച്ചു ശ്രീഹരിപ്രാഭവം
തിണ്ണമീ വൃക്ഷപാതത്തിൽ നിന്നും'
ഉണ്ണി താൻ ശ്രീഹരിയെന്നറിയേണമെ
എന്നെ രക്ഷിക്ക രോഗത്തിൽ നിന്നും

അർത്ഥം : ഉണ്ണിയെ ഈ വൃക്ഷത്തിൽ നിന്ന് വിഷ്ണുശക്തിയാണ് രക്ഷിച്ചതെന്ന് സർവ്വരും പറഞ്ഞു. ഉണ്ണിയാണ് വിഷ്ണു എന്ന അറിവുദിക്കണേ എന്നെ രോഗമുക്തയാക്കണേ.

O

ദശകം 49

വൃന്ദാവനപ്രവേശം

മൂലം - 1

ഭവത്പ്രഭാവാവിദുരാ ഹി ഗോപാ-
സ്തരുപ്രപാതാദികമത്ര ഗോഷ്ഠേ
അഹേതുമുത്പാതഗണം വിശങ്ക്യ
പ്രയാതുമന്യത്ര മനോ വിതേനുഃ.

ഭാഷ

നിൻപ്രഭാവത്തെയറിയാത്തിടയന്മാർ
ശങ്കപൂണ്ടു ദുഃശ്ശകുനങ്ങളിൽ
ഗോകുലം വിട്ടന്യദേശം ഗമിക്കുവാ-
നേവരും തീരുമാനിച്ചുറച്ചു.

അർത്ഥം : ഗോകുലത്തിൽ കണ്ട ദുഃശ്ശകുനങ്ങളിൽ ശങ്കാകുലരും, അവിടുത്തെ പ്രഭാവം അറിയാത്തവരുമായ ഇടയവർഗ്ഗം അവിടം വിട്ട് അന്യനാട്ടിലേക്ക് പോകാൻ തീരുമാനമെടുത്തു.

മൂലം - 2

തത്രോപനന്ദാഭിധഗോപവര്യോ
ജഗൗ ഭവത്പ്രേരണയൈവ നൂനം
ഇതഃ പ്രതീച്യാം വിപിനം മനോജ്ഞം
വൃന്ദാവനം നാമ വിരാജതീതി.

ഭാഷ

ചൊന്നാനുപ നന്ദഗോപൻ പടിഞ്ഞാറായ്
വൃന്ദാവനം മനോജ്ഞം വിപിനം
ഉണ്ടവിടേക്കു ഗമിക്കണം നാമെന്നു
നിൻ പ്രേരണയാലെ ചൊല്ലുകയായ്

അർത്ഥം : ഉപനന്ദനെന്ന ഗോപൻ പറഞ്ഞു: 'ഇവിടെ നിന്ന് പടിഞ്ഞാറ് മനോഹരമായ ഒരു കാടുണ്ട്. വൃന്ദാവനമെന്നാണ് പേര്. നമുക്ക് അവിടേക്കു പോകാം.' നിന്റെ പ്രേരണയാലാകണം അദ്ദേഹത്തിന് അങ്ങനെ തോന്നിച്ചത്.

മൂലം – 3

ബൃഹദ്വനം തത് ഖലു നന്ദമുഖ്യാ
വിധായ ഗൗഷ്ഠീനമഥ ക്ഷണേന
ത്വദന്വിതത്വജ്ജനനീനിവിഷ്ട-
ഗരിഷ്ഠയാനാനുഗതാ വിചേലുഃ.

ഭാഷ

"ഗൗഷ്ഠീന" മാക്കി ബൃഹദ്വനത്തെ നന്ദ-
മുഖ്യൻ ക്ഷണത്തിൽ ഗമിക്കയായി
നിന്നോടൊരുമിച്ചിട്ടമ്മ കയറിയ
മുന്നിലെ വണ്ടിക്കു തൊട്ടുപിമ്പേ.

അർത്ഥം : അതുവരെ താമസിച്ച ബൃഹദ്വനമെന്ന അമ്പാടിയെ ഗൗഷ്ഠീനം (പഴയ ഗോഷ്ഠം) ആക്കിയിട്ട് നന്ദനും സംഘവും ക്ഷണത്തിൽ യാത്ര തിരിച്ചു. നീയും അമ്മയും ഇരിക്കുന്ന വണ്ടിക്കു പിന്നാലെ എല്ലാവരും സംഘമായി വരിവരിയായി നീങ്ങി.

മൂലം – 4

അനോമനോജ്ഞധ്വനിധേനുപാളീ-
ഖുരപ്രണാദാന്തരതോ വധൂഭിഃ,
ഭവദ്വിനോദാലപിതാക്ഷരാണി
പ്രപീയ നാജ്ഞായത മാർഗദൈർഘ്യം.

ഭാഷ

വണ്ടിയുരുളുന്ന താളം പശുക്കൂട്ട-
ത്തിന്റെ കുളമ്പടി ഭേരീനാദം
നിൻ കൊഞ്ചൽ വാണി തന്നക്ഷരമാധുര്യ-
മാരുമറിഞ്ഞില്ല പോയദൂരം.

അർത്ഥം : വണ്ടികളുടെ ഉരുളൊച്ചത്താളം, പശുക്കളുടെ കുളമ്പടി ഒലി, കണ്ണന്റെ കൊഞ്ചിപ്പറയുന്ന സ്വരാക്ഷര മാധുരി, ഒരാളും കടന്നു പോയ ദൂരമോ യാത്രാക്ഷീണമോ അറിഞ്ഞില്ല.

മൂലം – 5

നിരീക്ഷ്യ വൃന്ദാവനമീശ! നന്ദത്
പ്രസൂനകുന്ദപ്രമുഖദ്രുമൗഘം
അമോദഥാഃ ശാദ്വലസാന്ദ്രലക്ഷ്മ്യാ
ഹരിന്മണീകുട്ടിമപുഷ്ടശോഭം.

ഭാഷ

സുന്ദരസൂനങ്ങൾ മാവുകൾ പുൽപ്പച്ച
ക്കാന്തി തരുന്ന മരതകങ്ങൾ
സുന്ദരം ശോഭിത മൈശ്വര്യസമ്പൂർണ്ണ
വൃന്ദാവനം കണ്ടിട്ടുല്ലസിച്ചു.

അർത്ഥം : മനോഹര പുഷ്പങ്ങൾ, മാവ് മുതലായ മരങ്ങൾ, പച്ച മരതകക്കല്ലിന്റെ കാന്തി തരുന്ന പുൽത്തകിടികൾ സുന്ദരവും ഐശ്വര്യ സമ്പൂർണ്ണവുമായി ശോഭിക്കുന്ന വൃന്ദാവനം കണ്ട് ഭഗവാൻ ആനന്ദിച്ചു.

മൂലം – 6

നവാകനിർവ്യൂഢനിവാസഭേദേ-
ഷ്വശേഷഗോപേഷു സുഖാസിതേഷു,
വനശ്രിയം ഗോപകിശോരപാളീ-
വിമിശ്രിതഃ പര്യഗലോകഥാസ്ത്വം.

ഭാഷ

അർദ്ധചന്ദ്രാകൃതീ നൂതന ഗേഹത്തിൽ
വർദ്ധിച്ച സൗഖ്യമോടാനന്ദിച്ചു
ഗോപർ വാണൂ, നീയോ ഗോപാല ബാലരൊ-
ത്താവനശ്രീ നോക്കിയാനന്ദിച്ചു.

അർത്ഥം : അർദ്ധചന്ദ്രാകൃതിയിൽ പണിത പുതിയ വീടുകളിൽ സുഖമായി ഗോപന്മാർ ആനന്ദിച്ചു വാണു. കൃഷ്ണനും കൂട്ടരും വൃന്ദാവനശ്രീ നോക്കിക്കണ്ടുരസിച്ചു.

മൂലം – 7

അരാളമാർഗാഗതനിർമ്മലാപാം
മരാളകൂജാകൃതനർമ്മലാപാം
നിരന്തരസ്മേരസരോജവക്ത്രാം
കളിന്ദകന്യാം സമലോകയസ്ത്വം.

ഭാഷ

നിർമ്മലം നീലജല പൂർണ്ണമായ് വള-
ഞ്ഞെങ്ങുമൊഴുകും കളിന്ദകന്യ
താമരപ്പൂമുഖപ്പുഞ്ചിരിയാൽ മരാ-
ളങ്ങൾ തൻ നർമ്മമാലാപനത്താൽ.
ആ മനോഹാരിയിടയന്റെ ഗാന്ധർവ്വ-
പ്രേമത്തിനാൽ പൂർണ്ണകാമയായി.

അർത്ഥം : നിർമ്മലമായ നീല ജലം നിറഞ്ഞ് വളഞ്ഞു പുളഞ്ഞൊഴുകുന്ന കളിന്ദകന്യക, അരയന്നങ്ങളുടെ നർമ്മാ ലാപനവും, വിടർന്ന താമരപ്പൂക്കളുടെ പുഞ്ചിരിയുമായി മനോഹരിയായി, ആ ഇടയന്റെ ഗന്ധർവ്വ പ്രേമത്തിനു പാത്രമാകയാൽ പൂർണ്ണകാമയായി (കാളിന്ദിയെ മാത്രമാണ് ഭഗവാൻ ഗാന്ധർവ്വ വിധിപ്രകാരം പരിണയിച്ചിട്ടുള്ളത്.)

മൂലം – 8

മയൂരകേകാശതലോഭനീയം
മയൂഖമാലാശബളം മണീനാം
വിരിഞ്ചലോകസ്പൃശമുച്ചശൃംഗൈർ-
ഗിരിഞ്ച ഗോവർദ്ധനമൈക്ഷഥാസ്ത്വം.

ഭാഷ

കേകകൾ പാടും മയൂരശതം, മണി
മായൂഖമാലാ ശബളം ദിവ്യം
ഉച്ചശൃംഗത്താൽ വിരിഞ്ചലോകം തൊടും
ഗോവർദ്ധനഗിരിയങ്ങു കണ്ടു.

അർത്ഥം : കേകാരവം പാടുന്ന അനേകം മയിലുകൾ, പലതരം രത്നങ്ങളുടെ കിരണം പരന്ന് ദിവ്യവും വർണ്ണശബളവുമായ കൊടുമുടികൾ ഉയർന്ന ശൃംഗത്താൽ വിരിഞ്ചലോകം തൊടാൻ ശ്രമിക്കുന്ന ഗോവർദ്ധനഗിരിയെ കണ്ടു.

മൂലം – 9

സമം തതോ ഗോപകുമാരകൈസ്ത്വം
സമന്തതോ യത്ര വനാന്തമാഗാഃ.
തതസ്തതസ്ത്വം കുടിലാമപശ്യഃ
കളിന്ദജാം രാഗവതീമിവൈകാം.

ഭാഷ

എങ്ങെങ്ങു ഗോപാലബാലകൻ തോഴരൊ-
ത്തങ്ങങ്ങു ചുറ്റി വളഞ്ഞു ചെന്നു
ഏകയായ് രാഗവതിയായിക്കാളിന്ദി
കാമുകസംഗാഭിലാഷിണിയായ്

അർത്ഥം : എവിടെയെവിടെ കൃഷ്ണനും കൂട്ടുകാരും ചുറ്റിത്തിരിഞ്ഞുവോ അവിടെയെല്ലാം അവർ ചുറ്റി വളഞ്ഞൊഴുകുന്ന കാളിന്ദി കണ്ടു. ഏകയായി അനുരാഗവതിയായി കാമുക സംഗമത്തിന് ആശയോടെ അവൾ കൃഷ്ണനെ പിൻതുടരുന്നപോലെ തോന്നി.

മൂലം – 10

തഥാവിധേഽസ്മിൻ വിപിനേ പശവ്യേ
സമുത്സുകോ വത്സഗണപ്രചാരേ
ചരൻ സരാമോഽഥ കുമാരകൈസ്ത്വം
സമീരഗേഹാധിപ! പാഹി രോഗാത്.

ഭാഷ

ദിവ്യം മനോജ്ഞം പശുക്കൾക്കുമുത്തമം
വൃന്ദാവനത്തിൽപ്പശുവെമേച്ചു
രാമനോടൊപ്പം വിളങ്ങും ഗോപാലക
പാഹിമാം രോഗത്തിൽ നിന്നുനാഥാ.

അർത്ഥം : പശുക്കൾക്ക് ഉത്തമമായതും ദിവ്യയും മനോഹരവുമായ വൃന്ദാവനത്തിൽ രാമനോടൊത്ത് പശുക്കളെ മേച്ചു നടന്ന് വിളങ്ങുന്ന ഗോപാലകാ, എന്നെ രോഗത്തിൽ നിന്നു രക്ഷിക്കണേ, ഗുരുവായൂരപ്പാ.

O

ദശകം 50

വത്സാസുര – ബകാസുര വധം

മൂലം – 1

തരളമധുകൃദ്വൃന്ദേ വൃന്ദാവനേ/ഥ മനോഹരേ
പശുപശിശുഭിഃ സാകം വത്സാനുപാലനലോലുപഃ
ഹലധരസഖോ ദേവ! ശ്രീമൻ! വിചേരിഥ ധാരയൻ
ഗവലമുരളീവേത്രം നേത്രാഭിരാമതനുദ്യുതിഃ

ഭാഷ

നിത്യം മധുകൃത്തുമണ്ടും വൃന്ദാവനേ
നേത്രാഭിരാമർ കുമാരകന്മാർ
വത്സാനുപാലന ലോലുപർ വേത്രം കൊ-
മ്പോടക്കുഴലുമായ് സഞ്ചരിച്ചു.

അർത്ഥം : വണ്ടുകൾ തേൻ കുടിക്കാൻ മണ്ടി നടക്കുന്ന വൃന്ദാവനത്തിൽ, കണ്ണുകൾക്ക് അഭിരാമരൂപരായ കുമാരന്മാർ ഇടയ കുട്ടികളുമൊത്ത് പശുക്കുട്ടികളെ മേച്ചുകൊണ്ട് കൊമ്പും ചൂരൽക്കോലും ഓടക്കുഴലും കയ്യിലേന്തി സഞ്ചരിച്ചു.

മൂലം – 2

വിഹിതജഗതീരക്ഷം ലക്ഷ്മീകരാംബുജലാളിതം
ദദതി ചരണദ്വന്ദ്വം വൃന്ദാവനേ ത്വയി പാവനേ
കിമിവ ന ബഭൗ സമ്പത്സംപൂരിതം തരുവല്ലരീ-
സലിലധരണീഗോത്രക്ഷേത്രാദികം കമലാപതേ!

ഭാഷ

പാവനവൃന്ദാവനത്തിൽ ജഗദ് രക്ഷാ-
കാരകം ലക്ഷ്മീകരലാളിതം
താവകപാദം പതിയ്ക്കെത്തരുവല്ലീ,
വാരി, ധരണി, മല, വയലും
സമ്പൽസമൃദ്ധമായ് പൂർണ്ണ പുണ്യം കണ്ടി-
ട്ടംബര ചാരികൾ മെയ് മറന്നു.

അർത്ഥം : പരിപാവനമായ വൃന്ദാവനത്തിൽ പ്രപഞ്ച രക്ഷാകാരകവും ലക്ഷ്മീദേവിയുടെ കരങ്ങളാൽ ലാളിക്കപ്പെടുന്നതുമായ ഭഗവാന്റെ പാദം

പതിച്ചപ്പോൾ മരം, വള്ളി, ജലം, ഭൂമി, മല, വയൽ എന്നു വേണ്ട സർവ്വത്ര സമ്പദ്സമൃദ്ധമായി ആ പൂർണ്ണ പുണ്യം ദർശിച്ച് ദേവകൾ മതിമറന്നു.

മൂലം – 3

വിലസദുലപേ കാന്താരാന്തേ സമീരണശീതളേ
വിപുലയമുനാതീരേ ഗോവർദ്ധനാചലമൂർദ്ധസു
ലളിതമുരളീനാദഃ സഞ്ചാരയൻ ഖലു വാത്സകം
ക്വചന ദിവസേ ദൈത്യം വത്സാകൃതിം ത്വമുദൈക്ഷഥാഃ.

ഭാഷ

പൈമ്പുല്ലു തിങ്ങും വനത്തിൽ, സമീരണൻ
വീശും കുളിർത്ത നദീതടത്തിൽ
ഗോവർദ്ധനത്തിന്റെ യുച്ചിയിൽ ഭംഗിയി-
ലോടക്കുഴലൂതിക്കാലിമേയ്ക്കേ
വത്സരൂപത്തിൽ വത്സാസുരൻ നിൻപശു
ക്കൂട്ടത്തിൽ വന്നതു കണ്ടു, കണ്ണാ-

അർത്ഥം : പൈമ്പുല്ലു നിറഞ്ഞ കാട്ടിലും തണുത്ത കാറ്റേറ്റ വിശാല മായ യമുനാ തീരത്തും, ഗോവർദ്ധനത്തിനു മുകളിലും മനോഹരമായി ഓടക്കുഴൽ വിളിച്ച് കാലിമേയ്ക്കുമ്പോൾ, പൈക്കുട്ടികൾക്കിടയിൽ അതേ വേഷം ധരിച്ച് ഒളിച്ചു നിൽക്കുന്ന വത്സാസുരനെ നീ കണ്ടു.

മൂലം – 4

രഭസവിചലത്പുച്ഛം വിച്ഛായതോഽസ്യ വിലോകയൻ
കിമപി വലിതസ്കന്ധം രന്ധ്രപ്രതീക്ഷമുദീക്ഷിതം
തമഥ ചരണേ ബിഭ്രദ്വിഭ്രാമയൻ മുഹുരുച്ചകൈഃ
കുഹചന മഹാവൃക്ഷേ ചിക്ഷേപിഥ ക്ഷതജീവിതം.

ഭാഷ

വാലു ബലമായിളക്കീട്ടു കാപട്യ-
നോട്ടത്താൽ തക്കം നോക്കുന്ന നേരം
കാലു പിടിച്ചു കടന്നിട്ടു വട്ടം ചു-
റ്റീട്ടു മരത്തിൽ വലിച്ചെറിഞ്ഞു.

അർത്ഥം : വാല് ബലത്തിൽ ഇളക്കി തക്കം നോക്കി കള്ളനോട്ടം അയക്കുന്ന അവന്റെ കാലു കടന്നുപിടിച്ച് മുകളിലുയർത്തി വട്ടം കറക്കി കൊന്നിട്ട് ഒരു മരത്തിന്മേലേക്ക് വലിച്ചെറിഞ്ഞു

മൂലം – 5

നിപതതി മഹാദൈത്യേ ജാത്യാ ദുരാത്മനി തത്ക്ഷണം
നിപതനജവക്ഷുണ്ണക്ഷോണീരുഹക്ഷതകാനനേ
ദിവി പരിമിളദ്വൃന്ദാ വൃന്ദാരകാഃ കുസുമോത്കരൈഃ
ശിരസി ഭവതോ ഹർഷാദ് വർഷന്തി നാമ തദാ ഹരേ!

ഭാഷ

ജാത്യാ ദുരാത്മാവാ ദുഷ്ടാസുരൻ വീണു
കാടും മരങ്ങളും വീണുപോയി
വൃന്ദാരകവൃന്ദ മംബര വീഥിയിൽ
നന്ദിച്ചു പൂമഴ പെയ്തു നിന്നു.

അർത്ഥം : ജന്മനാ ദുരാത്മാവായ ആ അസുരൻ നിലംപതിച്ചപ്പോൾ കാടും മരവുമൊക്കെ നശിച്ചു. ദേവന്മാർ ആകാശത്തുനിന്ന് കൃഷ്ണന്റെ ശരീരത്തിൽ ആനന്ദപൂർവ്വം പൂമഴ പെയ്തു.

മൂലം – 6

'സുരഭിലതമാ മൂർദ്ധന്യൂർദ്ധ്വം കുതഃ കുസുമാവലീ
നിപതതി തവേ'ത്യുക്തോ ബാലൈസ്സഹേലമുദൈരയഃ
'ഝടിതി ദനുജക്ഷേപേണോർദ്ധ്വംഗതസ്തരുമണ്ഡലാത്
കുസുമനികരഃ സോ$\mathcal{f}$യം നൂനം സമേതി ശനൈ'രിതി.

ഭാഷ

"എങ്ങുന്നീ സൗരഭ്യമേറും സുമങ്ങളീ–
കണ്ണന്റെ മേനിയിൽ വന്നുവീണു?"
"വൃക്ഷത്തിൽ നിന്നു മുകളിൽത്തെറിച്ചവ
താഴെ വീഴുന്ന" തെന്നോതി കണ്ണൻ

അർത്ഥം : "കണ്ണന്റെ ശരീരത്തിൽ ഇത്രയേറെ സുഗന്ധമുള്ള പൂക്കൾ മേൽഭാഗത്തുനിന്നു വീണതെങ്ങനെ" എന്നു ചോദിക്കുന്ന കൂട്ടുകാരോട് കണ്ണൻ കളിയായി പറഞ്ഞു. "അത് അസുരനെ ചുഴറ്റി എറിഞ്ഞപ്പോൾ വൃക്ഷത്തിൽ നിന്ന് മേലോട്ടു തെറിച്ചു പോയവ, പതുക്കെ താഴോട്ടു തന്നെ വീഴുന്നതാണ്."

മൂലം – 7

കചന ദിവസേ ഭൂയോ ഭൂയസ്തരേ പരുഷാതപേ
തപനതനയാപാഥഃ പാതും ഗതാ ഭവദാദയഃ
ചലിതഗരുതം പ്രേക്ഷാമാസുർബകം ഖലു വിസ്മൃതം
ക്ഷിതിധരഗരുച്ഛേദേ കൈലാസശൈലമിവാപരം.

ഭാഷ

വേനൽ വെയിൽ പൊള്ളി കൂട്ടരും പൈക്കളും
ദാഹജലത്തിനെത്തീ പുഴയിൽ
ഇന്ദ്രവജ്രത്താൽ ചിറകറ്റ കൈലാസം
പോലൊരു കൊറ്റി ചിറകാട്ടുന്നു!

അർത്ഥം : ഒരിക്കൽ പൊള്ളുന്ന വേനൽ വെയിലിൽ ദാഹം തീർക്കാനായി പശുക്കുട്ടികളും ഗോപാലബാലരും യമുനയിലെത്തി. അവിടെ ഇന്ദ്രവജ്രത്താൽ ചിറകുപോയ കൈലാസം പോലെ ഒരു കൊറ്റിയുണ്ട് ചിറകാട്ടി ഇരിക്കുന്നു.

മൂലം – 8

പിബതി സലിലം ഗോപവ്രാതേ ഭവന്തമഭിദ്രുതഃ
സ കില നിഗിലന്നഗ്നിപ്രഖ്യം പുനർദ്രുതമുദ്വമൻ
ദലയിതുമഗാത് ത്രോട്യാഃ കോട്യാ തദാശു ഭവാൻ വിഭോ!
ഖലജനഭിദാചുഞ്ചുശ്ചഞ്ചൂ പ്രഗൃഹ്യ ദദാര തം.

ഭാഷ

ഗോപർ ജലപാനം ചെയ്കെ ബകാസുരൻ
പാഞ്ഞെത്തിക്കൊത്തി വിഴുങ്ങി നിന്നെ
തീപോലെപ്പൊള്ളീട്ടു തുപ്പി, കൊക്കറ്റത്താൽ
കീറുവാനായിട്ടടുത്തു വന്നു
കൊക്കു പിളർത്തി വിടർത്തിയവിടുന്നാ
ദുഷ്ടനെയപ്പൊഴേ നിഗ്രഹിച്ചു.

അർത്ഥം : കുട്ടികൾ വെള്ളം കുടിക്കുമ്പോൾ ബകൻ ഓടിവന്ന് കണ്ണനെ വിഴുങ്ങി. തീപോലെ പൊള്ളിയപ്പോൾ തുപ്പിക്കളഞ്ഞു. എന്നിട്ട് കൊക്കുകൊണ്ട് കടിച്ചു കീറാനടുത്തു. ആ കൊക്ക് പിളർത്തി വിടർത്തി രണ്ടായി പിളർന്ന് കൃഷ്ണൻ അവനെ നിഗ്രഹിച്ചു.

മൂലം – 9

സപദി സഹജാം സന്ദ്രഷ്ടും വാ മൃതാം ഖലു പൂതനാ-
മനുജമഘമപ്യഗ്രേ ഗത്വാ പ്രതീക്ഷിതുമേവ വാ
ശമനനിലയം യാതേ തസ്മിൻ ബകേ, സുമനോഗണേ
കിരതി സുമനോവൃന്ദം വൃന്ദാവനാത് ഗൃഹമൈയഥാഃ.

ഭാഷ

പൂതനയാമനുജത്തിയെക്കാണാനോ
മുമ്പെയെത്തീട്ടഘനെക്കാക്കാനോ
പൂകിയമാലയമാബകൻ, കല്പക-
പ്പൂമഴയേറ്റങ്ങു വീട്ടിലെത്തി.

അർത്ഥം : നേർത്തെപോയ പൂതനയെന്ന അനുജത്തിയെക്കാണാനോ, വരാനിരിക്കുന്ന അഘനെന്ന സഹജനെ മുൻകൂട്ടിച്ചെന്ന് കാത്തിരിക്കാനോ, ബകാസുരൻ യമാലയം പൂകി ദേവന്മാരുടെ കല്പകപ്പൂമഴ ഏറ്റുവാങ്ങി കൃഷ്ണൻ വീട്ടിലെത്തി.

മൂലം – 10

ലളിതമുരളീനാദം ദൂരാന്നിശമ്യ വധൂജനൈ-
സ്ത്വരിതമുപഗമ്യാരാദാരൂഢമോദമുദീക്ഷിതഃ
ജനിതജനനീനന്ദാനന്ദഃ സമീരണമന്ദിര-
പ്രഥിതവസതേ ശൗരേ! ദൂരീകുരുഷ്വ മമാമയാൻ.

ഭാഷ

വേണുനാദം മധുരം ദൂരെയാരൂഢ
മോദം ശ്രവിക്കയാൽ ഗോപീവൃന്ദം
വേഗത്തിലെത്തി, പിതൃക്കൾ തന്നാനന്ദ-
ഗോപാല, ആമയം നീക്കേണമേ.

അർത്ഥം : വേണുനാദത്തിന്റെ മധുരധ്വനി അകലെ കേൾക്കുമ്പോൾ തന്നെ ആനന്ദത്തോടെ ഗോപികൾ ഓടിവന്നു. മാതാപിതാക്കൾക്ക് ആനന്ദമരുളുന്ന ഗോപാലകാ, ഗുരുവായൂരപ്പാ, എന്റെ ആമയം നീക്കണേ

O

ദശകം 51

അഘാസുരനിഗ്രഹം

മൂലം – 1

കദാചന വ്രജശിശുഭിഃ സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈർനിരഗമദീശ! ജേമനൈഃ.

ഭാഷ

കൂട്ടരും വത്സഗണങ്ങളുമൊത്തിട്ടു
കാട്ടിൽവെച്ചൂണു കഴിക്കുവാനായ്
ചോറും കറി വറുത്തുപ്പേരി, പപ്പടം
തൈരുമെടുത്തു പുറപ്പെട്ടു നീ

അർത്ഥം : ഒരിക്കൽ വനഭോജനത്തിനായി ചോറും കറിയും വറുത്ത ഉപ്പേരിയും പപ്പടവും ഉറതൈരും എല്ലാമെടുത്ത് നീ ഗോപാലകരും പശുക്കിടാങ്ങളുമൊത്ത് കാട്ടിലേക്കു പുറപ്പെട്ടു.

മൂലം – 2

വിനിര്യതസ്തവ ചരണാംബുജദ്വയാ-
ദുദഞ്ചിതം ത്രിഭുവനപാവനം രജഃ
മഹർഷയഃ പുളകധരൈഃ കളേബരൈ-
രുദൂഹിരേ ധൃതഭവദീക്ഷണോത്സവാഃ.

ഭാഷ

പാദം പതിയ്ക്കെയുയരുന്ന ധൂളിയാൽ
മൂന്നുലകങ്ങളും പാവനമായ്
ആനന്ദതുന്ദിലർമാമുനിമാരതു
മേനിയിൽ ചൂടിപ്പുളകിതരായ്

അർത്ഥം : പാദം പതിക്കുമ്പോൾ ഉയരുന്ന പൊടി മൂവുലകും പാവന മാക്കി. ആ പൊടി ശരീരത്തിൽ ഏറ്റുവാങ്ങി രോമാഞ്ചമണിഞ്ഞു, ആനന്ദ തുന്ദിലരായ മഹർഷിമാർ!

മൂലം – 3

പ്രചാരയത്യവിരളശാദ്വലേ തലേ
പശൂൻ വിഭോ! ഭവതി സമം കുമാരകൈഃ
അഘാസുരോ ന്യരുണദഘായ വർത്തനീം
ഭയാനകഃ സപദി ശയാനകാകൃതിഃ

ഭാഷ

പുല്ലുള്ളകാട്ടിൽപശുക്കളെ മേയ്ക്കുന്ന
നിന്നോടഘം കാട്ടുവാനുറച്ചു
പാപമുരുവാർന്ന ഘാസുരൻ പാമ്പിന്റെ
രൂപത്തിൽ വന്നു വൃന്ദാവനത്തിൽ

അർത്ഥം : ധാരാളം പുല്ലുള്ള കാട്ടിൽ പശുക്കളെ മേയ്ക്കുന്ന നിന്നോട് പാപം കാട്ടാനായി (കൊല്ലാൻ) പാപം രൂപമാർന്ന അഘാസുരൻ പാമ്പിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു.

മൂലം – 4

മഹാചലപ്രതിമതനോർ ഗുഹാനിഭ-
പ്രസാരിതപ്രഥിതമുഖസ്യ കാനനേ
മുഖോദരം വിഹരണകൗതുകാദ്ഗതാഃ
കുമാരകാഃ കിമപി വിദൂരഗേ ത്വയി.

ഭാഷ

നീ ദൂരെയോടക്കുഴൽ വിളിച്ചിരിക്കെ, ഗോപ-
ബാലരാപ്പാമ്പിന്റെ വായിലേറി
കുന്നിലെ വൻഗുഹയൊന്നെന്നേ തോന്നീള്ളു
ഉണ്ണികൾക്കപ്പെരുമ്പാമ്പിൻ വായ

അർത്ഥം : കൃഷ്ണൻ ദൂരെ മുരളി വായിച്ചിരിക്കുമ്പോൾ, പെരുമ്പാമ്പിന്റെ തുറന്ന വായ മലയിലെ ഗുഹയാണെന്നു കരുതിയ ഗോപ ബാലന്മാർ കളിയ്ക്കാനായി അതിൽ കയറി.

മൂലം – 5

പ്രമാദതഃ പ്രവിശതി പന്നഗോദരം
ക്വഥത്തനൗ പശുപകുലേ സവാത്സകേ
വിദന്നിദം ത്വമപി വിവേശിഥ പ്രഭോ!,
സുഹൃജ്ജനം വിശരണമാശു രക്ഷിതും.

ഭാഷ

ചിന്തിയ്ക്കാതഗ്ഗോപബാലർ പശുക്കളോ-
ടൊന്നിച്ചു പാമ്പിൻ ജഠരാഗ്നിയിൽ
പൊള്ളി, വിളിയ്ക്കുമാപത്തറിഞ്ഞു രക്ഷ
ചെയ്യാനായ് കണ്ണനും കൂടെക്കേറി

അർത്ഥം : ഒട്ടും ചിന്തിക്കാതെ ആ കുട്ടികൾ പൈക്കളോടൊത്ത് പാമ്പിന്റെ ഉദരത്തിൽ ചെന്നുപെട്ടു. അതിന്റെ ഉദരത്തിലെ തീയാൽ പൊള്ളി നിലവിളിക്കാൻ തുടങ്ങി. ആപത്തറിഞ്ഞ്, കൃഷ്ണനും ആ ഗുഹപോലുള്ള വായിൽ കയറി.

മൂലം - 6

ഗളോദരേ വിപുലിതവർഷ്മണാ ത്വയാ
മഹോരഗേ ലുഠതി നിരുദ്ധമാരുതേ
ദ്രുതം ഭവാൻ വിദളിതകണ്ഠമണ്ഡലോ
വിമോചയൻ പശുപപശൂൻ വിനിര്യയൗ.

ഭാഷ

തൊണ്ടയിലെത്തിയ മേനി വലുതാക്കി-
ക്കൊണ്ടവൻ പ്രാണൻ തടഞ്ഞുവെയ്ക്കെ
നൊന്തു പിടയും പെരുമ്പാമ്പിൻ മേനിയെ
വിണ്ടുപിളർന്നു, പുറത്തുപോന്നു

അർത്ഥം : തൊണ്ടവരെ എത്തിയ ഭഗവാൻ ശരീരം വലുതാക്കാൻ തുടങ്ങി. അപ്രകാരം അവന്റെ പ്രാണവായു തടഞ്ഞു. വേദനിച്ചു പിടയുന്ന പെരുമ്പാമ്പിന്റെ കഴുത്തിനെ വിണ്ടുപിളർന്നു പുറത്തുവന്ന് എല്ലാവരേയും രക്ഷിച്ചു.

മൂലം - 7

ക്ഷണം ദിവി ത്വദുപഗമാർത്ഥമാസ്ഥിതം
മഹാസുരപ്രഭവമഹോ, മഹോ മഹത്
വിനിർഗ്ഗതേ ത്വയി തു നിലീനമഞ്ജസാ
നഭഃസ്ഥലേ നനൃതുരഥോ ജഗുഃ സുരാഃ.

ഭാഷ

തേജസ്സു വന്നു ക്ഷണം നിന്നു മാനത്തിൽ
മാധവൻ തന്നിൽ ലയിച്ചു കാൺകെ
ആശ്ചര്യത്തോടു നഭസ്സിലെ ദേവകൾ
പാട്ടും കളിയുമായ് ആഘോഷിച്ചു.

അർത്ഥം : അഘാസുരന്റെ പ്രാണതേജസ്സ് ക്ഷണനേരം ആകാശത്തിൽ നിന്നിട്ട് കൃഷ്ണനിൽത്തന്നെ ലയിച്ച ആശ്ചര്യം കണ്ട് ആകാശചാരികളായ ദേവന്മാർ പാട്ടും നൃത്തവുമായി ആഘോഷിച്ചു.

മൂലം – 8

സവിസ്മയൈഃ കമലഭവാദിഭിഃ സുരൈ–
രനുദ്രുതസ്തദനു ഗതഃ കുമാരകൈഃ
ദിനേ പുനസ്തരുണദശാമുപേയുഷി
സ്വകൈർഭവാനതനുത ഭോജനോത്സവം.

ഭാഷ

വിസ്മയത്തോടെ ബ്രഹ്മാദികൾ പിൻതുടർ–
ന്നച്യുതാ നിന്നെയാ കാനനത്തിൽ
ഉച്ചക്കു കൂട്ടരോടൊത്തു കഴിച്ചു നീ
മൃഷ്ടാന്നം മാമരഛായയൊന്നിൽ

അർത്ഥം : ബ്രഹ്മാദി ദേവകൾ നിന്നെ വിസ്മയത്തോടെ കാട്ടിൽ അനുഗമിച്ചു. ഉച്ചക്ക് കൂട്ടരോടൊത്ത് വൃക്ഷത്തണലിലിരുന്ന് നീ മൃഷ്ടാന്ന ഭോജനം ചെയ്തു.

മൂലം – 9

വിഷാണികാമപി മുരളീം നിതംബകേ
നിവേശയൻ കബളധരഃ കരാംബുജേ
പ്രഹാസയൻ കളവചനൈഃ കുമാരകാൻ
ബുഭോജിഥ ത്രിദശഗണൈർമ്മുദാ നുതഃ.

ഭാഷ

കൊമ്പും കുഴലുമരയിൽത്തിരുകിത്തൃ–
ക്കയ്യിൽ ഉരുളയെടുത്തു കൃഷ്ണൻ
നർമ്മമധുര വാക്കോതിച്ചിരിപ്പിച്ചു
തോഴരെ, ദേവകൾ വാഴ്ത്തിനിന്നു.

അർത്ഥം : കൊമ്പും ഓടക്കുഴലും അരയിൽ തിരുകി, തൃക്കയ്യിൽ ചോറുരുളയുമായി, കൂട്ടുകാരെ ചിരിപ്പിക്കാൻ നർമ്മമധുരമായി സംസാരിച്ചുകൊണ്ടുള്ള ആ അമൃതേത്തു കണ്ട് ദേവകൾ സ്തുതിച്ചു.

മൂലം – 10

'സുഖാശനം ത്വിഹ തവ ഗോപമണ്ഡലേ
മഖാശനാത് പ്രിയമിവ ദേവമണ്ഡലേ'
ഇതി സ്തുതസ്ത്രിദശവരൈർജ്ജഗത്പതേ!,
മരുത്പുരീനിലയ!, ഗദാത് പ്രപാഹി മാം.

ഭാഷ

'ദേവർഷിമാരുടെ യജ്ഞാന്നമല്ല യീ
ഗോപാലരൊത്തുണ്ണുമന്നമല്ലോ
കേവലനീശ്വരനിഷ്ട' മെന്നായ് സ്തുതി
കേവലാത്മൻ, നീക്കുകെന്റെ രോഗം.

അർത്ഥം : ദേവർഷിമാർ തരുന്ന യജ്ഞാന്നത്തേക്കാൾ ഗോപാലന്മാരൊത്തുള്ള ഈ മൃഷ്ടാന്നമാണ് കേവലാത്മാവായ അവിടുത്തേക്കിഷ്ടമെന്ന് ദേവന്മാർ സ്തുതി പാടിയ ഗുരുവായൂരപ്പാ, അവിടുന്ന് എന്റെ രോഗം മാറ്റിത്തരേണമേ.

O

ദശകം 52

ബ്രഹ്മദർപ്പഹരണം

മൂലം - 1

അന്യാവതാരനികരേഷ്വനിരീക്ഷിതം തേ
ഭൂമാതിരേകമഭിവീക്ഷ്യ തദാഘമോക്ഷേ
ബ്രഹ്മാ പരീക്ഷിതുമനാഃ സ പരോക്ഷഭാവം
നിന്യേ fഥ വത്സകഗണാൻ പ്രവിതത്യ മായാം.

ഭാഷ

നിന്നവതാരത്തിന്നൈശ്വര്യം കണ്ടില്ല
അന്യാവതാരത്തിലൊന്നുപോലും
ബ്രഹ്മാവുറച്ചു പരീക്ഷിക്കാൻ, മായയാൽ
കന്നിൻഗണങ്ങളൊളിച്ചു വെച്ചു.

അർത്ഥം : അഘാസുരമോക്ഷം കണ്ട ബ്രഹ്മാവ്, മറ്റവതാരങ്ങൾക്കില്ലാത്ത ഐശ്വര്യാധിക്യം കൃഷ്ണാവതാരത്തിൽ കാണുകയാൽ കൃഷ്ണനെ പരീക്ഷിക്കാൻ നിശ്ചയിച്ചു. അദ്ദേഹം മായകൊണ്ട് പശുക്കുട്ടികളെ ഒളിച്ചുവെച്ചു.

മൂലം - 2

വത്സാനവീക്ഷ്യ വിവശേ പശുപോത്കരേ താ-
നാനേതുകാമ ഇവ ധാതൃമതാനുവർത്തീ
ത്വം സാമിഭുക്തകബളോ ഗതവാംസ്തദാനീം
ഭുക്താംസ്തിരോധിത സരോജഭവഃ കുമാരാൻ.

ഭാഷ

ഗോക്കളെക്കാണാതുഴറും സഖാക്കൾതൻ
ദുഃഖമകറ്റാനൊരുങ്ങി കണ്ണൻ
പാതി ഭുജിച്ചയുരുളയുമേന്തീട്ടു
പോയി കാട്ടിൽ, ത്തേടി നോക്കുവാനായ്
ബ്രഹ്മഹിതത്തിനിതെന്നറിയാതെ
ബ്രഹ്മാവു മറച്ചു കുമാരരേയും.

അർത്ഥം : പശുക്കുട്ടികളെ കാണാതെ കരയുന്ന കൂട്ടുകാരുടെ ദുഃഖം തീർക്കാൻ, പകുതി തിന്ന ഉരുളയും പിടിച്ച്, കണ്ണൻ കാട്ടിലേക്ക് പശുക്കളെ തിരയാൻ പോയി. ബ്രഹ്മാവിന്റെ ആഗ്രഹം അറിഞ്ഞുതന്നെയാണ് അതു ചെയ്തത്. എന്നാൽ അതറിയാത്ത ബ്രഹ്മാവ് ഗോപകുമാരന്മാരെയും മായയാൽ മറച്ചു.

മൂലം – 3

വത്സായിതസ്തദനു ഗോപഗണായിതസ്ത്വം
ശിക്യാദിഭാണ്ഡമുരളീഗവലാദിരൂപഃ
പ്രാഗ്വദ്വിഹൃത്യ വിപിനേഷു ചിരായ സായം
ത്വന്മായയാഥ ബഹുധാ വ്രജമായയാഥ.

ഭാഷ

ഗോക്കളായ് ഗോപരായ് പാത്ര, മുറി, കുഴൽ
കൊമ്പും ഉരുളയുമായി കണ്ണൻ
മായാഗോപാലൻ കളിച്ചു ബഹുരൂപ-
മാർന്നിട്ടു സന്ധ്യക്കു പൂകി ഗേഹം

അർത്ഥം : കൃഷ്ണൻ മായയാൽ ബഹുരൂപം ധരിച്ചു. ഗോപാലരും, ഗോക്കളുമായി, പാത്രവും ഉറിയും, കുഴലും കൊമ്പും ഉരുളയുമൊക്കെയായി രൂപമെടുത്തു. ഒന്നും സംഭവിക്കാത്തപോലെ കാട്ടിൽ കളിച്ചു. എന്നിട്ട് സന്ധ്യക്ക്, ബഹുരൂപമാർന്ന ആ മായാഗോപാലൻ അമ്പാടിയിലേക്കു മടങ്ങി.

മൂലം – 4

ത്വാമേവ ശിക്യഗവലാദിമയം ദധാനോ
ഭൂയസ്ത്വമേവ പശുവത്സകബാലരൂപഃ
ഗോരൂപിണീഭിരപി ഗോപവധൂമയീഭി-
രാസാദിതോഽസി ജനനീഭിരതിപ്രഹർഷാത്.

ഭാഷ

നീ തന്നെ പൈക്കിടാവും ബാലരൂപവും
സർവ്വാചരങ്ങളുമെന്നതിനാൽ
മായാരൂപത്തിൽ അനേകമായ്, ഏകനാം
മാധവരൂപങ്ങളെസ്സഹർഷം
അമ്മപ്പശുക്കളുമമ്മമാരും വന്നു
സമ്മാനിതരായെതിരേൽക്കുന്നു.

അർത്ഥം : സർവ്വ ചരാചരവും നീ തന്നെയാണ്. ഏകമായ നീ മായാരൂപത്തിൽ അനേക രൂപമാർന്നു – ആ അനേക രൂപമായ മക്കളെ അമ്മപ്പശുക്കളും ഗോപികമാരും സമ്മാനിതരായി സഹർഷം എതിരേറ്റു.

മൂലം – 5

ജീവം ഹി കഞ്ചിദഭിമാനവശാത് സ്വകീയം
മത്വാ തനൂജ ഇതി രാഗഭരം വഹന്ത്യഃ
ആത്മാനമേവ തു ഭവന്തമവാപ്യ സൂനും
പ്രീതിം യയുർന്ന കിയതീം വനിതാശ്ച ഗാവഃ.

ഭാഷ

ഓരോ ജീവാത്മാവെ ത്തൻമകനെന്നമ്മ-
മാരു വഹിച്ചതാം പുത്രപ്രേമം
ജീവാത്മാവായിപ്പരമാത്മനെക്കിട്ടീ
ട്ടാ ജീവികൾക്കേറെ പ്രീതിയായി

അർത്ഥം : ഓരോ ജീവാത്മാവിനെയും എന്റെ മകൻ എന്ന പ്രേമം വഹിച്ച് സ്നേഹിക്കയായിരുന്നു പശുക്കളും ഗോപിമാരും. ഇപ്പോൾ ആ ജീവാത്മപുത്രൻ തന്നെ പരമാത്മപുത്ര സ്വരൂപമായപ്പോൾ അവ രെത്രമാത്രം ആനന്ദം അനുഭവിച്ചു!

മൂലം – 6

ഏവം പ്രതിക്ഷണവിജൃംഭിതഹർഷഭാര-
നിഃശേഷഗോപഗണലാളിതഭൂരിമൂർത്തിം
ത്വാമഗ്രജോഽപി ബുബുധേ കില വത്സരാന്തേ
ബ്രഹ്മാത്മനോരപി മഹാൻ യുവയോർവ്വിശേഷഃ.

ഭാഷ

മായാമയലീലയേതുമറിഞ്ഞില്ല
രാമനും കൂടിയൊരുവത്സരം
ബ്രഹ്മസ്വരൂപരിരുവരുമെങ്കിലും
നിന്നിലുണ്ടത്ഭുതമാം വിശേഷം

അർത്ഥം : മായാമയന്റെ ഈ ലീല ഒരു കൊല്ലക്കാലം ബലരാമൻ പോലും അറിഞ്ഞില്ല. രണ്ടാളും ബ്രഹ്മസ്വരൂപർ തന്നെ. എന്നാൽ നിന്നിൽ സവിശേഷമായ ഒരത്ഭുത ശക്തിയുണ്ട്.

മൂലം – 7

വർഷാവധൗ നവപുരാതനവത്സപാലാൻ
ദൃഷ്ട്വാ വിവേകമസൃണേ ദ്രുഹിണേ വിമൂഢേ
പ്രാദീദൃശഃ പ്രതിനവാൻ മകുടാംഗദാദി-
ഭൂഷാംശ്ചതുർഭുജയുജഃ സജലാംബുദാഭാൻ.

ഭാഷ

കൊല്ലം തികഞ്ഞു, ധാതാവിന്നുമായില്ല
അസ്സൽ നകലു തിരിച്ചറിയാൻ
തോൾ വള കങ്കണമിട്ട ചതുർഭുജ-
രായിപ്പുതിയവ കാട്ടിത്തന്നു
മോഹിതനായ ചതുർമ്മുഖൻ തന്നുടെ
മോഹമകറ്റുവാൻ വാസുദേവൻ

അർത്ഥം : ഒരു കൊല്ലം കഴിഞ്ഞ് പരീക്ഷിക്കാൻ വന്ന ബ്രഹ്മാവിന് താൻ കൊണ്ടുപോയവരാര്, പുതിയ സൃഷ്ടി ഏത് എന്ന് തിരിച്ചറിയാനായില്ല. മോഹിതനായി കുഴങ്ങിനിന്ന ബ്രഹ്മാവിന്റെ മോഹം നീക്കാൻ പുതിയ സൃഷ്ടികളെ തോൾവള, കങ്കണം മുതലായ വിഷ്ണു ചിഹ്നം ധരിച്ച ചതുർഭുജരായി കൃഷ്ണൻ കാണിച്ചു കൊടുത്തു.

മൂലം - 8

പ്രത്യേകമേവ കമലാപരിലാളിതാംഗാൻ
ഭോഗീന്ദ്രഭോഗശയനാൻ നയനാഭിരാമാൻ
ലീലാനിമീലിതദൃശഃ സനകാദിയോഗി-
വ്യാസേവിതാൻ കമലഭൂർഭവതോ ദദർശ.

ഭാഷ

പിന്നെച്ചിലരെയനന്തശയ്യോപരി
നന്നായ്ക്കമല പരിലാളിച്ചും,
ലീലാ നിമീലിത നേത്രമാ, യാനന്ദ
ലോലരായ് യോഗിമാർ സേവചെയ്തും.

അർത്ഥം : പിന്നെച്ചിലരെ അനന്തമേൽ കമലയുടെ പരിലാളനമേറ്റ്, ലീലാനിമീലിത നേത്രരായി, ആനന്ദലോലരായ സനകാദി യോഗികളാൽ സേവിതരായും കാട്ടിക്കൊടുത്തു.

മൂലം - 9

നാരായണാകൃതിമസംഖ്യതമാം നിരീക്ഷ്യ
സർവ്വത്ര സേവകമപി സ്വമവേക്ഷ്യ ധാതാ
മായാനിമഗ്നഹൃദയോ വിമുമോഹ യാവ-
ദേകോ ബഭൂവിഥ തദാ കബളാർദ്ധപാണിഃ.

ഭാഷ

എണ്ണാനരുതാതസംഖ്യ നാരായണർ
എല്ലായിടത്തും താൻ സേവകനും
മായാ വിമോഹിതൻ കണ്ടു പിന്നെപ്പാതി
യുണ്ട യുരുള യോടേകരൂപം.

അർത്ഥം : എണ്ണാനാവാത്ത അസംഖ്യം നാരായണ രൂപം; എല്ലാത്തിനു മുമ്പിലും സേവകനായി നിൽക്കുന്ന താൻ - ഈ കാഴ്ച കണ്ട് മായാമോഹിതനായ ബ്രഹ്മാവ് ബോധം കെടുമെന്നായി. അപ്പോൾ പകുതി തിന്ന ചോറ്റുരുളയുമായി നിൽക്കുന്ന "ഏക" രൂപിയായ തന്നെ കാട്ടിക്കൊടുത്തു.

മൂലം – 10

നശ്യന്മദേ തദനു വിശ്വപതിം മുഹുസ്ത്വാം
നത്വാ ച നൂതവതി ധാതരി ധാമ യാതേ
പോതൈഃ സമം പ്രമുദിതൈഃ പ്രവിശൻ നികേതം
വാതാലയാധിപ വിഭോ! പരിപാഹി രോഗാത്.

ഭാഷ

എല്ലാ മദവും ശമിച്ചു നമസ്കരി-
ച്ചാനന്ദത്തോടെ ത്തൻ ധാമം പൂകി
ഗോപാലരൊത്തു ഗൃഹം പൂകും ഗോപാലാ
പാലിക്ക, രോഗമകറ്റിയെന്നെ.

അർത്ഥം : ബ്രഹ്മാവ് മദം നശിച്ച്, നമസ്ക്കരിച്ച് സ്വധാമം പൂകി. സന്തു
ഷ്ടരായ ഗോപാലരൊത്ത് അമ്പാടിയിൽ എത്തിയ മായാമയാ, എന്റെ
രോഗം മാറ്റേണമേ.

O

ദശകം 53

ധേനുകാസുരവധം

മൂലം – 1

അതീത്യ ബാല്യം ജഗതാംപതേ! ത്വ-
മുപേത്യ പൗഗണ്ഡവയോ മനോജ്ഞം.
ഉപേക്ഷ്യ വത്സാവനമുത്സവേന
പ്രാവർത്തഥാ ഗോഗണപാലനായാം.

ഭാഷ

ബാല്യം മനോജ്ഞം കടന്നു, പൗഗണ്ഡത്തിൽ
വത്സത്തെപ്പാലിക്കൽ നിർത്തി കണ്ണൻ
ഗോക്കളെപ്പാലിയ്ക്കുമുത്സവത്തിൽ ലീലാ-
ഗോവിന്ദൻ പങ്കെടുക്കാൻ തുടങ്ങി.

അർത്ഥം : ബാല്യകാലം കഴിഞ്ഞു. ആറു മുതൽ പതിനൊന്നു വയസ്സു
വരെയുള്ള "പൗഗണ്ഡ" പ്രായമെത്തി. പശുക്കുട്ടികളെ മേയ്ക്കൽ
നിർത്തി, മുതിർന്ന പശുക്കളെ പാലിക്കുന്ന ഉത്സവത്തിൽ ഗോവിന്ദൻ
ആഹ്ലാദത്തോടെ പങ്കെടുക്കാനും തുടങ്ങി.

മൂലം – 2

ഉപക്രമസ്യാനുഗുണൈവ സേയം
മരുത്പുരാധീശ! തവ പ്രവൃത്തിഃ.
ഗോത്രാപരിത്രാണകൃതേഽവതീർണ്ണ-
സ്തദേവ ദേവാരഭഥാസ്തദാ യത്.

ഭാഷ

"ഗോത്രാ"പരിത്രാണകൃത്തേ, ദേവാ, നിന്റെ
ഗോത്രാണനം തുടങ്ങീ പവിത്രം
ഭൂ, ഗോത്ര, ഗോപാലകനാം ശ്രീ ഗോവിന്ദാ
ഭൂകാമുകാ ശ്രേഷ്ഠമീ തുടക്കം.

അർത്ഥം : 'ഗോത്രാ'ണനത്തിനുവേണ്ടിയാണ് ഭഗവാൻ ജനിച്ചത്. (ഭൂമി, ഗോത്രങ്ങൾ, പശുക്കൾ ഇവയുടെ സംരക്ഷണം) അതിനാൽ ഈ ചെറു പ്രായത്തിൽത്തന്നെ നീ ഗോത്രാണനം (പശുപരിപാലനം) തുടങ്ങിയത് ഉചിതമായ തുടക്കം തന്നെ. (ഭൂകാമുകനായ നീ പിൽക്കാലത്ത് ഭൂമിയേയും ഗോത്രങ്ങളേയും കൂടി പാലിക്കുമെന്ന സൂചന)

മൂലം – 3

കദാപി രാമേണ സമം വനാന്തേ
വനശ്രിയം വീക്ഷ്യ ചരൻ സുഖേന
ശ്രീദാമനാമ്നഃ സ്വസഖസ്യ വാചാ
മോദാദഗാ ധേനുകകാനനം ത്വം.

ഭാഷ

രാമനുമൊത്ത് വനത്തിൽ വിഹരിയ്ക്കെ
ശ്രീദാമാവോതിയ കാരണത്താൽ
ധേനുക കാനനത്തിങ്കൽ ഗമിക്കയാ-
യാനന്ദമോടെയാനായപ്പൈതൽ

അർത്ഥം : രാമനോടൊത്ത് വനത്തിൽ വിഹരിക്കുമ്പോൾ ചങ്ങാതിയായ ശ്രീദാമാവ് പറഞ്ഞതനുസരിച്ച് ഇടയ ബാലൻ (കൃഷ്ണൻ) ആനന്ദത്തോടെ ധേനുക കാനനത്തിൽ പ്രവേശിച്ചു.

മൂലം – 4

ഉത്താലതാലീനിവഹേ ത്വദുക്ത്യാ
ബലേന ധൂതേഽഥ ബലേന ദോർഭ്യാം
മൃദുഃ ഖരശ്ചാഭ്യപതത് പുരസ്താത്
ഫലോത്കരോ, ധേനുകദാനവോഽപി.

ഭാഷ

ഉന്നതം താലമരങ്ങൾ നിൻ ചൊല്ലിനാൽ
ചെന്നു കുലുക്കി ബലത്തിൽ രാമൻ
മൂത്തു പഴു,ത്തിളനീർ പ്രായമായിട്ടും
വീണു പഴം, വന്നു ധേനുകനും

അർത്ഥം : ഉയർന്നു നിൽക്കുന്ന താലമരങ്ങളെ കൃഷ്ണൻ പറഞ്ഞത നുസരിച്ച് ബലരാമൻ ബലമായി കുലുക്കി. മൃദുവായി ഇളനീർ പാക ത്തിലുള്ളതും മൂത്തു പഴുത്തതുമായി അനേകം പഴം താഴെ വീണു. ഇതുകണ്ട് ധേനുകനും ചാടി വീണു.

മൂലം – 5

സമുദ്യതോ ധൈനുകപാലനേഽഹം
കഥം വധം ധൈനുകമദ്യ കുർവ്വേ,
ഇതീവ മത്വാ ധ്രുവമഗ്രജേന
സുരൗഘയോദ്ധാരമജീഘതസ്ത്വം.

ഭാഷ

'ധേനുക പാലന മീ ജന്മമേൽക്കയാൽ
ധേനുകഹത്യ വേണ്ടെ'ന്നായിടാം
ദേവരെ നിത്യമെതിർക്കുമസുരനെ
രാമനെക്കൊണ്ടു വധിച്ചു, കൃഷ്ണൻ

അർത്ഥം : ഈ ജന്മം എനിക്ക് 'ധേനു' പരിപാലനമാണ് ധർമ്മം. 'ധേനു' ഹത്യയല്ല എന്നു വിചാരിച്ചാവാം അവിടുന്ന് ദേവന്മാരുടെ ശത്രുവായ അസുരനെ രാമനെക്കൊണ്ട് വധിപ്പിച്ചത്.

മൂലം – 6

തദീയഭൃത്യാനപി ജംബുകത്വേ-
നോപാഗതാനഗ്രജസംയുതസ്ത്വം,
ജംബൂഫലാനീവ തദാ നിരാസ്ഥ-
സ്താലേഷു ഖേലൻ ഭഗവന്നിരാസ്ഥഃ.

ഭാഷ

ജംബുകന്മാരായണഞ്ഞ ഭൃത്യന്മാരെ
അംബുജ നേത്രനും രാമനുമായ്
ജംബുഫലം പോൽ കളിയായിത്താലത്തിൽ
വീശി; ഭൂ, ജംബുക ഹീനമാക്കി.

അർത്ഥം : ധേനുകഭൃത്യർ ജംബുകരായി വന്നു. അവരെ രണ്ടുപേരും കൂടി കളിയായിട്ട്, ഞാവൽപ്പഴംപോലെ താലമരത്തിലെറിഞ്ഞ് കൊന്നു. ഭൂമി ജംബുക ഹീനമായി.

മൂലം – 7

വിനിഘ്നതി ത്വയ്യഥ ജംബുകൗഘം
സനാമകത്വാദ്വരുണസ്തദാനീം,
ഭയാകുലോ ജംബുകനാമധേയം
ശ്രുതിപ്രസിദ്ധം വ്യധിതേതി മന്യേ.

ഭാഷ

പേടിച്ചരണ്ട വരുണൻ തൻ പര്യായ–
മാകിയ 'ജംബുക' നാമധേയം
വേണ്ടെന്നു വെച്ചിട്ടു, വേദങ്ങളിൽ മാത്രം
കാണുന്നുവെന്നു നിനയ്ക്കുന്നു ഞാൻ

അർത്ഥം : വരുണന് ജംബുകനെന്ന പര്യായമുണ്ട്. പേടിച്ചരണ്ട വരുണൻ ആ നാമം ഉപേക്ഷിച്ചു. അങ്ങനെ അത് വേദങ്ങളിൽ മാത്രം കേൾക്കുന്നതായിത്തീർന്നു.

മൂലം – 8

തവാവതാരസ്യ ഫലം മുരാരേ!
സംജാതമദ്യേതി സുരൈർന്നുതസ്ത്വം
സത്യം ഫലം ജാതമിഹേതി ഹാസീ
ബാലൈഃ സമം താലഫലാന്യഭുങ്ക്ഥാഃ.

ഭാഷ

'നിന്നവതാര ഫലത്തിനുകാലമാ'
യെന്നു സ്തുതിക്കുന്നു ദേവവൃന്ദം
മന്ദഹസിച്ചു "ഫലമുണ്ടായേറെ" യെ–
ന്നങ്ങു ഭുജിച്ചു സഖാക്കൾക്കൊപ്പം

അർത്ഥം : അവിടത്തെ അവതാര ഫലത്തിനു സമയമായി എന്ന് ദേവന്മാർ സ്തുതിച്ചു. ഭഗവാൻ തമാശയായി പറഞ്ഞു. ഇവിടെ ഇപ്പോൾ ധാരാളം ഫലമുണ്ടായി. എന്നിട്ട് കൂട്ടരോടൊപ്പം പഴങ്ങൾ തിന്നു.

മൂലം – 9

മധുദ്രവസ്രുന്തി ബൃഹന്തി താനി
ഫലാനി മേദോഭരഭൃന്തി ഭുക്ത്വാ,
തൃപ്തൈശ്ച ദൃപ്തൈർഭവനം ഫലൗഘം
വഹദ്ഭിരാഗാഃ ഖലു ബാലകൈസ്ത്വം.

ഭാഷ

തേൻ പോൽ കഴമ്പെഴും താലഫലം തിന്നു
തീരെ വിശപ്പറ്റു തൃപ്തരായി
ഏറെപ്പഴം പെറുക്കീട്ടു തൻ തോഴരൊ–
ത്തേറീ സ്വഗേഹത്തിൽ രാമകൃഷ്ണർ.

അർത്ഥം : തേൻ പോലെ മധുരമുള്ള കഴമ്പുള്ള ധാരാളം പഴം തിന്ന് വിശപ്പടങ്ങി, ധാരാളം പഴം പെറുക്കിക്കൂട്ടി അവയെടുത്ത് രാമകൃഷ്ണന്മാർ വീട്ടിലേക്കു മടങ്ങി.

മൂലം – 10

ഹതോ ഹതോ ധേനുക ഇത്യുപേത്യ
ഫലാന്യദദ്ഭിർമധുരാണി ലോകൈഃ
ജയേതി ജീവേതി നുതോ വിഭോ! ത്വം
മരുത്പുരാധീശ്വര! പാഹി രോഗാത്.

ഭാഷ

'ധേനുകനെക്കൊന്നു' എന്നാർത്തിട്ടാളുകൾ
സ്വാദു ഫലങ്ങൾ രുചിച്ചുനോക്കി
"ദീർഘായുസ്സായിജ്ജയിക്ക" യെന്നോതിയ
ദീനദയാലോ, ഹരിയ്ക്ക രോഗം

അർത്ഥം : 'ധേനുകനെ കൊന്നു' എന്ന് ആർപ്പുവിളിച്ച്, ധാരാളം സ്വാദു ഫലം തിന്ന് ആളുകൾ "ദീർഘായുഷ്മാനായി വിജയിക്കുക" എന്നു വാഴ്ത്തിയ ദീനദയാലോ, എന്റെ രോഗം മാറ്റണേ...

O

ദശകം 54

കാളിയമർദ്ദനം

മൂലം – 1

ത്വത്സേവോത്കഃ സൗഭരിർന്നാമ പൂർവ്വം
കാളിന്ദ്യന്തർദ്വാദശാബ്ദം തപസ്യൻ,
മീനവ്രാതേ സ്നേഹവാൻ ഭോഗലോലേ
താർക്ഷ്യം സാക്ഷാദൈക്ഷതാഗ്രേ കദാചിത്.

ഭാഷ

സൗഭരി നിൻസേവാതല്പരനാം മുനി
പന്ത്രണ്ടു വർഷം തപസ്സു ചെയ്തു
കാളിന്ദിയിൽ ഭോഗശീലർ മീനങ്ങളിൽ
പ്രേമമുണ്ടായി മുനിയ്ക്കന്നാളിൽ

അർത്ഥം : ഒരിക്കൽ അവിടുത്തെ സേവയിൽ തല്പരനായ സൗഭരി മുനി 12 വർഷം കാളിന്ദിയിൽ തപസ്സു ചെയ്തു. അക്കാലത്ത് ഭോഗലാലസരായ മീനങ്ങളിൽ പ്രിയം വർദ്ധിച്ചു.

മൂലം – 2

ത്വദ്വാഹം തം സക്ഷുധം തൃക്ഷസൂനും
മീനം കംചിജ്ജക്ഷതം ലക്ഷയൻ സഃ.
തപ്തശ്ചിത്തേ ശപ്തവാനത്ര ചേത്ത്വം
ജന്തൂൻ ഭോക്താ ജീവിതം ചാപി മോക്താ.

ഭാഷ

കണ്ടു ഗരുഡൻ തിന്നുന്നു മത്സ്യത്തിനെ
സന്താപത്തോടെശ്ശപിയ്ക്കയായി
'കാളിന്ദീവാസീ ജന്തുക്കളെത്തിന്നുകിൽ
ജീവനൊടുങ്ങട്ടെ' യെന്നവനെ

[illegible] : ഒരിക്കൽ ഗരുഡൻ മീനിനെ കൊത്തിത്തിന്നുന്നതു കണ്ട് [illegible] സന്താപത്തോടെ ശപിച്ചു. 'ഇനിമേൽ കാളിന്ദിയിൽ വസിക്കുന്ന [illegible] ജന്തുവിനെ തിന്നാൽ നിന്റെ ജീവൻ പോകട്ടെ' എന്നാ [illegible] ശാപം.

മൂലം – 3

തസ്മിൻ കാലേ കാളിയഃ ക്ഷേലദർപ്പാത്
സർപ്പാരാതേഃ കല്പിതം ഭാഗമശ്നൻ
തേന ക്രോധാത്ത്വത്പദാംഭോജഭാജാ
പക്ഷക്ഷിപ്തസ്തദ്ദുരാപം പയോഗാത്.

ഭാഷ

കാളിയൻ തിന്നു ഗരുഡന്റെ വീതമാം
അന്നം, നിൻ സേവകൻ ക്രോധത്തോടെ
ഗർവ്വിയവനെച്ചിറകാലടിച്ചവൻ
തഞ്ചത്തിൽ കാളിന്ദി തന്നിൽ വാണു

[illegible] : ഒരിക്കൽ ഗരുഡന്റെ വീതമായ യജ്ഞാന്നം വീര്യത്താൽ [illegible] കാളിയൻ തിന്നു. ഗരുഡൻ ക്രോധിച്ച് ചിറകുകൊണ്ടടിച്ച [illegible]പ്പെട്ട്, ഗരുഡൻ കടക്കാത്ത കാളിന്ദിയിൽ ഒളിച്ചു താമസിച്ചു.

മൂലം – 4

ഘോരേ തസ്മിൻ സൂരജാനീരവാസേ
തീരേ വൃക്ഷാ വിക്ഷതാഃ ക്ഷേലവേഗാത്
പക്ഷിവ്രാതാഃ പേതുരഭ്രേ പതന്തഃ
കാരുണ്യാർദ്രം ത്വന്മനസ്തേന ജാതം.

ഭാഷ

ഘോര സർപ്പത്തിൻ വിഷത്താലാ സൂരജാ-
നീരാകെ ത്താമസമായ് ചമഞ്ഞു
ആകാശ ചാരി ഖഗങ്ങൾ ചത്തു, മര
മാകെക്കരിഞ്ഞു, നീ യാർദ്രനായി.

അർത്ഥം : ഘോര സർപ്പ വിഷത്താൽ യമുനാതീരമാകെ തമോഗുണത്താൽ നിറഞ്ഞു. മരങ്ങൾ കരിഞ്ഞു. ആകാശത്തിൽ പറക്കുന്ന പക്ഷി പോലും വിഷമേറ്റു കരിഞ്ഞു വീണു. ഇതുകണ്ട് ഭഗവാന്റെ മനസ്സ് കരുണാർദ്രമായി.

മൂലം – 5

കാലേ തസ്മിന്നേകദാ സീരപാണിം
മുക്ത്വാ യാതേ യാമുനം കാനനാന്തം
ത്വയ്യുദ്ദാമഗ്രീഷ്മഭീഷ്മോഷ്മതപ്താ
ഗോഗോപാലാ വ്യാപിബൻ ക്ഷേലതോയം.

ഭാഷ

ഒറ്റയ്ക്കൊരിക്കൽ നീ കാട്ടിൽപ്പോ, യുറ്റവർ
കറ്റക്കിടാങ്ങൾ പശുക്കളെല്ലാം
ഉഗ്രവേനൽച്ചൂടാൽ ദാഹിച്ചു കാളിന്ദീ-
യുൾപ്പുക്കു വെള്ളം കുടിക്കയായി.

അർത്ഥം : ഒരിക്കൽ കൃഷ്ണൻ രാമനെ കൂടാതെ ഒറ്റക്ക് കാട്ടിൽ പോയി. ഉറ്റ സഖാക്കളായ ഇടയപ്പൈതലുകളും പശുക്കളും ഉഗ്ര വേനൽച്ചൂടിനാൽ ദാഹിച്ചു വലഞ്ഞ് കാളിന്ദിയിലിറങ്ങി വെള്ളം കുടിച്ചു.

മൂലം – 6

നശ്യജ്ജീവാൻ വിച്യുതാൻ ക്ഷ്മാതലേ താൻ
വിശ്വാൻ പശ്യന്നച്യുത! ത്വം ദയാർദ്രഃ.
പ്രാപ്യോപാന്തം ജീവയാമാസിഥ ദ്രാക്
പീയൂഷാംഭോവർഷിഭിഃ ശ്രീകടാക്ഷൈഃ.

ഭാഷ

അച്യുതാ കണ്ടു നീ നഷ്ടജീവന്മാരാ-
യസ്സഖീവൃന്ദത്തെ, കാരുണ്യാർദ്രം
പീയൂഷവർഷിയാം ശ്രീ കടാക്ഷത്താലെ
ആയുസ്സു വീണ്ടും തിരിച്ചു നൽകി

അർത്ഥം : മരിച്ച കിടക്കുന്ന അവരെ കരുണാർദ്രനായ നീ കണ്ടു. അമൃതവർഷിയായ നിന്റെ കടാക്ഷത്താൽ അവർക്ക് വീണ്ടും ആയുസ്സ് തിരിച്ചു നൽകി.

മൂലം – 7

കിം കിം ജാതോ ഹർഷവർഷാതിരേകഃ
സർവ്വാങ്ഗേഷ്വിത്യുത്ഥിതാ ഗോപസംഘാഃ
ദൃഷ്ട്വാഗ്രേ ത്വാം ത്വത്കൃതം തദ്വിദന്ത-
സ്ത്വാമാലിങ്ഗൻ ദൃഷ്ടനാനാപ്രഭാവാഃ.

ഭാഷ

'എന്തിതെന്തിങ്ങനെ സർവ്വാംഗവും ഹർഷ-
വർഷാതിരേക' മെന്നാ സഖാക്കൾ
നിന്നെക്കണ്ടു, നിന്റെ പ്രാഭവലീലയെ
നന്നായറിഞ്ഞു കെട്ടിപ്പിടിച്ചു.

അർത്ഥം : 'ഇത് എന്താണ്? സർവ്വാംഗവും ഇങ്ങനെ ഒരു ആനന്ദ വർഷാധിക്യം എങ്ങനെ വന്നു' എന്ന് ആശ്ചര്യപ്പെട്ട ആ കൂട്ടുകാർ നിന്നെ കണ്ടു. നിന്റെ പ്രാഭവ ലീലകൾ നന്നായറിയാവുന്ന അവർ ഇതും ലീലയാണെന്നറിഞ്ഞ് സ്നേഹത്തോടെ നിന്നെ കെട്ടിപ്പിടിച്ചു.

മൂലം – 8

ഗാവശ്ചൈവം ലബ്ധജീവാഃ ക്ഷണേന
സ്ഫീതാനന്ദാസ്ത്വാം ച ദൃഷ്ട്വാ പുരസ്താത്
ദ്രാഗാവവ്രുഃ സർവതോ ഹർഷബാഷ്പം
വ്യാമുഞ്ചന്ത്യോ മന്ദമുദ്യന്നിനാദാഃ.

ഭാഷ

ജീവൻ കിടച്ച പശുക്കളുമാനന്ദ-
മോരാനാവാതെ നിൻ ചാരെയെത്തി
ആനന്ദക്കണ്ണീരോ'ടിമ്പേ' നി നാദത്തോ-
ടോമനക്കാലടി നക്കി നിന്നു.

അർത്ഥം : സന്തോഷം പറഞ്ഞറിയിക്കാനാവാത്ത മിണ്ടാപ്രാണികളായ പശുക്കൾ ജീവൻ തന്നത് നീയാണെന്നറിഞ്ഞ് നിന്റെയടുത്തേക്ക് ഓടിവന്നു. ആനന്ദക്കണ്ണീരൊഴുക്കി, 'ഇമ്പേ' എന്ന് നാദമുണ്ടാക്കി, സ്നേഹസൂചകമായി നിന്റെ ഓമനക്കാലടി നക്കിത്തുടച്ചു നിന്നു.

മൂലം – 9

'രോമാഞ്ചോഽയം സർവതോ നഃ ശരീരേ
ഭൂയസ്യന്തഃ കാചിദാനന്ദമൂർച്ഛാ,
ആശ്ചര്യോഽയം ക്ഷേമവേഗോ മുകുന്ദേ'-
ത്യുക്തോ ഗോപൈർന്നന്ദിതോ വന്ദിതോഽഭൂഃ.

ഭാഷ

'രോമാഞ്ച, മാനന്ദമൂർഛ' ഞങ്ങൾക്കുള്ളി-
ലീവിഷയോഗം കഠിനമെന്നാൽ
താവക പീയൂഷ വീര്യമറി' ഞ്ഞെന്നു
ഗോപരാലിംഗനം ചെയ്തു നിന്നെ.

അർത്ഥം : 'ഞങ്ങളുടെ ഉള്ളാകെ ആനന്ദമൂർഛ – മെയ്യാകെ രോമാഞ്ചം. വിഷവീര്യം കഠിനം തന്നെ. എന്നാൽ അതുകൊണ്ട്, ഞങ്ങൾ നിന്റെ പീയൂഷ വീര്യമറിഞ്ഞു' എന്ന് ഗോപന്മാർ കൃഷ്ണനെ കെട്ടിപ്പിടിച്ചു.

മൂലം – 10

ഏവം ഭക്താൻ മുക്തജീവാനപി ത്വം
മുഗ്ധാപാങ്ഗൈരസ്തരോഗാംസ്തനോഷി,
താദൃഗ്ഭൂതസ്ഫീതകാരുണ്യഭൂമാ
രോഗാത് പായാ വായുഗേഹാധിവാസ!.

ഭാഷ

ജീവനുപേക്ഷിച്ച ഭക്തരെ ത്തൻ മുഗ്ദ്ധ-
ശ്രീ കടാക്ഷത്താലുണർത്തുവോനെ
ശ്രീഹരേ, മാമക രോഗം ശമിപ്പിച്ചു
പാലിയ്ക്ക, വായുഗേഹാധിവാസ!

അർത്ഥം : മരിച്ചുപോയ ഭക്തരെ ഒറ്റ കടാക്ഷംകൊണ്ട് ജീവിപ്പിച്ച കരുണാസിന്ധുവായ ഗുരുവായൂരപ്പാ, എന്റെ രോഗങ്ങൾ ശമിപ്പിച്ച് പാലിയ്ക്കണേ!

O

ദശകം 55

കാളിയമർദ്ദനം തുടർച്ച

മൂലം – 1

അഥ വാരിണി ഘോരതരം ഫണിനം
പ്രതിവാരയിതും കൃതധീർഭഗവൻ!
ദ്രുതമാരിഥ തീരഗനീപതരും
വിഷമാരുതശോഷിതപർണ്ണചയം.

ഭാഷ

കാളിന്ദിയാറ്റിലെക്കാളിയനാഗത്തെ-
യോടിപ്പതിന്നായിഗോപബാലാ
തീരത്തുണങ്ങിക്കരിഞ്ഞിലയറ്റതാം
ചാരു കദംബത്തിൽ നീ കരേറി.

അർത്ഥം : കാളിന്ദിയാറ്റിലെ വിഷസർപ്പമായ കാളിയനെ ഓടിക്കാൻ നിശ്ചയിച്ച ഭഗവാൻ, തീരത്ത് വിഷജ്വാലയേറ്റ് ഉണങ്ങിക്കരിഞ്ഞ് ഇല പോയ കദംബമരത്തിൽ കയറി.

മൂലം – 2

അധിരുഹ്യ പദാംബുരുഹേണ ച തം
നവപല്ലവതുല്യമനോജ്ഞരുചാ,
ഹ്രദവാരിണി ദൂരതരം ന്യപതഃ
പരിഘൂർണിത ഘോരതരങ്ഗഗണേ.

ഭാഷ

ചെമ്പല്ലവം പോൽ മൃദുലമനോജ്ഞമാം
നിൻപാദസ്പർശം കുളിരണിയിക്കും
മാമരത്തിൽ നിന്നു ഘോരതരംഗങ്ങൾ
കോളിളക്കുന്ന ഹ്രദത്തിലേക്കായ്
ദൂരെ ദൂരേക്കു കുതിച്ചു ചാടീ നട-
നാരായണൻ തന്റെ ലീലയ്ക്കായി.

അർത്ഥം : ചെന്തളിർ പോലെ മൃദുലവും സുന്ദരവുമായ അവിടുത്തെ പാദസ്പർശത്താൽ കുളിരണിഞ്ഞ മരത്തിൽ നിന്ന്, ഘോരതരംഗങ്ങൾ കോളിളക്കുന്ന കാളിന്ദിയുടെ കയത്തിലേക്ക്, അകലെയകലേക്ക് തന്റെ ലീലയ്ക്കായി നടനാരായണൻ കുതിച്ചു ചാടി.

മൂലം – 3

ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികമ്പിവിജൃംഭിജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം
തടിനീ ഝടിതി സ്ഫുടഘോഷവതീ.

ഭാഷ

മൂന്നുലോകത്തിന്റെ ഭാരം വഹിക്കും നിൻ
മേനിയാൽ പൊങ്ങിയിളകി വെള്ളം
കാളിന്ദി ഘോഷമുയർത്തീട്ടു നൂറുവിൽ-
പ്പാടു ദൂരം ഭൂമി തന്നിൽ മുക്കി

അർത്ഥം : മൂന്നു ലോകത്തിന്റെ ഭാരം വഹിക്കുന്ന നിന്റെ മേനി വന്നു വീണപ്പോൾ നദിയിൽ വെള്ളം ഇളകിപ്പൊങ്ങി. വലുതായ ഘോഷമുയർത്തി കാളിന്ദി നൂറുവില്പാടകലം വെള്ളത്തിൽ മുക്കി.

മൂലം – 4

അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിത-
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദകാദുദഗാദുരഗാധിപതി-
സ്ത്വദുപാന്തമശാന്തരുഷാന്ധമനാഃ.

ഭാഷ

ദിക്കിൽ വിദിക്കിൽ ക്ഷുഭിതമായി ഭ്രമി-
ച്ചുഗ്രനാദത്താൽ ച്ചുഴന്നു വാരി
കോപാന്ധൻ കാളിയൻ പൊങ്ങിനാൻ ഗോപാല-
ബാലനോടേറ്റു മുട്ടീടുവാനായ്

അർത്ഥം : ദിക്കു വിദിക്കുകളിലെല്ലാം വല്ലാതെ ക്ഷോഭിച്ച് ഭ്രമണം ചെയ്ത് ഉഗ്രനാദത്തോടെ വെള്ളം പൊങ്ങിയതു കണ്ട് കോപാന്ധനായ കാളിയൻ ഭാഗവാനോടേറ്റു മുട്ടാനായി വന്നു.

മൂലം – 5

ഫണശൃങ്ഗസഹസ്രവിനിഃസൃമര-
ജ്വലദഗ്നികണോഗ്രവിഷാംബുധരം,
പുരതഃ ഫണിനം സമലോകയഥാ
ബഹുശൃങ്ഗിണമഞ്ജനശൈലമിവ.

ഭാഷ

ആയിരം പത്തിയിൽ തീക്കണം ചീറ്റി
വിഷജലം തുപ്പുമാകാളിയനെ
അഗ്നിധൂമം ചീറ്റുമഞ്ജന പർവ്വതം
പോലെ കണ്ണൻ കണ്ടു തന്റെ മുന്നിൽ

അർത്ഥം : ആയിരം പത്തിയിൽ തീ തുളുമ്പുന്ന വിഷജലം തുപ്പി, അനേക ശൃംഗങ്ങളിൽ നിന്ന് തീയും ലാവയും വമിക്കുന്ന കറുത്ത അഗ്നിപർവ്വതം പോലെ, കാളിയനെ തന്റെ മുന്നിൽ കണ്ണൻ കണ്ടു.

മൂലം – 6

ജ്വലദക്ഷി പരിക്ഷരദുഗ്രവിഷ-
ശ്വസനോഷ്മഭരഃ സ മഹാഭുജഗഃ,
പരിദശ്യ ഭവന്തമനന്തബലം
സമവേഷ്ടയദസ്ഫുടചേഷ്ടമഹോ.

ഭാഷ

ഉഗ്രവിഷച്ചൂടു കക്കീട്ടാപ്പാമ്പുതൻ
കത്തിജ്വലിക്കും കണ്ണാലെ നോക്കി
കൊത്തിയനന്തബലൻ ബാലനെപ്പിന്നെ-
യത്തിരുമേനി വരിഞ്ഞു ചുറ്റി

അർത്ഥം : ഉഗ്ര വിഷക്കാറ്റു കക്കി, ആ കൊടുമ്പാമ്പ് ജ്വലിക്കുന്ന കണ്ണോടെ നോക്കി, അനന്ത ബലവാനായ ആ ബാലനെ കൊത്തി. പിന്നെ മുഴുവൻ വരിഞ്ഞു ചുറ്റി ആ ശരീരം കാണാതാക്കി.

മൂലം - 7

അവിലോക്യ ഭവന്തമഥാകുലിതേ
തടഗാമിനി ബാലകധേനുഗണേ
വ്രജഗേഹതലേfപ്യനിമിത്തശതം
സമുദീക്ഷ്യ ഗതാ യമുനാം പശുപാഃ.

ഭാഷ

കണ്ണന്റെ ദാരുണാവസ്ഥ കണ്ടെല്ലാരും
നണ്ണി ജീവൻ കളഞ്ഞീടുവാനായ്
ഉണ്ണി വിടുവിച്ചു കെട്ടക്ഷണം കണ്ണിൽ
കള്ളച്ചിരിയുമായ് പൊങ്ങി വന്നു.

അർത്ഥം : കണ്ണന്റെ ദാരുണമായ നിസ്സഹായാവസ്ഥ കണ്ട് എല്ലാവരും അവരവരുടെ ജീവനൊടുക്കാൻ തയ്യാറായി. ഉടനെ, ഉണ്ണി നിഷ്പ്രയാസം കെട്ടുവിടീച്ചു. ഒരു പുഞ്ചിരിയുമായി ജലത്തിനു മുകളിലേക്ക് പൊങ്ങിവന്നു.

മൂലം - 8

അഖിലേഷു വിഭോ! ഭവദീയദശാ-
മവലോക്യ ജിഹാസുഷു ജീവഭരം,
ഫണിബന്ധനമാശു വിമുച്യ ജവാ-
ദുദഗമ്യത ഹാസജ്ജുഷാ ഭവതാ.

ഭാഷ

കണ്ണന്റെ ദാരുണാവസ്ഥ കണ്ടെല്ലാരും
നണ്ണി ജീവൻ കളഞ്ഞീടുവാനായ്
ഉണ്ണി വിടുവിച്ചു കെട്ടക്ഷണം കണ്ണിൽ
കള്ളച്ചിരിയുമായ് പൊങ്ങിവന്നു.

അർത്ഥം : കണ്ണന്റെ ദാരുണമായ നിസ്സഹായാവസ്ഥ കണ്ട് എല്ലാവരും അവരവരുടെ ജീവനൊടുക്കാൻ തയ്യാറായി. ഉടനെ, ഉണ്ണി നിഷ്പ്രയാസം കെട്ടു വിടീച്ചു. ഒരു പുഞ്ചിരിയുമായി ജലത്തിനു മുകളിലേക്ക് പൊങ്ങിവന്നു.

മൂലം - 9

അധിരുഹ്യ തതഃ ഫണിരാജഫണാ-
നനൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിലത്-
കരകങ്കണസംകുലസംക്വണിതം.

ഭാഷ

കാളിയസർപ്പ ഫണത്തിലേറി മൃദു-
പാദത്തിൻ നൂപുര നാദവുമായ്
താളം പിടിക്കും കരവളചാഞ്ചാടി-
ട്ടോളത്തിന്മേലാടി വാസുദേവൻ.

അർത്ഥം : കാളിയന്റെ ഫണത്തിൽ കയറി, മൃദുപാദങ്ങളാൽ നൃത്തം വെച്ചു. നൂപുരനാദവും താളം പിടിക്കുന്ന കൈവളയും ഒപ്പത്തിനൊപ്പം കുലുങ്ങുമാറ് ഓളത്തിന്മേൽ കണ്ണൻ നൃത്തമാടി.

മൂലം - 10

ജഹൃഷുഃ പശുപാസ്തുതുഷുർമ്മുനയോ
വവൃഷുഃ കുസുമാനി സുരേന്ദ്രഗണാഃ,
ത്വയി നൃത്യതി മാരുതഗേഹപതേ!
പരിപാഹി സ മാം ത്വമദാന്തഗദാത്.

ഭാഷ

നിൻ നൃത്തലാസ്യത്തിലാനന്ദം ഗോപർക്കും
മാമുനിമാർക്കും സുരാദികൾക്കും
പൂമഴയേറ്റു നടമാടും ഗോവിന്ദാ
രോഗത്തിൽ നിന്നു കാക്കേണമെന്നെ.

അർത്ഥം : ഭഗവാന്റെ നൃത്തത്തിൽ ഗോപന്മാരും മുനിമാരും ദേവന്മാരും ആനന്ദിച്ചു. ദേവന്മാർ തൂകിയ പൂമഴയേറ്റ് നടനമാടിയ ഗോവിന്ദാ, എന്നെ രോഗത്തിൽ നിന്ന് രക്ഷിക്കണേ.

O

ദശകം 56

കാളിയഗർവ്വശമനം

മൂലം - 1

രുചിരകമ്പിതകുണ്ഡലമണ്ഡലഃ
സുചിരമീശ! നനർത്തിഥ പന്നഗേ,
അമരതാഡിതദുന്ദുഭിസുന്ദരം
വിയതി ഗായതി ദൈവതയൗവതേ.

ഭാഷ

ആകാശചാരികൾ ദുന്ദുഭിമേളത്തോ-
ടാനന്ദ ഗീതങ്ങൾ പാടിടുമ്പോൾ
കമ്പിത സുസ്വരത്തോടൊത്തു കുണ്ഡല-
കമ്പനത്തോടാടി കൊണ്ടൽവർണ്ണൻ

അർത്ഥം : ദേവന്മാരുടെ ദുന്ദുഭി മേളവും ആനന്ദഗീതവും മുഴങ്ങവെ, ആ കമ്പിതസുസ്വരത്തോടൊത്ത് തന്റെ കുണ്ഡലങ്ങൾ കമ്പനം ചെയ്യിച്ച് താളത്തിലാട്ടിക്കൊണ്ട് ശ്യാമവർണ്ണൻ നൃത്തം ചെയ്തു.

മൂലം - 2

നമതി യദ്യദമുഷ്യ ശിരോ ഹരേ!
പരിവിഹായ തദുന്നതമുന്നതം,
പരിമഥൻ പദപങ്കരുഹാ ചിരം
വ്യഹരഥാഃ കരതാലമനോഹരം.

ഭാഷ

താഴും ശിരസ്സുവിട്ടും ഉയരുന്നതി-
ലാഞ്ഞാഞ്ഞു വീണ്ടും ചവിട്ടിയിട്ടും
താളത്തിൽ കൈചലിപ്പിച്ചും മനോജ്ഞമാ
കാളിയമർദ്ദനം നീ തുടർന്നു.

അർത്ഥം : ഉയരുന്ന ശിരസ്സിൽ ചവിട്ടിയും, താഴുന്ന ശിരസ്സ് ഉപേക്ഷിച്ചും കൈതാളത്തോടെ മനോഹരമായ കാളിയമർദ്ദനം കൃഷ്ണൻ തുടർന്നു.

മൂലം - 3

ത്വദവഭഗ്നവിഭുഗ്നഫണാഗണേ
ഗളിതശോണിതശോണിതപാഥസി,
ഫണിപതാവവസീദതി സംനതാ-
സ്തദബലാസ്തവ മാധവ!, പാദയോഃ.

ഭാഷ

ഭഗ്ന ഫണം താഴ്ത്തി ച്ചോരകക്കീ, മുഗ്ദ്ധ-
കാളിന്ദിയാറ്റിനെച്ചോപ്പണീയ്ക്കെ
ആലസ്യമാർന്നവൻ തന്റെ വധൂജനം
ബാലകപാദം പണിഞ്ഞു നിന്നു.

അർത്ഥം : ഫണങ്ങൾ തകർന്ന് ചോര കക്കി, പത്തി മടക്കി കാളിന്ദിയെ ചുകപ്പണിയിച്ച് കാളിയൻ ആലസ്യമാർന്നപ്പോൾ അവന്റെ പത്നിമാർ കൃഷ്ണന്റെ പാദത്തിൽ വണങ്ങി.

മൂലം - 4

അയി പുരൈവ ചിരായ പരിശ്രുത-
ത്വദനുഭാവവിലീനഹൃദോ ഹി താഃ,
മുനിഭിരപ്യനവാപ്യപഥൈഃ സ്തവൈ-
ർന്നുനുവുരീശ! ഭവന്തമയന്ത്രിതം.

ഭാഷ

മാമുനിമാർക്കുമറിയാത്ത ഭക്തിയും
ജ്ഞാനവും ഘോഷിക്കും സ്തോത്രം പാടി
മുമ്പേ ശ്രവിച്ച നിൻ മാഹാത്മ്യമോർത്താദ്ര-
മൻപെഴും ചിത്തത്തോടങ്ങു നിന്നു.

അർത്ഥം : മഹർഷിമാർക്കുപോലും അറിയാനാവാത്ത ഭക്തിജ്ഞാന മാർഗ്ഗങ്ങളെ ഘോഷിക്കുന്ന സ്തുതികൾ അവർ പാടി. അവർ പണ്ടേ നിന്റെ മാഹാത്മ്യം കേട്ട് നിന്നിൽ പ്രേമാർദ്രമായ ചിത്തങ്ങളോടെയാണ് സ്തുതി പാടിക്കൊണ്ട് നിൽക്കുന്നത്.

മൂലം – 5

ഫണിവധൂഗണഭക്തിവിലോകന–
പ്രവികസത്കരുണാകുലചേതസാ,
ഫണിപതിർഭവതാച്യുത! ജീവിത–
സ്ത്വയി സമർപ്പിതമൂർത്തിരവാനമത്.

ഭാഷ

അച്യുത, നാഗിനിമാരുടെ പ്രേമത്താ–
ലത്യന്തം പ്രീതനായ് നീ ദയാലോ
ആയുസ്സു കിട്ടിയ കാളിയൻ നിന്നിൽ സർ–
വ്വാർപ്പണം ചെയ്തു നമസ്ക്കരിച്ചു.

അർത്ഥം : അച്യുതാ, ആ നാഗിനിമാരുടെ പ്രേമത്താൽ അതീവ പ്രസന്നനായ ദയാലുവായ കൃഷ്ണൻ ആ കാളിയന് ആയുസ് പ്രദാനം ചെയ്തു. കാളിയൻ നിന്നിൽ സർവ്വാർപ്പണം ചെയ്ത് നമസ്ക്കരിച്ചു.

മൂലം – 6

രമണകം വ്രജ വാരിധിമധ്യഗം
ഫണിരിപുർന കരോതി വിരോധിതാം,
ഇതി ഭവദ്വചനാന്യതിമാനയൻ
ഫണിപതിർന്നിരഗാദുരഗൈഃ സമം.

ഭാഷ

'ആഴി നടുവിൽ രമണക ദ്വീപത്തിൽ
പോകുമാറില്ല ഗരുഡ' നെന്നായ്
ആ വാക്കു കേട്ടുഗ്ര നാഗം തൻ ഭാര്യമാ–
രോടൊത്തു ചെന്നു രമണകത്തിൽ

അർത്ഥം : കടൽ നടുവിലെ രമണക ദ്വീപത്തിൽ ഗരുഡൻ പോകാറില്ല. അവിടെ പോയി പാർക്കാനുള്ള നിർദ്ദേശം നിന്നിൽ നിന്നു ലഭിച്ച കാളിയൻ അവിടേക്ക് ഭാര്യമാരൊത്ത് പോയി.

മൂലം – 7

ഫണിവധൂജനദത്തമണിവ്രജ–
ജ്വലിതഹാരദുകൂലവിഭൂഷിതഃ,
തടഗതൈഃ പ്രമദാശ്രുവിമിശ്രിതൈഃ
സമഗഥാഃ സ്വജനൈർദ്ദിവസാവധൗ.

ഭാഷ

രാഗിണിമാർ തന്ന രത്നഹാരങ്ങളാൽ
മുത്താലും പട്ടാലും ഭൂഷ ചാർത്തി
നീയാ കാളിന്ദജാ തീരെ പ്രമദാശ്രു
തൂകും പ്രിയജനത്തോടു ചേർന്നു.

അർത്ഥം : നാഗിനിമാർ ചാർത്തിയ രത്നഹാരം, മുത്ത്, പട്ട് ഇവയാൽ അലങ്കൃതനായി കാളിന്ദീ തീരത്ത് ആനന്ദാശ്രു വാർക്കുന്ന പ്രിയജനങ്ങളുടെ അടുത്തേയ്ക്ക് നീ ചെന്നു.

മൂലം – 8

നിശി പുനസ്തമസാ വ്രജമന്ദിരം
വ്രജിതുമക്ഷമ ഏവ ജനോത്കരേ,
സ്വപതി തത്ര ഭവച്ചരണാശ്രയേ
ദവകൃശാനുരരുന്ധ സമന്തതഃ.

ഭാഷ

രാവിലിരുട്ടത്തു കാട്ടുതീ ചൂഴവെ
കാളിന്ദീ തീരത്തു ഗോപവൃന്ദം
ഗേഹമണയുവാനാകാതെ നിൻപദം
ധ്യാനിച്ചുറക്കെ ക്കരഞ്ഞു കൃഷ്ണാ

അർത്ഥം : രാത്രിയിൽ ഇരുട്ടത്ത് കാളിന്ദീ തീരത്ത് ചുറ്റും കാട്ടുതീ പരക്കുകയാൽ ഗോപന്മാർക്ക് വീട്ടിൽ പോകാനായില്ല. കൃഷ്ണന്റെ പാദമാശ്രയിച്ച്, തൃപ്പാദം ധ്യാനിച്ച് അവർ ഉറക്കെ കരഞ്ഞു.

മൂലം – 9

പ്രബുധിതാനഥ പാലയ പാലയേ-
ത്യുദയദാർത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥ മഹാനലം
കിമിഹ ചിത്രമയം ഖലു തേ മുഖം.

ഭാഷ

പാലയ എന്നാർക്കുമാ കരുണസ്വരം
പാലകൻ കേട്ടിട്ടാ മാത്ര തന്നെ
അഗ്നിമുഖത്താലാക്കാട്ടുതീ പാനം ചെയ്-
തത്ഭുതമെന്തഗ്നി നിൻ വായല്ലോ!

അർത്ഥം : രക്ഷിക്കണേ എന്ന അവരുടെ കരുണസ്വരം കേട്ടമാത്ര അവരുടെ രക്ഷകൻ തന്റെ അഗ്നിമുഖത്താൽ കാട്ടുതീ കുടിച്ചു തീർത്തു. അതിലെന്താണത്ഭുതം! അഗ്നി നിന്റെ തിരുവായ് തന്നെയാണല്ലോ-

മൂലം – 10

'ശിഖിനി വർണ്ണത ഏവ ഹി പീതതാ
പരിലസ'ത്യധുനാ ക്രിയയാപ്യസൗ,
ഇതി നുതഃ പശുപൈർമ്മുദിതൈർവ്വിഭോ!
ഹര ഹരേ! ദുരിതൈഃ സഹ മേ ഗദാൻ.

ഭാഷ

അഗ്നിയിൽ 'പീതത' വർണ്ണത്താലും നിന്റെ
"പീതത" യാലുമിപ്പോൾ പ്രസിദ്ധം.
എന്നു വാഴ്ത്തീടുന്ന ശ്രീ ഗുരുവായൂരിൽ
ശ്രീഹരേ, രോഗം ഹരിച്ചീടേണം.

അർത്ഥം : അഗ്നിക്ക് പീതത (മഞ്ഞ) വർണ്ണം കൊണ്ടും നീ കുടിച്ചതു കൊണ്ടും ഇപ്പോൾ പ്രസിദ്ധമായി എന്ന് ഗോപന്മാർ വാഴ്ത്തിയ ഗുരുവായൂരിലെ ശ്രീഹരേ, എന്റെ രോഗം ഹരിയ്ക്കണേ!

O

ദശകം 57

പ്രലംബവധം

മൂലം – 1

രാമസഖഃ ക്വാപി ദിനേ
കാമദ! ഭഗവൻ! ഗതോ ഭവാൻ വിപിനം,
സൂനുഭിരപി ഗോപാനാം
ധേനുഭിരഭിസംവൃതോ ലസദ്വേഷഃ.

ഭാഷ

പിന്നെയൊരു ദിനം രാമനോടൊത്തിട്ടു
കാമദനുജ്ജ്വല വേഷധാരി
ഗോപരും ഗോവൃന്ദവും ചൂഴെ, മേയ്ക്കുവാൻ
കാനനം തന്നിൽ ഗമിയ്ക്കയായി.

അർത്ഥം : ഒരു ദിവസം രാമനും കാമദനായ ഭഗവാനും ഉജ്ജ്വല വേഷം ധരിച്ച്, ഗോപബാലരോടും ഗോക്കളോടുമൊപ്പം, പശുക്കളെ മേയ്ക്കാൻ കാട്ടിൽ പോയി.

മൂലം – 2

സന്ദർശയൻ ബലായ
സൈ്വരം വൃന്ദാവനശ്രിയം വിമലാം,
കാണ്ഡീരൈഃ സഹ ബാലൈർ-
ഭാണ്ഡീരകമാഗമോ വടം ക്രീഡൻ.

ഭാഷ

സുന്ദര വൃന്ദാവന വിമലശ്രീയെ
നന്ദാത്മജൻ രാമനൊത്തു കണ്ടു
കാലിക്കോലേന്തിയ ഗോപാലരൊത്തു ഭാ-
ണ്ഡീരകപ്പേരാലിൻ ചോട്ടിലെത്തി.

അർത്ഥം : മനോഹരമായ വൃന്ദാവനത്തെ രാമകൃഷ്ണന്മാർ നോക്കി കണ്ട് ആനന്ദിച്ചു. കാലിക്കോൽ ധരിച്ച ഗോപാലരൊത്തുകളിച്ച് അവർ ഭാണ്ഡീരകമെന്ന വലിയ ആലിൻ ചുവട്ടിലെത്തി.

മൂലം – 3

താവത് താവകനിധന-
സ്പൃഹയാലുർഗോപമൂർത്തിരദയാലുഃ,
ദൈത്യഃ പ്രലംബനാമാ
പ്രലംബബാഹും ഭവന്തമാപേദേ.

ഭാഷ

കണ്ടു കരുണയില്ലാത്ത പ്രലംബനാം
ചണ്ഡനവിടത്തെ, കൊല്ലുവാനായ്
ഗോപവേഷത്തിലടുത്തു പ്രലംബമാം
ബാഹുക്കളുള്ള നിൻ ചാരെമൂഢൻ

അർത്ഥം : നിന്നെ കണ്ട് കൊല്ലാനുറച്ച, കാരുണ്യമില്ലാത്തവനും മൂഢനുമായ പ്രലംബൻ, പ്രലംബബാഹു (ആജാനബാഹു) വായ നിന്റെ അടുത്ത് ഗോപവേഷം കെട്ടിവന്നു.

മൂലം – 4

ജാനന്നപ്യവിജാന-
ന്നിവ തേന സമം നിബദ്ധസൗഹാർദ്ദഃ,
വടനികടേ പടുപശുപ-
വ്യാബദ്ധം ദ്വന്ദ്വയുദ്ധമാരബ്ധാഃ

ഭാഷ

മായയറിഞ്ഞു മറിയാത്ത ഭാവത്തിൽ
കാണിച്ചു സൗഹൃദം ചേർത്തിരുത്തി
ഗോപന്മാരെച്ചേരിയാക്കിക്കളിപ്പിച്ചു
മല്ലയുദ്ധം മായാ മാനുഷൻ നീ

അർത്ഥം : അസുരമായ അറിഞ്ഞിട്ടും അറിയാത്ത ഭാവം നടിച്ച് സൗഹൃദം ഭാവിച്ച് കൂട്ടത്തിൽ ചേർത്തിയിരുത്തി – ഗോപന്മാരെ രണ്ടു ചേരിയാക്കി തിരിച്ച് മല്ലയുദ്ധം കളിപ്പിക്കാൻ മായാമാനുഷൻ ആരംഭിച്ചു.

ഭാഷ

സുന്ദര വൃന്ദാവന വിമലശ്രീയെ
നന്ദാത്മജൻ രാമനൊത്തു കണ്ടു
കാലിക്കോലേന്തിയ ഗോപാലരൊത്തു ഭാ-
ണ്ഡീരകപ്പേരാലിൻ ചോട്ടിലെത്തി.

അർത്ഥം : മനോഹരമായ വൃന്ദാവനത്തെ രാമകൃഷ്ണന്മാർ നോക്കി കണ്ട് ആനന്ദിച്ചു. കാലിക്കോൽ ധരിച്ച ഗോപാലരൊത്തുകളിച്ച് അവർ ഭാണ്ഡീരകമെന്ന വലിയ ആലിൻ ചുവട്ടിലെത്തി.

മൂലം – 3

താവത് താവകനിധന-
സ്പൃഹയാലുർഗോപമൂർത്തിരദയാലുഃ,
ദൈത്യഃ പ്രലംബനാമാ
പ്രലംബബാഹും ഭവന്തമാപേദേ.

ഭാഷ

കണ്ടു കരുണയില്ലാത്ത പ്രലംബനാം
ചണ്ഡനവിടത്തെ, കൊല്ലുവാനായ്
ഗോപവേഷത്തിലടുത്തു പ്രലംബമാം
ബാഹുക്കളുള്ള നിൻ ചാരെമൂഢൻ

അർത്ഥം : നിന്നെ കണ്ട് കൊല്ലാനുറച്ച, കാരുണ്യമില്ലാത്തവനും മൂഢനുമായ പ്രലംബൻ, പ്രലംബബാഹു (ആജാനബാഹു) വായ നിന്റെ അടുത്ത് ഗോപവേഷം കെട്ടിവന്നു.

മൂലം – 4

ജാനന്നപ്യവിജാന-
ന്നിവ തേന സമം നിബദ്ധസൗഹാർദ്ദഃ,
വടനികടേ പടുപശുപ-
വ്യാബദ്ധം ദ്വന്ദ്വയുദ്ധമാരബ്ധാഃ

ഭാഷ

മായയറിഞ്ഞു മറിയാത്ത ഭാവത്തിൽ
കാണിച്ചു സൗഹൃദം ചേർത്തിരുത്തി
ഗോപന്മാരെച്ചേരിയാക്കിക്കളിപ്പിച്ചു
മല്ലയുദ്ധം മായാ മാനുഷൻ നീ

അർത്ഥം : അസുരമായ അറിഞ്ഞിട്ടും അറിയാത്ത ഭാവം നടിച്ച് സൗഹൃദം ഭാവിച്ച് കൂട്ടത്തിൽ ചേർത്തിയിരുത്തി – ഗോപന്മാരെ രണ്ടു ചേരിയാക്കി തിരിച്ച് മല്ലയുദ്ധം കളിപ്പിക്കാൻ മായാമാനുഷൻ ആരംഭിച്ചു.

അർത്ഥം : പ്രലംബനെ രാമൻ തോല്പിച്ചു. പ്രലംബൻ രാമനെ എടുത്ത് കൃഷ്ണന്റെ കണ്ണെത്താത്ത ദൂരത്തിലേക്കോടി. അവിടെ വെച്ച് വധിക്കാനായിരുന്നു അവന്റെ നിശ്ചയം.

മൂലം – 8

ത്വദ്ദൂരം ഗമയന്തം
തം ദൃഷ്ട്വാ ഹലിനി വിഹിതഗരിമഭരേ,
ദൈത്യഃ സ്വരൂപമാഗാത്
യദ്രൂപാത്സ ഹി ബലോഽപി ചകിതോഽഭൂത്.

ഭാഷ

ദൂരെഗ്ഗമിക്കുന്ന കൗശലം കണ്ടിട്ടു
രാമൻ തൻ ഭാരം വർദ്ധിക്കയാലേ
സ്വസ്വരൂപം പൂണ്ട ദൈത്യനെക്കണ്ടിട്ടു
ഞെട്ടിയാ രാമനുമൊറ്റമാത്ര.

അർത്ഥം : ഇവൻ കൃഷ്ണനിൽ നിന്ന് ദൂരേക്ക് കൊണ്ടു പോകയാണ് എന്ന് കൗശലം ഗ്രഹിച്ച രാമൻ ശരീരത്തിന്റെ ഭാരം കൂട്ടി. അപ്പോൾ അസുരൻ സ്വന്തരൂപം എടുത്തു. ഓർക്കാപ്പുറത്ത് ആ രൂപം കണ്ടപ്പോൾ ഒരു മാത്ര ബലരാമൻ പോലും പേടിച്ചു ഞെട്ടി.

മൂലം – 9

ഉച്ചതയാ ദൈത്യതനോ-
സ്ത്വന്മുഖമാലോക്യ ദൂരതോ രാമഃ,
വിഗതഭയോ ദൃഢമുഷ്ട്യാ
ഭൃശദുഷ്ടം സപദി പിഷ്ടവാനേവം.

ഭാഷ

ദൈത്യന്റെ ദീർഘകായോച്ചിയിൽ രാമന്നു
നിന്മുഖം കാണായി, പേടി പോയി
മുഷ്ടിയാൽ താഡിച്ചു തച്ചുടച്ചാൻ തല
ദാനവൻ വീണു മഹീതലത്തിൽ

അർത്ഥം : ഉയരം കൂടിയ ദൈത്യന്റെ ഉച്ചിയിലിരുന്ന് നോക്കിയ രാമൻ കൃഷ്ണന്റെ മുഖഭാവം കണ്ടു, മനസ്സറിഞ്ഞു. പേടിയും പോയി. ബലമുള്ള മുഷ്ടി ചുരുട്ടി. ഒറ്റ ഇടിക്ക് അവനെ അടിച്ചുടച്ചു. അവൻ ചത്തു വീണു.

മൂലം – 10

ഹത്വാ ദാനവവീരം
പ്രാപ്തം ബലമാലിലിങ്ഗിഥ പ്രേമ്ണാ;
താവന്മിളതോർയുവയോഃ
ശിരസി കൃതാ പുഷ്പവൃഷ്ടിരമരഗണൈഃ

ഭാഷ

ദാനവ വീരനെക്കൊന്നെത്തും രാമനെ
മാധവൻ കെട്ടിപ്പുണർന്നു സ്നേഹാൽ
സോദരന്മാരുടെ മേനിയിൽ ദേവകൾ
പൂമഴ പെയ്തു മോദിച്ചു നിന്നു.

അർത്ഥം : അസുരനെ കൊന്നു വന്ന രാമനെ കൃഷ്ണൻ പ്രേമപൂർവ്വം കെട്ടിപ്പിടിച്ചു. ആ സഹോദരന്മാരുടെ മേനിയിൽ ദേവകൾ സന്തോഷത്തോടെ പൂമഴ പെയ്തു.

മൂലം – 11

ആലംബോ ഭുവനാനാം
പ്രാലംബം നിധനമേവമാരചയൻ,
കാലം വിഹായ സദ്യോ
ലോലംബരുചേ! ഹരേ! ഹരേഃ ക്ലേശാൻ.

ഭാഷ

ലോകങ്ങൾക്കാലം ബമായോനേ, ശ്രീഹരേ
ലോലംബ കാന്തേ, പ്രലംബ ഹാരേ
കാലം കളയാതെ വേഗം ശമിപ്പിയ്ക്ക,
ആലംബം നീ മാത്രം, രോഗമെല്ലാം.

അർത്ഥം : ലോകങ്ങൾക്കാലംബമായവനേ, കരിവണ്ടിന്റെ കാന്തിയുള്ളവനേ, പ്രലംബനെ കൊന്നവനേ, നീ മാത്രമാണ് ആലംബം. കാലം കളയാതെ വേഗം എന്റെ രോഗം മാറ്റണേ.

O

ദശകം 58

ദാവാനലോദ്ധാരണം

മൂലം – 1

ത്വയി വിഹരണലോലേ ബാലജാലൈഃ പ്രലംബ-
പ്രമഥനസവിലംബേ ധേനവഃ സ്വൈരചാരാഃ.
തൃണകുതുകനിവിഷ്ടാ ദൂരദൂരം ചരന്ത്യഃ
കിമപി വിപിനമൈഷീകാഖ്യമീഷാംബഭൂവുഃ.

ഭാഷ

ധേനുക്കൾ പുല്ലുമേഞ്ഞെത്തീയകലെയാ
കാനനത്തിൽ സ്വൈര ചാരരായി
ഐഷീകപ്പുല്ലുവളരുന്നവിടെങ്ങും
വൈഷയികസുഖം പോൽ നിറയേ

അർത്ഥം : ചടചടാ നാദത്തോടെ ഘോരമായി തീജ്വാല ഒട്ടേറെ പടർന്ന് ദിക്കുകൾ മൂടി. "രക്ഷിക്കണേ" എന്നാർത്ത് എല്ലാവരും നീ മാത്രം ആശ്രയം എന്ന് ആർത്ത് നിലവിളിച്ചു.

മൂലം – 5

അലമലമതിഭീത്യാ സർവ്വതോ മീലയധ്വം
ദൃശമിതി തവ വാചാ മീലിതാക്ഷേഷു തേഷു
ക്വനു ദവദഹനോ/സൗ കുത്രമുഞ്ജാടവീ സാ
സപദി വവൃതിരേ തേ ഹന്ത! ഭാണ്ഡീരദേശേ.

ഭാഷ

'എന്തിന്നു പേടി? അഭയമായ് കണ്ണട' –
യ്ക്കെന്ന നിൻ വാണിയനുസരിയ്ക്കെ
കാട്ടുതീയില്ല, പുൽക്കാടുമില്ലാശ്ചര്യം
ഭാണ്ഡീരദേശത്തിലാണെല്ലാരും

അർത്ഥം : എന്തിനാണിത്ര പേടി? അഭയരായി കണ്ണടച്ചിരിക്കുവിൻ കൃഷ്ണന്റെ ഈ വാക്ക് അനുസരിച്ച് കണ്ണടച്ച് തുറന്നപ്പോൾ കാട്ടുതീയുമില്ല, പുൽക്കാടുമില്ല, എല്ലാവരും പഴയപോലെ ഭാണ്ഡീരക ദേശത്തിരിക്കുന്നു.

മൂലം – 6

'ജയ ജയ തവ മായാ കേ/യമീശേ'തി തേഷാം
നുതിഭിരുദിതഹാസോ ബദ്ധനാനാവിലാസഃ,
പുനരപി വിപിനാന്തേ പ്രാചരഃ പാടലാദി-
പ്രസവനികരമാത്രഗ്രാഹ്യഘർമ്മാനുഭാവേ.

ഭാഷ

"നിശ്ചയാവൈഭവം ചിത്ര" മെന്നോതുന്ന
ചങ്ങാതിക്കൂട്ടത്തെ നർമ്മമോതി
പൊട്ടിച്ചിരിപ്പിച്ചു, പാടലപ്പൂക്കളാൽ
വേനലിതെന്നോതും കാട്ടിൽ മേഞ്ഞു.

അർത്ഥം : നിന്റെ മായാ വൈഭവം വിചിത്രമെന്ന് പറയുന്ന ചങ്ങാതിമാരെ തമാശ പറഞ്ഞ് പൊട്ടിച്ചിരിപ്പിച്ച്, ഇത് വേനലാണെന്ന് പാതിരിപ്പൂക്കളാൽ മാത്രം വിളിച്ചറിയിക്കുന്ന കാട്ടിൽ കൃഷ്ണൻ സഞ്ചരിച്ചു.

മൂലം – 7

ത്വയി വിമുഖമിവോച്ചൈസ്താപഭാരം വഹന്തം
തവ ഭജനവദന്തഃപങ്കമുച്ഛോഷയന്തം,
തവ ഭുജവദുദഞ്ചദ്ഭൂരിതേജഃപ്രവാഹം
തപസമയമനൈഷീര്യാമുനേഷു സ്ഥലേഷു.

അർത്ഥം : പശുക്കൾ പുല്ലുമേഞ്ഞ് ഐഷീകപ്പുല്ലു ധാരാളം വളരുന്ന കാട്ടിൽ എത്തി.

മൂലം – 2

അനധിഗതനിദാഘക്രൗര്യവൃന്ദാവനാന്താദ്-
ബഹിരിദമുപയാതാഃ കാനനം ധേനവസ്താഃ.
തവ വിരഹവിഷണ്ണാ ഊഷ്മലഗ്രീഷ്മതാപ-
പ്രസരവിസരദംഭസ്യാകുലാഃസ്തംഭമാപുഃ.

ഭാഷ

വേനൽവെയിലു കടക്കാത്ത മോഹന-
വൃന്ദാവനത്തിൻ പുറത്തായപ്പോൾ
നിന്നെപ്പിരിഞ്ഞ വിഷാദച്ചൂടും ദാഹ-
ച്ചൂടുമേറ്റേറ്റം തളർന്നു ഗോക്കൾ

അർത്ഥം : വേനൽ വെയിൽ അനുഭവപ്പെടാത്ത വൃന്ദാവനത്തിന്റെ അതിർത്തിക്കപ്പുറത്തായ പശുക്കൾ രണ്ടുതരം ചൂടനുഭവിച്ച് തളർന്നു. കൃഷ്ണനെ പിരിഞ്ഞ വിഷാദച്ചൂടും, ദാഹച്ചൂടും.

മൂലം – 3

തദനു സഹ സഹായൈർദൂരമന്വിഷ്യ ശൗരേ!
ഗളിതസരണിമുഞ്ജാരണ്യസഞ്ജാതഖേദം,
പശുകുലമഭിവീക്ഷ്യ ക്ഷിപ്രമാനേതുമാരാത്
ത്വയി ഗതവതി ഹീ ഹീ! സർവതോഽഗ്നിർജജൃംഭേ.

ഭാഷ

ആ വഴി തെറ്റി മേയുന്ന പശുക്കളെ-
ത്തേടി നീയെത്തി പാലിക്കുവാനായ്
ഗോക്കൾക്കും കണ്ണനും ചുറ്റും പടർന്ന തീ-
യാർപ്പതു കണ്ടാർത്തി പൂണ്ടു ഗോപർ

അർത്ഥം : വഴി തെറ്റി മേഞ്ഞ പശുക്കളെ തേടി രക്ഷിക്കാൻ കൃഷ്ണൻ എത്തി. പശുക്കൾക്കും കൃഷ്ണനും ചുറ്റും തീ പടർന്ന് ആർക്കുന്നതു കണ്ട് ഗോപന്മാർ ദുഃഖാർത്തരായി.

മൂലം – 4

സകലഹരിതി ദീപ്തേ ഘോരഭാംകാരഭീമേ
ശിഖിനി വിഹതമാർഗ്ഗാ അർദ്ധദഗ്ദ്ധാ ഇവാർത്താഃ,
അഹഹ! ഭുവനബന്ധോ! പാഹി പാഹീതി സർവ്വേ
ശരണമുപഗതാസ്ത്വാം താപഹർത്താരമേകം.

ഭാഷ

ഘോരം ചടചടാനാദം തീജ്വാലക-
ളേറെപ്പടർന്നു ദിക്കാകെ മൂടി
പാലയ എന്നാർത്തിട്ടെല്ലാരുമാശ്രയം
നീയേയെന്നാർത്തു നിലവിളിച്ചു.

ഭാഷ

നിന്നിൽ വിമുഖരിലത്യന്ത താപത്തിൻ
ഭാരം, ഭജിപ്പോരിൽ പങ്കഹാരം
തൃക്കൈപോലുജ്വലം തേജസ്സാ വേനലിൽ
കാളിന്ദീതീരത്തിൽ നീ ചരിച്ചു.

അർത്ഥം : നിന്നിൽ വിമുഖരായവരിൽ അത്യന്തം ചൂടുള്ളതും ഭജിക്കുന്നവരിൽ ചളി വരട്ടി നശിപ്പിക്കുന്നതും, തൃക്കൈപോലെ ഉജ്ജ്വല തേജസ്സുള്ളതുമായ വേനലിൽ കാളിന്ദീതീരത്തിൽ കൃഷ്ണൻ സഞ്ചരിച്ചു.

മൂലം – 8

തദനു ജലദജാലൈസ്ത്വദ്വപുസ്തുല്യഭാഭിർ-
വ്വികസദമലവിദ്യുത്പീതവാസോ വിലാസൈഃ
സകലഭുവനഭാജാം ഹർഷദാം വർഷവേലാം
ക്ഷിതിധരകുഹരേഷു സ്വൈരവാസീ വ്യനൈഷീഃ.

ഭാഷ

പിന്നെ വരുന്നു വർഷത്തു, കാർമേഘങ്ങൾ
നിൻവപുപോലെ നിരന്നു വാനിൽ
മിന്നൽപ്പിണർ മഞ്ജു പീതാംബരം പോലെ
അന്നുവാസം ഗിരിഗഹ്വരത്തിൽ

അർത്ഥം : പിന്നെ വർഷക്കാലം വന്നു. നിന്റെ മേനി പോലെയുള്ള കാർമേഘങ്ങൾ ആകാശത്തിൽ നിരന്നു. പീതാംബരംപോലെയുള്ള മിന്നൽ പിണർ അതിൽ തെളിഞ്ഞു. വർഷക്കാലത്ത് നീ പർവ്വത ഗുഹകളിൽ വിഹരിച്ചു.

മൂലം – 9

കുഹരതലനിവിഷ്ടം ത്വാം ഗരിഷ്ഠം ഗിരീന്ദ്രഃ
ശിഖികുലനവകേകാകാകുഭിഃ സ്തോത്രകാരീ,
സ്ഫുടകുടജകദംബസ്തോമപുഷ്പാഞ്ജലിം ച
പ്രവിദധദനുഭേജേ ദേവ! ഗോവർദ്ധനോഽസൗ.

ഭാഷ

കേകാരവങ്ങളാൽ സ്തോത്രമോതീടുന്നു
ഗോവർദ്ധനം; കുടജം കദംബം
ചുറ്റും മരങ്ങൾ പൊഴിക്കുന്ന പൂമാരി
നിന്നുപചാരത്തിനായി മാത്രം

അർത്ഥം : മയിലുകളുടെ നാദത്താൽ ഗോവർദ്ധനം സ്തോത്രമോതി കുടജ കദംബാദി മരങ്ങൾ ചുറ്റും പൂമാരി പൊഴിഞ്ഞു. പ്രകൃതി അവിടത്തെ ഉപചരിക്കാൻ ഉത്സുകയായിരുന്നു.

മൂലം - 10

അഥ ശരദമുപേതാം താം ഭവദ്ഭക്തചേതോ-
വിമലസലിലപൂരാം മാനയൻ കാനനേഷു,
തൃണമമലവനാന്തേ ചാരു സംചാരയൻ ഗാഃ
പവനപുരപതേ! ത്വം ദേഹി മേ ദേഹസൗഖ്യം.

ഭാഷ

വന്നുഭവദ് ഭക്ത മാനസം പോൽ ശുദ്ധ-
സുന്ദരമായിശ്ശരദൃതു
കാടും ജലവും തെളിഞ്ഞു, ഗോപാലക
ദേഹസൗഖ്യം തരൂ, രോഗം മാറ്റൂ.

അർത്ഥം : ശരദൃതു വന്നു. ഭക്തമാനസംപോലെ നിർമ്മലമായ ശരത് കാലത്തിൽ ജലവും കാടും തെളിഞ്ഞു. കാട്ടിൽ പൈക്കളെ മേക്കുന്ന ഗോപാലകാ, രോഗങ്ങൾ മാറ്റി ദേഹസൗഖ്യം തരണേ.

O

ദശകം 59

വേണുഗാനം

മൂലം - 1

ത്വദ്വപുർന്നവകളായകോമളം
പ്രേമദോഹനമശേഷമോഹനം,
ബ്രഹ്മ തത്ത്വപരചിന്മുദാത്മകം
വീക്ഷ്യ സംമുമുഹുരന്വഹം സ്ത്രിയഃ

ഭാഷ

പുത്തൻ കായാമ്പുപോൽ ശ്യാമളം കോമളം
പ്രേമം വളർത്തുന്ന സുന്ദരാംഗം
സച്ചിദാനന്ദമാം ബ്രഹ്മസ്വരൂപം ക-
ണ്ടിട്ടു ഗോപീജനം മോഹമാർന്നു.

അർത്ഥം : പുതിയ കായാമ്പൂപോലെ ശ്യാമള കോമളമായി, ആരിലും പ്രേമം വളർത്തുന്നതും, സച്ചിദാനന്ദ ബ്രഹ്മസ്വരൂപവുമായ അവിടുത്തെ സുന്ദരരൂപം കണ്ടിട്ട് ഗോപികമാർ മോഹം പൂണ്ടു.

മൂലം – 2

മന്മഥോന്മഥിതമാനസാഃ ക്രമാത്
ത്വദ്വിലോകനരതാസ്തതസ്തതഃ
ഗോപികാസ്തവ ന സേഹിരേ ഹരേ!
കാനനോപഗതിമപ്യഹർമ്മുഖേ.

ഭാഷ

കാൺപവർ ചിത്തം ഹരിക്കും ഹരേ, കാമ-
ദേവൻ മഥിക്കയാൽ സ്ത്രീജനങ്ങൾ
നിന്നെക്കാണുന്നതിൽ മാത്രം രതിയാൽ നിൻ
കാനനയാത്ര സഹിക്കാതായി.

അർത്ഥം : കണ്ടവരുടെയൊക്കെ മനസ്സിനെ ആകർഷിക്കുന്ന ഭഗവാനേ, അവിടുത്തെ ദിനവും കണ്ടുകണ്ട് ഗോപികമാരുടെ ഹൃദയങ്ങളെല്ലാം മന്മഥനാൽ മഥിക്കപ്പെട്ടു. നിന്നെ കാണുക എന്ന ഒരു രതിയല്ലാതെ മറ്റൊന്നും അവർക്കില്ലാതായി. (ഭഗവദ്ദർശനവും ഭഗവച്ചരിന്തയും മാത്രമായി). അങ്ങനെ, നീ കാട്ടിലേക്ക് പശുവിനെ മേയ്ക്കാൻ പോകുന്ന അല്പനേരത്തെ വിരഹംപോലും താങ്ങാൻ അവർക്ക് കഴിവില്ലാതായി.

മൂലം – 3

നിർഗ്ഗതേ ഭവതി ദത്തദൃഷ്ടയ-
സ്ത്വദ്ഗതേന മനസാ മൃഗേക്ഷണാഃ,
വേണുനാദമുപകർണ്യ ദൂരത-
സ്ത്വദ്വിലാസകഥയാഭിരേമിരേ.

ഭാഷ

നീ പോയാൽ, നിന്നെയും നോക്കി, നിന്നിൽ മനം
ലീനമായ്, നിൻവരവോർത്തു നിൽക്കും
ഓടക്കുഴൽ വിളിയെങ്ങാനും കേട്ടാലോ
സർവ്വം മറന്നു നിൻ ലീല പാടും

അർത്ഥം : നീ കാട്ടിൽ പോയാൽ നിന്നെ നോക്കി, നിന്നിൽ തന്നെ മനസ്സു ലയിച്ച്, നിന്റെ വരവു കാത്തു നിൽക്കും. എവിടെ നിന്നെങ്കിലും ഓടക്കുഴലിന്റെ നാദം കേൾക്കുമ്പോഴേക്ക് മതി മറന്ന് നിന്റെ ലീലാകഥകൾ പാടി രസിക്കും.

മൂലം – 4

കാനനാന്തമിതവാൻ ഭവാനപി
സ്നിഗ്ദ്ധപാദപതലേ മനോരമേ,
വ്യത്യയാകലിതപാദമാസ്ഥിതഃ
പ്രത്യപൂരയത വേണുനാളികാം.

ഭാഷ

കാട്ടിലവിടുന്നു മാർദ്ദവമേറിയ
സുന്ദരമാകും ശിലാതലത്തിൽ
പൂത്ത തണൽമരച്ചോട്ടിൽ കാൽ സ്വസ്തിക
മായിച്ചമച്ചു മുരളിയൂതും

അർത്ഥം : കാട്ടിൽ, മിനുസമേറിയ സുന്ദരമായ പാറപ്പുറത്ത്, പൂവിട്ട തണൽമരച്ചുവട്ടിൽ, കാലുകൾ സ്വസ്തികമായി പിണച്ചുവെച്ച് ഭഗവാൻ ഓടക്കുഴൽ വിളിയ്ക്കും.

മൂലം – 5

മാരബാണധുതഖേചരീകുലം
നിർവ്വികാരപശുപക്ഷിമണ്ഡലം
ദ്രാവണം ച ദൃഷദാമപി പ്രഭോ!
താവകം വ്യജനി വേണുകൂജിതം.

ഭാഷ

ആ വേണുനാദം സുരനാരിമാരേയും
കാമബാണത്താൽ ചലിപ്പിക്കയായ്
കല്ലുമലിയുമാപ്പാട്ടിൽ പശുപക്ഷി
തങ്ങളെ വിസ്മരിച്ചങ്ങു നിന്നു.

അർത്ഥം : ഗോപസ്ത്രീകളെ മാത്രമല്ല ആ മുരളീരവം ആകർഷിച്ചത്. ദേവസ്ത്രീകൾ പോലും അതുകേട്ട് കാമബാണത്താൽ ചഞ്ചലിതചിത്തരായി. കല്ലുകൾ അലിഞ്ഞു. പശുക്കളും പക്ഷികളും സ്വയം മറന്ന് അനങ്ങാതെ നിന്നു.

മൂലം – 6

വേണുരന്ധ്രതരലാങ്ഗുലീദളം
താളസഞ്ചലിതപാദപല്ലവം
തത് സ്ഥിതം തവ പരോക്ഷമപ്യഹോ
സംവിചിന്ത്യ മുമുഹുർവ്രജാങ്ഗനാഃ.

ഭാഷ

ഓടക്കുഴൽത്തുളയോരോന്നിലംഗുലി
താളത്തിൽ സഞ്ചരിപ്പിച്ചുകൊണ്ടും
ചെന്തളിർക്കാലടിത്താളം പിടിച്ചു മാ
ചന്തം തികഞ്ഞ നിൻ രൂപമോർക്കെ
ദൃശ്യമദൃശ്യം പരോക്ഷമെന്നാകിലും
ഗോപികൾ നിന്നിൽ ലയിച്ചു ചേർന്നു-

അർത്ഥം : ഓടക്കുഴലിന്റെ തുളകളിൽ ഓരോന്നിൽ കൈവിരൽ ചലിപ്പിച്ചും ചുവന്ന കാലടിയാൽ താളം പിടിച്ചുമുള്ള സുന്ദരമായ നിന്റെ

രൂപം ദൃശ്യമായാലും അദൃശ്യമായാലും പ്രത്യക്ഷമായാലും പരോക്ഷമായാലും ഗോപികൾക്ക് വ്യത്യാസമുണ്ടായിരുന്നില്ല. അദൃശ്യവും പരോക്ഷവുമായ നിന്റെ രൂപം ധ്യാനിച്ച് അവർ നിന്നിൽ ലീനരായി.

മൂലം – 7

നിർവ്വിശങ്കഭവദങ്ഗദർശിനീഃ
ഖേചരീഃ ഖഗമൃഗാൻ പശൂനപി,
ത്വത്പദപ്രണയി കാനനം ച താ
ധന്യധന്യമിതി നന്വമാനയൻ.

ഭാഷ

ശങ്കയില്ലാതെത്തിരുമേനി കാണുന്ന
അംബരചാരിണി മങ്കമാരെ
പക്ഷി മൃഗങ്ങൾ പശുക്കളെ, നിൻപാദ-
സ്പർശസുഖമേൽക്കും കാനനത്തെ
ധന്യധന്യം എന്നു വാഴ്ത്തി സ്തുതിച്ചിട്ടു
ധന്യകൾ ഗോപികൾ പുണ്യമാർന്നു.

അർത്ഥം : ഒരു ശങ്കയുമില്ലാതെ അവിടുത്തെ എവിടെ നിന്നാലും നോക്കിക്കാണുന്ന ദേവസ്ത്രീകളേയും, പാദസ്പർശമേൽക്കുന്ന കാട്ടിനെയും, കാട്ടിലെ പക്ഷിമൃഗാദികളേയും പശുക്കളേയുമെല്ലാം 'ധന്യധന്യർ' എന്ന് വാഴ്ത്തി സ്തുതിച്ചു, ധന്യകളായ ഗോപികമാർ പുണ്യവതികളായി.

മൂലം – 8

'ആപിബേയമധരാമൃതം കദാ
വേണുഭുക്തരസശേഷമേകദാ,
ദൂരതോ ബത! കൃതം ദുരാശയേ'–
ത്യാകുലാ മുഹുരിമാഃ സമാമുഹൻ.

ഭാഷ

'വേണുമുകർന്നതിൻ ബാക്കി നിൻ ചുണ്ടിലെ
പ്രേമാമൃതം ഞാനെന്നാസ്വദിയ്ക്കും
ദൂരേ ദുരാശ' യെന്നോതി വിരഹിണി-
മാരായി ഗോപികമാരനേകം

അർത്ഥം : ഓടക്കുഴൽ മുകർന്നതിന്റെ ബാക്കിയായ കൃഷ്ണന്റെ ചുണ്ടിലെ പ്രേമാമൃതം എന്നാണ് ഞാൻ ആസ്വദിക്കുക – 'ഇത് ഒരിക്കലും നടക്കാത്ത ദുരാശ തന്നെ' എന്ന് ചിന്തിച്ച് അനേകം ഗോപികമാർ വിരഹിണിമാരായി ദുഃഖിച്ചു.

മൂലം – 9

പ്രത്യഹം ച പുനരിത്ഥമങ്ഗനാ-
ശ്ചിത്തയോനിജനിതാദനുഗ്രഹാത്
ബദ്ധരാഗവിവശാസ്ത്വയി പ്രഭോ!
നിത്യമാപുരിഹ കൃത്യമൂഢതാം.

ഭാഷ

നിത്യബദ്ധാനുരാഗ പ്രഭാവത്തിനാൽ
ചിത്തം പവിത്രമായ്, കൃത്യമൂഢർ
ഓരോ മൂഹൂർത്തവും പ്രേമഭക്തീയോഗ-
ചാരുസമാധിയനുഭവിച്ചു.

അർത്ഥം : നിത്യബദ്ധമായ അനുരാഗത്തിന്റെ അനുഗ്രഹപ്രഭാവം കൊണ്ട് ചിത്തം പവിത്രമായി, മറ്റെല്ലാ കൃത്യങ്ങളിലും ചിത്തവൃത്തി നിരോധം സംഭവിച്ച ആ സ്ത്രീകൾ ദിനന്തോറും ഓരോ മുഹൂർത്തവും പ്രേമഭക്തി യോഗത്തിന്റെ അതിമനോഹരമായ സമാധി സുഖം അനുഭവിച്ചുകൊണ്ടിരുന്നു.

മൂലം – 10

രാഗസ്താവജ്ജായതേ ഹി സ്വഭാവാ-
ന്മോക്ഷോപായോ യത്നതഃ സ്യാന്ന വാ സ്യാത്,
താസാം ത്വേകം തദ്വയം ലബ്ധമാസീത്
ഭാഗ്യം ഭാഗ്യം പാഹി മാം മാരുതേശ!.

ഭാഷ

രാഗം സ്വഭാവജം, യത്നങ്ങളാൽ മുക്തി
നേടിടാം, നേടീല്ലയെന്നുമാകാം
ഗോപികമാർ നേടി രണ്ടുമൊന്നായ് ഗുരു-
വായൂരപ്പാ, രക്ഷ ചെയ്തിടേണം.

അർത്ഥം : അനുരാഗം സ്വഭാവജമായി കിട്ടുന്നതാണ്. മുക്തി പ്രയത്നം കൊണ്ട് കിട്ടാം, കിട്ടാതെയുമിരിക്കാം. ഗോപിമാർ ഇതു രണ്ടും ഒന്നായി ഒപ്പം നേടി. ഗുരുവായൂരപ്പാ, ആ മഹാഭാഗ്യം തന്ന് എന്നെ രക്ഷിക്കണേ.

O

ദശകം 60

ഗോപീവസ്ത്രാപഹരണം

മൂലം – 1

മദനാതുരചേതസോ$'$ന്വഹം
ഭവദങ്ഘ്രിദ്വയദാസ്യകാമ്യയാ
യമുനാതടസീമ്നി സൈകതീം
തരളാക്ഷ്യോ ഗിരിജാം സമാർച്ചിചൻ.

ഭാഷ

പ്രേമവിരഹിണീ സുന്ദരിമാർ നിന്റെ
പാദസേവാപ്രിയ കാമനയാൽ
കാളിന്ദീതീരത്തു മണ്ണുകുഴച്ചു
കാർത്ത്യായനീ മൂർത്തിയെ പൂജചെയ്തു

അർത്ഥം : പ്രേമവിരഹിണിമാരായ ആ സുന്ദരിമാർ നിന്റെ പാദസേവനത്തിലുള്ള പ്രിയകാമന പൂർത്തീകരിക്കാനായി, കാളിന്ദീ തീരത്ത് മണ്ണു കുഴച്ച് കാർത്ത്യായനീ വിഗ്രഹമുണ്ടാക്കി പൂജിച്ചു.

മൂലം – 2

തവ നാമകഥാരതാഃ സമം
സുദൃശഃ പ്രാതരുപാഗതാ നദീം,
ഉപഹാരശതൈരപൂജയൻ
ദയിതോ നന്ദസുതോ ഭവേദിതി.

ഭാഷ

നിൻനാമകീർത്തനാലോലർ യമുനയിൽ
സ്നാനം കഴിഞ്ഞു പൂമാലചാർത്തി
ധൂപദീപം നിവേദ്യത്തോടെ കണ്ണനെ
പ്രാപിക്കാൻ ദേവിയ്ക്കു പൂജചെയ്തു.

അർത്ഥം : നിന്റെ നാമകീർത്തനത്തിൽ തല്പരരായ അവർ യമുനയിൽ കുളിച്ച് ദേവിക്ക് മാല ചാർത്തി, ധൂപദീപ നിവേദ്യം സമർപ്പിച്ചു. കണ്ണനെ പ്രാപിക്കാനായി അവർ വിധിപോലെ ദേവിയ്ക്ക് പൂജ അനുഷ്ഠിച്ചു.

മൂലം – 3

ഇതി മാസമുപാഹിതവ്രതാ-
സ്തരലാക്ഷീരഭിവീക്ഷ്യ താ ഭവാൻ,
കരുണാമൃദുലോ നദീതടം
സമയാസീത്തദനുഗ്രഹേച്ഛയാ.

ഭാഷ

കാത്യായനീവ്രതമാസം മുഴുവനും
നോറ്റു തളർന്നോരെക്കണ്ടു കണ്ണൻ
ആർദ്രകരുണനൻ പ്രസാദിച്ചു, കാളിന്ദീ
തീരത്തണഞ്ഞു വരം കൊടുക്കാൻ.

അർത്ഥം : ഒരു മാസത്തെ കാത്യായനീ വ്രതത്താൽ തളർന്ന അവരെ കണ്ട് കരുണാമയനായ കൃഷ്ണൻ പ്രസാദിച്ചു. വരം കൊടുക്കാനായി കാളിന്ദീ തീരത്തെത്തി.

മൂലം – 4

നിയമാവസിതൗ നിജാംബരം
തടസീമന്യവമുച്യ താസ്തദാ,
യമുനാജലഖേലനാകുലാഃ
പുരതസ്ത്വാമവലോക്യ ലജ്ജിതാഃ.

ഭാഷ

നോമ്പു കഴിഞ്ഞു, വസനമഴിച്ചവർ
കാളിന്ദി തന്നിൽ നീരാടിയാടി
നീന്തിക്കളിയ്ക്കെ മുന്നിൽക്കണ്ടു കണ്ണനെ
നാണിച്ചു നിന്നു തലകുനിച്ചു.

അർത്ഥം : നോമ്പു കഴിഞ്ഞ് വസ്ത്രം കരയ്ക്കഴിച്ചുവെച്ച് കാളിന്ദിയിൽ നീന്തിത്തുടിച്ച് നീരാടുന്ന അവർ, പെട്ടെന്ന് മുന്നിൽ കണ്ണനെ കണ്ട് വല്ലാതെ നാണിച്ച് തലകുനിച്ചു നിന്നു.

മൂലം – 5

ത്രപയാ നമിതാനനാസ്വഥോ
വനിതാസ്വംബരജാലമന്തികേ,
നിഹിതം പരിഗൃഹ്യ ഭൂരുഹോ
വിടപം ത്വം തരസാധിരൂഢവാൻ.

ഭാഷ

നമ്രമുഖികളാം സുന്ദരിമാരുടെ-
യംബരമൊക്കെയെടുത്തു കണ്ണൻ
തീരത്തെക്കാദംബവൃക്ഷത്തിൻ കൊമ്പിൽവെ-
ച്ചേറിയിരുപ്പായതിന്മുകളിൽ

അർത്ഥം : തല കുനിച്ചു നിൽക്കുന്ന അവരുടെ വസ്ത്രമെല്ലാം എടുത്ത് യമുനാതീരത്തു നിൽക്കുന്ന കദംബമരത്തിന്റെ കൊമ്പിൽ വെച്ച്. താനും അതിൽ കയറിയിരിപ്പായി.

മൂലം – 6

'ഇഹ താവദുപേത്യ നീയതാം
വസനം വഃ സുദൃശോ യഥായഥം',
ഇതി നർമ്മമൃദുസ്മിതേ ത്വയി
ബ്രുവതി വ്യാമുമുഹേ വധൂജനൈഃ

ഭാഷ

"കേറിവന്നിട്ടു തിരഞ്ഞെടുക്കൂ, നിങ്ങ-
ളോരോരോ പേരും തൻ വസ്ത്ര" മെന്നായ്
നർമ്മമൃദുസ്മിതം തൂകീട്ടു ഗോപാലൻ
ലജ്ജയാൽ മോഹിതരായ് വധുക്കൾ.

അർത്ഥം : 'ഓരോരുത്തരായി കയറിവന്ന് അവനവന്റെ വസ്ത്രം തെരഞ്ഞെടുത്തോളൂ" എന്ന് കളിയാക്കി കള്ളപ്പുഞ്ചിരിതൂകി കണ്ണൻ പറഞ്ഞപ്പോൾ ആ സ്ത്രീകൾ ലജ്ജകൊണ്ട് മോഹിതരായി.

മൂലം – 7

'അയി! ജീവ ചിരം കിശോര! ന-
സ്തവ ദാസീരവശീകരോഷി കിം,
പ്രദിശാംബരമംബുജേക്ഷണേ-
ത്യുദിതസ്ത്വം സ്മിതമേവ ദത്തവാൻ.

ഭാഷ

"ഉണ്ണീ, ദീർഘായുസ്സായ് വാഴ്ക, നിൻ ദാസിമാ-
രെങ്ങളെക്ഷ്ഷ്ടപ്പെടുത്തരുതേ.
'അംബുജലോചനാ, അംബരം താ" എന്ന
സംഭ്രമം കണ്ടു ചിരിച്ചു കണ്ണൻ

അർത്ഥം : "ഉണ്ണീ, നീ ദീർഘായുസ്സായിരിക്കട്ടെ. നിന്റെ ദാസിമാരായ ഞങ്ങളെ ഇങ്ങനെ വലയ്ക്കരുതേ – താമരക്കണ്ണാ വസ്ത്രം തിരിച്ചു തരൂ" എന്ന് സംഭ്രമത്തോടെ യാചിക്കുന്നത് കേട്ട് കണ്ണൻ പുഞ്ചിരിച്ചതേയുള്ളൂ.

മൂലം – 8

അധിരുഹ്യ തടം കൃതാഞ്ജലീഃ
പരിശുദ്ധാഃ സ്വഗതീർനിരീക്ഷ്യ താഃ
വസനാന്യഖിലാന്യനുഗ്രഹം
പുനരേവം ഗിരമപ്യദാ മുദാ.

ഭാഷ

കൈകൂപ്പിനിന്നു കരയിൽ വന്നു, നഗ്ന-
മായ് ജലക്രീഡാ പാപങ്ങൾ തീർന്നു
നീയേ ശരണമെന്നാം ശുദ്ധ മാനസർ-
ക്കേകീ വസ്ത്രങ്ങളനുഗ്രഹവും

അർത്ഥം : കരയിൽ വന്ന് കൈകൂപ്പി നിന്ന്, നഗ്നമായി ജലക്രീഡ ചെയ്ത പാപം തീർന്ന് ശുദ്ധമാനസരായ അവർ നീയേ ശരണമെന്ന് മനസാ ഉറപ്പിച്ചവരാണ്. അവർക്ക് നീ വസ്ത്രം തിരിച്ചു നൽകി അനുഗ്രഹിക്കയും ചെയ്തു.

മൂലം – 9

'വിദിതം നനു വോ മനീഷിതം
വദിതാരസ്ത്വിഹ യോഗ്യമുത്തരം
യമുനാപുളിനേ സചന്ദ്രികാഃ
ക്ഷണദാ' ഇത്യബലാസ്ത്വമൂചിവാൻ.

ഭാഷ

'ഞാനറിവു നിങ്ങൾ തന്നഭിലാഷങ്ങൾ
ചന്ദ്രികാചർച്ചിതരാവുചൊല്ലും
ഈ യമുനാ പുളിനത്തിൽ വെച്ചുത്തരം'
വ്യംഗ്യമായ്നൽകിയനുഗ്രഹം നീ.

അർത്ഥം : "നിങ്ങളുടെ അഭിലാഷങ്ങൾ ഞാൻ അറിഞ്ഞു. ഇതേ യമുനാതീരത്തിലെ ചന്ദ്രികാചർച്ചിതങ്ങളായ രാത്രികൾ അതിനുള്ള ഉത്തരം നിങ്ങൾക്കു തരും" എന്ന് വ്യംഗ്യമായി അനുഗ്രഹിച്ചു.

മൂലം – 10

ഉപകർണ്യ ഭവന്മുഖച്യുതം
മധുനിഷ്യന്ദി വചോ മൃഗീദൃശഃ,
പ്രണയാദയി വീക്ഷ്യ വീക്ഷ്യ തേ
വദനാബ്ജം ശനകൈർഗൃഹം ഗതാഃ.

ഭാഷ

പൂന്തേനൊഴുക്കും നിൻ വാണി കേട്ടിട്ടവർ
പൂമുഖം നോക്കി പ്രണയമോടെ
ഏറെ പ്രതീക്ഷയോടെത്തി ഗൃഹങ്ങളി-
ലാ മംഗലാതിരാ രാത്രി കാത്തു.

അർത്ഥം : പൂന്തേനൊഴുകുന്ന ആ വാക്കു കേട്ട്, പ്രണയപൂർവ്വം നിന്റെ മുഖം നോക്കി നോക്കി, സ്വഗൃഹങ്ങളിലേക്ക് ഏറെ പ്രതീക്ഷയോടെ തിരിച്ച്പോയ അവർ, അവിടുന്ന് വാഗ്ദാനം ചെയ്ത ആ മംഗള രാവിനെ കാത്തിരുന്നു.

മൂലം – 11

ഇതി നന്വനുഗൃഹ്യ വല്ലവീർ-
വിപിനാന്തേഷു പുരേവ സഞ്ചരൻ,
കരുണാശിശിരോ ഹരേ ഹര
ത്വരയാ മേ സകലാമയാവലീം.

ഭാഷ

വല്ലവിമാരെയനുഗ്രഹിച്ചാരണ്യ-
വല്ലിക്കുടിലിൽ ചരിക്കുവോനേ,
ഹേ, കരുണാർദ്ര, ശമിപ്പിക്കെന്നാമയ-
മാകെ ഹരേ, ഗുരുവായൂരപ്പാ-

അർത്ഥം : വല്ലവിമാരെ അനുഗ്രഹിച്ച്, കാടിലെ വല്ലിക്കുടിലുകളിൽ സഞ്ചരിക്കുന്ന കരുണാർദ്രനായ ഹരേ, ഗുരുവായൂരപ്പാ, എന്റെ ആമയം ശമിപ്പിക്കണേ.

O

ദശകം 61

വിപ്രപത്ന്യനുഗ്രഹം

മൂലം – 1

തതശ്ച വൃന്ദാവനതോഽതിദൂരതോ
വനം ഗതസ്ത്വം ഖലു ഗോപഗോകുലൈഃ,
ഹൃദന്തരേ ഭക്തതരദ്വിജാംഗനാ-
കദംബകാനുഗ്രഹണാഗ്രഹം വഹൻ.

ഭാഷ

ഭക്തരാം ബ്രാഹ്മണസ്ത്രീകൾക്കനുഗ്രഹം
അത്തലാറ്റീട്ടേകാനുള്ളിൽ നണ്ണി
വൃന്ദാവനത്തിന്നതി ദൂരം കാട്ടിലേ-
യ്ക്കിന്ദീവരേക്ഷണൻ യാത്രയായി

അർത്ഥം : വൃന്ദാവനത്തിൽ നിന്നകലെ ഒരു കാട്ടിൽ ഭക്തരായ ബ്രാഹ്മണ സ്ത്രീകളുണ്ട്. അവർക്ക് അനുഗ്രഹം നൽകി ശോകം തീർക്കണമെന്നുറപ്പിച്ച് ഒരിക്കൽ കൃഷ്ണൻ തന്റെ പശുക്കളും സഖാക്കളുമൊത്ത് അവിടേക്ക് പോയി.

മൂലം – 2

തതോ നിരീക്ഷ്യാശരണേ വനാന്തരേ
കിശോരലോകം ക്ഷുധിതം തൃഷാകുലം,
അദൂരതോ യജ്ഞപരാൻ ദ്വിജാൻ പ്രതി
വ്യസർജ്ജയോ ദീദിവിയാചനായ താൻ.

ഭാഷ

കുട്ടികളേറ്റം വിശന്നു ദാഹിക്കവെ
തൊട്ടടുത്തൊള്ള യാഗഭൂവിൽ
യജ്ഞം ചെയ്യുന്ന ദ്വിജരോടു യാചിപ്പാൻ
കൃഷ്ണനവരെയയച്ചിടുന്നു.

അർത്ഥം : കൂടെയുള്ള കുട്ടികൾ വിശന്നു ദാഹിച്ചു തളർന്നു. അപ്പോൾ അടുത്തുള്ള യാഗഭൂമിയിൽ യജ്ഞം ചെയ്യുന്നവരോട് ഭിക്ഷ യാചിക്കാൻ ഉപദേശിച്ച് കൃഷ്ണൻ അവരെ അങ്ങോട്ടയച്ചു.

മൂലം - 3

ഗതേഷ്വഥോ തേഷ്വഭിധായ തേ$^{/}$ഭിധാം
കുമാരകേഷ്വോദനയാചിഷു പ്രഭോ!
ശ്രുതിസ്ഥിരാ അപ്യഭിനിന്യുരശ്രുതിം
ന കിഞ്ചിദൂചുശ്ച മഹീസുരോത്തമാഃ.

ഭാഷ

നിൻനാമമുച്ചരിച്ചാഹാരം യാചിക്കും
പൈദാഹമേറ്റോരെ ഗൗനിച്ചില്ലാ
ഒന്നുരിയാടിയുമില്ല, ശ്രുതിസ്ഥിരർ
അശ്രുതി കാട്ടി മഹീസുരന്മാർ.

അർത്ഥം : കൃഷ്ണനാമം ഉച്ചരിച്ച് ആഹാരം യാചിക്കുന്ന, വിശപ്പും ദാഹവും സഹിക്കുന്ന ആ കുട്ടികളെ ബ്രാഹ്മണർ ഒട്ടും ശ്രദ്ധിച്ചില്ല. ഒന്നും മിണ്ടിയുമില്ല. ശ്രുതിസ്ഥിരർ (വേദത്തിൽ സ്ഥിരതയുള്ളവർ ആണെങ്കിലും അവർ അശ്രുതി കാട്ടി (കുട്ടികളുടെ വാക്ക് കേൾക്കാത്തപ്പോലെ ഇരുന്നു.)

മൂലം - 4

അനാദരാത് ഖിന്നധിയോ ഹി ബാലകാഃ
സമായയുർയ്യുക്തമിദം ഹി യജ്വസു,
ചിരാദഭക്താഃ ഖലു തേ മഹീസുരാഃ
കഥം ഹി ഭക്തം ത്വയി തൈസ്സമർപ്യതേ?

ഭാഷ

ഖിന്നരനാദരം കൊണ്ടുതിരിച്ചെത്തി,
ഇന്നതിലാശ്ചര്യമെന്തിരിപ്പൂ!
എന്നുമഭക്തർ മനുഷ്യർ നിന്നിൽ, ഭക്ത-
മെങ്ങനെ നൽകിടുമന്യരിലും?

അർത്ഥം : അനാദരവുകൊണ്ടു ഖിന്നരായി കുട്ടികൾ തിരിച്ചെത്തി. അതിൽ എന്താണ് ആശ്ചര്യം? നിന്നിൽ എന്നും 'അഭക്ത'രായ മനുഷ്യർ എങ്ങനെ മറ്റുള്ളവർക്ക് "ഭക്തം" (ഉരുളച്ചോറ്) നൽകും?

മൂലം – 5

'നിവേദയധ്വം ഗൃഹിണീജനായ മാം
ദിശേയുരന്നം കരുണാകുലാ ഇമാഃ',
ഇതി സ്മിതാർദ്രം ഭവതേരിതാ ഗതാ-
സ്തേ ദാരകാ ദാരജനം യയാചിരേ.

ഭാഷ

'ചെല്ലൂ ഭവനത്തിൽ ബ്രാഹ്മണ പത്നിമാർ
വല്ലതും നൽകുമെൻ നാമം കേട്ടാൽ
കാരുണ്യശീലകളാണവർ'– ബ്രാഹ്മണ
ദാരങ്ങളോടിരന്നൂ കുമാരർ.

[illegible] : കൃഷ്ണൻ പറഞ്ഞു. "ബ്രാഹ്മണരുടെ വീട്ടിൽചെന്ന് ബ്രാഹ്മണ [illegible]മാരോട് ചോദിയ്ക്കു. എന്റെ പേരുകേട്ടാൽ കാരുണ്യശീല[illegible] അവർ വല്ലതും തരാതിരിക്കില്ല" ഇതുകേട്ട് കുട്ടികൾ ബ്രാഹ്മണ [illegible]മാരുടെ അടുത്തു ചെന്ന് അന്നം യാചിച്ചു.

മൂലം – 6

ഗൃഹീതനാമ്നി ത്വയി സംഭ്രമാകുലാ-
ശ്ചതുർവിധം ഭോജ്യരസം പ്രഗൃഹ്യ താഃ,
ചിരം ധൃതത്വത്പ്രവിലോകനാഗ്രഹാഃ
സ്വകൈർനിരുദ്ധാ അപി തൂർണ്ണമായയുഃ.

ഭാഷ

നിൻനാമം കേൾക്കെ നിൻ ദർശനം മോഹിച്ചു
നന്നായി നാലുകൂട്ടം ചമച്ചു
വിപ്രർ തടഞ്ഞാലും സംഭ്രമിച്ചോടി നിൻ
ശുഭ്രപാദത്തിൽ വണങ്ങിനിന്നു.

[illegible] : ആ സ്ത്രീകൾ നിന്റെ പേരു കേട്ടപ്പോൾ നിന്റെ ദർശനം [illegible] മോഹിച്ചു. നാലുകൂട്ടം കറികൾ ചമച്ച അന്നം കയ്യിലെടുത്തു. [illegible]ാക്കന്മാർ തടഞ്ഞിട്ടും കൂട്ടാക്കാതെ, സംഭ്രമത്തോടെ ഓടിവന്ന് [illegible] വിമലപാദത്തിൽ നമസ്കരിച്ചു.

മൂലം – 7

വിലോലപിഞ്ഛം ചികുരേ കപോലയോ-
സ്സമുല്ലസത്കുണ്ഡലമാർദ്രമീക്ഷിതേ,
നിധായ ബാഹും സുഹൃദംസസീമനി
സ്ഥിതം ഭവന്തം സമലോകയന്ത താഃ.

ഭാഷ

ചാഞ്ചാടിയാടും മയിൽപീലി, കുണ്ഡലം
മിന്നും കവിൾത്തടകാന്തി, കണ്ണിൽ
കാരുണ്യസിന്ധു, തൻ ചങ്ങാതി തൻ തോളിൽ
തൃക്കരം ചേർത്തു നിൽക്കുന്ന കണ്ടു.

അർത്ഥം : ബ്രാഹ്മണസ്ത്രീകൾ കണ്ട കൃഷ്ണരൂപം വർണ്ണിക്കുന്നു. ചാഞ്ചാടുന്ന മയിൽപ്പീലി, കുണ്ഡലകാന്തി പ്രതിബിംബിക്കുന്ന കവിളുകളുടെ ശോഭ, കണ്ണിൽ കാരുണ്യസിന്ധു - ചങ്ങാതിയായ ശ്രീദാമാവിന്റെ തോളത്ത് ഒരു കൈവെച്ചു നിൽക്കുന്ന നിന്നെ അവർ കണ്ണുനിറയെ കണ്ടു.

മൂലം - 8

തദാ ച കാചിത് ത്വദുപാഗമോദ്യതാ
ഗൃഹീതഹസ്താ ദയിതേന യജ്വനാ,
തദൈവ സഞ്ചിന്ത്യ ഭവന്തമഞ്ജസാ
വിവേശ കൈവല്യമഹോ! കൃതിന്യസൗ.

ഭാഷ

യജ്ഞവിത്താംപതിയാലെത്തടയിട്ട
ഭക്തയൊരുവളവന്റെ പത്നി
ധ്യാനത്താൽ സാക്ഷാത്ക്കരിച്ചു കൈവല്യത്തിൻ
മുക്തിയവൾ തന്നെ ഭാഗ്യശാലി.

അർത്ഥം : യജ്ഞവിത്തായ ഒരു ബ്രാഹ്മണൻ തടഞ്ഞുവെച്ച ഭക്തയായ ബ്രാഹ്മണപത്നി, ധ്യാനം കൊണ്ട് സാക്ഷാത്ക്കരിച്ച് കൈവല്യമുക്തി പ്രാപിച്ചു. അവൾ തന്നെ ഭാഗ്യശാലി!

മൂലം - 9

ആദായ ഭോജ്യാന്യനുഗൃഹ്യ താഃ പുന-
സ്ത്വദംഗസംഗസ്പൃഹയോജ്ഝതീർഗൃഹം
വിലോക്യ യജ്ഞായ വിസർജ്ജയന്നിമാ-
ശ്ചകർത്ഥ ഭർത്തൄനപി താസ്വഗർഹണാൻ.

ഭാഷ

ഭിക്ഷയെസ്സാദരം സ്വീകരിച്ചു, വിപ്ര-
പത്നിമാരിൽ പ്രസാദം ചൊരിഞ്ഞു
അംഗസംഗക്കൊതി നീക്കി ഗൃഹയജ്ഞ-
ത്തിന്നയച്ചു; ഭർത്തൃനിന്ദ തീർത്തു.

അർത്ഥം : അവർ നൽകിയ അന്നം ആദരപൂർവ്വം സ്വീകരിച്ച് അവരിൽ പ്രസാദിച്ച് അനുഗ്രഹിച്ചു. തന്റെ അംഗസംഗത്തിലുള്ള ആഗ്രഹം നശിപ്പിച്ചു. ഗൃഹത്തിലേക്ക് യജ്ഞം പൂർത്തിയാക്കാൻ തിരിച്ചയച്ചു. അങ്ങനെ ഭർത്താക്കന്മാർക്ക് അവരിൽ ഉണ്ടായ നിന്ദാഭാവവും തീർത്തു.

മൂലം - 10

നിരൂപ്യ ദോഷം നിജമംഗനാജനേ
വിലോക്യ ഭക്തിം ച പുനർവ്വിചാരിഭിഃ
പ്രബുദ്ധതത്ത്വൈസ്ത്വമഭിഷ്ടുതോ ദ്വിജൈർ-
മരുത്പുരാധീശ! നിരുന്ധി മേ ഗദാൻ.

ഭാഷ

ചെയ്തു പുനർചിന്ത ബ്രാഹ്മണ, രംഗനാ
ഭക്തി, സ്വകർമ്മദോഷം തെളിഞ്ഞു.
തത്വബോധം വന്നു വാഴ്ത്തി, ഗുരുവായൂ-
രപ്പാ ശമിപ്പിക്ക രോഗമെല്ലാം.

അർത്ഥം : പുനർവിചിന്തനം ചെയ്ത ബ്രാഹ്മണർക്ക് അംഗനമാരുടെ ഭക്തിമാഹാത്മ്യവും സ്വന്തം കർമ്മദോഷവും തെളിഞ്ഞു. തത്വബോധം വന്നപ്പോൾ അവർ അവിടത്തെ സ്തുതിച്ചു. ഗുരുവായൂരപ്പാ എന്റെ രോഗം ശമിപ്പിക്കണേ.

O

ദശകം 62

ഗോവർദ്ധനപൂജ

മൂലം - 1

കദാചിദ് ഗോപാലാൻ വിഹിതമഖസംഭാരവിഭവാൻ
നിരീക്ഷ്യ ത്വം ശൗരേ! മഘവമദമുദ്ധ്വംസിതുമനാഃ,
വിജാനന്നപ്യേതാൻ വിനയമൃദു നന്ദാദിപശുപാ-
നപൃച്ഛഃ കോ വായം ജനക! ഭവതാമുദ്യമ ഇതി.

ഭാഷ

ഗോപാലരിന്ദ്രോത്സവയജ്ഞം ചെയ്യാനായ്
ഭാവിയ്ക്കെ, യിന്ദ്രഗർവ്വത്തെപ്പോക്കാൻ
ഏതുമറിയാത്ത മട്ടിൽ വിനയത്തോ-
'ടെന്തിനൊരുക്ക' മെന്നച്ഛനോടായ്

അർത്ഥം : ഇടയന്മാർ ഇന്ദ്രോത്സവമെന്ന യാഗത്തിനൊരുങ്ങുമ്പോൾ, ഒന്നുമറിയാത്ത മട്ടിൽ വിനയപൂർവ്വം കൃഷ്ണൻ നന്ദഗോപരോട് എന്തിനാണ് ഈ ഒരുക്കങ്ങൾ എന്നു ചോദിച്ചു. ഇന്ദ്രന്റെ ഗർവ്വം അടക്കണമെന്നായിരുന്നു ഭഗവാന്റെ മനോഗതം.

മൂലം – 2

ബഭാഷേ നന്ദസ്ത്വാം 'സുത! നനു വിധേയോ മഘവതോ
മഖോ വർഷേ വർഷേ സുഖയതി സ വർഷേണ പൃഥിവീം,
നൃണാം വർഷായത്തം നിഖിലമുപജീവ്യം മഹിതലേ
വിശേഷാദസ്മാകം തൃണസലിലജീവ്യാ ഹി പശവഃ'.

ഭാഷ

"ഇന്ദ്രൻ മഴ തന്നാലല്ലയോ സർവ്വവും
ഇങ്ങു ജീവൻ നേടി വാണിടുന്നു.
പുല്ലും ജലവുമില്ലെങ്കിൽ പശുക്കളും
നമ്മളുമില്ലയെന്നോർമ്മവേണം.
ആണ്ടിലൊരിക്കലീയിന്ദ്രോത്സവയജ്ഞം
കാരുണ്യവാനെ സ്മരിപ്പതിനായ്"

അർത്ഥം : "ഇന്ദ്രൻ മഴ തന്നാലെ ഭൂമിയിൽ ജീവൻ നിലനിൽക്കൂ. പുല്ലും വെള്ളവും കിട്ടാഞ്ഞാൽ പശുക്കളില്ല, പശുമേയ്ക്കുന്ന നമ്മളുമില്ല. അതിനാൽ വർഷത്തിലൊരിക്കൽ മഴ തരുന്ന ആ കാരുണ്യവാനെ ഓർത്ത് ഇന്ദ്രോത്സവയജ്ഞം നടത്തുന്നു" എന്ന് നന്ദഗോപർ പറഞ്ഞു.

മൂലം – 3

ഇതി ശ്രുത്വാ വാചം പിതുരയി ഭവാനാഹ സരസം
'ധിഗേതന്നോ സത്യം മഘവജനിതാ വൃഷ്ടിരിതി യത്,
അദൃഷ്ടം ജീവാനാം സൃജതി ഖലു വൃഷ്ടിം സമുചിതാം
മഹാരണ്യേ വൃക്ഷാഃ കിമിവ ബലിമിന്ദ്രായ ദദതേ'.

ഭാഷ

ഓതീസരസം "മഴയിന്ദ്രനാലല്ല,
ജീവികൾ തൻ പുണ്യത്താൽ പെയ്യുന്നു.
ഏറെത്തഴച്ച മരം നൽകിയില്ലാ ബലി,
കാടു ചെയ്യുന്നില്ലാ ഇന്ദ്രയജ്ഞം.

അർത്ഥം : ഭഗവാൻ സരസമായി പറഞ്ഞു. മഴ പെയ്യുന്നത് ഇന്ദ്രനാലല്ല ജീവികളുടെ പുണ്യകർമ്മത്താലാണ്. തഴച്ചുവളരുന്ന കാടോ മരമോ ഇന്ദ്രന് ബലി കൊടുക്കുന്നില്ല, ഇന്ദ്രയജ്ഞം ചെയ്യുന്നില്ല.

മൂലം – 4

'ഇദം താവത് സത്യം യദിഹ പശവോ നഃ കുലധനം
തദാജീവ്യായാസൗ ബലിരചലഭർത്ത്രേ സമുചിതഃ.
സുരേഭ്യോഽപ്യുത്കൃഷ്ടാ നനു ധരണിദേവാഃ ക്ഷിതിതലേ
തതസ്തേഽപ്യാരാദ്ധ്യാ' ഇതി ജഗദിഥ ത്വം നിജജനാൻ.

ഭാഷ

നമ്മൾക്കു നിത്യം കുലധനം ധേനുക്കൾ
പുല്ലുനൽകുന്നതോ ഗോവർദ്ധനം
ഭൂദേവരുത്തമർ ദേവരേക്കാളിവ-
രാരാധ്യരിന്ദ്രനെക്കാളുമെന്നും

അർത്ഥം : നമ്മുടെ കുലധനം പശുക്കളാണ്; പുല്ലു തരുന്നത് ഗോവർദ്ധനമാണ്. പുണ്യകർമ്മം ചെയ്യുന്ന ബ്രാഹ്മണർ (ഭൂദേവർ) ദേവരേക്കാൾ ആരാധ്യരാണ്. അതിനാൽ പശുക്കളേയും ഗോവർദ്ധനത്തേയും ബ്രാഹ്മണരേയുമാണ് പൂജിക്കേണ്ടത്.

മൂലം – 5

ഭവദ്വാചം ശ്രുത്വാ ബഹുമതിയുതാസ്തേഽപി പശുപാ
ദ്വിജേന്ദ്രാനർച്ചന്തോ ബലമദദുരുച്ചൈഃ ക്ഷിതിഭൃതേ,
വ്യധുഃ പ്രാദക്ഷിണ്യം സുഭൃശമനമന്നാദരയുതാ-
സ്ത്വമാദശ്ശൈലാത്മാ ബലിമഖിലമാഭീരപുരതഃ

ഭാഷ

അച്യുതവാക്യം കേട്ടർപ്പിച്ചുഭൂദേവ-
രുത്തമരെ; ബലി നൽകി നന്നായ്
ഗോവർദ്ധനത്തെ വലംവെക്കെ, നീ ഗിരി-
വേഷനായാ ബലി സ്വീകരിച്ചു.

അർത്ഥം : ആ വാക്കുകേട്ട് ഗോപന്മാർ ഉത്തമരായ ബ്രാഹ്മണരെ പൂജിച്ചു. ഗോവർദ്ധനത്തെ പൂജിച്ച് പ്രദക്ഷിണം വെച്ച് ബലി കൊടുത്തു. കൃഷ്ണൻ ഗിരിരൂപനായി, ആ ബലി നേരിട്ട് സ്വീകരിച്ചു

മൂലം – 6

അവോചശ്ചൈവം താൻ കിമിഹ വിതഥം മേ നിഗദിതം
ഗിരീന്ദ്രോ നന്വേഷ സ്വബലിമുപഭുങ്ക്തേ സ്വവപുഷാ
അയം ഗോത്രോ ഗോത്രദ്വിഷി ച കുപിതേ രക്ഷിതുമലം
സമസ്താനിത്യുക്താ ജഹൃഷുരഖിലാ ഗോകുലജുഷഃ

ഭാഷ

'സത്യമല്ലെ മമവാക്യം, ഗിരി സ്വയം
വന്നു ഭുജിച്ചതു കണ്ടതല്ലേ
ഇന്ദ്രകോപം തടുത്തോളും ഗിരി' യെന്നു
സാന്ദ്രമോദം കേട്ടു ഗോപവൃന്ദം.

അർത്ഥം : "ഇപ്പോൾ കണ്ടില്ലേ, എന്റെ വാക്കു സത്യമല്ലേ. പർവ്വതം സ്വയം വന്നു ബലി ഭുജിച്ചത് കണ്ടില്ലേ. ഇനി ഇന്ദ്രൻ കോപിച്ചാലും ഈ ഗിരി തടുത്തോളും" എന്ന് പറഞ്ഞത് കേട്ട് ഗോപന്മാർ സന്തോഷിച്ചു.

മൂലം – 7

പരിപ്രീതാ യാതാഃ ഖലു ഭവദുപേതാ വ്രജജുഷോ
വ്രജം യാവത്താവന്നിജമഖവിഭംഗം നിശമയൻ,
ഭവന്തം ജാനന്നപ്യധികരജസാക്രാന്തഹൃദയോ
ന സേഹേ ദേവേന്ദ്രസ്ത്വദുപരചിതാത്മോന്നതിരപി.

ഭാഷ

തൃപ്തരായെല്ലാരും ഗോകുലം പൂകവെ
തപ്തനായിന്ദ്രൻ ധരിച്ചു വജ്രം
നിൻമഹിമാവറിഞ്ഞും രജോമൂർത്തിയായ്
തന്നഹങ്കാരം ജ്വലിച്ചു വന്നു.

അർത്ഥം : എല്ലാവരും സന്തുഷ്ടരായി വീട്ടിലേക്കു മടങ്ങി. ഇന്ദ്രൻ കോപിച്ചു വജ്രായുധമെടുത്തു. അവിടുത്തെ മാഹാത്മ്യമറിഞ്ഞിട്ടു കൂടി, രജോഗുണജന്യമായ അഹങ്കാരാധിക്യത്താൽ ഇന്ദ്രൻ കോപം ജ്വലിച്ച് അവിടുത്തെ എതിർക്കാനൊരുങ്ങി.

മൂലം – 8

മനുഷ്യത്വം യാതോ മധുഭിദപി ദേവേഷ്വവിനയം
വിധത്തേ ചേന്നഷ്ടസ്ത്രിദശസദസാം കോഽപി മഹിമാ,
തതശ്ച ധ്വംസിഷ്യേ പശുപഹതകസ്യ ശ്രിയമിതി
പ്രവൃത്തസ്ത്വാം ജേതും സ കില മഘവാ ദുർമ്മദനിധിഃ

ഭാഷ

'വിഷ്ണുവായാലും മനുഷ്യജന്മത്തിലീ
മട്ടുകാട്ടുമ്പോൾ നശിക്കും സ്വർഗ്ഗം
ഇന്നു നശിപ്പിക്കുമീക്കാലിച്ചെക്കന്റെ
സർവ്വശ്രീ' യും എന്നഹങ്കരിച്ചു.

അർത്ഥം : 'വിഷ്ണുവായാലെന്ത്? മനുഷ്യജന്മമെടുത്ത് ഇമ്മാതിരി കാട്ടിയാൽ ദേവലോകം നശിക്കും. അതുകൊണ്ട് ഇന്നുതന്നെ ഈ കന്നാലിച്ചെക്കന്റെ സകല ഐശ്വര്യവും ഞാൻ നശിപ്പിക്കുന്നുണ്ട്' എന്ന് ഇന്ദ്രൻ അഹങ്കരിച്ചു പറഞ്ഞു.

മൂലം – 9

ത്വദാവാസം ഹന്തും പ്രളയജലദാനംബരഭുവി
പ്രഹിണ്വൻ ബിഭ്രാണഃ കുലിശമയമഭ്രേഭഗമനഃ,
പ്രതസ്ഥേഽന്യൈരന്തർദ്ദഹനമരുദാദ്യൈർവ്വിഹസിതോ
ഭവന്മായാ നൈവ ത്രിഭുവനപതേ! മോഹയതി കം.

ഭാഷ

വന്നു പ്രളയമേഘങ്ങളമ്പാടിയിൽ
ഐരാവതമേറീ വജ്രധാരി
ദിക്പാലരഗ്നിവായുക്കളുള്ളാൽ ഹസി-
ച്ചൊപ്പവും! മായയ്ക്കധീനമെല്ലാം!

അർത്ഥം : ഗോകുലം നശിപ്പിക്കാൻ പ്രളയമേഘങ്ങൾ നിരന്നു. വജ്രധാരിയായി ഐരാവതാരൂഢനായി ഇന്ദ്രൻ വന്നു. അഗ്നി, വായു മുതലായ മറ്റു ദിക്പാലന്മാർ ഉള്ളിൽ ഇന്ദ്രനെ പരിഹസിച്ചു ചിരിച്ചുകൊണ്ട് ഒപ്പം പുറപ്പെട്ടു. ഇന്ദ്രൻ മായക്ക് അധീനനായിരുന്നു. സർവ്വവും അവിടുത്തെ മായയ്ക്കധീനമാണല്ലോ.

മൂലം – 10

സുരേന്ദ്രഃ ക്രുദ്ധശ്ചേദ്ദ്വിജകരുണയാ ശൈലകൃപയാ-
പ്യനാതങ്കോഽസ്മാകം നിയത ഇതി വിശ്വാസ്യ പശുപാൻ,
അഹോ! കിം നായാതോ ഗിരിഭിദിതി സഞ്ചിന്ത്യ നിവസൻ
മരുദ്ഗേഹാധീശ!, പ്രണുദ മുരവൈരിൻ! മമ ഗദാൻ.

ഭാഷ

"ഇന്ദ്രനെന്തേ കോപിച്ചെത്താൻ വൈകി? ശൈല-
ബ്രാഹ്മണാനുഗ്രഹമുണ്ടെ" ന്നോതി
കാത്തിരിക്കുന്ന മുരഹരാ, നീയെന്റെ
രോഗം നീക്കേണം, പാലിയ്ക്കണം, മേ.

അർത്ഥം : "എന്തുകൊണ്ടാണ് ഇന്ദ്രൻ കോപിച്ച് വരാൻ വൈകുന്നത്? പർവ്വതത്തിന്റേയും ബ്രാഹ്മണരുടേയും കാരുണ്യവും അനുഗ്രഹവും നിങ്ങൾക്കുണ്ട്" എന്ന് പശുപാലന്മാരിൽ വിശ്വാസം വളർത്തി ഇന്ദ്രന്റെ വരവും കാത്തിരിക്കുന്ന ശ്രീ ഗുരുവായൂരപ്പാ, സർവ്വ രോഗവും ശമിപ്പിച്ച് എന്നെ പാലിയ്ക്കണം.

O

ദശകം 63

ഗോവർദ്ധനോദ്ധാരണം

മൂലം – 1

ദദൃശിരേ കില തത്ക്ഷണമക്ഷത-
സ്തനിതജൃംഭിതകമ്പിതദിക്തടാഃ,
സുഷമയാ ഭവദംഗതുലാം ഗതാ
വ്രജപദോപരി വാരിധരാസ്ത്വയാ.

ഭാഷ

അമ്പാടിമോളിലെയാകാശം മിന്നുന്നു
നിർത്താതെ ഘോരമിടിയിടിപ്പൂ
നിൻനീലമേനിപോൽ കാന്തി ധരിച്ചവർ
ധാരാധരങ്ങൾ നിരന്നിടുന്നു.

അർത്ഥം : അമ്പാടിക്കു മുകളിൽ ആകാശത്ത് മിന്നൽ, നിർത്താതെ ഘോരമായ ഇടിയോടെ കാണുന്നു. നിന്റെ നീലമേനിപോലെ കാന്തിയുള്ള മേഘങ്ങൾ നിരക്കുന്നു.

മൂലം – 2

വിപുലകരകമിശ്രൈസ്തോയധാരാനിപാതൈർ-
ദിശി ദിശി പശുപാനാം മണ്ഡലേ ദണ്ഡ്യമാനേ,
കുപിതഹരികൃതാന്നഃ പാഹി പാഹീതി തേഷാം
വചനമജിത! ശൃണ്വൻ മാ ബിഭീതേത്യഭാണീഃ

ഭാഷ

പേമാരിയാലിപ്പഴംപൊഴി,ച്ചെല്ലാരും
പേമുറയിട്ടു കരഞ്ഞീടുന്നു
'ഇന്ദ്രകോപത്തിൽ നിന്നൊന്നു രക്ഷിക്ക", നീ
പേടി വേണ്ടെന്നഭയം തരുന്നു.

അർത്ഥം : ആലിപ്പഴം പൊഴിഞ്ഞ് പേമാരി അമ്പാടിയെ മുക്കുമ്പോൾ എല്ലാവരും കരഞ്ഞുതുടങ്ങി. 'രക്ഷിക്കണേ, ഇന്ദ്രകോപത്തിൽ നിന്ന് രക്ഷിക്കണേ' എന്ന് കരയുന്ന അവരോട് 'പേടിക്കണ്ട' എന്ന് നീ അഭയം കൊടുത്തു.

മൂലം – 3

'കുല ഇഹ ഖലു ഗോത്രോ ദൈവതം ഗോത്രശത്രോർ
വിഹതിമിഹ സ രുന്ധ്യാത് കോ നു വഃ സംശയോഽസ്മിൻ'
ഇതി സഹസിതവാദീ ദേവ! ഗോവർദ്ധനാദ്രിം
ത്വരിതമുദമൂമൂലോ മൂലതോ ബാലദോർഭ്യാം.

ഭാഷ

ഗോത്രപാലൻ പരദൈവതമീഗിരി
ഗോത്രശത്രുഇന്ദ്രനെത്തടയും
സംശയം വേണ്ടെന്നു പുഞ്ചിരിച്ചോതീട്ടു
കയ്യാൽ ഗിരിയെപ്പറിച്ചെടുത്തു.

അർത്ഥം : ഗോത്രപാലനായ ഗിരിയാണ് നമ്മുടെ കുലപരദേവതയായ പർവ്വതം. ഗോത്രശത്രു (പർവ്വതശത്രു) വിനെ പർവ്വതം തടഞ്ഞോളും. സംശയിക്കണ്ട എന്ന് പറഞ്ഞിട്ടു കുഞ്ഞിക്കൈകൊണ്ട് പർവ്വതം പറിച്ചെടുത്തു.

മൂലം – 4

തദനു ഗിരിവരസ്യ പ്രോദ്ധൃതസ്യാസ്യ താവത്
സികതിലമൃദുദേശേ ദൂരതോ വാരിതാപേ,
പരികരപരിമിശ്രാൻ ധേനുഗോപാനധസ്താ-
ദുപനിദധദധത്ഥാ ഹസ്തപത്മേന ശൈലം.

ഭാഷ

പൊക്കിപ്പിടിച്ചു കുടയായ്ഗിരി, താഴെ
പൈക്കൾ ഗോപാലകരൊക്കെ നിന്നു
ഒട്ടും മഴകേറാത്താക്കുട ചെന്തളിർ-
ക്കയ്യാലെയൊറ്റക്കു താങ്ങിനിന്നു.

അർത്ഥം : ഗിരിയെ കുടയായി പൊക്കിപ്പിടിച്ചു. താഴെ പശുക്കളും ഗോപവൃന്ദവും നിന്നു. മഴ ഒരു തുള്ളി കേറാത്ത ആ പർവ്വതക്കുട ഒറ്റയ്ക്ക് ചെന്തളിർക്കയ്യാൽ താങ്ങിനിന്നു.

മൂലം – 5

ഭവതി വിധൃതശൈലേ ബാലികാഭിർവയസ്യൈ-
രപി വിഹിതവിലാസം കേളിലാപാദിലോലേ,
സവിധമിളിതധേനൂരേകഹസ്തേന കണ്ഡൂ-
യതി സതി പശുപാലാസ്തോഷമൈഷന്ത സർവ്വേ.

ഭാഷ

ചങ്ങാതിമാരോടും ഗോപികമാരോടും
സംഗീതലോലനായ് നർമ്മമോതി
ഒറ്റക്കയ്യാലെയുരുമ്മും പശുക്കളെ-
ത്തൊട്ടുതലോടി, യാനന്ദമേകി

അർത്ഥം : ഇങ്ങനെ ഒരു ഭാരം താങ്ങിയിട്ടുണ്ടെന്ന ഭാവംപോലുമില്ലാതെ ചങ്ങാതിമാരോടും ഗോപികമാരോടും സംഗീതലോലനായി നർമ്മസല്ലാപം ചെയ്തു. . ഒറ്റക്കൈകൊണ്ട് മുട്ടിയുരുമ്മി നിൽക്കുന്ന പശുക്കളെ തൊട്ടു തലോടി. എല്ലാവർക്കും ആനന്ദമേകി.

മൂലം – 6

അതിമഹാൻ ഗിരിരേഷ തു വാമകേ
കരസരോരുഹി തം ധരതേ ചിരം,
കിമിദമദ്ഭുതമദ്രിബലം ന്വിതി
ത്വദവലോകിഭിരാകഥി ഗോപകൈഃ.

ഭാഷ

"ഏറ്റം വലിയ ഗിരിയിക്കുമാരനോ
ഏറെദിനമിടം കയ്യിലേന്തി.
അത്ഭുതം, നിൽക്കുന്നിവ" നെന്നെല്ലാവരും
സ്വാരസ്യമായിപ്പുകഴ്ത്തിപ്പാടി.

അർത്ഥം : ഈ പർവ്വതം വളരെ വലുത്. ഈ ചെറിയ കുട്ടി ഇത് ഇത്ര ദിവസം ഇടംകയ്യിൽ ഏന്തിനിൽക്കുന്നു. എന്തത്ഭുതം എന്ന് എല്ലാവരും പുകഴ്ത്തിപ്പറഞ്ഞു.

മൂലം - 7

ഹഹഹ ധാർഷ്ട്യമമുഷ്യ വടോർഗ്ഗിരിം
വ്യഥിതബാഹുരസാവവരോപയേത്,
ഇതി ഹരിസ്ത്വയി ബദ്ധവിഗർഹണോ
ദിവസസപ്തകമുഗ്രമവർഷയത്.

ഭാഷ

'എന്തഹങ്കാരം ചെറുക്കന്നു, കൈകട-
ഞ്ഞിട്ടവൻ താഴെവെയ്ക്കും മലയെ'
ഏഴുദിനം ഘോരമാരി പൊഴിഞ്ഞിന്ദ്രൻ
ഏഴുമലയാനോടേറ്റുനിന്നു.

അർത്ഥം : 'എന്തഹങ്കാരമാണ് ഈ ചെറുക്കന്! കൈകടയുമ്പോൾ ഇവൻ താനേ മല താഴെ വെക്കും' എന്ന് വിചാരിച്ച് ഏഴുദിനം ഇന്ദ്രൻ ഘോരമാരിപൊഴിഞ്ഞ് ഏഴുമലയാനോട് (സപ്തകുലപർവ്വതനാഥൻ) എതിരിട്ടുനിന്നു.

മൂലം - 8

അചലതി ത്വയി ദേവ! പദാത്പദം
ഗളിതസർവ്വജലേ ച ഘനോത്കരേ.
അപഹൃതേ മരുതാ മരുതാംപതി-
സ്ത്വദഭിശങ്കിതധീഃ സമുപാദ്രവത്.

ഭാഷ

ഒറ്റക്കാൽപോലുമിളക്കാതചലമാ-
യേഴുദിനം നിന്നു; വെള്ളം തീർന്നു
കാറ്റു ശമിച്ചിന്ദ്രൻ പേടിച്ചരണ്ടിട്ടു
വല്ല വിധേനയുമോടിപ്പോയി

അർത്ഥം : ഏഴു ദിവസം ഒരു കാലുപോലും ഇളക്കാതെ കൃഷ്ണൻ ആ നില്പു നിന്നു. വെള്ളമൊക്കെ തീർന്നു; കാറ്റുംപോയി. പേടിച്ചു രണ്ട ഇന്ദ്രൻ അവിടെനിന്ന് ഒരുവിധത്തിൽ ഓടിരക്ഷപ്പെട്ടു.

മൂലം - 9

ശമമുപേയുഷി വർഷഭരേ തദാ
പശുപധേനുകുലേ ച വിനിർഗ്ഗതേ,
ഭുവി വിഭോ! സമുപാഹിതഭൂധരഃ
പ്രമുദിതൈഃ പശുപൈഃ പരിരേഭിഷേ.

ഭാഷ

പേമാരി പോയ്, ഗോപവൃന്ദം പശുക്കളും
പോന്നു പുറത്തു; താഴത്തുവെച്ചു
ശ്രീഹരിയാഗിരി, ഗോപന്മാരെല്ലാരും
ആലിംഗനം ചെയ്തു പൂവൽമേനി.

അർത്ഥം : മഴ നിന്നു. ഗോപന്മാരും പശുക്കളും കുടയുടെ പുറത്തേക്കു പോന്നു. അപ്പോൾ ഭഗവാൻ ഗോവർദ്ധനം താഴെ വെച്ചു. ഗോപന്മാർ ആ പൂമേനി ആലിംഗനം ചെയ്തു.

മൂലം – 10

ധരണിമേവ പുരാ ധൃതവാനസി
ക്ഷിതിധരോദ്ധരണേ തവ കഃ ശ്രമഃ
ഇതി നുതസ്ത്രിദശൈഃ കമലാപതേ!
ഗുരുപുരാലയ! പാലയ മാം ഗദാത്.

ഭാഷ

'പണ്ടു ധരണിയെ നീ ധരിച്ചു, ഇന്നീ
പർവ്വതമത്രയ്ക്കു ഭാരമാണോ'
നന്ദിച്ചു ദേവകൾ വാഴ്ത്തി, ഗുരുവായൂർ
മന്ദിരേശാ, രോഗം മാറ്റിടേണം.

അർത്ഥം : 'പണ്ട് വരാഹാവതാരത്തിൽ ഭൂമിയെത്തന്നെ എടുത്തു പൊക്കി. അപ്പോൾ ആ പർവ്വതം നിനക്കത്ര ഭാരമാണോ' എന്ന് ദേവകൾ ആനന്ദത്തോടെ സ്തുതിച്ച ഗുരുവായൂരപ്പാ, എന്റെ രോഗം മാറ്റണേ.

O

ദശകം 64

ഗോവിന്ദാഭിഷേകം

മൂലം – 1

ആലോക്യ ശൈലോദ്ധരണാദിരൂപം
പ്രഭാവമുച്ചൈസ്തവ ഗോപലോകാഃ
വിശ്വേശ്വരം ത്വാമഭിമത്യ വിശ്വേ
നന്ദം ഭവജ്ജാതകമന്വപൃച്ഛൻ.

ഭാഷ

ഗോവർദ്ധനോദ്ധാരണം കണ്ടു ഗോപാലർ
ശ്രീഹരി നീയെന്നുറയ്ക്കയാലേ
വിശ്വേശ്വരന്റെയാ ജാതകം ചോദിച്ചു
അച്ഛനടുക്കലണയുകയായ്

അർത്ഥം : ഗോവർദ്ധനോദ്ധാരണം മുതലായ അത്ഭുതങ്ങൾ കണ്ട് ഗോപാലന്മാർ ഇത് വിഷ്ണുതന്നെ എന്നറിഞ്ഞു. അവർ കുഞ്ഞിന്റെ ജാതകം അറിയാൻ നന്ദഗോപനെ സമീപിച്ചു.

മൂലം – 2

ഗർഗ്ഗോദിതോ നിർഗ്ഗദിതോ നിജായ
വർഗ്ഗായ താതേന തവ പ്രഭാവഃ
പൂർവ്വാധികസ്ത്വയ്യനുരാഗ ഏഷാ-
മൈധിഷ്ട താവദ്ബഹുമാനഭാരഃ.

ഭാഷ

ഗർഗ്ഗൻ പറഞ്ഞ മൊഴികളോതീ നന്ദൻ
നിൻപ്രഭാവത്തെ ഗ്രഹിച്ചുലോകം
വാത്സല്യമേറെക്കനത്തു, അനുരാഗം
തീരാത്തൊരാദരവായ് ചമഞ്ഞു.

അർത്ഥം : നന്ദൻ ഗർഗ്ഗ മുനി പറഞ്ഞതെല്ലാം പറഞ്ഞു കേൾപ്പിച്ചു അവർക്ക് ഉണ്ടായിരുന്ന സ്നേഹവാത്സല്യങ്ങൾ വല്ലാത്തൊരാദരവോ ടുചേർന്ന് വർദ്ധിച്ചു.

മൂലം – 3

തതോഽവമാനോദിതതത്ത്വബോധ-
സ്സുരാധിരാജസ്സഹ ദിവ്യഗവ്യാ,
ഉപേത്യ തുഷ്ടാവ സ നഷ്ടഗർവ്വഃ
സ്പൃഷ്ട്വാ പദാബ്ജം മണിമൗലിനാ തേ.

ഭാഷ

തത്ത്വംഗ്രഹിച്ചവമാനിതനായഹ-
ങ്കാരമുക്തൻ ഇന്ദ്രനെത്തി, പിന്നെ
രത്നകിരീടശിരസ്സാൽ പദതൊട്ടു
ഭദ്രസുരഭിയോടൊത്തു ശക്രൻ

അർത്ഥം : അപമാനിതനായി തത്ത്വാർത്ഥം ഗ്രഹിച്ച് അഹങ്കാരം ശമിച്ച ഇന്ദ്രൻ സുരഭിയോടൊത്തുവന്നു – രത്നകിരീടം ചൂടിയ ശിരസ്സാൽ അവിടത്തെ കാൽ തൊട്ടുവണങ്ങി.

മൂലം – 4

സ്നേഹസ്നുതൈസ്ത്വാം സുരഭിഃ പയോഭിർ-
ഗോവിന്ദനാമാങ്കിതമഭ്യഷിഞ്ചത്,
ഐരാവതോപാഹൃതദിവ്യഗംഗാ-
പാഥോഭിരിന്ദ്രോഽപി ച ജാതഹർഷഃ.

ഭാഷ

സ്നേഹപ്പാലേറെച്ചുരത്തി സുരഭിതൻ
പാലഭിഷേചിച്ചിട്ടാത്ത മോദം
'ഗോവിന്ദ ഗോവിന്ദ' പാടി, ഐരാവതം
ആകാശഗംഗാജലവും തൂകി-

അർത്ഥം : കാമധേനു സ്നേഹപൂർവ്വം ചുരത്തിയ പാലുകൊണ്ട് 'ഗോവിന്ദ, ഗോവിന്ദ' എന്ന തിരുനാമംപാടി കൃഷ്ണനെ അഭിഷേകം ചെയ്തു. ഐരാവതം സ്വർഗ്ഗംഗാ ജലത്താലും അഭിഷേചിച്ചു.

മൂലം – 5

ജഗത്ത്രയേശേ ത്വയി ഗോകുലേശ-
തഥാഭിഷിക്തേ സതി ഗോപവാടഃ
നാകേഽപി വൈകുണ്ഠപദേഽപ്യലഭ്യാം
ശ്രിയം പ്രപേദേ ഭവതഃ പ്രഭാവാത്.

ഭാഷ

മൂന്നു ലോകത്തിനു നാഥനെയമ്പാടി-
നാഥനായിട്ടഭിഷേകം ചെയ്കെ
സ്വർഗ്ഗവൈകുണ്ഠങ്ങൾ നേടാത്തൊരൈശ്വര്യ-
ലക്ഷ്മിയമ്പാടിയെയാശ്ലേഷിച്ചു.

അർത്ഥം : മൂന്നു ലോകത്തിനും നാഥനെ അമ്പാടിയുടെ നാഥനായി അഭിഷേകം ചെയ്തു. സ്വർഗ്ഗത്തിനോ വൈകുണ്ഠത്തിനുപോലുമോ നേടാനാവാത്ത ഐശ്വര്യലക്ഷ്മി അമ്പാടിയെ ആശ്ലേഷിച്ചു.

മൂലം – 6

കദാചിദന്തർയമുനം പ്രഭാതേ
സ്നായൻ പിതാ വാരുണപൂരുഷേണ,
നീതസ്തമാനേതുമഗാഃ പുരീം ത്വം
താം വാരുണീം കാരണമർത്ത്യരൂപഃ

ഭാഷ

നന്ദൻ പ്രഭാതത്തിൽ സന്ധ്യക്കു കാളിന്ദീ-
വന്ദനസ്നാനം കഴിച്ചുനിൽക്കെ
വാരുണഭൃത്യൻ പിടിച്ചു കെട്ടി, നീയാ
വാരുണഭൂമിയിലെത്തുകയായ്

അർത്ഥം : നന്ദൻ പ്രഭാതസന്ധ്യാ വന്ദനത്തിന് കാളിന്ദിയിൽ കുളിക്കാനിറങ്ങിയപ്പോൾ വരുണഭൃത്യൻ പിടിച്ചുകെട്ടി കൊണ്ടുപോയി. ഭഗവാൻ രക്ഷിക്കാനായി, വരുണന്റെ രാജധാനിയിലെത്തി.

മൂലം - 7

സസംഭ്രമം തേന ജലാധിപേന
പ്രപൂജിതസ്ത്വം പ്രതിഗൃഹ്യ താതം.
ഉപാഗതസ്തത്ക്ഷണമാത്മഗേഹം
പിതാവദത്തച്ചരിതം നിജേഭ്യഃ.

ഭാഷ

പൂജിച്ചുമാനിച്ചിട്ടച്ഛനെ സാഗര-
രാജാവയച്ചു നിൻ കൂടെത്തന്നെ
സർവ്വം ക്ഷണം കൊണ്ടുണ്ടായ മഹാത്ഭുതം
നന്ദനോതി കേട്ടു ഗോപവൃന്ദം

അർത്ഥം : അവിടത്തെ പൂജിച്ച് ബഹുമാനിച്ച് സാഗരരാജാവ് അച്ഛനെ കൂടെ അയച്ചു കൊടുത്തു. എല്ലാം ക്ഷണത്തിൽ സംഭവിച്ചു. ഈ മഹാത്ഭുതം നന്ദൻ പറഞ്ഞ് സർവ്വരും അറിഞ്ഞു.

മൂലം - 8

ഹരിം വിനിശ്ചിത്യ ഭവന്തമേതാൻ
ഭവത്പദാലോകനബദ്ധതൃഷ്ണാൻ,
നിരീക്ഷ്യ വിഷ്ണോ! പരമം പദം തദ്
ദുരാപമന്യൈസ്ത്വമദീദൃശസ്താൻ.

ഭാഷ

'ശ്രീഹരിതന്നെയിക്കണ്ണ' നവർക്കുണ്ടായ്
മോഹം ശ്രീവൈകുണ്ഠമൊന്നു കാണാൻ
അന്യർക്കു കിട്ടാത്ത തദ്പരമംപദം
അന്നവർക്കങ്ങു കാണിച്ചു കൃഷ്ണൻ.

അർത്ഥം : ഈ കണ്ണൻ വിഷ്ണുതന്നെയാണെന്ന് ധരിച്ച ഗോപർ വൈകുണ്ഠം കാണാൻ കൊതിച്ചു. മറ്റാർക്കും അതുവരെ കാണാതെ കിട്ടാനോ കഴിയാത്ത പരമപദം അന്ന് അവർക്കു കാണിച്ചുകൊടുത്തു, ഭക്തവത്സലനായ കൃഷ്ണൻ.

മൂലം - 9

സ്ഫുരത്പരാനന്ദരസപ്രവാഹ-
പ്രപൂർണ്ണകൈവല്യമഹാപയോധൗ,
ചിരം നിമഗ്നാഃ ഖലു ഗോപസംഘാ-
സ്ത്വയൈവ ഭൂമൻ! പുനരുദ്ധൃതാസ്തേ.

ഭാഷ

സ്ഫുരിക്കുമാനന്ദരസപ്രവാഹ-
പ്രപൂർണ്ണ കൈവല്യ മഹാസമുദ്രേ
ചിരം നിമഗ്നം തവ ഗോപസംഘം
നീതാൻ, സമുദ്ധാരക കൃഷ്ണ, കൃഷ്ണ

അർത്ഥം : പ്രകാശിക്കുന്ന പരാമനന്ദരസപ്രവാഹത്തിൽ സമ്പൂർണ്ണ മായ കൈവല്യമഹാസമുദ്രത്തിൽ നിന്റെ ഗോപസംഘം ഏറെ നേരം മുഴുകിക്കിടന്നു. അവരെ, പിന്നീട് നീ തന്നെ ആ സമുദ്രത്തിൽ നിന്നു കരകയറ്റി.

മൂലം – 10

കരബദരവദേവം ദേവ! കുത്രാവതാരേ
നിജപദമനവാപ്യം ദർശിതം ഭക്തിഭാജാം,
തദിഹ പശുപരൂപീ ത്വം ഹി സാക്ഷാത് പരാത്മാ
പവനപുരനിവാസിൻ! പാഹി മാമാമയേഭ്യഃ

ഭാഷ

കയ്യിലെ നെല്ലിക്കപോലെപ്പരംപദം
എല്ലാർക്കും നൽകും പുണ്യാവതാരം
മറ്റേതുണ്ടീശ്വരാ ഗോപാലബാലകാ
മാറ്റേണം രോഗം നീ ശുദ്ധബ്രഹ്മം.

അർത്ഥം : മറ്റേത് അവതാരമുണ്ട്. കയ്യിലെ നെല്ലിക്കപോലെ പരമ പദം എല്ലാവർക്കും ഇങ്ങനെ അനുഭവവേദ്യമാക്കിയിട്ട്, ഈശ്വരാ, ഗോപ ബാലാ, നീ ശുദ്ധപരബ്രഹ്മമാണ്. എന്റെ രോഗം മാറ്റിത്തരണേ.

O

ദശകം 65

ഗോപികകളുടെ ഭഗവത്സമീപ പ്രാപ്തി

മൂലം – 1

ഗോപീജനായ കഥിതം നിയമാവസാനേ
മാരോത്സവം ത്വമഥ സാധയിതും പ്രവൃത്തഃ,
സാന്ദ്രേണ ചാന്ദ്രമഹസാ ശിശിരീകൃതാശേ
പ്രാപൂരയോ മുരളികാം യമുനാവനാന്തേ.

ഭാഷ

പണ്ടുവ്രതാവസാനത്തിൽ താനേകിയ
രാസക്രീഡാവരം നൽകാനായി
സാന്ദ്രനിലാവു പടർന്ന ശിശിരത്തിൽ
മന്ദ്രം കുഴൽ വിളിച്ചു വനാന്തേ

അർത്ഥം : പണ്ട് കാർത്ത്യായനീവ്രതാവസാനത്തിൽ കൊടുത്ത രാസ ലീലാവരം കൊടുക്കാനായി സാന്ദ്രനിലാവു പടർന്ന ശിശിരരാത്രി യിൽ യമുനാതീരത്തെ കാട്ടിലിരുന്ന ഭഗവാൻ ഓടക്കുഴൽ വിളിച്ചു.

മൂലം – 2

സമ്മൂർച്ഛനാഭിരുദിതസ്വരമണ്ഡലാഭിഃ
സമ്മൂർച്ഛയന്തമഖിലം ഭുവനാന്തരാളം,
ത്വദ്വേണുനാദമുപകർണ്ണ്യ വിഭോ! തരുണ്യ-
സ്തത്താദൃശം കമപി ചിത്തവിമോഹമാപുഃ.

ഭാഷ

ഓരോന്നായ് ഷഡ്ജസ്വരമണ്ഡലാരോഹ-
രാഗിണീമൂർച്ഛനാ സമ്മേളനം
ലോകം ഭ്രമിക്കുമാ വേണുനാദം കേട്ടു
മോഹിതർ ഗോപികളാകമാനം.

അർത്ഥം : ഷഡ്ജാദിസ്വരമണ്ഡലങ്ങൾ ആരോഹണാവരോഹണ ക്രമത്താൽ രാഗിണികളെക്കൊണ്ട്, മൂർച്ഛനകളുണ്ടാക്കി സർവ്വരേയും ഭ്രമിപ്പിച്ച് മൂർഛരിപ്പിച്ചുകൊണ്ടുള്ള ആ വേണുഗാനം കേട്ട് ഗോപികൾ അവാച്യമായ മോഹാവസ്ഥ പ്രാപിച്ചു.

മൂലം – 3

താ ഗേഹകൃത്യനിരതാസ്തനയപ്രസക്താഃ
കാന്തോപസേവനപരാശ്ച സരോരുഹാക്ഷ്യഃ
സർവം വിസൃജ്യ മുരളീരവമോഹിതാസ്തേ
കാന്താരദേശമയി! കാന്തതനോ!, സമേതാഃ.

ഭാഷ

ഗേഹകൃത്യത്തിൽ നിരതരാമമ്മമാർ
പുത്രവാത്സല്യത്താല് ആർദ്രചിത്തർ
ഭർത്തൃശുശ്രൂഷകരെന്നിട്ടും ജോലിക-
ളൊക്കെ മറന്നുനിൻ പക്കലെത്തി.

അർത്ഥം : അവർ വീട്ടുജോലികളിൽ വ്യാപൃതരാണ്, ഭർത്താവിനെ ശുശ്രൂഷിക്കുന്നവരാണ്, പുത്രവാത്സല്യത്താൽ ആർദ്ര ചിത്തരാണ്. എന്നിട്ടും അത്തരം ലൗകികകൃത്യങ്ങളൊക്കെ മറന്ന് അവർ പൂർണ്ണ ബ്രഹ്മമായ നിന്നിലേക്ക് ഓടിവന്നു.

മൂലം – 4

കാശ്ചിന്നിജാംഗപരിഭൂഷണമാദധാനാ
വേണുപ്രണാദമുപകർണ്ണ്യ കൃതാർദ്ധഭൂഷാഃ,
ത്വാമാഗതാ നനു തഥൈവ വിഭൂഷിതാഭ്യ-
സ്താ ഏവ സംരുരുചിരേ തവ ലോചനായ.

ഭാഷ

ഭൂഷണം പാതിയണിഞ്ഞുമണിയാഞ്ഞും
വേഷം മാറാതെയുമോടിയെത്തി
വേണുഗാനത്തിനാൽ മോഹിതർ കൃഷ്ണാനിൻ
കാരുണ്യനേത്രത്തിൽ കാമനീയർ

അർത്ഥം : പകുതി അലങ്കാരമണിഞ്ഞും പകുതി അണിയാതെയും, വേഷം മാറാതെയും വേണുഗാനത്താൽ മോഹിതരായ അവർ ഓടി വന്നു. ആ അർദ്ധഭൂഷകളണിഞ്ഞ സ്ത്രീകൾ, നന്നായി വേഷമണിഞ്ഞ് അലങ്കരിച്ച സ്ത്രീകളേക്കാൾ നിന്റെ കണ്ണുകൾക്ക് ആകർഷണീയരായി അനുഭവപ്പെട്ടു.

മൂലം – 5

ഹാരം നിതംബഭുവി കാചന ധാരയന്തീ
കാഞ്ചീം ച കണ്ഠഭുവി ദേവ! സമാഗതാ ത്വാം,
ഹാരിത്വമാത്മജഘനസ്യ മുകുന്ദ! തുഭ്യം
വ്യക്തം ബഭാഷ ഇവ മുഗ്ദ്ധമുഖീ വിശേഷാത്.

ഭാഷ

ഹാരം നിതംബത്തിൽ കാഞ്ചി കഴുത്തിലും
മാറിയണിഞ്ഞൊരു സുന്ദരിമാർ
'ഹാരിത്വകേന്ദ്ര'മിതെന്നു മുകുന്ദനോ–
ടോതുവാനാകാം തുനിഞ്ഞിടുന്നു.

അർത്ഥം : കാഞ്ചി കഴുത്തിലും ഹാരം നിതംബത്തിലും മാറിയണിഞ്ഞ സുന്ദരിമാർ ഹാരമണിഞ്ഞ ഭാഗമാണ് തങ്ങളുടെ സവിശേഷ ഹാരിത്വ കേന്ദ്രം (ആകർഷണസ്ഥാനം) എന്ന് മുകുന്ദനോട് പറയുന്നപോലെ തോന്നി.

മൂലം – 6

കാചിത് കുചേ പുനരസജ്ജിതകഞ്ചുളീകാ
വ്യാമോഹതഃ പരവധൂഭിരലക്ഷ്യമാണാ,
ത്വാമായയൗ, നിരുപമപ്രണയാതിഭാര–
രാജ്യാഭിഷേകവിധയേ കലശീധരേവ.

ഭാഷ

വന്നാളൊരുവൾ തൻ മാറു മറയ്ക്കാതെ
മറ്റുള്ളോർ കാണ്മതറിഞ്ഞിടാതെ
നിത്യനിരുപമ പ്രേമാഭിഷേകത്തി–
നെത്തു മിരു കലശങ്ങൾപോലെ

അർത്ഥം : ഒരുത്തി മാറു മറയ്ക്കാതെ വന്നു. അവൾ മറ്റുള്ളവർ തന്നെ നോക്കുന്നതുപോലുമറിഞ്ഞില്ല. നിത്യനിരുപമ പ്രണയ സാമ്രാജ്യത്തിൽ

അഭിഷേകം ചെയ്യാനായി രണ്ടു കലശങ്ങൾ ധരിച്ചുവരുന്നപോലെ അവൾ ഓടിവന്നു.

മൂലം - 7

കാശ്ചിദ് ഗൃഹാത് കില നിരേതുമപാരയന്ത്യ-
സ്ത്വാമേവ ദേവ! ഹൃദയേ സുദൃഢം വിഭാവ്യ,
ദേഹം വിധൂയ പരചിത്സുഖരൂപമേകം
ത്വാമാവിശൻ പരമിമാ നനു ധന്യധന്യാഃ.

ഭാഷ

ഗേഹത്തിൽ നിന്നു കടക്കാനരുതാത്തോർ
ധ്യാനിച്ചു ഹൃത്തിലേകാഗ്രമായി
ദേഹം വെടിഞ്ഞു ചിദാനന്ദ രൂപമാ-
"മേക"ത്തിൽ ധന്യകൈവല്യം നേടി.

അർത്ഥം : വീട്ടിൽ നിന്നും പുറത്തു കടക്കാൻ സാധിക്കാത്തവർ നിന്നെ ഏകാഗ്രമായി ഹൃദയത്തിൽ ധ്യാനിച്ച് ശരീരത്യാഗം ചെയ്ത് ചിദാനന്ദ സ്വരൂപമായ "ഏക"ത്തിൽ അതിധന്യമായ കൈവല്യം നേടി.

മൂലം - 8

ജാരാത്മനാ ന പരമാത്മതയാ സ്മരന്ത്യോ
നാര്യോ ഗതാഃ പരമഹംസഗതിം ക്ഷണേന,
തത്ത്വാം പ്രകാശപരമാത്മതനും കഥഞ്ചി-
ച്ചിത്തേ വഹന്നമൃതമശ്രമമശ്നുവീയ.

ഭാഷ

പാമര നാരികൾ ജാരസ്വരൂപത്തിൽ
നീ പരമാത്മാവെന്നോരാതെയും
ആയിരവർഷതപസ്സാൽ പരമഹം-
സാദികൾ നേടും പദത്തെ നേടി
കാൽക്ഷണത്തിൽ ശ്രമം കൂടാതെ ഞാനുമാ-
മോക്ഷാമൃതം രുചിച്ചീടേണമെ.

അർത്ഥം : ഒന്നുമറിയാത്ത ആ പാമരപ്പെണ്ണുങ്ങൾ അങ്ങ് പരമാത്മാവെന്നറിയാതെത്തന്നെ, ജാരസ്വരൂപത്തിൽ അവിടത്തെ സദാ സ്മരിച്ച് ആയിരവർഷത്തെ കഠിനതപത്താൽ മാത്രം കിട്ടുന്ന പരമഹംസപദം പ്രാപിച്ചു. എനിക്കും അതിവേഗം ഒട്ടും ബുദ്ധിമുട്ടില്ലാതെ ആ മോക്ഷാമൃതം ആസ്വദിക്കാൻ കഴിയണേ.

മൂലം - 9

അഭ്യാഗതാഭിരഭിതോ വ്രജസുന്ദരീഭിർ-
മുഗ്ദ്ധസ്മിതാർദ്രവദനഃ കരുണാവലോകീ,
നിസ്സീമകാന്തിജലധിസ്ത്വമവേക്ഷ്യമാണോ
വിശ്വൈകഹൃദ്യ! ഹര മേ പരമേശ! രോഗാൻ.

ഭാഷ

അമ്പാടിപ്പെണ്ണുങ്ങൾ കണ്ടു കരുണാർദ്ര-
ലോചനം മന്ദസ്മിതം, മനോജ്ഞം
നിസ്സീമ കാന്തി സമുദ്രമാഹൃദ്യമാം
ദർശനമെൻ രോഗം നീക്കിടേണം.

അർത്ഥം : വ്രജ സുന്ദരിമാർ നിന്റെ കരുണാർദ്രമായ കണ്ണുകളും മനോഹര മന്ദഹാസവും ദർശിച്ചു. നിസ്സീമമായ കാന്തി സമുദ്രമായ ആ ഹൃദ്യ ദർശനത്താൽ എന്റെ രോഗം നീങ്ങണേ.

O

ദശകം 66

ഗോപീജനാഹ്ലാദം

മൂലം – 1

ഉപയാതാനാം സുദൃശാം
കുസുമായുധബാണപാതവിവശാനാം,
അഭിവാഞ്ഛിതം വിധാതും
കൃതമതിരപി താ ജഗാഥ വാമമിവ.

ഭാഷ

കാമബാണത്താൽ വിവശരായെത്തിയ
ഗോപികമാരുടെയാഗ്രഹങ്ങൾ
സാധിപ്പിക്കാമെന്നരുളിയിട്ടും, കണ്ണൻ
വാമം പ്രതികൂല വാക്കുരച്ചു.

അർത്ഥം : കാമബാണമേറ്റ് വിവശരായി സാമീപ്യമുക്തിക്കായി തന്റെ അടുത്തെത്തിയ ഗോപിമാരോട്, നേരത്തെ അവരുടെ അഭിലാഷം സാധിപ്പിക്കാമെന്നു കൊടുത്ത വാക്ക് പാലിക്കാൻ ഉറപ്പിച്ചിരുന്നുവെങ്കിലും, കൃഷ്ണൻ ഇപ്രകാരം ഇടത്തടിച്ച് പ്രതികൂല വാക്ക് പറഞ്ഞു.

മൂലം – 2

ഗഗനഗതം മുനിനിവഹം
ശ്രാവയിതും ജഗിഥ കുലവധൂധർമ്മം
ധർമ്മ്യം ഖലു തേ വചനം
കർമ്മ തു നോ നിർമ്മലസ്യ വിശ്വാസ്യം.

ഭാഷ

അംബരചാരി മുനിമാരും കേൾക്കുവാ-
നങ്ങുരച്ചൂ കുലസ്ത്രീധർമ്മത്തെ.
നിർമ്മലൻനിൻധർമ്മവാക്കു സത്യം എന്നാൽ
കർമ്മമവിശ്വാസ്യമെന്നു തോന്നാം.

അർത്ഥം : ആകാശത്തു സഞ്ചരിക്കുന്ന ദേവർഷീ മുനിമാരും കൂടി കേൾക്കുംവിധം അവരോട് കുലസ്ത്രീ ധർമ്മം പറഞ്ഞു കൊടുത്തു. നിർമ്മലമായ നിഷ്ക്കള ബ്രഹ്മമായ അവിടുത്തെ വാക്ക് ധർമ്മമാണ്, സത്യമാണ്. എന്നാൽ നിഷ്ക്കളങ്കനായതിനാൽത്തന്നെ അവിടുത്തെ പ്രവൃത്തി വിശ്വസിക്കാനാവുന്നില്ലെന്ന് കളങ്കമുള്ള മനസ്സുകൾക്ക് തോന്നും.

മൂലം – 3

ആകർണ്യ തേ പ്രതീപാം
വാണീമേണീദൃശഃ പരം ദീനാഃ,
'മാ മാ കരുണാസിന്ധോ!
പരിത്യജേ'ത്യതിചിരം വിലേപുസ്താഃ.

ഭാഷ

ധർമ്മോപദേശം ശ്രവിച്ചൂ വധൂജനം
ഖിന്നരായോതീ "കാരുണ്യസിന്ധോ,
ഞങ്ങളെയങ്ങു പരിത്യജിച്ചീടായ്ക"
വിമ്മിക്കരഞ്ഞവരൊട്ടു നേരം.

അർത്ഥം : ഭഗവാന്റെ ധർമ്മോപദേശം കേട്ട് ഗോപിമാർ ദുഃഖിച്ചു. "കരുണാസിന്ധോ, ഞങ്ങളെ അവിടുന്ന് ഉപേക്ഷിക്കരുതേ" എന്ന് വളരെ നേരം കേണപേക്ഷിച്ച് കരഞ്ഞു.

മൂലം – 4

താസാം രുദിതൈർലപിതൈഃ
കരുണാകുലമാനസോ മുരാരേ! ത്വം,
താഭിഃ സമം പ്രവൃത്തോ
യമുനാപുളിനേഷു കാമമഭിരന്തും.

ഭാഷ

ദീനദയാലോ നീയാ ഭക്തഗോപികാ-
മാരിൽ മനമലിഞ്ഞീടുകയാൽ
നിർമ്മലമാകും യമുനാതീരത്തു നിൻ
നർമ്മക്രീഡയ്ക്കായൊരുങ്ങിയപ്പോൾ.

അർത്ഥം : ദീനദയാലുവായ കൃഷ്ണാ, നിനക്ക് ആ ഭക്തകളായ ഗോപികമാരിൽ മനസ്സലിഞ്ഞു. അവരുമായി, നിർമ്മലമായ യമുനാതീരത്തെ മണൽത്തട്ടിൽ നീ നിന്റെ നർമ്മക്രീഡകൾക്ക് ഒരുങ്ങി.

മൂലം – 5

ചന്ദ്രകരസ്യന്ദലസത്-
സുന്ദരയമുനാതടാന്തവീഥീഷു,
ഗോപീജനോത്തരീയൈ-
രാപാദിതസംസ്തരോ ന്യഷീദസ്ത്വം.

ഭാഷ

ചന്ദ്രകരങ്ങൾ തഴുകുന്ന കാളിന്ദീ-
-സുന്ദരതീരത്തു, ഗോപികമാർ
ഉത്തരീയം വിരിച്ചുണ്ടാക്കി മെത്തകൾ
സത്യസ്വരൂപനിരുന്നരുളി

അർത്ഥം : ശീതളമായ ചന്ദ്രരശ്മികൾ തഴുകുന്ന കാളിന്ദിയുടെ സുന്ദരമായ മണൽപ്പരപ്പിൽ ഗോപികമാർ ഉത്തരീയങ്ങൾ വിരിച്ച് മെത്ത പോലെ ഇരിപ്പിടമുണ്ടാക്കി. അതിൽ സത്യസ്വരൂപനായ കൃഷ്ണൻ ഇരുന്നു.

മൂലം – 6

സുമധുരനർമ്മാലപനൈഃ
കരസംഗ്രഹണൈശ്ച ചുംബനോല്ലാസൈഃ,
ഗാഢാലിംഗനസംഗൈ-
സ്ത്വമംഗനാലോകമാകുലീചകൃഷേ.

ഭാഷ

നർമ്മമധുരമാമാലാപനങ്ങളും
പാണിഗ്രഹണങ്ങൾ, ചുംബനങ്ങൾ
ഗാഢമാമാലിംഗനം, സ്പർശ, മുല്ലാസം
അംഗനാലോകത്തിൻ ഹർഷോന്മാദം

അർത്ഥം : നർമ്മമധുരങ്ങളായ സംഭാഷണങ്ങൾ, ആലാപനങ്ങൾ, പാണിഗ്രഹണം, ചുംബനം, ഗാഢാലിംഗനം, സ്പർശം മുതലായവയാൽ ആ സ്ത്രീജനങ്ങളെ അവിടുന്ന് ഹർഷോന്മാദം അനുഭവിപ്പിച്ചു.

മൂലം – 7

വാസോഹരണദിനേ യ-
ദ്വാസോഹരണം പ്രതിശ്രുതം താസാം,
തദപി വിഭോ! രസവിവശ-
സ്വാന്താനാം കാന്ത! സുഭ്രുവാമദധാഃ.

ഭാഷ

ആ രസികപ്രിയമാർക്കെല്ലാം കാന്തനാ-
യാനന്ദ കന്ദമായ് നീ മുരാരേ
വാസഹരണദിനവാഗ്ദാനം, അനു-
ഭൂതിരസമായ് പകർന്നു നൽകി.

അർത്ഥം : ഗോപികമാർ രസാനുഭൂതിയാൽ വിവശമായ മനസ്സോടു കൂടിയവരാകയാൽ ഭഗവാന്റെ "രസികപ്രിയ"കളാണ്. അവരുടെ കാന്ത നായ അവിടുന്ന്, വസ്ത്രാക്ഷേപ ദിനത്തിൽ വാഗ്ദാനം ചെയ്തതെല്ലാം ഇപ്പോൾ അവർക്ക് അനുഭൂതിരസവിഷയമാക്കിക്കൊടുത്തു.

മൂലം – 8

കന്ദളിതഘർമ്മലേശം
കുന്ദമൃദുസ്മേരവക്ത്രപാഥോജം,
നന്ദസുത! ത്വാം ത്രിജഗത്-
സുന്ദരമുപഗുഹ്യ നന്ദിതാ ബാലാഃ.

ഭാഷ

വേർപ്പു പൊടിഞ്ഞു, തൂമുല്ലപ്പൂപ്പുഞ്ചിരി
പൂക്കുമാ താമരപ്പൂവദനം
ത്രൈലോക്യസുന്ദരരൂപമാശ്ലേഷിച്ചു
സുന്ദരിമാരവർ നന്ദിതരായ്

അർത്ഥം : കുറേശ്ശെ വിയർപ്പു പൊടിഞ്ഞതും, തൂമുല്ലപ്പുഞ്ചിരി പൂക്കു ന്നതുമായ ആ വദനസരോജം നോക്കിയിരുന്നും, ത്രൈലോക്യസുന്ദര മായ മേനി ആശ്ലേഷിച്ചും ഗോപസുന്ദരിമാർ ആനന്ദിച്ചു.

മൂലം – 9

വിരഹേഷ്വംഗാരമയഃ
ശൃംഗാരമയശ്ച സംഗമേ́ഹി ത്വം,
നിതരാമംഗാരമയ-
സ്തത്ര പുനഃസ്സംഗമേ́പി ചിത്രമിദം.

ഭാഷ

അംഗാരംപോലെ വിരഹത്തിൽപ്പൊള്ളിയ്ക്കും
ശൃംഗാരരൂപൻ നീ സംഗമത്തിൽ;
സംഗമത്തിൽക്കൂടി അംഗാരകാമയം
അംഗനമാർക്കേകി, ചിത്രം, കൃഷ്ണാ.

അർത്ഥം : നീ വിരഹത്തിൽ അംഗാരംപോലെ (തീക്കട്ട) പൊള്ളി യ്ക്കുമെന്നും സംഗമത്തിൽ ശൃംഗാരമയനാണെന്നുമാണ് കേൾവി. എന്നാൽ വിചിത്രംതന്നെ! ആ അംഗനമാർക്ക് സംഗമത്തിലും അവി ടുന്ന് അംഗാരമയനായി പൊള്ളിച്ചു.

മൂലം – 10

രാധാതുംഗപയോധര-
സാധുപരീരംഭലോലുപാത്മാനം,
ആരാധയേ ഭവന്തം
പവനപുരാധീശ! ശമയ സകലഗദാൻ.

ഭാഷ

രാധതൻ തുംഗപയോധരാശ്ലേഷത്തിൽ
ലോലുപൻ നിന്നെ ഞാനാരാധിപ്പൂ.
എൻ സകലാമയം, ക്ലേശവും വൈകാതെ-
യെൻ സഖേ, കൃഷ്ണാ നീ തീർക്കുകില്ലേ?

അർത്ഥം : രാധയുടെ ഉയർന്ന കുചകുംഭങ്ങളെ ആശ്ലേഷിക്കുന്നതിൽ മുഴുകിയിരിക്കുന്ന നിന്നെ ഞാൻ ആരാധിക്കുന്നു. എന്റെ ആമയങ്ങളും ക്ലേശങ്ങളും പ്രിയ സഖിയായ കൃഷ്ണാ, വേഗം തീർത്തുതരില്ലേ?

O

ദശകം 67

ഗോപികാഗർവ്വപ്രശമനം

മൂലം – 1

സ്ഫുരത്പരാനന്ദരസാത്മകേന
ത്വയാ സമാസാദിതഭോഗലീലാഃ,
അസീമമാനന്ദഭരം പ്രപന്നാ
മഹാന്തമാപുർമ്മദമംബുജാക്ഷ്യഃ.

ഭാഷ

ആനന്ദബ്രഹ്മരസാത്മകൻ നീ തരു-
മാസ്വാദന ഭോഗലീലയാലേ
നിസ്സീമാനന്ദത്താൽ ഗോപികാചിത്തങ്ങൾ
നിസ്സാരാഹങ്കാരമത്തമായി.

അർത്ഥം : ആനന്ദബ്രഹ്മരസാത്മകനായ ഭഗവാൻ നൽകിയ ബ്രഹ്മാനുഭവരസാസ്വാദന ഭോഗലീലയാൽ ഗോപികമാർക്ക് നിസ്സീമമായ ആനന്ദം ലഭിച്ചു. എന്നാൽ കഷ്ടം, അവരുടെ ചിത്തങ്ങൾ നിസ്സാരമായ അഹങ്കാരത്താൽ മദമാർന്നുപോയി.

മൂലം – 2

'നിലീയതേഽസൗമയിമയ്യമായം
രമാപതിർവ്വിശ്വമനോഭിരാമഃ'
ഇതിസ്മ സർവ്വാഃ കലിതാഭിമാനാ
നിരീക്ഷ്യ ഗോവിന്ദ! തിരോഹിതോഽഭൂഃ.

ഭാഷ

'വിശ്വംമയക്കുന്നൊരീ ലക്ഷ്മീവല്ലഭൻ
മഗ്നനായീമമ സൗന്ദര്യത്തിൽ'
നാരീഹൃത്തിൽ മദചിന്തകണ്ടു, ഹരി
താനേ മറഞ്ഞുപോയ ക്ഷണത്തിൽ.

അർത്ഥം : "ഈ ലക്ഷ്മീവല്ലഭൻ വിശ്വത്തെ മയക്കുന്നവനാണെന്ത്... എന്നിട്ടിപ്പോൾ എന്റെ സൗന്ദര്യത്തിൽ മഗ്നനായി മയങ്ങി" എന്ന് സ്ത്രീകളുടെ ഹൃദയത്തിൽ അഹങ്കാര ചിന്ത കണ്ടു. ഉടനെ ഹരി അപ്രത്യക്ഷനായി.

മൂലം – 3

രാധാഭിധാം താവദജാതഗർവ്വാ-
മതിപ്രിയാംഗോപവധൂംമുരാരേ!,
ഭവാനുപാദായഗതോവിദൂരം
തയാസഹസ്വൈരവിഹാരകാരീ.

ഭാഷ

ഗർവ്വം ജനിക്കാത്തരാധയതിപ്രിയ
സർവ്വാംഗസുന്ദരിയോടുകടി
സ്വൈരം വിഹരിച്ചതിദൂരദേശത്തിൽ
നീ, മുരാരേ, നിനക്കിഷ്ടംപോലെ

അർത്ഥം : ഗർവ്വം ജനിയ്ക്കാത്തവളും തനിക്ക് അതിപ്രിയയുമായ രാധയെന്ന സർവ്വാംഗസുന്ദരിയോടുകൂടി, അവിടുന്ന് അതിദൂരദേശത്തിൽ, ഇഷ്ടംപോലെ, സ്വൈരമായി വിഹരിച്ചു.

മൂലം – 4

തിരോഹിതേഽഥത്വയിജാതതാപാഃ
സമംസമേതാഃകമലായതാക്ഷ്യഃ
വനേവനേത്വാംപരിമാർഗ്ഗയന്ത്യോ
വിഷാദമാപുർഭഗവന്നപാരം.

ഭാഷ

തിരോഭവിച്ചു, ഹരിയെന്നു കണ്ടു
തിരഞ്ഞു കാട്ടിൽ വ്രജനാരി വൃന്ദം
അപാരമാം ദുഃഖസരസ്സിൽ മുങ്ങി
അവർ മറന്നു മദമത്സരങ്ങൾ

അർത്ഥം : ഹരി മറഞ്ഞു എന്നു കണ്ട ഗോപസ്ത്രീകൾ കാടു തിരഞ്ഞു തിരഞ്ഞു. അപാരമായ ദുഃഖത്തിലാണ്ട അവർ മദമാത്സര്യങ്ങളെല്ലാം മറന്നു.

മൂലം – 5

'ഹാചൂത! ഹാചമ്പക!കർണ്ണികാര,
ഹാമല്ലികേ!മാലതി!ബാലവല്യഃ!,
കിംവീക്ഷിതോനോ ഹൃദയൈകചോര'
ഇത്യാദിതാസ്ത്വത്പ്രവണാ വിലേപുഃ.

ഭാഷ

'ഹേ, ചൂതമേ, ചമ്പകമേ, കണിക്കൊ-
ന്നേ, മല്ലികേ, മാലതി, ബാലവല്ലീ
കണ്ടോ മനം കൊള്ളയടിച്ച കള്ളൻ
വന്നോ' കരഞ്ഞോടി നടന്നു സ്ത്രീകൾ

അർത്ഥം : "തേന്മാവേ, ചമ്പകമേ, കണിക്കൊന്നേ, മല്ലികേ, മാലതി, ഇളം ലതകളേ, ഞങ്ങളുടെ മനസ്സു കൊള്ളയടിച്ച കള്ളൻ വന്നുവോ, അവനെ കണ്ടുവോ" എന്ന് പുലമ്പി കരഞ്ഞ് ആ സ്ത്രീകൾ തിരഞ്ഞു നടന്നു.

മൂലം – 6

'നിരീക്ഷിതോഽയംസഖിപങ്കജാക്ഷഃ
പുരോമമേ'ത്യാകുലമാലപന്തീ,
ത്വാം ഭാവനാചക്ഷുഷിവീക്ഷ്യകാചി-
ത്താപം സഖീനാം ദ്വിഗുണീചകാര.

ഭാഷ

ഉൾക്കണ്ണിൽ ദർശിച്ചൊരുത്തിയോതി 'ഞാനാ-
തൃക്കണ്ണനെക്കണ്ടു' ; കൂട്ടുകാരെ
കെട്ടിപ്പിടിച്ചിട്ടവളത്തലേറ്റീട്ടു
പൊട്ടിക്കരഞ്ഞു വ്രജനാരികൾ

അർത്ഥം : കൃഷ്ണനെ തന്റെ ഉൾക്കണ്ണിൽ ദർശിച്ച ഒരുത്തി 'ഞാൻ കണ്ണനെ കണ്ടു" എന്ന് പറഞ്ഞു. . അവൾ കൂട്ടുകാരെ കെട്ടിപ്പിടിച്ചു. അങ്ങനെ കൂട്ടുകാരുടെ ദുഃഖം അവൾ വർദ്ധിപ്പിച്ചു. ഗോപസ്ത്രീകൾ പൊട്ടിക്കരഞ്ഞു.

മൂലം – 7

ത്വദാത്മികാസ്താ യമുനാതടാന്തേ
തവാനുചക്രുഃകിലചേഷ്ടിതാനി,
വിചിത്യഭൂയോഽപി തഥൈവമാനാത്
ത്വയാവിമുക്താം ദദൃശുശ്ച രാധാം.

ഭാഷ

നിന്നിൽ ലയിച്ചോരവർ തീരഭൂമിയിൽ
നിൻ ലീലയാടിക്കഥ പറഞ്ഞു.
പിന്നെത്തിരഞ്ഞിട്ടവർ കണ്ടു രാധയെ
നിന്നാൽ, പ്പരിത്യക്ത, മാർഗ്ഗമദ്ധ്യേ.

അർത്ഥം : നിന്നിൽ തന്മയീഭവിച്ച അവർ യമുനാതീരത്ത് നിന്റെ ലീലകൾ അനുകരിച്ചു, കഥ പറഞ്ഞു. തിരഞ്ഞു തിരഞ്ഞു നടന്ന്, വഴി മദ്ധ്യേ നിന്നാൽ പരിത്യക്തയായ രാധയെ കണ്ടു.

മൂലം – 8

തതഃസമം താ വിപിനേ സമന്താത്
തമോഽവതാരാവധിമാർഗ്ഗയന്ത്യഃ,
പുനർവ്വിമിശ്രാ യമുനാതടാന്തേ
ഭൃശം വിലേപുശ്ച ജഗുർഗ്ഗുണാംസ്തേ.

ഭാഷ

ഒന്നിച്ചു തേടീവനാന്തമാകെയവർ
നന്നായിരുട്ടായി രാത്രിവന്നു.
കാളിന്ദീ തീരത്തിരുന്നു കണ്ണീരോടെ
പാടിപ്പുകഴ്ത്തി ഗുണങ്ങളെല്ലാം.

അർത്ഥം : അവരൊന്നിച്ച് കാടുനീളെ തേടി. ഇരുട്ടായി. രാത്രി വന്നു. അവർ കാളിന്ദീതീരത്തിരുന്ന് കണ്ണീരോടെ മഹിമാ ഗുണങ്ങൾ പുകഴ്ത്തിപ്പാടി.

മൂലം – 9

തഥാ വ്യഥാസങ്കുലമാനസാനാം
വ്രജാംഗനാനാം കരുണൈകസിന്ധോ!
ജഗത്ത്രയീമോഹനമോഹനാത്മാ
ത്വം പ്രാദുരാസീരയി മന്ദഹാസീ.

ഭാഷ

കാരുണ്യസിന്ധോ, വ്യഥിതരവർ നിന്റെ
പാരമ്യഭക്തിരസാസ്വാദകർ
മൂവുലകും മയക്കുന്ന നിൻ പുഞ്ചിരി-
പ്പൂമുഖം മുന്നിൽ തെളിഞ്ഞു കണ്ടു.

അർത്ഥം : കാരുണ്യസിന്ധോ, ദുഃഖിതരും അവിടത്തെ ഭക്തിപാരമ്യരസത്തിന്റെ ആസ്വാദകരുമായ ആ സ്ത്രീകൾ മൂന്നുലകവും മയക്കുന്ന മനോഹര മന്ദഹാസത്തോടെയുള്ള നിന്റെ മുഖം അപ്പോൾ മുന്നിൽ തെളിഞ്ഞു കണ്ടു.

മൂലം – 10

സന്ദിഗ്ദ്ധസന്ദർശനമാത്മകാന്തം
ത്വാംവീക്ഷ്യതന്വ്യഃസഹസാ തദാനീം
കിംകിംനചക്രുഃപ്രമദാതിഭാരാത്
സ ത്വം ഗദാത്പാലയമാരുതേശ!

ഭാഷ

കാണാതെ കണ്ടോരു പ്രിയസ്വരൂപം
ഏണാക്ഷിമാർക്കെന്തഭിരാമമായി!
എന്തെന്തു ചെയ്തില്ലവർ!! മാരുതേശാ,
സന്തുഷ്ടനാകു, മമ രോഗമാറ്റൂ.

അർത്ഥം : ഏറെ നേരം കാണാതെയിരുന്ന്, ഇനി കാണില്ലേ എന്നു [illegible] ഭയപ്പെട്ട തങ്ങളുടെ പ്രിയന്റെ രൂപം പെട്ടെന്ന് പ്രത്യക്ഷമായി കണ്ടപ്പോൾ ആ സ്ത്രീകൾക്ക് അത് കൂടുതൽ അഭിരാമവും ആനന്ദദായകവുമായി. ആനന്ദത്താൽ അവർ എന്തെന്തു ചെയ്തില്ല!! ഗുരുവായൂരപ്പാ, സന്തുഷ്ടനായാലും. എന്റെ രോഗം മാറ്റിയാലും.

O

ദശകം 68

ഗോപികകളുടെ പരമാഹ്ലാദം

മൂലം - 1

തവ വിലോകനാത് ഗോപികാജനാഃ
പ്രമദസങ്കുലാഃ പങ്കജേക്ഷണ!,
അമൃതധാരയാ സംപ്ലുതാ ഇവ
സ്തിമിതതാം ദധുസ്ത്വത്പുരോഗതാഃ.

ഭാഷ

നിന്നെക്കണ്ടാനന്ദംപൂണ്ടാ വിരഹിണീ-
സുന്ദരിമാർ നിന്നു സന്നിധിയിൽ
ഒട്ടുമിളക്കമില്ലാതെസ്സമാധിസ്സു-
ധാ സുഖ ധാരയിൽ മുങ്ങിയോരായ്

അർത്ഥം : നിന്നെ കണ്ട് ആനന്ദം പൂണ്ട ആ വിരഹിണികൾ നിന്റെ മുമ്പിൽ അനങ്ങാതെ നിന്നു. അചലകളായി സമാധി സുഖത്തിന്റെ അമൃതധാരയിൽ മുങ്ങിയതുപോലെ!

മൂലം - 2

തദനു കാചന ത്വത്കരാംബുജം
സപദി ഗൃഹ്ണതീ നിർവ്വിശങ്കിതാ,
ഘനപയോധരേ സന്നിധായ സാ
പുളകസംവൃതാ തസ്ഥുഷീ ചിരം.

ഭാഷ

നിൻതാമരക്കൈപിടിച്ചുതൻ മാറത്തു
സ്വന്തംപോൽ ചേർത്തുതരിച്ചുനിന്നു
ആനന്ദകോൾമയിരോടൊരു ഗോപിക
നിന്നിലതിപ്രീതിയുള്ളവളായ്

അർത്ഥം : ഒരു ഗോപിക, നിന്നിൽ അത്യധികം പ്രേമമുള്ളവളായി, നിന്റെ താമരക്കൈ സ്വന്തം കയ്യാണെന്നപോലെ പിടിച്ച്, സ്വന്തം മാറത്തു ചേർത്തുപിടിച്ച്, ആനന്ദക്കോൾമയിരോടെ തരിച്ചുനിന്നു.

മൂലം – 3

തവ വിഭോഽപരാ കോമളം ഭുജം
നിജഗളാന്തരേ പര്യവേഷ്ടയത്
ഗളസമുദ്ഗതം പ്രാണമാരുതം
പ്രതിനിരുന്ധതീവാതിഹർഷുലാ.

ഭാഷ

മറ്റൊരാൾ ഹർഷനിരുദ്ധ, നിൻ കോമള-
ക്കൈത്തണ്ടാൽ കണ്ഠം വരിഞ്ഞുകെട്ടി
പ്രാണമരുത്തെത്തടഞ്ഞുനിർത്താനാവാം
ഏണാങ്കലോചന ചെയ്തതേവം.

അർത്ഥം : മറ്റൊരുത്തി ആനന്ദത്താൽ മതിമറന്ന് നിന്റെ കൈത്തണ്ടാൽ തന്റെ കഴുത്ത് വരിഞ്ഞുകെട്ടി. അവളുടെ ശ്രമം പ്രാണമരുത്തിനെ തടഞ്ഞുനിർത്താനാവാം.

മൂലം – 4

അപഗതത്രപാ കാപി കാമിനീ
തവ മുഖാംബുജാത് പൂഗചർവ്വിതം,
പ്രതിഗൃഹയ്യ തദ്വക്ത്രപങ്കജേ
നിദധതീ ഗതാ പൂർണ്ണകാമതാം.

ഭാഷ

കാമിനി നാണം വെടിഞ്ഞു ചവച്ച നിൻ
പൂഗം ഗ്രഹിച്ചു തൻ കയ്യിനാലേ
പൂർണ്ണകാമത്വം വരിക്കാനായ് താമര-
പ്പൂപോൽ വിടർന്ന തൻ വായിലിട്ടു.

അർത്ഥം : ഒരു കാമിനി നാണമില്ലാതെ നീ ചവച്ച താംബൂലം തന്റെ കയ്യാൽ വാങ്ങി, പൂർണ്ണകാമത്വം വരിക്കുന്നതിനാവാം, താമരപ്പൂപോലെ ചുവന്നു വിടർന്ന സ്വന്തം വായിലിട്ടു.

മൂലം - 5

വികരുണോ വനേ സംവിഹായ മാ-
മപഗതോഽസി കാ ത്വാമിഹ സ്പൃശേത്,
ഇതി സരോഷയാ താവദേകയാ
സജലലോചനം വീക്ഷിതോ ഭവാൻ.

ഭാഷ

കണ്ണീർ നിറച്ചു പരിഭവത്താൽ നോക്കി-
"ക്കണ്ണാ നീ നിർദ്ദയം കാട്ടിലെന്നെ
എന്തിന്നുതള്ളിയീ മണ്ണിലുണ്ടോ നിന്നെ
പെണ്ണേതാനും തൊടാനിച്ഛിക്കുന്നു'

അർത്ഥം : ഒരുവൾ പരിഭവത്തോടെ കണ്ണിൽ നീരുനിറച്ച് ദൂരെ മാറി നിന്നു ചോദിച്ചു. "കണ്ണാ, നീയെന്തിനാണ് കാട്ടിൽ എന്നെ നിർദ്ദയം ഉപേക്ഷിച്ചത്. ഇങ്ങനെ ചെയ്ത നിന്നെ തൊടാൻ ഈ ഭൂമിയിൽ ഏതെങ്കിലും പെണ്ണ് ഇനി ആശിയ്ക്കുമോ?"

മൂലം - 6

ഇതി മുദാകുലൈർവ്വല്ലവീജനൈഃ
സമമുപാഗതോ യാമുനേ തടേ,
മൃദുകുചാംബരൈഃ കല്പിതാസനേ
ഘുസൃണഭാസുരേ പര്യശോഭഥാഃ.

ഭാഷ

ആനന്ദവ്യാകുലർ വല്ലവിമാരൊത്തി-
ട്ടായമുനാനദീ മൺപരപ്പിൽ
മാറിലെക്കുങ്കുമച്ചായം പടർന്നുത്ത-
രീയവിരിപ്പിലിരുന്നരുളി.

അർത്ഥം : ആനന്ദത്താൽ വ്യാകുലരായ ഗോപിമാരൊത്ത് യമുനാ തീരത്തെ മണൽപരപ്പിൽ, അവരുടെ മാറിലെ കുങ്കുമച്ചുവപ്പു പടർന്ന ഉത്തരീയ വിരിപ്പിൽ, അവിടന്ന് ഇരുന്നു.

മൂലം - 7

'കതിവിധാ കൃപാ കേഽപി സർവ്വതോ
ധൃതദയോദയാഃ കേചിദാശ്രിതേ,
കതിചിദീദൃശാ മാദൃശേഷ്വപീ'-
ത്യഭിഹിതോ ഭവാൻ വല്ലവീജനൈഃ

ഭാഷ

"എത്രവിധം കൃപ? സർവ്വത്തിലും ചിലർ,
ആശ്രിതരിൽച്ചിലർ, മറ്റുള്ളോരോ
സർവ്വമുപേക്ഷിച്ചോരാശ്രിതരെങ്ങളിൽ-
പ്പോലുമില്ലാത്തോ"രെന്നായ് വധുക്കൾ.

അർത്ഥം : ഗോപിമാർ പരിഭവം പറഞ്ഞു. "ദയ എന്തെല്ലാം വിധത്തിലാണ്! ചിലർക്ക് സർവ്വ ചരാചരത്തിലും കൃപ; ചിലർക്ക് ആശ്രിതരിൽ മാത്രം കൃപ; മറ്റു ചിലർക്കോ, സർവ്വമുപേക്ഷിച്ച് നീയേ ആശ്രയമെന്നു വന്ന ഞങ്ങളിൽ പോലും കൃപയില്ല."

മൂലം - 8

അയി കുമാരികാ നൈവ ശങ്ക്യതാം
കഠിനതാ മയി പ്രേമകാതരേ,
മയി തു ചേതസോ വോ൯നുവൃത്തയേ
കൃതമിദം മയേത്യൂചിവാൻ ഭവാൻ.

ഭാഷ

ശങ്കിക്കരുതു കഠിനത; നിങ്ങളിൽ
പ്രേമത്താൽ കാതരനെന്നിൽ നിങ്ങൾ
എന്നിലീ പ്രേമ മനുമാത്രം നിൽക്കാനാ-
യിന്നീവിരഹാനുഭൂതി തന്നു.

അർത്ഥം : ഭഗവാൻ പറഞ്ഞു! നിങ്ങൾ എന്നിൽ കഠിനത ശങ്കിക്കരുത്. ഞാൻ നിങ്ങളിൽ പ്രേമകാതരനാണ്. എന്നിൽ നിങ്ങളുടെ പ്രേമം ഒട്ടും കുറയാതെ അനുനിമിഷം സ്ഥിരമായി നിൽക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ് ഈ വിരഹാനുഭവം നിങ്ങൾക്കു തന്നത്.

മൂലം - 9

അയി നിശമ്യതാം ജീവവല്ലഭാഃ!
പ്രിയതമോ ജനോ നേദൃശോ മമ,
തദിഹ രമ്യതാം രമ്യയാമിനീ-
ഷനുപരോധമിത്യാലപോ വിഭോ!.

ഭാഷ

വല്ലഭമാരേ, യെനിയ്ക്കാരുണ്ടീവിധം
മല്ലീലാലോലർ പ്രിയതമകൾ
ഇന്നീയമുനാ പുളിനത്തിൽ രമ്യമാം
യാമിനിയിൽ നാം രമിച്ചിടേണം.

അർത്ഥം : പ്രിയ വല്ലഭമാരേ, എനിക്ക് നിങ്ങളെപ്പോലെ എന്നിൽ പ്രിയമുള്ളവരും എന്റെ ലീലകളിൽ ആനന്ദരസം അനുഭവിക്കുന്നവരുമായ പ്രിയജനങ്ങൾ വേറെ ആരാണുള്ളത്. ഇന്ന് ഈ യമുനാ തീരത്തിലെ മനോഹര രാത്രിയിൽ നമുക്ക് ഒന്നിച്ച് ആനന്ദിച്ച് ഉല്ലസിക്കാം.

മൂലം – 10

ഇതി ഗിരാധികം മോദമേദുരൈർ-
വ്രജവധൂജനൈസ്സാകമാരമൻ,
കലിതകൗതുകോ രാസഖേലനേ
ഗുരുപുരീപതേ! പാഹി മാം ഗദാത്.

ഭാഷ

മോദമധുരമാവാണിയാൽ തേനൂറി
യാനാരിമാർക്കു ഹൃദയങ്ങളിൽ
രാസലീലാലോലനാകും ഗുരുവായൂ-
രപ്പാ, ഹരേ, ഹരിച്ചീടു രോഗം.

അർത്ഥം : മധുരമായ ആ ആനന്ദവാണിയാൽ ഗോപനാരിമാരുടെ ഹൃദയങ്ങളിൽ തേനൂറിയ രാസലീലാലോലനായ ശ്രീ ഗുരുവായൂരപ്പാ, ഹരേ, എന്റെ രോഗങ്ങളെ ഹരിച്ചാലും!!

O

ദശകം 69

രാസക്രീഡ

മൂലം – 1

കേശപാശധൃതപിഞ്ഛികാവിതതി
സഞ്ചലന്മകരകുണ്ഡലം
ഹാരജാലവനമാലികാലളിത-
മംഗരാഗഘനസൗരഭം,
പീതചേലധൃതകാഞ്ചികാഞ്ചിത-
മുദഞ്ചദംശുമണിനൂപുരം
രാസകേളിപരിഭൂഷിതം തവഹി
രൂപമീശ! കലയാമഹേ.

ഭാഷ

കേശപാശത്തിൽ മയിൽപ്പീലിക്കണ്ണാടി-
ക്കാതിൽ മകരമഹാകുണ്ഡലം,
ഹാരം, വനമാല, അംഗരാഗത്തിന്റെ
സൗരഭം, നിൻ ലളിതം സുവേഷം
മഞ്ഞപ്പട്ടിന്മേലണിഞ്ഞരഞ്ഞാണവും
നൂപുരനാദമുയർത്തും പാദം
രാസകേളിയ്ക്കായലങ്കാരം ചെയ്ത നിൻ
കേളികേട്ടാരൂപം ധ്യാനിപ്പൂ ഞാൻ.

അർത്ഥം : തിരുമുടിക്കെട്ടിൽ മയിൽപ്പീലിക്കണ്ണുകളും, കാതിൽ മകര കുണ്ഡലങ്ങളും, മാറിൽ ഹാരങ്ങളോടൊപ്പം വനമാലയും ആടിക്കളിച്ചു കൊണ്ടും, എങ്ങും മേനിയിൽ ചാർത്തിയ കുറിക്കൂട്ടുകളുടെ സൗരഭ പരത്തിക്കൊണ്ടുമുള്ള നിന്റെ "ധീരലളിതനായക"ന്റെ വേഷം മനോഹരമാ മഞ്ഞപ്പട്ടിന്മേൽ അണിഞ്ഞ കിങ്ങിണിയരഞ്ഞാണം, കാലിൽ ചാർത്തിയ മണിനൂപുരം എന്നിവ താളത്തിൽ ധ്വനി ഉയർത്തുന്നു. രാസകേളിയ്ക്ക് യോജിച്ച രീതിയിൽ അലങ്കാരമണിഞ്ഞതും കേളി കേട്ടതുമായ നിന്റെ സകളബ്രഹ്മരൂപത്തെ ഞാൻ ധ്യാനിക്കുന്നു.

മൂലം – 2

താവദേവ കൃതമണ്ഡനേ കലിത-
കഞ്ചുളീകകുചമണ്ഡലേ
ഗണ്ഡലോലമണികുണ്ഡലേ യുവതി-
മണ്ഡലേഽഥ പരിമണ്ഡലേ,
അന്തരാ സകലസുന്ദരീയുഗള-
മിന്ദിരാരമണ! സഞ്ചരൻ
മഞ്ജുളാം തദനു രാസകേളിമയി
കഞ്ജനാഭ! സമുപാദധാഃ.

ഭാഷ

ഭൂഷകളെല്ലാമണിഞ്ഞൊരുങ്ങീഘോഷ-
നാരികൾ, കഞ്ചുകം ചാർത്തിമാറിൽ
കുണ്ഡലമാടും കവിളുകളോടവർ
മണ്ഡലമായ് നിന്നു നൃത്തമാടാൻ
ഈ രണ്ടു സുന്ദരിമാർക്കിടയിൽ കഞ്ജ-
നാഭൻ ചരിക്കയായ് നൃത്തലോലൻ
മഞ്ജുളമാകുമാരാസനൃത്തം ഭൂവിൽ
ഇന്ദിരാവല്ലഭൻ ആരചിച്ചു.

അർത്ഥം : ഘോഷനാരികളും നൃത്തത്തിനുള്ള ഭൂഷകൾ അണിഞ്ഞു മാറത്ത് കഞ്ചുകം ചാർത്തി, കാതിൽ കാതിലോല ചാർത്തി. അവ കവിളത്ത് ആടുന്നവിധം, വൃത്താകൃതിയിൽ രാസകേളിക്കായി അവർ നിന്നു. ഭഗവാൻ ഈരണ്ടു സ്ത്രീകൾക്കിടയിലൂടെ മാറിമാറി (മുമ്പും ചുറ്റി) സഞ്ചരിച്ചുകൊണ്ട് മനോഹരമായ രാസനൃത്തം ഭൂമിയിൽ സൃഷ്ടിച്ചു

മൂലം – 3

വാസുദേവ! തവ ഭാസമാനമിഹ
രാസകേളിരസസൗരഭം
ദൂരതോഽപി ഖലു നാരദാഗദിത-
മാകലയ്യ കുതുകാകുലാ,

വേഷഭൂഷണവിലാസപേശല-
വിലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി
വേഗതോ//ഥ സുരമണ്ഡലീ.

ഭാഷ

വാസുദേവാ നിന്റെ രാസകേളീരസം
ഭാസമാനം, നാരദന്റെ വാക്യം
കേട്ടറിഞ്ഞെത്തി കുതുകികൾ ദേവകൾ
പാട്ടിലുമാട്ടത്തിലും രസികർ
വേഷഭൂഷാവിലാസം സുലാസ്യം ചേർന്ന
ആയിരമപ്സരസ്ത്രീകളോടെ
ആകാശദേശത്തവർ നിരന്നൂ ക്ഷണം
ആ മനോജ്ഞം നൃത്തമാസ്വദിക്കാൻ.

[illegible] : വാസുദേവന്റെ ഈ രാസകേളീനൃത്തത്തിന്റെ രസം നാരദ[illegible]ത്തിൽ നിന്നു കേട്ടറിഞ്ഞവരും, നൃത്തഗാനാദികളിൽ കുതുകി[illegible]കരുമായ ദേവസമൂഹം, വേഷഭൂഷാവിലാസങ്ങളിലും ലാസ്യാ[illegible]ത്തിലും നിപുണരായ അനേകം അപ്സര സ്ത്രീകളോടു കൂടി, [illegible] കണ്ട് ആസ്വദിച്ച് രസാനുഭൂതി നുകരാൻ ആകാശത്ത് നിരന്നു [illegible]

മൂലം - 4

വേണുനാദകൃതതാനദാനകള-
ഗാനരാഗഗതിയോജനാ-
ലോഭനീയമൃദുപാദപാതകൃത-
താളമേളനമനോഹരം,
പാണിസങ്ക്വണിതകങ്കണഞ്ച മുഹു-
രംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത
രാസകേളിരസഡംബരം.

ഭാഷ

വേണുനാദം ചെയ്യും താനദാനം, കള-
ഗാനത്തിൽ രാഗഗതിയോടൊത്തും
മെല്ലെ മൃദുപദതാളമേളത്തോടെ
കയ്യിൽത്തരിവള താളത്തോടെ
തോളിലർപ്പിച്ച കരതാ, രുടപുട
നീളെക്കിഴിയുന്ന ഭംഗിയോടെ
രാസകേളീ രസത്തിന്റെയാ മേളനം
വാസവരൊത്തു ഭജിയ്ക്ക നമ്മൾ

[illegible] : വേണുനാദം നൽകുന്ന താനം, കളഗാനം പാടുമ്പോഴുള്ള

രാഗത്തിന്റെ ഗതിഗമകങ്ങൾ, പതുക്കെ കാൽ ചലിപ്പിക്കുന്ന താളമേള ങ്ങൾ അതോടൊപ്പം കയ്യിൽകിലുങ്ങുന്ന തരിവളനാദം, ഇവയുടെ യെല്ലാം മനോഹരമായ മേളനത്തോടുകൂടിയതും ഒരാൾ മറ്റൊരാളുടെ തോളിൽ ഇടയ്ക്ക് താളത്തിൽ കൈ അർപ്പിച്ചുകൊണ്ടുള്ളതും, നൃത്ത വേഗത്തിൽ ഉടുപുടവ അറിയാതെ കിഴിയുന്നതുമായ ആ രാസകേളീ രസമേളനം ദേവസമൂഹത്തോടൊപ്പം നമുക്കും ഭജിക്കുക.

മൂലം - 5

സ്പർദ്ധയാ വിരചിതാനുഗാനകൃത-
താരതാരമധുരസ്വരേ
നർത്തനേഗ്ധ ലളിതാംഗഹാരലുളിതാംഗ-
ഹാരമണിഭൂഷണേ,
സമ്മദേന കൃതപുഷ്പവർഷമല-
മുന്മിഷദ്ദിവിഷദാം കുലം
ചിന്മയേ ത്വയി നിലീയമാനമിവ
സമ്മുമോഹ സവധൂകുലം.

ഭാഷ

താരതാരം മധുരസ്വരത്തിൽ അനു-
രാഗത്താലേ യനുഗാനം ചെയ്തും
അംഗഹാരം മണിഭൂഷണം നർത്തന-
ചഞ്ചലത്താലേയിടം മാറീട്ടും
പൂമഴ പെയ്യുന്ന ഉന്മിഷദേവതാ-
ജാലവും നിന്നിൽ ലയിയ്ക്കുമാറും
സച്ചിന്മയാ നിൻ ലളിതലാസ്യോത്സവം
രാസോത്സവത്തിൽ ഭ്രമിച്ചു ലോകം.

അർത്ഥം : അതിതാരസ്വരത്തിൽ മധുരമായി, അനുരാഗഭാവ വിശേഷ ത്തോടെ പാടിക്കൊണ്ടും, ആഭരണാദികൾ നൃത്തത്തിന്റെ വേഗത്താൽ സ്ഥാനം മാറിയുമുള്ള ആ ലളിത ലാസ്യോത്സവമായ രാസോത്സവം കണ്ട് പൂമഴപെയ്യുന്ന ദേവ, ദേവസ്ത്രീഗണങ്ങൾപോലും സച്ചിന്മ മായ നിന്റെ ബ്രഹ്മരസത്തിൽ ലയിച്ചു. പ്രപഞ്ചമാകെ അതിൽ മോഹിച്ച് ഭ്രമണം ചെയ്തു.

മൂലം - 6

സ്വിന്നസന്നതനുവല്ലരീ തദനു
കാപി നാമ പശുപാംഗനാ
കാന്തമംസമവലംബതേ സ്മ തവ
താന്തിഭാരമുകുളേക്ഷണാ,

കാചിദാചലിതകുന്തളാ നവ-
പടീരസാരഘനസൗരഭം
വഞ്ചനേന തവ സഞ്ചുചുംബഭുജ-
മഞ്ചിതോരുപുളകാങ്കുരാ

ഭാഷ

ഏറെത്തളർന്ന വിയർത്ത മൃദുമേനി
ഭാരം പൊറുക്കാതൊരുത്തി തോളിൽ
ചായുന്നു, പാതിയടഞ്ഞ മിഴികളിൽ
ലാസ്യ മാലസ്യം കലർന്നുകൊണ്ടേ.
വാർമുടിക്കെട്ടൂർന്നു, രോമാഞ്ചച്ചാർത്തോടെ
ചന്ദനസൌരഭം തൂകും കയ്യിൽ
വന്നു ചുംബിക്കുന്നനുരാഗലോലയായ്
സുന്ദരി വേറൊരു ഗോപനാരി

അർത്ഥം : നൃത്തം ചെയ്ത് വിയർത്തു തളർന്ന മൃദുമേനിയുടെ ഭാരം താങ്ങാനാവാതെ ഒരു ഗോപിക, അർദ്ധനിമീലിത മിഴികളിൽ പകുതി ലാസ്യവും പകുതി ആലസ്യവും കാട്ടി, നിന്റെ തോളിൽ ചാഞ്ഞു. ചന്ദന കുറിക്കൂട്ടുകളുടെ സുഗന്ധം പരക്കുന്ന നിന്റെ കൈത്തണ്ടിൽ, രോമാഞ്ച കഞ്ചുകമണിഞ്ഞും വാർമുടിക്കെട്ടൂർന്നും അനുരാഗലോലയായി എത്തിയ മറ്റൊരു ഗോപനാരി, ചുംബിച്ചു.

മൂലം – 7

കാപി ഗണ്ഡഭുവി സന്നിധായ നിജ-
ഗണ്ഡമാകുലിതകുണ്ഡലം
പുണ്യപൂരനിധിരന്വവാപ തവ
പൂഗചർവ്വിത രസാമൃതം,
ഇന്ദിരാവിഹൃതിമന്ദിരം ഭുവന-
സുന്ദരം ഹി നടനാന്തരേ
ത്വാമവാപ്യ ദധുരംഗനാഃ കിമു ന
സമ്മദോന്മദദശാന്തരം!

ഭാഷ

പുണ്യനിധിയൊരു കന്യക കുണ്ഡല-
മമ്മാനമാടും കവിൾത്തടത്തെ
നിൻ കവിളിൽ ചേർത്തു താംബൂലം വായിലേ-
യ്ക്കാവാഹിക്കുന്നിതമൃതുപോലെ.
ഇന്ദിരാമന്ദിരം ലോകൈകസുന്ദരം
നിന്നോടു ചേർന്നോരീ സുന്ദരികൾ
രാസനൃത്തത്തിൽ മദോന്മദാദ്വൈതത്തിൽ
ചിദ്രസമാകെയനുഭവിച്ചു.

അർത്ഥം : പുണ്യനിധിയായ ഒരു കന്യക, കുണ്ഡലങ്ങൾ അമ്മാനമാടുന്ന തന്റെ കവിൾ നിന്റെ കവിളോടു ചേർത്തു വെച്ച്, നിന്റെ

വായിലെ താംബൂലം അമൃതുപോലെ തന്റെ വായിലേക്കു വലിച്ചെടുത്തു. ഇന്ദിരയുടെ വാസസ്ഥാനവും ഭൂലോകസുന്ദരവുമായ നിന്നോട് ചേർന്ന ഈ സുന്ദരിമാർ, രാസനൃത്തത്തിന്റെ മദോന്മാനമാകുന്ന അദ്വൈത തന്മയതയിൽ ബ്രഹ്മചിദ്രസം പൂർണ്ണമായി അനുഭവിച്ചു.

മൂലം – 8

ഗാനമീശ! വിരതം ക്രമേണ കില
വാദ്യമേളനമുപാരതം
ബ്രഹ്മസമ്മദരസാകുലാസ്സദസി
കേവലം നനൃതുരംഗനാഃ;
നാവിദന്നപി ച നീവികാം കിമപി
കുന്തളീമപി ച കഞ്ചുളീം
ജ്യോതിഷാമപി കദംബകം ദിവി
വിളംബിതം! – കിമപരം ബ്രുവേ.

ഭാഷ

ഗാനം നിലച്ചു, വാദ്യം നിലച്ചു, രാഗ-
താളമില്ലാതെയും ഗോപീവൃന്ദം
ബ്രഹ്മസമ്മോഹനാനന്ദരസത്താലേ
നൃത്തം തുടർന്നാരാ സദ്സദസ്സിൽ
വാർമുടി കഞ്ചുകം നീവികാബന്ധനം
വേർപെട്ടതേതു മറിഞ്ഞിടാതെ.
വാനത്തിലാകാശ ജ്യോതിസ്സുകൾപോലും
ആ നൃത്തം കണ്ടിട്ടചലരായി!

അർത്ഥം : പാട്ടും വാദ്യവും രാഗവും താളവും എല്ലാം ക്രമേണ നിലച്ചു. അതൊന്നും അശേഷം അറിയാതെ ബ്രഹ്മരസാനുഭൂതിയുടെ സമ്പൂർണ്ണ സുഖത്തോടെ ഗോപിമാർ ആ സദ്സദസ്സിൽ നൃത്തം തുടർന്നു. മുടിയും കഞ്ചുകവും ഉടുപുടവയും അഴിഞ്ഞതും അവർ അറിഞ്ഞില്ല. ആശ്ചര്യകരമായ ആ രസാനുഭൂതി കണ്ട് ആകാശത്തിലെ നക്ഷത്രസമൂഹങ്ങൾ പോലും നിശ്ചലരായി നിന്നുപോയി.

മൂലം – 9

മോദസീമ്നി ഭുവനം വിലാപ്യ
വിഹൃതിം സമാപ്യ ച തതോ വിഭോ!
കേളിസംമൃദിതനിർമ്മലാംഗനവ
ഘർമ്മലേശസുഭഗാത്മനാം,
മന്മഥാസഹനചേതസാം പശുപ-
യോഷിതാം സുകൃതചോദിത-
സ്താവദാകലിതമൂർത്തിരാദധിഥ
മാരവീരപരമോത്സവാൻ.

ഭാഷ

ലാസ്യനൃത്തം കഴിഞ്ഞേറെ വിയർപ്പോടെ
യാലസ്യമോടേറെ രമ്യമായി
മന്മഥചേതസമാരാമവരുടെ
പുണ്യസുകൃതപ്രചോദനത്താൽ
എത്ര ഗോപാംഗനമാരത്ര കൃഷ്ണന്മാ-
രാടിനാർമാരമഹോത്സവങ്ങൾ

അർത്ഥം : രാസനൃത്തം കഴിഞ്ഞു. വിയർപ്പും ആലസ്യവും മന്മഥ ബാണമേറ്റ ഹൃദയങ്ങളും കൊണ്ട് പൂർവ്വാധികം സുന്ദരികളായിത്തീർന്ന അവരുടെ പുണ്യസുകൃതം പ്രചോദിപ്പിക്കയാൽ, എത്ര ഗോപികമാരുണ്ടോ അത്രയും കൃഷ്ണ സ്വരൂപങ്ങൾ ഉണ്ടായി മാരമഹോത്സവ ലീലകളാടി.

മൂലം - 10

കേളിഭേദപരിലോളിതാഭിരതി-
ലാളിതാഭിരബലാളിഭിഃ
സ്സ്വൈരമീശ! നനു സൂരജാപയസി
ചാരു നാമ വിഹൃതിം വ്യധാഃ,
കാനനേഽപി ച വിസാരിശീതള-
കിശോരമാരുതമനോഹരേ
സൂനസൗരഭമയേ വിലേസിഥ
വിലാസിനീശതവിമോഹനം.

ഭാഷ

കേളീഭേദങ്ങളാലാകുലർ, ലാളിതർ
ആ നാരിമാരൊത്തു സ്വൈരമീശൻ
കാളിന്ദിയാറ്റിൽകുളിച്ചു; ഇളംകാറ്റു
മൂളുന്ന സൗരഭ്യകാനനത്തിൽ
ഗോപവിലാസിനിമാരൊത്തു ഗോവിന്ദൻ
മോഹിപ്പിച്ചിട്ടു വിലസിവാണു.

അർത്ഥം : പലവിധ കേളികളാൽ തളർന്നവരും, ലാളിക്കപ്പെട്ടവരുമായ ആ നാരിമാരൊത്ത് കൃഷ്ണൻ കാളിന്ദിയിൽ കുളിച്ചു, ഇളംകാറ്റ് വീശുന്ന കാട്ടിൽ ആ വിലാസിനിമാരൊത്ത് സ്വച്ഛന്ദം വിഹരിച്ചു.

മൂലം - 11

കാമിനീരിതി ഹി യാമിനീഷു ഖലു
കാമനീയകനിധേ! ഭവാൻ
പൂർണ്ണസമ്മദരസാർണ്ണവം കമപി
യോഗിഗമ്യമനുഭാവയൻ!

ബ്രഹ്മശങ്കരമുഖാനപീഹ പശു-
പാംഗനാസു ബഹുമാനയൻ!
ഭക്തലോകഗമനീയരൂപ! കമനീയ!
കൃഷ്ണ! പരിപാഹി മാം.

ഭാഷ

ഹേ, കാമനീയകത്തിൻ നിധേ, യാമിനി-
യോരോന്നിലും യോഗി ഗമ്യമാകും
പൂർണ്ണബ്രഹ്മാനന്ദം കാമിനിമാർക്കേകി
പൂർണ്ണത പാമരന്മാർക്കുമേകി
ബ്രഹ്മരുദ്രാദികളാലുമബലരെ
സമ്മാനിതകളായ് വാഴ്ത്തിപ്പാടി
ഭക്തർമാത്രം ഗമിക്കുന്ന രസാർണ്ണവ,
കൃഷ്ണാ, കമനീയാ, മുക്തി നൽകു.

അർത്ഥം : ഹേ, മനോഹാരിതയുടെ നിധിയായ കമനീയകൃഷ്ണാ, ഓരോ രാത്രിയിലും പരമഹംസയോഗികൾ മാത്രം നേടുന്ന പൂർണ്ണ ബ്രഹ്മാനന്ദാനുഭവം അവിടുന്ന് ഈ കാമിനിമാർക്കേകി. പൂർണ്ണത പാമരന്മാർക്കും എത്തിപ്പെടാവുന്നതാണെന്ന് തെളിയിച്ചു. ബ്രഹ്മരുദ്രാദികളെക്കൊണ്ടുപോലും അബലകളായ ഈ പാമരകളെ സമ്മാനിതകളാക്കി വാഴ്ത്തിപ്പാടിച്ചു. ഭക്തന്മാർ മാത്രം പ്രാപിക്കുന്ന രസസിന്ധുവായ കൃഷ്ണാ, എനിയ്ക്ക് മുക്തിയേകണേ.

O

ദശകം 70

സുദർശനോദ്ധാരണം

മൂലം – 1

ഇതി ത്വയി രസാകുലം രമിതവല്ലഭേ വല്ലവാഃ
കദാപി പുരമംബികാകമിതുരംബികാകാനനേ,
സമേത്യ ഭവതാ സമം നിശി നിഷേവ്യ ദിവ്യോത്സവം
സുഖം സുഷുപുരഗ്രസീദ്വ്രജപമുഗ്രനാഗസ്തദാ.

ഭാഷ

വല്ലവീവല്ലഭമാരെ രമിപ്പിച്ചു
വല്ലാത്ത ബ്രഹ്മരസത്തിൽ മുക്കി
വല്ലവൻ അംബികാ കാനനത്തിൽ ശിവ-
ദിവ്യോത്സവത്തിനുപോയൊരുനാൾ
രാത്രിയിൽ നന്ദനെ വന്നു വിഴുങ്ങിനാൻ
ഉഗ്രനായീടുന്ന നാഗരൂപം.

അർത്ഥം : ഇപ്രകാരം ഗോപികമാരെ ആനന്ദിപ്പിച്ച് ബ്രഹ്മരസത്തിൽ ധന്യകളാക്കിയ ഗോപകുമാരൻ ഒരിക്കൽ അംബികാവനത്തിലെ ശിവ ക്ഷേത്രത്തിൽ ഉത്സവത്തിന് ഗോപരുമൊത്ത് പോയി. അവിടെവെച്ച് രാത്രി സുഖമായുറങ്ങുന്ന നന്ദഗോപരെ ഒരു വലിയ പെരുമ്പാമ്പ് വിഴുങ്ങി.

മൂലം - 2

സമുന്മുഖമഥോല്മുകൈരഭിഹതോഽപി തസ്മിൻ ബലാ-
ദമുഞ്ചതി ഭവത്പദേ ന്യപതി 'പാഹി പാഹീ'തി തൈഃ,
തദാ ഖലു പദാ ഭവാൻ സമുപഗമ്യ പസ്പർശ തം
ബഭൗ സ ച നിജാം തനും സമുപസാദ്യ വൈദ്യാധരീം.

ഭാഷ

തീക്കൊള്ളിയാലടിച്ചീട്ടു, കുത്തീട്ടുമാ-
പ്പാമ്പുവിട്ടില്ല, "പാലിയ്ക്ക" യെന്നായ്
ആർത്തു ഗോപർ, കണ്ണൻ പാദത്താൽ തൊട്ടതും
ദിവ്യ വിദ്യാധര രൂപമായി.

അർത്ഥം : തീക്കൊള്ളികൊണ്ട് അടിച്ചിട്ടും കുത്തിയിട്ടും പാമ്പ് വിടു ന്നില്ല എന്നു കണ്ട് ഗോപന്മാർ കൃഷ്ണനെ ഉറക്കെ വിളിച്ച് രക്ഷിക്കണേ എന്നു കരഞ്ഞു. കണ്ണൻ പാദം കൊണ്ടു തൊട്ടതും പാമ്പ് ദിവ്യമായ വിദ്യാധര സ്വരൂപമായി.

മൂലം - 3

സുദർശനധര! പ്രഭോ! നനു സുദർശനാഖ്യോഽസ്മ്യഹം
മുനീൻ ക്വചിദുപാഹസം ത ഇഹ മാം വ്യധുർവാഹസം,
ഭവത്പദസമർപ്പണാദമലതാം ഗതോഽസ്മീത്യസൗ
സ്തുവൻ നിജപദം യയൗ വ്രജപദം ച ഗോപാ മുദാ.

ഭാഷ

ചക്രസുദർശനധാരേ, സുദർശന-
നാണു ഞാൻ, പണ്ടു പരിഹസിച്ചു
അംഗിരസരാം മുനിമാരെയെന്നെ യീ
പാമ്പിന്റെ കോലമാക്കീ മുനിമാർ
നിൻപാദം തൊട്ടതാൽ നിർമ്മലനായി ഞാ-
നെന്നോതി സ്വന്തപദത്തെപ്പുകി

അർത്ഥം : "സുദർശനചക്രധാരീ, എന്റെ പേര് സുദർശനനെന്നാണ്. മുമ്പ് അംഗിരസ്സുകളെ പരിഹസിക്കയാൽ അവർ എന്നെ ശപിച്ച് പാമ്പാക്കി. ഇപ്പോൾ നിന്റെ പാദസ്പർശത്താൽ പാപം തീർന്ന് ശുദ്ധനായി" എന്നു പറഞ്ഞ് സ്വസ്ഥാനമായ വിദ്യാധര ലോകത്തേക്ക് പോയി.

മൂലം - 4

കദാപി ഖലു സീരിണാ വിഹരതി ത്വയി സ്ത്രീജനൈർ-
ജ്ജഹാര ധനദാനുഗഃ സ കില ശംഖചൂഡോഽബലാഃ,
അതിദ്രുതമനുദ്രുതസ്തമഥ മുക്തനാരീജനം
രുരോജിഥ ശിരോമണിം ഹലഭൃതേ ച തസ്യാദദാഃ.

ഭാഷ

രാമനും നീയും വധുക്കളും കാളിന്ദീ-
തീരേ വിഹരിക്കെ ശംഖചൂഡൻ
സ്ത്രീകളെക്കട്ടോടി; യാ ധന ദാനുഗൻ
നിന്നെക്കണ്ടിട്ടു ഭയന്നൊളിക്കെ
പിൻതുടർന്നെത്തി വധിച്ചു, ചൂഢാമണി
അൻപോടെ രാമനു സമ്മാനിച്ചു.

അർത്ഥം : ഒരിക്കൽ രാമകൃഷ്ണന്മാരും ഗോപിമാരും കാളിന്ദീ തീരത്തു വിഹരിക്കുമ്പോൾ ശംഖചൂഡൻ എന്ന വൈശ്രവണ ഭൃത്യൻ ഗോപികമാരെ കട്ടുകൊണ്ടുപോയി. നീ പിൻതുടരുന്നതുകണ്ട് പേടിച്ചോടിയ അവനെ വധിച്ച് അവന്റെ ചൂഢാമണി സ്നേഹപൂർവ്വം ബല രാമന് സമ്മാനമായി കൊണ്ടുവന്നു കൊടുത്തു.

മൂലം - 5

ദിനേഷു ച സുഹൃജ്ജനൈസ്സഹ വനേഷു ലീലാപരം
മനോഭവമനോഹരം രസിതവേണുനാദാമൃതം,
ഭവന്തമമരീദൃശാമമൃതപാരണാദായിനം
വിചിന്ത്യ കിമു നാലപൻ വിരഹതാപിതാ ഗോപികാഃ.

ഭാഷ

കൂട്ടരോടൊത്തു പകൽ വനത്തിൽ ലീല,
രാപ്പകൽ വേണുനാദ പ്രവാഹം
ദേവ മനോഹരിമാരുടെ കണ്ണിന്നു
പാനാമൃതം തവ ചിത്സ്വരൂപം
ചിന്തിച്ചു ചിന്തിച്ചു പ്രേമവിരഹിണി-
ഗോപീക രാഗാനുരാഗം പാടി.

അർത്ഥം : പകൽ മുഴുവൻ കൂട്ടുകാരോടൊത്ത് വനത്തിൽ വിഹാരം രാത്രിയും പകലും മധുരമായ മുരളീനാദ പ്രവാഹം, ദേവസുന്ദരിമാരുടെ കണ്ണിന് അമൃതപാനസദൃശമായ നിന്റെ ചിദ്രൂപം ചിന്തിച്ച് ധ്യാനിച്ച് പ്രേമവിരഹിണികളായ ഗോപികൾ അനുരാഗപൂർവ്വം രാഗങ്ങൾ പാടി.

മൂലം – 6

ഭോജരാജഭൃതകസ്ത്വഥ കശ്ചിത്
കഷ്ടദുഷ്ടപഥദൃഷ്ടിരരിഷ്ടഃ,
നിഷ്ഠുരാകൃതിരപഷ്ഠുനിനാദ-
സ്തിഷ്ഠതേ സ്മ ഭവതേ വൃഷരൂപീ.

ഭാഷ

കംസന്നനുചരൻ ദുഷ്ടാത്മാ നിഷ്ഠുരൻ
കാളതൻ രൂപമെടുത്തരിഷ്ടൻ
മുക്രയിട്ടെത്തി നിന്റെ കണ്ണിൽപ്പെടാൻ മുന്നി-
ലക്രമിച്ചെത്തുന്നു ദാനവേന്ദ്രൻ

അർത്ഥം : കംസഭൃത്യനും ദുഷ്ടനും കഠോരചിത്തനും ആയ അരിഷ്ടനെന്ന അസുരൻ കാളയുടെ വേഷം കെട്ടി ഉച്ചത്തിൽ മുക്രയിട്ട് ഭഗവാന്റെ കണ്ണിൽപെടാനായി മുമ്പിൽ വന്നുനിന്നു.

മൂലം – 7

ശാക്വരോഽഥ ജഗതീധൃതിഹാരീ
മൂർത്തിമേഷ ബൃഹതീം പ്രദധാനഃ,
പങ്ക്തിമാശു പരിഘൂർണ്ണ്യ പശൂനാം
ഛന്ദസാം നിധിമവാപ ഭവന്തം.

ഭാഷ

ലോകത്തെക്കമ്പനം കൊള്ളിക്കും കാളതൻ
ഭീകരമൂർത്തിയെടുത്തസുരൻ
പൈക്കളെപ്പേടിപ്പിച്ചോടിച്ചു വേദത്തിൻ
മൂർത്തിയാം നിന്നെക്കൊല്ലാനടുത്തു.

അർത്ഥം : പ്രപഞ്ചത്തെ വിറപ്പിക്കുന്ന ഋഷഭത്തിന്റെ രൂപമെടുത്ത് അവൻ പശുക്കളെ പേടിപ്പിച്ച് ഓടിച്ചു. എന്നിട്ട് വേദമൂർത്തിയായ അവിടുത്തെ കൊല്ലാൻ അടുത്തു.

മൂലം – 8

തുംഗശൃംഗമുഖമാശ്വഭിയന്തം
സംഗൃഹയ്യ രഭസാദഭിയം തം,
ഭദ്രരൂപമപി ദൈത്യമഭദ്രം
മർദ്ദയന്നമദയസ്സുരലോകം.

ഭാഷ

കൊമ്പുയർത്തിത്തല കുമ്പിട്ടെതിരിട്ടു
നിർഭയം ഭദ്രരൂപത്തിലെത്തും
ദൈത്യനഭദ്രനെ മർദ്ദിച്ചു നീ സുരർ
ക്കത്യന്തമാമോദമേകി കണ്ണാ

അർത്ഥം : കൊമ്പുയർത്തിക്കുലുക്കി, തല കുമ്പിട്ട്, പേടി കൂടാതെ എതിർത്തുവരുന്ന "ഭദ്രരൂപ" (കാളരൂപം) മെങ്കിലും അഭദ്രമായ ആ അസുരനെ നീ മർദ്ദിച്ചു കൊന്നു. സുരലോകത്തിന് വളരെ സന്തോഷം കൊടുത്തു.

മൂലം – 9

ചിത്രമദ്യ ഭഗവൻ! വൃഷഘാതാത്
സുസ്ഥിരാജനി വൃഷസ്ഥിതിരുർവ്യാം
വർദ്ധതേ ച വൃഷചേതസി ഭൂയാ-
ന്മോദ ഇത്യഭിനുതോഽസി സുരൈസ്ത്വം.

ഭാഷ

കൊന്നു വൃഷത്തെയതിനാൽ വൃഷസ്ഥിതി
നന്നായ് സ്ഥിരമായിഭൂമി തന്നിൽ
സ്വർഗ്ഗത്തിലാ വൃഷാവിന്നുള്ളിലാനന്ദം
വർദ്ധിച്ചിതത്ഭുതം ദേവർ വാഴ്ത്തി.

അർത്ഥം : വൃഷത്തെ (കാള) കൊന്നതുകൊണ്ട് ഭൂമിയിൽ വൃഷസ്ഥിതി (ധർമ്മസ്ഥിതി) നന്നായി സ്ഥിരമായിത്തീർന്നു – സ്വർഗ്ഗത്തിൽ വൃഷാവിന് (ഇന്ദ്രന്) ആനന്ദവും വർദ്ധിച്ചു. അത്ഭുതം! എന്ന് ദേവകൾ വാഴ്ത്തി.

മൂലം – 10

'ഔക്ഷകാണി! പരിധാവത ദൂരം
വീക്ഷ്യതാമയമിഹോക്ഷവിഭേദീ',
ഇത്ഥമാത്തഹസിതൈസ്സഹ ഗോപൈ-
ർഗ്ഗേഹഗസ്ത്വമവ വാതപുരേശ!.

ഭാഷ

"ഓടിക്കോളൂ കാളേ, ദൂരെ, യിക്കാർവർണ്ണൻ
കാളകളെക്കൊല്ലു" മെന്നു ചൊല്ലി-
ആർത്തു ചിരിക്കുന്ന ഗോപരുമൊത്തു നീ
സ്വാത്മഗേഹത്തിൽ മടങ്ങിയെത്തി
ശ്രീ ഗുരുവായൂരിൽ വാഴും നീ യെൻ രോഗ-
മാകെശ്ശമിപ്പിയ്ക്ക, ശാന്തി നൽക!

അർത്ഥം : "ഓടിക്കോ കാളോ – ദൂരെ പൊയ്ക്കോ – ഈ കണ്ണൻ കാളകളെ കൊല്ലും" എന്ന് ആർത്തു ചിരിച്ചു പറയുന്ന കൂട്ടുകാരോടൊത്ത് അവിടുന്ന് സ്വഗൃഹത്തിലേക്ക് മടങ്ങി. ഗുരുവായൂരപ്പാ, എന്റെ രോഗം ശമിപ്പിച്ച് ശാന്തി നൽകിയാലും.

O

ദശകം 71

കേശി-വ്യോമാസുരന്മാരുടെ വധം

മൂലം - 1

യത്നേഷു സർവ്വേഷ്വപി നാവകേശീ
കേശീ സ ഭോജേശിതുരിഷ്ടബന്ധുഃ
ത്വാം, സിന്ധുജാവാപ്യ ഇതീവ മത്വാ
സംപ്രാപ്തവാൻ സിന്ധുജവാജിരൂപഃ.

ഭാഷ

സർവ്വയത്നത്തിലും സിദ്ധി വരുത്തുന്നോൻ
സിന്ധുജാശ്വത്തിന്റെ രൂപമാർന്നോൻ
സിന്ധുജന്മാർക്കു പ്രാപിയ്ക്കാനെളുതെന്നോ-
ർത്തന്നുവന്നു കംസന്നിഷ്ടൻ കേശി.

അർത്ഥം : ഏതു ജോലി എടുത്താലും അതിൽ വിജയസിദ്ധി വരിക്കുന്നവനും കംസന്റെ ഇഷ്ടബന്ധുവുമായ കേശി, സിന്ധുവിൽ (കടലിൽ) ജനിച്ചവർക്ക് നിന്നെ എളുപ്പം പ്രാപിക്കാമെന്ന് വിചാരിച്ച് സിന്ധുജ [illegible] (സിന്ധുദേശത്തെ) കുതിരയുടെ രൂപത്തിൽ പാഞ്ഞുവന്നു.

മൂലം - 2

ഗന്ധർവ്വതാമേഷ ഗതോ/പി രൂക്ഷൈർ-
നാദൈസ്സമുദ്വേജിതസർവ്വലോകഃ,
ഭവദ്വിലോകാവധി ഗോപവാടീം
പ്രമർദ്യ പാപഃ പുനരാപതത്ത്വാം.

ഭാഷ

ഗന്ധർവ്വനെങ്കിലും രൂക്ഷനാദങ്ങളാൽ
സർവ്വലോകത്തെ വിറപ്പിക്കുന്നോൻ
നിന്നെക്കാണുംവരെയമ്പാടിയാകെയും
നന്നായ്ത്തകർന്നിട്ടു പാഞ്ഞണഞ്ഞു

അർത്ഥം : കേശി ഗന്ധർവ്വനാണ്. പക്ഷെ രൂപനാദങ്ങളാൽ ലോകത്തെ വിറപ്പിക്കുകയാണ് ചെയ്യുന്നത്. കൃഷ്ണനെ കണ്ടെത്തുംവരെ അമ്പാടി തകർത്തുകൊണ്ടാണവന്റെ പാഞ്ഞുവരവ്.

മൂലം - 3

താർക്ഷ്യാർപ്പിതാംഘ്രേസ്തവ താർക്ഷ്യ ഏഷ
ചിക്ഷേപ വക്ഷോഭുവി നാമ പാദം,
ഭൃഗോഃ പദാഘാതകഥാം നിശമ്യ
സ്വേനാപി ശക്യം തദിതീവ മോഹാത്.

ഭാഷ

താർക്ഷ്യാർപ്പിതപാദനാം നിൻ തിരുമാറിൽ
താർക്ഷ്യൻ തൻ പാദത്തെ വിക്ഷേപിച്ചു
മുന്നം ഭൃഗു നന്നായാഞ്ഞു ചവിട്ടിയ-
തിന്നു തനിയ്ക്കും കഴിയുമെന്നാം!

അർത്ഥം : താർക്ഷ്യന്റെ (ഗരുഡന്റെ) മേൽ പാദം പതിച്ചവന്റെ തിരു മാറത്ത് താർക്ഷ്യൻ (കുതിര) തന്റെ കാലെറിഞ്ഞു. പണ്ട് ഭൃഗു ആഞ്ഞു ചവിട്ടിയ സ്ഥലമല്ലേ. ഇന്ന് തനിക്കും അതു കഴിയുമെന്ന് വിചാരിച്ചി രിക്കാം.

മൂലം – 4

പ്രവഞ്ചയന്നസ്യ ഖുരാഞ്ചലം ദ്രാ-
ഗമും ച ചിക്ഷേപിഥ ദൂരദൂരം,
സമ്മൂർച്ഛിതോഽപി ഹ്യതിമൂർച്ഛിതേന
ക്രോധോഷ്മണാ ഖാദിതുമാദ്രുതസ്ത്വാം.

ഭാഷ

പെട്ടെന്നു മാറിയതാലെക്കുതിരത-
ന്നൊറ്റക്കുളമ്പടിയേറ്റതില്ല
ദൂരേയ്ക്കു വീശിയെറിഞ്ഞ കുതിരപാ-
ഞ്ഞാരാലണയുന്നു കോപമോടെ.

അർത്ഥം : പെട്ടെന്ന് ഒഴിഞ്ഞു മാറിയതിനാൽ കുതിരയുടെ ഒറ്റക്കുളമ്പു കൊണ്ടുള്ള അടി കൃഷ്ണന് ഏറ്റില്ല. കൃഷ്ണൻ കുതിരയെ ദൂരേയ്ക്ക് വീശിയെറിഞ്ഞു. അവൻ വീണ്ടും എണീറ്റ് കോപത്തോടെ ഓടിവന്നു.

മൂലം – 5

ത്വം വാഹദണ്ഡേകൃതധീശ്ച വാഹാ-
ദണ്ഡം ന്യധാസ്തസ്യ മുഖേ തദാനീം,
തദ്വൃദ്ധിരുദ്ധശ്വസനോ ഗതാസുഃ
സപ്തീഭവന്നപ്യയമൈക്യമാഗാത്.

ഭാഷ

വായിൽക്കടത്തി വളരുന്ന തൻകരം
ജീവൻ തടഞ്ഞു, പിടഞ്ഞു ചത്തു
അശ്വരൂപൻ "സപ്തീഭാവ" നെന്നാകിലും
'ഐക്യം' ഭവിച്ചു നിന്നാലവന്നും

അർത്ഥം : തന്റെ കൈ അവന്റെ വായിൽ കടത്തിയശേഷം അതിനെ വലുതാക്കി കുതിരയുടെ പ്രാണൻ തടഞ്ഞു. അത് പിടഞ്ഞു ചത്തു. കേശി കുതിര (സപ്തീഭവൻ – കുതിര എന്നും 7 ഭാവമെന്നും) ആയി വന്നാലും നിന്നിൽ ഏകത്വം (ഐക്യം) പ്രാപിച്ച് 'ഒന്നായി) മുക്തി നേടി.

മൂലം - 6

ആലംഭമാത്രേണ പശോസ്സുരാണാം
പ്രസാദകേ നൂത്ന ഇവാശ്വമേധേ,
കൃതേ ത്വയാ ഹർഷവശാത് സുരേന്ദ്രാ-
സ്ത്വാം തുഷ്ടുവുഃ കേശവനാമധേയം.

ഭാഷ

പുത്തൻ പശ്വാലംഭനം അശ്വമേധത്തെ
ഹർഷിച്ചു കണ്ടു സുരേന്ദ്രരെല്ലാം
"കേശവ, കേശീവധത്താൽ നീ കേശവ-"
നാശകൾ തോറുമവർ സ്തുതിച്ചു.

അർത്ഥം : പുതിയ രീതിയിൽ പശ്വാലംഭനം ചെയ്ത ഈ അശ്വമേധ യാഗത്താൽ നീ ദേവന്മാരെ പ്രസാദിപ്പിച്ചു. സന്തുഷ്ടരായ അവർ "കേശവാ, കേശിയെ വധിച്ചതാൽ നീ കേശവനായി" എന്ന് ദിക്കു തോറും സ്തുതിപാടി.

മൂലം - 7

കംസായ തേ ശൗരിസുതത്വമുക്ത്വാ
തം തദ്വധോത്കം പ്രതിരുധ്യ വാചാ,
പ്രാപ്തേന കേശിക്ഷപണാവസാനേ
ശ്രീനാരദേന ത്വമഭിഷ്ടുതോഽഭൂഃ.

ഭാഷ

കംസൻ നീ ശൗരീസുതനെന്നറിഞ്ഞിട്ടു
ഹിംസിക്കാനോങ്ങീ വസുദേവനെ
വാക്കാലടക്കീട്ടു നാരദൻ, കേശിതൻ
മുക്തിയ്ക്കുശേഷം നിൻ പക്കലെത്തി.

അർത്ഥം : നാരദൻ കംസനോട് നീ വസുദേവരുടെ എട്ടാമത്തെ പുത്രനാണെന്നു പറഞ്ഞു. വസുദേവരെ കൊല്ലാൻ തുടങ്ങിയ കംസനെ പറഞ്ഞു സമാധാനിപ്പിച്ചു തടഞ്ഞിട്ട്, നിന്നെ കാണാൻ, കേശിവധം കഴിഞ്ഞ ഉടനെ നാരദൻ അമ്പാടിയിലെത്തി സ്തുതിച്ചു.

മൂലം - 8

കദാപി ഗോപൈസ്സഹ കാനനാന്തേ
നിലായനക്രീഡനലോലുപം ത്വാം,
മയാത്മജഃ പ്രാപ ദുരന്തമായോ
വ്യോമാഭിധോ വ്യോമചരോപരോധീ.

ഭാഷ

വ്യോമൻ മയാത്മജൻ വന്നു നീ ഗോപരൊ-
ത്താരണ്യകേളിയിൽ മോദിക്കുമ്പോൾ
കള്ളനും പോലീസുമായീട്ടൊളിക്കുന്ന
നിൻകളി കണ്ടാനൊളിച്ചസുരൻ

അർത്ഥം : മയപുത്രനായ വ്യോമൻ എന്ന അസുരൻ കൃഷ്ണനും കൂട്ടുകാരും കാട്ടിൽ കളിച്ചു രസിക്കുന്നത് ഒളിച്ചുനിന്നു കണ്ടു. അവർ കള്ളനും പോലീസുമായി ഒളിച്ചുകളിക്കയായിരുന്നു.

മൂലം - 9

സ ചോരപാലായിതവല്ലവേഷു
ചോരായിതോ ഗോപശിശൂൻ പശൂംശ്ച,
ഗുഹാസു കൃത്വാ പിദധേ ശിലാഭി-
സ്ത്വയാ ച ബുദ്ധ്വാ പരിമർദ്ദിതോഽഭൂത്.

ഭാഷ

ഗോപവേഷത്തിലാക്കള്ളരിൽ ചേർന്നവൻ
ഗോപാലരേയും പശുക്കളേയും
മൂടി ഗുഹയിൽ ശിലകളാൽ, നിൻ കയ്യാൽ
മൂഢന്റെ ജീവൻ വ്യോമത്തിലെത്തി

അർത്ഥം : അവർ ഗോപവേഷം ധരിച്ച് കള്ളന്മാരായി നടിക്കുന്ന ഗോപന്മാരുടെ കൂടെ ചേർന്നു. എല്ലാ ഗോപരേയും ഗോക്കളേയും കട്ട് ഗുഹയിൽ ഒളിപ്പിച്ച് ഗുഹാമുഖം കല്ലുകളാൽ അടച്ചു. മൂഢനായ അവന്റെ ജീവൻ നിന്റെ കയ്യുകൊണ്ട് നിമിഷ മാത്രയിൽ വ്യോമത്തിലേക്ക് പോയി.

മൂലം - 10

ഏവം വിധൈശ്ചാദ്ഭുതകേളിഭേദൈ-
രാനന്ദമൂർച്ഛാമതുലാം വ്രജസ്യ,
പദേ പദേ നൂതനയന്നസീമാം
പരാത്മരൂപിൻ! പവനേശ! പായാഃ.

ഭാഷ

അത്ഭുത കേളീഭേദങ്ങളാലാനന്ദം
നിത്യമതുലമേകീ വ്രജത്തിൽ
പുത്തൻ നവരസമോരോമുഹൂർത്തവും
ആത്മസ്വരൂപ, കാക്കേണമെന്നെ.

അർത്ഥം : ഇങ്ങനെ അത്ഭുതകരമായ ലീലാ ഭേദങ്ങളാൽ നിത്യവും അനുപമമായ ആനന്ദം വ്രജത്തിന് അവിടുന്ന് നൽകി. പുത്തൻ നവരസങ്ങൾ ഓരോ മുഹൂർത്തവും തരുന്ന പരമാത്മസ്വരൂപാ, എന്നെ രക്ഷിക്കണേ.

O

ദശകം 72

അക്രൂരാഗമനം

മൂലം – 1

കംസോ*f*ഥ നാരദഗിരാ വ്രജവാസിനം ത്വാ-
മാകർണ്യ ദീർണഹൃദയഃ സ ഹി ഗാന്ദിനേയം,
ആഹൂയ കാർമ്മുകമഖച്ഛലതോ ഭവന്ത-
മാനേതുമേനമഹിനോദഹിനാഥശായിൻ!.

ഭാഷ

നീ വ്രജവാസിയെന്നാ നാരദ വാക്കാൽ
തീവ്രഭയത്തോടെ കേട്ട കംസൻ
കാർമ്മുകയാഗത്തിനായി വരുത്തുവാൻ
അക്രൂരനോടു പറഞ്ഞയച്ചു.

അർത്ഥം : നീ അമ്പാടിയിലുണ്ടെന്നറിഞ്ഞ കംസൻ (നാരദന്റെ വാക്കിൽ നിന്ന്) ഭയപ്പെട്ട് വിവശനായി. കാർമ്മുക യാഗത്തിന് കൃഷ്ണനെ മഥുരയിലേക്ക് കൊണ്ടുവരാൻ അക്രൂരനെ പറഞ്ഞയച്ചു.

മൂലം – 2

അക്രൂര ഏഷ ഭവദംഘ്രിപരശ്ചിരായ
ത്വദ്ദർശനാക്ഷമമനാഃ ക്ഷിതിപാലഭീത്യാ,
തസ്യാജ്ഞയൈവ പുനരീക്ഷിതുമുദ്യതസ്ത്വാ-
മാനന്ദഭാരമതിഭൂരിതരം ബഭാര.

ഭാഷ

നിൻ പാദഭക്തൻ ആ ക്രൂരനെപ്പേടിച്ചും
നിന്നെ ഭയക്കുമാക്രൂരാജ്ഞയാൽ
നിന്നെക്കാണാൻ വരുമക്രൂരൻ, മാനസം
തുന്ദിലം ദർശനൗത്സുക്യത്താലേ

അർത്ഥം : ആ ക്രൂരനെ ഭയപ്പെടുന്നവനും നിന്റെ പാദഭക്തനുമായ അക്രൂരൻ, ആ ക്രൂരന്റെ ആജ്ഞയാൽ നിന്നെക്കാണാൻ പുറപ്പെട്ടു. മനസ്സ് കണ്ണനെകാണാൻ പോകുന്നു എന്ന ദർശനൗത്സുക്യത്താൽ ആനന്ദ തുന്ദിലമായിരുന്നു.

മൂലം – 3

സോ*f*യം രഥേന സുകൃതീ ഭവതോ നിവാസം
ഗച്ഛൻ മനോരഥഗണാംസ്ത്വയി ധാര്യമാണാൻ,
ആസ്വാദയൻ, മുഹുരപായഭയേന ദൈവം
സമ്പ്രാർത്ഥയൻ പഥി ന കിഞ്ചിദപി വ്യജാനാത്.

ഭാഷ

അക്രൂരനേറി രഥത്തിലൊരായിരം
ദിവ്യമനോരഥമുള്ളിലോടി
ആസ്വദിച്ചും വിഘ്നംനീങ്ങുവാനീശനെ-
പ്രാർത്ഥിച്ചും ദൂരമറിഞ്ഞതില്ല.

അർത്ഥം : രഥത്തിൽ കയറിയ അക്രൂരന്റെ ഉള്ളിൽ ഒരായിരം ദിവ്യ മനോരഥങ്ങൾ ഓടിക്കൊണ്ടിരുന്നു. അവ ആസ്വദിച്ചും വിഘ്നവും ആപത്തും വരുത്തല്ലേ എന്നു പ്രാർത്ഥിച്ചും ആ പരമ ഭക്തൻ ദൂരം അറിഞ്ഞില്ല.

മൂലം - 4

ദ്രക്ഷ്യാമി വേദശതഗീതഗതിം പുമാംസം
സ്പ്രക്ഷ്യാമി കിംസ്വിദപി നാമ പരിഷ്വജേയ,
കിം വക്ഷ്യതേ സ ഖലു മാം ക്വനു വീക്ഷിതഃ സ്യാ-
ദിത്ഥം നിനായ സ ഭവന്മയമേവ മാർഗ്ഗം.

ഭാഷ

നൂറു വേദങ്ങൾ കീർത്തിക്കും "പുരുഷ" നെ-
ക്കാണും തൊടും വാരിപ്പുൽകുമീ ഞാൻ
എന്തവിടുന്നു പറയുമെന്നോടെങ്ങു
സുന്ദരരൂപം ഞാൻ കാണുമെന്നായ്
നിന്നിൽ ലയിച്ചു ഭവന്മയൻ, ചിന്മയാ
മാർഗ്ഗവും ലക്ഷ്യവും 'ഒന്ന'വനിൽ.

അർത്ഥം : നൂറു വേദങ്ങളിൽ കീർത്തിക്കപ്പെട്ട "ഏകപുരുഷ" ന [illegible] ഞാനിന്ന് കാണും, തൊടും, വാരിപ്പുണരും. എന്തായിരിക്കും എന്നോട് പറയുക? എവിടെവെച്ചാവും ഞാനാ സുന്ദരരൂപം കാണുക? ഇങ്ങനെ ചിന്തിച്ച് ചിന്മയനായ നിന്നിൽതന്നെ ലയിച്ച് 'ഭവന്മയ'നായ അവനിൽ മാർഗ്ഗവും ലക്ഷ്യവും 'നീ തന്നെ'യാകയാൽ സർവ്വം ഒന്നായി (അദ്വൈതം) തീർന്നു.

മൂലം - 5

ഭൂയഃ ക്രമാദഭിവിശൻ ഭവദംഘ്രിപൂതം
വൃന്ദാവനം ഹരവിരിഞ്ചസുരാഭിവന്ദ്യം,
ആനന്ദമഗ്ന ഇവ ലഗ്ന ഇവ പ്രമോഹേ
കിം കിം ദശാന്തരമവാപ ന പങ്കജാക്ഷ!

ഭാഷ

നിൻ പദം ബ്രഹ്മഹരവന്ദിതം പതി-
ഞ്ഞേറെ വിശുദ്ധവൃന്ദാവനിയിൽ
ആദ്യമായെത്തവെ ആനന്ദ മഗ്നനെ-
ന്തെന്തുദശാന്തരം നേടിയില്ല?

അർത്ഥം : അവിടുത്തെ പാദം പതിക്കയാൽ ബ്രഹ്മ, രുദ്രാദികളാൽ പോലും വന്ദിക്കപ്പെട്ട അതിവിശുദ്ധമായ വൃന്ദാവനത്തിൽ ആദ്യമായെത്തിയപ്പോൾ ആ ആനന്ദമഗ്നൻ എന്തെന്തവസ്ഥകളെ പ്രാപിച്ചില്ല!

മൂലം – 6

പശ്യന്നവന്ദത ഭവദ്വിഹൃതിസ്ഥലാനി
പാംസുഷ്വവേഷ്ടത ഭവച്ചരണാങ്കിതേഷു,
കിം ബ്രൂമഹേ ബഹുജനാ ഹി തദാപി ജാതാ
ഏവം തു ഭക്തിതരളാ വിരളാഃ പരാത്മൻ!

ഭാഷ

നീ കളിയാടിയ മണ്ണാക്കെ വന്ദിച്ചു
പാദപാംസുക്കളിൽ വീണുരുണ്ടു
അന്നുമുണ്ടേറെജ്ജനങ്ങൾ, പരാത്മനേ
നിൻഭക്തിലോലർ വിരളരന്നും.

അർത്ഥം : നീ കളിച്ചു നടന്ന മണ്ണിനെ വന്ദിച്ചു. നിന്റെ പാദരേണുക്കളിൽ വീണുരുണ്ട് അത് മേലാകെ പൂശി. പരമാത്മൻ, അക്കാലത്തും ഏറെ മനുഷ്യരുണ്ടായിരുന്നു. എന്നാൽ ഇതുപോലുള്ള ഭക്തർ അന്നും (ഇന്നും എന്നും) വളരെ കുറവേ ഉണ്ടായിട്ടുള്ളൂ.

മൂലം – 7

സായം സ ഗോപഭവനാനി ഭവച്ചരിത്ര-
ഗീതാമൃതപ്രസൃതകർണ്ണരസായനാനി,
പശ്യൻ പ്രമോദസരിതേവ കിലോഹ്യമാനോ
ഗച്ഛൻ ഭവദ്ഭവനസന്നിധിമന്വയാസീത്.

ഭാഷ

നിൻകഥാഗീതാമൃതമൊഴുകും ഗോപ-
ഗേഹങ്ങൾ കണ്ടു സന്ധ്യാസമയം
ആനന്ദവെള്ളത്തിലാറാടിയെത്തുന്നു
ആ നന്ദഗേഹത്തിലാ വിശുദ്ധൻ.

അർത്ഥം : നിന്റെ കഥാഗീതാമൃതം ഒഴുകുന്ന ഗോപഗൃഹങ്ങളെ കണ്ടുകൊണ്ട്, സന്ധ്യക്ക് ആനന്ദജലത്തിലാറാടി ഒഴുകി, അക്രൂരൻ നന്ദഗൃഹത്തിലെത്തി.

മൂലം – 8

താവദ്ദദർശ പശുദോഹവിലോകലോലം
ഭക്തോത്തമാഗതിമിവ പ്രതിപാലയന്തം,
ഭൂമൻ! ഭവന്തമയമഗ്രജവന്തമന്തർ-
ബ്രഹ്മാനുഭൂതിരസസിന്ധുമിവോദ്വമന്തം.

ഭാഷ

എങ്ങും നിറഞ്ഞവൻ നില്പൂ പശുവിനെ
യമ്മ കറക്കുമ്പോളാർത്തിയോടെ
പൈമ്പാലു കിട്ടാനോ ഭക്തൻ വരുന്നതു
തൃക്കണ്ണു പാർക്കാനോ എന്നപോലെ
ഉള്ളിൽ കവിഞ്ഞ ബ്രഹ്മാനുഭൂതിരസ-
സിന്ധുപുറത്തു തുളുമ്പുംവണ്ണം
രാമനോടൊത്തു വിളങ്ങുമാ കൈശോര-
രൂപനെ ദർശിച്ചു ഭാഗ്യശാലി.

അർത്ഥം : സർവ്വവ്യാപിയായ ഈശ്വരനുണ്ട്, അമ്മ പശുവിനെ കറക്കുന്നത് നോക്കി നിൽക്കുന്നു; പൈമ്പാലു കിട്ടാനുള്ള ആർത്തിയാണോ അതോ ഭക്തൻ വരുന്നതു തൃക്കണ്ണു പാർക്കാനുള്ള ആർത്തിയാണോ ഉള്ളിൽ കവിഞ്ഞ ബ്രഹ്മാനുഭൂതിയുടെ രസ സിന്ധു പുറത്തു തുളുമ്പുന്ന വണ്ണം രാമനോടൊത്ത് വിളങ്ങുന്ന ആ ദിവ്യ കൈശോര രൂപത്തെ ഭാഗ്യശാലിയായ അക്രൂരൻ ദർശിച്ചു.

മൂലം – 9

സായന്തനാപ്ലവവിശേഷവിവിക്തഗാത്രൗ
ദ്വൗ പീതനീലരുചിരാംബരലോഭനീയൗ,
നാതിപ്രപഞ്ചധൃതഭൂഷണചാരുവേഷൗ
മന്ദസ്മിതാർദ്രവദനൗ സ യുവാം ദദർശ.

ഭാഷ

സന്ധ്യക്കു മേലുകഴുകിക്കറതീർന്ന
സുന്ദരമേനിയിൽ പട്ടുചുറ്റി
പീതനിറങ്ങളണിഞ്ഞതി സുന്ദരർ
സോദരർ ചാരുവേഷർ വിളങ്ങി
മന്ദസ്മിതാർദ്ര വദനങ്ങളോടവർ
ചന്തത്തിൽ നിൽക്കുന്ന കാഴ്ചകണ്ടു.

അർത്ഥം : സന്ധ്യക്ക് മേല്ക്കഴുകി ശുദ്ധമായ സുന്ദരശരീരങ്ങളിൽ മഞ്ഞയും നീലയും പട്ടുടുത്ത് സോദരന്മാരിരുവരും പുഞ്ചിരി തൂകുന്ന മുഖങ്ങളുമായി നിൽക്കുന്ന സൗന്ദര്യം അക്രൂരൻ കണ്ണു നിറയെ കണ്ടു.

മൂലം – 10

ദൂരാദ്രഥാത് സമവരുഹ്യ നമന്തമേന-
മുത്ഥാപ്യ ഭക്തകുലമൗലിമഥോപഗൂഹൻ,
ഹർഷാന്മിതാക്ഷരഗിരാ കുശലാനുയോഗീ
പാണിം പ്രഗൃഹ്യ സബലോഽഥ ഗൃഹം നിനേഥ.

ഭാഷ

ദൂരേന്നുതന്നെയിറങ്ങി രഥത്തിൽ നി-
ന്നാ മണ്ണു തൊട്ടു നമസ്ക്കരിക്കെ
മെല്ലെപ്പിടിച്ചെണീപ്പിച്ചു മാർ ചേർത്തിട്ടു
രണ്ടു കുശലവാക്കോതി കണ്ണൻ
സോദരനൊന്നിച്ചു കൈപിടിച്ചാനയി-
ച്ചാദരാൽ നന്ദഗൃഹത്തിലെത്തി.

അർത്ഥം : ദൂരേന്നു തന്നെ രഥത്തിൽ നിന്നിറങ്ങി മണ്ണുതൊട്ട് നമസ്ക്കരിക്കുന്ന അക്രൂരനെ മെല്ലെ പിടിച്ചെഴുന്നേല്പിച്ച് മാറോട് ചേർത്ത് ഹിതമായി കുശലവാക്കു പറഞ്ഞു. എന്നിട്ട് സോദരനോടൊപ്പം അദ്ദേഹത്തെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

മൂലം – 11

നന്ദേന സാകമമിതാദരമർച്ചയിത്വാ
തം യാദവം തദുദിതാം നിശമയ്യ വാർത്താം,
ഗോപേഷു ഭൂപതിനിദേശകഥാം നിവേദ്യ
നാനാകഥാഭിരിഹ തേന നിശാമനൈഷീഃ

ഭാഷ

നന്ദനും പൂജിച്ചമിതാദരത്തോടെ
യാദവൻ ചൊന്നതാം വാർത്ത കേട്ടു
രാജാജ്ഞയോതീ വ്രജത്തിലന്നേരാത്രി
പൂജിച്ചശന ശയനമേകീ.

അർത്ഥം : നന്ദഗോപരും പൂജിച്ച്, ആദരപൂർവ്വം യാദവശ്രേഷ്ഠനായ അക്രൂരൻ പറഞ്ഞതെല്ലാം കേട്ടു. രാജാവിന്റെ ആജ്ഞ പറഞ്ഞു. അന്നു രാത്രി അവിടെ ഭക്ഷണവും പൂജയും ഉറക്കവുമെല്ലാം കഴിഞ്ഞു.

മൂലം – 12

ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ നു
രാധാഗൃഹേ നു ഭവനേ കിമു മൈത്രവിന്ദേ,
ധൂർത്തോ വിളംബത ഇതി പ്രമദാഭിരുച്ചൈ-
രാശങ്കിതോ നിശി മരുത്പുരനാഥ! പായാഃ.

ഭാഷ

'ചന്ദ്രാഗൃഹത്തിലോ രാധാഗൃഹത്തിലോ
ചന്ദ്രഭാഗാവീട്ടിലെന്നുമാകാം
മിത്രാവിന്ദാഗൃഹം പൂകിയോ കള്ളനീ
രാത്രിയവൻ വന്നതില്ലയല്ലോ'
ആശങ്കിതരാമാ ഗോപികാവൃന്ദങ്ങൾ
കേശവാ നിന്നെയും കാത്തിരിക്കെ
നിത്യവിരഹത്തിൻ സാദവർക്കേകും നീ
നിത്യവും കാക്കണം ദാസിയെന്നെ

അർത്ഥം : രാത്രി കൃഷ്ണനെ കാണാഞ്ഞ് ഗോപനാരികൾ പലതും ശങ്കിച്ചു പറഞ്ഞു. "എവിടെ ആ കള്ളൻ – ചന്ദ്രയുടെയോ ചന്ദ്രഭാഗയുടെയോ രാധയുടേയോ വീട്ടിലാണോ? അതോ മിത്രാവിന്ദയുടെ വീട്ടിൽ പോയോ" അവർക്ക് നിത്യ വിരഹത്തിന്റെ സ്വാദ് കൊടുക്കാനിരിക്കുന്ന അവിടുന്ന് ഈ ദാസിയെ നിത്യവും ആരോഗ്യം തന്ന് കാക്കണം.

O

ദശകം 73

മഥുരാപുരിയാത്ര

മൂലം – 1

നിശമയ്യ തവാഥ യാനവാർത്താം
ഭൃശമാർത്താഃ പശുപാലബാലികാസ്താഃ,
കിമിദം കിമിദം കഥം ന്വിതീമാഃ
സമവേതാഃ പരിദേവിതാന്യകുർവൻ.

ഭാഷ

നിൻയാനവാർത്ത കേട്ടിട്ടു വധൂജനം
കണ്ണുനീർ തൂകിക്കൊണ്ടാർത്തരായി
എന്തിതെന്തിങ്ങനെവന്നതെന്തെന്നവ-
രൊന്നിച്ചുകൂടിപ്പറകയായി

അർത്ഥം : നീ പോകയാണെന്ന വാർത്ത കേട്ട് ഗോപികൾ കണ്ണീർ തൂകി ആർത്തരായി ഒന്നിച്ചുകൂടി. "എന്താണിത്, എങ്ങനെ ഇത് സംഭവിച്ചു" എന്ന് ആവലാതി പറഞ്ഞു.

മൂലം – 2

കരുണാനിധിരേഷ നന്ദസൂനുഃ
കഥമസ്മാൻ വിസൃജേദനന്യനാഥാഃ,
ബത! നഃ കിമു ദൈവമേവമാസീ-
ദിതി താസ്ത്വദ്ഗതമാനസാ വിലേപുഃ.

ഭാഷ

നന്ദനന്ദൻ കരുണാമയൻ, നമ്മളെ
അന്യശരണമില്ലാത്തവരെ
കൈവിടുമോ, ദൈവത്തിന്റെ ഹിതമിതോ
നിന്നിലർപ്പിച്ചു സർവ്വം, കരഞ്ഞു.

അർത്ഥം : 'നന്ദപുത്രൻ കരുണാമയനാണ്. അവൻ അന്യശരണമില്ലാത്ത നമ്മളെ കൈവിടുമോ – ഇതാണോ ദൈവഹിതം' എന്ന് സർവ്വവും നിന്നിലർപ്പിച്ച് അവർ കരഞ്ഞു.

മൂലം – 3

ചരമപ്രഹരേ പ്രതിഷ്ഠമാനഃ
സഹ പിത്രാ നിജമിത്രമണ്ഡലൈശ്ച,
പരിതാപഭരം നിതംബിനീനാം
ശമയിഷ്യൻ വ്യമുചഃ സഖായമേകം.

ഭാഷ

അച്ഛനും കൂട്ടരുമൊത്തന്ത്യയാമത്തിൽ
കൃഷ്ണൻ ഗമിക്കാനൊരുങ്ങുകയായ്
ഗോപിമാർ തന്റെ കദനം ഹരിക്കാൻ ശ്രീ-
ദാമാവെ ദൂതിനായിട്ടയച്ചു

അർത്ഥം : കൃഷ്ണൻ അച്ഛനോടും കൂട്ടുകാരോടുമൊപ്പം രാത്രിയുടെ അന്ത്യ യാമത്തിൽ പോകാനൊരുങ്ങി. അതിനുമുമ്പ് ഗോപിമാരുടെ സങ്കടം മാറ്റാൻ ശ്രീദാമാവിനെ ദൂതയച്ചു.

മൂലം – 4

'അചിരാദുപയാമി സന്നിധിം വോ
ഭവിതാ സാധു മയൈവ സംഗമശ്രീഃ,
അമൃതാംബുനിധൗ നിമജ്ജയിഷ്യേ
ദ്രുത'മിത്യാശ്വസിതാ വധൂരകാർഷീഃ

ഭാഷ

'വന്നെത്തും ഞാൻ വേഗം സംഗമശ്രീതരും
അന്നമൃതാംബുധി തന്നിൽ മുക്കും'
എന്നോതിയാശ്വസിപ്പിച്ചവൻ ഗോപികാ-
സുന്ദരിമാർക്കേകിയാത്മഹർഷം

അർത്ഥം : 'ഞാൻ വേഗം തിരിച്ചുതരും. നിങ്ങൾക്ക് സംഗമശ്രീ തരും. അന്ന് നിങ്ങളെ അമൃതക്കടലിൽ മുക്കും' എന്ന് പറഞ്ഞ് ആശ്വസിപ്പിച്ച് ഗോപികമാർക്ക് ആത്മഹർഷം നൽകി.

മൂലം – 5

സവിഷാദഭരം സയാച്ഞമുച്ചൈ-
രതിദൂരം വനിതാഭിരീക്ഷ്യമാണഃ,
മൃദു തദ്ദിശി പാതയന്നപാംഗാൻ
സബലോഽക്രൂരരഥേന നിർഗതോഽഭൂഃ

ഭാഷ

മൂറ്റും വിഷാദം കനത്ത മിഴികളി-
ലശ്രുവാർത്തിട്ടവർ നോക്കി നിന്നു
രാമനൊത്താരഥമേറിക്കടാക്ഷത്താൽ
മാധവൻ യാത്രാമൊഴിയയച്ചു.

അർത്ഥം : വിഷാദം മുറ്റിയ മിഴികളിൽ കണ്ണീർ വാർത്ത് അവിടുന്ന് മറയും വരെ ഗോപിമാർ നോക്കിനിന്നു. രാമനോടുകൂടി രഥത്തിലേറിയ കൃഷ്ണൻ കടാക്ഷം കൊണ്ട് അവരോട് യാത്രാമൊഴി പറഞ്ഞു.

മൂലം – 6

അനസാ ബഹുലേന വല്ലവാനാം
മനസാ ചാനുഗതോഽഥ വല്ലഭാനാം,
വനമാർത്തമൃഗം വിഷണ്ണവൃക്ഷം
സമതീതോ യമുനാതടീമയാസീഃ

ഭാഷ

ഗോപന്മാരേറിയ തേരുകൾ, പ്രേയസീ
ഗോപികമാരുടെ മാനസങ്ങൾ
നിന്നെയനുഗമിക്കെ, മാൻ, മരങ്ങളും
കാടും പിന്നിട്ടു യമുനയെത്തി-

അർത്ഥം : ഗോപന്മാർ കയറിയ രഥങ്ങളും പ്രിയതമകളായ ഗോപികമാരുടെ മാനസങ്ങളും അനുഗമിയ്ക്കെ, മാനും മരവും കാടും പിന്നിട്ട് കൃഷ്ണന്റെ രഥം യമുനാ തീരത്തെത്തി.

മൂലം – 7

നിയമായ നിമജ്യ വാരിണി ത്വാ-
മഭിവീക്ഷ്യാഥ രഥേഽപി ഗാന്ദിനേയഃ,
വിവശോഽജനി കിം ന്വിദം വിഭോസ്തേ
നനു ചിത്രം ത്വവലോകനം സമന്താത്.

ഭാഷ

കാന്ദിനേയൻ സന്ധ്യാവന്ദനത്തിനായി
മന്ദമിറങ്ങുന്നു കാളിന്ദിയിൽ
ഉണ്ടു ജലത്തിൽ രഥത്തിലും നീ, സർവ്വ-
വ്യാപിൻ, അതിലെന്തുണ്ടാശ്ചര്യം മേ!

അർത്ഥം : അക്രൂരൻ സന്ധ്യാവന്ദനത്തിനു കാളിന്ദിയിലെത്തിയപ്പോൾ കാളിന്ദിയിലും രഥത്തിലും കൃഷ്ണനെ കണ്ട് ആശ്ചര്യപ്പെട്ടു. സർവ്വ വ്യാപിൻ! അതിലെന്താണാശ്ചര്യം!

മൂലം - 8

പുനരേഷ നിമജ്യ പുണ്യശാലീ
പുരുഷം ത്വാം പരമം ഭുജംഗഭോഗേ,
അരികംബുഗദാംബുജൈഃ സ്ഫുരന്തം
സുരസിദ്ധൗഘപരീതമാലുലോകേ.

ഭാഷ

വീണ്ടുമിറങ്ങിമുങ്ങുമ്പോളനന്തമ്മേൽ
കണ്ടു ചക്രം ഗദാ പത്മശംഖം
നീലചതുർഭുജം സിദ്ധസുരവൃന്ദ-
പൂജിതനാകും പുരുഷരൂപം.

അർത്ഥം : പിന്നെയും ഇറങ്ങി മുങ്ങിയപ്പോൾ അനന്ത ശയ്യമേൽ ചതുർഭുജമായി ചക്രം ഗദ, പത്മം, ശംഖം ഇവയോടെ സിദ്ധദേവ സംഘങ്ങളാൽ പൂജിതമായ 'പുരുഷ'നെ കണ്ടു.

മൂലം - 8

സ തദാ പരമാത്മസൗഖ്യസിന്ധൗ
വിനിമഗ്നഃ പ്രണുവൻ പ്രകാരഭേദൈഃ,
അവിലോക്യ പുനശ്ച ഹർഷസിന്ധോ-
രനുവൃത്ത്യാ പുളകാവൃതോ യയൗ ത്വാം.

ഭാഷ

അപ്പുണ്യശാലിപ്പരമാത്മാനന്ദത്തിൻ
സിന്ധുവിൽ മുങ്ങിസ്തുതിച്ചു നിന്നെ
ദർശനം പോയിട്ടുമാഹർഷസിന്ധുവിൻ
രോമാഞ്ചത്തോടെത്തി നിന്നരികിൽ

അർത്ഥം : പുണ്യശാലിയായ അക്രൂരൻ പരമാത്മാനന്ദ സിന്ധുവിൽ മുങ്ങി ഭഗവാനെ സ്തുതിച്ചു. ദർശനം മറഞ്ഞിട്ടും ഹർഷ സിന്ധുവിന്റെ സുഖം വിടാതെ നിന്നു. കോരിത്തരിപ്പോടെ അദ്ദേഹം കൃഷ്ണന്റെ അടുത്തെത്തി.

മൂലം - 10

'കിമു ശീതളിമാ മഹാൻ ജലേ യത്
പുളകോഽസാ'വിതി ചോദിതേന തേന,
അതിഹർഷനിരുത്തരേണ സാർദ്ധം
രഥവാസീ പവനേശ! പാഹി മാം ത്വം.

ഭാഷ

‘എന്തേ തണുപ്പേറെയുണ്ടോ വെള്ളത്തിനെ-
ന്നമ്മാമൻ കോരിത്തരിച്ചുവല്ലോ’
ആനന്ദത്താലെ വാക്കെല്ലാം നിരുദ്ധമാ-
യാരഥം തന്നിലിരുന്നക്രൂരൻ
അക്രൂരനൊത്തു രഥത്തിലിരിക്കുന്ന
ചക്രപാണേ എന്നെ പാലിയ്ക്കണം.

അർത്ഥം : ‘അമ്മാമൻ കോരിത്തരിച്ചിരിക്കുന്നുവല്ലോ. എന്തേ, തണുപ്പ് ഏറെയുണ്ടോ വെള്ളത്തിന്?’ എന്ന് കൃഷ്ണൻ ചോദിച്ചു. ഉത്തരം പറ യാനാവാതെ ആനന്ദത്താൽ വാക്ക് നിരുദ്ധമായി അക്രൂരൻ തേരിലി രിക്കുന്നു. അക്രൂരനോടൊത്ത് തേരിലിരിക്കുന്ന ചക്രപാണിയായ ഗുരു വായൂരപ്പാ, എന്നെ രക്ഷിക്കണം.

O

ദശകം 74

മഥുരാപുരിപ്രവേശം

മൂലം - 1

സംമ്പ്രാപ്തോ മഥുരാം ദിനാർദ്ധവിഗമേ
തത്രാന്തരസ്മിൻ വസ-
ന്നാരാമേ വിഹിതാശനഃ സഖിജനൈർ-
യാതഃ പുരീമീക്ഷിതും,
പ്രാപോ രാജപഥം, ചിരശ്രുതിധൃത-
വ്യാലോകകൗതൂഹല-
സ്ത്രീപുംസോദ്യദഗണ്യപുണ്യനിഗളൈ-
രാകൃഷ്യമാണോ നു കിം.

ഭാഷ

പോയി പകൽപാതി, യെത്തി മഥുരതൻ
സീമയിലുദ്യാനമൊന്നിൽ കൃഷ്ണൻ
ആഹാരവും കഴിച്ചാപുരി കാണുവാൻ
താനും സഖികളുമായൊരുങ്ങി
ഏറെ നാളായ് കേട്ടു കാണാൻ കൊതിച്ചേറെ
മാനുഷർ തിങ്ങുമാ രാജധാനി
ആ ജന പുണ്യത്തിൻ ചങ്ങലയാലെ നീ
യാകൃഷ്ടനായ് രാജവീഥിയെത്തി.

അർത്ഥം : പകൽ പകുതി കഴിഞ്ഞു. കൃഷ്ണൻ മഥുരയുടെ അതിർത്തിയിലെ ഒരു ഉദ്യാനത്തിലെത്തി. ആഹാരം കഴിച്ച് വിശ്രമിച്ചശേഷം തോഴന്മാരുമൊത്ത് മഥുരാനഗരം കാണാൻ പുറപ്പെട്ടു. ഏറെ നാളായി പറഞ്ഞു കേട്ടതും ജനസാന്ദ്രവുമായ ആ രാജധാനി കാണാൻ, അവിടുത്തെ ജനങ്ങളുടെ പുണ്യശൃംഖലയുടെ ആകർഷണം മൂലം കൊതിയോടെ, കൃഷ്ണൻ രാജവീഥിയിലെത്തി.

മൂലം – 2

ത്വത്പാദദ്യുതിവത്സരാഗസുഭഗാ-
സ്ത്വന്മൂർത്തിവദ് യോഷിതഃ
സമ്പ്രാപ്താ വിലസത്പയോധരരുചോ
ലോലാ ഭവദ്ദൃഷ്ടിവത്,
ഹാരിണ്യസ്ത്വദുരസ്ഥലീവദയി തേ
മന്ദസ്മിതപ്രൗഢിവ-
ന്നൈർമ്മല്യോല്ലസിതാഃ കചൗഘരുചിവദ്-
രാജത്കലാപാശ്രിതാഃ.

ഭാഷ

നിൻപാദംപോലെച്ചുവന്നസുഭഗകൾ
നിൻമൂർത്തിപോലെക്കാർമേഘശ്യാമർ
നിൻ കടക്കണ്ണുപോൽ ലോലകൾ, മാറുപോൽ
ഹാരിണികൾ, സ്മിതം പോൽ വിശുദ്ധർ
നിന്റെ തിരുമുടിപ്പീലിപോൽ പീലികൾ
ചൂടി നഗരസ്ത്രീവൃന്ദമെത്തി

അർത്ഥം : നിന്റെ കാലടിപോലെ ചുവന്നുതുടുത്ത സുന്ദരികൾ, നിന്നെപ്പോലെ മേഘശ്യാമകൾ, നിന്റെ കടക്കണ്ണുപോലെ ലോലകൾ, മാറുപോലെ ഹാരിണികൾ, പുഞ്ചിരിപോലെ നിർമ്മലർ, നിന്റെ തിരുമുടിപ്പീലിപോലെ പീലി ചൂടിയവർ – ഇങ്ങനെയുള്ള നഗരസ്ത്രീകൾ നിന്നെ കാണാൻ വന്നു.

മൂലം – 3

താസാമാകലയന്നപാംഗവലനൈർ-
മ്മോദം പ്രഹർഷാത്ഭുത-
വ്യാലോലേഷു ജനേഷു തത്ര രജകം
കഞ്ചിത് പടീം പ്രാർത്ഥയൻ,
'കസ്തേ ദാസ്യതി രാജകീയവസനം
യാഹീ'തി തേനോദിതഃ
സദ്യസ്തസ്യ കരേണ ശീർഷമഹൃഥാഃ
സോഽപ്യാപ പുണ്യാം ഗതിം.

ഭാഷ

രാജമാർഗ്ഗത്തിൽച്ചരിക്കും നിൻ വിശ്രുത-
ലോല കടാക്ഷം ഹരിച്ചവരെ.
ആരെയുമാനന്ദ ലോലരാക്കും ഭവാൻ
യാചിച്ചു വസ്ത്രം രജകനോടായ്
"ആരുതരും രാജവസ്ത്രം നിന" ക്കെന്ന
ഗീരുകേട്ടപ്പോൾ രജകശീർഷം
തൃക്കരത്താൽ നുള്ളിയപ്പൊഴേയേകിനീ
മുക്തിയപ്പാപിയ്ക്കു സദ്ഗതിയും.

അർത്ഥം : മഥുരയിലെ രാജവീഥിയിലൂടെ സഞ്ചരിക്കുന്ന നിന്റെ കടാക്ഷ ങ്ങൾ അവിടെ തടിച്ചുകൂടിയ എല്ലാവരേയും വല്ലാതെ ആകർഷിച്ചു. വഴിയിൽ കണ്ട അലക്കുകാരനോട് കൃഷ്ണൻ കുറച്ചു വസ്ത്രം ചോദിച്ചു. "ഇത് രാജാവിനുള്ള വസ്ത്രമാണ്. നിനക്കുള്ളതല്ല" എന്നു നിന്ദിച്ചു പറഞ്ഞ അവന്റെ തല നുള്ളിയെടുത്ത് അപ്പോൾത്തന്നെ അവന് മുക്തിയും സദ്ഗതിയും കൊടുത്തു.

മൂലം – 4

ഭൂയോ വായകമേകമായതമതിം
തോഷേണ വേഷോചിതം
ദാശ്വാംസം സ്വപദം നിനേഥ സുകൃതം
കോ വേദ ജീവാത്മനാം
മാലാഭിഃ സ്തബകൈഃ സ്തവൈരപി പുനർ-
മ്മാലാകൃതാ മാനിതോ
ഭക്തിം തേന വൃതാം ദിദേശിഥ പരാം
ലക്ഷ്മീം ച ലക്ഷ്മീപതേ!.

ഭാഷ

ഭക്തൻ വിശാലചിത്തൻ നൽകി വസ്ത്രങ്ങൾ
നെയ്ത്തുകാരൻ നിനക്കിഷ്ടമോടെ
നല്കി ജീവന്മുക്തിയാംവരം ലോകേശൻ
പുണ്യം സുകൃതം വിവിധഭേദം
മാലയും ചെണ്ടും സ്തുതിയുമായ് മാനിച്ച
മാലാകാരന്നുമേകീ മുകുന്ദൻ
യാചിച്ചതാം പരാഭക്തി, ലക്ഷ്മീകൃപ
യാചിക്കാതെത്തന്നെയും കൊടുത്തു.

അർത്ഥം : ഭക്തനും വിശാലചിത്തനുമായ നെയ്ത്തുകാരൻ സ്നേഹ പൂർവ്വം നൽകിയ വിശേഷവസ്ത്രങ്ങൾ സ്വീകരിച്ച് അവൻ ചോദിച്ച ജീവന്മുക്തി വരദാനമായി കൊടുത്തു. മനുഷ്യാത്മക്കളുടെ പുണ്യ സുകൃതങ്ങൾ വിവിധ ഭേദങ്ങളോടു കൂടിയവയാണല്ലോ. മാലയും പൂച്ചെണ്ടും സ്തുതിഗീതവുമായി വന്ന് ബഹുമാനിച്ച പൂമാലക്കാരന്

ചോദിച്ച 'പരാഭക്തി' എന്ന വരം കൂടാതെ, ചോദിക്കാത്ത ലക്ഷ്മീ കൃപയും (സമ്പത്ത്) കൃഷ്ണൻ നൽകി.

മൂലം – 5

കുബ്ജാമബ്ജവിലോചനാം പഥി പുനർ-
ദൃഷ്ട്വാംഗരാഗേ തയാ
ദത്തേ സാധു കിലാംഗരാഗമദദാ-
സ്തസ്യാ മഹാന്തം ഹൃദി,
ചിത്തസ്ഥാമൃജുതാമഥ പ്രഥയിതും
ഗാത്രേഽപി തസ്യാഃ സ്ഫുടം
ഗൃഹ്ണൻ മഞ്ജു കരേണ താമുദനയ-
സ്താവജ്ജഗത്സുന്ദരീം.

ഭാഷ

സാരസലോചനക്കൂനി നൽകി കുറി-
ക്കൂട്ടംഗരാഗമവൾക്കു ഹൃത്തിൽ
ഏറ്റം മഹത്തനുരാഗം പകർന്നവൾ
ദേഹവും ചിത്തംപോൽ ശുദ്ധമാക്കി
സർവ്വ വളവും തീർന്നാ ഋജുഗാത്രിയെ
സർവ്വാംഗസുന്ദരിയാക്കി കൃഷ്ണൻ

അർത്ഥം : താമരക്കണ്ണിയായ ഒരു കൂനി കൃഷ്ണന് കുറിക്കൂട്ടും അംഗരാഗവും അണിയിച്ചു. പകരം അവൾക്ക് ഏറ്റവും മഹത്തായ തന്റെ അനുരാഗമാണ് കൃഷ്ണൻ പകർന്നു കൊടുത്തത്. നിർമ്മലമായ അവളുടെ ഋജുചിത്തംപോലെ, അവളുടെ ശരീരത്തേയും വളവുകൾ തീർത്തു കൊടുത്ത് ഋജുഗാത്രിയാക്കി, സർവ്വാംഗസുന്ദരിയാക്കി മാറ്റി.

മൂലം – 6

താവന്നിശ്ചിതവൈഭവാസ്തവ വിഭോ!
നാത്യന്തപാപാ ജനാ
യത് കിഞ്ചിദ്ദദതേ സ്മ ശക്ത്യനുഗുണം
താംബൂലമാല്യാദികം,
ഗൃഹ്ണാനഃ കുസുമാദി കിഞ്ചന തദാ
മാർഗ്ഗേ നിബദ്ധാഞ്ജലിർ-
നാതിഷ്ഠം ബത ഹാ! യതോഽദ്യ വിപുലാ
മാർത്തിം വ്രജാമി പ്രഭോ!

ഭാഷ

പാപരഹിതർ നിൻ വൈഭവത്തിൽ ഭക്തി-
വിശ്വാസമോടെ, സ്വശക്തിപോലെ
പൂവുകൾ മാല താംബൂലാദി ദ്രവ്യങ്ങൾ
കാണിക്കവെച്ചു നമസ്ക്കരിച്ചു.
അന്നൊരു പൂവും കരത്തിലെടുത്തു ഞാൻ
നിന്നിരിക്കില്ലാപ്പെരുവഴിയിൽ
ഇന്നതിനാലാവാം വേദന തിന്നുന്നു
നന്ദാത്മജാ നിന്റെ ഭക്തദാസി

അർത്ഥം : മഥുരയിലെ പാപരഹിതരായ ആളുകൾ നിന്റെ മഹിമ യിൽ പൂർണ്ണഭക്തിവിശ്വാസങ്ങളോടെ, അവനവന്റെ കഴിവിനൊത്ത വിധം പൂവും മാലയും വെറ്റിലയും ഒക്കെ കാഴ്ചവെച്ച് നമസ്ക്കരിച്ചു. ഗുരുവായൂരപ്പാ, അന്ന് ആ പെരുവഴിയിൽ ഒരു പൂവും കയ്യിലെടുത്ത് നിന്നെ കാണാൻ നിൽക്കാനുള്ള ഭാഗ്യം ഞാൻ ചെയ്തിരിക്കില്ല. അതാവാം ഇന്നീ വേദന തിന്നാൻ കാരണം. (ഭക്തി ഈ ജന്മത്തിൽ ഉണ്ടായിരുന്നിട്ടും)

മൂലം – 7

ഏഷ്യാമീതി വിമുക്തയാപി ഭഗവ-
ന്നാലേപദാത്ര്യാ തയാ
ദൂരാത് കാതരയാ നിരീക്ഷിതഗതി-
സ്ത്വം പ്രാവിശോ ഗോപുരം,
ആഘോഷാനുമിതത്വദാഗമമഹാ-
ഹർഷോല്ലലദ്ദേവകീ-
വക്ഷോജപ്രഗലത്പയോരസമിഷാത്
ത്വത്കീർത്തിരന്തർഗ്ഗതാ.

ഭാഷ

'ഞാൻവരാ' മെന്നു വാക്കേകിയാലും വിര-
ഹാർത്തയാ സൈരന്ധ്രി നോക്കിനില്ക്കെ
ഗോപുരദ്വാരം കടന്നുനീ; ആഗമം
കോലാഹലം കേട്ടറിഞ്ഞിതമ്മ
ദേവകീ മാതാവിന്നുള്ളിൽ ചുരന്നതാ-
മാനന്ദപ്പാൽനുരയെന്നപോലെ
നിന്നഭിരാമമാം കീർത്തി ധാവള്യവും
ആദ്യം കടന്നു രാജാങ്കണത്തിൽ.

അർത്ഥം : "ഞാൻ വരാ" മെന്ന് ഭഗവാൻ വാക്കു പറഞ്ഞാലും, വരുമോ എന്ന ശങ്കയാൽ വിരഹാർത്തയായ ആ സൈരന്ധ്രി നിന്നെത്തന്നെ നോക്കി നിൽക്കെ നീ ഗോപുരദ്വാരം കടന്നു. നിന്റെ വരവ് കോലാ

ഹല ശബ്ദം കേട്ട് അമ്മ ദേവകി അറിഞ്ഞു. അമ്മയുടെ ഉള്ളിൽ ആന ന്ദവും വാത്സല്യവും ചുരത്തിയ പാലിന്റെ നുരപോലെ വെളുത്ത നിന്റെ കീർത്തിലാവണ്യം നിന്നെക്കാൾ മുമ്പ് രാജാങ്കണത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു.

മൂലം – 8

ആവിഷ്ടോ നഗരീം മഹോത്സവവതീം
കോദണ്ഡശാലാം വ്രജൻ
മാധുര്യേണ നു തേജസാ നു പുരുഷൈർ-
ദൂരേണ ദത്താന്തരഃ,
സ്രഗ്ഭിർഭൂഷിതമർച്ചിതം വരധനുർ-
മ്മാമേതി വാദാത് പുരഃ
പ്രാഗൃഹ്ണാഃ സമരോപയഃ കില സമാ-
ക്രാക്ഷീരഭാങ്ക്ഷീരപി.

ഭാഷ

ഉത്സവത്തിന്നായൊരുങ്ങിയൊരാപ്പുരി-
യ്ക്കുള്ളിലെ വിൽപ്പുര തന്നിലെത്തി
മാധുര്യ തേജസ്സു കണ്ടിട്ടു കാവൽക്കാർ
മാറിനിന്നിട്ടു വഴി കൊടുത്തു.
മാലകൾ തൂക്കിയലങ്കരിച്ചാദരാൽ
പൂജിച്ചവെച്ച വിശിഷ്ട ചാപം
ആരു 'മരുതെ' ന്നോതും മുമ്പു ചെന്നെടു-
ത്തക്ഷണം തന്നെക്കുലച്ചൊടിച്ചു.
കൺതുറക്കും മുമ്പു മാധവൻ ചെയ്തൊരാ-
ക്കർമ്മം കണ്ടെല്ലാരും വാ പൊളിച്ചു.

അർത്ഥം : ഉത്സവത്തിനൊരുങ്ങിയ മഥുരയിലെ വിൽപ്പുരയിൽ കൃഷ്ണൻ എത്തിയപ്പോൾ അവിടത്തെ മാധുര്യം ചേർന്ന തേജസ്സു കണ്ട് കാവൽക്കാർ മാറി നിന്ന് വഴി കൊടുത്തു. മാലകൾ തൂക്കി അലങ്കരിച്ച് ബഹുമാനപൂർവ്വം പൂജിച്ചുവെച്ച വിശിഷ്ടമായ വില്ലിനെ, ആർക്കും 'അരുത്' എന്ന് വിലക്കാൻ പോലും സമയം കിട്ടും മുമ്പ് ക്ഷണത്തിൽ എടുക്കലും കുലക്കലും ഒടിക്കലും കഴിഞ്ഞു. ആ കർമ്മം കണ്ട് ആശ്ചര്യ ത്താൽ അവിടെ കൂടിയവർ വാ പൊളിച്ചു നിന്നു.

മൂലം – 9

ശ്വഃ കംസക്ഷപണോത്സവസ്യ പുരതഃ
പ്രാരംഭതൂര്യോപമ-
ശ്ചാപധ്വംസമഹാധ്വനിസ്തവ വിഭോ!
ദേവാനരോമാഞ്ചയത്,

കംസസ്യാപി ച വേപഥുസ്തദുദിതഃ
കോദണ്ഢഖണ്ഡദ്വയീ-
ചണ്ഡാഭ്യാഹതരക്ഷിപൂരുഷരവൈ-
രുത്കൂലിതോഽഭൂത് ത്വയാ.

ഭാഷ

നാളത്തെ കംസവധോത്സവത്തിൻ നാന്ദി-
ക്കേളിപ്പെരുമ്പറക്കൊട്ടുപോലെ
വില്ലൊച്ച കേട്ടിട്ടു ദേവർക്കു രോമാഞ്ചം
കമ്പനം കംസനും നൽകിയൊപ്പം
രണ്ട് തുണ്ടം വില്ലെടുത്തു സഹോദരർ
കണ്ട കാവൽഭടന്മാരെത്തല്ലി
ആർത്തനാദങ്ങൾ കേട്ടിട്ടു കംസന്നുണ്ടാ-
യാർത്തി, വിറയലുമേറെയായി

അർത്ഥം : നാളെ നടക്കാനിരിക്കുന്ന കംസവധോത്സവത്തിന് നാന്ദി കുറിക്കുന്ന കേളികൊട്ടിന്റെ പെരുമ്പറപോലെ വില്ലു മുറിഞ്ഞ ഒച്ചകേട്ട് ദേവന്മാർക്കു രോമാഞ്ചവും കംസന് കമ്പനവും ഒപ്പം ഉണ്ടായി. രാമ കൃഷ്ണന്മാർ ഓരോ തുണ്ടം വില്ലെടുത്ത് കാവൽ ഭടന്മാരെ അടിച്ചു വീഴ്ത്തുമ്പോൾ അവരുയർത്തിയ ആർത്തനാദംകേട്ട കംസന്റെ വിറയലും ഭയവും വർദ്ധിച്ചു.

മൂലം - 10

ശിഷ്ടൈർദുഷ്ടജനൈശ്ച ദൃഷ്ടമഹിമാ
പ്രീത്യാ ച ഭീത്യാ തതഃ
സമ്പശ്യൻ പുരസമ്പദം പ്രവിചരൻ
സായം ഗതോ വാടികാം,
ശ്രീദാമ്നാ സഹ രാധികാവിരഹജം
ഖേദം വദൻ പ്രസ്വപ-
ന്നാനന്ദന്നവതാരകാര്യഘടനാദ്-
വാതേശ! സംരക്ഷ മാം.

ഭാഷ

സജ്ജനം പ്രീതിയാൽ, ഭീതിയാൽ ദുഷ്ടരും
നിന്മഹിമാവിനെക്കണ്ടറിഞ്ഞു.
ഐശ്വരപൂർണ്ണം മഥുര കണ്ടു കൃഷ്ണൻ
സന്ധ്യക്കു വാടിക തന്നിലെത്തി.
രാത്രി ശ്രീദാമാവോടോതി വിരഹത്തിൽ
രാധാസ്മൃതികൾ, ശയിക്കയായി-
ആയീ അവതാരത്തിൻ ഫലപ്രാപ്തിയെ-
ന്നാനന്ദമോടെക്കിടന്നുറങ്ങി
വാതാലയേശാ ശമിപ്പിക്ക ക്ലേശങ്ങൾ
രോഗവിമുക്തയാക്കീടുകെന്നെ.

അർത്ഥം : സജ്ജനം പ്രീതിയോടും ദുർജ്ജനം ഭീതിയോടും അവിടുത്തെ മാഹാത്മ്യം ദർശിച്ചറിഞ്ഞു. ഐശ്വര്യപൂർണ്ണമായ മഥുരാപുരി ചുറ്റിക്കണ്ട്, സന്ധ്യക്ക് കൃഷ്ണൻ നഗരപ്രാന്തത്തിലെ ഉദ്യാനത്തിലേക്കു തന്നെ മടങ്ങി. രാത്രി ശ്രീദാമാവിനോട് രാധയുടെ വിരഹസ്മൃതികൾ പറഞ്ഞുകൊണ്ട് ശയിച്ചു. അവതാരത്തിന്റെ ഫലപ്രാപ്തി അടുത്തു എന്ന ആനന്ദത്തോടെ ഉറങ്ങുകയും ചെയ്തു. ഗുരുവായൂരപ്പാ, എന്റെ ശൂലം നീക്കി രോഗവിമുക്തി തരണേ.

O

ദശകം 75

കംസവധം

മൂലം - 1

പ്രാതസ്സന്ത്രസ്തഭോജക്ഷിതിപതിവചസാ
പ്രസ്തുതേ മല്ലതൂര്യേ
സംഘേ രാജ്ഞാം ച മഞ്ചാനഭിയയുഷി ഗതേ
നന്ദഗോപേഽപി ഹർമ്മ്യം
കംസേ സൗധാധിരൂഢേ ത്വമപി സഹബലഃ
സാനുഗശ്ചാരുവേഷോ
രംഗദ്വാരം ഗതോഽഭൂഃ കുപിതകുവലയാ-
പീഡനാഗാവലീഢം.

ഭാഷ

രാവിലെപ്പേടിച്ച രാജാവിന്നാജ്ഞയാൽ
മല്ലയുദ്ധത്തിന്റെ ഭേരി കേട്ടു
രാജാക്കന്മാർ കാണാനെത്തി, നിന്നച്ഛനും
മാളികയിൽ വന്നിരുന്നു കാണാൻ
കംസനരമനയുച്ചിയിലും; രാമ-
കൃഷ്ണന്മാർ കൂട്ടരും ചാരുവേഷർ
കോപിച്ച കൊമ്പൻ കുവലയാ പീഡത്തിൻ
കാവൽപ്പടി വാതിലെത്തി വേഗം.

അർത്ഥം : രാവിലെ പേടിച്ചരണ്ട കംസന്റെ ആജ്ഞയാൽ മല്ലയുദ്ധത്തിനുള്ള പെരുമ്പറ മുഴങ്ങി. രാജാക്കന്മാരൊക്കെ കാണാൻ തയ്യാറായി വന്നിരുന്നു. നന്ദഗോപരും മാളികയിൽ മല്ലയുദ്ധം കാണാനെത്തി. കംസൻ അരമനയുടെ മുകൾത്തട്ടിലിരുന്നു. ചാരുവേഷമണിഞ്ഞ രാമകൃഷ്ണന്മാർ, കോപിച്ച കുവലയാ പീഡമെന്ന കൊമ്പനാന കാവൽ നിൽക്കുന്ന പടിവാതില്ക്കൽ എത്തി.

മൂലം – 2

'പാപിഷ്ഠാപേഹി മാർഗ്ഗാദ് ദ്രുത'മിതി വചസാ
നിഷ്ഠുരക്രുദ്ധബുദ്ധേ-
രംബഷ്ഠസ്യ പ്രണോദാദധികജവജുഷാ
ഹസ്തിനാ ഗൃഹ്യമാണഃ
കേളീമുക്തോfഥ ഗോപീകുചകലശചിര-
സ്പർദ്ധിനം കുംഭമസ്യ
വ്യാഹത്യാലീയഥാസ്ത്വം ചരണഭുവി പുനർ-
ന്നിർഗ്ഗതോ വല്ഗുഹാസീ.

ഭാഷ

'പാപിഷ്ഠാ, മാറൂ വഴിയിൽ നി'ന്നെന്നുകേ-
ട്ടാകെ കോപത്താൽ ജ്വലിച്ചു പാപ്പാൻ
കോപിപ്പിച്ചാനയെത്തുമ്പിക്കൈകൊണ്ടാന
ഗോപാലനെത്തന്റെ ബന്ദിയാക്കി
കേളിയായ് വിട്ടുപോന്നു, ഗോപീമാർത്തട-
സ്പർദ്ധി ഗജകുംഭമാഞ്ഞടിച്ചു.
കാലിന്നിടയിലൊളിച്ചിട്ടു പുഞ്ചിരി-
തൂകിപ്പുറത്തെത്തി ബാലകൃഷ്ണൻ

അർത്ഥം : 'പാപിഷ്ഠാ', മാറി നിൽക്ക് എന്ന് കേട്ട് കോപിച്ച പാപ്പാൻ മദിച്ച ആനയെ കോപിപ്പിച്ചു. ആന കൃഷ്ണനെ തുമ്പിക്കയ്യിലെടുത്തു കളിപോലെ, ആ പിടിയിൽനിന്നൂരിപ്പോന്ന്, ഗോപിമാരുടെ കുചകുംഭ ത്തോടു മത്സരിക്കുന്ന മസ്തകത്തിൽ ആഞ്ഞടിച്ചു. ആനയുടെ കാലി ന്നിടയിൽ ഒളിച്ചിരുന്നിട്ട് മന്ദഹാസത്തോടെ അതിനു പിടി കൊടു ക്കാതെ പുറത്തു വരികയും ചെയ്തു.

മൂലം – 3

ഹസ്തപ്രാപ്യോfപ്യഗമ്യോ ഝടിതി മുനിജന-
സ്യേവ ധാവൻ ഗജേന്ദ്രം
ക്രീഡന്നാപാത്യ ഭൂമൗ പുനരഭിപതത-
സ്തസ്യ ദന്തം സജീവം,
മൂലാദുന്മൂല്യ തന്മൂലഗമഹിതമഹാ-
മൗക്തികാന്യാത്മമിത്രേ
പ്രാദാസ്ത്വം 'ഹാരമേഭിർല്ലളിതവിരചിതം
രാധികായൈ ദിശേ'തി.

ഭാഷ

കയ്യാൽതൊടാമെന്നാൽ കിട്ടാ, പിടിക്കുവാൻ
വയ്യാ മുനി മനങ്ങൾക്കും നിന്നെ
ആന തളർന്നുപോയ് കൊമ്പുകൾ ലീലയാ
താനേപ്പറിച്ചു, കൊമ്പിന്നടിയിൽ
മുത്തുക്കൾ 'രാധക്കു ചന്തമേറും മാല'
ചാർത്താനായ് ശ്രീദാമാവിന്നു നൽകി

അർത്ഥം : മുനി മാനസങ്ങൾക്കുപോലും ഇതാ ഇപ്പോൾ കയ്യിൽക്കിട്ടു [illegible] തോന്നും, പിടി കിട്ടുകയില്ല എന്നുള്ള അവിടത്തെ പിടിക്കാൻ [illegible] ആന തളർന്നു. കൃഷ്ണൻ കളിയായി കൊമ്പുകൾ പറിച്ചെ[illegible] അവയ്ക്കടിയിലെ മുത്തുകൾ 'ഇത് രാധക്ക് ഭംഗിയുള്ളൊരു [illegible]ണ്ടാക്കാനാണ്' എന്നു പറഞ്ഞ് ശ്രീദാമാവിന്റെ കയ്യിൽ കൊടുത്തു.

മൂലം – 4

ഗൃഹ്ണാനം ദന്തമംസേ യുതമഥ ഹലിനാ
രംഗമംഗാഽവിശന്തം
ത്വാം മംഗല്യാംഗഭംഗീരഭസഹൃതമനോ-
ലോചനാ വീക്ഷ്യ ലോകാഃ,
'ഹംഹോ ധന്യോ, ഹി നന്ദോ, നഹി, നഹി, പശുപാ-
ലാംഗനാ, നോ, യശോദാ,
നോ നോ ധന്യേക്ഷണാഃ സ്മസ്ത്രിജഗതി വയമേ-
വേ'തി സർവ്വേ ശശംസുഃ.

ഭാഷ

കൊമ്പോരോന്നും തോളിലേറ്റിയ സോദരർ
വമ്പരായ് മല്ലരംഗത്തിലെത്തി
മംഗളമാമംഗഭംഗി കണ്ടോരുടെ
കണ്ണും കരളും കവർന്നു മിന്നി
"നന്ദൻ താൻ ധന്യ, നല്ലല്ല, ഗോപീജനം
നന്ദപ്രിയ തന്നെ, യല്ലയല്ല,
പുണ്യമേറീടിന കണ്ണാലെയിക്കാഴ്ച
കണ്ടുനിന്നോർ നമ്മൾ തന്നെ ധന്യർ"
ലോകരാ വീരകുമാരനെസ്സാദരം
ശോകമൊഴിഞ്ഞു സ്തുതിച്ചുപാടി

അർത്ഥം : ഓരോ കൊമ്പ് തോളിലേറ്റി രാമകൃഷ്ണന്മാർ മിടുക്കന്മാ[illegible] മല്ല രംഗത്തെത്തി. മംഗളകരമായ അംഗഭംഗികണ്ട് എല്ലാവർക്കും [illegible] കരളും നിറഞ്ഞു. "നന്ദനാണ് ധന്യൻ; അല്ല - ഗോപിമാരാണ് [illegible], അല്ലല്ല, യശോദയാണ് ധന്യ - അവരൊന്നുമല്ല, പുണ്യം [illegible] കണ്ണുകൊണ്ട് ഇതൊക്കെ കാണുന്ന നമ്മളാണ് ധന്യർ" എന്ന് [illegible] സർവ്വദുഃഖവും നീങ്ങി, കൃഷ്ണനെ സ്തുതിച്ചുപാടി.

മൂലം – 5

പൂർണ്ണം ബ്രഹ്മൈവ സാക്ഷാന്നിരവധി പരമാ-
നന്ദസാന്ദ്രപ്രകാശം
ഗോപേഷു ത്വം വ്യലാസീർ ന ഖലു ബഹുജനൈ-
സ്താവദാവേദിതോ/ഭൂഃ,
ദൃഷ്ട്വാഥ ത്വാം തദേദം പ്രഥമമുപഗതേ
പുണ്യകാലേ ജനൗഘാഃ
പൂർണ്ണാനന്ദാ വിപാപാഃ സരസമഭിജഗു-
സ്ത്വത്കൃതാനി സ്മൃതാനി.

ഭാഷ

പൂർണ്ണ, മനശ്വര, മാനന്ദസാന്ദ്രം, ചിദ്-
പൂർണ്ണപരബ്രഹ്മസത്വരൂപം
പൂർണ്ണ പുണ്യാവതാരം സർവ്വലോകർക്കും
കണ്ണിനുമുമ്പിൽ പ്രത്യക്ഷമായി
ആരുമറിഞ്ഞില്ല നിന്നെ മഥുരയിൽ
നേരായ് പ്രവേശിക്കും നാൾവരെയും
ആ പുണ്യകാലമണഞ്ഞു ഭഗവാനെ
നേരിട്ടു കണ്ട പുരീജനങ്ങൾ
പാപം പോയ് പൂർണ്ണമാമാനന്ദം നേടി നിൻ
ലീലകൾ പാടി സരസമായി

അർത്ഥം : പൂർണ്ണവും അനശ്വരവും ആനന്ദസാന്ദ്രവും, ചിദ്പൂർണ്ണ പരബ്രഹ്മ സത്വസ്വരൂപവുമായ നിഷ്ക്കളബ്രഹ്മം പൂർണ്ണ പുണ്യാവതാരമായ സകളബ്രഹ്മമായി സർവ്വർക്കും കണ്ണിന്മുമ്പിൽ പ്രത്യക്ഷമായി. മഥുരയിലുള്ളവർ നീ യഥാർത്ഥത്തിലാരെന്ന്, അവിടെ പ്രവേശിച്ച നാൾവരെ, ശരിക്കറിഞ്ഞിരുന്നില്ല, ഇപ്പോൾ അവർക്ക് പുണ്യകാലം വന്നു, ഭഗവാനെ നേരിട്ടുകണ്ട പുരവാസികൾ പാപം നീങ്ങി പൂർണ്ണമായ ആനന്ദാനുഭവം കിട്ടി ഭഗവാന്റെ ലീലകൾ പാടി സരസമായി സ്തുതിച്ചു.

മൂലം – 6

ചാണൂരോ മല്ലവീരസ്തദനു നൃപഗിരാ
മുഷ്ടികോ മുഷ്ടിശാലീ
ത്വാം രാമം ചാഭിപേദേ ഝടഝടിതി മിഥോ
മുഷ്ടിപാതാതിരൂക്ഷം,
ഉത്പാതാപാതനാകർഷണവിവിധരണാ-
ന്യാസതാം, തത്ര ചിത്രം,
മൃത്യോഃ പ്രാഗേവ മല്ലപ്രഭുരഗമദയം
ഭൂരിശോ ബന്ധമോക്ഷാൻ.

ഭാഷ

മല്ലവീരന്മാരാം ചാണൂരമുഷ്ടികർ
വന്നെതിർക്കുന്നു രാജാജ്ഞയാലെ
ചാണൂരൻ കൃഷ്ണനോ, ടേറ്റൂ ബലരാമ-
നാനന്ദമോടെ യപരനോടും
മുഷ്ടിയിടിച്ചു ചടചട ശബ്ദവും
ഉന്തലും തള്ളലും വീഴ്ത്തലുമായ്
മൃത്യുവിന്മുമ്പേ ലഭിച്ചു ബന്ധം, മോക്ഷം
ചിത്രമച്ചാണൂരന്നെന്നു വന്നു.

അർത്ഥം : കംസന്റെ ആജ്ഞയാൽ ചാണൂരനും മുഷ്ടികനും മല്ലയുദ്ധത്തിനു വന്നു. ചാണൂരൻ കൃഷ്ണനോടെതിർത്തു. ബലരാമൻ മുഷ്ടികനോടും ഏറ്റുമുട്ടി. മുഷ്ടി കൂട്ടിയിടിച്ച് ചടപട ശബ്ദമുണ്ടാക്കിയും പൊക്കിയടിച്ചും ഉന്തിയും തള്ളിയും വീഴ്ത്തിയുമുള്ള യുദ്ധത്തിൽ ചാണൂരൻ മരണത്തിനു മുമ്പുതന്നെ ബന്ധവും (പിടിക്കൽ) മോക്ഷവും (വിടൽ) കൃഷ്ണനിൽ നിന്ന് അനുഭവിച്ചു. വിചിത്രം തന്നെ!

മൂലം - 7

'ഹാ ധിക് കഷ്ടം കുമാരൗ സുലളിതവപുഷൗ
മല്ലവീരൗ കഠോരൗ
ന ദ്രക്ഷ്യാമോ, വ്രജാമസ്ത്വരിത'മിതി ജനേ
ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും
പോഥയാമാസിഥോർവ്യാം.
പിഷ്ടോഽഭൂന്മുഷ്ടികോഽപി ദ്രുതമഥ ഹലിനാ
നഷ്ടശിഷ്ടൈർദധാവേ.

ഭാഷ

ഉണ്ണികൾ മേനി മൃദു, മല്ലന്മാരുടെ
വണ്ണമേറും ദേഹമോ കഠിനം
വയ്യിതു കാണാനെ ന്നാളുകൾ ചൊല്ലവെ,
വട്ടം ചുഴറ്റിയെറിഞ്ഞു വീഴ്ത്തി
ചാണൂരമല്ലനെക്കൊന്നു കണ്ണൻ, രാമൻ
മുഷ്ടികനേയുമടിച്ചു കൊന്നു.
കണ്ടു ഭയന്നിട്ടു മറ്റുള്ള മല്ലന്മാർ
മണ്ടീരംഗം വിട്ടു, ജീവൻ കിട്ടാൻ

അർത്ഥം : "ഉണ്ണിമാർക്ക് മൃദുല മേനി, ഈ മല്ലന്മാരോ തടിച്ച് കഠിനന്മാർ. ഇത് കാണാൻ വയ്യേ" എന്ന് ആളുകൾ പറയുമ്പോൾ കണ്ണൻ ചാണൂരനെ വട്ടം ചുറ്റി എറിഞ്ഞ് കൊന്നു. രാമൻ മുഷ്ടികനെ അടിച്ചു കൊന്നു. ബാക്കി മല്ലന്മാർ പേടിച്ച് ജീവനും കൊണ്ട് മല്ലരംഗം വിട്ട് ഓടിപ്പോയി.

മൂലം - 8

കംസസ്സംവാര്യ തൂര്യം ഖലമതിരവിദൻ
കാര്യമാര്യാൻ പിത്രൂംസ്താ-
നാഹന്തും വ്യാപ്തമൂർത്തേസ്തവ ച സമശിഷ-
ദ്ദൂരമുത്സാരണായ,
രുഷ്ടോ ദുഷ്ടോക്തിഭിസ്ത്വം ഗരുഡ ഇവ ഗിരിം
മഞ്ചമഞ്ചന്നുദഞ്ചത്-
ഖഡ്ഗവ്യാവല്ഗദുസ്സംഗ്രഹമപി ച ഹഠാത്
പ്രാഗ്രഹീരൗഗ്രസേനിം.

ഭാഷ

മൂഢൻ ഖലൻ കംസൻ ഭേരി നിറുത്തിച്ചു
നിന്നെ ബന്ധിക്കുവാനാജ്ഞയേകീ
ആരാധ്യ വന്ദ്യപിതൃക്കളെക്കൊല്ലുവാൻ
രാജോക്തി കേട്ടു നീ ക്രുദ്ധനായി
ശൃംഗത്തിലേക്കു പറക്കും ഗരുഡൻപോൽ
ഒറ്റക്കുതിപ്പിൽ കരേറി മഞ്ചം
വാളുമായഭ്യാസം ചെയ്യു മമ്മാമനെ
വാരിത്തൻ കൈകളിൽ ബന്ധിയാക്കി.

അർത്ഥം : മൂഢനും ദുഷ്ടനുമായ കംസൻ പെരുമ്പറ നിർത്തി കൃഷ്ണനെ പിടിച്ചു കെട്ടാനും വസുദേവാദി പിതൃക്കളെ വധിക്കാനും കല്പിച്ചു. കോപിച്ച കൃഷ്ണൻ പർവ്വതശൃംഗത്തിലേക്കു പറക്കുന്ന ഗരുഡനെപ്പോലെ, കംസനിരിക്കുന്ന മാളിക മുകളിലെ മഞ്ചത്തിൽ കുതിച്ചു ചാടിക്കയറി. വാളഭ്യാസം ചെയ്യുന്ന അമ്മാമനെ, തന്റെ കൈകളാൽ ബലം പ്രയോഗിച്ച് ബന്ധിച്ചു.

മൂലം - 9

സദ്യോ നിഷ്പിഷ്ടസന്ധിം ഭുവി നരപതിമാ-
പാത്യ തസ്യോപരിഷ്ടാത്
ത്വയ്യാപാത്യേ തദൈവ ത്വദുപരി പതിതാ
നാകിനാം പുഷ്പവൃഷ്ടിഃ,
കിം കിം ബ്രൂമസ്തദാനീം സതതമപി ഭിയാ
ത്വദ്ഗതാത്മാ സ ഭേജേ
സായുജ്യം, ത്വദ്ധ്യോത്ഥാ പരമ! പരമിയം
വാസനാ കാലനേമേഃ.

ഭാഷ

സന്ധിബന്ധം ഭേദിച്ചിട്ടു തള്ളീ താഴേ-
യ്ക്കന്നവൻ മേനിമേൽ കാലുവെച്ചു
പൂമഴ തൂകി ദേവന്മാ, രിതാശ്ചര്യം
സായൂജ്യമുക്തിയവന്നു നൽകി.
പേടികൊണ്ടാണെന്നാൽ ഏകാദശവർഷം
നിൻനാമരൂപം നിനയ്ക്കയാലേ
ജന്മാന്തര കർമ്മവാസനയാൽ, കാല-
നേമിയിപ്പോഴും ലയിച്ചു നിന്നിൽ.

അർത്ഥം : സന്ധിബന്ധം വിടർത്തി താഴേക്ക് തള്ളിയിട്ട് അവന്റെ മേൽ കാൽവെച്ചു നിന്ന കൃഷ്ണനെ ദേവകൾ പൂമഴ ചൊരിഞ്ഞ് അഭിനന്ദിച്ചു. ആശ്ചര്യമെന്തെന്നാൽ, അവന് സായൂജ്യമുക്തി കിട്ടി! ഭയം കൊണ്ടാണെങ്കിലും കഴിഞ്ഞ 11 വർഷവും കംസൻ സദാ നിന്റെ നാമവും രൂപവുമാണ് ചിന്തിച്ചുകൊണ്ടിരുന്നത്. പൂർവ്വജന്മത്തിൽ നിന്റെ കയ്യാൽ മരിച്ച കാലനേമി, ആ ജന്മാന്തര കർമ്മ വാസനയാൽ ഇപ്പോഴും അങ്ങനെത്തന്നെ മരിച്ച്, നിന്നിൽ ലയിച്ചു.

മൂലം – 10

തദ്ഭ്രാതൄനഷ്ട പിഷ്ട്വാ ദ്രുതമഥ പിതരൗ
സന്നമന്നുഗ്രസേനം
കൃത്വാ രാജാനമുച്ചൈര്യദുകുലമഖിലം
മോദയൻ കാമദാനൈഃ,
ഭക്താനാമുത്തമം ചോദ്ധവമമരഗുരോ-
രാപ്തനീതിം സഖായം
ലബ്ധ്വാ തുഷ്ടോ നഗര്യാം പവനപുരപതേ!
രുന്ധി മേ സർവ്വരോഗാൻ.

ഭാഷ

യുദ്ധത്തിനെത്തിയ കംസഭ്രാതാക്കന്മാ-
രെട്ടുപേരും കാല ലോകമെത്തി
മാതാപിതാക്കളെ വീണു വണങ്ങീട്ടു
രാജാവാക്കീയുഗ്ര സേനനേയും
യാദവർക്കെല്ലാമഭീഷ്ടദാതാവായി
മോദമവർക്കേകി വാസുദേവൻ
ദേവഗുരുശിഷ്യൻ, നീതി പഠിച്ചവൻ
ഭക്തോത്തമൻ സഖി യുദ്ധവനെ
കിട്ടീട്ടതീവസന്തുഷ്ടനായ് വാഴുന്ന
കൃഷ്ണാ നീ, രോഗങ്ങൾ മാറ്റേണമേ.

അർത്ഥം : യുദ്ധത്തിനു വന്ന കംസസഹോദരന്മാർ എട്ടുപേരെ വധിച്ചു. മാതാപിതാക്കളെ വണങ്ങി. ഉഗ്രസേനനെ രാജാവാക്കി. യാദവർക്ക്

സർവ്വാഭീഷ്ടവും നൽകി അവരെ ആനന്ദിപ്പിച്ചു. ബൃഹസ്പതി ശിഷ്യനും നീതിശാസ്ത്രം പഠിച്ചവനും ഭക്തോത്തമനുമായ ഉദ്ധവനെ സഖിയായി ലഭിച്ചതിൽ അതീവ സന്തുഷ്ടനായി മഥുരയിൽ വാഴുന്ന ഗുരുവായൂരപ്പാ, കൃഷ്ണാ, എന്റെ രോഗമെല്ലാം മാറ്റിത്തരണേ.

O

ദശകം 76

ഉദ്ധവദൗത്യം

മൂലം - 1

ഗത്വാ സാന്ദീപനിമഥ ചതുഃഷഷ്ടിമാത്രൈരഹോഭിഃ
സർവ്വജ്ഞസ്ത്വം സഹ മുസലിനാ സർവ്വവിദ്യാം ഗൃഹീത്വാ,
പുത്രം നഷ്ടം യമനിലയനാദാഹൃതം ദക്ഷിണാർത്ഥം
ദത്വാ തസ്മൈ നിജപുരമഗാ നാദയൻ പാഞ്ചജന്യം.

ഭാഷ

സാന്ദീപനി ശിഷ്യരായി, ട്ടറുപത്തി
നാലുനാളിൽ സർവ്വവിത്തായ് കൃഷ്ണൻ
മൃത്യുഗേഹത്തിൽ നിന്നെത്തിച്ചു പുത്രനെ
ദക്ഷിണയായി ഗുരുവിനേകി
പാഞ്ചജന്യം മുഴക്കീട്ടു മഥുരയിൽ
സർവ്വജ്ഞ പുരുഷനെത്തി വീണ്ടും

അർത്ഥം : കൃഷ്ണനും രാമനും സാന്ദീപനിയുടെ ശിഷ്യന്മാരായി വെറും 64 ദിനംകൊണ്ട് സർവ്വജ്ഞ പുരുഷനായ കൃഷ്ണൻ സർവ്വ വിദ്യയും അഭ്യസിച്ചു. ഗുരു ദക്ഷിണയായിട്ട്, യമപുരിയിൽ നിന്ന് ഗുരു പുത്രനെ കൊണ്ടുവന്നു കൊടുത്തു. പാഞ്ചജന്യനാദം മുഴക്കി മഥുരയിൽ തിരിച്ചെത്തി.

മൂലം - 2

സ്മൃത്വാ സ്മൃത്വാ പശുപസുദൃശഃ പ്രേമഭാരപ്രണുന്നാഃ
കാരുണ്യേന ത്വമപി വിവശഃ പ്രാഹിണോരുദ്ധവം തം,
കിം ചാമുഷ്മൈ പരമസുഹൃദേ ഭക്തവര്യായ താസാം
ഭക്ത്യുദ്രേകം സകലഭുവനേ ദുർല്ലഭം ദർശയിഷ്യൻ.

ഭാഷ

പ്രേമപരവശരാകും പ്രണയിനി-
ഗോപികമാരിൽ കരുണയാലും
ഭക്തസഖാവുദ്ധവന്നാ സഖികൾ തൻ
മറ്റെങ്ങും കാണാത്ത ഭക്തിഭാവം
ലോകസുദുർല്ലഭം കാണിക്കാനാശിച്ചും
മാധവനുദ്ധവ ദൂതയച്ചു.

അർത്ഥം : പ്രേമപരവശകളായ ഗോപികമാരിലുള്ള കരുണകൊണ്ടും, ഭക്തനും സുഹൃത്തുമായ ഉദ്ധവന് ലോകത്തിൽ മറ്റെങ്ങും കാണാനാവാത്ത സുദുർല്ലഭമായ അവരുടെ ഭക്തിഭാവം കാട്ടിക്കൊടുക്കണമെന്നാശിച്ചും കൃഷ്ണൻ ഉദ്ധവനെ അമ്പാടിയ്ക്ക് ദൂതയച്ചു.

മൂലം – 3

ത്വന്മാഹാത്മ്യപ്രഥിമപിശുനം ഗോകുലം പ്രാപ്യ സായം
ത്വദ്വാർത്താഭിർബഹു സ രമയാമാസ നന്ദം യശോദാം
പ്രാതർദൃഷ്ട്വാ മണിമയരഥം ശങ്കിതാഃ പങ്കജാക്ഷ്യഃ
ശ്രുത്വാ പ്രാപ്തം ഭവദനുചരം ത്യക്തകാര്യാഃ സമീയുഃ.

ഭാഷ

സന്ധ്യയ്ക്കമ്പാടിയിൽ നിന്മഹിമാവിനെ
സന്തതം പാർത്തുകൊണ്ടെത്തി ഭക്തൻ
നിൻവാർത്തയോതി യശോദാനന്ദന്മാരെ
സന്തോഷക്കണ്ണീരിലാറാടിച്ചു
കാലത്തു രത്നോജ്വലം രഥം കണ്ടിട്ടു
ഗോപികൾ കണ്ണനെന്നോർത്തുപോയി
സർവ്വകർമ്മം വെടിഞ്ഞെത്തിനാർ നന്ദന്റെ
മന്ദിരത്തിൽ നിൻ സഖിയെക്കാണാൻ

അർത്ഥം : സന്ധ്യക്ക് അമ്പാടിയിലെത്തിയ ഉദ്ധവൻ എവിടെയും എപ്പോഴും അവിടുത്തെ മഹിമാവിനെ കണ്ടും സ്മരിച്ചും കൃതാർത്ഥനായി. മകന്റെ സുഖവാർത്ത പറഞ്ഞ് യശോദയേയും നന്ദനേയും ആനന്ദിപ്പിച്ചു. കാലത്ത് മണിമയ രഥം കണ്ട് ഗോപിമാർ കൃഷ്ണൻ വന്നു എന്ന് കരുതി. പിന്നീട് നിന്റെ സഖിയാണ് വന്നതെന്നറിഞ്ഞപ്പോൾ, മറ്റു ജോലികൾ മാറ്റിവെച്ച് അവർ നന്ദഗോപഭവനത്തിലെത്തി.

മൂലം – 4

ദൃഷ്ട്വാ ചൈനം ത്വദുപമലസദ്വേഷഭൂഷാഭിരാമം
സ്മൃത്വാ സ്മൃത്വാ തവ വിലസിതാന്യുച്ചകൈസ്താനി താനി,
രുദ്ധാലാപാഃ കഥമപി പുനർഗ്ഗദ്ഗദാം വാചമൂചുഃ
സൗജന്യാദീൻ നിജപരഭിദാമപ്യലം വിസ്മരന്ത്യഃ.

ഭാഷ

നിൻവേഷഭൂഷയണിഞ്ഞ സുഹൃത്തിനെ-
ക്കാൺകെ നിൻ ലീലാസ്മൃതികളാലെ
മിണ്ടാനരുതാതെ നിന്നാദ്യം, സങ്കോചം
കൈവിട്ടു, സൗജന്യഭാവം വിട്ടു.
അന്യനെന്നുള്ള വിചാരം, വിനയവും
തീരെ മറന്നിട്ടു കണ്ണീരോടെ
ഗദ്ഗദകണ്ഠരായ് സദ്ഭക്തിലോലരായ്
കൃഷ്ണനോടുള്ള വചനം പാടി.

അർത്ഥം : കൃഷ്ണന്റെ വേഷഭൂഷാദിയണിഞ്ഞ ഉദ്ധവനെ കണ്ട് ഗോപി മാർക്ക് കൃഷ്ണന്റെ ലീലകൾ ഓർമ്മ നിന്നു. കുറച്ചുനേരം അവർ മിണ്ടാതെ നിന്നു. പിന്നെ സുജനത, സങ്കോചം, വിനയം, ഇത് അന്യ നെന്ന വിചാരം ഇവയൊക്കെ മറന്ന് കണ്ണീരോടെ, ഗദ്ഗദകണ്ഠരോടെ സദ്ഭക്തിയാൽ പ്രചോദിതരായി കൃഷ്ണനോട് പറയാനുള്ള പരിഭവ വാക്കുകൾ അവനോട് പറഞ്ഞു.

മൂലം - 5

ശ്രീമൻ! കിം ത്വം പിതൃജനകൃതേ പ്രേഷിതോ നിർദ്ദയേന
ക്വാസൗ കാന്തോ നഗരസുദൃശാം ഹാ ഹരേ! നാഥ! പായാഃ,
ആശ്ലേഷാണാമമൃതവപുഷോ ഹന്ത! തേ ചുംബനാനാ-
മുന്മാദാനാം കുഹകവചസാം വിസ്മരേത് കാന്ത! കാ വാ?

ഭാഷ

നിന്നെയയച്ചിതോ നിർദ്ദയൻ, ശ്രീമാനേ
അമ്മയച്ഛന്മാരെത്തുഷ്ടരാക്കാൻ
പട്ടണസ്ത്രീകൾ തൻ കാന്തനായ് തീർന്നവൻ
ദുഷ്ടനെവിടെയാ വാസുദേവൻ?
ശ്രീഹരേ, നാഥ, രക്ഷിക്ക, നിൻ പീയൂഷ-
വിഗ്രഹാശ്ലേഷങ്ങൾ, ചുംബനങ്ങൾ
ഉന്മാദമേകുന്ന വാക്കുകളെങ്ങനെ
ഞങ്ങൾ മറക്കും വിരഹിണികൾ!

അർത്ഥം : ശ്രീമൻ, അവിടുത്തെ ആ നിർദ്ദയൻ മാതാപിതാക്കൾക്ക് സന്തോഷം കൊടുക്കാനയച്ചതാവും. നഗരസ്ത്രീകളുടെ കാന്തനായി ത്തീർന്ന ആ ദുഷ്ടൻ എവിടെ? ശ്രീഹരേ, നാഥാ, രക്ഷിക്കണേ. അവി ടുത്തെ അമൃതരൂപത്തിന്റെ ആശ്ലേഷചുംബനാദികളും ഉന്മാദം തരുന്ന പ്രേമവാക്കുകളും വിരഹിണികളായ ഞങ്ങൾ എങ്ങനെ മറക്കും!

മൂലം - 6

'രാസക്രീഡാലുളിതലളിതം വിശ്ലഥത്കേശപാശം
മന്ദോത്ഭിന്നശ്രമജലകണം ലോഭനീയം ത്വദംഗം,
കാരുണ്യാബ്ധേ! സകൃദപി സമാലിംഗിതും ദർശയേതി
പ്രേമോന്മാദാദ് ഭുവനമദന! ത്വത്പ്രിയാസ്ത്വാം വിലേപുഃ.

ഭാഷ

രാസകേളീ ലളിതം ഊർന്ന വാർമുടി-
താന്തമുയർന്ന വിയർപ്പുതുള്ളി
ആരും കൊതിക്കുമാപ്പൂമേനിയെന്നാവു-
മാലിംഗനം ചെയ്യാനൊന്നുകൂടി.
പ്രേമോന്മാദത്താൽ ഭുവനം മദിക്കും നിൻ
പ്രേയസിമാർ കേണു ലോലചിത്തർ

അർത്ഥം : രാസകേളിയിൽ അഴിഞ്ഞ മുടിയും, തളർന്ന മുഖത്തിലെ വിയർപ്പും, ആരും കൊതിക്കുന്ന മേനിയും ഒരിക്കൽകൂടി ആലിംഗനം ചെയ്യാൻ ഒന്നുകൂടി കഴിയുമോ എന്ന് പ്രേമോന്മാദത്താൽ ഭുവനത്തെ തന്നെ മദിപ്പിക്കുന്ന നിന്റെ പ്രേയസിമാർ ലോലചിത്തരായി വിലപിച്ചു.

മൂലം - 7

ഏവം പ്രായൈർവ്വിവശവചനൈരാകുലാ ഗോപികാസ്താ-
സ്ത്വത്സന്ദേശൈഃ പ്രകൃതിമനയത് സോഽഥ വിജ്ഞാനഗർഭൈഃ
ഭൂയസ്താഭിർമുദിതമതിഭിസ്ത്വന്മയീഭിർവ്വധൂഭി-
സ്തത്തദ്വാർത്താസരസമനയത് കാനിചിദ്വാസരാണി.

ഭാഷ

ദുഃഖിതരേറെ വിരഹിണിമാരവർ
സ്വസ്ഥകളാവാൻ നിൻ സന്ദേശത്തെ
വിജ്ഞാനഗർഭമാം തത്വോപദേശത്തെ-
യുദ്ധവനോതിനാൻ ശാന്തചിത്തൻ
സർവ്വം നീയെന്നുമനം നിന്നിലർപ്പിച്ച
സർവ്വനാരീജനം തുഷ്ടരായി
നിൻകഥയോരോന്നു ചൊല്ലീട്ടവരൊത്തു
സ്വാരസ്യമായിട്ടു വാണവിടെ

അർത്ഥം : ദുഃഖിതരായ ആ വിരഹിണിമാർ സ്വസ്ഥകളാവാൻ വിജ്ഞാനഗർഭമായ തത്വോപദേശമടങ്ങിയ നിന്റെ സന്ദേശം, ശാന്തചിത്തനായ ഉദ്ധവൻ പറഞ്ഞു. സർവ്വവും നിന്നിലാണെന്ന് മനസ്സർപ്പിച്ച സ്ത്രീകളെല്ലാം സന്തുഷ്ടരായി. ഉദ്ധവനും ഗോപിമാരും കൃഷ്ണ കഥകൾ സ്വാരസ്യമായി പറഞ്ഞുകൊണ്ട് കുറച്ചുനാൾ അമ്പാടിയിൽ താമസിച്ചു.

മൂലം - 8

ത്വത്പ്രോദ്ഗാനൈസ്സഹിതമനിശം സർവ്വതോ ഗേഹകൃത്യം
ത്വദ്വാർത്തൈവ പ്രസരതി മിഥഃ സൈവ ചോത്സ്വാപലാപാഃ
ചേഷ്ടാഃ പ്രായസ്ത്വദനുകൃതയസ്ത്വന്മയം സർവ്വമേവം
ദൃഷ്ട്വാ തത്ര വ്യമുഹദധികം വിസ്മയാദുദ്ധവോƒയം.

ഭാഷ

എല്ലാരുമെപ്പോഴും കർമ്മങ്ങൾ ചെയ്യുന്നു
നിൻഗാനമുച്ചത്തിൽ പാടിക്കൊണ്ടേ
രണ്ടുപേർ കാണുമ്പോൾ ഓതുന്നതൊക്കെയും
കണ്ണന്റെ ലീലാ ചരിതം മാത്രം
സ്വപ്നത്തിലും കാണ്മൂ നിന്നെ നിന്നോടവർ
ഊണുറക്കത്തിലും സംവദിപ്പൂ.
ചേഷ്ടകളൊക്കെയനുകരിപ്പൂ, ചിത്രം
സർവ്വത്ര നിന്മയമമ്പാടിയിൽ
വിസ്മയമോടെ പ്രണയമോടക്കാഴ്ച
സുസ്മിതനായവൻ കണ്ടുനിന്നു.

അർത്ഥം : എല്ലാവരും എപ്പോഴും നിന്റെ ഗാനം പാടിക്കൊണ്ടാണ് ജോലി ചെയ്യുന്നത്. രണ്ടാൾ തമ്മിൽ കണ്ടാൽ പറയാൻ കൃഷ്ണന്റെ ലീലാചരിതം മാത്രം. സ്വപ്നത്തിലും ഊണിലും ഉറക്കത്തിലും കാണുന്നതും സംവദിക്കുന്നതും അവർ നിന്നെ മാത്രം, നിന്നോടു മാത്രം. നിന്റെ ചേഷ്ടകളാണ് അവർ അനുസരിക്കുന്നത്. അമ്പാടി സർവ്വത്ര കൃഷ്ണമയമാണ്. വിസ്മയത്തോടെ, പ്രേമഭക്തിയോടെ, മന്ദഹാസത്തോടെ ഉദ്ധവൻ ആ കാഴ്ച കണ്ട് നിന്നു.

മൂലം - 9

'രാധായാ മേ പ്രിയതമമിദം' 'മത്പ്രിയൈവം ബ്രവീതി'
'ത്വം കിം മൗനം കലയസി സഖേ! മാനിനീ മത്പ്രിയേവ,'
ഇത്യാദ്യേവ പ്രവദതി സഖി! ത്വത്പ്രിയോ നിർജ്ജനേ മാ-
മിത്ഥംവാദൈരരമയദയം ത്വത്പ്രിയാമുത്പലാക്ഷീം.

ഭാഷ

"രാധയ്ക്കിതേറ്റം പ്രിയതമം", "പ്രേയസി
രാധ പറയാറുണ്ടിപ്രകാരം"
"എന്തേ സഖേ മൗനം മാനിനിയെൻ പ്രിയ-
രാധയെപ്പോലെ" ന്നു നിന്റെ കണ്ണൻ
ഏകാന്തത്തിൽ എന്നോടെന്നുമുരയ്ക്കാറു-
ണ്ടേണാങ്കലോചനേ, രാധേയെന്നായ്
ഉദ്ധവ വാക്യം കേട്ടാനന്ദിപ്പൂ രാധ
ഉൾത്താരിൽ എന്നും നീ മാത്രമുള്ളോൾ

അർത്ഥം : "രാധക്ക് ഏറ്റവും ഇഷ്ടമാണ് ഇത്"; "എന്റെ പ്രിയതമ രാധയും ഇങ്ങനെയാണ് പറയാറ്"; "എന്റെ പ്രിയരാധയെപ്പോലെ, സുഹൃത്തേ, നീ എന്താ ഒന്നും മിണ്ടാത്തത്" ഇങ്ങനെയാണ് ഏകാന്തത്തിൽ നിന്റെ കണ്ണൻ എന്നോട് പറയാറ്. ഉദ്ധവന്റെ ഈ വാക്കുകേട്ട്, ഉൾത്താരിൽ കൃഷ്ണൻ മാത്രമുള്ള രാധ, അത്യന്തം ആനന്ദിച്ചു.

മൂലം – 10

ഏഷ്യാമി ദ്രാഗനുപഗമനം കേവലം കാര്യഭാരാത്
വിശ്ലേഷേ*f*പി സ്മരണദൃഢതാസംഭവാന്മാസ്തു ഖേദഃ,
ബ്രഹ്മാനന്ദേ മിലതി ന ചിരാത് സംഗമോ വാ വിയോഗ-
സ്തുല്യോ വഃ സ്യാദിതി തവ ഗിരാ സോ*f*കരോന്നിർവ്യഥാസ്താഃ.

ഭാഷ

എത്തും ഞാൻ വൈകാതെ, കൃത്യബാഹുല്യത്താ-
ലെത്താനീത്താമസം, ഈ വിരഹം
ഏകും ദൃഢസ്മൃതിയന്നു ബ്രഹ്മാനന്ദ-
മേവർക്കുമുണ്ടാകും തോഴിമാരേ-
സംഗമമാട്ടെ വിരഹമാട്ടെ രണ്ടും
തുല്യമാകുന്ന നാൾ കാത്തിരിയ്ക്കു
ഉദ്ധവൻ തന്ന തിരുസന്ദേശം കേട്ടു
നിർവ്യഥരായ്ത്തീർന്നു ഗോപികമാർ.

അർത്ഥം : "ഞാൻ വൈകാതെ വരും. വൈകുന്നത് കൃത്യബാഹുല്യത്താലാണ്. വിരഹം നിങ്ങൾക്ക് ദൃഢസ്മൃതി ഉണ്ടാക്കും. അപ്പോൾ ബ്രഹ്മാനന്ദം നിങ്ങൾക്കു ലഭിക്കും. സംഗമവും വിരഹവും ഒന്നുതന്നെയെന്ന് അപ്പോൾ മനസ്സിലാവും. ആ നാളിനു കാത്തിരിക്കൂ" കൃഷ്ണൻ കൊടുത്ത സന്ദേശം ഉദ്ധവൻ പറഞ്ഞപ്പോൾ ഗോപിമാരുടെ ദുഃഖമകന്നു.

മൂലം – 11

'ഏവം ഭക്തിഃ സകലഭുവനേ നേക്ഷിതാ ന ശ്രുതാ വാ
കിം ശാസ്ത്രൗഘൈഃ കിമിഹ തപസാ ഗോപികാഭ്യോ നമോ*f*സ്തു'
ഇത്യാനന്ദാകുലമുപഗതം ഗോകുലാദുദ്ധവം തം
ദൃഷ്ട്വാ ഹൃഷ്ടോ ഗുരുപുരപതേ! പാഹി മാമാമയൗഘാത്.

ഭാഷ

ഇത്തരം ഭക്തി ഭുവനത്തിലെങ്ങുമേ
കണ്ടില്ല, കേട്ടിട്ടുമില്ലയെന്നും
എന്തിനു ശാസ്ത്രം തപസ്സും, നമസ്കാരം
നിങ്ങൾക്കു പുണ്യം സ്വഭാവസിദ്ധം'
ഗോപിമാർക്കോതി നമോവാകമുദ്ധവൻ

ആനന്ദവ്യാകുലൻ സന്ത്യജിച്ചു
താനാണു ഭക്തശിരോമണിയെന്നു ത-
ന്നാത്മാഭിമാന മഹന്തയെല്ലാം
ഹൃഷ്ടനായിത്തൻ സഖിയെക്കൺപാർത്തശ്രീ-
മാരുതേശാ, തീർക്ക ആമയങ്ങൾ.

അർത്ഥം : "ഇത്തരം ഭക്തി ലോകത്തിലെവിടെയും കണ്ടിട്ടോ കേട്ടിട്ടോ ഇല്ല. എന്തിനാണ് തപസ്സും ശാസ്ത്രജ്ഞാനവും. പുണ്യ സ്വഭാവസിദ്ധമായ ഗോപിമാരേ, നമസ്ക്കാരം" എന്ന് വിട പറയുമ്പോൾ ആനന്ദത്താൽ വ്യാകുലനായ ഉദ്ധവൻ താനാണ് ഭക്തശിരോമണി എന്ന അഹങ്കാരവും അഭിമാനവും ത്യജിച്ചു. അപ്രകാരം തിരിച്ചെത്തിയ സുഹൃത്തിനെ സന്തുഷ്ടനായി തൃക്കൺപാർത്ത ഗുരുവായൂരപ്പാ, എന്റെ ആമയങ്ങൾ തീർക്കണേ.

O

ദശകം 77

ഉപശ്ലോകോത്പത്തിയും യവനവധവും

മൂലം – 1

സൈരന്ധ്ര്യാസ്തദനു ചിരം സ്മരാതുരായാ
യാതോഽഭൂഃസലളിതമുദ്ധവേന സാർദ്ധം,
ആവാസം, ത്വദുപഗമോത്സവം സദൈവ
ധ്യായന്ത്യാഃ പ്രതിദിനവാസസജ്ജികായാഃ.

ഭാഷ

ഏറെ നാളായി നിൻ ആഗമനം കാത്തു
കാമാതുരയായണിഞ്ഞൊരുങ്ങി
നിൻവരവുത്സവം ധ്യാനിച്ചു വാസക-
സജ്ജികയാകുമാ സൈരന്ധ്രിതൻ
മന്ദിരത്തിൽ ചാരുവേഷനായെത്തി നീ-
യുദ്ധവനോടൊത്തു വാസുദേവാ.

അർത്ഥം : ഏറെ നാളായി നിന്റെ വരവാകുന്ന ഉത്സവം ധ്യാനിച്ചും ആ വരവിനായി കാമാതുരയായി അണിഞ്ഞൊരുങ്ങിയും വാസക സജ്ജികയായി വാഴുന്ന സൈരന്ധ്രിയുടെ വീട്ടിലേക്ക് ചാരുവേഷ മണിഞ്ഞ്, ഉദ്ധവസമേതനായി അവിടുന്ന് ചെന്നു.

മൂലം – 2

ഉപഗതേ ത്വയി പൂർണ്ണമനോരഥാം
പ്രമദസംഭ്രമകമ്പ്രപയോധരാം,
വിവിധമാനനമാദധതീം മുദാ
രഹസി താം രമയാഞ്ചകൃഷേ സുഖം.

ഭാഷ

നീ വന്നു, പൂർണ്ണ മനോരഥയായവൾ
ആനന്ദസംഭ്രമാധിക്യമോടെ
മാറു തുളമ്പീട്ടു സൽക്കാരമേകിനാൾ
പ്രീതിയോടെ, നൽകി ക്രീഡാസുഖം
രാത്രി രഹസ്യമായ് പൂമഞ്ചമേറീട്ടാ
ദാസിക്കു സംഗമ സൗഖ്യമേകി.

അർത്ഥം : അവിടുന്ന് വന്നപ്പോൾ മനോരഥം പൂർത്തിയാകയാൽ സന്തോഷത്താലും സംഭ്രമത്താലും മാറിടം തുടിച്ച്, അവൾ പ്രീതി പൂർവ്വം അവിടത്തെ സൽക്കരിച്ചു. രാത്രി രഹസ്യമായി മണിയറയിലെ പൂമഞ്ചത്തിൽ അവിടന്ന് അവൾക്ക് സംഗമക്രീഡാസുഖം നൽകി.

മൂലം - 3

പൃഷ്ടാ വരം പുനരസാവവൃണോദ്വരാകീ
ഭൂയസ്ത്വയാ സുരതമേവ നിശാന്തരേഷു,
സായുജ്യമസ്ത്വിതി വദേദ് ബുധ ഏവ കാമം
സാമീപ്യമസ്ത്വനിശമിത്യപി നാബ്രവീത് കിം.

ഭാഷ

രാവിലെച്ചോദിച്ചു "എന്തു വരംവേണം"
മന്ദിച്ച ബുദ്ധിയാൽ ഭാഗ്യഹീന
"സംഭോഗ ശൃംഗാരം മാത്രം നിശകളിൽ
സൗഖ്യ" മിരന്നു നിർഭാഗ്യമോർത്താൽ
ജ്ഞാനിയല്ലാ നിത്യ സായൂജ്യം ചോദിക്കാൻ
സാമീപ്യമെന്തേ ചോദിച്ചതില്ലാ?

അർത്ഥം : രാവിലെ ഭഗവാൻ നിനക്കെന്തു വരം വേണമെന്നു ചോദിച്ചു. മന്ദബുദ്ധിയും ഭാഗ്യഹീനയുമായ അവൾ "ചില രാത്രികളിൽ സംഭോഗ ശൃംഗാരസുഖം" വേണമെന്നു മാത്രം ഇരന്നത് എത്ര നിർഭാഗ്യകരം! നിത്യസായൂജ്യം ചോദിക്കാൻ അവൾ ജ്ഞാനിയല്ല. എന്നാൽ നിത്യ സാമീപ്യം എന്തേ ചോദിച്ചില്ല? (ഭട്ടതിരിയുടെ ഈ ചോദ്യത്തിനുത്തരം, കൃഷ്ണന്റെ വംശതന്തുവും സാത്വതതന്ത്രവും ഭക്തിമാർഗ്ഗവും ഉപദേശിച്ച് തലമുറകളിലേക്ക് കൈമാറിയവനുമായ ഒരു പുത്രനെ ജനിപ്പിക്കാൻ എന്നതാണ്. കൃഷ്ണന്റെ മറ്റെല്ലാ മക്കളും ദ്വാരക മുങ്ങുമ്പോൾ മുങ്ങിപ്പോയി. ഭാരതത്തിൽ കൃഷ്ണസന്ദേശം പരത്താൻ ഈ സൈരന്ധ്രിക്ക് കൃഷ്ണനിലുണ്ടായ പുത്രൻ വേണ്ടിവന്നു. അത് അവളുടെ മാത്രമല്ല, നമ്മുടെയെല്ലാം ഭാഗ്യമായി കരുതണം.)

മൂലം – 4

തതോ ഭവാൻ ദേവ! നിശാസു കാസുചി-
ന്മൃഗീദൃശം താം നിഭൃതം വിനോദയൻ,
അദാദുപശ്ലോക ഇതി ശ്രുതം സുതം
സ നാരദാത് സാത്വതതന്ത്രവിദ് ബഭൗ.

ഭാഷ

പിന്നെച്ചിലരാത്രി നൽകീ സുഖം, പുത്ര-
നുണ്ടായുപശ്ലോകനെന്നൊരുണ്ണി
നാരദ ശിഷ്യനായ് സാത്വത തന്ത്രവി-
ത്തായിട്ടു ഭക്തിമാർഗ്ഗം പരത്താൻ

അർത്ഥം : ചില രാത്രികളിൽ അവൾ ചോദിച്ച സുഖവും ഉപശ്ലോക നെന്ന ഒരു പുത്രനേയും നൽകി. ആ ഉണ്ണി നാരദശിഷ്യനായി സാത്വത തന്ത്രവിത്തായി. (കൃഷ്ണനു ശേഷം കൃഷ്ണന്റെ ഭക്തിമാർഗ്ഗം ഇന്ത്യയിൽ പരത്തി.)

മൂലം – 5

അക്രൂരമന്ദിരമിതോഽഥ ബലോദ്ധവാഭ്യാ-
മഭ്യർച്ചിതോ ബഹുനുതോ മുദിതേന തേന,
ഏനം വിസൃജ്യ വിപിനാഗതപാണ്ഡവേയ-
വൃത്തം വിവേദിഥ തഥാ ധൃതരാഷ്ട്രചേഷ്ടാം.

ഭാഷ

ഉദ്ധവരാമ സഹിതനായ ക്രൂര-
മന്ദിരം പുക്കാനൊരിക്കൽ കൃഷ്ണൻ
പ്രീതനായ് സൽക്കാരം ചെയ്തു സ്തുതിക്കയായ്
മാതുല നക്രൂരൻ സ്നേഹശീലൻ
കാട്ടിൽ നിന്നെത്തിയ പാണ്ഡുപുത്രന്മാരെ
ജ്യേഷ്ഠൻ ധൃതരാഷ്ട്രർ കാട്ടും ചേഷ്ട
കേട്ടിട്ടവരെ വിജയികളാക്കുവാൻ
പ്രേഷ്ഠ ധർമ്മജ്ഞൻ നിനച്ചുറച്ചു.

അർത്ഥം : ഉദ്ധവനും ബലരാമനുമൊത്ത് വീട്ടിൽവന്ന കൃഷ്ണനെ സന്തോഷപൂർവ്വം അക്രൂരൻ സത്ക്കരിച്ചു സ്തുതിച്ചു. അക്രൂരനെ അയച്ച് കാട്ടിൽ നിന്ന് നാട്ടിലെത്തിയ പാണ്ഡവരുടെ സ്ഥിതി [illegible] ഷിച്ചറിഞ്ഞു. ധൃതരാഷ്ട്രൻ അവരോട് അനീതി കാട്ടുന്നതറിഞ്ഞ് [illegible] ജ്ഞനായ കൃഷ്ണൻ അവരെ വിജയിപ്പിക്കാൻ ചിന്തിച്ചുറച്ചു.

മൂലം – 6

വിഘാതാജ്ജാമാതുഃ പരമസുഹൃദോ ഭോജനൃപതേർ-
ജരാസന്ധേ രുന്ധത്യനവധിരുഷാന്ധേഽഥ മഥുരാം,
രഥാദ്യൈർദ്യോർല്ലബ്ധൈഃ കതിപയബലസ്ത്വം ബലയുത-
സ്ത്രയോവിംശത്യക്ഷൗഹിണി തദുപനീതം സമഹൃഥാഃ

ഭാഷ

ജാമാതാ തോഴനുമാകുമാക്കംസനെ-
മാധവൻ കൊന്നതാൽ മാഗധേശൻ
വന്നു നിരോധിച്ചു നിൻപുരി; ഇന്ദ്രന്റെ
തേരിൽ ബലരാമനോടുകൂടി
തീരെച്ചെറിയ പടയോടിരുപതും
മൂന്നുമക്ഷൗഹിണി വൻ പടയെ
നേരിട്ടെതിർത്തിട്ടു മൂന്നു ക്ഷണം കൊണ്ടു
കാലപുരിയിങ്കലേയ്ക്കയച്ചു.

അർത്ഥം : സുഹൃത്തും ജാമാതാവുമായ കംസനെ കൊന്നതിന് പകരം വീട്ടാൻ മഗധാധിപനായ ജരാസന്ധൻ 23 അക്ഷൗഹിണീ സൈന്യത്തോടെ വന്ന് മഥുരയെ ഉപരോധിച്ചു. കൃഷ്ണനും ബലരാമനും ഇന്ദ്രരഥത്തിലേറി തീരെച്ചെറിയ ഒരു പടയുമായി ചെന്ന് മൂന്നു ക്ഷണം കൊണ്ട് 23 അക്ഷൗഹിണിപ്പടയെ സംഹരിച്ചു.

അക്ഷൗഹിണിയുടെ ക്രമക്കണക്ക്

ആന	തേര്	കുതിര	കാലാൾ	പേര്
1	1	3	5	ചെത്തി
3	3	9	15	സേനാമുഖം
9	9	27	45	ഗുല്മം
27	27	81	135	ഗണം
81	81	243	405	വാഹിനി
243	243	729	1215	പൃഥന
729	729	2187	3645	ചമു
2187	2187	6561	10945	അനാകിനി
6561	6561	19683	32805	ദശാനാകിനി
19683	19683	59049	98415	അക്ഷൗഹിണി

23 അക്ഷൗഹിണിയിൽ ആകെ സംഖ്യ

ആന	19683 × 23	452709
തേര്	19683 × 23	452709
കുതിര	59049 × 23	1358127
കാലാൾ	98415 × 23	2263545

മൂലം - 7

ബദ്ധം ബലാദഥ ബലേന ബലോത്തരം ത്വം
ഭൂയോ ബലോദ്യമരസേന മുമോചിഥൈനം,
നിശ്ശേഷദിഗ്ജയസമാഹൃതവിശ്വസൈന്യാത്
കോ/ന്യസ്തതോ ഹി ബലപൗരുഷവാംസ്തദാനീം.

ഭാഷ

രാമൻ പിടിച്ചു കെട്ടീ ജരാസന്ധനെ
നീ വിടീച്ചൂ യുദ്ധതന്ത്രശാലി
വീണ്ടും വരും ബലവാൻ പടകൂട്ടീട്ടു
ദിഗ്‌വിജയത്തിന്നവന്റെ സൈന്യം
എത്ര നശിപ്പിക്കാമത്രയും ഭൂഭാരം
തീർത്തുകൊടുക്കാമെന്നെണ്ണുകയാൽ

അർത്ഥം : ബലരാമൻ പിടിച്ചു കെട്ടിയ ജരാസന്ധനെ കൃഷ്ണൻ സ്വതന്ത്രനാക്കി. കൃഷ്ണൻ യുദ്ധതന്ത്രശാലിയാണ്. അക്കാലത്ത് ദിഗ് വിജയം ചെയ്ത് അനേകം സൈന്യസമ്പത്തുള്ളവനാണ് മഹാബല ശാലിയായ ജരാസന്ധൻ. അവൻ ഇനിയും പടകൂട്ടിവരും. എത്ര സൈന്യം നശിപ്പിക്കാമോ, അത്ര ഭൂഭാരം കുറച്ചു കൊടുക്കാമെന്നാണ് ഭഗവാന്റെ ചിന്ത.

മൂലം - 8

ഭഗ്നസ്സ ലഗ്നഹൃദയോ/പി നൃപൈഃ പ്രണുന്നോ
യുദ്ധം ത്വയാ വ്യധിത ഷോഡശകൃത്വ ഏവം,
അക്ഷൗഹിണീഃ ശിവശിവാസ്യ ജഘന്ഥ വിഷ്ണോ!
സംഭൂയ സൈകനവതിത്രിശതം തദാനീം.

ഭാഷ

തോറ്റിട്ടും വന്നു പതിനാറു പ്രാവശ്യ-
മേറ്റുനിന്നോടു മഹാബലവാൻ
മൂന്നൂറ്റിത്തൊണ്ണൂറ്റി യൊന്നക്ഷൗഹിണികളെ-
ക്കൊന്നൊടുക്കീ ഭവാൻ യുദ്ധഭൂവിൽ

അർത്ഥം : തോറ്റിട്ടും പിന്നെയും പിന്നെയും പതിനാറു പ്രാവശ്യം ജരാസന്ധൻ പടകൂട്ടി കൃഷ്ണനോട് യുദ്ധത്തിനു വന്നു. ആ യുദ്ധങ്ങ ളിൽ 391 അക്ഷൗഹിണികളെ (ആകെ) ഭഗവാൻ കൊന്നൊടുക്കി.

(ആനകൾ 19683 × 391

തേരുകൾ 19683 × 391

കുതിരകൾ 59049 × 391

കാലാളുകൾ 98415 × 391

ഇത്രയുമാണ് ആ 16 യുദ്ധങ്ങളിൽ നശിച്ച സംഖ്യ)

മൂലം – 9

അഷ്ടാദശേഽസ്യ സമരേ സമുപേയുഷി ത്വം
ദൃഷ്ട്വാ പുരോഽഥ യവനം യവനത്രികോട്യാ,
ത്വഷ്ട്രാ വിധാപ്യ പുരമാശു പയോധിമധ്യേ
തത്രാഥ യോഗബലതഃ സ്വജനാനനൈഷീഃ

ഭാഷ

അഷ്ടാദശ സമരത്തിൽ ഭവാൻ കണ്ടു
പിന്നിൽ ജരാസന്ധസൈന്യം, മുന്നിൽ
കാലയവനന്റെ മൂന്നു കോടിപ്പട,
ത്വഷ്ടാവിനാലാഴിയ്ക്കൊത്ത മദ്ധ്യേ
പെട്ടെന്നു ദ്വാരകയുണ്ടാക്കി, ത്തൻയോഗ–
സിദ്ധിയാൽ യാദവരേവരേയും
അപ്പുരി തന്നിൽ ക്ഷണത്തിലാക്കി, ഏക–
നത്ഭുതാത്മാ പരബ്രഹ്മരൂപൻ.

അർത്ഥം : പതിനെട്ടാമതും ജരാസന്ധൻ യുദ്ധത്തിനു വന്നു. പിന്നിൽ അവന്റെ സൈന്യവും മുന്നിൽ കാലയവനന്റെ മൂന്നുകോടിപ്പടയും കണ്ട ഭഗവാൻ ക്ഷണത്തിൽ വിശ്വകർമ്മാവിനെക്കൊണ്ട് കടൽ നടുവിൽ ദ്വാരകാപുരി ഉണ്ടാക്കിച്ചു. തന്റെ യോഗബലത്താൽ യാദവരെ മുഴുവൻ ആ നഗരത്തിലേക്ക് ക്ഷണത്തിൽ മാറ്റിത്താമസിച്ചു. പരബ്രഹ്മ സ്വരൂപനായ ആ അത്ഭുതത്മാവ് 'ഏക' മായി നിന്നു.

മൂലം – 10

പദ്ഭ്യാം ത്വം പദ്മമാലീ ചകിത ഇവ പുരാ–
ന്നിർഗ്ഗതോ ധാവമാനോ
മ്ലേച്ഛേശേനാനുയാതോ വധസുകൃതവിഹീ–
നേന ശൈലേ ന്യലൈഷീഃ
സുപ്തേനാംഘ്ര്യാഹതേന ദ്രുതമഥ മുചുകു–
ന്ദേന ഭസ്മീകൃതേഽസ്മിൻ
ഭൂപായാസ്മൈ ഗുഹാന്തേ സുലളിതവപുഷാ
തസ്ഥിഷേ ഭക്തിഭാജേ.

ഭാഷ

പത്മഹാരം ധരിച്ചിട്ടു പദയാത്ര–
യായിട്ടു ഭീതനെപ്പോലെയോടും
കൃഷ്ണനെപ്പിൻതുടർന്നാൻ യവനൻ തൃക്ക–
യ്യാലെ മരിക്കാൻ സുകൃതമറ്റോൻ.
ശൈലഗുഹയിൽക്കടന്നു കൃഷ്ണൻ, മൂഢൻ
കാലാൽച്ചവിട്ടി മുചുകുന്ദനെ
ഓർത്തു മുകുന്ദനെ, ന്നപ്പോഴേ ഭസ്മമായ്;
ദർശനം കിട്ടീ മുചുകുന്ദന്നും.

അർത്ഥം : ഒരു താമരമാല ധരിച്ച് പേടിച്ച ഭാവം അഭിനയിച്ച് കാന്തി യായി ഓടിപ്പോകുന്ന കൃഷ്ണനെ കാലയവനൻ പിൻതുടർന്നു. കൃഷ്ണന്റെ കൈകൊണ്ട് മരിക്കാനുള്ള സുകൃതം അവൻ ചെയ്തിരു ന്നില്ല. കൃഷ്ണൻ ഒരു പർവ്വത ഗുഹയിൽകടന്നു. വിഡ്ഢിയായ യവ നൻ ഗുഹയിൽ ഉറങ്ങുന്ന വ്യക്തി മുകുന്ദനാണെന്നു കരുതി "മുചു കുന്ദ"നെ ചവിട്ടി. ഉടനെ ഭസ്മമാവുകയും ചെയ്തു. ഭക്തനായ മുചു കുന്ദ രാജാവിന് കൃഷ്ണൻ ദർശനം കൊടുത്തു.

മൂലം – 11

'ഐക്ഷ്വാകോഽഹം വിരക്തോഽസ്മ്യഖിലനൃപസുഖേ
ത്വത്പ്രസാദൈകകാംക്ഷീ
ഹാ! ദേവേ'തി സ്തുവന്തം വരവിതതിഷു തം
നിഃസ്പൃഹം വീക്ഷ്യ ഹൃഷ്യൻ,
മുക്തേസ്തുല്യാം ച ഭക്തിം ധുതസകലമലം
മോക്ഷമപ്യാശു ദത്വാ,
'കാര്യം ഹിംസാവിശുദ്ധ്യൈ തപ' ഇതി ച തദാ
പ്രാത്ഥ ലോകപ്രതീത്യൈ.

ഭാഷ

"ഐക്ഷ്വാകുഞാൻ, രക്തിയില്ലാ സുഖങ്ങളിൽ
ത്വത് പ്രസാദം മാത്രമാണു വേണ്ടു."
നിസ്പൃഹനാമവൻ നിത്യശുദ്ധൻ നേടി
മുക്തി തുല്യം ഭക്തിയാലെ മോക്ഷം
ഹിംസാദോഷത്തിന്നശുദ്ധി പോകാൻ തപ-
ശുദ്ധിയെന്നുള്ളതു ലോകമാകെ
നന്നായറിയാനരുളി നീ, ശ്രീ മുചു-
കുന്ദകഥയ്ക്കിതു സാരമംശം.

അർത്ഥം : "ഞാൻ ഇക്ഷ്വാകുവംശജനാണ്. ഒരു സുഖത്തിലും താല്പര്യ മില്ലാത്ത വിരക്തനാണ്. അവിടുത്തെ പ്രസാദം മാത്രം മതി" എന്ന് പറഞ്ഞ നിഷ്ക്കാമനും നിത്യശുദ്ധനുമായ മുചുകുന്ദന് മുക്തിയ്ക്ക് തുല്യ മായ ഭക്തിയാൽ മോക്ഷം നൽകി. ഹിംസാ ദോഷത്തിന്റെ അശുദ്ധി പോകാൻ തപശുദ്ധിയാണ് മാർഗ്ഗമെന്ന് ലോകത്തിന് ഒരു പാഠമായി അരുളിച്ചെയ്കയും ചെയ്തു. മുചുകുന്ദ കഥയുടെ സാരാംശം ഇതു തന്നെ.

മൂലം – 12

തദനു മഥുരാം ഗത്വാ ഹത്വാ ചമൂം യവനാഹൃതാം
മഗധപതിനാ മാർഗേ സൈന്യൈഃ പുരേവ നിവാരിതഃ,
ചരമവിജയം ദർപ്പായാസ്മൈ പ്രദായ പലായിതോ
ജലധിനഗരീം യാതോ വാതാലയേശ്വര! പാഹി മാം.

ഭാഷ

പോന്നു മഥുരയ്ക്ക് കാലയവനന്റെ
സേനയെയെല്ലാമെ കൊന്നൊടുക്കി
ദ്വാരകാമാർഗ്ഗത്തിൽ വെച്ചു ജരാസന്ധൻ
നേരറിയാതെ തടഞ്ഞുവെച്ചു.
ഒന്നു ജയിച്ചോട്ടെ, യെന്നഹങ്കാരത്തെ
നന്നായുണ്ടാക്കീട്ടു നന്ദപുത്രൻ
ദ്വാരാപുരിയിലേയ്ക്കോടീ ഗുരുവായൂ–
രേശാ, നേരായ് കാക്ക രോഗം മാറാൻ.

അർത്ഥം : മഥുരയിൽ മടങ്ങിയെത്തി കാലയവനന്റെ പടയെ സംഹരിച്ചു. ദ്വാരകയിലേക്കു പോകുമ്പോൾ ജരാസന്ധൻ തടഞ്ഞു. ഒരു പ്രാവശ്യം ജയിച്ചോട്ടെ എന്നുവെച്ച് ഭഗവാൻ ദ്വാരകാപുരിയിലേക്ക് ഓടിപ്പോയി – അങ്ങനെ ജരാസന്ധന്റെ അഹങ്കാരം ഒന്ന് വർദ്ധിപ്പിച്ചു. ഗുരുവായൂരപ്പാ, രോഗം നശിപ്പിക്കാൻ അവിടുന്ന് എന്നെ കാത്തു കൊള്ളണേ.

O

ദശകം 78

രുക്മിണീസ്വയംവരം

മൂലം – 1

ത്രിദിവവർദ്ധകിവർദ്ധിതകൗശലം
ത്രിദശദത്തസമസ്തവിഭൂതിമത്
ജലധിമധ്യഗതം ത്വമഭൂഷയോ
നവപുരം വപുരഞ്ചിതരോചിഷാ.

ഭാഷ

സ്വർല്ലോകശില്പിതൻ ശില്പവിരുതേറ്റം
ഇന്ദ്രലോകൈശ്വര്യ ലീലാഗേഹം
സിന്ധുനടുവിൽ പുതിയ നഗരത്തെ
നിൻ രൂപത്താൽ നീയലങ്കരിച്ചു

അർത്ഥം : ദേവലോകശില്പിയുടെ ശില്പവൈദഗ്ദ്ധ്യം കാട്ടുന്നതും ഇന്ദ്രലോകത്തിലെ സമസ്തഐശ്വര്യവും കളിയാടുന്നതും കടൽ നടുവിലുള്ളതുമായ പുതിയ നഗരത്തെ കൃഷ്ണൻ തന്റെ സാന്നിദ്ധ്യത്താൽ അലങ്കരിച്ചു.

മൂലം – 2

ദദുഷി രേവതഭൂഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമ്മുദിതൈസ്സഹ യാദവൈഃ.

ഭാഷ

രേവത നന്ദിനി രേവതിയെ ബ്ബല-
രാമൻ വേൾക്കുന്നു ബ്രഹ്മജ്ഞയാലെ
യാദവസൗഹൃദവൃന്ദമോടൊത്തു നീ-
യാവിവാഹോത്സവമാഘോഷിച്ചു.

അർത്ഥം : രൈവതമനുപുത്രി രേവതിയെ ബ്രഹ്മാവിന്റെ ഉപദേശ പ്രകാരം ബലരാമൻ വേളി കഴിച്ചു. കൃഷ്ണനും യാദവരും സുഹൃത്തുക്കളും ആ വിവാഹോത്സവം ആഘോഷിച്ചു.

മൂലം – 3

അഥ വിദർഭസുതാം ഖലു രുക്മിണീം
പ്രണയിനീം ത്വയി ദേവ! സഹോദരഃ
സ്വയമദിത്സത ചേദിമഹീഭുജേ
സ്വതമസാ തമസാധുമുപാശ്രയൻ.

ഭാഷ

വൈദർഭി രുഗ്മിണി നിന്നിലനുരക്ത-
നിന്നെയും കാത്തിരിക്കുന്ന നേരം
അജ്ഞനാം സോദരൻ രുഗ്മിചേദീനൃപ-
പത്നിയാക്കാൻ സ്വയം നിശ്ചയിച്ചു.

അർത്ഥം : വിദർഭ രാജകുമാരി രുഗ്മിണി കൃഷ്ണനിൽ അനുരക്തയായി കൃഷ്ണൻ തന്നെ വിവാഹം കഴിക്കുന്ന നാളു നോക്കിയിരിയ്ക്കെ, അജ്ഞനായ സഹോദരൻ രുഗ്മി അവളെ ചേദി രാജാവായ ശിശുപാലനു കൊടുക്കാൻ സ്വയം ഏകപക്ഷീയമായ തീരുമാനമെടുത്തു.

മൂലം – 4

ചിരധൃതപ്രണയാ ത്വയി ബാലികാ
സപദി കാംക്ഷിതഭംഗസമാകുലാ
തവ നിവേദയിതും ദ്വിജമാദിശത്
സ്വകദനം കദനംഗവിനിർമ്മിതം.

ഭാഷ

ഏറെനാളായ് നിൻപ്രണയിനിയാഗ്രഹ-
ഭംഗത്തിലാശങ്കയോടൊരുനാൾ
ദുഃഖം പറയുവാനായിട്ടു ബ്രാഹ്മണ-
ദൂതനെ ദ്വാരാപുരിയ്ക്കയച്ചു.

അർത്ഥം : വളരെ നാളായി താൻ കാത്തുപോരുന്ന പ്രണയത്തിനും മോഹത്തിനും തടസ്സം വരുമെന്ന് കണ്ട് ആശങ്കയോടെ, തന്റെ ദുഃഖം ഭഗവാനോട് പറയാനായി അവൾ ഒരു ബ്രാഹ്മണനെ ദ്വാരകാപുരിയിലേക്ക് ദൂതയച്ചു.

മൂലം – 5

ദ്വിജസുതോഽപി ച തൂർണ്ണമുപായയൗ
തവ പുരം ഹി ദുരാശദുരാസദം
മുദമവാപ ച സാദരപൂജിതഃ
സ ഭവതാ ഭവതാപഹൃതാ സ്വയം.

ഭാഷ

ദുഷ്ടർ കടക്കാത്ത നിൻപുരിയിൽ ശുദ്ധ-
ബുദ്ധിദ്വിജൻ കടന്നാനെളുപ്പം
സംസാരതാപശമനമാം തൃക്കയ്യാൽ
സാദര പൂജയേറ്റാനന്ദിച്ചു.

അർത്ഥം : ദുഷ്ടർക്ക് കടക്കാനാവാത്ത ദ്വാരകയിൽ ശുദ്ധബുദ്ധിയായ ബ്രാഹ്മണൻ എളുപ്പം കടന്നു. സംസാരതാപശമനമായ തൃക്കയ്യുകൊണ്ട് ശ്രീകൃഷ്ണൻ തന്നെ സാദരം പൂജിച്ചപ്പോൾ ആനന്ദിച്ചു.

മൂലം – 6

സ ച ഭവന്തമവോചത കുണ്ഡിനേ
നൃപസുതാ ഖലു രാജതി രുക്മിണീ
ത്വയി സമുത്സുകയാ നിജധീരതാ-
രഹിതയാ ഹി തയാ പ്രഹിതോഽസ്മ്യഹം.

ഭാഷ

'കുണ്ഡിന രാജസുതയാകും രുഗ്മിണി
സുന്ദരി നിന്നനുരാഗലോല, കൃഷ്ണാ
കന്യയവൾ ദൂതയക്കയാൽ വന്നുഞാ-
നെന്നോതി നിന്നോടു ബ്രഹ്മചാരി

അർത്ഥം : 'കൃഷ്ണാ, കുണ്ഡിന രാജാവ് ഭീഷ്മകന്റെ പുത്രിയായ സുന്ദരിയായ രുഗ്മണി നിന്നിൽ പ്രേമവതിയാണ്. ആ കന്യക ദൂതയയ്ക്കയാലാണ് ഞാൻ വന്നത്' എന്ന് ബ്രാഹ്മണൻ പറഞ്ഞു.

മൂലം – 7

തവ ഹൃതാസ്മി പുരൈവ ഗുണൈരഹം
ഹരതി മാം കില ചേദിനൃപോഽധുനാ,
അയി കൃപാലയ! പാലയ മാമിതി
പ്രജഗദേ ജഗദേകപതേ! തയാ.

ഭാഷ

"നിൻ ഗുണം കേട്ടിട്ടുനിന്നലനുരക്ത
മുന്നമേ ഞാൻ കൃഷ്ണാ, പ്രാണനാഥാ
ഇന്നെന്നെച്ചേദി ഭൂപാലൻ ഹരിക്കുവാൻ
വന്നൂ, ഹരേ, പരിപാലയമാം.

അർത്ഥം : ഞാൻ വളരെ മുമ്പേ നിന്റെ ഗുണഗണം കേട്ട് നിന്നിൽ അനുരക്തയാണ്. ഇപ്പോൾ എന്നെ അപഹരിക്കാൻ ചേദിരാജാവ് ഒരുങ്ങുന്നു. കൃഷ്ണാ, ഹരേ, പ്രാണനാഥാ, എന്നെ രക്ഷിക്കണേ.'

മൂലം - 8

അശരണാം യദി മാം ത്വമുപേക്ഷസേ
സപദി ജീവിതമേവ ജഹാമ്യഹം
ഇതി ഗിരാ സുതനോരതനോദ് ഭൃശം
സുഹൃദയം ഹൃദയം തവ കാതരം.

ഭാഷ

നീയല്ലാതാരും ശരണമില്ലാത്തോൾ ഞാൻ
ജീവൻ കളയും നീ വന്നിടായ്കിൽ
സന്ദേശമേകിസ്സുഹൃത്താകുമാദ്വിജൻ
നിൻ ഹൃത്തും കാതരമാക്കി ചെമ്മേ.

അർത്ഥം : എനിക്ക് നീയല്ലാതെ മറ്റാരും ശരണമില്ല. നീ വരാഞ്ഞാൽ ഞാൻ എന്റെ ജീവിതം അവസാനിപ്പിച്ചുകളയും". രുഗ്മിണിയുടെ സന്ദേശം നൽകി സുഹൃത്തായ ദ്വിജൻ കൃഷ്ണന്റെ ഹൃദയവും കാതരമാക്കി.

മൂലം - 9

അകഥയസ്ത്വമഥൈനമയേ സഖേ!
തദധികാ മമ മന്മഥവേദനാ,
നൃപസമക്ഷമുപേത്യ ഹരാമ്യഹം
തദയി താം ദയിതാമസിതേക്ഷണാം.

ഭാഷ

"ഞാനും കൊതിപ്പു സഖേ, വന്നു കാണുവാ-
നേറെയുണ്ടല്ലോ മദനതാപം
ഞാനെത്തും സർവ്വനൃപസമക്ഷം ഹരി-
ച്ചാപ്രിയകന്യയെക്കൊണ്ടുപോരും"

അർത്ഥം : കൃഷ്ണൻ പറഞ്ഞു. "സുഹൃത്തേ, വന്നു കാണാൻ എനിക്കും മോഹമുണ്ട്. മദനതാപം വർദ്ധിച്ചിരിക്കുന്നു. ഞാൻ തീർച്ചയായും വരും. സകല രാജാക്കന്മാരുടേയും മുമ്പിൽ വെച്ച് ആ പ്രിയപ്പെട്ടവളെ കൊണ്ടുപോരികയും ചെയ്യും"

മൂലം – 10

പ്രമുദിതേന ച തേന സമം തദാ
രഥഗതോ ലഘു കുണ്ഡിനമേയിവാൻ,
ഗുരുമരുത്പുരനായക! മേ ഭവാൻ
വിതനുതാം തനുതാം നിഖിലാപദാം.

ഭാഷ

മോദിച്ച ദൂതനോടൊത്തുരഥമേറി
വൈദർഭ ദേശത്തിലെത്തിയോനേ
എന്നാമയങ്ങളുമാപത്തുമെല്ലാം നീ
നന്നായ് ഹരിയ്ക്ക, മരുത് പുരേശാ.

അർത്ഥം : ആനന്ദിച്ച ആ ദൂതനോടുകൂടി തേരിൽ കയറി വിദർഭയി ലെത്തിയ ഗുരുവായൂരപ്പാ, എന്റെ രോഗങ്ങളും ആപത്തുകളുമെല്ലാം ഹരിയ്ക്കണേ.

O

ദശകം 79

രുക്മിണീഹരണം

മൂലം – 1

ബലസമേതബലാനുഗതോ ഭവാൻ
പുരമഗാഹത ഭീഷ്മകമാനിതഃ
ദ്വിജസുതം ത്വദുപാഗമവാദിനം
ധൃതരസാ തരസാ പ്രണനാമ സാ.

ഭാഷ

പിന്നിൽ ബ്ബലരാമസൈന്യവും വന്നു, നീ
മന്നന്റെ സത്ക്കാരം സ്വീകരിച്ചു.
നീയെത്തിയെന്നോതും ബ്രാഹ്മണബാലനെ
ശ്രീദേവി നന്നായ് നമസ്ക്കരിച്ചു

അർത്ഥം : പിന്നാലെ ബലരാമനും സൈന്യത്തോടെ പുറപ്പെട്ടു. ഭീഷ്മക മന്നന്റെ സൽക്കാരം കൃഷ്ണൻ സ്വീകരിച്ചു. കൃഷ്ണൻ നഗര ത്തിലെത്തി എന്ന വാർത്ത വന്നു പറഞ്ഞ ബ്രാഹ്മണ ബാലനെ, രുഗ്മിണി സന്തോഷത്തോടെ നമസ്ക്കരിച്ചു.

മൂലം – 2

ഭുവനകാന്തമവേക്ഷ്യ ഭവദ്വപുർ-
നൃപസുതസ്യ നിശമ്യ ച ചേഷ്ടിതം,
വിപുലഖേദജുഷാം പുരവാസിനാം
സരുദിതൈരുദിതൈരഗമന്നിശാ.

ഭാഷ

ലോകൈക സുന്ദരമാകും നിൻ പൂവുടൽ
ആലോകനം ചെയ്ത പൗരരെല്ലാം
രാജകുമാരനാം രുഗ്മിതൻ ചെയ്തികേ
ട്ടേറെക്കരഞ്ഞു പരിതപിച്ചു.

അർത്ഥം : കൃഷ്ണന്റെ ഭുവനമനോഹരമായ ശരീര കാന്തി കണ്ട പൗര ന്മാർ രുഗ്മി രാജകുമാരൻ വരനായി ശിശുപാലനെ തെരഞ്ഞെടുത്ത പ്രവൃത്തിയിൽ ആവലാതിപ്പെട്ട് കരഞ്ഞ് രാത്രി കഴിച്ചു.

മൂലം – 3

തദനു വന്ദിതുമിന്ദുമുഖീ ശിവാം
വിഹിതമംഗലഭൂഷണഭാസുരാ,
നിരഗമദ്ഭവദർപ്പിതജീവിതാ
സ്വപുരതഃ പുരതഃ സുഭടാവൃതാ.

ഭാഷ

നിന്നിൽ സ്വജീവിതമർപ്പിച്ച രുഗ്മിണി
ഇന്ദുമുഖി മംഗളാംഗിയായി
മുന്നിൽ ഭടർ ചൂഴെ ശ്രീശിവവാഴുന്ന
മന്ദിരം തന്നിലേക്കാഗമിച്ചു.

അർത്ഥം : നിന്നിൽ മാത്രം ജീവിതമർപ്പിച്ച ഇന്ദുമുഖിയായ രുഗ്മിണി, മംഗല്യഭൂഷകളണിഞ്ഞ്, രക്ഷാഭടന്മാരൊപ്പം, ശിവയുടെ കോവിലിലേക്ക് തൊഴാൻ പുറപ്പെട്ടു.

മൂലം – 4

കുലവധൂഭിരുപേത്യ കുമാരികാ
ഗിരിസുതാം പരിപൂജ്യ ച സാദരം,
മുഹുരയാചത തത്പദപങ്കജേ
നിപതിതാ പതിതാം തവ കേവലം.

ഭാഷ

ചൂഴും സുമംഗലിമാർക്കൊപ്പം ബാലിക
സാദരം വന്ദിച്ചു ഗൗരീപാദം
നന്ദസുതനെത്തരിക ഭർത്താവെന്നു
നന്ദിച്ചു കാർത്ത്യായനിയെ വാഴ്ത്തി

അർത്ഥം : ചുറ്റും സുമംഗലികളോടുകൂടി അവൾ ഗൗരീപാദം വന്ദിച്ചു. 'നന്ദാത്മജൻ ഭർത്താവായി വരണ' മെന്നുമാത്രം പ്രാർത്ഥിച്ച് ആനന്ദത്തോടെ കാർത്ത്യായനിയെ വാഴ്ത്തി.

മൂലം – 5

സമവലോകകുതൂഹലസങ്കുലേ
നൃപകുലേ നിഭൃതം ത്വയി ച സ്ഥിതേ,
നൃപസുതാ നിരഗാദ്ഗിരിജാലയാത്
സുരുചിരം രുചിരഞ്ജിതദിങ്മുഖാ.

ഭാഷ

ദിങ്മുഖം ശോഭിക്കുമാറുകുമാരിക
ഭംഗിയിലമ്പലത്തീന്നു പോകെ
ഒന്നു കാണാൻ നൃപർ തിക്കിത്തിരക്കവെ
നിന്നു ഭവാൻ ദൂരെ നിശ്ചലനായ്

അർത്ഥം : ദിക്കുകളെയൊക്കെ പ്രകാശിപ്പിക്കുമാറ് ആ സുന്ദരി, ഭംഗിയിൽ അമ്പലത്തിൽ നിന്നു പോകുന്ന കാഴ്ച ഒരു നോക്കു കാണാൻ രാജാക്കന്മാർ തിക്കിത്തിരക്കി നിന്നു. കൃഷ്ണൻ മാത്രം അകലെ മാറി നിശ്ചലനായി നിന്നു.

മൂലം – 6

ഭുവനമോഹനരൂപരുചാ തദാ
വിവശിതാഖിലരാജകദംബയാ,
ത്വമപി ദേവ! കടാക്ഷവിമോക്ഷണൈഃ
പ്രമദയാ മദയാഞ്ചകൃഷേ മനാക്.

ഭാഷ

സർവ്വനൃപരുമാ സൗന്ദര്യ മോഹിതർ
സർവ്വേശാ നീയുമൊരു നിമിഷം
ആ രാഗലോല തൻ പ്രേമകടാക്ഷത്താൽ
ആലോല ചിത്തനായ് തീർന്നുപോയി.

അർത്ഥം : രാജാക്കന്മാരെല്ലാം അവളുടെ സൗന്ദര്യത്താൽ മോഹിതരായി ഒരു നിമിഷം, ആ അനുരാഗവതിയുടെ പ്രേമം നിറഞ്ഞ കടാക്ഷത്താൽ സർവ്വേശ്വരനായ കൃഷ്ണൻപോലും ആലോലചിത്തനായി (മനസ്സിളകി).

മൂലം – 7

'ക്വനു ഗമിഷ്യസി ചന്ദ്രമുഖീ'തി താം
സരസമേത്യ കരേണ ഹരൻ ക്ഷണാത്,
സമധിരോപ്യ രഥം ത്വമപാഹൃഥാ
ഭുവി തതോ വിതതോ നിനദോ ദ്വിഷാം.

ഭാഷ

"ചന്ദ്രമുഖീ നീ ഗമിപ്പതെ"ങ്ങെന്നു നിൻ
ദിവ്യസരസമൊഴികളോടെ
കയ്യുപിടിച്ചു രഥമേറ്റി; ശത്രുവിൻ
സൈന്യശബ്ദം പൊങ്ങി പാരിലെങ്ങും.

അർത്ഥം : "ചന്ദ്രമുഖീ, നീ എവിടെപ്പോകുന്നു" എന്നു സരസമായി മൊഴിഞ്ഞ് കൈപിടിച്ച് രഥത്തിൽ കയറ്റി. അപ്പോഴേക്കും ശത്രുക്കളുടെ സൈന്യം ഉയർത്തിയ ശബ്ദം ഭൂമിയാകെ പരന്നു.

മൂലം – 8

'ക്വനു ഗതഃ പശുപാല' ഇതി ക്രുധാ
കൃതരണാ യദുഭിശ്ച ജിതാ നൃപാഃ,
ന തു ഭവാനുദചാല്യത തൈരഹോ
പിശുനകൈശ്ശുനകൈരിവ കേസരീ.

ഭാഷ

'എങ്ങാണിടയ' നെന്നാഞ്ഞു കലഹിച്ചോ-
രെല്ലാം മറഞ്ഞൂ ബലസൈന്യത്താൽ
നായ്ക്കൾക്കു സിംഹത്തെയെന്നപോലെ നിന്നെ-
യാർക്കു മനക്കാൻ കഴിഞ്ഞുമില്ല.

അർത്ഥം : 'എവിടെ ആ ഇടയച്ചെക്കൻ' എന്നു കലഹിച്ചു യുദ്ധത്തിനു വന്നവരെ ബലരാമന്റെ സൈന്യം കൊന്നൊടുക്കി. നായ്ക്കൾക്ക് സിംഹത്തെ തൊടാൻ കഴിയാത്തപോലെ, ആർക്കും കൃഷ്ണനെ അനക്കാൻപോലും കഴിഞ്ഞില്ല.

മൂലം – 9

തദനു രുക്മിണമാഗതമാഹവേ
വധമുപേക്ഷ്യ നിബദ്ധ്യ വിരൂപയൻ,
ഹൃതമദം പരിമുച്യ ബലോക്തിഭിഃ
പുരമയാ രമയാ സഹ കാന്തയാ.

ഭാഷ

യുദ്ധത്തിനെത്തിയ രുഗ്മിയെക്കൊല്ലാതെ
ചിത്രവധം ചെയ്തു രാമാജ്ഞയാൽ
കാന്ത രമയുമൊത്താദിവ്യപൂരുഷൻ
സ്വാന്തഃപുരത്തിലേക്കാഗമിച്ചു.

അർത്ഥം : യുദ്ധത്തിനു വന്ന രുഗ്മിയെ ബലരാമൻ പറഞ്ഞതിനാൽ കൃഷ്ണൻ വധിച്ചില്ല. ചിത്രവധം ചെയ്ത് വിരൂപനാക്കി വിട്ടു. കാന്തയായ ലക്ഷ്മീദേവിയുമൊത്ത് സ്വന്തം അന്തഃപുരത്തിലേക്ക് ചെന്നു.

മൂലം – 10

നവസമാഗമലജ്ജിതമാനസാം
പ്രണയകൗതുകജൃംഭിതമന്മഥാം,
അരമയഃ ഖലു നാഥ! യഥാസുഖം
രഹസി താം ഹസിതാംശുലസന്മുഖീം.

ഭാഷ

ആദ്യസമാഗമലജ്ജാ വിവശയായ്
പ്രേമ കുതുകത്താൽ കാമിനിയായ്
പുഞ്ചിരിപ്പൂവാൽ മുഖം തെളിഞ്ഞാ പ്രിയ
തന്നിൽ രമിച്ചു സുഖിച്ചു കൃഷ്ണൻ

അർത്ഥം : ആദ്യസമാഗമത്തിലുള്ള ലജ്ജ, പ്രേമകൗതുകത്താലുള്ള കാമവർദ്ധനവ്, മന്ദഹാസത്താലുള്ള മുഖപ്രകാശം ഇവകളോടു കൂടിയ ആ പ്രിയതമയിൽ ആനന്ദപൂർവ്വം കൃഷ്ണൻ രമിച്ചു.

മൂലം – 11

വിവിധനർമ്മഭിരേവമഹർന്നിശം
പ്രമദമാകലയൻ പുനരേകദാ,
ഋജുമതേഃ കില വക്രഗിരാ ഭവാൻ
വരതനോരതനോദതിലോലതാം.

ഭാഷ

രാപ്പകലോരോന്നും നർമ്മസന്തോഷത്താൽ
ദീപ്തങ്ങളാക്കിയദമ്പതിമാർ
വക്രോക്തികൊണ്ടാ ഋജുമതിതൻ ലോല-
ഹൃത്തിന്നു ചാഞ്ചല്യവും കൊടുത്തു.

അർത്ഥം : രാപ്പകലുകൾ നർമ്മവും സന്തോഷവുംകൊണ്ട് ആ ദമ്പതിമാർ പ്രകാശപൂരിതമാക്കി. അതിനിടെ അർത്ഥംവെച്ച വക്രോക്തി പറഞ്ഞ് ഋജു മനസ്സുള്ള ആ ലോലഹൃദയയ്ക്ക് മനശ്ചാഞ്ചല്യവും കൃഷ്ണൻ സമ്മാനിച്ചു.

മൂലം – 12

തദധികൈരഥ ലാളനകൗശലൈഃ
പ്രണയിനീമധികം സുഖയന്നിമാം,
അയി! മുകുന്ദ! ഭവച്ചരിതാനി നഃ
പ്രഗദതാം ഗദതാന്തിമപാകുരു.

ഭാഷ

പിന്നെയധികതര ലാളനങ്ങളാൽ
കൗശലത്താൽ തൻപ്രണയിനിയിൽ
സായൂജ്യസൗഖ്യം കൊടുത്തോനേ, നിൻകഥ-
പാടുമിവൾക്കേകു രോഗശാന്തി.

അർത്ഥം : പിന്നീട് കൂടുതൽ ലാളനാകൗശലങ്ങളാൽ തന്റെ പ്രണയിനിക്ക് സായൂജ്യസൗഖ്യം കൊടുത്ത കൃഷ്ണാ, അവിടുത്തെ ചരിതം കീർത്തിക്കുന്ന ഇവൾക്ക് രോഗശാന്തി നൽകണേ.

O

ദശകം 80

സ്യമന്തകം

മൂലം - 1

സത്രാജിതസ്ത്വമഥ ലുബ്ധവദർക്കലബ്ധം
ദിവ്യം സ്യമന്തകമണിം ഭഗവന്നയാചീഃ,
തത്കാരണം ബഹുവിധം മമ ഭാതി നൂനം
തസ്യാത്മജാം ത്വയി രതാം ഛലതോ വിവോഢും.

ഭാഷ

സത്രാജിത്തിൻ ദിവ്യരത്നം സ്യമന്തകം
അർക്കദത്തം കൃഷ്ണൻ യാചിക്കുന്നു
തന്നിലനുരക്ത കന്യയാം ഭാമയെ
സ്വന്തമാക്കാനാവാമീയാചനം.

അർത്ഥം : സത്രാജിത്തിന് സൂര്യൻ കൊടുത്ത സ്യമന്തക രത്നത്തെ കൃഷ്ണൻ യാചിച്ചതിനു കാരണം പലതുണ്ടാവാം. പ്രധാന കാരണം തന്നിൽ അനുരക്തയായ സത്യഭാമയെ സ്വന്തമാക്കൽ തന്നെയാണ്.

മൂലം - 2

അദത്തം തം തുഭ്യം മണിവരമനേനാല്പമനസാ
പ്രസേനസ്തദ്ഭ്രാതാ ഗലഭുവി വഹൻ പ്രാപ മൃഗയാം
അഹന്നേനം സിംഹോ മണിമഹസിമാംസഭ്രമവശാത്
കപീന്ദ്രസ്തം ഹത്വാ മണിമപി ച ബാലായ ദദിവാൻ.

ഭാഷ

അല്പമനസനേകീലാ രത്നത്തെ, അ-
നല്പായുസ്സാകും അനുജനാട്ടെ
രത്നം ധരിച്ചു നായാട്ടിനുപോയ്, സിംഹം
കൊന്നു, കപീന്ദ്രനാ ജാംബവാനോ
സിംഹത്തെക്കൊന്നിട്ടു രത്നം നൽകി ബാല
മംഗള മൂർത്തിതൻ പൊന്മകൾക്കായ്

അർത്ഥം : അല്പമനസ്കനായ സത്രാജിത് രത്നം കൊടുത്തില്ല. അനുജൻ പ്രസേനൻ അതു ധരിച്ച് നായാട്ടിനു പോയി. അല്പായുസ്സായ അവനെ സിംഹം കൊന്നു. ജാംബവാൻ സിംഹത്തെ കൊന്ന് രത്നമെടുത്ത് മംഗളമൂർത്തിയും ബാലയുമായ തന്റെ ഓമന മകൾ ജാംബവതിയ്ക്ക് കളിക്കാൻ കൊടുത്തു.

മൂലം – 3

ശശംസുസ്സത്രാജിദ്ഗിരമനു ജനാസ്ത്വാം മണിഹരം
ജനാനാം പീയൂഷം ഭവതി ഗുണിനാം ദോഷകണികാ,
തതഃ സർവ്വജ്ഞോഽപി സ്വജനസഹിതോ മാർഗ്ഗണപരഃ
പ്രസേനം തം ദൃഷ്ട്വാ ഹരിമപി ഗതോഽഭൂഃ കപിഗുഹാം.

ഭാഷ

സത്രാജിത്തോതീ മണിഹരിച്ചുഹരി-
യെത്ര വേഗത്തിൽ പരന്നു ദോഷം!
ദോഷ കണമൊരു ദിവ്യനിൽ കാണുമ്പോൾ
പീയൂഷ തുല്യം പരത്തും ലോകം
സർവ്വജ്ഞനെന്നാലുമൊന്നുമറിയാത്ത
മട്ടിൽ തിരഞ്ഞിട്ടു നീ നടന്നു
കണ്ടുപ്രസേന ദേഹം, സിംഹദേഹവും
ചെന്നു കപീന്ദ്രന്റെ ഗഹ്വരത്തിൽ

അർത്ഥം : സത്രാജിത്ത് കൃഷ്ണൻ രത്നം കട്ടു എന്നു പറഞ്ഞുപരത്തി. ചെറിയ ഒരു ദോഷകണം ഒരു മഹാത്മാവിൽ കണ്ടാൽ അതിനെ പരത്തുന്നത് ജനങ്ങൾക്ക് അമൃതു കുടിക്കുന്നപോലെയാണ്. കാട്ടുതീ പോലെ അപവാദം പടർന്നു. സർവ്വജ്ഞനാണെങ്കിലും ഒന്നുമറിയാത്ത മട്ടിൽ കൃഷ്ണൻ രത്നം തിരഞ്ഞു നടന്ന് കാട്ടിൽ പ്രസേനന്റേയും സിംഹത്തിന്റേയും ജഡം കണ്ടെത്തി. കാല്പാടു നോക്കി നടന്ന് ജാംബവാന്റെ ഗുഹയിലെത്തി.

മൂലം – 4

ഭവന്തമവിതർക്കയന്നതിവയാഃ സ്വയം ജാംബവാൻ
'മുകുന്ദശരണം ഹി മാം ക ഇഹ രോദ്ധു'മിത്യാലപൻ
'വിഭോ! രഘുപതേ! ഹരേ! ജയ ജയേ'ത്യലം മുഷ്ടിഭി-
ശ്ചരംസ്തവ സമർച്ചനം വ്യധിത ഭക്തചൂഡാമണിഃ.

ഭാഷ

ഭക്തചൂഡാമണിവൃദ്ധനാം ജാംബവാൻ
രാമനെന്നോരാതെ നിന്റെ മാറിൽ
"ശ്രീഹരേ, രാമ, രഘുപതേ ജയ്ജയ
രാമ, മുകുന്ദശരണമെന്നെ
ആരുണ്ടെതിർക്കാ" നെന്നും ചൊല്ലിത്താഡനം
ചെയ്യുന്നു, പൂജനമായ് നീയേറ്റു.

അർത്ഥം : ഭക്തചൂഡാമണിയും വൃദ്ധനുമായ ജാംബവാൻ രാമനാണ് മുന്നിൽ നിൽക്കുന്നതെന്നറിയാതെ "ശ്രീഹരേ, രാമ, രഘുപതേ, ജയ ജയരാമരാമ, മുകുന്ദനെ ശരണം പ്രാപിച്ച എന്നെ എതിർക്കാനാരുണ്ട്" എന്നും പറഞ്ഞ് കൃഷ്ണന്റെ മാറത്ത് മുഷ്ടിചുരുട്ടി ഏറെനേരം ഇടിച്ചു. കൃഷ്ണൻ പുഞ്ചിരിയോടെ ആ "പൂജനം" ഏറ്റുവാങ്ങി.

മൂലം – 5

ബുദ്ധ്വാഥ തേന ദത്താം
നവരമണീം വരമണിം ച പരിഗൃഹ്ണൻ,
അനുഗൃഹ്ണന്നമുമാഗാഃ
സപദി ച സ്ത്രാജിതേ മണിം പ്രാദാഃ.

ഭാഷ

ഉൾക്കണ്ണുണർന്നു വരമണി കാണിക്ക
വെച്ചു നവരമണീമകളും
ആശിസ്സു നൽകി നവവധുവൊത്തുപോ–
ന്നാരത്നം സത്രാജിത്തിനും നൽകി

അർത്ഥം : ഉൾക്കണ്ണിൽ ബോധം ഉദിക്കവെ 'വരമണി' യും 'നവര മണി' യായ മകളും കാഴ്ചവെച്ച ഭക്തനെ കൃഷ്ണൻ അനുഗ്രഹിച്ചു. വധുവോടൊത്ത് മടങ്ങി, സ്യമന്തകം സത്രാജിത്തിന് കൊടുത്തു.

മൂലം – 6

തദനു സ ഖലു വ്രീളാലോലോ വിലോലവിലോചനാം
ദുഹിതരമഹോ ധീമാൻ ഭാമാം ഗിരൈവ പരാർപ്പിതാം,
അദിത മണിനാ തുഭ്യം ലഭ്യം സമേത്യ ഭവാനപി
പ്രമുദിതമനാസ്തസ്യൈവാദാന്മണിം ഗഹനാശയഃ.

ഭാഷ

ധീമാനിളകിയ ചിത്തനായ് നൽകിനാൻ
ലോലവിലോചന, വ്രീളാശീല
പുത്രിയാം ഭാമയെ, ക്കന്യാരത്നംഗ്രഹി–
ച്ചിട്ടും സ്യമന്തകം വാങ്ങിയില്ല.

അർത്ഥം : ബുദ്ധിമാനായ സത്രാജിത്ത് ചഞ്ചലഹൃദയത്തോടെ സുന്ദരിയും ലജ്ജാശീലയുമായ മകൾ സത്യഭാമയെ സ്യമന്തകത്തോടൊപ്പം കൃഷ്ണനു കൊടുത്തു. കന്യാരത്നത്തെ ദാനം ചെയ്തത് കൃഷ്ണൻ സ്വീകരിച്ചു. സ്യമന്തക രത്നം വാങ്ങാൻ കൂട്ടാക്കിയില്ല.

മൂലം – 7

വ്രീളാകുലാം രമയതി ത്വയി സത്യഭാമാം
കൗന്തേയദാഹകഥയാഥ കുരൂൻ പ്രയാതേ,
ഹീ ഗാന്ദിനേയകൃതവർമ്മഗിരാ നിപാത്യ
സത്രാജിതം ശതധനുർമണിമാജഹാര.

ഭാഷ

ലജ്ജിതയേറ്റം പ്രിയവതിഭാമയൊ
ത്തിചരപോലെ ഹരി വാണു സൗഖ്യം
കൗന്തേയർവെന്തരക്കില്ലത്തിൽ വാർത്തകേ-
ട്ടാ കുരു ക്ഷേത്രത്തിൽ പോയകാലം
അക്രൂരനും കൃതവർമ്മനും ചൊൽകെശ്ശ-
തധന്വാ കൊന്നു സത്രാജിതനെ
രത്നം ഹരിച്ചിട്ടൊളിച്ചവർ മൂവരും
തപ്തയായീ പ്രിയ സത്യഭാമ

അർത്ഥം : ലജ്ജാശീലയായ ഭാമയുമൊത്ത് സസുഖം വാണ കാലത്ത് അരക്കില്ലത്തിൽ പാണ്ഡവർ ദഹിച്ച വാർത്ത കേട്ടു. കൃഷ്ണൻ കുരുക്ഷേത്രത്തിലേക്കു പോയി. ആ തക്കത്തിൽ അക്രൂരനും കൃതവർമ്മാവും പ്രേരിപ്പിച്ച് ശതധന്വാവ് സത്രാജിത്തിനെകൊന്ന് സ്യമന്തകം കട്ട് ഒളിവിൽ പോയി. സത്യഭാമക്ക് ദുഃഖമായി.

മൂലം – 8

ശോകാത് കുരൂനുപഗതാമവലോക്യ കാന്താം
ഹത്വാ ദ്രുതം ശതധനും സമഹർഷയസ്താം,
രത്നേ സശങ്ക ഇവ മൈഥിലഗേഹമേത്യ
രാമോ ഗദാം സമശിശിക്ഷത ധാർത്തരാഷ്ട്രം.

ഭാഷ

ദുഃഖിതഭാമവന്നവലാതിപ്പെട്ടു,
ദുഷ്ടശതധന്വനെ വധിച്ചു
ദുഃഖമകറ്റി നീ; രാമനോ മൈഥില-
രാജ്യത്തിലെത്തി സുഖിച്ചുവാഴ്കെ
ധാർത്തരാഷ്ട്രന്നു ഗദായുദ്ധത്തിൽ ഗുരു
സ്ഥാനത്തു നിന്നിട്ടു ശിക്ഷയേകി

അർത്ഥം : ഭാമ ദുഃഖിച്ച് സങ്കടം പറഞ്ഞപ്പോൾ കൃഷ്ണൻ [illegible] വിനെകൊന്ന് ദുഃഖമകറ്റി. ബലരാമൻ മിഥിലയിൽ താമസിക്കുന്ന [illegible] ലത്ത് ദുര്യോധനന് ഗദായുദ്ധത്തിൽ ശിക്ഷണം നൽകി അവന്റെ [illegible] വായി.

മൂലം - 9

അക്രൂര ഏഷ ഭഗവൻ ഭവദിച്ഛയൈവ
സത്രാജിതഃ കുചരിതസ്യ യുയോജ ഹിംസാം,
അക്രൂരതോ മണിമനാഹൃതവാൻ പുനസ്ത്വം
തസ്യൈവ ഭൂതിമുപധാതുമിതി ബ്രുവന്തി.

ഭാഷ

അക്രൂരനക്രൂരകൃത്യം നടത്തിയ
വൻചതിയും ഭവദിഛയാവാം
നീവധിച്ചില്ല, മണിയുമെടുത്തില്ല
ഭക്തന്നുഭൂതി വർദ്ധിക്കുവാനായ്

അർത്ഥം : അക്രൂരൻ ആ ക്രൂരകൃത്യം നടത്തിയ വൻചതിയും [illegible] രേഛയാവാം. അക്രൂരനെ ഭഗവാൻ വധിച്ചില്ല, സ്യമന്തകം [illegible] ത്തുമില്ല. ഭക്തന് ഐശ്വര്യം വർദ്ധിച്ചോട്ടെ എന്ന് കരുതി [illegible] രുന്നു.

മൂലം - 10

ഭക്തസ്ത്വയി സ്ഥിരതരഃ സ ഹി ഗാന്ദിനേയ-
സ്തസ്യൈവ കാപഥമതിഃ കഥമീശ! ജാതാ,
വിജ്ഞാനവാൻ പ്രശമവാനഹമിത്യുദീർണ്ണം
ഗർവ്വം ധ്രുവം ശമയിതും ഭവതാ കൃതൈവ.

ഭാഷ

ഭക്തൻസ്ഥിരമതി ദുമ്മാർഗ്ഗത്തിൽച്ചിത്ത-
വൃത്തിയുണ്ടായതുമെങ്ങനേയോ!
വിജ്ഞാനി ഞാൻ ശമിയെന്നഹങ്കാരമാ-
മജ്ഞാനം തീർക്കാൻ നീ ചെയ്തതാമോ?

അർത്ഥം : അക്രൂരൻ സ്ഥിരമതിയായ ഭക്തനായിട്ടും [illegible] ദുർമ്മാർഗ്ഗത്തിൽ ചിത്തവൃത്തി ഉണ്ടായതെങ്ങനെ? ഞാൻ [illegible] ശമിയുമാണ് എന്ന അഹങ്കാരമാകുന്ന അജ്ഞാനം നീക്കാൻ [illegible] രൻ ചെയ്ത ലീലയാണോ?

മൂലം - 11

യാതം ഭയേന കൃതവർമ്മയുതം പുനസ്ത-
മാഹൂയ തദ്വിനിഹിതം ച മണിം പ്രകാശ്യ,
തത്രൈവ സുവ്രതധരേ വിനിധായ തുഷ്യൻ
ഭാമാകുചാന്തശയനഃ പവനേശ! പായാഃ.

ഭാഷ

അക്കൃതവർമ്മനോടൊത്തൊളിച്ചോടിയ
അക്രൂരനെ വരുത്തീട്ടാരത്നം
ശങ്ക നീക്കാനായി ലോകരെക്കാണിച്ചു
സുവ്രതൻ തന്നെത്തിരിച്ചേല്പിച്ചു
ഭാമതൻ മാറിൽ പ്രശാന്തം ശയിക്കുന്ന
മാധവ, ശാന്തമാക്കാമയങ്ങൾ

അർത്ഥം : കൃതവർമ്മാവിന്റെ കൂടെ ഒളിച്ചോടിയ അക്രൂരനെ വിളിച്ചു വരുത്തി സ്യമന്തകം അക്രൂരന്റെ കയ്യിലാണെന്ന് ലോകരുടെ ശങ്ക നീക്കാൻ കാണിച്ചുകൊടുത്തശേഷം വ്രതനിഷ്ഠനായ അദ്ദേഹത്തിന് അത് തിരിച്ചേല്പിച്ചു. ഭാമയുടെ മാറിൽ ശാന്തനായി ശയിക്കുന്ന ഗുരുവായൂരപ്പാ, എന്റെ ആമയങ്ങളെ ശാന്തമാക്കുക.

O

ദശകം 81

സുഭദ്രാഹരണം – നരകാസുര നിഗ്രഹം

മൂലം – 1

സ്നിഗ്ദ്ധാം മുഗ്ദ്ധാം സതതമപിതാം ലാലയൻ സത്യഭാമാം
യാതോ ഭൂയസ്സഹ ഖലു തയാ യാജ്ഞസേനീവിവാഹം
പാർത്ഥപ്രീത്യൈ പുനരപി മനാഗാസ്ഥിതോ ഹസ്തിപുര്യാം
ശക്രപ്രസ്ഥം പുനരപി വിഭോ! സംവിധായാഗതോഽഭൂഃ

ഭാഷ

സ്നിഗ്ദ്ധയും മുഗ്ദ്ധയുമായിടും ഭാമയെ
സ്നിഗ്ദ്ധനായെന്നും നീ ഓമനിച്ചു
ഭാമയുമൊത്തു പാഞ്ചാലീ പരിണയ-
വേദിയിലെത്തി വിളങ്ങിനിന്നു
അർജ്ജുനന്നാനന്ദമേകുവാൻ ഹസ്തിന-
പട്ടണത്തിൽ ചെന്നു താമസിച്ചു.
കൗന്തേയർക്കിന്ദ്രപ്രസ്ഥാഖ്യാനഗരത്തെ
യുണ്ടാക്കിച്ചിങ്ങു മടങ്ങിപ്പോന്നു.

അർത്ഥം : സ്നിഗ്ദ്ധയും മുഗ്ദ്ധയുമായ ഭാമയെ കൃഷ്ണൻ എപ്പോഴും പ്രേമപൂർവ്വം ലാളിച്ചു. അവളോടൊത്ത് പാഞ്ചാലീപരിണയത്തിനു പോയി. അർജ്ജുനനെ സന്തോഷിപ്പിക്കാൻ ഭാമാസമേതം ഹസ്തിനപുരിയിൽ താമസിച്ചു. കുന്തീപുത്രന്മാർക്ക് ഇന്ദ്രപ്രസ്ഥനഗരം പണിയിപ്പിച്ചു കൊടുത്ത ശേഷം ദ്വാരകയിലേക്ക് മടങ്ങി.

മൂലം – 2

ഭദ്രാം ഭദ്രാം ഭവദവരജാം കൗരവേണാർത്ഥ്യമാനാം
ത്വദ്വാചാ താമഹൃത കുഹനാമസ്കരീ ശക്രസൂനുഃ,
തത്ര ക്രുദ്ധം ബലമനുനയൻ പ്രത്യഗാസ്തേന സാർദ്ധം
ശക്രപ്രസ്ഥം പ്രിയസഖമുദേ സത്യഭാമാസഹായഃ.

ഭാഷ

ഭദ്ര സുഭദ്ര നിൻ സോദരിയെ ധാർത്ത-
രാഷ്ട്രൻ വധുവായി യാചിച്ചപ്പോൾ
സന്യാസിവേഷത്തിൽ പാർത്ഥനെക്കൊണ്ടുനീ
ആനന്ദമോടെ ഹരിപ്പിക്കുന്നു.
ക്രുദ്ധൻ ബലരാമനേയുമനുനയി-
ച്ചർജ്ജുനപ്രീതി പ്രദർശിപ്പിക്കാൻ
രാമനും ഭാമയുമൊന്നിച്ചിന്ദ്രപ്രസ്ഥ-
ഭൂമിയിൽ വീണ്ടും നീ വന്നുചേർന്നു.

അർത്ഥം : ഭദ്രയായ നിന്റെ സോദരി സുഭദ്രയെ ദുര്യോധനൻ വധു വാക്കാൻ അർത്ഥിച്ചു. അവിടുന്ന് സന്യാസിവേഷം കെട്ടിച്ച് അർജ്ജു നനെക്കൊണ്ട് അവളെ സന്തോഷപൂർവ്വം അപഹരിപ്പിച്ചു. കോപിച്ച ബലരാമനെ അനുനയിപ്പിച്ച്, അർജ്ജുനനിൽ പ്രീതിയുണ്ടെന്ന് കാണി യ്ക്കാൻ രാമനോടും ഭാമയോടും കൂടി വീണ്ടും ഇന്ദ്രപ്രസ്ഥത്തിലെത്തി.

മൂലം – 3

തത്ര ക്രീഡന്നപി ച യമുനാകൂലദൃഷ്ടാം ഗൃഹീത്വാ
താം കാളിന്ദീം നഗരമഗമഃ ഖാണ്ഡവപ്രീണിതാഗ്നിഃ,
ഭ്രാതൃത്രസ്താം പ്രണയവിവശാം ദേവ! പൈതൃഷ്വസേയീം
രാജ്ഞാം മദ്ധ്യേ സപദി ജുഹൃഷേ മിത്രവിന്ദാമവന്തീം.

ഭാഷ

കാളിന്ദീ തീരത്തിൽ നായാട്ടുവേളയിൽ
കാളിന്ദീദേവിയെക്കണ്ടു ദേവൻ
ഗാന്ധർവ്വരീതിയിൽ വേട്ടു; ദഹനനെ
ഖാണ്ഡവ ദാഹത്താൽ പ്രീതനാക്കി,
ആവന്തിക മിത്രാവിന്ദമുറപ്പെണ്ണു
പ്രേമലോല, ഭ്രാതൃത്രസ്ത ദേവീ
രാജസഭയിലാക്കാമുകിയെക്കട്ടു
പ്രേമവിമുക്തിയവൾക്കുമേകി.

അർത്ഥം : കാളിന്ദീതീരത്തു നായാടുമ്പോൾ കണ്ട കാളിന്ദിയെ ഗാന്ധർവ്വവിധിയിൽ വേട്ടു; ഖാണ്ഡവദാഹത്താൽ അഗ്നിക്ക് സന്തോഷം നൽകി; സഹോദരന്മാരെ പേടിച്ചിരിക്കുന്നവളും നിന്റെ മുറപ്പെണ്ണും

നിന്നെ പ്രേമിക്കുന്നവളുമായ അവന്തിയിലെ മിത്രാവിന്ദയെ രാജസഭ യിൽ നിന്ന് പരസ്യമായി അപഹരിച്ച് അവൾക്ക് പ്രേമമുക്തി കൊടുത്തു.

മൂലം - 4

സത്യാം ഗത്വാ പുനരുദവഹോ നഗ്നജിന്നന്ദനാം താം
ബദ്ധ്വാ സപ്താപി ച വൃഷവരാൻ സപ്തമൂർത്തിർനിമേഷാത്,
ഭദ്രാം നാമ പ്രദദുരഥ തേ ദേവ! സന്തർദ്ദനാദ്യാ-
സ്തത്സോദര്യാം വരദ! ഭവതഃ സാപിപൈതൃഷ്വസേയീ.

ഭാഷ

ഏഴുരൂപം ധരിച്ചേഴു ഋഷഭരെ-
യേഴഴകോടെപ്പിടിച്ചു കെട്ടി
കേഴമാൻ കണ്ണാളാം സത്യ കൗസല്യയെ
ഏണാങ്കനേത്രൻ പരിഗ്രഹിച്ചു.
സന്തർദ്ദനന്മാർ സഹോദരന്മാരേകി
സുന്ദരി ഭദ്രയാം സോദരിയെ
നിൻമുറപ്പെണ്ണാമക്കേകയ കന്യയെ
ചിന്മയാ പിന്നെ നീ വേട്ടുവല്ലൊ.

അർത്ഥം : കോസലത്തിലെ നഗ്നജിത്തിന്റെ പുത്രി സത്യയെ ഏഴു ഋഷഭങ്ങളെ ഏഴുരൂപം ധരിച്ച് കീഴടക്കിയിട്ടാണ് കൃഷ്ണൻ പരിണയി ച്ചത്. കേകയത്തിലെ ഭദ്ര എന്ന മുറപ്പെണ്ണിനെ അവളുടെ സഹോദര ന്മാർ സന്തർദ്ദനന്മാർ കൃഷ്ണന് വഴിപോലെ വിവാഹം ചെയ്തു കൊടുത്തു.

മൂലം - 5

പാർത്ഥാദ്യൈരപ്യകൃതലവനം തോയമാത്രാഭിലക്ഷ്യം
ലക്ഷം ഛിത്വാ ശഫരമവൃഥാ ലക്ഷ്മണാം മദ്രകന്യാം,
അഷ്ടാവേവം തവ സമഭവൻ വല്ലഭാസ്തത്ര മധ്യേ
ശുശ്രോഥ ത്വം സുരപതിഗിരാ ഭൗമദുശ്ചേഷ്ടിതാനി.

ഭാഷ

പാർത്ഥനും ഭേദിക്കാനാവാഞ്ഞ ലക്ഷ്യത്തെ
തീർത്ഥചരായാമത്സ്യരൂപം നോക്കി
ഛേദിച്ചു ലക്ഷ്മണയാമഷ്ടമലക്ഷ്മി-
ദേവിയേയും ഭവാൻ സ്വന്തമാക്കി
ഭൂദേവിക്കന്നുവരാഹനിലുണ്ടായ
ഭൗമൻ നരകാസുരന്റെ ചെയ്തി
ഇന്ദ്രൻ പറഞ്ഞറിഞ്ഞിട്ടവിടുന്നപ്പോൾ
ദുശ്ചേഷ്ടനിർത്താൻ പുറപ്പെടുന്നു.

അർത്ഥം : പാർത്ഥനും കൂടി ഭേദിക്കാൻ കഴിയാത്തതും, വെള്ളത്തിൽ ഛായ പ്രതിബിംബിക്കുന്നതുമായ മത്സ്യമെന്ന ലക്ഷ്യത്തെ, ഛായ നോക്കി ഭേദിച്ച് എട്ടാമത്തെ ലക്ഷ്മിയായ ലക്ഷ്മണയെ വേട്ടു. ഭൂദേവിക്ക്

വരാഹത്തിലുണ്ടായ ഭൗമനെന്ന നരകാസുരന്റെ ദുഷ്പ്രവൃത്തി ഇന്ദ്രനിൽ നിന്ന് കേട്ടറിഞ്ഞ് അത് നിർത്തലാക്കാൻ പുറപ്പെട്ടു.

മൂലം - 6

സ്മൃതായാതം പക്ഷിപ്രവരമധിരൂഢസ്ത്വമഗമോ
വഹന്നങ്കേ ഭാമാമുപവനമിവാരാതിഭവനം;
വിഭിന്ദൻ ദുർഗ്ഗാണി ത്രുടിതപൃതനാശോണിതരസൈഃ
പുരം താവത് പ്രാഗ്ജ്യോതിഷ മകുരുഥാഃ ശോണിതപുരം.

ഭാഷ

ഒന്നു സ്മരിയ്ക്കെ യണഞ്ഞ ഗരുഡന്മേ-
ലങ്കത്തിൽ ഭാമയേയും കയറ്റി
ക്രീഡാവനത്തിലേക്കെന്നപോൽ മാധവൻ
കേറുന്നു ദുർഗ്ഗമം ശത്രുദുർഗ്ഗേ.
ദുർഗ്ഗമദുർഗ്ഗം തകർത്തൂരണത്തിലാ
ദുഷ്ടസൈന്യത്തെ വധിച്ചനേരം
ശോണിത നീരൊഴുക്കാലെ പ്രാഗ് ജ്യോതിഷം
ശോണപുരമാക്കിത്തീർത്തു കൃഷ്ണൻ

അർത്ഥം : ഒന്നു സ്മരിച്ചപ്പോഴേക്കും പറന്നെത്തിയ ഗരുഡവാഹനത്തിൽ മടിയിൽ ഭാമയെ ഇരുത്തി, ക്രീഡോദ്യാനത്തിലേക്കെന്നപോലെയാണ് ദുർഗ്ഗമമായ ശത്രുമാർഗ്ഗത്തിലേക്ക് അനായാസേന പോയത്. ദുർഗ്ഗം തകർത്ത്, ദുഷ്ടസൈന്യത്തെ വധിച്ച് ശോണിത നീരൊഴുക്കാൽ (രക്തപ്പുഴ) പ്രാഗ്ജ്യോതിഷത്തിന്റെ ശോണിതപുരമെന്ന ആ പേര് അന്വർത്ഥമാക്കിത്തീർത്തു.

മൂലം - 7

മുരസ്ത്വാം പഞ്ചാസ്യോ ജലധിവനമധ്യാദുദപതത്
സ ചക്രേ ചക്രേണ പ്രദലിതശിരാ മങ്ക്ഷു ഭവതാ;
ചതുർദന്തൈർദന്താവളപതിഭിരിന്ധാനസമരേ
രഥാംഗേന ഛിത്വാ നരകമകരോസ്തീർണ്ണനരകം.

ഭാഷ

അഞ്ചുമുഖൻ മുരൻ ആഴിയിൽ നിന്നെത്തി
അഞ്ചുതലയുമറുത്തു ചക്രം
നാലാനയൊത്തെത്തും നാരകന്നുംചക്ര-
ത്താലെ നരക വിമുക്തി നൽകി

അർത്ഥം : അഞ്ചു മുഖമുള്ള മുരനെന്ന അസുരൻ കടലിൽനിന്ന് വന്ന് എതിർത്തപ്പോൾ ചക്രത്താൽ അഞ്ചു തലയും മുറിച്ചു. നാല് ആനകളോടെ വന്ന നരകാസുരനെ ചക്രത്താൽ വധിച്ച് നരകത്തിൽ നിന്ന് മുക്തനാക്കി.

മൂലം – 8

സ്തുതോ ഭൂമ്യാ രാജ്യം സപദി ഭഗദത്തേ/സ്യ തനയേ
ഗജം ചൈകം ദത്വാ പ്രജിഘയിഥ നാഗാൻ നിജപുരീം;
ഖലേനാബദ്ധാനാം സ്വഗതമനസാം ഷോഡശ പുനഃ
സഹസ്രാണി സ്ത്രീണാമപി ച ധനരാശിം ച വിപുലം.

ഭാഷ

ഭൂദേവി വന്നു സ്തുതിയ്ക്കെ ഭഗദത്ത-
നേകിയായുസ്സുമൊരാനയേയും
മറ്റു മൂന്നാന, ഭണ്ഡാരം, തടവിലെ
ഷോഡശം കന്യകമാരെയൊപ്പം
ദ്വാരകാപട്ടണം തന്നിലയച്ചിട്ടു
ശ്രീഹരി തൻ ദൗത്യം പൂർത്തിയാക്കി

അർത്ഥം : ഭൂമിദേവി വന്ന് വംശം വിച്ഛേദിക്കരുതെന്ന് അപേക്ഷിക്കയാൽ നരകാസുരപുത്രൻ ഭഗദത്തന് ആയുസ്സും നാൽക്കൊമ്പനാനകളിൽ ഒന്നിനേയും കൊടുത്തു. മറ്റു മൂന്നാനയും നരകാസുരന്റെ ഭണ്ഡാരത്തിലെ ധനവും അവൻ തടവിലാക്കിയവരും നിന്നിൽ മനമർപ്പിച്ചവരുമായ 16000 സ്ത്രീകളേയും ദ്വാരകയിലേക്കയച്ച് ദൗത്യം പൂർത്തിയാക്കി.

മൂലം – 9

ഭൗമാപാഹൃതകുണ്ഡലം തദദിതേർദാതും പ്രയാതോ ദിവം,
ശക്രാദ്യൈർമഹിതസ്സമം ദയിതയാദ്യുസ്ത്രീഷു ദത്തഹ്രിയാ,
ഹൃത്വാ കല്പതരും രുഷാഭിപതിതം ജിത്വേന്ദ്രമഭ്യാഗമ-
സ്തത്തു ശ്രീമദദോഷ ഈദൃശ ഇതിവ്യാഖ്യാതുമേവാകൃഥാഃ.

ഭാഷ

ഭൗമനപഹരിച്ചീടിന ദേവമാ-
താവിന്റെ കുണ്ഡലം നൽകുവാനായ്
ദ്യോവിലണഞ്ഞു; നിൻ ഭാമതൻ സൗന്ദര്യം
ദേവസ്ത്രീമാരെയും നാണിപ്പിച്ചു.
ദേവേന്ദ്രൻ പൂജിച്ചു ഭാമാസമേതനാം
നാരകവൈരി നാരായണനെ
ഭാമയ്ക്കായ് പാരിജാതാപഹരണവും
ദേവേന്ദ്രനോടു വിജയയുദ്ധം
ഐശ്വര്യസിദ്ധിയിൽ ശക്രന്നഹങ്കാരം
ഈശ്വരൻ തെല്ലു കുറച്ചതാവാം

അർത്ഥം : നരകാസുരൻ അപഹരിച്ച അദിതിയുടെ കുണ്ഡലം തിരിച്ചു കൊടുക്കാൻ സ്വർഗ്ഗത്തിൽ പോയി. ഭാമയുടെ സൗന്ദര്യം കണ്ട് ദേവസ്ത്രീകൾ നാണിച്ചു. ഭാമാസമേതനായ കൃഷ്ണനെ ദേവേന്ദ്രൻ

പൂജിച്ചു. ഭാമയ്ക്കുവേണ്ടി പാരിജാതാപഹരണവും എതിർത്തു വന്ന ദേവേന്ദ്രനെ തോല്പിച്ചതും ഇന്ദ്രന്റെ ഐശ്വര്യസിദ്ധിയിലുള്ള അഹ-ങ്കാരം കുറയ്ക്കാൻ അവിടുന്നു ചെയ്തതാവണം.

മൂലം – 10

കല്പദ്രും സത്യഭാമാഭവനഭുവി സൃജൻ ദ്വ്യഷ്ടസാഹസ്രയോഷാ
സ്വീകൃത്യ, പ്രത്യഗാരം വിഹിതബഹുവപുർലാളയൻ കേളിഭേദൈഃ,
ആശ്ചര്യാന്നാരദാലോകിതവിവിധഗതിസ്തത്ര തത്രാപി ഗേഹേ,
ഭൂയസ്സർവാസു കുർവൻ ദശ ദശ തനയാൻ പാഹി വാതാലയേശ!

ഭാഷ

സത്യഭാമാങ്കണേ നട്ടുകല്പദ്രുമം
ഈരെട്ടുസാഹസ്രമെട്ടുപേർക്കും
കേളീഭവനത്തിൽ യോഗബലത്താലേ
കേളീഭേദം, രൂപം, ലാളനകൾ
ഏതേതു വീട്ടിലാ നാരദൻ കണ്ടുവോ
ഏതേതു സുന്ദരഭാവമാറ്റം
ആ ഗതി വേഗത്തിലുണ്ടായ് പതിപ്പത്തു
ബാലകരോരോ വധൂടിയിലും
ആശ്ചര്യലീലാവിലോല, കൃഷ്ണാ, എന്റെ-
യാമയം തീർത്തിട്ടു പാലിക്കണം.

അർത്ഥം : പാരിജാതം സത്യഭാമയുടെ വീട്ടുമുറ്റത്തു നട്ടു. പതിനാറാ-യിരത്തെട്ടു വധുക്കളുടെ കേളീഗൃഹത്തിലും യോഗബലത്താൽ അത്രയും ശരീരമെടുത്ത് കേളീ ഭേദങ്ങളും ലാളനകളും ചെയ്തു. നാര-ദൻ ഏതേതു വീട്ടിൽ ചെന്നുവോ അവിടെയൊക്കെ വിവിധ ഭാവ-ത്തിൽ കേളിയിൽ ഭഗവാനെ കണ്ടു. ആ ഗതിവേഗത്തിൽ ഓരോ വധു-വിലും പത്തുവീതം കുട്ടികളെ ജനിപ്പിച്ചു. ഇങ്ങനെ ആശ്ചര്യകരമായ ലീലകളാടിയ കൃഷ്ണാ, എന്റെ ആമയം തീർത്ത് രക്ഷിക്കണം.

○

ദശകം 82

ബാണയുദ്ധവും നൃഗമോക്ഷവും

മൂലം – 1

പ്രദ്യുമ്നോ രൗക്മിണേയസ്സ ഖലു തവ
കലാശംബരേണാഹൃതസ്തം
ഹത്വാ രത്യാ സഹാപ്തോ നിജപുരമഹര-
ദ്രുക്മികന്യാം ച ധന്യാം
തത്പുത്രോഽഥാനിരുദ്ധോ ഗുണനിധിരവഹ-
ദ്രോചനാം രുക്മിപൗത്രീം
തത്രോദ്വാഹേ ഗതസ്ത്വം ന്യവധി മുസലിനാ
രുക്മ്യപിദ്യൂതവൈരാത്.

ഭാഷ

ശംബരൻ കട്ടു പ്രദ്യുമ്നനെ; നിഗ്രഹി-
ച്ചെത്തിരതിയൊത്തു ദ്വാരകയിൽ
രുഗ്മിതൻ കന്യയെ കട്ടു വധുവാക്കി
പുത്രനനിരുദ്ധൻ സദ്ഗുണവാൻ
രുഗ്മിതൻ പൗത്രിയാം രോചനയെവേട്ടു
കൃഷ്ണനും പോയിരുന്നാദിവസം.
ചൂതിൽ വഴക്കായി രാമനാ രുഗ്മിയെ
ദ്യൂതവൈരത്താലെ നിഗ്രഹിച്ചു

അർത്ഥം : രുഗ്മിണീപുത്രൻ പ്രദ്യുമ്നനെ ശംബരൻ കട്ടു. അവനെ വധിച്ച് രതിയോടൊപ്പം മടങ്ങിവന്ന പ്രദ്യുമ്നൻ അമ്മാമന്റെ മകളെ (രുഗ്മിയുടെ മകൾ) അപഹരിച്ച് വധുവാക്കി. അവരുടെ പുത്രൻ അനിരുദ്ധൻ രുഗ്മിയുടെ പൗത്രി രോചനയെ വിവാഹം ചെയ്തു. വിവാഹ ദിനത്തിൽ കൃഷ്ണനും ചെന്നിരുന്നു. അവിടെവെച്ച് ചൂതുകളിയിൽ വഴക്കിട്ട് ബലരാമൻ രുഗ്മിയെ വധിച്ചു.

മൂലം – 2

ബാണസ്യ സാ ബലിസുതസ്യ സഹസ്രബാഹോർ-
മാഹേശ്വരസ്യ മഹിതാ ദുഹിതാ കിലോഷാ
ത്വത്പൗത്രമേനമനിരുദ്ധമദൃഷ്ടപൂർവ്വം
സ്വപ്നേഽനുഭൂയ ഭഗവൻ വിരഹാതുരാഭൂത്.

ഭാഷ

ആയിരം കയ്യെഴും ബാണൻ ബലിപുത്രൻ
ശ്രീമഹാദേവന്റെ ഭക്തനത്രെ
ബാണന്റെ പുത്രിയുഷയനിരുദ്ധനെ
സ്വപ്നത്തിലാദ്യമായ്ക്കണ്ട നേരം
സ്വപ്നാനുഭൂതി പ്രണയ വിവശയാ-
യേറ്റം വിരഹാതുരയുമായി

അർത്ഥം : ബലിപുത്രനായ ബാണൻ ആയിരം കയ്യുള്ളവനും ശിവ ഭക്തനുമാണ്. അവന്റെ പുത്രി ഉഷ അനിരുദ്ധനെ സ്വപ്നത്തിൽ കണ്ട്, സ്വപ്നാനുഭൂതിയാൽ പ്രണയവിവശയും വിരഹവിധുരയുമായി.

മൂലം – 3

യോഗിന്യതീവ കുശലാ ഖലു ചിത്രലേഖാ
തസ്യാഃ സഖീ വിലിഖതീ തരുണാനശേഷാൻ
തത്രാനിരുദ്ധമുഷയാ വിദിതം നിശായാ-
മാനേഷ്ട യോഗബലതോ ഭവതോ നികേതാത്.

ഭാഷ

തോഴിയാം യോഗിനിചിത്രലേഖ ചിത്ര-
ലേഖനം ചെയ്തു തിരിച്ചറിഞ്ഞു
സ്വപ്നകുമാരനെ യോഗബലത്തിനാൽ
ചൊല്പടിക്കാക്കീട്ടു കൊണ്ടുപോന്നു.

അർത്ഥം : തോഴിയും യോഗിനിയും സമർത്ഥയുമായ ചിത്രലേഖ എല്ലാ യുവാക്കന്മാരുടേയും ചിത്രം വരച്ചു. അതിൽ നിന്ന് ഉഷ പറഞ്ഞ് അനിരുദ്ധനെ തിരിച്ചറിഞ്ഞു. ആ സ്വപ്നരാജകുമാരനെ അവൾ യോഗ ബലത്താൽ മയക്കി ചൊല്പടിക്കാക്കി കൊണ്ടുവന്ന് ഉഷയ്ക്ക് കൊടുത്തു.

മൂലം – 4

കന്യാപുരേ ദയിതയാ സുഖമാരമന്തം
ചൈനം കഥഞ്ചന ബബന്ധുഷി ശർവ്വബന്ധൗ
ശ്രീനാരദോക്തതദുദന്തദുരന്തരോഷൈ-
സ്ത്വം തസ്യ ശോണിതപുരം യദുഭിർന്യരുന്ധാഃ.

ഭാഷ

അന്തഃപുരത്തിലുഷയുമായ് മേളിക്കും
സുന്ദരനെബ്ബന്ധനത്തിലാക്കി
ബാണനതു നാരദൻ ചൊല്ലിക്കേട്ടിട്ടു
യാദവരൊത്തു വളഞ്ഞു രാജ്യം

അർത്ഥം : അന്തഃപുരത്തിൽ ഉഷയുമായി സസുഖം മേളിയ്ക്കുന്ന സുന്ദര പുരുഷനെ ബാണൻ തടവിലാക്കി. ഈ വിവരം നാരദൻ പറഞ്ഞ റിഞ്ഞ് കൃഷ്ണൻ യാദവസംഘത്തോടൊപ്പം ശോണിതപുരം വളഞ്ഞു.

മൂലം – 5

പുരീപാലഃ ശൈലപ്രിയദുഹിതൃനാഥോഽസ്യ ഭഗവാൻ
സമം ഭൂതവ്രാതൈര്യദുബലമശങ്കം നിരുരുധേ
മഹാപ്രാണോ ബാണോ ഝടിതി യുയുധാനേന യുയുധേ
ഗുഹഃ പ്രദ്യുമ്നേന ത്വമപി പുരഹന്ത്രാ ജഘടിഷേ.

ഭാഷ

കോട്ടകാക്കും ശിവൻ ഭൂതഗണങ്ങളും
കോട്ടമേൽക്കാതെ തടഞ്ഞുസൈന്യം
ബാണനനും സത്യകിയോടേറ്റു, പ്രദ്യുമ്ന-
നോടേറ്റു വേലായുധൻ കുമാരൻ
ശ്രീ ശിവൻ നേരിട്ടെതിർത്തു നിന്നോടന്നു
ശ്രീഹരേ യുദ്ധം കഠോരമായി

അർത്ഥം : കോട്ട കാക്കുന്ന ശിവനും ഭൂതഗണങ്ങളും കോട്ടയ്ക്ക് കോട്ടംവരാതെ യാദവ സൈന്യത്തെ തടഞ്ഞു. ബാണൻ സാത്യകി യോടും സുബ്രഹ്മണ്യൻ പ്രദ്യുമ്നനോടും ശിവൻ കൃഷ്ണനോടും നേരിട്ട പ്പോൾ യുദ്ധം കഠിനമായി.

മൂലം – 6

നിരുദ്ധാശേഷാസ്ത്രേ മുമുഹുഷി തവാസ്ത്രേണ ഗിരിശേ
ദ്രുതാ ഭൂതാ ഭീതാഃ പ്രമഥകുലവീരാഃ പ്രമഥിതാഃ
പരാസ്കന്ദത് സ്കന്ദഃ കുസുമശരബാണൈശ്ച സചിവഃ
സ കുംഭാണ്ഡോ ഭാണ്ഡം നവമിവ ബലേനാശു ബിഭിദേ.

ഭാഷ

സമ്മോഹനാസ്ത്രത്താൽ ശ്രീശിവൻ വീഴവെ
ഭൂതങ്ങൾ സംഭ്രമിച്ചോടിയെങ്ങോ
സ്ക്കന്ദനും തോറ്റു പ്രദ്യുമ്നശരങ്ങളാൽ
കുംഭാണ്ഡകുംഭം തകർത്തുരാമൻ

അർത്ഥം : ശിവൻ കൃഷ്ണന്റെ സമ്മോഹനാസ്ത്രത്താൽ വീണു. ഭൂത ങ്ങൾ പരിഭ്രമിച്ച് ഓടിപ്പോയി. പ്രദ്യുമ്നന്റെ ശരമേറ്റ് സ്ക്കന്ദൻ തോറ്റു. കുംഭാണ്ഡനെ കുംഭംപോലെ തകർത്തുപൊടിച്ചു ബലരാമൻ.

മൂലം – 7

ചാപാനാം പഞ്ചശത്യാ പ്രസഭമുപഗതേ
ഛിന്നചാപേഽഥ ബാണേ
വ്യർത്ഥേ യാതേ സമേതോ ജ്വരപതിരശനൈ-
രജ്വരി ത്വജ്ജ്വരേണ
ജ്ഞാനീ സ്തുത്വാഥ ദത്വാ തവ ചരിതജുഷാം
വിജ്വരം സ ജ്വരോഽഗാത്
പ്രായോഽന്തർജ്ഞാനവന്തോഽപി ച ബഹുതമസാ
രൗദ്രചേഷ്ടാ ഹി രൗദ്രാഃ

ഭാഷ

അഞ്ഞൂറു വില്ലു ധരിച്ചവൻ ബാണന്റെ
അമ്പുവില്ലെല്ലാം മുറിഞ്ഞുപോയി
വിഷ്ണുജ്വരം തണുപ്പിച്ചു, ശിവജ്വരം
ജ്ഞാനിയായ് നിൻസ്തുതി പാടിയോതി
'നിൻകഥ പാടുവോരെ ജ്വരം തീണ്ടില്ല'
യെന്നു വരം നൽകി പ്പോയ്മറഞ്ഞു.
അന്തരാജ്ഞാനികളെന്നാൽ ശിവഭൂതർ
രൗദ്രകർമ്മാക്കൾ തമസ്സിനാലേ

അർത്ഥം : അഞ്ഞൂറു വില്ലെടുത്ത ബാണന്റെ വില്ലും അമ്പും മുറിഞ്ഞു. വിഷ്ണുജ്വരം ശിവജ്വരത്തെ തണുപ്പിച്ചു. ജ്ഞാനിയായ ശിവജ്വരം വിഷ്ണുവെ സ്തുതിച്ച് കൃഷ്ണകഥ പാടുന്നവർക്ക് ജ്വരം തീണ്ടില്ല എന്ന് അനുഗ്രഹിച്ച് പോയി. ശിവഭൂതങ്ങൾ അന്തരാ ജ്ഞാനികളാണ്. എന്നാലും തമസ്സധികമാകയാൽ അവർ ക്രൂരകർമ്മങ്ങൾ ചെയ്യുന്നു.

മൂലം – 8

ബാണം നാനായുധോഗ്രം പുനരഭിപതിതം
ദർപ്പദോഷാദ്വിതന്വൻ
നിർല്ലൂനാശേഷദോഷം സപദി ബുബുധുഷാ
ശങ്കരേണോപഗീതഃ
തദ്വാചാ ശിഷ്ടബാഹുദ്വിതയമുഭയതോ
നിർഭയം തത്പ്രിയം തം
മുക്ത്വാ തദ്ദത്തമാനോ നിജപുരമഗമഃ
സാനിരുദ്ധഃ സഹോഷഃ.

ഭാഷ

ഗർവ്വിയാം ബാണന്റെ കൈകൾ മുറിച്ചുനീ
ഗർവ്വം ശമിപ്പിച്ചു സർവ്വശക്തൻ
മോഹം തെളിഞ്ഞ ശിവൻസ്തുതിയ്ക്കെ നാലു
കൈകൾ ശേഷിച്ചിട്ടഭയമേകി
ബാണത്താൽ മാനിതനായിട്ടുഷയോടു
ചേർന്നനിരുദ്ധനെക്കൊണ്ടുപോന്നു.

അർത്ഥം : ഗർവ്വിയായ ബാണന്റെ കയ്യുകൾ മുറിച്ച് ഗർവ്വം ശമിപ്പിച്ചു. മോഹം തെളിഞ്ഞെണീറ്റ ശിവസ്തുതിയാൽ, നാലുകൈ ബാക്കി നിർത്തി അഭയം കൊടുത്തു. ബാണൻ കൃഷ്ണനെ ബഹുമാനിച്ചു. ഉഷയോടുകൂടി അനിരുദ്ധനെ ഭഗവാൻ ദ്വാരകയിലേക്കു കൊണ്ടു പോയി.

മൂലം – 9

മുഹുസ്താവച്ഛക്രം, വരുണമജയോ നന്ദഹരണേ
യമം ബാലാനീതൗ ദവദഹനപാനേ/നിലസഖം
വിധിം വത്സസ്തേയേ, ഗിരിശമിഹ ബാണസ്യ സമരേ
വിഭോ! വിശ്വോത്കർഷീ തദയമവതാരോ ജയതി തേ.

ഭാഷ

പിന്നെയും പിന്നെയുമങ്ങു ജയിക്കയാ-
യിന്ദ്രനെ; നന്ദാപഹാരകാലേ
സാഗരരാജാവരുണനെ, സ്സന്ദീപ-
നീ ദക്ഷിണയ്ക്കായിക്കാലനേയും,
കാട്ടുതീവന്നപ്പോഴഗ്നിയെ, വത്സത്തെ-
ക്കട്ടകാലത്തു ബ്രഹ്മാവിനേയും
ബാണയുദ്ധത്തിലീശ്രീമഹാദേവനെ
കൃഷ്ണാവതാരത്തിൽ വിശ്വോത്ക്കർഷം.

അർത്ഥം : ഇന്ദ്രനെ അങ്ങ് പലവട്ടം ജയിച്ചു. നന്ദനെ അപഹരിച്ച പ്പോൾ വരുണനേയും, ഗുരുദക്ഷിണ കൊടുക്കാൻ കാലനേയും, കാട്ടുതീ വന്നപ്പോൾ അഗ്നിയേയും പശുക്കുട്ടികളെ കട്ടപ്പോൾ ബ്രഹ്മാ വിനേയും ജയിച്ചു. ഇപ്പോഴിതാ ശിവനേയും ജയിച്ചു. ദിക്പാലരെ യെല്ലാം ജയിച്ച ഈ ശ്രീകൃഷ്ണാവതാരം തന്നെയാണ് ലോകത്തിൽ പരമോത്കൃഷ്ടം.

മൂലം – 10

ദ്വിജരുഷാ കൃകലാസവപുർദ്ധരം
നൃഗനൃപം ത്രിദിവാലയമാപയൻ
നിജജനേ ദ്വിജഭക്തിമനുത്തമാ-
മുപദിശൻ പവനേശ്വര! പാഹി മാം.

ഭാഷ

ബ്രാഹ്മണശാപത്താലോന്തായ്നൃഗൻ, സ്വർഗ്ഗ-
ഭൂവിലുയർത്തിനാൻ വാസുദേവൻ
ബ്രാഹ്മണഭക്തിയനുത്തമമെന്നോതും
ബ്രഹ്മരൂപാ; കാത്തിടേണമെന്നെ.

അർത്ഥം : ബ്രാഹ്മണ ശാപത്താൽ ഓന്തായി മാറിയ നൃഗനെ ഭഗവാൻ സ്വർഗ്ഗത്തിലേയ്ക്കുയർത്തി. ബ്രാഹ്മണഭക്തി ഏറ്റവും ഉത്തമമാണ് എന്ന് പഠിപ്പിച്ച ബ്രഹ്മസ്വരൂപാ, എന്നെ കാത്തു രക്ഷിച്ചാലും.

O

ദശകം 83

പൗണ്ഡ്രകവധം

മൂലം - 1

രാമേഽഥ ഗോകുലഗതേ പ്രമദാപ്രസക്തേ
ഹൂതാനുപേതയമുനാദമനേ മദാന്ധേ
സൈ്വരം സമാരമതി സേവകവാദമൂഢോ
ദൂതം ന്യയുങ് ക്ത തവ പൗണ്ഡ്രകവാസുദേവഃ.

ഭാഷ

രാമനമ്പാടിയിൽ കാമാർത്തനായിട്ടു
സോമം കുടിച്ചു മദിച്ചകാലം
ചെന്നുവിളിച്ചിട്ടും ചെന്നില്ല കാളിന്ദി
വന്നടക്കീടിനാൻ ആ നദിയെ
പ്രൗണ്ഡ്രകവാസുദേവൻ നിന്നടുക്കലേ-
യ്ക്കന്നയച്ചാനൊരു മൂഢദൗത്യം

അർത്ഥം : ബലരാമൻ അമ്പാടിയിൽ ചെന്ന് മദ്യം കുടിച്ച് സ്ത്രീകളുമായി കാമാർത്തനായി മദിക്കുന്ന കാലത്ത് കാളിന്ദിയെ ചെന്നു വിളിച്ചു. അവൾ വന്നില്ല. ഉടനെ കലപ്പകൊണ്ട് ചാലു കീറി അവളെ വരുത്തി, ആ നദിയെ കീഴടക്കി. അക്കാലത്താണ് വിഡ്ഢിയായ പ്രൗണ്ഡ്രകവാസുദേവൻ കൃഷ്ണന് ഒരു മൂഢസന്ദേശം അയച്ചത്.

മൂലം - 2

'നാരായണോഽഹമവതീർണ്ണ ഇഹാസ്മി ഭൂമൗ
ധത്സേ കില ത്വമപി മാമകലക്ഷണാനി
ഉത്സൃജ്യ താനി ശരണം വ്രജ മാമിതി ത്വാം
ദൂതോ ജഗാദ സകലൈർഹസിതസ്സഭായാം.

ഭാഷ

‘ഞാനാണവതാര നാരായണനൻ, നീയെൻ
നാനാചിഹ്നങ്ങളുപേക്ഷിക്കേണം
കീഴടങ്ങേണമെനിക്കു ദൂതൻ ചൊല്കെ
കീഴ്മേൽ മറിഞ്ഞു ചിരിച്ചു ലോകർ

അർത്ഥം : “ഞാനാണ് യഥാർത്ഥ നാരായണാവതാരം. നീ ധരിക്കുന്ന എന്റെ ചിഹ്നങ്ങൾ ഉപേക്ഷിച്ചിട്ട് കീഴടങ്ങണം” ദൂതന്റെ വാക്കു കേട്ട് സഭയിലുള്ളവരൊക്കെ കീഴ്മേൽ മറിഞ്ഞ് പരിഹസിച്ചു ചിരിച്ചു.

മൂലം – 3

ദൂതേഽഥ യാതവതി യാദവസൈനികൈസ്ത്വം
യാതോ ദദർശിഥ വപുഃ കില പൗണ്ഡ്രകീയം
താപേന വക്ഷസി കൃതാങ്കമനല്പമൂല്യ-
ശ്രീകൗസ്തുഭം മകരകുണ്ഡലപീതചേലം.

ഭാഷ

യാദവസൈന്യവും മാധവനും കാൺമൂ
മാറത്തു ചൂടേറ്റ ശ്രീവത്സവും
കൗസ്തുഭം പീതചേലം കാതിൽ കുണ്ഡല-
മിട്ടിട്ടു പ്രൗണ്ഡ്രക നാട്യവേഷം

അർത്ഥം : യാദവ സൈന്യവും മാധവനും യുദ്ധത്തിനു ചെന്നപ്പോൾ നാടകത്തിനു വേഷം കെട്ടിയപോലെ, മാറത്ത് ചൂടു പൊള്ളിച്ച് ശ്രീവത്സ മുണ്ടാക്കി, കൗസ്തുഭവും മഞ്ഞപ്പട്ടും മകരകുണ്ഡലവുമായി നിൽക്കുന്ന പ്രൗണ്ഡ്രകനെ കണ്ടു.

മൂലം – 4

കാളായസം നിജസുദർശനമസ്യതോഽസ്യ
കാലാനലോത്കരകിരേണ സുദർശനേന
ശീർഷം ചകർത്തിഥ, മമർദ്ദിഥ ചാസ്യ സേനാം,
തന്മിത്രകാശിപശിരോഽപി ചകർഥ കാശ്യാം.

ഭാഷ

കൃഷ്ണലോഹത്താലുണ്ടാക്കി, ക്കാലാഗ്നിതൻ
ഉഷ്ണച്ചൂടുള്ള സുദർശനത്താൽ
പ്രൗണ്ഡകനെക്കൊന്നു, കാശിരാജാവിന്റെ
ശീർഷത്തെക്കാശിയിലാക്കി കൃഷ്ണൻ

അർത്ഥം : കറുത്ത ഇരുമ്പുകൊണ്ടുള്ളതും കാലാഗ്നിയുടെ ഉഷ്ണ താപം ജ്വലിക്കുന്നതുമായ സുദർശനത്താൽ പ്രൗണ്ഡ്രകനെ വധിച്ചു. സുഹൃത്തായ കാശിരാജാവിന്റെ തല കാശിയിൽ വീഴിച്ചു.

മൂലം – 5

ജാല്യേന ബാലകഗിരാപി കിലാഹമേവ
ശ്രീവാസുദേവ ഇതി രൂഢമതിശ്ചിരം സഃ
സായുജ്യമേവ ഭവദൈക്യധിയാ ഗതോഽഭൂത്
കോ നാമ കസ്യ സുകൃതം കഥമിത്യവേയാത്.

ഭാഷ

ജാല്യത്തിൽ ബാലിശവാക്കു കേട്ടിട്ടെന്നാ-
ലേറെനാൾ "ഞാൻ സാക്ഷാൽ വാസുദേവൻ"
രൂഢമായെണ്ണിസ്സായൂജ്യമാം തന്മയ-
സൗഖ്യത്തെ നേടിനാൻ പ്രൗണ്ഡ്രകേന്ദ്രൻ
ആരുടെ പുണ്യമേതേതുവിധം, ആർക്കു-
മോരാനാവില്ലല്ലൊ കർമ്മമാർഗ്ഗം

അർത്ഥം : ജാല്യംകൊണ്ടും ബാലിശ വാക്കുകേട്ടുമാണെങ്കിലും ഏറെ ക്കാലം "ഞാൻ വാസുദേവനാണ്" (അഹം ബ്രഹ്മാസ്മി) എന്നു തന്നെ ഉറച്ചു വിശ്വസിച്ച പ്രൗണ്ഡ്രകൻ ഭഗവാനിൽ തന്മയത നേടി സായൂജ്യ മുക്തിയടഞ്ഞു. ആരുടെ പുണ്യം ഏതു വിധമെന്ന് ആർക്കു പറയാ നാവും! കർമ്മമാർഗ്ഗം ഏറെ സങ്കീർണ്ണമല്ലേ.

മൂലം – 6

കാശീശ്വരസ്യ തനയോഽഥ സുദക്ഷിണാഖ്യഃ
ശർവ്വം പ്രപൂജ്യ ഭവതേ വിഹിതാഭിചാരഃ
കൃത്യാനലം കമപി ബാണരണാതിഭീതൈർ-
ഭൂതൈഃ കഥംചന വൃതൈസ്സമമഭ്യമുഞ്ചത്.

ഭാഷ

കാശീശപുത്രൻ സുദക്ഷിണൻ ശർവ്വനെ
പൂജിച്ചിട്ടാഭിചാരങ്ങൾ ചെയ്തു
അഗ്നിയിൽ നിന്നഗ്നികൃത്യയെ സൃഷ്ടിച്ചു
വർദ്ധിച്ചഹങ്കാരമോടയച്ചു
ബാണയുദ്ധത്തിൽ ഭയപ്പെട്ടുമണ്ടിയ
ഭൂതഗണമൊത്തു നിന്റെ നേരെ.

അർത്ഥം : കാശിരാജാവിന്റെ മകൻ സുദക്ഷിണൻ ശിവനെ പൂജിച്ച് ആഭിചാരം ചെയ്ത് തീയിൽ നിന്ന് കൃത്യയെ ഉണ്ടാക്കി, ബാണയുദ്ധ ത്തിൽ തോറ്റോടിയ ശിവഭൂതങ്ങളോടൊപ്പം അവളെ നിന്റെ നേർക്ക യച്ചു.

മൂലം – 7

താലപ്രമാണചരണാമഖിലം ദഹന്തീം
കൃത്യാം വിലോക്യ ചകിതൈഃ കഥിതോഽപി പൗരൈഃ
ദ്യൂതോത്സവേ കിമപി നോ ചലിതോ വിഭോ! ത്വം
പാർശ്വസ്ഥമാശു വിസസർജ്ജിഥ കാലചക്രം.

ഭാഷ

ഊക്കൻ കരിമ്പനക്കാലു, മഖിലവും
പോക്കിദ്ദഹിപ്പിക്കുമഗ്നിനാവും
ആരെല്ലാം വന്നു പറഞ്ഞിട്ടും നീ നിന്റെ
ചൂതുകളി തെല്ലും നിർത്തിയില്ല
പാർശ്വസ്ഥമാകും സുദർശനം നിന്നാജ്ഞ
പാലിച്ചവിടുന്നു യാത്രയായി.

അർത്ഥം : വലിയ കരിമ്പനപോലെ കാലും, ലോകം ദഹിപ്പിക്കുന്ന തീ പോലെ നാവും ഉള്ള കൃത്യ വരുന്നതായി ആരുവന്നു പറഞ്ഞിട്ടും കൃഷ്ണൻ തന്റെ ചതുരംഗക്കളി നിർത്തി എണീറ്റില്ല. അടുത്തുനിന്ന സുദർശനം ആജ്ഞപാലിച്ച് അതിനു നേരെ ചെന്നു.

മൂലം – 8

അഭ്യാപതത്യമിതധാമ്നി ഭവന്മഹാസ്ത്രേ
ഹാഹേതി വിദ്രുതവതീ ഖലു ഘോരകൃത്യാ
രോഷാത് സുദക്ഷിണമദക്ഷിണചേഷ്ടിതം തം
പുപ്ലോഷ ചക്രമപി കാശിപുരീമധാക്ഷീത്.

ഭാഷ

തേജസ്സെഴും ചക്രമാഞ്ഞടുക്കെ, കൃത്യ
പേടിച്ചരണ്ടു തിരിച്ചു മണ്ടി
കോപിച്ചു ദുഷ്ടകർമ്മാവാം സുദക്ഷിണ-
ഭൂപനെത്തന്നെയെരിച്ചു നിന്നു.
ചക്രമണഞ്ഞിട്ടാക്കാശീപുരത്തേയു-
മുഗ്രകാലാഗ്നിയാൽ ചുട്ടെരിച്ചു.

അർത്ഥം : തേജസ്സുള്ള വിഷ്ണുചക്രം തന്റെ നേർക്ക് വരുന്നതു കണ്ട കൃത്യ പേടിച്ച് തിരിച്ചോടി, ദുഷ്ടമായ ആഭിചാരകൃത്യം ചെയ്ത സുദക്ഷിണനെത്തന്നെ എരിച്ചു. ചക്രം കാശി നഗരത്തെയും ദഹിപ്പിച്ചു.

മൂലം – 9

സ ഖലു വിവിദോ രക്ഷോഘാതേ കൃതോപകൃതിഃ പുരാ
തവ തു കലയാ മൃത്യും പ്രാപ്തും തദാ ഖലതാം ഗതഃ
നരകസചിവോ ദേശക്ലേശം സൃജൻ നഗരാന്തികേ
ഝടിതി ഹലിനാ യുദ്ധ്യന്നദ്ധാ പപാത തലാഹതഃ.

ഭാഷ

രാവണയുദ്ധത്തിൽ രാമസഹായിയാം
വാനരശ്രേഷ്ഠൻ വിവിദനെപ്പോൽ
ദ്വാപരത്തിൽ ബാണമന്ത്രിയായ് നാട്ടാർക്കു
ദ്രോഹിയായ് വന്നു ജനിച്ചിരുന്നു
ദ്വാരാപുരീ സമീപത്തവൻ രാമന്റെ
ശ്രീകരതാഡനമേറ്റു ചത്തു
രാമാംശമാകുമീ രാമനാൽത്തന്നുടെ
ജീവന്നുമുക്തിയടയുവാനായ്

അർത്ഥം : രാവണ യുദ്ധത്തിൽ രാമനെ സഹായിച്ച വാനരരിൽ ഒരാ ളായ വിവിദൻ ദ്വാപരത്തിൽ ബാണന്റെ മന്ത്രിയായി ലോകോപദ്രവ കാരിയായി ജനിച്ചു. ആ രാമന്റെ അംശമായ ഈ രാമനാൽ (ബലരാമൻ) ജീവൻ മുക്തി കിട്ടാറായപ്പോൾ ദ്വാരകാപുരിക്കു സമീപം വെച്ച് അവൻ ബലരാമന്റെ താഡനമേറ്റ് മരിച്ചു.

മൂലം – 10

സാംബം കൗരവ്യപുത്രീഹരണനിയമിതം
സാന്ത്വനാർത്ഥീ കുരൂണാം
യാതസ്തദ്വാക്യരോഷോദ്ധൃതകരിനഗരോ
മോചയാമാസ രാമഃ
തേ ഘാത്യാഃ പാണ്ഡവേയൈരിതി യദുപൃതനാം
നാമുചസ്ത്വം തദാനീം
തം ത്വാം ദുർബ്ബോധലീലം പവനപുരപതേ!
താപശാന്ത്യൈ നിഷേവേ.

ഭാഷ

സാംബൻ ഹരിച്ചു സുയോധനപുത്രിയെ
സാംബനെ ബന്ധിച്ചു കൗരവന്മാർ
കോപിച്ച രാമൻ വിടുവിച്ചു സാംബനെ
കൗരവഹത്യ തടഞ്ഞു കൃഷ്ണൻ
പാണ്ഡവരാണതിന്നുള്ളവരെന്നാവാം
ശ്രീഹരേ നിന്റെ മനോഗതങ്ങൾ
സാധാരണന്നു ഗ്രഹിക്കാനെളുതല്ല
സർവ്വജ്ഞ പൂരുഷൻ തന്റെ ചിത്തം
ലീലാപുരുഷ ശമിപ്പിക്ക നീയെന്റെ-
യാമയമെല്ലാം നമിക്കുന്നു ഞാൻ

അർത്ഥം : ദുര്യോധന പുത്രിയെ സാംബൻ ഹരിച്ചപ്പോൾ കൗരവർ അവനെ ബന്ധിക്കയും ചെയ്തു. രാമന്റെ വാക്ക് കൗരവർ കേൾക്കാ തിരുന്നതിനാൽ കോപിച്ച രാമൻ സാംബനെ വിടുവിച്ചു. കൗരവരെ നശിപ്പിക്കാൻ കൃഷ്ണൻ സമ്മതിച്ചില്ല. അതിന് പാണ്ഡവരാണ് നല്ല തെന്നാവാം ഭഗവാന്റെ നിശ്ചയം. സർവ്വജ്ഞ പുരുഷന്റെ മനോഗതം സാധാരണക്കാരന് മനസ്സിലാക്കാൻ എളുപ്പമല്ല. ലീലാപുരുഷനായ ഗുരു വായൂരപ്പാ, നമസ്ക്കാരം – എന്റെ ആമയങ്ങൾ ശമിപ്പിച്ചാലും.

○

ദശകം 84

സമന്തകപഞ്ചകയാത്ര

മൂലം - 1

ക്വചിദഥ തപനോപരാഗകാലേ
പുരി നിദധത് കൃതവർമ്മകാമസൂനൂ
യദുകുലമഹിളാവൃതഃ സുതീർത്ഥം
സമുപഗതോഽസി സമന്തപഞ്ചകാഖ്യം.

ഭാഷ

ഉണ്ടായി സൂര്യഗ്രഹണദിന, മന്നു
കൊണ്ടൽവർണ്ണൻ ദ്വാരകാപുരിയിൽ
ധർമ്മരക്ഷയ്ക്കനിരുദ്ധൻ, കൃതവർമ്മാ-
വെന്നിവരെ നിയമിച്ച ശേഷം
താനും വധുക്കളും യാദവന്മാരുമായ്
സാമന്തപഞ്ചകതീർത്ഥം പൂകി.

അർത്ഥം : ഒരു സൂര്യഗ്രഹണദിവസം ദ്വാരകയിൽ അനിരുദ്ധനേയും കൃതവർമ്മാവിനേയും കാവൽ നിർത്തി, സ്ത്രീകളും യാദവരുമൊത്ത് കൃഷ്ണൻ സ്യമന്തപഞ്ചകതീർത്ഥത്തിലെത്തി.

മൂലം - 2

ബഹുതരജനതാഹിതായ തത്ര
ത്വമപി പുനൻ വിനിമജ്ജ്യ തീർത്ഥതോയം
ദ്വിജഗണപരിമുക്തവിത്തരാശിഃ
സമമിളഥാഃ കുരുപാണ്ഡവാദിമിത്രൈഃ

ഭാഷ

ലോകഹിതത്തിനായ് സ്നാനം ചെയ്താ തീർത്ഥ-
മാകെ പ്പവിത്രമായ് മാറ്റി കൃഷ്ണൻ
ബ്രാഹ്മണദാനവും ഭോജനവും, കുരു-
പാണ്ഡവമിത്ര സമ്മേളനവും

അർത്ഥം : ലോകഹിതത്തിനായി തീർത്ഥസ്നാനവും ബ്രാഹ്മണ ദാനവും ബ്രാഹ്മണഭോജനവും നടത്തി തീർത്ഥത്തെ കൃഷ്ണൻ പവിത്രമാക്കി. അവിടെവെച്ച് കുരുപാണ്ഡവാദി സുഹൃത്തുക്കളെ കാണുകയും ചെയ്തു.

മൂലം – 3

തവ ഖലു ദയിതാജനൈസ്സമേതാ
ദ്രുപദസുതാ ത്വയി ഗാഢഭക്തിഭാരാ
തദുദിതഭവദാഹൃതിപ്രകാരൈ-
രതിമുമുദേ സമമന്യഭാമിനീഭിഃ

ഭാഷ

നിന്നിലതിഗാഢഭക്തിയെഴുന്നവൾ
പാഞ്ചാലിയാശിച്ചു നിൻ കേളികൾ
പ്രേമരഹസ്യങ്ങൾ നിൻപത്നിമാരിൽ നി-
ന്നേറെ ശ്രവിച്ചു, രസിച്ചു സ്ത്രീകൾ

അർത്ഥം : നിന്നിൽ ഗാഢഭക്തിയുള്ള പാഞ്ചാലിക്ക് നീ പത്നിമാരു മായി ചെയ്യുന്ന കേളികളും പ്രേമരഹസ്യങ്ങളും അറിയാനാശയുണ്ടാ യിരുന്നു. നിന്റെ പത്നിമാരുമായി ആ രഹസ്യങ്ങൾ സംസാരിച്ച് സ്ത്രീകൾ ഏറെ സന്തോഷിച്ചു.

മൂലം – 4

തദനു ച ഭഗവൻ നിരീക്ഷ്യ ഗോപാ-
നതികുതുകാദുപഗമ്യ മാനയിത്വാ
ചിരതരവിരഹാതുരാംഗരേഖാഃ
പശുപവധൂഃ സരസം ത്വമന്വയാസീഃ

ഭാഷ

ഗോപരെക്കണ്ടു കുതുകിയായ് മാധവൻ
ചാരത്തു ചെന്നിട്ടു മാനിയ്ക്കുന്നു
നിത്യവിരഹത്താൽ നൂലുപോൽ നേർത്തോരാം
ഗോപികമാരെ യനുനയിപ്പൂ.

അർത്ഥം : ഗോപന്മാരെക്കണ്ട് സന്തോഷപൂർവ്വം അവരുടെ അടുത്തു ചെന്ന് ബഹുമാനിച്ചു. നിത്യവിരഹത്താൽ നൂലുപോലെ നേർത്തു മെലിഞ്ഞ ഗോപികമാരെ അനുനയിച്ചു.

മൂലം – 5

സപദി ച ഭവദീക്ഷണോത്സവേന
പ്രമുഷിതമാനഹൃദാം നിതംബിനീനാം
അതിരസപരിമുക്തകഞ്ചുളീകേ
പരിചയഹൃദ്യതരേ കുചേ ന്യലൈഷീഃ

ഭാഷ

ദർശനാനന്ദത്താൽ കോപപരിഭവ-
പ്രേമകലഹങ്ങളൊക്കെ നീങ്ങി
പ്രേമാതിരേകം കവിഞ്ഞു മുലപ്പട-
മൂർന്നു, പരിചിതമായ മാറിൽ
ചേർന്നു ലയിക്കുന്നു ഗോവിന്ദൻ, ഗോപിമാർ-
ക്കാനന്ദമെന്തിതിൽ മീതെ വേണ്ടൂ!

അർത്ഥം : കണ്ടപ്പോഴുണ്ടായ ആനന്ദത്താൽ കോപം, പരിഭവം, പ്രേമകലഹം ഇവ ഇല്ലാതായി, പ്രേമാതിരേകത്താൽ മുലപ്പടമൂർന്നു ചിരപരിചിതമായ അവരുടെ മാറത്തു തലചായ്ച്ച് അവരിൽ ചേർന്നു ലയിച്ചു. ഇതിലധികമൊരാനന്ദം അവർക്കെന്തുണ്ട്!

മൂലം – 6

'രിപുജനകലഹൈഃ പുനഃപുനർമേ
സമുപഗതൈരിയതീ വിളംബനാഭൂത്'
ഇതി കൃതപരിരംഭണേ ത്വയി ദ്രാ-
ഗതിവിവശാ ഖലു രാധികാ നിലില്യേ.

ഭാഷ

എന്നും രിപുയുദ്ധമാകയാൽത്താമസം
വന്നിതെനിക്കുനിൻ ചാരെയെത്താൻ
എന്നുനീയാലിംഗനം ചെയ്കെ രാധികാ
നിന്നിൽപ്പരമം ലയിച്ചു ചേർന്നു

അർത്ഥം : എന്നും ശത്രുക്കളോടുള്ള യുദ്ധമാകയാലാണ് നിങ്ങളുടെ അടുത്തെത്താൻ വൈകിയതെന്നു പറഞ്ഞ് നീ കെട്ടിപ്പിടിച്ചപ്പോൾ രാധ നിന്നിൽ പരമമായ ലയനം പ്രാപിച്ചു.

മൂലം – 7

അപഗതവിരഹവ്യഥാസ്തദാ താഃ
രഹസി വിധായ ദദാഥ തത്ത്വബോധം
പരമസുഖചിദാത്മകോഽഹമാത്മേ-
ത്യുദയതു വഃ സ്ഫുടമേവ ചേതസീതി.

ഭാഷ

ഏകാന്തത്തിൽ താപം മാറ്റീട്ടു നൽകി നീ
ഏകാന്തികഭക്തി തത്ത്വസാരം
"ഞാൻ പരബ്രഹ്മചിദാത്മാവെന്നോതുക
ചേതസ്സിലെന്നുമനുനിമിഷം
ഞാനന്തര്യാമി, പുറത്തല്ല, യെന്നറി-
ഞ്ഞാനന്ദിച്ചാലുമനുമാത്രയും."

അർത്ഥം : ഏകാന്തത്തിൽ വിരഹതാപം മാറ്റിയിട്ട് 'ഏകാന്തികഭക്തി യുടെ തത്ത്വോപദേശസാരം അവർക്കു പകർന്നു കൊടുത്തു. "ഞാൻ പരബ്രഹ്മ ചിദാത്മാവാണ് എന്ന് ചേതസ്സിൽ അനുനിമിഷം ധ്യാനി ക്കുക. ഞാൻ അന്തര്യാമിയാണ്, അകത്താണ്, പുറത്തല്ല എന്നറിഞ്ഞ് അനുമാത്ര പരമാനന്ദം അനുഭവിക്കുക."

മൂലം – 8

സുഖരസപരിമിശ്രിതോ വിയോഗഃ
കിമപി പുരാഽഭവദുദ്ധവോപദേശൈഃ
സമഭവദമുതഃ പരം തു താസാം
പരമസുഖൈക്യമയീ ഭവദ്വിചിന്താ.

ഭാഷ

ഉദ്ധവഗീതയാലല്പ മകന്നതാം
ദുഃഖത്തിൽ ദ്വൈതമുണ്ടായിരുന്നു
ഇപ്പോഴമൃതോപദേശം ഭവദ്ചിന്ത
അദ്വൈതാനന്ദത്താൽ സാന്ദ്രമായി

അർത്ഥം : പണ്ട് ഉദ്ധവോപദേശത്താൽ ദുഃഖം അല്പം അകന്ന്, ആനന്ദം അല്പം ഉണ്ടായ അവസ്ഥയിൽ ദ്വൈതമുണ്ടായിരുന്നു. ഇപ്പോൾ ഈ അമൃതോപദേശത്താൽ നിന്റെ ചിന്ത സർവ്വത്ര അദ്വൈത പരമാനന്ദമായി ഭവിച്ചു.

മൂലം – 9

മുനിവരനിവഹൈസ്തവാഥ പിത്രാ
ദുരിതശമായ ശുഭാനി പൃച്ഛ്യമാനൈഃ
'ത്വയി സതി കിമിദം ശുഭാന്തരൈ'രി-
ത്യുരുഹസിതൈരപി യാജിതസ്തദാസൗ.

ഭാഷ

എന്താണു ശാന്തിയ്ക്കു ചെയ്യേണ്ടതെന്നച്ഛൻ
മാമുനിമാരോടു ചോദിക്കുന്നു
"പുത്രൻ നിനക്കീശൻ വേറെന്തുവേണ" മെ-
ന്നാലും നടത്തിച്ചു യജ്ഞ കർമ്മം
ധർമ്മജ്ഞരാകും മുനീന്ദ്രർ വസുദേവ-
നുള്ളിൽ പ്രശാന്തിയരുളാനായി

അർത്ഥം : ദുരിതശാന്തിക്ക് ഉപായം ചോദിച്ച വസുദേവനോട്, ഈശ്വരൻ തന്നെ പുത്രനായിരിക്കെ ഇനിയെന്തു കർമ്മമാണ് ചെയ്യാനുള്ളതെന്ന് ചിരിച്ചു ചോദിച്ചുവെങ്കിലും, മാമുനിമാർ അദ്ദേഹത്തിന് സമാധാനം കിട്ടാൻ യജ്ഞം നടത്തിച്ചു.

മൂലം – 10

സുമഹതി യജനേ വിതായമാനേ
പ്രമുദിതമിത്രജനേ സഹൈവ ഗോപാഃ,
യദുജനമഹിതാസ്ത്രിമാസമാത്രം
ഭവദനുഷംഗരസം പുരേവ ഭേജുഃ.

ഭാഷ

മിത്രസമൃദ്ധം വിഭവസമൃദ്ധമാ
യജ്ഞകാലം ഗോപരൊത്തുകൂടി
മൂന്നുമാസം കൃഷ്ണസാമീപ്യസമ്പർക്കം
മുൻപത്തെപ്പോലെയനുഭവിച്ചു.

അർത്ഥം : മിത്രസമൃദ്ധവും വിഭവസമൃദ്ധവുമായ ആ യജ്ഞകാലത്ത് ഗോപന്മാർ കൃഷ്ണന്റെ സാമീപ്യവും സമ്പർക്കവും മുമ്പത്തെപ്പോലെ അനുഭവിച്ചാനന്ദിച്ചു. അങ്ങനെ മൂന്നു മാസം കഴിഞ്ഞു.

മൂലം – 11

വ്യപഗമസമയേ സമേത്യ രാധാം
ദൃഢമുപഗൂഹ്യ നിരീക്ഷ്യ വീതഖേദാം,
പ്രമുദിതഹൃദയഃ പുരം പ്രയാതഃ
പവനപുരേശ്വര! പാഹി മാം ഗദേഭ്യഃ.

ഭാഷ

വേർപാടിൻ വേളയായ് രാധയെഗ്ഗാഢമാ-
യാലിംഗനം ചെയ്കെ വാസുദേവൻ
സർവ്വദുഃഖങ്ങളകന്നവളായ്ക്കണ്ടു
സന്തുഷ്ടനായിത്തിരിച്ചു പോന്നു
സർവ്വരോഗം ഹരിച്ചെന്നെ നീ പാലിയ്ക്ക
സർവ്വേശാ, ശ്രീ ഗുരുവായൂരപ്പാ

അർത്ഥം : പിരിയുന്ന നേരത്ത് രാധയെ ആലിംഗനം ചെയ്തപ്പോൾ അവൾ സർവ്വദുഃഖത്തിൽ നിന്നും മുക്തി നേടി പരമാനന്ദവതിയായി ക്കണ്ട് കൃഷ്ണൻ സന്തുഷ്ടനായി തിരിച്ചുപോയി. ഗുരുവായൂരപ്പാ, സർവ്വരോഗവും ഹരിച്ച് എന്നെയും പരിപാലിച്ചാലും.

○

ദശകം 85

ജരാസന്ധ-ശിശുപാലവധം

മൂലം – 1

തതോ മഗധഭൂഭൃതാ ചിരനിരോധസംക്ലേശിതം
ശതാഷ്ടകയുതായുതദ്വിതയമീശ! ഭൂമീഭൃതാം,
അനാഥശരണായ തേ കമപി പൂരുഷം പ്രാഹിണോ-
ദയാചത സ മാഗധക്ഷപണമേവ കിം ഭൂയസാ.

ഭാഷ

രണ്ടു പതിനായിരത്തെണ്ണൂറാളുണ്ടു
രാജാക്കൾ ബന്ദികൾ മാഗധത്തിൽ
ആരോരുമില്ലാത്തനാഥ നാഥൻ നീയാ
രാജാക്കന്മാരെ വിമുക്തരാക്കാൻ
ദൂതൻ വന്നിട്ടു യാചിച്ചു പറകയാൽ
ശ്രീധരാ തീരുമാനിച്ചുറച്ചു

അർത്ഥം : 20800 രാജാക്കന്മാരെ മഗധരാജാവ് ബന്ധനാസ്ഥനാക്കിയി ട്ടുണ്ട്. അനാഥ രക്ഷകനായ നീ അവരെ മുക്തരാക്കണമെന്ന് ദൂതൻ വന്നു പറഞ്ഞപ്പോൾ, കൃഷ്ണൻ അങ്ങനെ ചെയ്യാനുറച്ചു.

മൂലം – 2

യിയാസുരഭിമാഗധം തദനു നാരദോദീരിതാദ്-
യുധിഷ്ഠിരമഖോദ്യമാദുഭയകാര്യപര്യാകുലഃ,
വിരുദ്ധജയിനോ(ഽ)ധ്വരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈഃ സമം പുരമിയേഥ യൗധിഷ്ഠിരീം.

ഭാഷ

നാരദൻ ചൊല്ലിയറിഞ്ഞു ധർമ്മാത്മജൻ
രാജസൂയം യജിച്ചെന്നവാർത്ത
യജ്ഞവും മാഗധയാത്രയുമൊന്നായി-
സ്സിദ്ധിവരുത്താമെന്നുദ്ധവനും
തൻ സുഹൃത്തുക്കളോടൊത്തിന്ദ്രപ്രസ്ഥത്തിൽ
വന്നെഴുന്നെള്ളിനാൻ വാസുദേവൻ

അർത്ഥം : ജരാസന്ധനോട് പടവെട്ടാനൊരുങ്ങുമ്പോൾ നാരദൻ വന്ന് യുധിഷ്ഠിരൻ രാജസൂയം യജിച്ച വാർത്ത പറഞ്ഞു. രാജസൂയ യജ്ഞ ത്തിൽ രാജാക്കന്മാരെ ജയിക്കണം. അതിനാൽ മഗധയിലേക്കുള്ള യാത്രയും യജ്ഞവും ഒറ്റയടിയ്ക്ക് ഒന്നായി കഴിക്കുന്നതാണുചിത മെന്ന് ഉദ്ധവൻ പറഞ്ഞു. അങ്ങനെ, സുഹൃത്തുക്കളോടുകൂടി കൃഷ്ണൻ ഇന്ദ്രപ്രസ്ഥത്തിലേക്ക് എഴുന്നള്ളി.

മൂലം – 3

അശേഷദയിതായുതേ ത്വയി സമാഗതേ, ധർമ്മജോ
വിജിത്യ സഹജൈർമഹീം ഭവദപാംഗസംവർദ്ധിതൈഃ,
ശ്രിയം നിരുപമാം വഹന്നഹഹ! ഭക്തദാസായിതം
ഭവന്തമയി! മാഗധേ പ്രഹിതവാൻ സഭീമാർജ്ജുനം.

ഭാഷ

ധർമ്മാത്മജൻ നിന്നെപ്പത്നിമാരൊന്നിച്ചു
നന്നായിട്ടാദരിച്ചാനന്ദിച്ചു.
നിൻകടാക്ഷത്താലനുജന്മാരൊത്തിട്ടു
ഭൂമിജയിച്ചിട്ടു ശ്രീത്വമേറും
രാജാവു, ഭക്തജനദാസനെൻഭീമ-
പാർത്ഥരൊത്താമഗധയ്ക്കയച്ചു

അർത്ഥം : പത്നിമാരോടൊത്ത് വന്ന അവിടുത്തെ യുധിഷ്ഠിരൻ ആനന്ദത്തോടെ സ്വീകരിച്ച് ആദരിച്ചു. അവിടത്തെ കടാക്ഷത്താൽ യോഗ്യരായ അനുജന്മാരാൽ ഭൂമി മുഴുവൻ ദിഗ്വിജയം ചെയ്തു നേടി അളവറ്റ ശ്രീയോടുകൂടിയ അദ്ദേഹം, ഭക്തദാസനായ അങ്ങയെ ഭീമാർജ്ജുന സമേതനായി മഗധയ്ക്ക് ജരാസന്ധനെ ജയിക്കാനയച്ചു.

മൂലം – 4

ഗിരിവ്രജപുരം ഗതാസ്തദനു ദേവ! യൂയം ത്രയോ
യയാച സമരോത്സവം ദ്വിജമിഷേണ തം മാഗധം,
അപൂർണ്ണസുകൃതം ത്വമും പവനജേന സംഗ്രാമയൻ
നിരീക്ഷ്യ സഹ ജിഷ്ണുനാ ത്വമപി രാജയുദ്ധ്വാ സ്ഥിതഃ.

ഭാഷ

ബ്രാഹ്മണവേഷത്തിലെത്തി ഗിരിവ്രജേ
മാഗധനോടു യാചിച്ചു യുദ്ധം
ഭീമജരാസന്ധ യുദ്ധത്തിൽ സാക്ഷിയായ്
രാജയുദ്ധ്വാവായി നോക്കിനിന്നു.

അർത്ഥം : ബ്രാഹ്മണ വേഷത്തിലെത്തി, ഗിരിവ്രജമെന്ന രാജധാനിയിൽ ചെന്ന് മഗധ രാജാവിനോട് യുദ്ധമാണ് ദാനമായി ചോദിച്ചത്. ഭീമനും ജരാസന്ധനുമായുള്ള യുദ്ധത്തിൽ സാക്ഷിയായി, രാജാക്കന്മാരെ പരസ്പരം തമ്മിലടിപ്പിക്കുന്ന 'രാജയുദ്ധ്വാ'വായി, അർജ്ജുനനോടൊപ്പം കൃഷ്ണൻ നോക്കിനിന്നതേയുള്ളൂ.

മൂലം – 5

അശാന്തസമരോദ്ധതം വിടപപാടനാസംജ്ഞയാ
നിപാത്യ ജരസസ്സുതം പവനജേന നിഷ്പാടിതം.
വിമുച്യ നൃപതീൻ മുദാ സമനുഗൃഹ്യ ഭക്തിം പരാം
ദിദേശിഥ ഗതസ്പൃഹാനപി ച ധർമ്മഗുപ്തൈ്യ ഭുവഃ.

ഭാഷ

ഉദ്ധതനാം ജരാസന്ധനെക്കൊല്ലാനായ്
യുദ്ധതന്ത്രം ചില്ലയെപ്പിളർന്നു
ഭീമനാലാ ജരാസന്ധമുടൽ വീഴ്ത്തി
രാജാക്കളെ ബന്ധമുക്തരാക്കി
ഉത്തമമാംപരാ ഭക്തി നൽകീ, വരം
നിസ്പൃഹരെന്നാലും ആ നൃപരെ
ധർമ്മസംസ്ഥാപനത്തിനായി രാജ്യങ്ങൾ
മുന്നെപ്പോൽ പാലിയ്ക്കാനാജ്ഞ നൽകി.

അർത്ഥം : ഉദ്ധതനായ ജരാസന്ധനെ കൊല്ലാൻ കൃഷ്ണൻ 'ചില്ല പിളർന്നു കാട്ടുക' എന്ന യുദ്ധതന്ത്രം പ്രയോഗിച്ചു. ജര കൂട്ടിച്ചേർത്ത ഉടൽ ഭീമൻ പിളർത്തി. ബന്ധനസ്ഥരായ രാജാക്കന്മാരെ വിടുവിച്ച് അവരാവശ്യപ്പെട്ട ഉത്തമമായ പരാഭക്തി കൊടുത്തു. തികച്ചും നിസ്പൃഹ രാണെങ്കിൽ പോലും ധർമ്മം സ്ഥാപിക്കാനായി അവനവന്റെ രാജ്യ ത്തുപോയി ധർമ്മനിർവ്വഹണം ചെയ്യാൻ അയച്ചു.

മൂലം – 6

പ്രചക്രുഷി യുധിഷ്ഠിരേ തദനു രാജസൂയാധ്വരം
പ്രസന്നഭൃതകീഭവത്സകലരാജകവ്യാകുലം,
ത്വമപ്യയി ജഗത്പതേ! ദ്വിജപദാവനേജാദികം
ചകർത്ഥ കിമു കഥ്യതേ നൃപവരസ്യ ഭാഗ്യോന്നതിഃ!

ഭാഷ

ഏറെ പ്രസാദിച്ച രാജകുലത്തോടെ
രാജസൂയം യജ്ഞമാരംഭിയ്ക്കെ
ബ്രാഹ്മണപാദം കഴുകിച്ചു വിശ്വേശൻ
ഭാഗ്യം നൃപവരന്നെത്രമാത്രം!

അർത്ഥം : പ്രസാദിച്ച രാജാക്കന്മാരോടുകൂടി രാജസൂയം തുടങ്ങി. വിശ്വേശ്വരനായ ഭഗവാൻ സ്വയം ബ്രാഹ്മണരുടേ പാദം കഴുകി. യുധി ഷ്ഠിരനെപോലെ ഭാഗ്യശാലിയായ മറ്റേതൊരു ചക്രവർത്തിയുണ്ട്

മൂലം – 7

തതസ്സവനകർമ്മണി പ്രവരമഗ്ര്യപൂജാവിധിം
വിചാര്യ സഹദേവവാഗനുഗതസ്സ ധർമ്മാത്മജഃ,
വ്യധത്ത ഭവതേ മുദാ സദസി വിശ്വഭൂതാത്മനേ
തദാ സസുരമാനുഷം ഭുവനമേവ തൃപ്തിം ദധൗ.

ഭാഷ

അഗ്രപൂജയ്ക്കായ് സഹദേവ വാക്കിനാൽ
വിശ്വഭൂതാത്മാവെ നിശ്ചയിച്ചു
തിങ്ങും സദസ്സിലാപ്പൂജയിൽ മർത്ത്യരും
ദേവരും ലോകവും തൃപ്തമായി

അർത്ഥം : അഗ്ര്യപൂജക്ക് സഹദേവന്റെ വാക്യത്താൽ അർഹനായി തെരഞ്ഞെടുത്തത് വിശ്വഭൂതാത്മാവായ കൃഷ്ണനെയാണ്. തിങ്ങി നിറഞ്ഞ സദസ്സിൽ ആ പൂജ നടന്നപ്പോൾ മനുഷ്യരും ദേവരും പ്രപഞ്ച ങ്ങളും എല്ലാം സംതൃപ്തമായി.

മൂലം – 8

തതസ്സപദി ചേദിപോ മുനിനൃപേഷു തിഷ്ഠത്സ്വഹോ!
സഭാജയതി കോ ജഡഃ പശുപദുർദ്ദുരൂടം വടും,
ഇതി ത്വയി സ ദുർവ്വചോവിതതിമുദ്വമന്നാസനാ-
ദുദാപതദുദായുധഃ; സമപതന്നമും പാണ്ഡവാഃ.

ഭാഷ

എത്ര മുനിമാരുണ്ടെത്ര നൃപന്മാരു-
മിസ്സദസ്സിൽ, അഗ്ര്യനീക്കള്ളനോ
കൊള്ളരുതാത്തോനിടയച്ചെറുക്കനെ
കൊള്ളരുതാത്തോരേ പൂജിയ്ക്കുള്ളു.
ചേദി ശിശുപാലൻ ദുർവാചകം തുപ്പി
ആയുധധാരിയായ് ചാടി വീണു
പാണ്ഡവരും ക്രോധിച്ചേറെക്കയർത്തിട്ടാ-
മൂഢന്നുനേരെത്തൊടുത്തിതസ്ത്രം.

അർത്ഥം : "സദസ്സിൽ എത്ര മുനിമാരും നൃപന്മാരുമുണ്ട്. എന്നിട്ട് അഗ്ര്യ പൂജ ഈ കൊള്ളരുതാത്ത കള്ളൻ ഇടയച്ചെക്കനോ" എന്നു ചോദിച്ച് ആയുധമോങ്ങി ചേദിരാജാവ് ശിശുപാലൻ കൃഷ്ണനു നേരെ ചാടി. ഇതു കണ്ട പാണ്ഡവരും കോപിച്ച് ആയുധമെടുത്ത് ശിശുപാലനെ എതിർക്കാൻ ഒരുങ്ങി.

മൂലം – 9

നിവാര്യ നിജപക്ഷഗാനഭിമുഖസ്യ വിദ്വേഷിണ-
സ്ത്വമേവ ജഹൃഷേ ശിരോ ദനുജദാരിണാ സ്വാരിണാ,
ജനുസ്ത്രിതയലബ്ധയാ സതതചിന്തയാ ശുദ്ധധീ-
സ്ത്വയാ സ പരമേകതാമധൃത യോഗിനാം ദുർല്ലഭാം.

ഭാഷ

നിർത്തിയവരെയൊതുക്കീട്ടു, ദാരുണ-
ചക്രമെടുത്തവൻ നേർക്കുയർത്തി
മൂന്നു ജന്മത്തിലെ വിദ്വേഷഭക്തിയാൽ
മന്നവന്നേകി സായൂജ്യമുക്തി
യോഗികൾക്കും കൂടി ദുർല്ലഭം സായൂജ്യം
നേടിനാൻ പാർഷദനാ സഭയിൽ

അർത്ഥം : പാണ്ഡവരെ കൃഷ്ണൻ തടഞ്ഞു നിർത്തി. ദാരുണമായ ചക്രം ശിശുപാലനു നേരെ ഉയർത്തി. മൂന്നു ജന്മം നിരന്തരം വിദ്വേഷ ഭക്തിയാൽ ഭഗവാനെ ചിന്തിച്ച ആ വിഷ്ണുപാർഷദന്, യോഗികൾക്കു കൂടി സുദുർല്ലഭമായ സായൂജ്യമുക്തി, ആ സഭയിൽവെച്ച് അവിടുന്ന് നൽകി.

മൂലം - 10

തതസ്സുമഹിതേ ത്വയാ ക്രതുവരേ നിരൂഢേ, ജനോ
യയൗ ജയതി ധർമ്മജോ ജയതി കൃഷ്ണ ഇത്യാലപൻ,
ഖലസ്സ തു സുയോധനോ ധുതമനാസ്സപത്നശ്രിയാ
മയാർപ്പിതസഭാമുഖേ സ്ഥലജലഭ്രമാദഭ്രമീത്.

ഭാഷ

ഏവം മഹിതമാ രാജസൂയം കഴി-
ഞ്ഞാർത്തു ജനം "കൃഷ്ണകൃഷ്ണാ ജയ
ധർമ്മ ജയധർമ്മനന്ദനനും ജയ"
ദുർമ്മതി ദുര്യോധനൻ തപിച്ചു.
ഉണ്ടായ് സ്ഥലജല വിഭ്രമം മായയാൽ
മണ്ടൻ നൃപന്നാ മയസഭയിൽ

അർത്ഥം : മഹിതമായ രാജസൂയം കഴിഞ്ഞു. ജനങ്ങൾ ധർമ്മപുത്രനും ധർമ്മത്തിനും, ധർമ്മസംസ്ഥാപകനായ കൃഷ്ണനും വിജയമാശംസിച്ചു മടങ്ങി. അസൂയാലുവായ ദുര്യോധനൻ അസ്വസ്ഥനായി. ആശ്ചര്യകരമായ ആ മയസഭയിൽ മണ്ടനായ അദ്ദേഹത്തിന് മായയാൽ സ്ഥല ജലഭ്രമം ഉണ്ടായി.

മൂലം - 11

തദാ ഹസിതമുത്ഥിതം ദ്രുപദനന്ദനാഭീമയോ-
രപാംഗകലയാ വിഭോ! കിമപി താവദുജ്ജൃംഭയൻ,
ധരാഭരനിരാകൃതൗ സപദി നാമ ബീജം വപൻ
ജനാർദ്ദന! മരുത്പുരീനിലയ! പാഹി മാമാമയാത്.

ഭാഷ

ആരു വീണാലും ചിരിക്കണം, പാഞ്ചാലി
ഭീമനും നന്നായ്ച്ചിരിച്ചേയുള്ളു
അപ്പരിഹാസച്ചിരിയെക്കടാക്ഷത്താൽ
അപ്പോൾ നീയൊന്നു കണക്കിലേറ്റീ
ഭൂഭാര നാശത്തിനുള്ളൊരു വിത്തു നീ
ഭ്രൂചലനത്താൽ വിതച്ചു കൃഷ്ണാ
ശ്രീമദ് ഗുരുവായൂരപ്പാ ജനാർദ്ദനാ
ആമയം നീക്കിത്തുണയ്ക്കുകെന്നെ.

അർത്ഥം : ഒരാൾ വീണാൽ ആരായാലും ചിരിക്കും. പാഞ്ചാലിയും ഭീമനും ദുര്യോധനൻ വീണപ്പോൾ ചിരിച്ചു. ആ പരിഹാസച്ചിരിയെ കടക്കണ്ണുകൊണ്ടുള്ള കളികളാൽ അവിടുന്ന് വല്ലാതെ അധികമാക്കി. ഭൂഭാരം നശിപ്പിക്കാനുള്ള ഒരു വിത്ത് നീ കണ്ണും പുരികവും ചലിപ്പിച്ച് വിതയ്ക്കുകയായിരുന്നു. ഗുരുവായൂരപ്പാ, സർവ്വ ആമയം നീക്കി, നിരാമയ യാക്കി എന്നെ തുണയ്ക്കണേ.

O

ദശകം 86

ഭാരതയുദ്ധം

മൂലം – 1

സാലോ ഭൈഷ്മീവിവാഹേ യദുബലവിജിത-
ശ്ചന്ദ്രചൂഡാദ്വിമാനം
വിന്ദൻ സൗഭം സ മായീ ത്വയി വസതി കുരും-
സ്ത്വത്പുരീമഭ്യഭാങ്ക്ഷീത്
പ്രദ്യുമ്നസ്തം നിരുന്ധന്നഖിലയദുഭടൈർ-
ന്യഗ്രഹീദുഗ്രവീര്യം
തസ്യാമാത്യം ദ്യുമന്തം വ്യജനി ച സമരഃ
സപ്തവിംശത്യഹാന്തം

ഭാഷ

രുഗ്മിണീ കല്യാണനാളിലാ യാദവർ
തോല്പിച്ച സാലനരേശനന്നാൾ
ചന്ദ്രചൂഡന്റെ വരത്താല് നേടി സൗഭ-
മെന്ന വിമാനം, മായാഗമനം
കൃഷ്ണൻ കുരു ദേശത്തെന്നറിഞ്ഞിട്ടവൻ
ദ്വാരാപുരി മേൽത്തൊടുത്തുയുദ്ധം
പ്രദ്യുമ്ന സേനതടുത്തു ദ്യുമാനെന്ന
സാലസചിവനെ നിഗ്രഹിച്ചു
ഏഴുമിരുപതും നാളു നീണ്ടൂ യുദ്ധം
സാലൻ മടങ്ങീല തോറ്റുമില്ല.

അർത്ഥം : രുഗ്മിണീ കല്യാണത്തിന് യാദവസൈന്യത്താൽ പരാജി തനായ സാലൻ ശിവനിൽ നിന്ന് തപസ്സുകൊണ്ട് സൗഭമെന്ന വിമാനം നേടി. അവൻ കൃഷ്ണൻ കുരുദേശത്താണെന്നറിഞ്ഞ് ദ്വാരക ഉപരോ ധിച്ചു. പ്രദ്യുമ്നൻ തടുത്തുനിർത്തി അവന്റെ ദ്യുമാനെന്ന മന്ത്രിയെ വധിച്ചു. 27 ദിനം നീണ്ട യുദ്ധത്തിൽ സാലൻ തോറ്റു മടങ്ങിയില്ല.

മൂലം - 2

താവത്ത്വം രാമശാലീ ത്വരിതമുപഗതഃ
ഖണ്ഡിതപ്രായസൈന്യം
സൗഭേശം തം ന്യരുന്ധാഃ സ ച കില ഗദയാ
ശാർങ്ഗമഭ്രംശയത് തേ,
മായാതാതം വ്യഹിംസീദപി തവ പുരത-
സ്തത് ത്വയാപി ക്ഷണാർദ്ധം
നാജ്ഞായീത്യാഹുരേകേ തദിദമവമതം
വ്യാസ ഏവ ന്യഷേധീത്.

ഭാഷ

രാമനൊത്തെത്തീട്ടു തോല്പിച്ചു, നിൻ ശാർങ്ഗം
ദൂരെത്തെറിപ്പിച്ചു യുദ്ധമദ്ധ്യേ
മായാവസുദേവരൂപത്തെ നിഗ്രഹി-
ച്ചാ മാധവനും ഭ്രമമുണ്ടാക്കി
ഒറ്റ ക്ഷണം കൃഷ്ണനജ്ഞത വന്നെന്നു
മറ്റുള്ള വിദ്വാന്മാരോതിയാലും
നേരല്ലതു, വ്യാസൻ പണ്ടേ നിഷേധിച്ചു
സർവ്വജ്ഞനജ്ഞത നേരലില്ല.

അർത്ഥം : രാമനോടു കൂടെ വന്ന് കൃഷ്ണൻ സാല്വനെ തോല്പിച്ചു. ആ യുദ്ധത്തിൽ സാല്വൻ കൃഷ്ണന്റെ വില്ല് മുറിക്കയും മായാ വാസു ദേവനെ നിഗ്രഹിച്ച് കൃഷ്ണനെ ഭ്രമിപ്പിക്കയും ചെയ്തു. ചില വിദ്വാന്മാർ ഒരു ക്ഷണത്തേക്ക് കൃഷ്ണനുപോലും അജ്ഞത സംഭവിച്ചെന്നു പറ യുന്നു. അതു നേരല്ല. വ്യാസൻ പണ്ടേ നിഷേധിച്ചതാണ്. സർവ്വജ്ഞ രിൽ അജ്ഞത നേരൽ എന്നൊന്നില്ല.

മൂലം - 3

ക്ഷിപ്ത്വാ സൗഭം ഗദാചൂർണ്ണിതമുദകനിധൗ
മങ്ക്ഷു സാല്വേഽപി ചക്രേ-
ണോത്കൃത്തേ ദന്തവക്ത്രഃ പ്രസഭമഭിപത-
ന്നഭ്യമുഞ്ചദ്ഗദാം തേ,
കൗമോദക്യാ ഹതോഽസാവപി സുകൃതനിധി-
ശ്ചൈദ്യവത് പ്രാപദൈക്യം
സർവ്വേഷാമേഷ പൂർവ്വം ത്വയി ധൃതമനസാം
മോക്ഷണാർത്ഥോഽവതാരഃ.

ഭാഷ

സൗഭം ഗദയാലടിച്ചു പൊടിച്ചിട്ടു
സിന്ധുവിൽ തള്ളി, സുദർശനത്താൽ
കൊന്നു; ദന്താവക്രൻ നിന്നോടെതിരിട്ടു
നന്നായ് ഗദായുദ്ധമാരംഭിച്ചു
കൗമോദകിയാലാ പാർഷദ ശ്രേഷ്ഠനും
ചേദിപനെപ്പോലെപ്പാദം പൂകി
കൃഷ്ണാവതാരം പണ്ടാരുനിന്നിൽ മന-
മൂന്നിയവർക്കെല്ലാം മുക്തി നൽകാൻ

അർത്ഥം : സൗഭം അടിച്ചു പൊടിയാക്കി കടലിലിട്ടു. ചക്രത്താൽ സാല്വനെ കൊന്നു. ഗദായുദ്ധത്തിനു ചാടിവീണ ദന്താവക്രനെ കൗമോദകി കൊണ്ടടിച്ചുകൊന്നപ്പോൾ ശിശുപാലനെപ്പോലെ ആ പാർഷദനും നിന്റെ പദം പൂകി. കൃഷ്ണാവതാരം പൂർവ്വജന്മത്തിൽ നിന്നിൽ മനസ്സൂന്നിയ എല്ലാവർക്കും മോക്ഷത്തിനു വേണ്ടിയാണ്.

മൂലം – 4

ത്വയ്യായാതേഽഥ ജാതേ കില കുരുസദസി
ദ്യൂതകേ സംയതായാഃ
ക്രന്ദന്ത്യാ യാജ്ഞസേന്യാഃ സകരുണമകൃഥാ-
ശ്ചേലമാലാമനന്താം
അന്നാന്തപ്രാപ്തശർവ്വാംശജമുനിചകിത-
ദ്രൗപദീചിന്തിതോഽഥ
പ്രാപ്തഃ ശാകാന്നമശ്നൻ മുനിഗണമകൃഥാ-
സ്തൃപ്തിമന്തം വനാന്തേ.

ഭാഷ

കള്ള ചൂതിൽ തോറ്റ പാണ്ഡവപത്നിയെ
ഭള്ളു പറഞ്ഞ് വലിച്ചിഴയ്ക്കും
ദുഷ്ടകുരുസഭ ഞെട്ടി നിൻ കാരുണ്യം
പെട്ടെന്നനന്തമാം ചേലനൽകെ
കാട്ടിൽ വിരുന്നെത്തും ദുർവ്വാസ കോപത്തെ-
യേറ്റം ഭയന്നു പാഞ്ചാലി കേണു
ചീരക്കറിയുണ്ടു വിശ്വാത്മാ, ദുർവ്വാസാ-
കോപവും ലോകവും ശാന്തമായി.

അർത്ഥം : കള്ളച്ചൂതിൽ പാണ്ഡവർ തോറ്റപ്പോൾ കുരുസഭയിൽ ദുശ്ശാസനൻ പാഞ്ചാലിയെ വസ്ത്രമഴിച്ച് ഭള്ളുപറഞ്ഞ് വലിച്ചിഴച്ചു. കുരുസഭയെ ഞെട്ടിച്ചുകൊണ്ട് കൃഷ്ണന്റെ കാരുണ്യം അവൾക്ക് അവസാനിക്കാത്ത ചേല നൽകി. കാട്ടിൽ വിരുന്നുണ്ണാനെത്തിയ ദുർവ്വാസാവിന്റെ കോപം ഭയന്ന് പാഞ്ചാലി കേണപ്പോൾ, ഒഴിഞ്ഞ അക്ഷയപാത്രത്തിൽ പറ്റിയിരുന്ന ചീരയില വിശ്വാത്മാവ് ഭക്ഷിച്ചു. ദുർവ്വാസാവിന്റെ വിശപ്പും കോപവും ശാന്തമായി. ലോകം ശാന്തമായി.

മൂലം – 5

യുദ്ധോദ്യോഗേഽഥ മന്ത്രേ മിലതി സതി വൃതഃ
ഫല്ഗുനേന ത്വമേകഃ
കൗരവ്യേ ദത്തസൈന്യഃ കരിപുരമഗമോ
ദൂത്യകൃത് പാണ്ഡവാർത്ഥം,
ഭീഷ്മദ്രോണാദിമാന്യേ തവ ഖലു വചനേ
ധിക്കൃതേ കൗരവേണ
വ്യാവൃണ്വൻ വിശ്വരൂപം മുനിസദസി പുരീം
ക്ഷോഭയിത്വാഗതോഽഭൂഃ.

ഭാഷ

ഭാരതയുദ്ധത്തിലർജ്ജുനനേകനാം
നിന്നെവരിച്ചു നിരായുധനായ്
കൗരവർക്കേകീ നാരായണീസേനയെ
പാണ്ഡവർക്കായിട്ടു ദൂതുപോയി
ഭീഷ്മദ്രോണാദികൾ മാനിച്ചറിഞ്ഞാലും
ദുഷ്ട ദുര്യോധനൻ ധിക്കരിച്ചു
പൂർണ്ണ സദസ്സിൽ നിൻ വിശ്വരൂപംകാട്ടി
രാജ്യം വിറപ്പിച്ചു ശ്രീഹരി നീ

അർത്ഥം : ഭാരത യുദ്ധത്തിൽ അർജ്ജുനൻ ഏകനും നിരായുധനു മായ കൃഷ്ണനെ വരിച്ചു. ദുര്യോധനന് നാരായണീസേന കൊടുത്തു. പാണ്ഡവർക്കായി ശാന്തി ദൂത് പോയി. ആചാര്യന്മാർ മാനിച്ചു. എന്നാൽ ദുര്യോധനൻ ധിക്കരിച്ചു. സദസ്സിൽ വിശ്വരൂപം പ്രദർശിപ്പിച്ച് കുരു രാഷ്ട്രത്തെ വിറപ്പിച്ച് മടങ്ങിപ്പോന്നു.

മൂലം – 6

ജിഷ്ണോസ്ത്വം കൃഷ്ണ! സൂതഃ ഖലു സമരമുഖേ
ബന്ധുഘാതേ ദയാലും
ഖിന്നം തം വീക്ഷ്യ വീരം കിമിദമയി സഖേ!
നിത്യ ഏകോഽയമാത്മാ
കോ വദ്ധ്യഃ കോഽത്ര ഹന്താ തദിഹ വധഭിയം
പ്രോജ്ഝ്യ മയ്യർപ്പിതാത്മാ,
ധർമ്മ്യം യുദ്ധം ചരേതി പ്രകൃതിമനയഥാ
ദർശയൻ വിശ്വരൂപം.

ഭാഷ

അർജ്ജുന സാരഥിയായി, വിഷാദത്തി–
ന്നക്കരെയെത്തിയ്ക്കാനോതി ഗീത
"നിത്യ, നേകൻ ആത്മാ, വില്ലമൃതി ജന്മം
വദ്ധ്യനാർ ഹന്താവുമാരുപാർത്ഥാ
എന്നിലർപ്പിച്ചിട്ടു ധർമ്മം ചരിയ്ക്ക" യെ–
ന്നന്നും നീ കാണിച്ചു വിശ്വരൂപം

അർത്ഥം : യുദ്ധത്തിൽ അർജ്ജുനന്റെ തേരാളിയായി. ബന്ധുക്കളെ കൊല്ലുന്നതിൽ വിഷാദിച്ചിരിക്കുന്ന അവനെ കർമ്മോന്മുഖനാക്കാൻ ഗീത ഉപദേശിച്ചു. "പാർത്ഥാ, ആത്മാവ് നിത്യനാണ്, ഏകമാണ്. അതിന് ജനനമരണമില്ല. അപ്പോൾ കൊല്ലുന്നവനാര്? കൊല്ലപ്പെടുന്നവനാര്? സർവ്വവും എന്നിലർപ്പിച്ചിട്ട് നിഷ്കാമനായി നിന്റെ ധർമ്മം (ക്ഷത്രിയ ധർമ്മം) ചെയ്യുക." – അന്നും അവിടുന്ന് വിശ്വരൂപം കാണിച്ചു കൊടുക്കുകയുണ്ടായി.

മൂലം – 7

ഭക്തോത്തംസേഥ ഭീഷ്മേ തവ ധരണിഭര-
ക്ഷേപകൃത്യൈകസക്തേ
നിത്യം നിത്യം വിഭിന്ദത്യവനിഭൃദയുതം
പ്രാപ്തസാദേ ച പാർത്ഥേ,
നിശ്ശസ്ത്രത്വപ്രതിജ്ഞാം വിജഹദരിവരം
ധാരയൻ ക്രോധശാലീ-
വാധാവൻ പ്രാഞ്ജലിം തം നതശിരസമഥോ
വീക്ഷ്യ മോദാദപാഗാഃ.

ഭാഷ

ഭൂഭാരം തീർക്കും നിൻ ധർമ്മത്തിൽ ഭക്തനാം
ഭീഷ്മർ നിനക്കു സഹായിയായി
നിത്യമനേക രാജാക്കളെക്കൊല്ലവേ
അർജ്ജുനൻ പോലും തളർന്നുപോയി
പാർത്ഥപ്രസാദം വരുത്താൻ സുദർശന-
ചക്രമേന്തീ, വാക്കും തെറ്റിച്ചു നീ
അഞ്ജലി കൂപ്പിത്തൊഴുതു പിതാമഹൻ
അഞ്ചാതവന്നരുളീ പ്രസാദം.

അർത്ഥം : ഭൂഭാരം കുറയ്ക്കുക എന്ന ഭഗവാന്റെ കടമ ലഘൂകരിക്കാൻ ദിനംപ്രതി ഭീഷ്മർ അസംഖ്യം രാജാക്കന്മാരെ കൊന്നുകൊണ്ടിരുന്നു. അർജ്ജുനനും കൂടി അദ്ദേഹത്തെ അടക്കാനായില്ല. അപ്പോൾ പാർത്ഥനെ പ്രസാദിപ്പിക്കാൻ കോപം അഭിനയിച്ച് ചക്രം കയ്യിലെടുത്ത്, ആയുധമേന്തില്ല എന്ന വാക്കുകൂടി തെറ്റിച്ച്, കൃഷ്ണൻ ഭീഷ്മരുടെ നേർക്കടുത്തു. ഭീഷ്മർ മന്ദഹസിച്ച് അഞ്ജലി കൂപ്പി തൊഴുതു നിന്നു. കൃഷ്ണൻ സന്തോഷിച്ച് ഭീഷ്മരിൽ പ്രസാദിച്ച് മടങ്ങി തേരിൽ കയറുകയും ചെയ്തു.

മൂലം – 8

യുദ്ധേ ദ്രോണസ്യ ഹസ്തിസ്ഥിരരണഭഗദ-
ത്തേരിതം വൈഷ്ണവാസ്ത്രം
വക്ഷസ്യാധത്ത ചക്രസ്ഥഗിതരവിമഹാഃ
പ്രാർദ്ദയത് സിന്ധുരാജം,

നാഗാസ്ത്രേ കർണ്ണമുക്തേ ക്ഷിതിമവനമയൻ
കേവലം കൃത്തമൗലിം
തത്രേ തത്രാപി പാർത്ഥം കിമിഹ നഹി ഭവാൻ
പാണ്ഡവാനാമകാർഷീത്.

ഭാഷ

ആനപ്പുറത്തേറീ വന്ന ഭഗദത്ത-
നാരായണാസ്ത്രത്തെ മാലയാക്കി;
ചക്രത്താൽ സൂര്യനെ മൂടീട്ടു സന്ധ്യയെ-
യുണ്ടാക്കി, സിന്ധുരാജാവെ വീഴ്ത്തി;
കർണ്ണനാഗാസ്ത്രം വരുമ്പോൾ രഥം താഴ്ത്തി
കണ്ണൻ കിരീടിക്കിരീടം നീക്കി.
സൂതവേഷത്തിൽ നീ ഭക്തരാം പാണ്ഡവർ-
ക്കേകീ സകലവും, ഭക്തദാസൻ.

അർത്ഥം : നാൽക്കൊമ്പനാനപ്പുറത്ത് വന്ന് ഭഗദത്തനയച്ച നാരായണാസ്ത്രം സ്വന്തം മാറിലെ മാലയാക്കി; ചക്രംകൊണ്ട് സൂര്യനെ മറച്ച് ജയദ്രഥവധം എളുപ്പമാക്കി; കർണ്ണന്റെ നാഗാസ്ത്രത്തിൽ നിന്ന് അർജ്ജുനന്റെ ശിരസ്സ് രക്ഷിക്കാൻ പെരുവിരൽകൊണ്ട് രഥം താഴ്ത്തി, കിരീടം മാത്രം നഷ്ടപ്പെടുത്തി. ഇങ്ങനെ ആയുധമേന്താതെ, സൂതനായിരുന്നുകൊണ്ടുതന്നെ, ഭക്തദാസനായ അവിടുന്ന് ഭക്തരായ പാണ്ഡവർക്ക് സർവ്വസ്വവും നൽകി.

മൂലം – 9

യുദ്ധാദൗ തീർത്ഥഗാമീ സ ഖലു ഹലധരോ
നൈമിശക്ഷേത്രമൃച്ഛ-
ന്നപ്രത്യുത്ഥായിസൂതക്ഷയകൃദഥ സുതം
തത്പദേ കല്പയിത്വാ
യജ്ഞഘ്നം ബല്വലം പർവണി പരിദലയൻ
സ്നാതതീർത്ഥോ രണാന്തേ
സമ്പ്രാപ്തോ ഭീമദുര്യോധനരണമശമം
വീക്ഷ്യ യാതഃ പുരീം തേ.

ഭാഷ

യുദ്ധാദിയിൽ തീർത്ഥസ്നാനത്തിനായ് പോയ
രാമനെത്തി നൈമിശാരണ്യത്തിൽ
സൂതനെക്കൊന്നിട്ടവന്റെ സുതനെയാ
പ്പാരായണത്തിനു നിശ്ചയിച്ചു
യജ്ഞഘ്നനാകും വല്വലനെക്കൊന്നിട്ടു
വന്നു കുരുക്ഷേത്രഭൂമി തന്നിൽ
ഭീമദുര്യോധനയുദ്ധം തടയുവാ-
നാകാതെ ദ്വാരകതന്നിലെത്തി

അർത്ഥം : യുദ്ധം തുടങ്ങുമ്പോൾ തീർത്ഥാടനത്തിനുപോയ ബലരാമൻ നൈമിശാരണ്യത്തിലെത്തി. പുരാണ പാരായണം ചെയ്യുന്ന സൂതൻ ബഹുമാനിച്ചില്ലെന്നു കണ്ട് അദ്ദേഹത്തെ വധിച്ചു. സൂതന്റെ മകനെക്കൊണ്ട് പാരായണം നടത്തിച്ചു. യജ്ഞവിരോധിയായ വല്വലനെ കൊന്നു. ഭീമനും ദുര്യോധനനും തമ്മിൽ ഗദായുദ്ധം നടക്കുമ്പോൾ കുരുക്ഷേത്രത്തിൽ തിരിച്ചെത്തി. അതു തടയാനാവാത്തതിലുള്ള വിഷാദത്തോടെയാണ് ദ്വാരകാപുരിയിലേക്ക് തിരിച്ചുപോയത്.

മൂലം – 10

സംസുപ്തദ്രൗപദേയക്ഷപണഹതധിയം
ദ്രൗണിമേത്യ ത്വദുക്ത്യാ
തന്മുക്തം ബ്രാഹ്മമസ്ത്രം സമഹൃത വിജയോ
മൗലിരത്നം ച ജഘ്രേ,
ഉച്ഛിത്യൈ പാണ്ഡവാനാം പുനരപി ച വിശ-
ത്യുത്തരാഗർഭമസ്ത്രേ
രക്ഷന്നംഗുഷ്ഠമാത്രഃ കില ജഠരമഗാ-
ശ്ചക്രപാണിർവ്വിഭോ! ത്വം.

ഭാഷ

നന്നായുറങ്ങുന്ന പാഞ്ചാലിപുത്രരെ
കൊന്നു, ഗുരുപുത്രനെയ്തൊരസ്ത്രം
അർജ്ജുനൻ നിൻ ചൊല്ലാൽ ബ്രഹ്മാസ്ത്രം പിന്മട-
ക്കീട്ടു ശിരോരത്നവും മുറിച്ചു.
ഉത്തരാഗർഭത്തിൽ പാണ്ഡവ വംശത്തെ-
രക്ഷിയ്ക്കാനായിക്കടന്നു ദേവൻ
അംഗുഷ്ടമാത്ര ശരീരനായ് ചക്രവും
കയ്യിൽ ധരിച്ചു നീ സർവ്വവ്യാപി
ബ്രഹ്മാസ്ത്രമേല്ക്കാതഭിമന്യുപുത്രനെ
ബ്രഹ്മസ്വരൂപൻ പരിപാലിച്ചു.

അർത്ഥം : ഉറങ്ങിക്കിടക്കുന്ന പാഞ്ചാലീപുത്രനെ അശ്വത്ഥാമാവ് വധിച്ചു. പാണ്ഡവവംശം നശിക്കാൻ ബ്രഹ്മാസ്ത്രമെയ്തു. അതു തടുക്കാൻ അർജ്ജുനനയച്ച ബ്രഹ്മാസ്ത്രം അദ്ദേഹം കൃഷ്ണൻ പറകയാൽ പിൻവലിച്ചു. അശ്വത്ഥാമാവിനെ കൊല്ലാതെ തലയിലെ രത്നം പറിച്ചെടുത്തു വിട്ടു. അശ്വത്ഥാമാവിന്റെ അസ്ത്രം അഭിമന്യു പുത്രനെ കൊല്ലാൻ ഉത്തരയുടെ ഗർഭത്തിൽ പ്രവേശിച്ചു. അപ്പോൾ സർവ്വവ്യാപിയായ ഭഗവാൻ വെറുമൊരു തള്ളവിരലോളം പോന്ന ബ്രഹ്മസ്വരൂപമെടുത്ത് ചക്രം കയ്യിലേന്തി ഉത്തരയുടെ ഗർഭത്തിൽ പ്രവേശിച്ചു. ബ്രഹ്മാസ്ത്രമേൽക്കാതെ പരീക്ഷിത്തിനെ രക്ഷിച്ചു.

മൂലം – 11

ധർമ്മൗഘം ധർമ്മസൂനോരഭിദധദഖിലം
ഛന്ദമൃത്യുസ്സ ഭീഷ്മ-
സ്ത്വാം പശ്യൻ ഭക്തിഭൂമ്നൈവ ഹി സപദി യയൗ
നിഷ്കളബ്രഹ്മഭൂയം,
സംയാജ്യാഥാശ്വമേധൈസ്ത്രിഭിരതിമഹിതൈർ-
ധർമ്മജം പൂർണ്ണകാമം
സംപ്രാപ്തോ ദ്വാരകാം ത്വം പവനപുരപതേ!
പാഹി മാം സർവരോഗാത്.

ഭാഷ

സ്വഛന്ദമൃത്യുവാം ഭീഷ്മർ ധർമ്മാത്മജ-
ന്നോതിനാൻ ധർമ്മശാസ്ത്രങ്ങളെല്ലാം
വിഷ്ണുസഹസ്രനാമം ജപിച്ചു, നേരിൽ
വിഷ്ണുവാം നിന്നെ ദർശിച്ചുംകൊണ്ടേ
കേവല നിഷ്ക്കള ബ്രഹ്മരൂപത്തെയാ-
ക്കേമനാം ഗംഗാസുതൻ വരിച്ചു.
പൂർണ്ണകാമൻ ശ്രേഷ്ഠൻ ധർമ്മജനെക്കൊണ്ടു
മൂന്നശ്വമേധം നടത്തിച്ചു നീ
ദ്വാരകാവാസിയാം ശ്രീഗുരുവായൂരിലെ
ശ്രീഹരേ, രോഗമകറ്റീടേണം.

അർത്ഥം : സ്വഛന്ദമൃത്യുവായ ഭീഷ്മർ ധർമ്മപുത്രർക്ക് ധർമ്മ ശാസ്ത്രോപദേശം കൊടുത്ത്, വിഷ്ണുസഹസ്രനാമം ജപിച്ച്, നേരിൽ വിഷ്ണുവെത്തന്നെ കണ്ട് കേവല നിഷ്ക്കള ബ്രഹ്മത്തെ പ്രാപിച്ചു. പിന്നീട് യുധിഷ്ഠിരനെക്കൊണ്ട് മൂന്ന് അശ്വമേധം നടത്തിച്ച് കൃഷ്ണൻ ദ്വാരകയിലേക്ക് മടങ്ങി. ഗുരുവായൂരപ്പാ, ഹരേ, രോഗങ്ങളകറ്റി പാലി യ്ക്കണേ.

O

ദശകം 87
കുചേലവൃത്തം

മൂലം – 1

കുചേലനാമാ ഭവതസ്സതീർത്ഥ്യതാം
ഗതഃ സ സാന്ദീപനിമന്ദിരേ ദ്വിജഃ
ത്വദേകരാഗേണ ധനാദിനിസ്പൃഹോ
ദിനാനി നിന്യേ പ്രശമീ ഗൃഹാശ്രമീ.

ഭാഷ

സാന്ദീപനീഗൃഹത്തിൽ നിൻ സതീർത്ഥ്യനാം
സാധുകുചേലൻ ഗൃഹസ്ഥനായീ
ഭക്തൻ വിരക്തൻ ധനാശയില്ലാതെത്തൻ
മുക്തജീവൻ ശാന്തമാക്കി വാണു

അർത്ഥം : സാന്ദീപനി ആശ്രമത്തിൽ കൃഷ്ണന്റെ സതീർത്ഥ്യനായിരുന്ന സാധു ബ്രാഹ്മണൻ കുചേലൻ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. എങ്കിലും ഭക്തനും വിരക്തനുമായി, ധനാശകൂടാതെ തന്റെ മുക്തജീവനെ ശമദമാദികളാൽ പ്രശാന്തമാക്കി ജീവിച്ചു.

മൂലം – 2

സമാനശീലാപി തദീയവല്ലഭാ
തഥൈവ നോ ചിത്തജയം സമേയുഷീ
കദാചിദൂചേ ബത! വൃത്തിലബ്ധയേ
രമാപതിഃ കിം ന സഖാ നിഷേവ്യതേ.

ഭാഷ

നൂനം സമാനഗുണശീലയെങ്കിലും
നേടീല ചിത്തജയം തൻ പത്നി
"നിത്യോപജീവനത്തിന്നായി വല്ലതും
ലക്ഷ്മീപതി കൃഷ്ണൻ തന്നിടുവാൻ
ചങ്ങാതിയാകുമവിടുത്തെക്കണ്ടൊന്നു
വന്നീടു" കെന്നയച്ചു പതിയെ.

അർത്ഥം : ഭാര്യയും സുശീലയായിരുന്നു. പക്ഷെ ചിത്തജയം നേടിയിരുന്നില്ല. "ലക്ഷ്മീപതിയായ കൃഷ്ണനല്ലേ ഭവാന്റെ ചങ്ങാതി? നിത്യോപജീവനത്തിനു വല്ലതും അദ്ദേഹം തരാതിരിക്കില്ല. ഒന്നു ചെന്നുകാണൂ" എന്ന് ഭർത്താവിനെ ദ്വാരകയിലേക്ക് പറഞ്ഞയച്ചു.

മൂലം – 3

ഇതീരിതോഽയം പ്രിയയാ ക്ഷുധാർത്തയാ
ജുഗുപ്സമാനോഽപി ധനേ മദാവഹേ,
തദാ ത്വദാലോകനകൗതുകാദ്യയൗ
വഹൻ പടാന്തേ പൃഥുകാനുപായനം.

ഭാഷ

ഏറെ വിശപ്പാൽ വലഞ്ഞ തൻ പത്നി ത-
ന്നീവിലാപം കേട്ടിട്ടാക്കുചേലൻ
തീരെ വെറുപ്പാധനത്തോടെന്നാകിലും
ശ്രീഹരിയെക്കാണാൻ മോഹമേറി
കോന്തലയ്ക്കൽക്കാഴ്ചയായിട്ടവിലുമായ്
ദ്വാരാപുരിക്കുള്ള യാത്രയായി.

അർത്ഥം : വിശപ്പുകൊണ്ട് വലഞ്ഞ ഭാര്യയുടെ വിലാപം കേട്ട കുചേലൻ ധനത്തിൽ വെറുപ്പു വന്നവനെങ്കിലും, കൃഷ്ണനെ കാണാൻ മോഹം അത്യധികമുള്ളതിനാൽ, മുണ്ടിന്റെ കോന്തലയ്ക്കൽ കൃഷ്ണന് തിരുമുൽക്കാഴ്ചയായി കുറച്ചവിലും പൊതിഞ്ഞുകെട്ടി ദ്വാരകയ്ക്ക് പുറപ്പെട്ടു.

മൂലം – 4

ഗതോഽയമാശ്ചര്യമയീം ഭവത്പുരീം
ഗൃഹേഷു ശൈബ്യാഭവനം സമേയിവാൻ
പ്രവിശ്യ വൈകുണ്ഠമിവാപ നിർവൃതിം
തവാതിസംഭാവനയാ തു കിം പുനഃ.

ഭാഷ

ആശ്ചര്യക്കാഴ്ചകൾ കണ്ടു, പതിനാറാ-
രായിരത്തെട്ടു ഗൃഹങ്ങൾ കണ്ടു
ശൈബ്യാഗൃഹത്തിൽ പ്രവേശിച്ചു, വൈകുണ്ഠ-
നിർവൃതി പൂണ്ടു മറന്നിതെല്ലാം
കൃഷ്ണന്റെ യാതിഥ്യസൽക്കാരമേൽക്കവെ
പിന്നെന്തു ചൊല്ലാൻ! തൻ പൂർവ്വഭാഗ്യം!

അർത്ഥം : നഗരത്തിലെ ആശ്ചര്യക്കാഴ്ചകൾ കണ്ടു. ഒരേപോലുള്ള 16008 വീടുകൾ കണ്ടു. അതിൽ ശൈബ്യയുടെ വീട്ടിൽ കടന്നപ്പോൾ തന്നെ വൈകുണ്ഠത്തിലെത്തിയപോലെ നിർവൃതിയിലാണ്ട് മറ്റെല്ലാം മറന്നു. കൃഷ്ണന്റെ അതിഥി സൽക്കാരം കൂടിയായപ്പോൾ പിന്നെ പറയാനുണ്ടോ! ഈ അപൂർവ്വഭാഗ്യം തന്റെ പൂർവ്വഭാഗ്യം തന്നെ എന്നുറച്ചു.

മൂലം – 5

പ്രപൂജിതം തം പ്രിയയാ ച വീജിതം
കരേ ഗൃഹീത്വാഽകഥയഃ പുരാകൃതം,
യദിന്ധനാർത്ഥം ഗുരുദാരചോദിതൈ-
രപർത്തുവർഷം തദമർഷി കാനനേ.

ഭാഷ

പൂജിതനായ്; പ്രിയശൈബ്യമൈത്രാവിന്ദ-
യാലെ വീശപ്പെട്ടു; കൈപിടിച്ചു
നന്ദിച്ചു പൂർവ്വസ്മൃതികഥ ചൊൽകയായ്
നന്ദകുമാരൻ സുസ്നേഹശീലൻ
"ഓർമ്മയില്ലേ, നമ്മൾ കാട്ടിൽ വിറകിനു
പോയിട്ടു കൊണ്ട മഴ, സുഹൃത്തേ"

അർത്ഥം : കുചേലൻ യഥാവിധി പൂജിതനായി. പ്രിയയായ ശൈബ്യമിത്രാവിന്ദ കുചേലനെ വീശിക്കൊണ്ടിരിക്കെ, കൃഷ്ണൻ അവന്റെ കൈ

പിടിച്ച് സ്നേഹപൂർവ്വം പഴയ ഓർമ്മകൾ പങ്കിട്ടു. "ഓർമ്മയില്ലേ, പണ്ട് ഗുരുപത്നിക്ക് വേണ്ടി നമ്മൾ കാട്ടിൽ വിറകിനു പോയത്! അന്നെന്തു മാത്രം മഴയാണ് നമ്മൾ കൊണ്ടത്!"

മൂലം – 6

ത്രപാജുഷോഽസ്മാത് പൃഥുകം ബലാദഥ
പ്രഗൃഹ്യ മുഷ്ടൗ സകൃദാശിതേ ത്വയാ,
കൃതം കൃതം നന്വിയതേതി സംഭ്രമാത്
ദ്രമാ കിലോപേത്യ കരം രുരോധ തേ.

ഭാഷ

ലജ്ജയാൽ നൽകീലവി, ലപ്പോൾ മാധവൻ
തട്ടിപ്പറിച്ചു പൊതിയഴിച്ചു
തിന്നാനൊരുപിടി, രണ്ടാമതും വാരി,
വന്നു ലക്ഷ്മീദേവി കൈപിടിച്ചു
"ഇത്ര മതി, മതി" യെന്നവൾ നിന്റെയാ-
ഭക്തവാത്സല്യം തടഞ്ഞുനിർത്തി

അർത്ഥം : ലജ്ജ കാരണം കുചേലൻ അവിൽ പുറത്തെടുത്തില്ല. കൃഷ്ണൻ പൊതി തട്ടിപ്പറിച്ച്, അഴിച്ച്, ഒരുപിടി വാരിത്തിന്നു. രണ്ടാമതും വാരിയപ്പോൾ ലക്ഷ്മീ ഭഗവതി വന്ന് കയ്യുപിടിച്ചു. "മതി മതി, ഇത്ര മതി" എന്ന് ഭഗവാന്റെ ഭക്തവാത്സല്യത്തിന് തടസ്സം നിന്നു.

മൂലം – 7

ഭക്തേഷു ഭക്തേന സ മാനിതസ്ത്വയാ
പുരീം വസന്നേകനിശാം മഹാസുഖം,
ബതാപരേദ്യുർദ്രവിണം വിനാ യയൗ
വിചിത്രരൂപസ്തവ ഖലനുഗ്രഹഃ.

ഭാഷ

ഭക്തരിൽ ഭക്തിയേറും നിന്നാൽ മാനിതൻ
ഭക്തകുചേലനാദ്വാരകയിൽ
ഒറ്റരാത്തങ്ങി, പ്രശാന്തനായ്, തൃപ്തനായ്
പിറ്റേന്നു തന്നെ മടങ്ങിടുമ്പോൾ
ഓർത്തില്ല ചെന്നതെന്തിന്നെന്നു, നിൻവരം
ആർത്തരിൽ ചിത്രരൂപം, ഭഗവൻ!

അർത്ഥം : ഭക്തന്മാരിൽ ഭക്തിയുള്ള കൃഷ്ണനാൽ ബഹുമാനിക്കപ്പെട്ട ഭക്തകുചേലൻ ദ്വാരകയിൽ ഒരു രാത്രി തങ്ങി, പ്രശാന്തനും തൃപ്തനുമായി മടങ്ങി. താൻ ചെന്നത് ഉപജീവനത്തിന് ധനം യാചിക്കാനാണെന്നു പോലും അദ്ദേഹം ഓർത്തില്ല. ഭഗവാന്റെ അനുഗ്രഹം ആർത്തന്മാരിൽ വിചിത്രരീതികളിലാണ്.

മൂലം – 8

യദി ഹ്യയാചിഷ്യമദാസ്യദച്യുതോ
വദാമി ഭാര്യാം കിമിതി വ്രജന്നസൗ,
ത്വദുക്തിലീലാസ്മിതമഗ്നധീഃ പുനഃ
ക്രമാദപശ്യന്മണിദീപ്രമാലയം.

ഭാഷ

"ചോദിച്ചാൽ തന്നേനെ; ചോദിച്ചി; ല്ലച്യുതൻ
ചോദിച്ചിടാതൊന്നും തന്നുമില്ലാ
എന്തു ചൊല്ലും പ്രിയയോ"ടെന്നു ചിന്തിച്ചും
നിന്റെ മന്ദസ്മിതം ലീലയോർത്തും
നിന്നിൽ ലയിച്ചു മുഴുകിയ ഹൃത്തുമായ്
തന്നുടെ മന്ദിരം പൂകുന്നേരം
"രത്നമണിദീപ്തമാലയമേതിതെ' –
ന്നത്തലോടെ നോക്കിനിന്നു വിപ്രൻ

അർത്ഥം : "ചോദിച്ചെങ്കിൽ തരുമായിരുന്നു. ഞാൻ ചോദിച്ചില്ല. കൃഷ്ണൻ ചോദിയ്ക്കാതെത്തന്നെ തന്നതുമില്ല. ഭാര്യയോടെന്തു പറയും" എന്നു ചിന്തിച്ചും, കൃഷ്ണന്റെ മന്ദസ്മിതവും ലീലകളും ഓർത്തും, കൃഷ്ണനിൽ ലയിച്ചുചേർന്ന ഹൃദയത്തോടെ വീട്ടിലെത്തുമ്പോൾ മുമ്പിൽ ആശ്ചര്യകരമായ ഒരു കാഴ്ച കണ്ടു. 'രത്നങ്ങളാൽ തിളങ്ങുന്ന ഈ മാളിക ഏതാണെ'ന്ന് വിസ്മയത്തോടും ആശങ്കയോടും നോക്കിനിന്നു.

മൂലം – 9

കിം മാർഗ്ഗവിഭ്രംശ ഇതി ഭ്രമൻ ക്ഷണം
ഗൃഹം പ്രവിഷ്ടഃ സ ദദർശ വല്ലഭാം,
സഖീപരീതാം മണിഹേമഭൂഷിതാം
ബുബോധ ച ത്വത്കരുണാം മഹാദ്ഭുതാം.

ഭാഷ

"എൻവഴി തെറ്റിയോ" എന്നമ്പരന്നിട്ടു
നിന്നൊരാസ്സാധു കാണുന്നു മുന്നിൽ
പൊന്മണിഭൂഷയണിഞ്ഞു സഖിമാരാൽ
ചൂഴുന്ന തൻപ്രിയ വല്ലഭയെ
മാധവ കാരുണ്യമാകും മഹാത്ഭുതം
താനിതെന്നോർത്തു, ധ്യാനിച്ചു നിന്നെ.

അർത്ഥം : എനിക്കു വഴി തെറ്റിയോ എന്ന് ശങ്കിച്ചപ്പോഴേക്കും ആഭരണങ്ങളിഞ്ഞ്, സഖിമാരാൽ ചുറ്റപ്പെട്ട് സ്വന്തം ഭാര്യയെ മുമ്പിൽ കണ്ടു. മാധവന്റെ കരുണയാണ് ഈ മഹാത്ഭുതമെന്നറിഞ്ഞ് നിന്നെ ധ്യാനിച്ചു.

മൂലം – 10

സ രത്നശാലാസു വസന്നപി സ്വയം
സമുന്നമദ്ഭക്തിഭരോഽമൃതം യയൗ,
ത്വമേവമാപൂരിതഭക്തവാഞ്ഛിതോ
മരുത്പുരാധീശ! ഹരസ്വ മേ ഗദാൻ.

ഭാഷ

രത്നശാലയ്ക്കുള്ളിലഷ്ടൈശ്വര്യത്തിലും
ചെറ്റപ്പുരയിലെ പക്ഷ്ണിയിലും
ഒപ്പം നിൻ ഭക്തിയും ശാന്തിയും വർദ്ധിച്ചു
സൽപുമാൻ അദ്വൈത സിദ്ധി നേടി
ബ്രഹ്മാമൃതമേകി മുക്തിയേകും ഗുരോ
ധർമ്മ്യാമൃതത്താൽ ഹരിക്ക രോഗം.

അർത്ഥം : രത്നശാലയിൽ അഷ്ടൈശ്വര്യ മദ്ധ്യത്തിലായാലും ശരി, ചെറ്റപ്പുരയിലെ പട്ടിണിയിലായാലും ശരി, കുചേലന് ഒരു വ്യത്യാസവുമുണ്ടായില്ല. മേൽക്കുമേൽ ഭക്തിയും ശാന്തിയും വർദ്ധിച്ച് ആ സത്പുരുഷൻ അദ്വൈത സിദ്ധി നേടി. ബ്രഹ്മാമൃതം നൽകി ഭക്തർക്ക് മുക്തിയേകുന്ന ഗുരോ, ഗുരുവായൂരപ്പാ, അവിടത്തെ ഭക്തിയാകുന്ന ധർമ്മ്യാമൃതം തന്ന് എന്റെ സർവ്വരോഗങ്ങളും ഹരിച്ചാലും.

O

ദശകം 88

സന്താനഗോപാലം

മൂലം – 1

പ്രാഗേവാ ചാര്യപുത്രാഹൃതിനിശമനയാ
സ്വീയഷട്സൂനുവീക്ഷാം
കാംക്ഷന്ത്യാ മാതുരുക്ത്യാ സുതലഭുവി ബലിം
പ്രാപ്യ തേനാർപ്പിതാംസ്ത്വം,
ധാതുഃ ശാപാദ്ധിരണ്യാന്വിതകശിപുഭവാൻ
ശൗരിജാൻ കംസഭഗ്നാ-
നാനീയൈനാൻ പ്രദർശ്യ സ്വപദമനയഥാഃ
പൂർവ്വപുത്രാൻ മരീചേഃ

ഭാഷ

സാന്ദീപനിക്കു മരിച്ചതൻ പുത്രനെ
നന്ദനൻ നല്കിയ വാർത്ത കേൾക്കെ
ആറു പേരഗ്രജരെക്കാണാൻ ദേവകി-
യാശിച്ച താലെ നീ; ബ്രഹ്മശാപാൽ
പണ്ടു ഹിരണ്യപുത്രന്മാരായ്, പിന്നെയാ
ശൗരിപുത്രന്മാരായ് പെറ്റുവീണു
കംസനാൽ ധ്വംസിക്കപ്പെട്ട മരീചിതൻ
പുത്രരെക്കാണുവാൻ യാത്രയായി
ചെന്നുസുതലത്തിൽമാബലിയർപ്പിച്ചു
അന്നുവാഴും ആറു പുത്രരേയും
അമ്മക്കു കാട്ടിക്കൊടുത്തിട്ടവരെത്തൻ
സ്വന്തപദത്തിൽ തിരിച്ചയച്ചു.

അർത്ഥം : സാന്ദീപനിക്ക് മരിച്ച മകനെ കൃഷ്ണൻ കൊണ്ടുവന്നു കൊടുത്തതിനാൽ തനിക്കും മരിച്ചുപോയ ആറു മക്കളെ കാണണമെന്ന് ദേവകി ആഗ്രഹിച്ചു. അതിനായി കൃഷ്ണൻ സുതലത്തിൽ പോയി. മരീചിയുടെ ആറു മക്കൾ പണ്ട് ഹിരണ്യകശിപുവിന്റെ മക്കളായി ജനിച്ചു. അവരാണ് ദ്വാപരയുഗത്തിൽ ദേവകിയുടെ ആദ്യത്തെ ആറു മക്കളായി ജനിച്ച് കംസനാൽ വധിക്കപ്പെട്ടത്. അവരെ മഹാബലി സുതലത്തിൽ നിന്ന് കൊണ്ടുവന്നു കൊടുത്തു. കൃഷ്ണൻ അവരെ അമ്മക്ക് കാട്ടിക്കൊടുത്ത് സുതലത്തിലേക്കു തന്നെ തിരിച്ചയച്ചു.

മൂലം – 2

ശ്രുതദേവ ഇതി ശ്രുതം ദ്വിജേന്ദ്രം
ബഹുലാശ്വം നൃപതിം ച ഭക്തിപൂർണ്ണം,
യുഗപത്ത്വമനുഗ്രഹീതുകാമോ
മിഥിലാം പ്രാപിഥ താപസൈസ്സമേതഃ.

ഭാഷ

എത്തി മിഥിലയിൽ പ്രീതനായൊന്നിച്ച-
നുഗ്രഹിക്കാനായ് മുനിമാരൊപ്പം
ഏറ്റം ശ്രുതിമാൻ ശ്രുതദേവവിപ്രനെ
ഭക്തൻ ബാഹുലാശ്വ രാജനേയും

അർത്ഥം : മിഥിലയിലെ കീർത്തികേട്ട ശ്രുതദേവ ബ്രാഹ്മണനേയും ഭക്തനായ ബഹുളാശ്വരാജാവിനേയും ഒന്നിച്ചനുഗ്രഹിക്കാൻ സന്തോഷപൂർവ്വം മുനിമാരോടുകൂടി അവിടെയെത്തി.

മൂലം – 3

ഗച്ഛൻ ദ്വിമൂർത്തിരുഭയോർയ്യുഗപന്നികേത-
മേകേന ഭൂരിവിഭവൈർവ്വിഹിതോപചാരഃ,
അന്യേന തദ്ദിനഭൃതൈശ്ച ഫലൗദനാദ്യൈ-
സ്തുല്യം പ്രസേദിഥ ദദാഥ ച മുക്തിമാഭ്യാം.

ഭാഷ

ഒന്നിച്ചെഴുന്നെള്ളി രണ്ടു ഗൃഹത്തിലും
ഒന്നായ നീ രണ്ടു രൂപമായി
ഏറെ വിഭവത്താൽ രാജാവും, അന്നത്തെ-
ച്ചോറും ഫലങ്ങളാൽ ബ്രാഹ്മണനും
രണ്ടാളിലും തുല്യമായി പ്രസാദിച്ചു
രണ്ടാൾക്കും ജീവിതമുക്തി നൽകി

അർത്ഥം : ഏകനായ നീ, രണ്ടു രൂപമായി, രണ്ടു വീട്ടിൽ ഒരേ സമയത്ത് എഴുന്നള്ളി. രാജാവ് വിഭവ സമൃദ്ധമായി സൽക്കരിച്ചു. ബ്രാഹ്മണൻ അന്നത്തെ ചോറും ഫലമൂലാദികളും കൊണ്ടും കൃഷ്ണൻ രണ്ടാളിലും തുല്യമായി പ്രസാദിച്ചു. രണ്ടു പേർക്കും ജീവന്മുക്തി കൊടുത്തു.

മൂലം - 4

ഭൂയോഽഥ ദ്വാരവത്യാം ദ്വിജതനയമൃതിം
തത്പ്രലാപാനപി ത്വം
കോ വാ ദൈവം നിരുന്ധ്യാദിതി കില കഥയൻ
വിശ്വവോഢാപ്യസോഢാഃ,
ജിഷ്ണോർഗ്ഗർവ്വം വിനേതും ത്വയി മനുജധിയാ
കുണ്ഠിതാം ചാസ്യ ബുദ്ധിം
തത്ത്വാരൂഢാം വിധാതും പരമതമപദ-
പ്രേക്ഷണേനേതി മന്യേ.

ഭാഷ

ബ്രാഹ്മണൻ വന്നു വിലപി, ച്ചകാലത്തിൽ
കാലനെടുക്കയാൽ തന്മക്കളെ
'ആരു തടുക്കുന്നു കർമ്മഫല' മെന്നു
നീയോതി വിശ്വേശനാണെന്നാലും.
നീ വെറും മാനുജനെന്നോർത്തു മങ്ങിയ
പാമരബുദ്ധിയാം തൻ സഖാവിൽ
ഗർവ്വു നീക്കാനുമാ ബോധത്തിൽ വൈകുണ്ഠ-
മാംപദം നന്നായ് തെളിഞ്ഞിടാനും
ചെയ്തൊരു ലീലയാണെന്നു ഞാനോരുന്നു
മാധവാ, നിന്റെയാ കൈമലർത്തൽ!

അർത്ഥം : തന്റെ മക്കളെ അകാലത്തിൽ കാലനെടുക്കുന്നു എന്നു പരാതിപറഞ്ഞ ബ്രാഹ്മണനോട്, വിശ്വേശ്വരനായിട്ടു കൂടി "ആർക്കാണ് കർമ്മഫലം തടയാനാവുക" എന്ന് കൃഷ്ണൻ കൈമലർത്തി. കൃഷ്ണൻ മനുഷ്യൻ മാത്രമാണെന്നുള്ള പാമരബുദ്ധികൊണ്ടു മങ്ങിയ അർജ്ജുനന്റെ ബോധത്തിൽ വൈകുണ്ഠപദം തെളിയിക്കാനും അവന്റെ ഗർവ്വു തീർക്കാനുമാണ് ഈ 'കൈമലർത്തൽ ലീല' എന്ന് ഞാൻ വിചാരിക്കുന്നു.

മൂലം - 5

നഷ്ടാ അഷ്ടാസ്യ പുത്രാഃ പുനരപി തവ തൂ-
പേക്ഷയാ കഷ്ടവാദഃ
സ്പഷ്ടോ ജാതോ ജനാനാമഥ തദവസരേ
ദ്വാരകാമാര പാർത്ഥഃ,
മൈത്ര്യാ തത്രോഷിതോഽസൗ നവമസുതമൃതൗ
വിപ്രവര്യപ്രരോദം
ശ്രുത്വാ ചക്രേ പ്രതിജ്ഞാമനുപഹൃതസുതഃ
സന്നിവേക്ഷ്യേ കൃശാനും.

ഭാഷ

"എട്ടു പുത്രന്മാർ മരിച്ചിട്ടും കൃഷ്ണനാ
ശിഷ്ടന്റെ മക്കളെ രക്ഷിച്ചില്ലാ
കഷ്ടമി" തെന്നു ജനങ്ങൾ പറയുന്ന-
തിഷ്ട സഖാവായ പാർത്ഥൻ കേൾക്കെ
മൈത്രിയോടങ്ങു വസിച്ചു, പിന്നൊമ്പതാം
പുത്രന്റെ മൃത്യുവിലാപം കേട്ടു
"ഇന്നിയുണ്ടാകുന്ന പുത്രനെ ക്കാക്കായ്കിൽ
അഗ്നിപ്രവേശം ചെയ്യും ദൃഢം ഞാൻ"
അർജ്ജുനൻ തന്റെയായുഗ്ര പ്രതിജ്ഞ കേ-
ട്ടച്യുതാ നീയുള്ളിൽ പുഞ്ചിരിച്ചോ?

അർത്ഥം : 'എട്ടു കുട്ടികൾ മരിച്ചു. എന്നിട്ടും കൃഷ്ണൻ രക്ഷിച്ചില്ല - കഷ്ടം' എന്ന് ജനങ്ങൾ പറയുന്നത് ഉറ്റ സുഹൃത്തായ അർജ്ജുനനും കേട്ടു. ദ്വാരകയിൽ മൈത്രിയോടെ താമസിക്കുമ്പോൾ ഒമ്പതാമത്തെ പുത്രൻ മരിച്ച് ബ്രാഹ്മണൻ വിലപിക്കുന്നതും കേട്ടു. "ഇനി ഉണ്ടാകുന്ന കുട്ടിയെ രക്ഷിക്കാൻ സാധിച്ചില്ലെങ്കിൽ ഞാൻ തീയിൽ ചാടി മരിക്കു" മെന്ന ഉഗ്രപ്രതിജ്ഞ ചെയ്തു. അർജ്ജുനന്റെ പ്രതിജ്ഞ കേട്ട് ഭഗവാൻ ഉള്ളിൽ മന്ദഹസിച്ചിരിക്കണം.

മൂലം - 6

മാനീ സ ത്വാമപൃഷ്ട്വാ ദ്വിജനിലയഗതോ
ബാണജാലൈർമ്മഹാസ്ത്രൈ
രുന്ധാനഃ സൂതിഗേഹം പുനരപി സഹസാ
ദൃഷ്ടനഷ്ടേ കുമാരേ,
യാമ്യാമൈന്ദ്രീം തഥാന്യാഃ സുരവരനഗരീ-
ർവിദ്യയാസാദ്യ സദ്യോ
മോഘോദ്യോഗഃ പതിഷ്യൻ ഹുതഭുജി ഭവതാ
സസ്മിതം വാരിതോഽഭൂത്.

ഭാഷ

മാനിയാം പാർത്ഥനാബ്രാഹ്മണ ഗേഹത്തിൽ
ബാണങ്ങളാൽ മഹാസ്ത്രങ്ങളാലും
ഈറ്റില്ല സീമയിൽ കൂടമുണ്ടാക്കീട്ടും
പത്താമനുണ്ണിയെ കിട്ടിയില്ല
ചെന്നുയമപുരിയിന്ദ്രപുരിയിലും
തൻ യോഗസിദ്ധിയാലഷ്ടദിക്കും
കണ്ടില്ല, സത്യപരിപാലനത്തിനാ-
യുണ്ടാക്കി വൻചിതയൊന്നു മുന്നിൽ
ചാടാനൊരുങ്ങും സുഹൃത്തിനെ കൈപിടി-
ച്ചാരാൽ തടഞ്ഞു നീ പുഞ്ചിരിച്ചു.

അർത്ഥം : അഭിമാനിയായ പാർത്ഥൻ ബ്രാഹ്മണ ഗൃഹത്തിൽ പല തരം ദിവ്യാസ്ത്രങ്ങളാൽ ഈറ്റില്ലത്തിനു ചുറ്റും ശരകൂടം കിട്ടി. എന്നിട്ടും പത്താമത്തെ ഉണ്ണിയും ജനിച്ച ഉടൻ മരിച്ചു. യമപുരി, ഇന്ദ്ര പുരി എന്നിങ്ങനെ അഷ്ടദിക്പാല ഗൃഹത്തിലും യോഗബലത്താൽ ചെന്നു തിരഞ്ഞിട്ടും കുട്ടിയെ കിട്ടിയില്ല. ഒടുവിൽ സത്യം പാലിക്കാൻ ചിതകൂട്ടി ചാടാനൊരുങ്ങുമ്പോൾ കൃഷ്ണൻ വന്ന് കയ്യുപിടിച്ച് പുഞ്ചി രിച്ചുകൊണ്ട് തടഞ്ഞു.

മൂലം - 7

സാർദ്ധം തേന പ്രതീചീം ദിശമതിജവിനാ
സ്യന്ദനേനാഭിയാതോ
ലോകാലോകം വ്യതീതസ്തിമിരഭരമഥോ
ചക്രധാമ്നാ നിരുന്ധൻ,
ചക്രാംശുക്ലിഷ്ടദൃഷ്ടിം സ്ഥിതമഥവിജയം
പശ്യ പശ്യേതി വാരാം
പാരേ ത്വം പ്രാദദർശഃ കിമപി ഹി തമസാം
ദൂരദൂരം പദം തേ.

ഭാഷ

വേഗത്തിലോടീരഥം പടിഞ്ഞാട്ടേക്കു
ലോകാലോകങ്ങളും ചക്രവാളം
ഭേദിച്ചു ചക്രതേജസ്സാൽ തമസ്സിനെ-
ക്കീറിമുറിച്ചു പരം പൊരുൾ നീ
ചക്രകിരണമേറ്റന്ധനാം പാർത്ഥന്നു
സപ്തസിന്ധുകൾക്കുമപ്പുറത്തായ്
സർവ്വതമസ്സിനുമപ്പുറം വാചാമ-
ഗോചരം വൈകുണ്ഠദേശം കാട്ടി.

അർത്ഥം : രഥം അതിവേഗം പടിഞ്ഞാട്ട് ഓടിച്ചു. ചക്രവാളം കടന്ന് തമസ്സിനെ ചക്രതേജസ്സാൽ അകറ്റി. ആ തീക്ഷ്ണകിരണത്താൽ അന്ധ നായ പാർത്ഥന് ഏഴു കടലിനപ്പുറം, സകല തമസ്സിനുമപ്പുറം, വാചാമ ഗോചരമായ വൈകുണ്ഠം കാണിച്ചുകൊടുത്തു.

മൂലം - 8

തത്രാസീനം ഭുജംഗാധിപശയനതലേ
ദിവ്യഭൂഷായുധാദ്യൈ-
രാവീതം പീതചേലം പ്രതിനവജലദ-
ശ്യാമളം ശ്രീമദംഗം,
മൂർത്തീനാമീശിതാരം പരമിഹ തിസൃണാ-
മേകമർത്ഥം ശ്രുതീനാം
ത്വാമേവ ത്വം പരാത്മൻ! പ്രിയസഖസഹിതോ
നേമിഥ ക്ഷേമരൂപം.

ഭാഷ

ശേഷാസനത്തിലിരുന്നു, ദിവ്യായുധ-
മാഭൂഷ, പീതാംബരം ധരിച്ചു
പുത്തൻകാർമേഘം പോൽ ശ്യാമള കോമള-
വക്ഷസ്സിൽ ശ്രീവത്സമുദ്ര ചാർത്തി
മുമ്മൂർത്തിനാഥനായ് വേദസാരം മോക്ഷ-
പൂർണ്ണത്രയീശ്വരരൂപം കണ്ടു
നിന്മുന്നിൽ തോഴനോടൊത്തു നാരായണാ
നീ നിന്നെത്തന്നെ നമസ്ക്കരിച്ചു.

അർത്ഥം : ശേഷശയ്യമേൽ ദിവ്യായുധം, ആഭരണങ്ങൾ, പീതാംബരം ഇവ ചാർത്തി, പുത്തൻ കാർമേഘത്തിന്റെ കാന്തിയുള്ള ശ്യാമള കോമളമായ മാറിൽ ശ്രീവത്സമുദ്രയോടെ, ഇരിക്കുന്ന ത്രിമൂർത്തി നാഥനും വേദസാരവും മോക്ഷരൂപവുമായ പൂർണ്ണത്രയീശ്വരനെ തോഴ നോടൊത്ത് ദർശിച്ച നാരായണനായ നീ നിന്നെത്തന്നെ നമസ്ക്കരിച്ചു.

മൂലം - 9

യുവാം മാമേവ ദ്വാവധികവിവൃതാ-
ന്തർഹിതതയാ
വിഭിന്നൗ സന്ദ്രഷ്ടും സ്വയമഹമഹാർഷം
ദ്വിജസുതാൻ,
നയേതം ദ്രാഗേനാനിതി ഖലു
വിതീർണ്ണാൻ പുനരമൂൻ
ദ്വിജായാദായാദാഃ പ്രണുത-
മഹിമാ പാണ്ഡുജനുഷാ.

ഭാഷ

"ഞാനെടുത്തു കുമാരന്മാരെ, ഞാൻതന്നെ-
യാകിലും ഭിന്നരാം രണ്ടുപേരെ
വ്യക്തപ്രകടശുദ്ധൈശ്വര്യ, മവ്യക്ത-
മന്തർഹിതൈശ്വര്യമോടെക്കാണാൻ

കൊണ്ടുപോയാലു"മെന്നോതിപ്രസാദിച്ചു
വൈകുണ്ഠനാഥനനുഗ്രഹിച്ചു
പാണ്ഡവ കീർത്തിത മാഹാത്മ്യശാലിനീ
ബ്രാഹ്മണന്നേകി സുതരെയെല്ലാം.

അർത്ഥം : "ഞാനാണ് കുട്ടികളെ എടുത്തത്. ശുദ്ധസത്യത്താൽ പ്രകട മായ ഐശ്വര്യമുള്ള നാരായണൻ, ഉപാധികളാൽ മറയ്ക്കപ്പെട്ട ഐശ്വര്യ മുള്ള നരൻ എന്ന് ഞാൻ തന്നെയാണെങ്കിലും വിഭിന്നസ്വരൂപമുള്ള നിങ്ങളെ കാണാൻ ചെയ്ത വിദ്യയാണ്. കൊണ്ടുപോയ്ക്കോളൂ" എന്ന് വൈകുണ്ഠനാഥൻ പ്രസാദിച്ച് അനുഗ്രഹിച്ചു. അർജ്ജുനനാൽ കീർത്തി ക്കപ്പെട്ട മാഹാത്മ്യത്തോടുകൂടിയ കൃഷ്ണൻ കുട്ടികളെ ബ്രാഹ്മണനു കൊടുത്തു.

മൂലം – 10

ഏവം നാനാവിഹാരൈർജ്ജഗദഭിരമയൻ
വൃഷ്ണിവംശം പ്രപുഷ്ണ-
ന്നീജാനോ യജ്ഞഭേദൈരതുലവിഹൃതിഭിഃ
പ്രീണയന്നേണനേത്രാഃ,
ഭൂഭാരക്ഷേപദംഭാത് പദകമലജുഷാം
മോക്ഷണായാവതീർണ്ണഃ
പൂർണ്ണം ബ്രഹ്മൈവ സാക്ഷാദ്യദുഷു മനുജതാ-
രൂഷിതസ്ത്വം വ്യലാസീഃ.

ഭാഷ

ഭൂഭാരം നീക്കുന്ന വ്യാജത്തിൽ നീ വന്നു
പാദാരവിന്ദം ഭജിക്കുവോർക്കായ്
തീരാത്ത മോക്ഷസുഖം തരുവാൻ പൂർണ്ണ-
ബ്രഹ്മ പുണ്യാവതാരം ജഗത്തിൽ.
ലീലയാൽ ലോകത്തെയാനന്ദിപ്പിച്ചിട്ടു
യാദവവംശത്തെ പുഷ്ടമാക്കി
യജ്ഞങ്ങളേറെച്ചെയ്തു, പതിനാറായി-
രത്തെട്ടു ദേവിമാർക്കേകി സൗഖ്യം
മാനുഷരൂപിയായ് നീ, യദുവല്ലഭ-
ഹാരമേ, പ്രത്യക്ഷമായ് വിലസീ.

അർത്ഥം : ഭൂഭാരം ശമിപ്പിക്കുന്നതിനെന്ന വ്യാജേന നീ വന്നത് പാദം ഭജിക്കുന്നവർക്ക് അവസാനിക്കാത്ത മോക്ഷസുഖം ദാനം ചെയ്യാനാണ്. പൂർണ്ണബ്രഹ്മത്തിന്റെ മാനുഷരൂപമായ ഈ പുണ്യാവതാരം യദുവല്ല ഭഹാരമായി പ്രത്യക്ഷമായിത്തന്നെ ഭൂമിയിൽ വിലസി. ലീലകളാൽ സകലരേയും ആനന്ദിപ്പിച്ചു. യാദവവൃഷ്ണി വംശത്തെ സമ്പുഷ്ടമാക്കി. അനേകം യജ്ഞങ്ങൾ ചെയ്തു. പതിനാറായിരത്തെട്ടു ദേവിമാർക്ക് സൗഖ്യം കൊടുത്തു.

മൂലം – 11

പ്രായേണ ദ്വാരവത്യാമവൃതദയി തദാ-
നാരദസ്ത്വദ്രസാർദ്ര-
സ്തസ്മാല്ലേഭേ കദാചിത് ഖലു സുകൃതനിധി-
സ്ത്വത്പിതാ തത്ത്വബോധം,
ഭക്താനാമഗ്രയായീ സ ച ഖലു മതിമാ-
നുദ്ധവസ്ത്വത്ത ഏവ
പ്രാപ്തോ വിജ്ഞാനസാരം സ കില ജനഹിതാ-
യാധുനാസ്തേ ബദര്യാം.

ഭാഷ

ഭക്തിരസാർദ്ര ഹൃദയനാം നാരദൻ
അക്കാലം വാണിതാ ദ്വാരകയിൽ
നേടീ സുകൃതനിധി നിൻ പിതാവിനു
നാരദങ്കൽ നിന്നു തത്ത്വബോധം
ഭക്താഗ്രഗണ്യനാ മുദ്ധവൻ ബുദ്ധിമാൻ
വിജ്ഞാനസാരം ഗ്രഹിച്ചു നിന്നാൽ
വാഴ്വൂ ജനഹിതത്തിന്നായ് ബദരികാ-
ഭൂമിയിലിപ്പൊഴുമെന്നു കേൾപ്പൂ.

അർത്ഥം : ഭക്തിരസത്താൽ ആർദ്രഹൃദയനായ നാരദൻ അക്കാലത്ത് ദ്വാരകയിൽ ഏറെക്കാലം താമസിച്ചു. നാരദനിൽ നിന്ന് സുകൃതനിധിയായ വസുദേവൻ തത്വബോധം നേടി. ബുദ്ധിമാനും ഭക്താഗ്രഗണ്യനുമായ ഉദ്ധവൻ നിന്നിൽനിന്നു നേരിട്ട് ജ്ഞാനയോഗം ഗ്രഹിച്ചു. അദ്ദേഹം ഇപ്പോഴും ലോകഹിതത്തിനായി ബദര്യാശ്രമത്തിൽ വാഴുന്നു എന്നാണ് വിശ്വാസം.

മൂലം – 12

സോഽയം കൃഷ്ണാവതാരോ ജയതി തവ വിഭോ!
യത്ര സൗഹാർദ്ദഭീതി-
സ്നേഹദ്വേഷാനുരാഗപ്രഭൃതിഭിരതുലൈ-
രശ്രമൈര്യോഗഭേദൈഃ
ആർത്തിം തീർത്ത്വാ സമസ്താമമൃതപദമഗുഃ
സർവ്വതഃ സർവ്വലോകാഃ
സ ത്വം വിശ്വാർത്തിശാന്ത്യൈ പവനപുരപതേ!
ഭക്തിപൂർത്ത്യൈ ച ഭൂയാഃ.

ഭാഷ

കൃഷ്ണാവതാരം ജയിപ്പൂ, മനോഹരം
സർവ്വത്ര സർവ്വലോകപ്രസിദ്ധം
സൗഹാർദ്ദ, ഭീതി, സ്നേഹ, ദ്വേഷവും, അനു-
രാഗവിശേഷവും ക്ലേശമെന്യേ

നിസ്തുലം യോഗഭേദങ്ങളരുളീട്ടു
നിസ്തർക്കം ആർത്തി തീർക്കുന്ന രൂപം
സർവ്വജ്ഞ, സർവ്വാമൃതപദം ചേർക്കുന്ന
സത്യസ്വരൂപ, മരുത് പുരേശാ
വിശ്വാർത്തിശാന്തിയ്ക്കും ഭക്തിപൂർത്തിക്കുമായ്
ശാശ്വതകീർത്തേ, ഭജിക്കുന്നു ഞാൻ.

അർത്ഥം : സർവ്വത്ര സർവ്വലോകപ്രസിദ്ധമായ മനോഹരമായ കൃഷ്ണാവതാരം വിജയിക്കുന്നു. സൗഹാർദ്ദം, ഭീതി, സ്നേഹം, ദ്വേഷം, അനുരാഗം ഇവയോടെ സ്മരിച്ച നിരവധി പേർക്ക് നിസ്തുലമായ യോഗഭേദങ്ങൾ നൽകി, തർക്കം കൂടാതെ ആർത്തി തീർക്കുന്ന, അമൃത സ്വരൂപമാണ് കൃഷ്ണൻ. അമൃതപദം ചേർക്കുന്ന സർവ്വജ്ഞാ, പൂർണ്ണ സത്വസ്വരൂപനായ ഗുരുവായൂരപ്പാ, ഞാൻ അവിടത്തെ വിശ്വത്തിന്റെ ആർത്തി ശാന്തിക്കും (ലോകശാന്തി) ഭക്തിപൂർത്തിയ്ക്കുമായി സദാ ഭജിക്കുന്നു.

O

ദശകം 89

വൃത്രാസുരകഥയും ഭൃഗുപരീക്ഷണവും

മൂലം - 1

രമാജാനേ! ജാനേ യദിഹ തവ ഭക്തേഷു വിഭവോ
ന സമ്പദ്യഃ സദ്യസ്തദിഹ മദകൃത്ത്വാദശമിനാം,
പ്രശാന്തിം കൃത്വൈവ പ്രദിശസി തതഃ കാമമഖിലം,
പ്രശാന്തേഷു ക്ഷിപ്രം; ന ഖലു ഭവദീയേ ച്യുതികഥാ.

ഭാഷ

ഭക്തനിലൈശ്വര്യം പെട്ടെന്നു കാണാത്ത-
തീശ്വരാ, ഗർവ്വു വരാതിരിക്കാൻ
പൂർണ്ണശമത്താൽ പ്രശാന്തിവരുമ്പോൾ നീ
പൂർണ്ണകാമം തരുന്നന്ത്യകാലേ
ഇല്ല, ധർമ്മച്യുതി; നിന്നിൽ രമിയ്ക്കുന്ന-
നല്ലവർക്കെന്നുമേ, ഞാനറിവൂ.

അർത്ഥം : ഭക്തന്മാരിൽ ഐശ്വര്യം പെട്ടെന്നു കൊടുക്കാത്തത് അവർക്ക് ഗർവ്വ് ഉണ്ടാകാതിരിക്കാനാണ്. പൂർണ്ണമായ ശമം വന്ന് പ്രശാന്ത നാകുമ്പോൾ അന്ത്യകാലത്ത് അവരെ നീ പൂർണ്ണകാമരാക്കുന്നു. നിന്നിൽ രമിക്കുന്ന നല്ലവർക്ക് ഒരു കാലത്തും ധർമ്മച്യുതി സംഭവി ക്കില്ലെന്ന് ഞാനറിയുന്നു.

മൂലം – 2

സദ്യഃപ്രസാദരുഷിതാൻ വിധിശങ്കരാദീൻ
കേചിദിബോ! നിജഗുണാനുഗുണം ഭജന്തഃ
ഭ്രഷ്ടാ ഭവന്തി ബത! കഷ്ടമദീർഘദൃഷ്ട്യാ
സ്പഷ്ടം വൃകാസുര ഉദാഹരണം കിലാസ്മിൻ.

ഭാഷ

സദ്യഃ പ്രസാദികൾ ബ്രഹ്മ ശിവാദിയെ
പൂജിപ്പൂമർത്ത്യർ ഗുണാനുരൂപം
ദീർഘദൃഷ്ടിയ്ക്കുമാ സൂക്ഷ്മദൃഷ്ടിക്കുമേ
ഭംഗം വരാതിരിക്കേണമേ, മേ.
സ്പഷ്ടമായിട്ടൊരുദാഹരണം കൃഷ്ണാ
വൃത്രാസുരന്റെ ചരിത്രമത്രെ.

അർത്ഥം : പെട്ടെന്നു പ്രസാദിക്കുന്ന ശിവൻ, ബ്രഹ്മാവ് മുതലായ വരെ മനുഷ്യർ അവരവരുടെ ഗുണാനുരൂപത്തിൽ പൂജിച്ച് ദീർഘ ലോചനയില്ലാതെ ഭ്രംശം വന്നവരാകുന്നു. അത്തരം ദീർഘദൃഷ്ടി, സൂക്ഷ്മദൃഷ്ടി ഇവയുടെ ഭംഗം എനിക്ക് ഒരിക്കലും ഉണ്ടാകരുതേ. ഇതിന് സ്പഷ്ടമായ ഒരുദാഹരണം വൃത്രാസുരചരിത്രമാണ്.

മൂലം – 3

ശകുനിജഃ സ തു നാരദമേകദാ
ത്വരിതതോഷമപൃച്ഛദധീശ്വരം,
സ ച ദിദേശ ഗിരീശമുപാസിതും
ന തു ഭവന്തമബന്ധുമസാധുഷു.

ഭാഷ

ചോദിച്ചുനാരദനോടു വൃത്രാസുരൻ
ആരാണു ക്ഷിപ്രപ്രസാദി ദേവൻ
'ചൊല്ലീ ഗിരീശ' നെന്നോതീലാ ദുഷ്ടരിൽ
ബന്ധുത്വം കാട്ടാത്ത നിന്റെ നാമം.

അർത്ഥം : ഒരിക്കൽ വൃത്രാസുരൻ നാരദനോടു ചോദിച്ചു: 'വേഗം പ്രസാദിക്കുന്ന ദേവൻ ആരാണ്'. "ശിവ" നാണെന്ന് നാരദൻ പറഞ്ഞു. ദുഷ്ടന്മാരിൽ ബന്ധുത്വം കാട്ടാത്ത ഹരിനാമം പറഞ്ഞു കൊടുത്തില്ല.

മൂലം – 4

തപസ്തപ്ത്വാ ഘോരം സ ഖലു കുപിതഃ സപ്തമദിനേ
ശിരശ്ഛിത്വാ സദ്യഃ പുരഹരമുപസ്ഥാപ്യ പുരതഃ,
അതിക്ഷുദ്രം രൗദ്രം ശിരസി കരദാനേന നിധനം
ജഗന്നാഥാദ്വന്ദ്വേ ഭവതി വിമുഖാനാം ക്വ ശുഭധീഃ.

ഭാഷ

ഘോരതപത്തിനാൽ തപ്തനേഴാംദിനം
ഹോമിക്കുവാനായ്ത്തലയറുക്കെ
ക്ഷിപ്രപ്രസാദി ശിവൻ കൊടുത്തു വരം
"കൈതൊട്ടാലേ തല പൊട്ടുമെന്നായ്"
നിന്നിൽ വിമുഖനാം ദുഷ്ടനുണ്ടാവുമോ
ബുദ്ധി ശിവദം ശുഭദമായി?

അർത്ഥം : ഏഴുദിനം ഘോരതപംചെയ്ത് ഏഴാംദിനം തലയറുത്ത് ഹോമിക്കാൻ തുടങ്ങുമ്പോൾ ക്ഷിപ്രപ്രസാദിയായ ശിവൻ വന്നു. "എന്റെ കൈതൊട്ടാൽ തലപൊട്ടണ"മെന്ന ഉഗ്രവരം കൊടുത്തു. നാരായണനെ ഭജിക്കാത്ത ദുഷ്ടന് ശുഭദവും ശിവദവുമായ സൽബുദ്ധി എങ്ങനെ ഉണ്ടാവാനാണ്!

മൂലം – 5

മോക്താരം ബന്ധമുക്തോ ഹരിണപതിരിവ
പ്രാദ്രവത് സോƒഥ രുദ്രം
ദൈത്യാദ് ഭീത്യാ സ്മ ദേവോ ദിശി ദിശി വലതേ
പൃഷ്ഠതോ ദത്തദൃഷ്ടിഃ,
തൂഷ്ണീകേ സർവലോകേ തവ പദമധിരോ–
ക്ഷ്യന്തമുദ്വീക്ഷ്യ ശർവം
ദൂരാദേവാഗ്രതസ്ത്വം പടുവടുവപുഷാ
തസ്ഥിഷേ ദാനവായ.

ഭാഷ

കൂട്ടിൽ നിന്നപ്പോൾ തുറന്നു വിട്ടീടിന
കൂറ്റനാം സിംഹംപോലെയസുരൻ
ആദ്യം കരംനീട്ടി രുദ്രശിരസ്സിലേ
യ്ക്കേറ്റം ഭയന്നോടി ശർവ്വനെങ്ങും
പിന്നിൽത്തിരിഞ്ഞുനോക്കീട്ടു വൈകുണ്ഠത്തി–
ലെത്തുന്ന രുദ്രനെക്കണ്ടു ദൂരെ
മുന്നിൽ വടുവേഷധാരിയായിച്ചെന്നു
നിന്നിട്ടസുരനോടോതിയേവം

അർത്ഥം : കൂട്ടിൽ നിന്ന് തുറന്നുവിട്ട സിംഹം തുറന്നവന്റെ പിന്നാലെ ഓടുന്നതുപോലെ ശിവന്റെ തലയിൽ കൈവെക്കാൻ തുടങ്ങിയപ്പോൾ ശിവൻ പേടിച്ച് സർവ്വദിക്കിലും ഓടി. ഒടുവിൽ പിന്നോക്കം തിരിഞ്ഞു നോക്കി വൈകുണ്ഠത്തിലേയ്ക്കോടിവരുന്ന ശിവനെ അകലേന്നു കണ്ട വിഷ്ണു ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ അസുരന്റെ മുന്നിൽ വന്നു നിന്ന് പറഞ്ഞു.

മൂലം – 6

ഭദ്രം തേ ശാകുനേയ! ഭ്രമസി കിമധുനാ
ത്വം പിശാചസ്യ വാചാ
സന്ദേശശ്ചേന്മദുക്തൗ തവ കിമു ന കരോ-
ഷ്യംഗുലീമംഗ! മൗലൗ?
ഇത്ഥം ത്വദ്വാക്യമൂഢഃ ശിരസി കൃതകരഃ
സോഽപതച്ഛിന്നപാതം
ഭ്രംശോ ഹ്യേവം പരോപാസിതുരപി ച ഗതിഃ
ശൂലിനോഽപി ത്വമേവ.

ഭാഷ

"ഉണ്ടാകും ഭദ്രം നിനക്കു വൃതാസുര,
പൈശാചവാചകം സത്യമാകാ
സന്ദേഹമെങ്കിൽ നിറുകതൊടൂ" മൂഢൻ
സ്വന്തം ശിരസ്സിൽ വിരലുതൊട്ടു
ഛിന്നമായിത്തല, കാമാരികൂടിയും
നിന്നാൽ സുരക്ഷിതൻ; എന്തു ചൊല്ലാൻ!

അർത്ഥം : 'വൃത്രാസുരാ – നിനക്കു ഭദ്രം ഭവിക്കട്ടെ. ഈ പിശാചിന്റെ വാക്കു സത്യമാകാൻ വഴിയില്ല. സംശയമുണ്ടെങ്കിൽ സ്വന്തം നിറുക തൊട്ടുനോക്ക്.' മൂഢനായ അവൻ അങ്ങനെ ചെയ്ത് തല തെറിച്ചു ചത്തു. ശിവനും കൂടി നിന്നാലാണ് രക്ഷിക്കപ്പെടുന്നത്: മറ്റുള്ളവരുടെ കാര്യം എന്തു പറയാനാണ്.

മൂലം – 7

ഭൃഗും കില സരസ്വതീതടനിവാസിനസ്താപസാ-
സ്ത്രിമൂർത്തിഷു സമാദിശന്നധികസത്ത്വതാം വേദിതും,
അയം പുനരനാദരാദുദിതരുദ്ധരോഷേ വിധൗ
ഹരേഽപി ച ജിഹിംസിഷൗ ഗിരിജയാ ധൃതേ ത്വാമഗാത്.

ഭാഷ

സാരസ്വതതടതാപസർ സാത്വിക-
പൂർണ്ണം ത്രിമൂർത്തിയിലാരെന്നായി
ചൊന്നയച്ചു ഭൃഗുതന്നെപ്പരീക്ഷിക്കാൻ
മൂന്നു ലോകത്തിലും ചെന്നുനോക്കാൻ
ആദരിക്കായ്കയാൽ ബ്രഹ്മാവു കോപിച്ചു
ഈശനോ സംഹരിക്കാനൊരുങ്ങി
പാർവ്വതീദേവി തടഞ്ഞു, മുനീശ്വരൻ
നേരെ നിൻ മന്ദിരത്തിൽ വരുന്നു.

അർത്ഥം : സരസ്വതീ തടത്തിലെ താപസന്മാർ പൂർണ്ണസാത്വികരൂപമായ ക്ഷമാശീലം ത്രിമൂർത്തികളിൽ ആർക്കാണെന്നറിയാൻ ഭൃഗുവിനെ

അയച്ചു. പരീക്ഷിക്കാൻ ഭൃഗു പുറപ്പെട്ടു. സത്യലോകത്തിൽ തന്നെ ആദരിക്കാത്തതിന് ബ്രഹ്മാവ് കോപിച്ചു. കൈലാസത്തിൽ ശിവൻ സംഹരിക്കാൻ തുടങ്ങി. പാർവ്വതി തടുത്തു. ഭൃഗു നേരെ വൈകുണ്ഠത്തിലേക്ക് വന്നു.

മൂലം – 8

സുപ്തം രമാങ്കഭുവി പങ്കജലോചനം ത്വാം
വിപ്രേ വിനിഘ്നതി പദേന മുദോത്ഥിതസ്ത്വം,
സർവം ക്ഷമസ്വ മുനിവര്യ! ഭവേത് സദാ മേ
ത്വത്പാദചിഹ്നമിഹ ഭൂഷണമിത്യവാദീഃ.

ഭാഷ

ലക്ഷ്മിതന്നങ്കത്തിൽ നിശ്ചിന്തം നിദ്രയാ-
ർന്നാ യോഗമൂർത്തിതൻ മാറിടത്തിൽ
ആഞ്ഞു ചവിട്ടിനാൻ ബ്രാഹ്മണ, നപ്രിയ-
മേതുമില്ലാതൊന്നു പുഞ്ചിരിച്ചു.
"സർവ്വം ക്ഷമസ്വ മുനീശ്വരാ, നിൻപാദ-
മുദ്രയെൻ മാറത്തെ ഭൂഷണമാം"
എന്നോതി കാലു പിടിക്കുന്ന വിഷ്ണുതാൻ
സത്വസ്വരൂപനെന്നായ് മുനിമാർ

അർത്ഥം : ലക്ഷ്മിയുടെ മടിയിൽ നിശ്ചിന്തം യോഗനിദ്രയിലാണ്ട വിഷ്ണുവിന്റെ മാറത്ത് ഭൃഗു ആഞ്ഞുചവിട്ടി. ഞെട്ടിയുണർന്ന വിഷ്ണു അപ്രിയം കാട്ടാതെ മന്ദഹസിച്ച് കാലു പിടിച്ചു. "മുനീശ്വരാ – ക്ഷമിക്കണം. അങ്ങു വന്നത് ഞാനറിഞ്ഞില്ല. അവിടത്തെ പാദമുദ്ര ഞാൻ എന്നും എന്റെ മാറിൽ അലങ്കാരമായി അണിയും" എന്നു പറഞ്ഞു. അങ്ങനെ ക്ഷമാമൂർത്തി വിഷ്ണുവാണെന്ന് താപസർ നിശ്ചയിച്ചു.

മൂലം – 9

നിശ്ചിത്യ തേ ച സുദൃഢം ത്വയി ബദ്ധഭാവാഃ
സാരസ്വതാ മുനിവരാ ദധിരേ വിമോക്ഷം,
ത്വാമേവമച്യുത! പുനശ്ച്യുതിദോഷഹീനം
സത്ത്വോച്ചയൈകതനുമേവ വയം ഭജാമഃ.

ഭാഷ

സാരസ്വതർ തൻ പരീക്ഷതീർന്നു, സത്വ-
മൂർത്തിഭവാനെന്നുറപ്പു വന്നു
നിന്നിൽ ദൃഢഭക്തിയോടവർ സായൂജ്യം
മന്നിലേ നേടിനാരാപ്തകാമർ
അച്യുതാ, നിൻ സത്വരൂപം ഭജിപ്പവ-
ന്നില്ല, ച്യുതി, അവനച്യുതൻതാൻ
ഞങ്ങൾ ഭജിക്കുന്നതാ ശാന്തമൂർത്തിയാം
മംഗളരൂപനെയെന്നുമെന്നും

അർത്ഥം : സാരസ്വതർ പരീക്ഷണം തീർന്ന് സത്വമൂർത്തി വിഷ്ണു വെന്നുറപ്പിച്ച്, ദൃഢഭക്തിയോടെ ഭജിച്ച് ഭൂമിയിൽ തന്നെ ആപ്തകാമ രായി സായൂജ്യമടഞ്ഞു. അച്യുതാ, നിന്റെ സത്വരൂപം ഭജിപ്പവർക്ക് ച്യുതിയില്ല, അവർ അച്യുതരായി ഭവിക്കുന്നു. ഞങ്ങൾ പരമശാന്ത മൂർത്തിയായ ആ മംഗളരൂപനെ സദാ ഭജിക്കുന്നു.

മൂലം – 10

ജഗത്സൃഷ്ട്യാദൗ ത്വാം നിഗമനിവഹൈർവ്വന്ദിഭിരിവ
സ്തുതം വിഷ്ണോ! സച്ചിത്പരമരസനിർദ്വൈതവപുഷം
പരാത്മാനം ഭൂമൻ, പശുപവനിതാഭാഗ്യനിവഹം
പരീതാപശ്രാന്ത്യൈ പവനപുരവാസിൻ! പരിഭജേ.

ഭാഷ

സർഗ്ഗകാലത്തു നിഗമങ്ങൾ വന്ദികൾ
സർഗ്ഗാദിയാം നിന്നെ വാഴ്ത്തി നിന്നു
സച്ചിദാനന്ദമാമദ്വൈതരൂപമേ
സച്ചിന്മയാവ്രജസ്ത്രീ പുണ്യമേ
സർവ്വേശ, സർവ്വാന്തര്യാമി, യെന്നുള്ളിലെ
സർവ്വതാപം തീർത്തു വാണിടുന്നു.

അർത്ഥം : സൃഷ്ടികാലത്ത് വേദങ്ങൾ വന്ദികളായി നിന്ന് സർഗ്ഗ ത്തിന്റെ ആദികാരണമായ നിന്നെ വാഴ്ത്തിപ്പാടി. സച്ചിദാനന്ദമായ അദ്വൈതബ്രഹ്മരൂപമേ, സച്ചിന്മയാ, വ്രജസ്ത്രീകളുടെ പുണ്യാതിരേ കമേ, സർവ്വേശനായ ഗുരുവായൂരപ്പാ, സർവ്വാന്തര്യാമിയായ നീ എന്റെ ഉള്ളിൽ സർവ്വതാപവും തീർത്ത് സദാ വാഴുന്നു.

O

ദശകം 90

വിഷ്ണുമഹത്ത്വസ്ഥാപനം

മൂലം - 1

വൃകഭൃഗുമുനിമോഹിന്യംബരീഷാദിവൃത്തേ-
ഷ്വയി തവ ഹി മഹത്ത്വം സർവശർവാദിജൈത്രം,
സ്ഥിതമിഹ പരമാത്മൻ നിഷ്കലാർവ്വാഗഭിന്നം
കിമപി യദവഭാതം തദ്ധി രൂപം തവൈവ.

ഭാഷ

ഭാഗവതത്തിൽ ഭൃഗു, വൃക, മോഹിനീ-
യംബരീഷന്മാർ തൻ വൃത്താന്തത്തിൽ
സർവ്വശർവ്വാദി ജയം നേടും നിന്നുടെ
സർവ്വ മാഹാത്മ്യവും കീർത്തിക്കുന്നു.
നിഷ്ക്കളവും സകളം രൂപാഭിന്നമായ്
വാക്കിന്നതീതമാം ചൈതന്യമായ്
യാതൊന്നു കീർത്തിതമാ ബ്രഹ്മമാണു നീ
ശ്രീ ഗുരുവായുപുരേശാ, കൃഷ്ണാ.

അർത്ഥം : ഭൃഗു, വൃകൻ, മോഹിനി, അംബരീഷൻ മുതലായവരുടെ കഥകളിലും രുദ്രാദി ദേവകളെപ്പോലും ജയിക്കുന്നതായും ഭാഗവതത്തിൽ നിന്റെ സർവ്വ മാഹാത്മ്യവും കീർത്തിക്കപ്പെടുന്നു. സകള, നിഷ്ക്കള രൂപങ്ങളിൽ നിന്ന് അഭിന്നമായി വാക്കിന് നിർവ്വചിക്കാനാവാത്ത ചൈതന്യമായി, ഏതൊന്ന് കീർത്തിക്കപ്പെടുന്നുവോ, ആ ബ്രഹ്മം തന്നെയാണ് അവിടുന്ന്.

മൂലം - 2

മൂർത്തിത്രയേശ്വരസദാശിവപഞ്ചകം യത്
പ്രാഹുഃ പരാത്മവപുരേവ സദാശിവോഽസ്മിൻ
തത്രേശ്വരസ്തു സ വികുണ്ഠപദസ്ത്വമേവ
ത്രിത്വം പുനർഭജസി സത്യപദേ ത്രിഭാഗേ.

ഭാഷ

മൂർത്തിത്രയങ്ങൾ സദാശിവനീശ്വര-
പഞ്ചമത്തിങ്കലഞ്ചാമനായി
സാക്ഷാത് സദാശിവനാകും പരമാത്മാ-
വാണുനീ, യീശ്വരൻ വൈകുണ്ഠനും
സത്യകൈലാസാദി മൂന്നു ലോകങ്ങളിൽ
മൂർത്തിത്രയവും നീ തന്നെ കൃഷ്ണാ

അർത്ഥം : ശൈവാഗമത്തിൽ മൂർത്തിത്രയം, ഈശ്വരൻ, സദാശിവൻ എന്നു പറയുന്ന പഞ്ചകത്തിൽ മുഖ്യമായ (പഞ്ചമം) സദാശിവൻ പരമാത്മാവായ നീയാണ്. ഈശ്വരനാകട്ടെ വൈകുണ്ഠവാസിയായ നീയാണ്. മൂന്നു ഭാഗമുള്ള ത്രിലോകമായ സത്യപാദത്തിൽ ത്രിമൂർത്തികളും നീതന്നെ.

മൂലം - 3

തത്രാപി സാത്ത്വികതനും തവ വിഷ്ണുമാഹു-
ർദ്ധാതാ തു സത്ത്വവിരളോ രജസൈവ പൂർണ്ണഃ,
സത്ത്വോത്കടത്വമപി ചാസ്തി തമോവികാര-
ചേഷ്ടാദികം ച തവ ശങ്കരനാമ്നി മൂർത്തൗ.

ഭാഷ

മൂർത്തിത്രയത്തിലെ സാത്വികദേഹത്തെ
വിഷ്ണുവെന്നോതുന്നു മാമുനിമാർ
ബ്രഹ്മാവു തീർത്തും രജോഗുണമൂർത്തിയാ,
ശങ്കരരൂപമോ ചിത്രമത്രെ!
സത്വഗുണാധിക്യത്തോടു തമോഗുണ-
വൃത്തിപ്രധാനമാരൗദ്രരൂപം

അർത്ഥം : സത്വഗുണപ്രധാനനാണ് വിഷ്ണുവെന്ന് മുനിമാർ പറയുന്നു. ബ്രഹ്മാവ് രജോഗുണ മൂർത്തിയാണ്. ശിവനാണ് വിചിത്രമൂർത്തി. സത്വഗുണാധിക്യത്തോട് തമോഗുണം ചേർന്ന രൗദ്രരൂപമാണത്.

മൂലം - 4

തം ച ത്രിമൂർത്ത്യതിഗതം പരപൂരുഷം ത്വാം
ശർവ്വാത്മനാപി ഖലു സർവ്വമയത്വഹേതോഃ,
ശംസന്ത്യുപാസനവിധൗ തദപി സ്വതസ്തു
ത്വദ്രൂപമിത്യതിദൃഢം ബഹു നഃ പ്രമാണം.

ഭാഷ

ഈശ്വരനാട്ടെ ത്രിമൂർത്തിയ്ക്കു മേലെ, സ്സ-
ദാശിവൻ സർവ്വാത്മാ നീയതിന്മേൽ
സർവ്വമയത്വത്താല് സജ്ജനം തത്വത്തിൽ
ശർവ്വാത്മൻ നീ തന്നെയെന്നറിവൂ
സർവ്വ സ്വരൂപവും നീ തന്നെ യദ്വൈത-
വിത്തുക്കൾ ചൊൽവൂ ദൃഢം പ്രമാണം.

അർത്ഥം : ത്രിമൂർത്തികൾക്കുപരിയായ ഈശ്വരൻ, അതിനുമുപരിയായ സർവ്വാത്മാവായ സദാശിവൻ എന്നിവരെ സർവ്വവ്യാപിത്വത്താൽ തത്വത്തിൽ ശിവസ്വരൂപമായിട്ടുള്ള നീ തന്നെ എന്ന് സജ്ജനങ്ങൾക്കറിയാം. ശിവസ്വരൂപവും സർവ്വ സ്വരൂപവും അവിടുന്നു തന്നെയാണെന്ന് ദൃഢമായ പ്രമാണത്തോടെ അദ്വൈതികൾ പറയുന്നു.

മൂലം – 5

ശ്രീശങ്കരോഽപി ഭഗവാൻ സകലേഷു താവ-
ത്ത്വാമേവ മാനയതി യോ നഹി പക്ഷപാതീ,
ത്വന്നിഷ്ഠമേവ സ ഹി നാമസഹസ്രകാദി
വ്യാഖ്യത് ഭവത്സ്തുതിപരശ്ച ഗതിം ഗതോഽന്തേ.

ഭാഷ

ശ്രീശങ്കരാചാര്യപാദർ 'സകള'ത്തിൽ
ഗോവിന്ദാ നിൻ രൂപം മാനിയ്ക്കുന്നു.
വിഷ്ണുസഹസ്രനാമത്തെ വ്യാഖ്യാനിച്ചു
നിൻസ്തുതി ചൊല്ലിസ്സമാധിപൂകി
അമ്മയ്ക്കുമന്ത്യകാലത്തിൽ നിൻ സ്തോത്രത്താൽ
അമ്മഹാ സായൂജ്യമുക്തി നൽകി
അമ്മഹാനില്ലൊരു പക്ഷപാതം സാക്ഷാ-
ലമ്മഹാദ്വൈതാനുഭൂതിയാലേ.

അർത്ഥം : ശങ്കരാചാര്യർ സകള ബ്രഹ്മമായി ഗോവിന്ദ രൂപത്തെ മാനിച്ചു. വിഷ്ണുസഹസ്രനാമ ഭാഷ്യമെഴുതി. നിന്റെ സ്തുതി പാടി സമാധിയായി. അമ്മയ്ക്ക് അവസാനകാലത്ത് നിന്റെ സ്തോത്രംകൊണ്ട് മുക്തികൊടുത്തു. ആ മഹാന് ഒരു പക്ഷപാതവുമില്ല. കാരണം സാക്ഷാൽ മഹാദ്വൈതാനുഭൂതി ലഭിച്ചവനാണല്ലോ.

മൂലം – 6

മൂർത്തിത്രയാതിഗമുവാച ച മന്ത്രശാസ്ത്ര-
സ്യാദൗ കലായസുഷമം സകലേശ്വരം ത്വാം,
ധ്യാനഞ്ച നിഷ്കലമസൗ പ്രണവേ ഖലൂക്ത്വാ
ത്വാമേവ തത്ര സകലം നിജഗാദ നാന്യം.

ഭാഷ

മന്ത്രശാസ്ത്രാരംഭം സർവ്വേശ്വരന് കായാ-
മ്പൂ ശോഭിതം കാന്തിമത് സ്വരൂപം
മൂർത്തിത്രയോപരി നിൻധ്യാനത്തിൽ നിന്നെ
സാക്ഷാൽ പരാത്മാവായ് ഓതിടുന്നു.
നിഷ്ക്കള ധ്യാനമോങ്കാരത്തിൽ, ധ്യേയമായ്
വിഷ്ണു സകള ധ്യാനത്തെത്തന്നെ
ശങ്കയില്ലാതെ പറയുന്നു ശങ്കരൻ
ശങ്കയില്ലാ നിഗമാദികൾക്കും.

അർത്ഥം : മന്ത്രശാസ്ത്ര ഗ്രന്ഥാരംഭത്തിൽ ശങ്കരാചാര്യർ സർവ്വേശ്വരനായി, സാക്ഷാത് പരമാത്മാവായി, കായാമ്പൂപോലെ ശോഭിക്കുന്ന കാന്തിയോടുകൂടിയതും മൂർത്തിത്രയത്തിനുപരിയായതുമായ സാക്ഷാത്പരമാത്മാവായി നിന്നെത്തന്നെ ധ്യാനിക്കാൻ പറയുന്നു. നിഷ്ക്കള

ധ്യാനം പ്രണവത്തിലും, സകളധ്യാനം വിഷ്ണുവിലും ശങ്കയില്ലാതെ ശങ്കരാചാര്യർ പറഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ നിഗമാദികൾക്കും ശങ്കയില്ല.

മൂലം – 7

സമസ്തസാരേ ച പുരാണസംഗ്രഹേ
വിസംശയം ത്വന്മഹിമൈവ വർണ്ണ്യതേ
ത്രിമൂർത്തിയുക്സത്യപദത്രിഭാഗതഃ
പരം പദം തേ കഥിതം ന ശൂലിനഃ.

ഭാഷ

സർവ്വപുരാണ സാരാംശമാം സംഗ്രഹം
സർവ്വവ്യാപിൻ നിന്മഹിമ ചൊൽവൂ
സത്യലോകത്തിൻ ത്രിമൂർത്തിസ്ഥാനത്തിനു-
മപ്പുറം നിന്റെ വൈകുണ്ഠമെന്നും
ചൊല്ലിയിട്ടില്ലതുപോലെയശ്ശൂലിയ്ക്കു
എല്ലാരിലും മേലെയായി വാസം

അർത്ഥം : എല്ലാ പുരാണങ്ങളുടെയും സാരാംശമായ പുരാണ സംഗ്രഹത്തിൽ അവിടുത്തെ മഹിമ പറയുന്നു സത്യലോകത്തിൽ ത്രിമൂർത്തി സ്ഥാനങ്ങൾക്കും അപ്പുറം, ഉപരിയാണ് വൈകുണ്ഠമെന്ന് പറയുന്നു. അതുപോലെ എല്ലാറ്റിലും ഉപരിയായി ശിവന്റെ വാസസ്ഥലം പറയുന്നുമില്ല.

മൂലം – 8

യദ്ബ്രാഹ്മകല്പ ഇഹ ഭാഗവതദ്വിതീയ-
സ്കന്ധോദിതം വപുരനാവൃതമീശ! ധാത്രേ,
തസ്യൈവ നാമ ഹരിശർവ്വമുഖം ജഗാദ
ശ്രീമാധവഃ ശിവപരോഽപി പുരാണസാരേ.

ഭാഷ

ബ്രഹ്മകല്പത്തിലാബ്രഹ്മാവു കണ്ടതാം
നിൻവപുവിന്നുണ്ടു നാമഭേദം
ശ്രീഹരിയും ഹരനെന്നാ ശരീരം താൻ
ഭാഗവതം രണ്ടാം സ്കന്ധം കാണ്മൂ
ശ്രീ മാധവന്റെ പുരാണസാരത്തിലും
മാധവാ, താൻ ശിവഭക്തനെന്നാൽ
പക്ഷപാതിത്വരഹിതമായോതുന്നു
വൈഷ്ണവമാകും നിൻ മാഹാത്മ്യത്തെ.

അർത്ഥം : ബ്രാഹ്മ കല്പത്തിൽ ബ്രഹ്മാവു കണ്ട നിന്റെ രൂപത്തെ ഭാഗവതം രണ്ടാം സ്കന്ധം പറയുന്നു. അതിന് ഹരി, ഹരൻ എന്ന്

പേരുകളുണ്ട്. ശ്രീ മാധവാചാര്യർ ശിവഭക്തനാണെങ്കിലും ഒട്ടും പക്ഷ പാതിത്വമില്ലാതെ വൈഷ്ണവ മാഹാത്മ്യത്തെ പുരാണസാരത്തിൽ പറഞ്ഞിരിക്കുന്നു.

മൂലം – 9

യേ സ്വപ്രകൃത്യനുഗുണം ഗിരിശം ഭജന്തേ
തേഷാം ഫലം ഹി ദൃഢയൈവ തദീയഭക്ത്യാ,
വ്യാസോ ഹി തേന കൃതവാനധികാരിഹേതോഃ
സ്കാന്ദാദികേഷു തവ ഹാനിവചോഽർത്ഥവാദൈഃ.

ഭാഷ

സ്വപ്രകൃതിക്കനുസാരം ശിവഭക്തി-
ശീലർക്കു കിട്ടും ഫലമതിനാൽ
വ്യാസനധികാരി ഹേതുത്വം നോക്കീട്ടു
സ്കാന്ദപുരാണാദിയർത്ഥവാദാൽ
അങ്ങേയ്ക്കു ഹാനി വചനം പറഞ്ഞതു
ഭംഗമില്ലാതെ ഫലം ലഭിക്കാൻ

അർത്ഥം : ആളുകൾ സ്വപ്രകൃതിക്കനുസരിച്ചാണ് ഇഷ്ടദേവതയെ ഭജിക്കുന്നത്. ശിവഭക്തർക്കും അതിന്റെ ഫലം ലഭിക്കും. അപ്രകാരം ഇഷ്ടദേവതാനിഷ്ഠാക്കുഭംഗമില്ലാതെ ഉദ്ദിഷ്ടഫലം ശിവഭക്തർക്കും ലഭിക്കാനാണ് സ്കാന്ദപുരാണാദികളിൽ അർത്ഥവാദങ്ങളാൽ അവി ടുത്തേയ്ക്ക് വ്യാസാദികൾ താഴ്മ പറഞ്ഞിട്ടുള്ളത്.

മൂലം – 10

ഭൂതാർത്ഥകീർത്തിരനുവാദവിരുദ്ധവാദൗ
ത്രേധാർത്ഥവാദഗതയഃ ഖലു രോചനാർത്ഥാഃ,
സ്കാന്ദാദികേഷു ബഹവോഽത്ര വിരുദ്ധവാദാ-
സ്ത്വത്താമസത്വപരിഭൂത്യുപശിക്ഷണാർത്ഥാഃ.

ഭാഷ

സത്യപ്രകീർത്തനം, ഇല്ലാത്ത മാഹാത്മ്യ-
മുണ്ടെന്നു ചൊല്ലൽ, വിരുദ്ധവാദം
മൂന്നർത്ഥവാദപ്രകാരങ്ങൾ വർണ്ണ്യത്തിൽ
നന്നായഭിരുചിയേറ്റാൻ മാത്രം
സ്കാന്ദത്തിൽ വിഷ്ണു തമോഗുണൻ തോറ്റവ-
നെന്നതു വൈരുദ്ധ്യവാദമത്രെ.

അർത്ഥം : അർത്ഥവാദം മൂന്നു വിധമാണ്. സത്യം പറയൽ, ഇല്ലാത്ത മഹാത്മ്യം ഉണ്ടെന്നു പറയൽ, വൈരുദ്ധ്യവാദം. ഇവ വർണ്ണ്യവസ്തു വിൽ അഭിരുചി നന്നായി വളർത്താൻ മാത്രമുള്ളതാണ്. സ്കാന്ദത്തിൽ

വിഷ്ണുതമോഗുണൻ, തോറ്റവൻ എന്നൊക്കെ പറയുന്നത് അർത്ഥ വാദത്തിലെ “വൈരുദ്ധ്യവാദ”മാണ്.

മൂലം – 11

യത് കിഞ്ചിദപ്യവിദുഷാപി വിഭോ! മയോക്തം
തന്മന്ത്രശാസ്ത്രവചനാദ്യഭിദൃഷ്ടമേവ,
വ്യാസോക്തിസാരമയഭാഗവതോപഗീത!
ക്ലേശാൻ വിധൂയ കുരു ഭക്തിഭരം പരാത്മൻ!

ഭാഷ

പാമരൻ ഞാൻ ചിലതോതി, പാണ്ഡിത്യമു-
ള്ളോനെന്നു നണ്ണിയുരച്ചതല്ലാ.
മന്ത്രശാസ്ത്രത്തിൽ പറഞ്ഞവകണ്ടിട്ടു
മന്ത്രവിത്തല്ലേലും ചൊല്ലിയേവം
വ്യാസോക്ത ഭാഗവതം പുരാണം സാര-
ഭൂതത്തിൽ നന്നായ് പ്രകീർത്തിച്ചോനേ
സർവ്വാമയം നീക്കി ഗാഢപരാഭക്തി
നൽകേണമേ ഗുരുവായൂരപ്പാ.

അർത്ഥം : പാമരനായ ഞാൻ ചിലതു പറഞ്ഞു; അത് പാണ്ഡിത്യമു ണ്ടെന്നു വിചാരിച്ച് പറഞ്ഞതല്ല. മന്ത്രശാസ്ത്രത്തിൽ പറഞ്ഞതു വായി ച്ചിട്ട് (മന്ത്രവിത്ത് അല്ലെങ്കിലും) പറഞ്ഞെന്നുമാത്രം! വ്യാസോക്തവും സാരഭൂതവുമായ ഭാഗവത പുരാണത്തിൽ പ്രകീർത്തിക്കപ്പെട്ട ഗുരു വായൂരപ്പാ, സർവ്വാമയം നീക്കി നിന്നിൽ ഗാഢമായ പരാഭക്തി തരണേ.

O

ദശകം 91

ഭക്തിമഹത്ത്വം

മൂലം – 1

ശ്രീകൃഷ്ണ! ത്വത്പദോപാസനമഭയതമം
ബദ്ധമിഥ്യാർത്ഥദൃഷ്ടേർ-
മർത്ത്യസ്യാർത്തസ്യ മന്യേ വ്യപസരതി ഭയം
യേന സർവ്വാത്മനൈവ,
യത്താവത് ത്വത്പ്രണീതാനിഹ ഭജനവിധീ-
നാസ്ഥിതോ മോഹമാർഗ്ഗേ
ധാവന്നപ്യാവൃതാക്ഷഃ സ്ഖലതി ന കുഹചി-
ദ്ദേവദേവാഖിലാത്മൻ!

ഭാഷ

ശ്രീകൃഷ്ണാ, നീയഖിലാത്മാവു, ദേവർക്കും
ദേവൻ; അഭയമായൊന്നുമാത്രം
നിൻപാദോപാസന, മായാവസ്തുക്കളെ
സത്യമെന്നോർത്തു ഭ്രമിക്കുന്നോർക്കും
നിത്യം ജനിമൃതിചക്രാർത്തിയുള്ളോർക്കും
സർവ്വഭയവുമകറ്റിടുന്നു.
സർവ്വാത്മനാഭയം നീക്കും നിൻ ഭക്തിയാൽ
സർവ്വമർപ്പിച്ചു ഭജിച്ചു വാഴ്‌വോർ
കണ്ണടച്ചീമോഹമാർഗ്ഗത്തിലോടിലും
കാലിടറാതെ ഞാൻ സഞ്ചരിപ്പൂ.

അർത്ഥം : ശ്രീകൃഷ്ണാ, നീ സർവ്വാത്മാവും ദേവദേവനുമാണ്. അഭയ തമമായത് നിന്റെ പാദോപാസന മാത്രമാണ്. മായാവസ്തുക്കളെ സത്യ മെന്ന് ഭ്രമിക്കുന്നവർക്കും ജനിമൃതി ചക്രത്തിൽ ആർത്തരായവർക്കും സർവ്വഭയവും നിന്റെ പാദോപാസനയിൽ നീങ്ങുന്നു. അത്തരം അഭയ തമമായ ഭക്തിയോടെ സർവ്വവും അർപ്പിച്ചു ജീവിക്കുന്ന ഭക്തർ മോഹ മാർഗ്ഗമായ ഈ സംസാരത്തിൽ കണ്ണടച്ച് ഓടിയാൽപോലും കാലി ടറി വീഴാതെ സഞ്ചരിക്കുന്നു.

മൂലം – 2

ഭൂമൻ! കായേന വാചാ മുഹുരപി മനസാ
ത്വദ്ബലപ്രേരിതാത്മാ
യദ്യത് കുർവ്വേ സമസ്തം തദിഹ പരതരേ
ത്വയ്യസാവർപ്പയാമി,
ജാത്യാപീഹ ശ്വപാകസ്ത്വയി നിഹിതമനഃ-
കർമ്മവാഗിന്ദ്രിയാർത്ഥ-
പ്രാണോ വിശ്വം പുനീതേ ന തു വിമുഖമനാ-
സ്ത്വത്പദാദ്വിപ്രവര്യഃ.

ഭാഷ

കായത്താൽ വാക്കാൽ മനസ്സാൽ, നിൻ ശക്തിയാൽ
പ്രേരിതാത്മാവാം ഞാൻ ചെയ്‌വതെല്ലാം
നിൻ പരാത്മാവിൽ സമർപ്പിതം ƒഭക്തന്മാർ
ബ്രാഹ്മണരാട്ടെ ശ്വപചനാട്ടെ
നിന്നിൽ മന; കർമ്മ, വാഗിന്ദ്രിയാർത്ഥങ്ങൾ
പ്രാണനും കൂടി സമർപ്പിച്ചെന്നാൽ
സർവ്വത്ര ശുദ്ധമായ് ലോകവും തീർത്ഥങ്ങ-
ളാകെയും നിർമ്മലമാക്കിമാറ്റും
നിൻപാദ വൈമുഖ്യമുള്ളവൻ ബ്രാഹ്മണ-
നെന്നാലും പാവനനല്ല തീർച്ച.

അർത്ഥം : ഈശ്വരാ, മനസാ വാചാ, കർമ്മണാ, അവിടത്തെ ശക്തിയാൽ പ്രേരിക്കപ്പെട്ട എന്റെ ആത്മാവ് സർവ്വസ്വവും നിന്റെ പരമാത്മതത്വത്തിലർപ്പിക്കുന്നു. ഭക്തൻ ബ്രാഹ്മണനായാലും ശ്വപചനായാലും നിന്നിൽ മനസ്സും വാക്കും കർമ്മവും ഇന്ദ്രിയങ്ങളും പ്രാണനും അർപ്പിച്ചു കഴിഞ്ഞാൽ സർവ്വത്ര ശുദ്ധനായിത്തീർന്ന് ലോകങ്ങളേയും തീർത്ഥസ്നാനങ്ങളേയും നിർമ്മലമാക്കുന്നു. എന്നാൽ നിന്റെ പാദഭജനം ചെയ്യാത്ത ബ്രാഹ്മണൻ പാവനനല്ല, അവൻ ലോകത്തെയോ തീർത്ഥത്തേയോ ശുദ്ധമാക്കുന്നുമില്ല.

മൂലം – 3

ഭീതിർന്നാമ ദ്വിതീയാത് ഭവതി നനു മനഃ-
കല്പിതം ച ദ്വിതീയം
തേനൈക്യാഭ്യാസശീലോ ഹൃദയമിഹ യഥാ-
ശക്തി ബുദ്ധ്യാ നിരുന്ധ്യാം,
മായാവിദ്ധേ തു തസ്മിൻ പുനരപി ന തഥാ
ഭാതി മായാധിനാഥം
തത്ത്വാം ഭക്ത്യാ മഹത്യാ സതതമനുഭജ-
ന്നീശ! ഭീതിം വിജഹ്യാം.

ഭാഷ

ഭീതിയുണ്ടാവുന്നു 'രണ്ടാമ' തൊന്നിൽ നി-
ന്നാ രണ്ടോ മാനസകല്പിതം താൻ
'എല്ലാമൊന്നെ' ന്നു ദിനവും മനോവൃത്തി,
ബുദ്ധി, മനനത്താ "ലേക" മാക്കും
പിന്നെയും മായാനിബദ്ധമായ് ബുദ്ധിയിൽ
ദ്വൈതം പ്രകാശിക്കിൽ, മായാനാഥാ,
ഭക്തിയാൽ മായയടക്കും ഞാൻ ഏകാഗ്ര-
ചിത്തത്താൽ നിത്യമഭയനാകും

അർത്ഥം : ഭയം ഉണ്ടാകുന്നത് രണ്ടാമതൊരു വസ്തു ഉണ്ടെങ്കിൽ മാത്രമാണ്. ആ രണ്ടാമത്തെ വസ്തു മായാകല്പിതവുമാണ്. അതിനാൽ 'എല്ലാം ഒന്ന്' എന്ന് നിത്യം മനനം ചെയ്ത് മനോവൃത്തിയേയും ബുദ്ധിയേയും ഞാൻ 'ഏക'ത്തിൽ (അദ്വൈതം) ഉറപ്പിയ്ക്കും. പിന്നെയും ബുദ്ധി മായാനിബദ്ധമാകയും ദ്വൈതഭാവം അതിൽ പ്രകാശിക്കയും ചെയ്താൽ മായാധിനാഥാ, അവിടുത്തെ ഭക്തിയാൽ ഞാൻ മായയെ അടക്കി, ഏകാഗ്രചിത്തത്തിൽ "അഭയ"നായിത്തീരും.

മൂലം – 4

ഭക്തേരുത്പത്തിവൃദ്ധീ തവ ചരണജുഷാം
സംഗമേനൈവ പുംസാ-
മാസാദ്യേ പുണ്യഭാജാം, ശ്രിയ ഇവ ജഗതി
ശ്രീമതാം സംഗമേന,
തത്സംഗോ ദേവ! ഭൂയാന്മമ ഖലു സതതം,
തന്മുഖാദുന്മിഷത്ഭി-
സ്ത്വന്മാഹാത്മ്യപ്രകാരൈർഭവതി ച സുദൃഢാ
ഭക്തിരുദ്ധൂതപാപാ.

ഭാഷ

ശ്രീമത്താം സംഗമത്തിൽ ശ്രീ ലഭിക്കുന്നു
ഭക്തസംസർഗ്ഗത്താൽ ഭക്തികിട്ടും
പുണ്യം ചെയ്തോർ മാത്രം നേടുന്നു സദ്സംഗ
മൊന്നാലെ ഭക്തിയുല്പത്തി, വൃദ്ധി.
ഭക്തമുഖത്തുനിന്നെന്നും ഞാൻ കേൾക്കണം
നിൻ മാഹാത്മ്യത്തിൻ പ്രകാരഭേദം
സർവ്വപാപം നീങ്ങീട്ടെന്നിലുദിക്കേണം
സർവ്വാത്മൻ ഭക്തിദൃഢമായ് നിന്നിൽ.

അർത്ഥം : ശ്രീമാന്മാരുടെ സമ്പർക്കത്താൽ ശ്രീ ലഭിക്കും. ഭക്ത സംസർഗ്ഗത്താലേ ഭക്തി ലഭിക്കും. പുണ്യം ചെയ്തവർ സദ്സംഗ ത്താൽ ഭക്തിയുടെ ഉല്പത്തിയും വൃദ്ധിയും നേടാൻ കഴിയും. ഈശ്വരാ, ഞാൻ എപ്പോഴും ഭക്തരിൽ നിന്ന് അവിടത്തെ മാഹാത്മ്യത്തിന്റെ പ്രകാരഭേദങ്ങൾ കേൾക്കാനിടയാവണം. അങ്ങനെ സർവ്വപാപം നീങ്ങി, സർവ്വാത്മാവായ നിന്നിൽ ദൃഢമായ ഭക്തി എന്നിൽ ഉറയ്ക്കണം.

മൂലം – 5

ശ്രേയോമാർഗ്ഗേഷു ഭക്താവധികബഹുമതിർ-
ജന്മകർമ്മാണി ഭൂയോ
ഗായൻ ക്ഷേമാണി നാമാന്യപി തദുഭയതഃ
പ്രദ്രുതം പ്രദ്രുതാത്മാ
ഉദ്യദ്ധാസഃ കദാചിത് കുഹചിദപി രുദൻ
ക്വാപി ഗർജ്ജൻ പ്രഗായ-
ന്നുന്മാദീവ പ്രനൃത്ത്യന്നയി! കുരു കരുണാം
ലോകബാഹ്യശ്ചരേയം.

ഭാഷ

ശ്രേയമാർഗ്ഗങ്ങളിലേറെ ബ്ബഹുമതി
പ്രേയാനേ, നിൻ ഭക്തിയൊന്നിനല്ലോ
യോഗക്ഷേമം നൽകും ദിവ്യാവതാരങ്ങൾ,
നാമങ്ങൾ ലീലകൾ പാടിപ്പാടി
പാരം മനമലിഞ്ഞാടി, ച്ചിരി, ച്ചേറെ
രോദനം ചെയ്തു മുന്മത്തനെപ്പോൽ
ലൗകികമെല്ലാം വെടിഞ്ഞു ചരിയ്ക്കുന്നു
ഏകാന്തിക ഭക്തി ലോലനായ് ഞാൻ
ശ്രീ ഗുരുവായൂരിൽ കാരുണ്യമൂർത്തിയായ്
വാഴുന്ന കൃഷ്ണാ, കനിയുകെന്നിൽ.

അർത്ഥം : പ്രിയപ്പെട്ടവനേ, ശ്രേയമാർഗ്ഗങ്ങളിൽ ഏറ്റവും ബഹുമാന്യം നിന്റെ ഭക്തിയാണ്. യോഗക്ഷേമരുളുന്ന ദിവ്യാവതാര കഥകളും നാമങ്ങളും ലീലകളും പാടിയും, മനസ്സലിഞ്ഞും, ആടിയും, ചിരിച്ചും കരഞ്ഞും, ഉന്മത്തനെപ്പോലെ ലൗകിക കാര്യമെല്ലാം ഉപേക്ഷിച്ച് ഏകാന്തികഭക്തിയിൽ മാത്രം മനസ്സൂന്നി ഞാൻ ലോകത്തിൽ ഒറ്റക്ക് സഞ്ചരിക്കട്ടെ, ഗുരുവായൂരിലെ കാരുണ്യമൂർത്തിയായ കൃഷ്ണാ, എന്നിൽ കനിയണേ.

മൂലം – 6

ഭൂതാന്യേതാനി ഭൂതാത്മകമപി സകലം
പക്ഷിമത്സ്യാൻ മൃഗാദീൻ
മർത്ത്യാൻ മിത്രാണി ശത്രൂനപി യമിതമതി-
സ്ത്വന്മയാന്യാനമാനി,
ത്വത്സേവായാം ഹി സിദ്ധ്യേന്മമ തവ കൃപയാ
ഭക്തിദാർഢ്യം വിരാഗ-
സ്ത്വത്തത്ത്വസ്യാവബോധോഽപി ച ഭുവനപതേ!
യത്നഭേദം വിനൈവ.

ഭാഷ

പഞ്ചഭൂതങ്ങളും പക്ഷി, മത്സ്യങ്ങളും
മർത്ത്യൻ, മൃഗം, ബന്ധുശത്രുവും നീ
സർവ്വഭൂതാത്മകമി പ്രപഞ്ചം ഭവാൻ
സർവ്വത്തെയേകാഗ്ര ചിത്തനായി
ധ്യാനിക്കുമെൻ ചിത്തിൽ നിത്യം വാഴുന്നന്ത-
ര്യാമിയും നീ തന്നെ പ്രേമരൂപാ
നിൻ കൃപയാലെ ഞാൻ നേടിയീഭക്തിയും
ശ്രദ്ധ വൈരാഗ്യവും ഏകബോധം
സർവ്വം നീയെന്നവബോധം സദാനന്ദം
യത്നം കൂടാതെ ക്ഷണത്തിലേകി.

അർത്ഥം : പഞ്ചഭൂതങ്ങളും പശുപക്ഷികളും ജലജന്തുക്കളും മനുഷ്യനും ബന്ധുവും ശത്രുവും ഇക്കാണുന്ന പ്രപഞ്ചവും സർവ്വവും നീ തന്നെയാണ്. അതിനാൽ ഞാൻ സർവ്വത്തേയും ഏകാഗ്രചിത്തനായി വണങ്ങി ധ്യാനിക്കുന്നു. ധ്യാനിക്കുന്ന എന്റെ ചിത്തത്തിൽ അന്തര്യാമിയായിരിക്കുന്നതും നീ തന്നെ. പ്രേമസ്വരൂപനായ നിന്റെ കാരുണ്യത്താലാണ് ഈ ദൃഢഭക്തിയും ശ്രദ്ധയും വൈരാഗ്യവും ഏകബോധവും എനിക്കുണ്ടായത്. സർവ്വം നീ തന്നെ, നീ തന്നെ ഞാൻ എന്ന അവബോധത്തിന്റെ സാന്ദ്രാനന്ദം നീ എനിക്ക് പ്രയാസം കൂടാതെ അതിവേഗത്തിൽ തന്നു.

മൂലം – 7

നോ മുഹ്യൻ ക്ഷുത്തൃഡാദ്യൈർഭവസരണിഭവൈ-
സ്ത്വന്നിലീനാശയത്വാ-
ച്ചിന്താസാതത്യശാലീ നിമിഷലവമപി
ത്വത്പദാദപ്രകമ്പഃ
ഇഷ്ടാനിഷ്ടേഷു തുഷ്ടിവ്യസനവിരഹിതോ
മായികത്വാവബോധാദ്-
ജ്യോത്സ്നാഭിസ്ത്വന്നഖേന്ദോരധികശിശിരിതേ-
നാത്മനാ സഞ്ചരേയ.

ഭാഷ

നിന്നിൽ ലീനം മനം, സംസാരയാത്രതൻ
ദാഹം വിശപ്പുമറിഞ്ഞിടാതെ
നിന്നെ നിരന്തരം ധ്യാനിച്ചൊരുലവം
നിൻപദത്തിൽ നിന്നിളക്കമെന്യേ
മായാവിനിർമ്മിതമിഷ്ടമനിഷ്ടവും
തുഷ്ടിയും ദുഃഖവുമെന്നറിഞ്ഞു
നിൻനഖചന്ദ്രനിലാവിൽ കുളിർമ്മയിൽ
സഞ്ചരിച്ചീടും ഞാൻ ആത്മാരാമം.

അർത്ഥം : നിന്നിൽ ലീനമായ മനസ്സോടെ, ഈ സംസാര യാത്രയുടെ ദാഹവും വിശപ്പും അറിയാതെ, നിന്നെ നിരന്തരം ധ്യാനിച്ച് ഒരു നിമിഷം പോലും അവിടത്തെ പദത്തിൽ നിന്ന് ഇളക്കം വരാതെ, ഇഷ്ടവും അനിഷ്ടവും ദുഃഖവും സന്തോഷവും മായാകല്പിതമാണെന്നറിഞ്ഞ്, അവിടത്തെ നഖചന്ദ്രന്റെ കുളിർമ്മയിൽ ഞാൻ ആത്മാരാമമായി സഞ്ചരിക്കും.

മൂലം – 8

ഭൂതേഷ്വേഷു ത്വദൈക്യസ്മൃതിസമധിഗതൗ
നാധികാരോഽധുനാ ചേത്
ത്വത്പ്രേമ ത്വത്കമൈത്രീ ജഡമതിഷു കൃപാ
ദ്വിട്സു ഭൂയാദുപേക്ഷാ,

അർച്ചായാം വാ സമർച്ചാകുതുകമുരുതര-
ശ്രദ്ധയാ വർദ്ധതാം മേ
ത്വത്സംസേവീ തഥാപി ദ്രുതമുപലഭതേ
ഭക്തലോകോത്തമത്വം.

ഭാഷ

സർവ്വഭൂതത്തിലും നിന്നഭേദാനന്ദ
ത്തിന്നനുഭൂതി ലഭിച്ചിടായ്കിൽ
നിന്നിൽ പ്രണയവും ഭക്തരിൽ മൈത്രിയും
ദീനകൃപ, ശത്രുവിൽ ഉപേക്ഷ
ഉണ്ടാകേണം; ശ്രദ്ധ നിൻ പ്രതിമാർച്ചന-
പൂജയിലെങ്കിലും വാസുദേവാ
അങ്ങനെയേറെനാൾ സേവിയ്ക്കും ഭക്തന്
ഭക്തലോകോത്തമത്വം ലഭിക്കും.

അർത്ഥം : സർവ്വഭൂതത്തിലും അഭേദമായിരിക്കുന്ന നിന്റെ അദ്വൈതാനന്ദാനുഭൂതി ഈ ജന്മം എനിക്കു ലഭിക്കാതെ പോയാൽ, നിന്നിൽ പ്രേമവും ഭക്തരിൽ മൈത്രിയും ദീനരിൽ കൃപയും ശത്രുക്കളിൽ ഉപേക്ഷയും എനിക്കുണ്ടാകണം. നിന്റെ പ്രതിമാർച്ചന പൂജയിലെങ്കിലും എനിയ്ക്ക് ശ്രദ്ധ ഉണ്ടാവണം. അങ്ങനെ ഏറെ നാൾ അവിടുത്തെ സേവിക്കുന്ന ഭക്തന് ഭക്തരിൽ വെച്ച് ഉത്തമസ്ഥാനം ലഭിക്കുക തന്നെ ചെയ്യും.

മൂലം – 9

ആവൃത്യ ത്വത്സ്വരൂപം ക്ഷിതിജലമരുദാ-
ദ്യാത്മനാ വിക്ഷിപന്തീ
ജീവാൻ ഭൂയിഷ്ഠകർമ്മാവലിവിവശഗതീൻ
ദുഃഖജാലേ ക്ഷിപന്തീ,
ത്വന്മായാ മാഭിഭൂന്മാമയി ഭുവനപതേ!
കല്പതേ തത്പ്രശാന്ത്യൈ
ത്വത്പാദേ ഭക്തിരേവേത്യവദയി വിഭോ!
സിദ്ധയോഗീ പ്രബുദ്ധഃ.

ഭാഷ

നിൻരൂപവും മറച്ചാ പഞ്ചഭൂതത്തിൻ
തോന്നലുണ്ടാക്കി, കർമ്മാനുസാരം
ജീവനെ ദുഃഖത്തിലാഴ്ത്തും ഗതിശീല-
മായ നിന്മായയാൽ ബന്ധിക്കല്ലേ.
മായാശാന്തിയ്ക്കായി നിൻപാദഭക്തിതാ-
നേകാശ്രയം, ഗുരുവായൂരപ്പാ
സിദ്ധൻ പ്രബുദ്ധനാം യോഗി ചൊന്നാവിധം
ഭക്തി നൽകേണമെനിയ്ക്കു നിന്നിൽ.

അർത്ഥം : അവിടുത്തെ സ്വരൂപം മറച്ചുവെച്ച്, ഇത് പഞ്ചഭൂതങ്ങളാണെന്ന തോന്നലുണ്ടാക്കി, പൂർവ്വകർമ്മാനുസാരം ജീവനെ ദുഃഖത്തിലാഴ്ത്തുന്ന ഗതിശീലത്തോടുകൂടിയ നിന്റെ മായ എന്നെ ബന്ധിക്കരുത്. മായയുടെ ശമനം കിട്ടാൻ അവിടത്തെ പാദത്തിൽ ഏകാഗ്രഭക്തിമാത്രമാണ് ഒരേ ഒരാശ്രയം എന്ന് പ്രബുദ്ധനെന്ന യോഗീശ്വരൻ പറഞ്ഞു. ആ വിധം ഭക്തി നിന്നിൽ എനിയ്ക്കുണ്ടാവണം.

മൂലം – 10

ദുഃഖാന്യാലോക്യ ജന്തുഷ്വലമുദിതവിവേ-
കോ്ഹമാചാര്യവര്യാ-
ല്ലബ്ധ്വാ ത്വദ്രൂപതത്ത്വം ഗുണചരിതകഥാ-
ദ്യുത്ഭവദ്ഭക്തിഭൂമാ,
മായാമേനാം തരിത്വാ പരമസുഖമയേ
ത്വത്പദേ മോദിതാഹേ
തസ്യായം പൂർവ്വരംഗഃ പവനപുരപതേ!
നാശയാശേഷരോഗാൻ.

ഭാഷ

ദുഃഖിതർ ജന്തുക്കളെന്നു കണ്ടിട്ടു ഞാ-
നല്പം വിവേകിയായ്; സദ്ഗുരുവിൻ
ശിക്ഷയാൽ രൂപതത്ത്വം ഗ്രഹിച്ചു, ഗുണം
സച്ചരിതം കേട്ടുമോർത്തുകൊണ്ടും
പ്രേമഭക്തിക്കുവളർച്ചയേറീട്ടു നിൻ
മായയേയും ജയിച്ചിട്ടു, കൃഷ്ണാ
ആനന്ദമേകും പരമപദത്തിൽ ഞാ-
നാവോളം നിർവൃതിനേടുവാനായ്
പൂർവ്വരംഗംമാത്രം രോഗ ശാന്തി, കൃഷ്ണാ
സർവ്വാമയം തീർത്തു ഭക്തി നൽകു.

അർത്ഥം : ഈ ഭൂമിയിൽ ജന്തുവർഗ്ഗം മുഴുവൻ ദുഃഖിക്കുന്നു, വേദനിക്കുന്നു എന്ന് മനസ്സിലാക്കിയിട്ട് എനിയ്ക്ക് അല്പം വിവേകം കിട്ടി. പിന്നീട് ആചാര്യോപദേശത്താൽ അവിടുത്തെ രൂപതത്ത്വം ഗ്രഹിച്ചു. ഗുണങ്ങളും സച്ചരിതവും കേട്ടു. അവ ഓർത്തോർത്ത് പ്രേമഭക്തി വർദ്ധിച്ച്, മായയെ ജയിച്ച് പരമാനന്ദമേകുന്ന പദത്തിലെത്തി ആവോളം നിർവൃതി നേടാൻ എനിയ്ക്ക് യോഗമുണ്ടായിരിക്കണം. അതിനുള്ള ഒരു പൂർവ്വരംഗം മാത്രമാണ് എന്റെ ഈ രോഗവും രോഗശാന്തിയുമെല്ലാം. സർവ്വാമയവും തീർത്ത് ഉത്തമഭക്തി നൽകുക.

○

ദശകം 92

കർമ്മമിശ്രഭക്തി

മൂലം – 1

വേദൈസ്സർവ്വാണി കർമ്മാണ്യഫലപരതയാ
വർണ്ണിതാനീതി ബുദ്ധ്വാ
താനി ത്വയ്യർപ്പിതാന്യേവ ഹി സമനുചരൻ
യാനി നൈഷ്കർമ്മ്യമീശ!,
മാ ഭൂദ്വേദൈർന്നിഷിദ്ധേ കുഹചിദപി മനഃ-
കർമ്മവാചാം പ്രവൃത്തിർ-
ദുർവ്വർജ്ജം ചേദവാപ്തം തദപി ഖലു ഭവ-
ത്യർപ്പയേ ചിത്പ്രകാശേ.

ഭാഷ

വേദങ്ങൾ കർമ്മത്തെ വർണ്ണിക്കുന്നു, ഫല-
പ്രാധാന്യമില്ലാതെയെന്നറിവൂ
സർവ്വകർമ്മംനിന്നിലർപ്പിച്ചു, ദിവ്യമാം
നൈഷ്ക്കർമ്മ്യത്താൽ ജ്ഞാനം നേടുവൻ ഞാൻ.
വേദനിഷിദ്ധമാം കർമ്മത്തിൽ വാക്കിനും
ദേഹത്തിനും മനസ്സിനുമൊട്ടും
താല്പര്യം തോന്നല്ലേ, യെങ്ങാനും തോന്നിയാ-
ലർപ്പിച്ചിടാമതും നിന്നിൽത്തന്നെ.

അർത്ഥം : വേദങ്ങൾ ഫലത്തിനു പ്രാധാന്യം കൊടുക്കാതെ, നിഷ്കാമ കർമ്മത്തെയാണ് കീർത്തിയ്ക്കുന്നത്. സർവ്വ കർമ്മവും നിന്നിൽ അർപ്പിച്ച് നൈഷ്ണകർമ്മ്യത്താൽ ജ്ഞാനയോഗം നേടും. ഈശ്വരാ, വേദനി ഷിദ്ധമായ കർമ്മത്തിൽ വാക്കിനോ മനസ്സിനോ ദേഹത്തിനോ ഒരി ക്കലും താല്പര്യം തോന്നരുതേ. എങ്ങാനും തോന്നിപ്പോയാൽ അതും ഞാൻ നിന്നിൽത്തന്നെ സമർപ്പിക്കും.

മൂലം – 2

യസ്ത്വന്യഃ കർമ്മയോഗസ്തവ ഭജനമയ-
സ്തത്ര ചാഭീഷ്ടമൂർത്തിം
ഹൃദ്യാം സത്വൈകരൂപാം ദൃഷദി ഹൃദി മൃദി
ക്വാപി വാ ഭാവയിത്വാ,
പുഷ്പൈർഗ്ഗന്ധൈർന്നിവേദ്യൈരപി ച വിരചിതൈഃ
ശ്ശക്തിതോ ഭക്തിപൂതൈർ-
നിത്യം വര്യാം സപര്യാം വിദധദയി വിഭോ!
ത്വത്പ്രസാദം ഭജേയം.

ഭാഷ

വൈദിക കർമ്മയോഗത്തിന്നുഭിന്നമാം
താന്ത്രികകർമ്മയോഗക്രമത്തിൽ
ഹൃദ്യമാം സാത്വികമിഷ്ടദൈവത്തിനെ
മണ്ണിലും കല്ലിലും മാനസത്തിൽ
എങ്ങുമേയാവാഹിച്ചിട്ടു ഭാവിച്ചിട്ടു
ശക്തിക്കനുസൃതം ഭക്തിശുദ്ധം
പുഷ്പഗന്ധങ്ങൾനിവേദ്യത്താൽ നിത്യവു-
മുത്തമപൂജകൾ ചെയ്തുകൊണ്ടേ
നിൻപൂർണ്ണപ്രേമപ്രസാദത്തിൻ പാത്രമാ-
യെന്നും ഞാൻ തീരണം വാസുദേവാ.

അർത്ഥം : വൈദിക കർമ്മത്തിൽ നിന്നു വ്യത്യസ്തമായ താന്ത്രിക യോഗക്രമത്തിൽ ഹൃദ്യവും സാത്വികവുമായ ഇഷ്ടദേവതാനിഷ്ഠയോടെ മണ്ണിലും കല്ലിലും മനസ്സിലും എങ്ങും ആവാഹിച്ച് സങ്കല്പിച്ച്, ശക്ത്യാനുസൃതമായി ഭക്തിയാൽ ശുദ്ധമാക്കിയ പൂവും സുഗന്ധദ്രവ്യവും നേദ്യവും കൊണ്ട് നിത്യം ഉത്തമപൂജ ചെയ്യാം. അങ്ങനെ അവിടുത്തെ പ്രേമപ്രസാദത്തിന് ഞാൻ എന്നും പാത്രമായിത്തീരണം.

മൂലം - 3

സ്ത്രീശൂദ്രാസ്ത്വത്കഥാദിശ്രവണവിരഹിതാ
ആസതാം തേ ദയാർഹാ-
സ്ത്വത്പാദാസന്നയാതാൻ ദ്വിജകുലജനുഷോ
ഹന്ത! ശോചാമ്യശാന്താൻ,
വൃത്ത്യർത്ഥം തേ യജന്തോ ബഹുകഥിതമപി
ത്വാമനാകർണ്ണയന്തോ
ദൃപ്താ വിദ്യാഭിജാത്യൈഃ കിമു ന വിദധതേ
താദൃശം മാ കൃഥാ മാം.

ഭാഷ

നിൻകഥാനാമശ്രവണവിരഹികൾ
സ്ത്രീശൂദ്രരെത്ര ദയാർഹരോർത്താൽ
പാദസാമീപ്യം കിടച്ചിട്ടും വൈഷയി-
കാസക്തരാം ദ്വിജർ ശോചനീയർ
യജ്ഞമുഖജീവനം മാത്രം, നിൻതത്വം
കേട്ടിട്ടുമില്ലയറിവതിങ്കൽ
വിദ്യാ, ഭിജാത്യം പറഞ്ഞഹങ്കാരികൾ
നിത്യവും നീചകർമ്മങ്ങൾ ചെയ്വോർ
എന്നെയാകൂട്ടത്തിലാക്കരുതേ, വിഭോ,
തന്നാലുമുത്തമ ഭക്തിയെന്നും.

അർത്ഥം : അവിടത്തെ കഥകളും നാമങ്ങളും ശ്രവിക്കാൻ അവസരം കിട്ടാതെ വിരഹികളായി കഴിയുന്ന സ്ത്രീകളും, ശൂദ്രരും ദയയർഹി

ക്കുന്നുണ്ട്. പക്ഷെ, അവരല്ല വാസ്തവത്തിൽ ശോചനീയാവസ്ഥയിലുള്ളത്. അവിടുത്തെ പദസാമീപ്യം കിട്ടിയിട്ടും ഉപനയനാധികാരത്താൽ ദ്വിജരായിട്ടും (ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യർ) വൈഷയിക സുഖാസക്തിയിൽ ആണ്ടുമുങ്ങിയവരാണ്. അവർക്ക് യജ്ഞം വെറും ഉപജീവനോപാധി മാത്രമാണ്. നിന്റെ തത്വം കേൾക്കാൻ ഭാഗ്യമുണ്ടായിട്ടും അതിൽ ജ്ഞാനം ലഭിച്ചിട്ടില്ല. എന്നിട്ടും, വിദ്യയും ആഭിജാത്യവും പറഞ്ഞ് അഹങ്കരിച്ച് ദിവസവും നീചകൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കയാണ്. ഈശ്വരാ, എന്നെ അത്തരക്കാരുടെ കൂട്ടത്തിൽ പെടുത്തരുതേ. എനിക്ക് ഉത്തമഭക്തി തരണേ.

മൂലം – 4

പാപോഽയം കൃഷ്ണരാമേത്യഭിലപതി നിജം
ഗൂഹിതും ദുശ്ചരിത്രം
നിർല്ലജ്ജസ്യാസ്യ വാചാ ബഹുതരകഥനീ-
യാനി മേ വിഘ്നിതാനി,
ഭ്രാതാ മേ വന്ധ്യശീലോ ഭജതി കില സദാ
വിഷ്ണുമിത്ഥം ബുധാംസ്തേ
നിന്ദന്ത്യുച്ചൈർഹസന്തി ത്വയി നിഹിതരതീം-
സ്താദൃശം മാ കൃഥാ മാം.

ഭാഷ

"സ്വന്തം കുറവു മറയ്ക്കുവാൻ പാപികൾ
ഉച്ചം പുലമ്പുന്നു രാമാ, കൃഷ്ണാ
നിർലജ്ജ മാമീപ്പുലമ്പലാൽ എൻ വാക്കും
വിഘ്നമായീടുന്നു; വന്ധ്യശീലൻ
എന്നുടെ ഭ്രാതാവ് വിഷ്ണുവെ നന്നായി-
ട്ടെന്നും ഭജിക്കയാ,ണെല്ലാം നാട്യം"
നിന്നിൽ മതിവെച്ച ജ്ഞാനിയാം ഭക്തനെ
നിന്ദിച്ചക്കൂട്ടർ ഹസിച്ചിടുന്നു.
എന്നെയാക്കൂട്ടത്തിലാക്കരുതേ, പ്രഭോ
തന്നാലു മുത്തമഭക്തിയെന്നിൽ

അർത്ഥം : ഭഗവാനിൽ മനസ്സുറപ്പിച്ച ജ്ഞാനിയായ ഭക്തനെ നിന്ദിച്ചും പരിഹസിച്ചും അവർ പറയുന്നു: "കണ്ടില്ലേ, സ്വന്തം കുറവുകൾ മറച്ചുവെക്കാനാണ് ഈ പാപികൾ കൃഷ്ണാ, രാമാ എന്ന് ഉച്ചത്തിൽ ലജ്ജയില്ലാതെ പുലമ്പുന്നത്. ഈ പുലമ്പല്കൊണ്ട് എനിക്കു പറയാനുള്ള വാക്കുകൾക്കും വിഘ്നം വരുന്നു. എന്റെ സഹോദരൻ വന്ധ്യശീലനാണ്; ഒരു കാര്യവും ഫലപ്രദമായി ചെയ്യാനറിയാത്തവനാണ്. അവന്റെ വിഷ്ണുഭജനമൊക്കെ വെറും നാട്യമാണ്." ഭഗവാനേ, ഇപ്രകാരം ജ്ഞാനിയെ നിന്ദിക്കുന്നവരുടെ കൂട്ടത്തിൽ എന്നെ ചേർക്കരുതേ. എനിക്ക് ഉത്തമ ഭക്തി തരണേ.

മൂലം – 5

ശ്വേതച്ഛായം കൃതേ ത്വാം മുനിവരവപുഷം
പ്രീണയന്തേ തപോഭി-
സ്ത്രേതായാം സ്രുക്സ്രുവാദ്യങ്കിതമരുണതനും
യജ്ഞരൂപം യജന്തേ,
സേവന്തേ തന്ത്രമാർഗ്ഗൈർവ്വിലസദരിഗദം
ദ്വാപരേ ശ്യാമളാംഗം
നീലം സങ്കീർത്തനാദ്യൈരിഹ കലിസമയേ
മാനുഷാസ്ത്വാം ഭജന്തേ.

ഭാഷ

ആദികൃതയുഗേ ശ്വേതനിറം മുനി-
രൂപനാം നിന്നെത്തപോധ്യാനത്താൽ
പ്രീതനാക്കീട്ടു ജനങ്ങളനേകരും
സത്വഗുണത്തിൽ ലയിച്ചിരുന്നു.
ത്രേതത്തിൽ ചോന്നശരീരം സ്രുക്കും സ്രുവ-
ധാരം നിൻരൂപം യജിച്ചു യാഗാൽ
രാജസധാമരായ്; ദ്വാപരത്തിങ്കലോ
ശ്യാമളം ശംഖചക്രം ഗദയും
പത്മം ധരിച്ചതിൻ കോമളരൂപത്തെ
താന്ത്രിക പൂജയാൽ സേവിക്കുന്നു,
ഇപ്പോൾക്കലികാലം നീല വപുസ്സുനീ
സങ്കീർത്തനം സൽകഥാശ്രവണം
സംഗീതനൃത്തനാട്യങ്ങളാൽ സേവിച്ചു
സർവ്വരുമാനന്ദ മൂർച്ഛ കൊൾവൂ.

അർത്ഥം : ആദ്യം കൃതയുഗത്തിൽ വെളുത്ത നിറം, മുനിരൂപമുള്ള ഭഗവാനെ തപസ്സും ധ്യാനവുംകൊണ്ട് പ്രസാദിപ്പിച്ച് ആളുകൾ സത്വഗുണപ്രധാനരായി ജീവിച്ചു. ത്രേതായുഗത്തിൽ അരുണവർണ്ണമായി സ്രുക്കും സ്രുവവും ധരിച്ച നിന്നെ യാഗങ്ങളാൽ യജിച്ച് രാജസധാമം പ്രാപിച്ചു. ദ്വാപരത്തിൽ ശ്യാമള ശരീരനായ നിന്നെ ശംഖചക്ര ഗദാപത്മ ധാരിയായി താന്ത്രിക പൂജാവിധികളാൽ സേവിച്ചു. ഇപ്പോൾ കലികാലത്ത് കീർത്തനം, കഥാശ്രവണം, നാമസങ്കീർത്തനനൃത്തനാട്യാദികളാൽ സേവിച്ചാണ് ആളുകൾ ആനന്ദിക്കുന്നത്.

മൂലം – 6

സോഽയം കാലേയകാലോ ജയതി മുരരിപോ!
യത്ര സങ്കീർത്തനാദ്യൈ-
ർന്നിര്യത്നൈരേവ മാർഗ്ഗൈരഖിലദ! ന ചിരാത്
ത്വത്പ്രസാദം ഭജന്തേ,

ജാതാസ്ത്രേതാകൃതാദാവപി ഹി കില കലൗ
സംഭവം കാമയന്തേ
ദൈവാത്തത്രൈവ ജാതാൻ വിഷയവിഷരസൈർ-
മാ വിഭോ! വഞ്ചയാസ്മാൻ.

ഭാഷ

യത്നമില്ലാതിക്കലികാലത്തല്ലയോ
സങ്കീർത്തനത്താൽ പ്രസാദലാഭം
സർവ്വോത്കൃഷ്ടം കലികാലത്തതിനാലെ
പൂർവ്വയുഗത്തിലെ ജീവന്മാരും
വന്നു പിറക്കുവാനാശിപ്പു, ഞാനാകും
പുണ്യാത്മാവിപ്പോൾ ജനിക്കയാലേ
സർവ്വേശാ, താല്പര്യം തോന്നിയ്ക്കല്ലേ വിഷ-
യത്തിൽ വിഷമയമാം സുഖത്തിൽ

അർത്ഥം : അധികം പ്രയാസമൊന്നുമില്ലാതെ കീർത്തനംകൊണ്ടു തന്നെ പ്രസാദം കിട്ടുന്ന കലികാലം സർവ്വോത്കൃഷ്ടമാകയാൽ അതിൽ വന്നു ജനിക്കാൻ മുമ്പത്തെ മൂന്നു യുഗങ്ങളിലെ ജീവന്മാരും ആഗ്രഹിക്കുന്നു. ഞാൻ ഈ കാലത്ത് ജനിച്ച പുണ്യാത്മാവാണ്. ഈശ്വരാ, വിഷമയമായ വിഷയസുഖത്തിൽ എനിയ്ക്ക് താല്പര്യം തോന്നിക്കരുതേ.

മൂലം - 7

ഭക്താസ്താവത് കലൗ സ്യുർദ്രമിളഭുവി തതോ
ഭൂരിശസ്തത്ര ചോച്ചൈഃ
കാവേരീം താമ്രപർണ്ണീമനു കില കൃതമാ-
ലാം ച പുണ്യാം പ്രതീചീം,
ഹാ! മാമപ്യേതദന്തർഭവമപി ച വിഭോ!
കിഞ്ചിദഞ്ചദ്രസം ത്വ-
യ്യാശാപാശൈർനിബദ്ധ്യ ഭ്രമയ ന ഭഗവൻ!
പൂരയ ത്വന്നിഷേവാം.

ഭാഷ

ഭക്തരുണ്ടാവും കലികാലത്തെങ്ങുമേ
ഭക്തർ ദ്രവിഡദേശത്തധികം
കാവേരി, താമ്രപർണ്ണി, കൃതമാലയും
പുണ്യം പടിഞ്ഞാട്ടൊഴുകുമാറും
അപ്പേരാറും പെരിയാറും തന്മദ്ധ്യത്തിൽ
ഭക്തയാം ഞാനും ജനിച്ചുവല്ലോ.
ആശാപാശങ്ങളിൽ കെട്ടിഭ്രമിപ്പിയ്ക്കാ-
തീ ഭക്തദാസിയെപ്പാലിയ്ക്കണം.

അർത്ഥം : കലികാലത്ത് എല്ലായിടവും ഭക്തരുണ്ടാവുമെന്നും അതിൽ അധികവും ദ്രാവിഡദേശത്താണെന്നും, കാവേരി, താമ്രപർണ്ണി, കൃതമാല, പടിഞ്ഞാട്ടൊഴുകുന്ന പുണ്യനദികൾ ഇവയുടെ തീരം ആ ഭക്തരുടെ സ്ഥാനമാണെന്നും കേൾവിയുണ്ട്. ഈശ്വരാ, പടിഞ്ഞാട്ടൊഴുകുന്ന പുണ്യനദികളായ പേരാറിനും പെരിയാറിനും മദ്ധ്യത്തിൽ, ഭക്തയായ ഞാനും ജനിച്ചുവല്ലൊ. ആശാപാശങ്ങളിൽ കെട്ടി ഭ്രമിപ്പിക്കാതെ എന്നെ രക്ഷിക്കണേ.

മൂലം – 8

ദൃഷ്ട്വാ ധർമ്മദ്രുഹം തം കലിമപകരുണം
പ്രാങ്മഹീക്ഷിത് പരീക്ഷി-
ദ്ധന്തും വ്യാകൃഷ്ടഖഡ്ഗോഽപി ന വിനിഹതവാൻ
സാരവേദീ ഗുണാംശാത്,
ത്വത്സേവാദ്യാശു സിദ്ധ്യേദസദിഹ ന തഥാ
ത്വത്പരേ ചൈഷ ഭീരുർ-
യ്യത്തു പ്രാഗേവ രോഗാദിഭിരപഹരതേ
തത്ര ഹാ ശിക്ഷയൈനം.

ഭാഷ

ധർമ്മച്യുതി വരുത്തീടുന്ന നിർദ്ദയ-
നെന്നുകലിയെ വധിക്കുവാനായ്
സാരജ്ഞനാകും പരീക്ഷിത്തു നോക്കീടും
സാരാംശത്തിൽ ഗുണം കാണുകയാൽ
കൊന്നില്ല; സേവനം സത്സംഗമാത്രത്താൽ
വേഗഫലം കലിയിങ്കൽ മാത്രം.
ഏറെച്ഭയമിവന്നുണ്ടു നിൻഭക്തരിൽ;
തീരെഭ്ഭജിപ്പതിൻ മുമ്പു തന്നെ
രോഗാദിപീഢയാൽ വിഘ്നം വരുത്തുന്നോ-
നേകണേ ശിക്ഷേ, മരുദ് പുരേശാ.

അർത്ഥം : പണ്ട്, ധർമ്മച്യുതി വരുത്തുന്ന നിർദ്ദയനായ കലിയെ വധിക്കാൻ പരീക്ഷിത്തു നിശ്ചയിച്ചു. സാരജ്ഞനായ അദ്ദേഹം സാരാംശം പരിശോധിച്ചപ്പോൾ ഗുണവശം കണ്ടതിനാൽ കൊന്നില്ല. കേവലം സേവനം, സത്സംഗം ഇവകൊണ്ടുമാത്രം വേഗത്തിൽ ഫലം കിട്ടുക കലിയിൽ മാത്രമാണ്. കലിയ്ക്ക് അവിടത്തെ ഭക്തരെ ഭയമാണ്. അതിനാൽ ഭജിയ്ക്കുന്നതിനുമുമ്പേ രോഗാദി പീഡകളാൽ ഭക്തിക്ക് വിഘ്നം വരുത്തും. ആ കുറ്റത്തിന് കലിയ്ക്ക് തക്ക ശിക്ഷ നൽകിയാലും.

മൂലം – 9

ഗംഗാ ഗീതാ ച ഗായത്ര്യപി ച തുളസികാ
ഗോപീകാചന്ദനം തത്
സാളഗ്രാമാഭിപൂജാ പരപുരുഷ! തഥൈ-
കാദശീ നാമവർണ്ണാഃ,
ഏതാന്യഷ്ടാപ്യയത്നാന്യയി! കലിസമയേ
ത്വത്പ്രസാദപ്രവൃദ്ധ്യാ
ക്ഷിപ്രം മുക്തിപ്രദാനീത്യഭിദധുരൃഷയ-
സ്തേഷു മാം സജ്ജയേഥാഃ.

ഭാഷ

എട്ടെണ്ണം നൽകും ദ്രുതപ്രസാദം കലി-
കാലത്തു മുക്തിയുമെന്നു കേൾപ്പൂ.
ഗംഗയും ഗീതയും ഗായത്രി, ഗോപികാ-
ചന്ദനം സാളഗ്രാമത്തിൽ പൂജ
ഏകാദശീ, തുളസീ, നാമമെട്ടിലും
ഏകേണമാസക്തിയെന്നുമെന്നും.

അർത്ഥം : കലികാലത്ത് വേഗത്തിൽ ഈശ്വരാനുഗ്രഹവും മുക്തിയും നൽകുന്നവ എട്ടെണ്ണമാണ്. ഗംഗ, ഗീത, ഗായത്രി, ഗോപികാ ചന്ദനം, സളഗ്രാമപൂജ, ഏകാദശി, തുളസി, തിരുനാമ കീർത്തനം - ഇവ എട്ടിലും എനിയ്ക്ക് എന്നും ആസക്തി ഉണ്ടാവണം.

മൂലം – 10

ദേവർഷീണാം പിതൄണാമപി ന പുനരൃണീ-
കിങ്കരോ വാ സ ഭൂമൻ!
യോƒസൗ സർവ്വാത്മനാ ത്വാം ശരണമുപഗതഃ
സർവ്വകൃത്യാനി ഹിത്വാ,
തസ്യോത്പന്നം വികർമ്മാപ്യഖിലമപനുദ-
സ്യേവ ചിത്തസ്ഥിതസ്ത്വം
തന്മേ പാപോത്ഥതാപാൻ പവനപുരപതേ!
രുന്ധി ഭക്തിം പ്രണീയാഃ.

ഭാഷ

സർവ്വകർമ്മം ത്യജിച്ചിട്ടു ശരണം നീ-
യെന്നായാൽ വീടും ഋഷി ഋണങ്ങൾ
ദേവപിതൃഋണം, ഇല്ലവന്നിനിമേൽ
ദാസജന്മം, അവൻ ഭാഗ്യശാലി-
സർവ്വവികർമ്മഫലം അന്തര്യാമി നീ
തന്നെ നശിപ്പിക്കുമെന്നതിനാൽ
പാപജന്യ താപമേതാനുമുണ്ടെങ്കി-
ലേതും ശമിപ്പിച്ചു, ഭക്തി നൽകൂ.

അർത്ഥം : സർവ്വകർമ്മപരിത്യാഗം ചെയ്ത് ഈശ്വരനെ ശരണം പ്രാപിച്ചാൽ ഋഷി, പിതൃ, ദേവ ഋണമെല്ലാം വീടും. ഇനി ഒരു ദാസജന്മം വേണ്ടിവരില്ല. അന്തര്യാമിയായിരുന്ന് നീ തന്നെ സർവ്വവികർമ്മഫലവും നശിപ്പിക്കുകയാൽ അവനാണ് ഏറ്റവും വലിയ ഭാഗ്യശാലി. എന്നിൽ പാപജന്യമായ ഏതെങ്കിലും താപം അറിഞ്ഞോ അറിയാതെയോ ബാക്കി കിടക്കുന്നുണ്ടെങ്കിൽ അതു ശമിപ്പിച്ച്, ഭക്തി ഉറപ്പിച്ചു തരണേ, ഗുരുവായൂരപ്പാ.

O

ദശകം 93

ഇരുപത്തിനാലു ഗുരുക്കന്മാർ

മൂലം – 1

ബന്ധുസ്നേഹം വിജഹ്യാം തവ ഹി കരുണയാ
ത്വയ്യുപാവേശിതാത്മാ
സർവ്വം ത്യക്ത്വാ ചരേയം സകലമപി ജഗ-
ദ്വീക്ഷ്യ മായാവിലാസം,
നാനാത്വാദ് ഭ്രാന്തിജന്യാത് സതി ഖലു ഗുണദോ-
ഷാവബോധേ വിധിർവ്വാ
വ്യാസേധോ വാ കഥം തൗ ത്വയി നിഹിതമതേർ-
വ്വീതവൈഷമ്യബുദ്ധേഃ

ഭാഷ

നിൻദയകൊണ്ടേൻ മമതകൾ നീങ്ങിയെ-
ന്നാത്മാവുനിന്നിലുറച്ചു നിർത്തി
സർവ്വം ത്യജിച്ചു ചരിക്കുവൻ ഞാനിനി,
സർവ്വ ജഗത്തും നിൻ മായയല്ലോ.
ഭ്രാന്തി ജന്യം വന്ന നാനാത്വബുദ്ധിയാൽ
നല്ലതു കെട്ടതുമെന്നബോധം
കൊള്ളാനും തള്ളാനുമേതുണ്ടു ദ്വൈതത്തിൻ
തള്ളലൊഴിഞ്ഞോനു ഹൃത്തടത്തിൽ?

അർത്ഥം : അവിടത്തെ ദയയാൽ മമതാബന്ധം നീങ്ങി, ആത്മാവ് നിന്നിൽമാത്രമുറച്ചു നിർത്തി, സർവ്വവും ത്യജിച്ച് ഞാൻ സഞ്ചരിക്കും. ഈ ലോകം നിന്റെ മായയാണ്. നല്ലത് കെട്ടത് എന്ന വിചാരം ഭ്രാന്തി ജന്യമായ നാനാത്വബുദ്ധിയുടെ ഫലമാണ്. ദ്വൈതത്തിന്റെ സമ്മർദ്ദം അകന്ന ചിത്തത്തിൽ തള്ളാനും കൊള്ളാനും എന്താണ് ബാക്കിയുള്ളത്?

മൂലം – 2

ക്ഷുത്തൃഷ്ണാലോപമാത്രേ സതതകൃതധിയോ
ജന്തവഃ സന്ത്യനന്താ-
സ്തേഭ്യോ വിജ്ഞാനവത്വാത് പുരുഷ ഇഹ വര-
സ്തജ്ജനിർദ്ദുർലഭൈവ!
തത്രാപ്യാത്മാത്മനഃ സ്യാത് സുഹൃദപി ച രിപുർ-
യസ്ത്വയി ന്യസ്തചേതാ-
സ്താപോച്ഛിത്തേരുപായം സ്മരതി സ ഹി സുഹൃത്
സ്വാത്മവൈരീ തതോഽന്യഃ.

ഭാഷ

ഉണ്ടസംഖ്യം ജന്തുജാലം പൈദാഹത്തി-
ന്നന്തമില്ലാ ബന്ധക്കെട്ടുകളിൽ
ബുദ്ധി, വിജ്ഞനദാഹത്തിനാൽ മാനവ-
ജന്തുജന്മം ശ്രേഷ്ഠ ദുർല്ലഭം താൻ
മർത്ത്യരിൽ താൻ താൻ തനിക്കു ശത്രു, മിത്രം
പാർത്തറിഞ്ഞീടണം മിത്രഭേദം
നിന്നിലുറച്ച സദ്ഭക്തിഭാവത്തോടെ
താപത്രയശമോപായമേകും
മാനുഷൻ മിത്ര; മല്ലാത്തവൻ വൈരിയും
മാനവരെല്ലാമറിഞ്ഞിടേണം.

അർത്ഥം : ഭൂമിയിൽ വിശപ്പും ദാഹവുമുണ്ടാക്കുന്ന അനന്തമായ ബന്ധങ്ങളുടെ കുരുക്കിൽ വലയുന്ന കോടിക്കണക്കിന് (അസംഖ്യം) ജന്തുജാലമുണ്ട്. അവയിൽ വെച്ച് ബുദ്ധിയും വിജ്ഞാനദാഹവുമുള്ള മനുഷ്യജന്തുവിന്റെ ശ്രേഷ്ഠജന്മം കിട്ടുന്നത് ദുർല്ലഭമാണ്. അതിൽത്തന്നെ, അവനവൻ തന്നെ അവനവന് ബന്ധുവായും ശത്രുവായും തീരാം. ആരാണോ ഭഗവാനിൽ ഭക്തി ഉറപ്പിച്ച് താപത്രയ ശമത്തിനു വഴി തിരയുന്നത് (കാട്ടിത്തരുന്നത്) അവൻ ബന്ധു അല്ലാത്തവൻ ശത്രു എന്നറിയണം.

മൂലം – 3

ത്വത്കാരുണ്യേ പ്രവൃത്തേ ക ഇവ നഹി ഗുരുർ-
ലോകവൃത്തേഽപി ഭൂമൻ!
സർവ്വാക്രാന്താപി ഭൂമിർന്നഹി ചലതി തതഃ
സത്ക്ഷമാം ശിക്ഷയേയം,
ഗൃഹ്ണീയാമീശ, തത്തദ്വിഷയപരിചയേഽ-
പ്യപ്രസക്തിം സമീരാ-
ദ്വ്യാപ്തത്വം ചാത്മനോ മേ ഗഗനഗുരുവരാദ്-
ഭാതു നിർലേപതാ ച.

ഭാഷ

നിൻദയയുണ്ടെങ്കിലീ ലോകവൃത്തത്തി-
ലാരാരില്ലാ ഗുരുവല്ലാതിപ്പോൾ
സർവ്വമാക്രാന്തമായാലും ചലിക്കാത്ത
ഭൂമിയിൽ നിന്നുക്ഷമ പഠിക്കാം
സർവ്വവിഷയ സംഗത്തിലുമൊന്നിലും
സംഗമില്ലന്നല്ലേ വായു ചൊൽവൂ
ആത്മാവു വ്യാപ്തമെന്നാലുമശേഷവും
ലോപമില്ലെന്നനന്താകാശവും.

അർത്ഥം : നിന്റെ ദയയുണ്ടെങ്കിൽ ഈ ലോകത്തിൽ ആരാണ് ഗുരുവല്ലാത്തത്? എപ്പോഴും എല്ലാവരാലും ആക്രമിക്കപ്പെട്ടിട്ടും 'ക്ഷമ' യോടിരിക്കണമെന്ന് ഭൂമി പഠിപ്പിക്കുന്നു. സർവ്വ വിഷയവുമായും സംഗമുണ്ടെങ്കിലും ഒന്നിലും സംഗമില്ല എന്ന് സംഗരാഹിത്യം വായു പഠിപ്പിക്കുന്നു. സർവ്വവ്യാപിയായിട്ടും ഒട്ടും ലോപിക്കാത്ത ആകാശം അനന്തതയെ പഠിപ്പിക്കുന്നു.

മൂലം – 4

സ്വച്ഛഃ സ്യാം പാവനോഽഹം മധുര ഉദകവ-
ദ്വഹ്നിവന്മാ സ്മ ഗൃഹ്ണാം
സർവാന്നീനോഽപി ദോഷം തരുഷു തമിവ മാം
സർവഭൂതേഷ്വവേയാം,
പുഷ്ടിർന്നഷ്ടിഃ കലാനാം ശശിന ഇവ തനോർ-
ന്നാത്മനോസ്തീതി വിദ്യാം
തോയാദിവ്യസ്തമാർത്താണ്ഡവദപി ച തനു-
ഷ്വേകതാം ത്വത്പ്രസാദാത്.

ഭാഷ

സ്വച്ഛമൊഴുകിയഴുക്കകറ്റീടുന്ന
മാധുര്യമേറും ജലത്തെപ്പോലെ,
എന്തശിച്ചാലും ദഹിപ്പിച്ചു, മന്നത്തിൻ
ദോഷമേൽക്കാതെയുമഗ്നിപോലെ
നാനാതരുക്കളിൽക്കേറുന്ന തീപോലെ
ഭൂതത്തിലേതിലുമെന്നെക്കാണാം
വൃദ്ധിക്ഷയം ചന്ദ്രനെന്നപോൽ ദേഹത്തി,-
നാത്മാവിനില്ലെന്നറിഞ്ഞുകൊള്ളാം
പാത്രജലത്തിലെ സൂര്യബിംബംപോലെ
നാനാതനുക്കളിലാത്മനെന്നും
നിൻപ്രസാദത്താലറിഞ്ഞു ഞാനദ്വൈത-
തന്മയനായിക്കഴിഞ്ഞുകൂടാം.

അർത്ഥം : സ്വച്ഛമായി ഒഴുകി, അഴുക്കെല്ലാം കഴുകിക്കളഞ്ഞ്, മധുരരസത്തോടെ ജലം പോലെയും, എന്തു തിന്നാലും ദഹിപ്പിച്ചും അന്ന

ത്തിന്റെ ദോഷം തന്നിലേൽക്കാതെയും അഗ്നിപോലെയും ഞാനിരിക്കാം. എല്ലാവിധ മരത്തിലും തീ ഇരിക്കുന്നപോലെ എല്ലാ ഭൂതത്തിലുമിരി ക്കുന്നത് "ഞാനാ"ണെന്നറിയാം. വൃദ്ധിക്ഷയം ചന്ദ്രനെന്നപോലെ ദേഹത്തിനേ ഉള്ളൂ, ആത്മാവിനില്ല എന്നും ആത്മാവ് ജലപാത്രത്തിലെ ജലത്തിൽ സൂര്യബിംബം പോലെ എല്ലാശീരീരികളിലുമുണ്ടെന്നും അറിയാം. ഇപ്രകാരം അവിടുത്തെ പ്രസാദത്താലറിഞ്ഞ അദ്വൈത തന്മയതയിൽ ഞാൻ കഴിഞ്ഞുകൂടാം.

മൂലം – 5

സ്നേഹാദ്വ്യാധാസ്തപുത്രപ്രണയമൃതകപോ-
തായിതോ മാ സ്മ ഭൂവം
പ്രാപ്തം പ്രാശ്നൻ സഹേയ ക്ഷുധമപി ശയുവത്
സിന്ധുവത്സ്യാമഗാധഃ,
മാ പപ്തം യോഷിദാദൗ ശിഖിനി ശലഭവത്
ഭൃംഗവത് സാരഭാഗീ
ഭൂയാസം കിന്തു തദ്വധനചയനവശാ-
ന്മാഹമീശ! പ്രണേശം.

ഭാഷ

പുത്രപ്രണയത്താൽ കാട്ടാളൻതൻവല
തന്നിൽച്ചാടിച്ചത്തപ്രാവുപോലെ
തീയിൽ ശലഭം പോലാകരുതേ ധനം
കാമിനിമാരിൽ മമതയാലെ!
വല്ലതും കിട്ടിയാൽ തിന്നു, മല്ലെന്നാകിൽ
ഇല്ല, പെരുമ്പാമ്പിൻ ചര്യ വേണം
സിന്ധുവിന്നാഴവും ഭൃംഗത്തെപ്പോൽ സാര-
സത്തു ഭുജിക്കലും വേണമെന്നിൽ
സ്വത്തുരുക്കൂട്ടുവാനാശിച്ചു നാശത്തിൻ
ഗർത്തത്തിൽ വീഴരുതൊന്നുകൊണ്ടും

അർത്ഥം : പുത്ര സ്നേഹത്താൽ കാട്ടാളൻ വിരിച്ച വലയിൽ ചാടിച്ചത്ത പ്രാവുപോലെയും, തീയിൽ ചാടിയ പാറ്റപോലെയും ധനത്തിലും കാമി നിയിലും സംസാരത്തിലുമുള്ള മമതയാൽ ഞാൻ ആയിപ്പോകരുത്. എന്തെങ്കിലും കിട്ടിയാൽ തിന്നും, ഇല്ലെങ്കിൽ വിശപ്പു സഹിച്ചു കിടക്കും എന്ന പെരുമ്പാമ്പിന്റെ വ്രതം കിട്ടണം. കടലിന്റെ ആഴവും വണ്ടിന്റെ സാരസത്തു മാത്രം ഭുജിക്കലും എനിയ്ക്ക് ഉണ്ടാവണം. സ്വത്ത് ഉരു കൂട്ടിവെക്കാനാശിച്ച് നാശഗർത്തത്തിൽ ഞാൻ വീഴരുത്.

മൂലം – 6

മാ ബദ്ധ്യാസം തരുണ്യാ ഗജ ഇവ വശയാ
നാർജ്ജയേയം ധനൗഘം
ഹർത്താന്യസ്തം ഹി മാധ്വീഹര ഇവ മൃഗവ-
ന്മാ മുഹം ഗ്രാമ്യഗീതൈഃ.
നാത്യാസജ്ജേയ ഭോജ്യേ ഝഷ ഇവ ബഡിശേ,
പിംഗളാവന്നിരാശഃ
സുപ്യാം ഭർത്തവ്യയോഗാത് കുരര ഇവ വിഭോ!
സാമിഷോഽന്യൈർന്ന ഹന്യൈ.

ഭാഷ

കൊമ്പൻ പിടിയിൽപ്പോൽ പെണ്ണിലാകൃഷ്ടനായ്
ബന്ധനമീ ഞാൻ സഹിക്കരുതേ.
ആർജ്ജിക്കരുതു ധനം തേൻ പോൽ കള്ളന്മാ-
ർക്കായി ഹരിയ്ക്കാൻ കൊടുക്കുവാൻ ഞാൻ
ഗ്രാമ്യഗീതം കേട്ട മാൻപോലെപ്പഞ്ചാര-
വാക്കിനാലൊട്ടും മയങ്ങരുതേ
ചൂണ്ടലിൽ മീൻപോലെ നാവിന്നാസക്തിയാൽ
മണ്ടനായിട്ടു ഞാൻ വീഴരുതേ
പിംഗളയെപ്പോലെ വൈരാഗ്യം വന്നിട്ടു
നിശ്ചിന്തനായിക്കിടന്നുറങ്ങാം
മാംസം വിടാതെ പിടിച്ച കുരരിപോൽ
വസ്തു മോഹിച്ചന്യൻ കൊല്ലരുതേ.

അർത്ഥം : കൊമ്പനാന പിടിയാനയാലെന്നപോലെ സ്ത്രീകളാൽ ഞാൻ ബന്ധിക്കപ്പെടരുത്. കണക്കറ്റ പണം തേൻ പോലെ സമ്പാദിച്ചു വെച്ച് അത് മറ്റുള്ളവർ കൊണ്ടുപോകാനിടയാകരുത്. നാടൻ പാട്ട് കേട്ട മാൻപോലെ പഞ്ചാരവാക്കിൽ ഞാൻ മയങ്ങരുത്. ചൂണ്ടലിൽ മീൻ പോലെ, തിന്നാനുള്ളവയിൽ കൊതികൊണ്ട് ഞാൻ ആപത്തിൽ ചാരുത്. പിംഗളയെ പോലെ വൈരാഗ്യം വന്ന് നിശ്ചിന്തനായി ഞാൻ കിടന്നുറങ്ങണം. മാംസം കൊക്കിൽ നിന്ന് വിടാൻ കൂട്ടാക്കാത്ത കുരര പക്ഷിപോലെ വസ്തുക്കളെ മോഹിച്ച് കയ്യടക്കിവെച്ച് അന്യന്മാരാൽ വധിക്കപ്പെടാനിടയാവരുത്.

മൂലം – 7

വർത്തേയ ത്യക്തമാനഃ സുഖമതിശിശുവ-
ന്നിസ്സഹായശ്ചരേയം
കന്യായാ ഏകശേഷോ വലയ ഇവ വിഭോ!
വർജ്ജിതാന്യോന്യഘോഷഃ,

ത്വച്ചിത്തോ നാവബുദ്ധ്യൈ പരമിഷുകൃദിവ
ക്ഷ്മാഭൃദായാനഘോഷം
ഗേഹേഷ്വന്യപ്രണീതേഷ്വഹിരിവ നിവസാ-
ന്യുന്ദുരോർമ്മന്ദിരേഷു.

ഭാഷ

കുട്ടിപോൽ മാനമില്ലാതെസ്സുഖിതനായ്
വർത്തിയ്ക്കാം ഞാൻ നിഷ്ക്കളങ്കമായി
കന്യാകരത്തിലെയൊറ്റ വളപോലെ
ഘോഷമില്ലാതെ ഞാൻ ജീവിച്ചോളാം
അമ്പു നിർമ്മിക്കുമ്പോൾ ശില്പിയറിവീല
തമ്പ്രാനെഴുന്നള്ളും ആരവാരം
ചിത്തം സമാധിയിലേകാഗ്രമങ്ങയിൽ
നിർത്തി ഞാൻ ശില്പിപോൽ വർത്തിച്ചീടാം
ചുണ്ടെലിമാളത്തിൽ പാമ്പുപോൽ വാടക-
വീട്ടിൽ ഞാനിങ്ങനെ വാണുകൊള്ളാം.

അർത്ഥം : ദുരഭിമാനമില്ലാത്ത കുട്ടിയെപ്പോലെ നിഷ്ക്കളങ്കനും സുഖിതനുമായി ഞാൻ ജീവിക്കാം. കന്യകയുടെ കയ്യിലെ ഒറ്റവളപോലെ മറ്റുള്ളവരോട് കൂട്ടിമുട്ടി ഒച്ചപ്പാടുണ്ടാക്കാതെ, ഞാൻ ഒറ്റയ്ക്ക് ജീവിച്ചോളാം. അമ്പു നിർമ്മിക്കുന്ന ശില്പി, രാജാവിന്റെ എഴുന്നള്ളത്തിന്റെ ശബ്ദകോലാഹലമൊന്നും കേൾക്കാതെ ഏകാഗ്രചിത്തനായി തന്റെ ജോലി ചെയ്യുന്നു. അതുപോലെ ഈ ലോകത്തിന്റെ ഒച്ചപ്പാട് ശ്രദ്ധിക്കാതെ, ചിത്തം ഏകാഗ്രസമാധിയിൽ നിർത്തി നിന്നിൽ മാത്രം ലയിച്ചിരിക്കാം. ചുണ്ടെലി ഉണ്ടാക്കിയ മാളത്തിൽ സ്വന്തമായി വീടുണ്ടാക്കാത്ത പാമ്പ് താമസിക്കുന്നപോലെ, സ്വന്തം വീടില്ലാത്ത ഞാൻ അന്യനുണ്ടാക്കിയ വാടകവീട്ടിൽ കഴിഞ്ഞോളാം.

മൂലം – 8

ത്വയ്യേവ ത്വത്കൃതം ത്വം ക്ഷപയസി ജഗദി-
ത്യൂർണ്ണനാഭാത് പ്രതീയാം
ത്വച്ചിന്താ ത്വത്സ്വരൂപം കുരുത ഇതി ദൃഢം
ശിക്ഷയേ പേശകാരാത്,
വിഡ്ഭസ്മാത്മാ ച ദേഹോ ഭവതി ഗുരുവരോ
യോ വിവേകം വിരക്തിം
ധത്തേ സഞ്ചിന്ത്യമാനോ മമ തു ബഹുരുജാ-
പീഡിതോഽയം വിശേഷാത്!.

ഭാഷ

നീ രചിച്ചീടിന വിശ്വം നിന്നിൽ ലീന-
മെന്നു പഠിപ്പിച്ചു എട്ടുകാലി
നിൻ ചിന്ത, നിൻ രൂപധ്യാനസാരൂപ്യമെ-
ന്നല്ലോ വേട്ടാളൻ പഠിപ്പിക്കുന്നു.

ജന്മം മുതൽ മൃതിയോളം മലം, മൃത്യു
വന്നാലൊരു പിടി വെണ്ണീർ ദേഹം.
ഈ ദേഹമാകും ഗുരു തരുന്നു നമു-
ക്കെല്ലാം വിവേകം വിരക്തി താനും
രോഗത്താൽ പീഡിതമാകുമ്പോഴീദേഹം
വേഗം തരും നമുക്കീ വിവേകം.

അർത്ഥം : ഈശ്വരൻ സൃഷ്ടിച്ച ജഗത്ത് ഈശ്വരനിൽ ലയിക്കുന്നു എന്ന് വലകെട്ടുന്ന എട്ടുകാലിയും, ഈശ്വരചിന്തയും രൂപധ്യാനവും, സാരൂപ്യം തരുമെന്ന് വേട്ടാളനും പഠിപ്പിക്കുന്നു. ജനനം മുതൽ മരണം വരെ മലവും, മരിച്ചാൽ ഒരുപിടി ചാരവുമായ ഈ ശരീരത്തെപ്പോലെ വിവേകവും വിരക്തിയും തരുന്ന മറ്റൊരു ഗുരു ആരുണ്ട്? വിശേഷിച്ചും, രോഗപീഡിതമായ ശരീരം ഈ വിവേകജ്ഞാനം വേഗം തരും.

മൂലം - 9

ഹീഹീ മേ ദേഹമോഹം ത്യജ പവനപുരാ-
ധീശ! യത്പ്രേമഹേതോർ-
ഗേഹേ വിത്തേ കളത്രാദിഷു ച വിവശിതാ-
സ്ത്വത്പദം വിസ്മരന്തി,
സോഽയം വഹ്നേഃ ശുനോ വാ പരമിഹ പരതഃ
സാമ്പ്രതം ചാക്ഷികർണ്ണ-
ത്വഗ്ജിഹ്വാദ്യാ വികർഷന്ത്യവശമത ഇതഃ
കോഽപി ന ത്വത്പദാബ്ജേ!

ഭാഷ

ആശ്ചര്യം, ശ്രീ ഗുരുവായുപുരേശാ, നീ
ദേഹമോഹത്തെ ത്യജിപ്പിക്കുന്നു.
ദേഹപ്രേമത്താലെവിത്തംകളത്രവും
ഗേഹവും ചൊല്ലി വിവശരായി
നിൻചരണത്തെ മറക്കുന്നു മാനുഷ-
രാശ്ചര്യമെന്തിതിൻ മീതെയുള്ളു
ചത്താലിദ്ദേഹം ശുനകനും തീയിനും
ഭക്ഷിക്കാൻ മാത്രമുതകിടുന്നു.
കണ്ണു ചെവി ത്വഗ്രസനഘ്രാണേന്ദ്രിയം
നമ്മെ യവശരായാട്ടിടുന്നു
ഈ വിഷയാകർഷണത്താൽ നിൻ പാദത്തി-
ലാകൃഷ്ടരാവോർ വിരളമല്ലോ

അർത്ഥം : ദേഹപ്രേമത്താൽ മനുഷ്യർ ധനം, ഭാര്യ, വീട് എന്നിങ്ങനെ വിവശരായി അലഞ്ഞ് നിന്റെ പാദകമലത്തെ മറക്കുന്നു. ചത്താൽ ഈ ദേഹം നായക്കും തീയിനും തിന്നാനേ ഉള്ളൂ. ജീവിച്ചിരിക്കുമ്പോഴും വിഷയേന്ദ്രിയങ്ങൾ നമ്മെ അങ്ങോട്ടുമിങ്ങോട്ടും ആട്ടിവലയ്ക്കുന്നു.

ഈ വിഷയാകർഷണത്താൽ നിന്റെ പാദത്തിലാകർഷിതരാവുന്നവരുടെ എണ്ണം കുറവാണ്. (എന്നാലും ഗുരുവായൂരപ്പാ, നീ ഈ ദേഹമോഹത്തെ ത്യജിപ്പിക്കുന്നു എന്നത് ആശ്ചര്യം തന്നെ).

മൂലം – 10

ദുർവാരോ ദേഹമോഹോ യദി പുനരധുനാ
തർഹി നിഃശ്ശേഷരോഗാൻ
ഹൃത്വാ ഭക്തിം ദ്രഢിഷ്ഠാം കുരു തവ പദപ-
ങ്കേരുഹേ പങ്കജാക്ഷ!.
നൂനം നാനാഭവാന്തേ സമധിഗതമിമം
മുക്തിദം വിപ്രദേഹം
ക്ഷുദ്രേ ഹാ ഹന്ത! മാ മാ ക്ഷിപ വിഷയരസേ
പാഹി മാം മാരുതേശ!

ഭാഷ

ദേഹമോഹം ത്യജിച്ചീടുക ദുർവ്വാര-
മെങ്കിലും നിൻ പാദ പങ്കജത്തിൽ
ഭക്തിദൃഢമാക്കി നൽകണം, ജന്മങ്ങ-
ളൊട്ടേറെപ്പിന്നിട്ടു മുക്തിനേടാൻ
കിട്ടിയോരീ വിപ്രദേഹത്തെയിന്ദ്രിയ-
ക്ഷുദ്ര സുഖത്തിലേയ്ക്കുന്തരുതേ-
ശ്രീമാരുതേശാ നീ കാത്തീടുകെന്നെ നിൻ
ശ്രീമദ് പദാംബുജ ഭക്തിയോടെ

അർത്ഥം : ദേഹഗേഹം ത്യജിക്കാൻ വളരെ പ്രയാസമാണെങ്കിലും അവിടുത്തെ പാദാംബുജത്തിൽ ദൃഢഭക്തി തന്ന്, എന്നെ കാക്കണം. നിരവധി ജന്മങ്ങൾക്കുശേഷം, മുക്തി നേടാനായി ലഭിച്ച ഈ വിപ്രദേഹത്തെ ഇന്ദ്രിയജന്യമായ ക്ഷുദ്രസുഖങ്ങളിലേയ്ക്ക് ഉന്തിവിടരുതേ – ഗുരുവായൂരപ്പാ, എന്നെ നിന്റെ പാദാരവിന്ദങ്ങളിൽ ഭക്തിയോടുകൂടി പരിപാലിച്ചു കൊള്ളണേ.

O

ദശകം 94

തത്ത്വജ്ഞാനോത്പത്തി

മൂലം – 1

ശുദ്ധാ നിഷ്കാമധർമ്മൈഃ പ്രവരഗുരുഗിരാ
തത്സ്വരൂപം പരം തേ
ശുദ്ധം ദേഹേന്ദ്രിയാദിവ്യപഗതമഖില-
വ്യാപ്തമാവേദയന്തേ,
നാനാത്വസ്ഥൗല്യകാർശ്യാദി തു ഗുണജവപു-
സ്സംഗതോധ്യാസിതം തേ
വഹ്നേർദാരുപ്രഭേദേഷിവ മഹദണുതാ-
ദീപ്തതാശാന്തതാദി.

ഭാഷ

നിഷ്ക്കാമകർമ്മത്താൽ ശുദ്ധർ ഗുരുവാക്യ-
നിഷ്ഠർ നിൻ ശുദ്ധമാം ബ്രഹ്മരൂപം
ദേഹേന്ദ്രിയാതീതമായറിഞ്ഞിട്ടു നിർ-
ദോഷരായ് ബ്രഹ്മജ്ഞരായിടുന്നു
നാനാത്വ സ്ഥൗല്യകാർശ്യാദിഭാവം ഗുണ-
സംഗത്താലുണ്ടാവും തോന്നലെന്നും
അഗ്നിയ്ക്കണുത, ഗുരുത, ദീപ്തോജ്ജ്വല-
ഭാവഭേദം ദാരുഭേദമെന്നും
കേവലൻ നിന്നിലില്ലാ ദ്വൈതമെന്നറി-
ഞ്ഞായവർ നിസ്സംഗരായിരിപ്പൂ.

അർത്ഥം : നിഷ്ക്കാമകർമ്മത്താൽ ശുദ്ധരായവർ, ഗുരുവാക്യത്തിൽ ശ്രദ്ധാനിഷ്ഠകളോടെ അവിടുത്തെ ശുദ്ധബ്രഹ്മരൂപം ദേഹേന്ദ്രിയങ്ങൾക്ക് അതീതമെന്നറിഞ്ഞ് നിർദ്ദോഷരായി, ബ്രഹ്മജ്ഞരായിത്തീരുന്നു. നാനാത്വം, സ്ഥൗല്യം, കാർശ്യം മുതലായ ഭാവഭേദങ്ങൾ ഗുണസംഗത്താൽ ഉണ്ടാവുന്ന തോന്നലാണെന്നും അത് വിറകിന്റെ ഭേദത്താൽ അഗ്നിക്ക് അണുത്വം, ഗുരുത്വം, ദീപ്തി മുതലായ ഭാവഭേദം തോന്നുന്നതുപോലെയാണെന്നും, കേവലബ്രഹ്മത്തിൽ ദ്വൈതഭാവഭേദമില്ലെന്നും അറിഞ്ഞ് അവർ നിസ്സംഗരായിരിക്കുന്നു.

മൂലം – 2

ആചാര്യാഖ്യാധരസ്ഥാരണിസമനുമില-
ച്ഛിഷ്യരൂപോത്തരാര-
ണ്യാവേധോദ്ഭാസിതേന സ്ഫുടതരപരിബോ-
ധാഗ്നിനാ ദഹ്യമാനേ,

കർമ്മാളീവാസനാതത്കൃതതനുഭുവന-
ഭ്രാന്തികാന്താരപൂരേ
ദാഹ്യാഭാവേന വിദ്യാശിഖിനി ച വിരതേ
ത്വന്മയീ ഖലവസ്ഥാ.

ഭാഷ

ആചാര്യനാകുമധരാരണി, ശിഷ്യ-
നാകുന്ന ഉത്തരമാമരണി
മന്ഥനത്താൽ സ്ഫുടം ജ്ഞാനാഗ്നിയിൽ കർമ്മ-
ബന്ധനം, വാസന, ഭ്രാന്തിയെല്ലാം
കാടുപോൽവെന്തിട്ടു, ജ്ഞാനാഗ്നിയും കെട്ട
സച്ചിദാനന്ദമാം നിന്റെ ഭാവം

അർത്ഥം : ആചാര്യൻ താഴത്തെ അരണി, ശിഷ്യൻ മുകളിലെ അരണി. അവ കടഞ്ഞ് ജ്ഞാനാഗ്നി ഉണ്ടാവുന്നു. അതിൽ കർമ്മബന്ധം, കർമ്മ വാസനകൾ, ഭ്രാന്തികൾ എല്ലാം കാടുവെന്തെരിയും പോലെ ദഹിക്കുന്നു. കാടു നശിച്ചാൽ പിന്നെ അഗ്നി കെട്ടടങ്ങും. കർമ്മവാസന ശമിച്ചാൽ ജ്ഞാനാഗ്നിയും അടങ്ങും. ആ പ്രശാന്തമായ സച്ചിദാനന്ദാവസ്ഥയാണ് കേവല ബ്രഹ്മ ഭാവം.

മൂലം - 3

ഏവം ത്വത്പ്രാപ്തിതോഽന്യോ ന ഹി ഖലുനിഖില-
ക്ലേശഹാനേരുപായോ
നൈകാന്താത്യന്തികാസ്തേ കൃഷിവദഗദഷാഡ്-
ഗുണ്യഷട്കർമ്മയോഗാഃ,
ദുർവൈകല്യൈരകല്യാ അപി നിഗമപഥാ-
സ്തത്ഫലാന്യപ്യവാപ്താ-
മത്താസ്ത്വാം വിസ്മരന്തഃ പ്രസജതി പതനേ
യാന്ത്യനന്താൻ വിഷാദാൻ.

ഭാഷ

ത്വന്മയമാകാതെ സർവ്വദുഃഖങ്ങളും
ചിന്മയാ നീങ്ങുകയില്ലറിവൂ.
അംഗദഷാഡ്ഗുണ്യഷഡ്കർമ്മങ്ങൾ കൃഷി
പോലെയാത്യന്തികേകാന്തമല്ല
വൈദികമാർഗ്ഗവൈകല്യം ഫലംതരാ
തന്നാലും മത്തരായ് വിസ്മരിപ്പൂ,
നിൻസത്യരൂപം, പതനത്തിലായിരം
ദുഃഖം സഹിക്കണം മാനവന്മാർ

അർത്ഥം : ഭഗവാനിൽ തന്മയതവരാതെ സർവ്വ ദുഃഖവും നീങ്ങുകയില്ല. അഗദം (മന്ത്രം, രോഗനിവാരണമാർഗ്ഗം), ഷഡ്ഗുണം, ഷഡ്കർമ്മം,

യോഗം എന്നിവ ദുഃഖശമനം വരുത്തില്ല, പിന്നീട് വരാതാക്കുകയു മില്ല. അവ കൃഷിപോലെ നിരന്തരം ആവർത്തിക്കണം. വൈദിക മാർഗ്ഗ ത്തിൽ വൈകല്യമുണ്ട്. ഫലം കിട്ടിയെന്നുവരില്ല. കിട്ടിയാലും മത്തരായി ഭഗവദ്രൂപം വിസ്മരിച്ചേക്കാം. അങ്ങനെ അധഃപതിക്കുമ്പോൾ അസംഖ്യം ദുഃഖമുണ്ടാവും. അതിൽ വീണു മനുഷ്യർ കഷ്ടപ്പെടേണ്ടിവരുന്നു.

മൂലം – 4

ത്വല്ലോകാദന്യലോകഃ ക്വനു ഭയരഹിതോ
യത് പരാർദ്ധദ്വയാന്തേ
ത്വദ്ഭീതസ്സത്യലോകേഽപി ന സുഖവസതിഃ
പദ്മഭൂഃ പദ്മനാഭ!
ഏവംഭാവേഽപ്യധർമ്മാർജ്ജിതബഹുതമസാം
കാ കഥാ നാരകാണാം
തന്മേ ത്വം ഛിന്ധി ബന്ധം വരദ! കൃപണബ-
ന്ധോ! കൃപാപൂരസിന്ധോ!

ഭാഷ

ഏതുണ്ടഭയമാം ലോകം നിൻ വൈകുണ്ഠ-
ലോകമല്ലാതെ ശ്രീപത്മനാഭാ
രണ്ടു പരാർദ്ധാന്തമാകവെ ബ്രഹ്മാവും
ഇണ്ടലോടോർക്കുന്നു തന്റെയന്ത്യം
സത്യലോകത്തിനിതു ഗതിയെങ്കിലീ
സംസാര ലോകത്തിലെന്തു ചൊല്ലാൻ.
ദീനർക്കു ബന്ധുവായ് കാരുണ്യസിന്ധുവായ്
നീയെന്റെ ബന്ധുവായ് വാസുദേവാ
സംസാരബന്ധങ്ങളറ്റു പരബ്രഹ്മ-
സച്ചിദാനന്ദത്തിൻ സിന്ധുചേർക്കു.

അർത്ഥം : വൈകുണ്ഠമല്ലാതെ ഏതാണ് "അഭയ"മായ മറ്റൊരു ലോകം! ബ്രഹ്മാവുപോലും രണ്ടു പരാർദ്ധകാലം കഴിയുമ്പോൾ കാലസ്വരൂപ നായ അവിടത്തെ ഭയന്നാണ് ഇരിക്കുന്നത്. സത്യലോകത്തിന്റെ ഗതി അതാണെങ്കിൽ ഈ സംസാരി ലോകത്തിന്റെ സ്ഥിതി പറയാനുണ്ടോ? ദീനബന്ധുവും കരുണാസിന്ധുവുമായ നീ എനിക്കു ബന്ധുവായി നിന്ന് സംസാരബന്ധമറ്റ് പരബ്രഹ്മ സച്ചിദാനന്ദ സിന്ധുവിൽ ചേർക്കാൻ സഹായിക്കണം.

മൂലം – 5

യാഥാർത്ഥ്യാത് ത്വന്മയസ്യൈവ ഹി മമ ന വിഭോ!
വസ്തുതോ ബന്ധമോക്ഷൗ
മായാവിദ്യാതനുഭ്യാം തവ തു വിരചിതൗ
സ്വപ്നബോധോപമൗ തൗ,
ബദ്ധേ ജീവദ്വിമുക്തിം ഗതവതി ച ഭിദാ
താവതീ താവദേകോ
ഭുങ്ക്തേ ദേഹദ്രുമസ്ഥോ വിഷയഫലരസാൻ
നാപരോ നിർവ്യഥാത്മാ.

ഭാഷ

ഞാൻ നീ, യെനിക്കില്ല ബന്ധമോക്ഷം, മായാ
സങ്കല്പമുണ്ടെന്ന തോന്നലെല്ലാം
സുപ്തനും ബുദ്ധനും തമ്മിലെ ഭേദം താൻ
ബദ്ധനും മുക്തനും തമ്മിലുള്ളു
ദ്വൈതമുണ്ടെന്ന തോന്നൽ സ്വപ്നം, ഇല്ലെന്ന
തോന്നൽ താൻ ബോധിച്ചറിഞ്ഞിടുന്നു.
ബദ്ധനീദേഹദ്രുമത്തിലിരുന്നിട്ടു
തിന്നുന്നു കയ്പു മധുരക്കനി
മുക്തനോ ആത്മരാമൻ നിർവ്യഥൻ രസ-
മാസ്വദിയ്ക്കായ്കയാൽ ബദ്ധനല്ല

അർത്ഥം : ഞാൻ നീ തന്നെയാകയാൽ എനിക്ക് ബന്ധവും മോക്ഷവുമില്ല. ഉണ്ട് എന്ന തോന്നൽ മായാസങ്കല്പമാണ്. ഉറങ്ങുന്നവനും ബോധി കിട്ടിയവനും തമ്മിലുള്ള ഭേദമാണ് ബദ്ധനും മുക്തനും തമ്മിലുള്ളത്. ദ്വൈതമുണ്ടെന്ന തോന്നലാണ് സ്വപ്നം. ദ്വൈതമില്ല എന്ന തോന്നലാണ് ബോധി. ബദ്ധൻ ദേഹമാകുന്ന മരത്തിലിരുന്ന് കയ്പും മധുരവുമുള്ള പഴങ്ങൾ രുചിച്ച് നോക്കുന്നു. മുക്തനാകട്ടെ, ആ പഴം രുചിച്ചു നോക്കാതെ ആത്മാരാമനായി, ദുഃഖരഹിതനായിരിക്കയാണ്.

മൂലം – 6

ജീവന്മുക്തത്വമേവംവിധമിതി വചസാ
കിം ഫലം ദൂരദൂരേ
തന്നാമാശുദ്ധബുദ്ധേർന്ന ച ലഘു മനസഃ
ശോധനം ഭക്തിതോഽന്യത്,
തന്മേ വിഷ്ണോ! കൃഷീഷ്ഠാസ്ത്വയി കൃതസകല-
പ്രാർപ്പണം ഭക്തിഭാരം
യേന സ്യാം മങ്ക്ഷു കിഞ്ചിദ്ഗുരുവചനമിള-
ത്ത്വത്പ്രബോധസ്ത്വദാത്മാ.

ഭാഷ

നിർവ്വചിച്ചിട്ടെന്തു കാര്യമാമുക്തിയെ
നന്നായനുഭവിച്ചില്ലയെങ്കിൽ
ബുദ്ധിയശുദ്ധമെന്നാലാസുഖം ദൂരെ
ഭക്തിയല്ലാതേതു നൽകും ശുദ്ധി
നിന്നിൽ സർവ്വാർപ്പണം ചെയ്യും ദൃഢഭക്തി
തന്നരുളേണമെനിക്കു കൃഷ്ണാ
ഭക്തിയാൽ ശുദ്ധനായ് സദ്ഗുരുവാക്യത്താൽ
തത്പ്രബോധം വന്നു മുക്തനാം ഞാൻ

അർത്ഥം : മുക്തിയെ നിർവ്വചിച്ചിട്ട് എന്താ കാര്യം? അതിനെ (ജീവന്മുക്തി) അനുഭവിക്കാനായില്ലെങ്കിൽ നിർവ്വചനംകൊണ്ട് കാര്യമില്ല. ബുദ്ധി അശുദ്ധമായവർക്ക് ജീവന്മുക്തിയുടെ സുഖം വളരെ അകലെയാണ്. ശുദ്ധികിട്ടാൻ ഭക്തിയല്ലാതെ എന്താണ് വഴി? നിന്നിൽ സർവ്വവും അർപ്പണം ചെയ്യുന്ന ദൃഢഭക്തി എനിയ്ക്ക് ഉണ്ടാവണേ. ഭക്തികൊണ്ട് ശുദ്ധനായി, സദ്ഗുരുവാക്യത്താൽ ജ്ഞാനപ്രബോധം വന്ന് ഞാൻ മുക്തയായിത്തീരും.

മൂലം – 7

ശബ്ദബ്രഹ്മണ്യപീഹ പ്രയതിതമനസ-
സ്ത്വാം ന ജാനന്തി കേചിത്
കഷ്ടം വന്ധ്യശ്രമാസ്തേ ചിരതരമിഹ ഗാം
ബിഭ്രതേ നിഷ്പ്രസൂതിം,
യസ്യാം വിശ്വാഭിരാമാഃ സകലമലഹരാ
ദിവ്യലീലാവതാരാഃ
സച്ചിത്സാന്ദ്രം ച രൂപം തവ ന നിഗദിതം
താം ന വാചം ഭ്രിയാസം.

ഭാഷ

വേദവിചക്ഷണർ പണ്ഡിതരുണ്ടേറെ
നാദബ്രഹ്മത്തിൽ മനസ്സുവെപ്പോർ
നിന്നെയറിയാതെ വന്ധ്യയാം ധേനുവെ
നന്നായ് വളർത്തുന്ന മൂഢരെപ്പോൽ
ഭക്തിയും ജ്ഞാനവുമേകാത്ത ശാസ്ത്രോക്തി
മച്ചിപ്പശുവിനു തുല്യമത്രെ.
ഏതു വചസ്സിൽ നിൻ വിശ്വാഭിരാമമാം
ദിവ്യലീലാവതാരങ്ങളില്ലാ,
നാമങ്ങളില്ലാ, ചിദാനന്ദസാന്ദ്രമാം
രൂപമില്ലാവാക്കു കേൾക്കൊല്ല, ഞാൻ.

അർത്ഥം : നാദബ്രഹ്മത്തിൽ മനസ്സുവെച്ച വേദവിചക്ഷണന്മാരായ പണ്ഡിതന്മാർ അനേകമുണ്ട്. ഭക്തിയും ജ്ഞാനവും തരാത്ത ശാസ്ത്ര

വചനം മച്ചിപ്പശുവിനു സദൃശമാണ്. അത്തരം ശാസ്ത്രവാക്കിനെ, ഭഗവാനെ അറിയാതെ, വന്ധ്യയായ ധേനുവിനെ പോറ്റുന്നപോലെ പണ്ഡിതന്മാർ കൊണ്ടുനടക്കുന്നു. ഏതൊരു വാക്കിൽ നിന്റെ വിശ്വാഭിരാമമായ ദിവ്യലീലാവതാരങ്ങളില്ലയോ, നിന്റെ നാമങ്ങളില്ലയോ, നിന്റെ ചിദാനന്ദസാന്ദ്രമായ രൂപമില്ലയോ അത്തരം ശാസ്ത്രവാക്ക് ഈശ്വരാ, ഞാൻ ഒരിക്കലും കേൾക്കരുതേ.

മൂലം - 8

യോ യാവാൻ യാദൃശോ വാ ത്വമിതി കിമപി നൈ-
വാവഗച്ഛാമി ഭൂമ-
ന്നേവഞ്ചാനന്യഭാവസ്ത്വദനുഭജനമേ-
വാദ്രിയേ ചൈദ്യവൈരിൻ!,
ത്വല്ലിംഗാനാം ത്വദംഘ്രിപ്രിയജനസദസാം
ദർശനസ്പർശനാദിർ
ഭൂയാന്മേ ത്വത്പ്രപൂജാനതിനുതിഗുണക-
ർമ്മാനുകീർത്ത്യാദരോഽപി.

ഭാഷ

പാമര ഞാനറിവീല നിൻ രൂപം, വി-
ഭൂതി, മാഹാത്മ്യവും തത്വമൊന്നും
എന്നാലനന്യഭാവത്തിൽ ഭജിപ്പൂ ഞാൻ
നിന്നെമാത്രം, എന്നും നിന്നെ മാത്രം
നിൻബിംബം, നിൻപാദദാസ സദസ്സുകൾ,
ദർശനം, സ്പർശനം, പൂജ, സ്തോത്രം
നിത്യനമസ്കാരം, സങ്കീർത്തനമിതിൽ
നിത്യം ഞാൻ സാദരമാമോദിപ്പൂ.

അർത്ഥം : ഞാൻ പാമരയാണ്. നിന്റെ രൂപമോ വിഭൂതികളോ മഹാത്മ്യമോ തത്വമോ എനിയ്ക്കറിയില്ല. എന്നാലും എന്നും അനന്യഭാവത്തിൽ ഞാൻ നിന്നെ ഭജിക്കുന്നു. നിന്റെ വിഗ്രഹം, നിന്റെ പാദദാസരായ ഭക്തരുടെ സദസ്സുകൾ, നിന്റെ സ്പർശന ദർശനം, പൂജാ, സ്തോത്രാദികൾ, നിത്യ നമസ്ക്കാരം, സങ്കീർത്തനം ഇവയിലെല്ലാം എന്നും ആദരപൂർവ്വം ഞാൻ ആമോദിക്കുന്നു.

മൂലം - 9

യദ്യല്ലഭ്യേത തത്തത് തവ സമുപഹൃതം
ദേവ! ദാസോഽസ്മി തേഽഹം
ത്വദ്ഗേഹോന്മാർജ്ജനാദ്യം ഭവതു മമ മുഹുഃ
കർമ്മ നിർമ്മായമേവ,

സൂര്യാഗ്നിബ്രാഹ്മണാത്മാദിഷു ലസിതചതുർ-
ബാഹുമാരാധയേ ത്വാം
ത്വത്പ്രേമാർദ്രത്വരൂപോ മമ സതതമഭി-
ഷ്യന്ദതാം ഭക്തിയോഗഃ.

ഭാഷ

ഞാൻ നിന്റെ ദാസി, യെന്താകിലും കിട്ടിയ-
താകെ നിനക്കു സമർപ്പിക്കുന്നു
അമ്പലം തൂക്കാനും കൈങ്കര്യം ചെയ്യാനും
ആലസ്യം തോന്നരുതെന്മനസ്സിൽ
സൂര്യാഗ്നി ബ്രാഹ്മണാത്മാക്കളിൽ നാലു തൃ-
ക്കയ്യോടെ നിന്നെ ഞാനാരാധിപ്പൂ
നിന്നലനുരാഗമേറിയിട്ടാർദ്രമാം
മന്ദാകിനിപോലെ ഭക്തിയോഗം
എന്നിലനുക്ഷണം പൊങ്ങിപ്പരക്കുന്നു
നിന്നിലേക്കെന്നു മൊഴുകിടുന്നു.

അർത്ഥം : ഞാൻ അവിടുത്തെ ദാസിയാണ്. എനിയ്ക്കെന്തു ലഭിച്ചാലും അത് അങ്ങേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ ക്ഷേത്രം വൃത്തിയാക്കാനും കൈങ്കര്യം ചെയ്യാനും എനിയ്ക്ക് മടി തോന്നരുത്. സൂര്യൻ, അഗ്നി, ബ്രാഹ്മണൻ, ആത്മാവ് ഇവയിലെല്ലാം നിന്റെ ചതുർഭുജരൂപത്തെ ഞാനാരാധിക്കുന്നു. നിന്നിൽ അനുരാഗം വർദ്ധിച്ച്, ആർദ്രമായ ഗംഗാനദിപോലെ ഭക്തിയോഗം എന്നിൽ അനുനിമിഷം പൊങ്ങിപ്പരക്കുന്നു, നിന്നിലേക്കു മാത്രമൊഴുകുന്നു.

മൂലം – 10

ഐക്യം തേ ദാനഹോമവ്രതനിയമതപ-
സ്സാംഖ്യയോഗൈർദുരാപം
ത്വത്സംഗേനൈവ ഗോപ്യഃ കില സുകൃതിതമാഃ
പ്രാപുരാനന്ദസാന്ദ്രം,
ഭക്തേഷ്വന്യേഷു ഭൂയസ്സ്വപി ബഹുമനുഷേ
ഭക്തിമേവ ത്വമാസാം
തന്മേ ത്വത്ഭക്തിമേവ ദ്രഢയ ഹര ഗദാൻ
കൃഷ്ണ! വാതാലയേശ!

ഭാഷ

ദാനം, ഹോമ, വ്രത, യോഗ നിയമങ്ങൾ
സാംഖ്യം സായൂജ്യം തരില്ലെളുപ്പം
ഏറ്റം സുകൃതികൾ ഗോപികൾ നിൻ സംഗ-
മൊന്നാലെ സാന്ദ്രാനന്ദം രുചിച്ചു
അന്യഭക്തന്മാരനവധിയെന്നാൽ നീ-
യെന്നുമാ ഗോപികാഭക്തദാസൻ
നിന്നിലുറച്ച പരമാനുരാഗത്തെ-
ത്തന്നകറ്റീടുകെൻ രോഗമെല്ലാം.

അർത്ഥം : ദാനം, ഹോമം, വ്രതം, യോഗം, സാംഖ്യം ഇവകൊണ്ടൊന്നും നിന്നിൽ ഐക്യം പ്രാപിച്ച് സായൂജ്യം ലഭിക്കുക എളുപ്പമല്ല. എന്നാൽ ഗോപികളാവട്ടെ ഏറ്റവും സുകൃതികളാണ്. അനുരാഗത്തോടെ നിന്നിൽ സംഗം ഒന്നുകൊണ്ടുതന്നെ അവർ സായൂജ്യത്തിന്റെ സാന്ദ്രാനന്ദം ആസ്വദിച്ചു. അനേകം ഭക്തന്മാരുണ്ടെങ്കിലും നീ ആ ഗോപികമാരുടെ പ്രേമഭക്തിയുടെ ദാസനായിരിക്കുന്നതും അതുകൊണ്ടു തന്നെ. നിന്നിൽ ഉറച്ച പരമമായ അനുരാഗത്തെ തന്ന്, എന്റെ രോഗമെല്ലാം അകറ്റണേ, കൃഷ്ണാ, ഗുരുവായൂരപ്പാ!

O

ദശകം 95

ധ്യാനയോഗം

മൂലം - 1

ആദൗ ഹൈരണ്യഗർഭീം തനുമവികലജീ-
വാത്മികാമാസ്ഥിതസ്ത്വം
ജീവത്വം പ്രാപ്യ മായാഗുണഗണഖചിതോ
വർത്തസേ വിശ്വയോനേ!,
തത്രോദ്വൃദ്ധേന സത്ത്വേന തു ഗുണയുഗളം
ഭക്തിഭാവം ഗതേന
ഛിത്വാ സത്ത്വം ച ഹിത്വാ പുനരനുപഹിതോ
വർത്തിതാഹേ ത്വമേവ.

ഭാഷ

നീ വിശ്വയോനേ, പണ്ടാദിയിൽ ഹൈരണ്യ-
ഗർഭം തനു വാർന്നു ജീവനായി-
മായാത്രി ഗുണത്തിലേറ്റമുത്കൃഷ്ടമാം
പ്രേമമരുളുന്ന സാത്വികത്താൽ
മറ്റു രണ്ടും, പിന്നെ സത്വവും നീക്കീട്ടു
നിർഗുണനായ് നിരുപാധികമായ്
നീ തന്നെയായി ഞാൻ മാറും പരിപൂർണ്ണ-
മായ സുധാ സിന്ധുവിൽ ലയിക്കും.

അർത്ഥം : നീ വിശ്വത്തിന്റെ കാരണമാണ്. ആദിയിൽ നീ ഹിരണ്യ ഗർഭശരീരമെടുത്ത് ജീവനായി. മായയുടെ ത്രിഗുണങ്ങളിൽ ഏറ്റവും ഉത്കൃഷ്ടവും, പ്രേമഭക്തിയോഗം തരുന്നതുമായ സാത്വിക ഗുണ ത്താൽ രജസ്സും തമസ്സും നീക്കി, പിന്നെ സത്വഗുണവും നീക്കി നിർ ഗുണവും നിരുപാധികവുമായി. ഞാനും അതുപോലെ നിർഗുണമായി, നീയായി മാറും, പരിപൂർണ്ണമായ സുധാസിന്ധുവിൽ ലയിക്കും.

മൂലം - 2

സത്ത്വോന്മേഷാത് കദാചിത് ഖലു വിഷയരസേ
ദോഷബോധേഽപി ഭൂമൻ!
ഭൂയോഽപ്യേഷു പ്രവൃത്തിഃ സതമസി രജസി
പ്രോദ്ധതേ ദുർന്നിവാരാ,
ചിത്തം താവദ് ഗുണാശ്ച ഗ്രഥിതമിഹ മിഥ-
സ്താനി സർവ്വാണി രോദ്ധും
തുര്യേ ത്വയ്യേകഭക്തിഃ ശരണമിതി ഭവാൻ
ഹംസരൂപീ ന്യഗാദീത്.

ഭാഷ

സത്വോന്മേഷത്താൽ വിഷയദോഷങ്ങൾ തൻ
ബോധം ജനിച്ചാലും, രാജസവും
താമസവും കൂടിച്ചേർന്നു വിഷയത്തിൽ
വീണ്ടും വരുന്നൂ മനുഷ്യനാശ
ചിത്തഗുണത്തോടു ബന്ധം, തടയുവാൻ
ഭക്തിയല്ലാതെ തുണയേതുള്ളു
ഏകാന്തഭക്തിതുരീയത്തിൽ വേണമെ-
ന്നോതി ഭവാൻ ഹംസരൂപിയായി.

അർത്ഥം : സത്വഗുണത്തിന്റെ ഉന്മേഷത്താൽ വിഷയാസക്തിയുടെ ദോഷം മനസ്സിലായാലും, രാജസതാമസങ്ങൾ വർദ്ധിക്കുമ്പോൾ വിഷയാസക്തി വീണ്ടും ജനിക്കുന്നതാണ് മനുഷ്യസ്വഭാവം. ചിത്തം ത്രിഗുണത്തോട് ബന്ധിച്ചിരിക്കയാണ്. അതിന്റെ പ്രവർത്തനം തടയാൻ ഭക്തി മാത്രമെ ശരണമായുള്ളു. ഹംസരൂപമെടുത്ത് ഭഗവാൻ പറയുകയുണ്ടായി. ഏകാന്തഭക്തി തുരീയത്തിൽ ഉണ്ടായിരിക്കേണ്ടതാണെന്ന്.

മൂലം - 3

സന്തി ശ്രേയാംസി ഭൂയാംസ്യപി രുചിഭിദയാ
കർമ്മിണാം നിർമ്മിതാനി
ക്ഷുദ്രാനന്ദാശ്ച സാന്താ ബഹുവിധഗതയഃ
കൃഷ്ണ! തേഭ്യോ ഭവേയുഃ
ത്വം ചാചഖ്യാഥ സഖ്യേ നനു മഹിതതമാം
ശ്രേയസാം ഭക്തിമേകാം
ത്വത്ഭക്ത്യാനന്ദതുല്യഃ ഖലു വിഷയജുഷാം
സമ്മദഃ കേന വാ സ്യാത്.

ഭാഷ

കർമ്മയോഗത്തിൻ രുചിഭേദത്താലേറെ
നിർമ്മിച്ചു മാർഗ്ഗങ്ങൾ ഉദ്ഗതിക്കായ്
ക്ഷുദ്രമാമാനന്ദം, സാന്തം ഗതികളും
മാത്രം തരുമവ, ഭദ്രമല്ല.

ശ്രേയസ്സിനേറ്റം മഹിതമാം ഭക്തിയെ-
ന്നായി നീ യുദ്ധവനോതിവാക്യം
നിൻ പരാഭക്തി തരും പരമാനന്ദ-
മെങ്ങനെ വൈഷയികർക്കറിയും

അർത്ഥം : കർമ്മയോഗികൾ അവരുടെ രുചിഭേദങ്ങളാൽ ഉദ്ഗതിയ്ക്കുള്ള അനേകവിധ മാർഗ്ഗങ്ങളുണ്ടാക്കി. എന്നാൽ അവ ക്ഷുദ്രമായ നൈമിഷികാനന്ദമേ തരൂ, ഉദ്ഗതി ശാശ്വതവുമല്ല. അതിനാൽ ആ കർമ്മ മാർഗ്ഗങ്ങൾ ഭദ്രമല്ല. ശ്രേയസ്സിന് ഏറ്റവും മഹീതമായത് ഭക്തി തന്നെയാണെന്നാണ് കൃഷ്ണൻ ഉദ്ധവരെ ഉപദേശിച്ചത്. ഈശ്വരനിലുള്ള പരാഭക്തി തരുന്ന പരമാനന്ദം, അതനുഭവിക്കാത്ത വിഷയസുഖേച്ഛുക്കൾക്ക് എങ്ങനെ അറിയാനാവും.

മൂലം – 4

ത്വദ്ഭക്ത്യാ തുഷ്ടബുദ്ധേഃ സുഖമിഹ ചരതോ
വിച്യുതാശസ്യ ചാശാഃ
സർവ്വാസ്സ്യുഃ സൗഖ്യമയ്യഃ സലിലകുഹരഗ-
സ്യേവ തോയൈകമയ്യഃ,
സോഽയം ഖല്വിന്ദ്രലോകം കമലജഭവനം
യോഗസിദ്ധീശ്ച ഹൃദ്യാ
നാകാംക്ഷത്യേതദാസ്താം സ്വയമനുപതിതേ
മോക്ഷസൗഖ്യേഽപ്യനീഹഃ.

ഭാഷ

നിൻഭക്തിയാലെ സന്തുഷ്ടനായ് നിസ്പൃഹം
സൗഖ്യം ചരിക്കുന്നവർക്കു മാത്രം
ദിക്കുവിദിക്കെല്ലാമാനന്ദം വെള്ളത്തിൽ
മുങ്ങിയോനെങ്ങെങ്ങും വെള്ളംപോലെ
ഭക്തനില്ലാശയാ സ്വർഗ്ഗവും യോഗത്തിൽ
സിദ്ധിയും സത്യലോകങ്ങളൊന്നും
താനായ് ലഭിക്കുന്ന മോക്ഷസുഖത്തിലു-
മാ, മാനവന്നില്ല തെല്ലുമാശ.

അർത്ഥം : നിന്റെ ഭക്തികൊണ്ട് സന്തുഷ്ടനായി, ആശകളില്ലാതെ, സുഖമായി സഞ്ചരിക്കുന്നവർക്ക് ദിക്കു വിദിക്കിലെല്ലാം ആനന്ദം മാത്രം! വെള്ളത്തിൽ മുങ്ങിയവന് ചുറ്റും വെള്ളം തന്നെ കാണുന്ന പോലെ! ആ ഭക്തന് സ്വർഗ്ഗത്തിലോ യോഗസിദ്ധിയിലോ സത്യലോകത്തിലോ ആശയില്ല. തന്നത്താൻ വന്നു ചേരുന്ന മോക്ഷസുഖത്തിൽ പോലും ആ മനുഷ്യന് ഒട്ടും ആശ ഇല്ല.

മൂലം – 5

ത്വത്ഭക്തോ ബാധ്യമാനോഽപി ച വിഷയരസൈ-
രിന്ദ്രിയാശാന്തിഹേതോർ-
ഭക്ത്യൈവാക്രമ്യമാണൈഃ പുനരപി ഖലു തൈഃ
ദുർബ്ബലൈർനാഭിജയ്യഃ
സപ്താർച്ചിർദ്ദീപിതാർച്ചിർദഹതി കില യഥാ
ഭൂരിദാരുപ്രപഞ്ചം
ത്വത്ഭക്ത്യോഘേ തഥൈവ പ്രദഹതി ദുരിതം
ദുർമ്മദഃ ക്വേന്ദ്രിയാണാം.

ഭാഷ

ഇന്ദ്രിയം പൂർണ്ണമടങ്ങാത്ത ഭക്തനെ
ആക്രമിയ്ക്കുന്നു വിഷയസൗഖ്യം
എങ്കിലെന്താഭക്തി ശക്തിയാലേ വീര്യ-
മാകെക്കുറഞ്ഞതു മാഞ്ഞുപോകും
കത്തുമഗ്നിക്ക് വിറകെന്നപോൽ പാപം
ഭക്തിയ്ക്കു, ഭക്തനു തോൽവിയില്ലാ
ഇന്ദ്രിയം പാപം ജയിച്ചു വിമലമായ്
പിന്നതിന്നെന്തുണ്ടു ദുർമ്മദങ്ങൾ!

അർത്ഥം : ഭക്തന് ഇന്ദ്രിയ നിഗ്രഹം പൂർണ്ണമായി സാധിച്ചിട്ടില്ലെങ്കിൽ അവനെ വിഷയാസക്തി ആക്രമിച്ചേക്കാം. എന്നാലും ഭക്തിയുടെ ബല ത്താൽ അവയുടെ വീര്യം കുറഞ്ഞ് ക്രമേണ തീരെ ക്ഷയിക്കും. ഭക്തിക്ക് പാപം, കത്തുന്ന തീയിന് വിറകുപോലെ മുഴുവനും എരിച്ചുകളയാനുള്ള താണ്. അങ്ങനെ വിഷയാസക്തി നശിച്ചു വിമലമായാൽ പിന്നെ ആ ചിത്തത്തിന് എവിടെയാണ് ദുരഹങ്കാരം?

മൂലം – 6

ചിത്താർദ്രീഭാവമുച്ചൈർവപുഷി ച പുളകം
ഹർഷബാഷ്പം ച ഹിത്വാ
ചിത്തം ശുദ്ധ്യേത് കഥം വാ കിമു ബഹുതപസാ
വിദ്യയാ വീതഭക്തേഃ,
ത്വദ്ഗാഥാസ്വാദസിദ്ധാഞ്ജനസതതമരീ-
മൃജ്യമാനോഽയമാത്മാ
ചക്ഷുർവ്വത് തത്ത്വസൂക്ഷ്മം ഭജതി ന തു തഥാ-
ഭ്യസ്തയാ തർക്കകോട്യാ.

ഭാഷ

ആർദ്രമായ് ചിത്തം, പുളകിതമായംഗം
ഹർഷബാഷ്പം തൂകാതെന്തു ശുദ്ധി?
വിദ്യ, തപസ്സും തരില്ല മനസ്സിനു
ശുദ്ധി പരഭക്തിയില്ലയെങ്കിൽ
നിൻഗാഥാസ്വാദനസിദ്ധാഞ്ജനത്താലേ
നിത്യം വിശുദ്ധമാമെന്റെ കണ്ണിൽ
സൂക്ഷ്മതത്വം താനേ ഭാസിപ്പൂ, തർക്കശാ-
സ്ത്രാഭ്യാസമേകില്ല സൂക്ഷ്മതത്വം

അർത്ഥം : ചിത്തം ആർദ്രമായി, അംഗങ്ങൾ പുളകമണിഞ്ഞ്, ആനന്ദ ക്കണ്ണീർ തൂകാതെ മനഃശുദ്ധി ഉണ്ടാവില്ല. ഇവ ഭക്തിലക്ഷണങ്ങളാണ്. വിദ്യയും തപസ്സും ഉണ്ടായാലും പരാഭക്തി ഇല്ലെങ്കിൽ മനസ്സിനു ശുദ്ധി വരില്ല. ഭഗവാന്റെ ഗാഥകളുടെ രസാസ്വാദനമെന്ന സിദ്ധാഞ്ജനം എഴുതി എന്നും ശുദ്ധമാക്കിവെച്ച എന്റെ കണ്ണിൽ സൂക്ഷ്മതത്വം താനേ പ്രകാശിക്കയാണുണ്ടായത്. അല്ലാതെ, തർക്കശാസ്ത്രാഭ്യാസംകൊണ്ട് സൂക്ഷ്മതത്വം അറിയാനാവില്ല.

മൂലം – 7

ധ്യാനം തേ ശീലയേയം സമതനുസുഖബ-
ദ്ധാസനോ നാസികാഗ്ര-
ന്യസ്താക്ഷഃ പൂരകാദ്യൈർജ്ജിതപവനപഥ-
ശ്ചിത്തപദ്മം ത്വവാഞ്ചം,
ഊർദ്ധ്വാഗ്രം ഭാവയിത്വാ രവിവിധുശിഖിനഃ
സംവിചിന്ത്യോപരിഷ്ടാത്
തത്രസ്ഥം ഭാവയേ ത്വാം സജലജലധര-
ശ്യാമളം കോമളാംഗം.

ഭാഷ

നിൻ ധ്യാനം ശീലിക്കും, ദേഹം സമമാക്കി
ബദ്ധസുഖാസനം സിദ്ധമാക്കി
നാസികാഗ്രത്തിൽമിഴിനട്ടുപൂരകാ-
ദിക്കളാൽ വെല്ലും ഞാൻ പ്രാണമാർഗ്ഗം
താഴേക്കഭിമുഖം ഹൃത്താമര യൂർദ്ധ്വ-
മഗ്രമായ് ഭാവിച്ചു കർണ്ണികമേൽ
സൂര്യചന്ദ്രാഗ്നിതൻ ഭാവനാതേജസ്സിൽ
ധാരാധരശ്യാമളം കോമളം
രാധാപതേ നിൻ മനോഹരദേഹത്തെ
ധ്യാനിക്കും ഞാനെന്നും ശുദ്ധിയോടെ

അർത്ഥം : ഞാൻ അവിടത്തെ ധ്യാനം ശീലിക്കും. ശരീരം സമമാക്കി സുഖാസനത്തിലിരിക്കാൻ പഠിക്കും. നാസികാഗ്രത്തിൽ മിഴിനട്ട്, പൂരക

കുംഭക, രേചകാദികളാൽ പ്രാണായാമം ചെയ്ത് പ്രാണമാർഗ്ഗത്തെ ജയിക്കും. താഴേക്കഭിമുഖമായ ഹൃദയത്താമരമൊട്ട്, ഊർദ്ധ്വാഭിമുഖമായി വിചാരിച്ച് അതിന്റെ കർണ്ണികയിൽ സൂര്യൻ, ചന്ദ്രൻ, അഗ്നി ഇവയുടെ തേജസ്സ് വിഭാവനം ചെയ്യും. ആ തേജോമദ്ധ്യത്തിൽ ധാരാധരശ്യാമള കോമളമായ അവിടുത്തെ മനോജ്ഞ രൂപത്തെ, ശുദ്ധിയോടെ, ഞാൻ ധ്യാനിക്കും.

മൂലം – 8

ആനീലശ്ലക്ഷ്ണകേശം ജ്വലിതമകരസത്-
കുണ്ഡലം മന്ദഹാസ-
സ്യന്ദാർദ്രം കൗസ്തുഭശ്രീപരിഗതവനമാ-
ലോരുഹാരാഭിരാമം,
ശ്രീവത്സാങ്കം സുബാഹും മൃദുലസദുദരം
കാഞ്ചനച്ഛായചേലം
ചാരുസ്നിഗ്ദ്ധോരുമംഭോരുഹലളിതപദം
ഭാവയേഹം ഭവന്തം.

ഭാഷ

നീലിച്ചിടത്തൂർന്ന കേശം, മകരത്തിൻ
കുണ്ഡലം ജ്വാലപോൽ ഉജ്വലിപ്പൂ
മന്ദഹാസാർദ്രം മുഖം, കൗസ്തുഭം, വന-
മാല, മുക്താവലിയാൽ മനോജ്ഞം
ശ്രീവത്സചിഹ്നം, സുബാഹുക്കൾ, മാർദ്ദവ-
മേറുമുദരം, സുവർണ്ണ ചേല
ചാരുസ്നിഗ്ദ്ധം തുട, ചെന്താമരപ്പാദം
ചാരുരൂപം നിത്യം ധ്യാനിക്കുന്നു.

അർത്ഥം : നീലിച്ച് ഇടതൂർന്ന തിരുമുടി, ജ്വാലപോലെ ഉജ്വലിക്കുന്ന മകര കുണ്ഡലമിട്ട കാതുകൾ, മന്ദഹാസാർദ്രമായ തിരുമുഖം, കൗസ്തുഭ ശ്രീ, വനമാല, മുത്തുമാലകൾ, ശ്രീവത്സം, സുന്ദരമായ കയ്യുകൾ, മാർദ്ദവമേറിയ ഉദരം, സുവർണ്ണനിറമുള്ള പട്ടുമൂടിയ മനോഹരമായ തുടകൾ, ചെന്താമരക്കാലടികൾ – അതിമനോഹരമായ നിന്റെ രൂപം ഞാൻ എന്നെന്നും ധ്യാനിക്കുന്നു.

മൂലം – 9

സർവ്വാംഗേഷ്വംഗ! രംഗത്കുതുകമിതി മുഹുർ-
ദ്ധാരയന്നീശ! ചിത്തം
തത്രാപ്യേകത്ര യുഞ്ജേ വദനസരസിജേ
സുന്ദരേ മന്ദഹാസേ

തത്രാലീനം തു ചേതഃ പരമസുഖചിദ-
ദ്വൈതരൂപേ വിതന്വ-
ന്നന്യന്നോ ചിന്തയേയം മുഹുരിതി സമുപാ-
രൂഢയോഗോ ഭവേയം.

ഭാഷ

സർവ്വാംഗം കൗതുകമോടു ധ്യാനിച്ചെന്റെ
ചിത്തമുറപ്പിച്ച് ചേർത്തുവെക്കും
മന്ദഹാസാർദ്രം നിൻ ചാരുവദനത്തിൽ
ലീനമായീടും മനസ്സിതപ്പോൾ
ആനന്ദ ചിന്മയാ ദ്വൈത സ്വരൂപത്തിൽ
ആനന്ദ നിർവൃതി മാത്രമാകും
അന്യം നിനയാതെ ധന്യസമാധീസ-
മാരൂഢനായ് നിന്നിൽ ഞാൻ ലയിക്കും.

അർത്ഥം : ആദ്യം സർവ്വാംഗം കൊതുകത്തോടെ ധ്യാനിക്കും. പിന്നെ മനസ്സ് മന്ദഹാസാദ്രമായ ചാരുവദനത്തിൽ ഉറപ്പിച്ചു നിർത്തും. അതിൽ മനസ്സ് ലീനമാകും. അപ്പോൾ, ബ്രഹ്മാനന്ദമെന്ന അദ്വൈത തന്മയതയുടെ നിർവൃതി മാത്രം അവശേഷിക്കും. അതിൽ മുങ്ങി മറ്റൊന്നും അറിയാതെ, മറ്റൊന്നും ചിന്തിക്കാതെ അതിധന്യമായി സമാധിയിൽ ആരൂഢമായി ഞാൻ നിന്നിൽ ലയിക്കും.

മൂലം - 10

ഇത്ഥം ത്വദ്ധ്യാനയോഗേ സതി പുനരണിമാ-
ദ്യഷ്ടസംസിദ്ധയസ്താ
ദൂരശ്രുത്യാദയോഽപി ഹ്യഹമഹമികയാ
സമ്പതേയുർമ്മുരാരേ!
ത്വത്സമ്പ്രാപ്തൗ വിളംബാവഹമഖിലമിദം
നാദ്രിയേ, കാമയേഽഹം
ത്വാമേവാനന്ദപൂർണ്ണം പവനപുരപതേ!
പാഹി മാം സർവ്വതാപാത്.

ഭാഷ

ധ്യാനയോഗത്താലേയഷ്ടസിദ്ധി, ദൂര-
ശ്രുത്യാദി വന്നേയ്ക്കും പിന്നെപ്പിന്നെ
സിദ്ധികൾ ചേർക്കും വിളംബമവയൊന്നും
സിദ്ധിച്ചീടേണമെന്നാശയില്ലാ
ആനന്ദപൂർണ്ണമാം ബ്രഹ്മമേ നിന്നെത്താൻ
കാമിപ്പൂ നിത്യമീ ഭക്തദാസി
ശ്രീ ഗുരുവായുപുരാധീശ, താപത്തിൽ
വീഴാതെ കാക്കണമെന്നുമെന്നെ.

അർത്ഥം : ധ്യാനയോഗംകൊണ്ട് ക്രമേണ അഷ്ടസിദ്ധി, ദൂരശ്രവണം മുതലായവ ലഭിച്ചേക്കും. എന്നാൽ അത്തരം സിദ്ധികൾ സമാധിക്ക് തടസ്സമാണ്. അവയിലൊന്നും എനിക്ക് ആഗ്രഹമില്ല. ആനന്ദപൂർണ്ണ മായ ബ്രഹ്മമേ, നിന്നെ മാത്രമാണ് നിത്യവും ഞാൻ കാമിക്കുന്നത്. ഗുരുവായൂരപ്പാ, താപത്തിൽ വീഴാതെ എന്നെ കാത്ത്, നീയാകുന്ന ബ്രഹ്മത്തിൽ ചേർക്കണേ.

O

ദശകം 96

ജ്ഞാനകർമ്മഭക്തിയോഗങ്ങൾ

മൂലം - 1

ത്വം ഹി ബ്രഹ്മൈവ സാക്ഷാത് പരമുരുമഹിമ-
ന്നക്ഷരാണാമകാര-
സ്താരോ മന്ത്രേഷു രാജ്ഞാം മനുരസി മുനിഷു
ത്വം ഭൃഗുർന്നാരദോഽപി,
പ്രഹ്ലാദോ ദാനവാനാം പശുഷു ച സുരഭിഃ
പക്ഷിണാം വൈനതേയോ
നാഗാനാമസ്യനന്തഃ സുരസരിദപി ച
സ്രോതസാം വിശ്വമൂർത്തേ!.

ഭാഷ

നീ വിശ്വരൂപിയാം ബ്രഹ്മം ജഗദീശാ
നീയകാരം വർണ്ണമാല തന്നിൽ
മന്ത്രത്തിൽ താരകോങ്കാരം, രാജാ മനു,
നാരദനും ഭൃഗുവും മുനിയിൽ
ഗോക്കളിൽ നീ കാമധേനു ഭഗവാനേ
ദാനവന്മാരിലോ നീ പ്രഹ്ലാദൻ
പക്ഷിയിൽ ഗാരുഡൻ, നാഗത്തിൽ ശേഷനും
സ്രോതസ്സിലാകാശ ഗംഗ തന്നെ.

അർത്ഥം : ജഗദീശ്വരാ, അവിടുന്ന് വിശ്വരൂപിയായ സാക്ഷാത്പരബ്രഹ്മ മാണ്. അക്ഷരമാലയിൽ 'അ' കാരവും മന്ത്രങ്ങളിൽ താരകമായ ഓങ്കാര വുമാണ്. രാജാക്കന്മാരിൽ മനുവും മുനിമാരിൽ നാരദനും ഭൃഗുവുമാണ്. പശുക്കളിൽ കാമധേനുവും ദാനവരിൽ പ്രഹ്ലാദനും പക്ഷികളിൽ ഗരു ഡനും നാഗങ്ങളിൽ ആദിശേഷനുമാണ്. സ്രോതസ്സുകളിൽ അവിടുന്ന് ആകാശഗംഗയാണ്.

മൂലം - 2

ബ്രഹ്മണ്യാനാം ബലിസ്ത്വം ക്രതുഷു ച ജപയ-
ജ്ഞോഽസി വീരേഷു പാർത്ഥോ
ഭക്താനാമുദ്ധവസ്ത്വം ബലമസി ബലിനാം
ധാമ തേജസ്വിനാം ത്വം,
നാസ്ത്യന്തസ്ത്വദ്വിഭൂതേർവ്വികസദതിശയം
വസ്തു സർവ്വം ത്വമേവ
ത്വം ജീവസ്ത്വം പ്രധാനം യദിഹ ഭവദൃതേ
തന്ന കിഞ്ചിത് പ്രപഞ്ചേ.

ഭാഷ

ബ്രാഹ്മണഭക്തരിൽ മാബലി, യജ്ഞത്തിൽ
നീ ജപയജ്ഞം, വീരത്തിൽ പാർത്ഥൻ
ഭക്തരിലുദ്ധവൻ, ഉഗ്രബലം ബല-
വാന്നു, നീ തേജസ്വി തന്റെ ധാമം
അറ്റമില്ലാത്ത വിഭൂതി നിന്റേ, തത്ഭു-
താശേഷസർവ്വവിശിഷ്ടവും നീ
ജീവനും നീ, പുരുഷൻ നീ, പ്രകൃതി നീ
ലോകത്തിൽ നീയല്ലാതൊന്നുമില്ല

അർത്ഥം : ബ്രാഹ്മണഭക്തരിൽ മഹാബലിയാണ്. യജ്ഞത്തിൽ ജപ യജ്ഞമാണ്. വീരന്മാരിൽ പാർത്ഥനും ഭക്തന്മാരിൽ ഉദ്ധവനുമാണ്. ബലവാന്റെ ഉഗ്രബലവും തേജസ്വിയുടെ തേജസ്സും നീയാണ്. നിന്റെ വിഭൂതികൾ പറഞ്ഞാൽ തീരാത്തത്ര അനന്തമാണ്. അത്ഭുതകരമായ സർവ്വ വിശിഷ്ട വസ്തുക്കളും നീയാണ്. ജീവനും പുരുഷനും പ്രകൃതിയും നീയാണ്. പ്രപഞ്ചത്തിൽ നീയല്ലതെ മറ്റൊന്നുമില്ല.

മൂലം - 3

ധർമ്മം വർണ്ണാശ്രമാണാം ശ്രുതിപഥവിഹിതം
ത്വത്പരത്വേന ഭക്ത്യാ
കുർവ്വന്തോഽന്തർവ്വിരാഗേ വികസതി ശനകൈ-
സ്സന്ത്യജന്തോ ലഭന്തേ,
സത്താസ്ഫൂർത്തിപ്രിയത്വാത്മകമഖിലപദാർ-
ത്ഥേഷു ഭിന്നേഷ്വഭിന്നം
നിർമ്മൂലം വിശ്വമൂലം പരമമഹമിതി
ത്വദ്വിബോധം വിശുദ്ധം.

ഭാഷ

വർണ്ണാശ്രമ ധർമ്മം വേദവിഹിതമായ്
ഭക്ത്യാ സമർപ്പിച്ചുചെയ്‌വോരെല്ലാം
വൈരാഗ്യം വന്നുപേക്ഷിക്കുമാ ധർമ്മങ്ങൾ
നന്നായറിയും നിൻ ബോധരൂപം

സത്ചിദാനന്ദമെല്ലാറ്റിലുമേകമായ്
നിർമൂലമായി ജഗന്മൂലമായ്
സത്യപരബ്രഹ്മം 'ഞാ'നെന്നു ശുദ്ധമാം
തത്വബോധത്തിൽ പരമജ്ഞാനം

അർത്ഥം : വർണ്ണാശ്രമ ധർമ്മം വേദവിഹിതമായി, നിന്നിൽ ഭക്തി പൂർവ്വം സമർപ്പിച്ചു ചെയ്യുന്നവർ പൂർണ്ണവൈരാഗ്യം കിട്ടുമ്പോൾ ആ ധർമ്മമെല്ലാം ത്യജിക്കുന്നു. അവിടുത്തെ 'വിമലപ്രബോധ' രൂപം അറിയുന്നു. സച്ചിദാനന്ദ രൂപവും ഏകവും ജഗത്തിന്റെ മൂലകാരണവും, തനിക്ക് മറ്റൊരു കാരണമില്ലാത്തതും ആയ സത്യമായ പരബ്രഹ്മം "ഞാൻ" തന്നെയാണെന്ന ശുദ്ധതത്വബോധമാകുന്ന പരമജ്ഞാനം പ്രാപിക്കുന്നു.

മൂലം – 4

ജ്ഞാനം കർമ്മാപി ഭക്തിസ്ത്രിതയമിഹ ഭവത്-
പ്രാപകം തത്ര താവ-
ന്നിർവ്വിണ്ണാനാമശേഷേ വിഷയ ഇഹ ഭവേത്-
ജ്ഞാനയോഗേƒധികാരഃ,
സക്താനാം കർമ്മയോഗസ്ത്വയി ഹി വിനിഹിതോ
യേ തു നാത്യന്തസക്താ
നാപ്യത്യന്തം വിരക്താസ്ത്വയി ച ധൃതരസാ
ഭക്തിയോഗോ ഹ്യമീഷാം.

ഭാഷ

മൂന്നു മാർഗ്ഗങ്ങൾ നയിക്കുന്നു ഞങ്ങളെ
നിന്നിലെത്തിയ്ക്കാനുപായമായി
ജ്ഞാനം, കർമ്മം, ഭക്തിയീമൂന്നിൽ നിശ്ശേഷ-
വൈരാഗ്യവാനാണു ജ്ഞാനയോഗം
സക്തർക്കു കർമ്മയോഗം, ഭക്തിയോഗമോ
നിൻഗാഥ കേൾപ്പതിൽ ശ്രദ്ധ വേണം.
അത്യന്തസക്തിവിരക്തിയുമില്ലാത്തോർ-
ക്കുത്തമമെന്നതു സുപ്രസിദ്ധം

അർത്ഥം : ഞങ്ങൾ മനുഷ്യർക്ക് അവിടത്തെ പ്രാപിക്കാനായി മൂന്നു മാർഗ്ഗങ്ങളുണ്ട്. ജ്ഞാന, കർമ്മ, ഭക്തി യോഗങ്ങളാണവ. ഇതിൽ ജ്ഞാനയോഗം നിശ്ശേഷം വൈരാഗ്യം വന്നവർക്കുള്ളതാണ് (സന്യസ്തചിത്തർ). കർമ്മയോഗം ആസക്തചിത്തർക്കുള്ളതാണ്. ഭക്തി യോഗത്തിന് അത്യന്താസക്തിയോ അത്യ വിരക്തിയോ ഇല്ലാതെ, അവിടത്തെ ഗാഥ കേൾക്കാൻ ശ്രദ്ധയുള്ളവർക്കാണ് അധികാരം.

മൂലം - 5

ജ്ഞാനം ത്വദ്ഭക്തതാം വാ ലഘു സുകൃതവശാ-
ന്മർത്ത്യലോകേ ലഭന്തേ
തസ്മാത്തത്രൈവ ജന്മ സ്പൃഹയതി ഭഗവൻ!
നാകഗോ നാരകോ വാ,
ആവിഷ്ടം മാം തു ദൈവാദ് ഭവജലനിധിപോ-
തായിതേ മർത്ത്യദേഹേ
ത്വം കൃത്വാ കർണ്ണധാരം ഗുരുമനുഗുണവാ-
തായിതസ്താരയേഥാഃ.

ഭാഷ

ജ്ഞാനവും ഭക്തിയും കിട്ടുന്നനായാസം
പൂർവ്വപുണ്യത്താൽ സുകൃതികൾക്കായ്
സ്വർഗ്ഗനരകവാസിയ്ക്കും കൊതിമർത്ത്യ-
ലോകത്തിൽ വന്നുജനിക്കുവാനായ്
ദേഹമിസ്സംസാര സാഗരം താണ്ടുവാൻ
വാഹനമാണൊരു കപ്പൽപോലെ
പൂർവ്വസുകൃതി ഞാനീ ദേഹം പൂണ്ടിട്ടു
സദ്ഗുരുവെക്കർണ്ണധാരനാക്കി
നീയനുകൂലമാം കാറ്റായിട്ടീ കപ്പൽ
വേഗം മറുകര ചേർത്തിടേണം.

അർത്ഥം : ജ്ഞാനവും ഭക്തിയും മനുഷ്യദേഹമെടുത്ത സുകൃതികൾക്ക് പൂർവ്വ പുണ്യത്താൽ അനായാസേന കിട്ടുന്നു. അതിനാൽ സ്വർഗ്ഗ നരക വാസികളെല്ലാം മനുഷ്യജന്മം കിട്ടാൻ കൊതിക്കുന്നു. ദേഹം സംസാര സിന്ധു കടക്കാനുള്ള കപ്പലാണ്. സദ്ഗുരുവാണ് കർണ്ണധാരൻ (കപ്പിത്താൻ). ഭഗവാനേ, അനുകൂലമായ കാറ്റായി വന്ന് വേഗം ഈ കപ്പലിനെ മറുകര എത്തിക്കണം.

മൂലം - 6

അവ്യക്തം മാർഗ്ഗയന്തഃ ശ്രുതിഭിരപി നയൈഃ
കേവലജ്ഞാനലുബ്ധാഃ
ക്ലിശ്യന്തേ/തീവ സിദ്ധിം ബഹുതരജനുഷാ-
മന്ത ഏവാപ്നുവന്തി.
ദൂരസ്ഥഃ കർമ്മയോഗോ/പി ച പരമഫലേ
നന്വയം ഭക്തിയോഗ-
സ്ത്വാമൂലാദേവ ഹൃദ്യസ്ത്വരിതമയി ഭവത്-
പ്രാപകോ വർദ്ധതാം മേ.

ഭാഷ

ജ്ഞാന യോഗത്തിൽ ശ്രുതി, ന്യായം, യുക്തികൾ
തർക്കത്താൽ മീമാംസ ചെയ്തിടുന്നു
അവ്യക്ത ബ്രഹ്മത്തെയന്വേഷിച്ചാളുകൾ
അത്യന്ത ക്ലേശങ്ങളേറ്റിടുന്നു
ജന്മാന്തരങ്ങൾ കഴിയണമാജീവൻ
തന്മയമുക്തിക്കു പാത്രമാകാൻ
കർമ്മയോഗം മോക്ഷമാകും ഫലത്തിൽ നി-
ന്നങ്ങു ദൂരം, ഭക്തിയോഗമത്രെ
ആദ്യന്തം പ്രീതി ചേർക്കുന്നു, ലയിക്കുന്ന
ആദ്യന്തഹീനമതേകുമെന്നിൽ

അർത്ഥം : ജ്ഞാനയോഗം ക്ലേശകരമാണ്. വേദം, ന്യായം, യുക്തി, വാദം, തർക്കം, മീമാംസം എന്നിവകളാൽ അവ്യക്തബ്രഹ്മത്തെ തേടി ആളുകൾ ക്ലേശിക്കുന്നു. അവൾക്ക് ജന്മാന്തരങ്ങൾ കാത്തിരിക്കണം. ഭഗവാനിൽ തന്മയത പ്രാപിച്ച് മുക്തി നേടാൻ. കർമ്മയോഗം മോക്ഷത്തിൽ നിന്ന് വളരെ വളരെ അകലെയാണ്. ഭക്തിയോഗം ആദ്യന്തം മനസ്സിന് ആനന്ദം തരുന്നു, തന്മയീഭവിപ്പിക്കുന്നു. ആദ്യന്തഹീനമായ ആ ഭക്തി എനിയ്ക്കു തരിക.

മൂലം – 7

ജ്ഞാനായൈവാതിയത്നം മുനിരപവദതേ
ബ്രഹ്മതത്ത്വം തു ശൃണ്വൻ
ഗാഢം ത്വത്പാദഭക്തിം ശരണമയതി യ-
സ്തസ്യ മുക്തിഃ കരാഗ്രേ,
ത്വദ്ധ്യാനേഽപീഹ തുല്യം പുനരസുകരതാ
ചിത്തചാഞ്ചല്യഹേതോ-
രഭ്യാസാദാശു ശക്യം തദപി വശയിതും
ത്വത്കൃപാചാരുതാഭ്യാം.

ഭാഷ

കേവല ജ്ഞാന പ്രയത്നത്തെ വ്യാസനും
തീരെ നിഷേധിച്ചുവെന്നാകിലും
ബ്രഹ്മതത്ത്വം ഗുരു ചൊന്നതു കേട്ടിട്ടു
നിൻപദഭക്തിയോടാരൊരുവൻ
നിന്നെ ശ്ശരണം വരിപ്പൂ, അവൻ കയ്യിൽ
മുക്തിയെത്തും ജ്ഞാനമുത്തിനൊപ്പം
ചിത്തചാഞ്ചല്യത്താൽ ധ്യാനം പിഴക്കയാൽ
ഭക്തിയോഗത്തിലുമുണ്ടു വിഘ്നം
ധ്യാനവും നിൻ ദയാ, സൗന്ദര്യ, മഭ്യാസ-
മാദിയാൽ സ്വായത്തമാകും വേഗം.

അർത്ഥം : കേവല ജ്ഞാനം കിട്ടാനുള്ള തീവ്രയത്നത്തെ വ്യാസനും നിഷേധിച്ചിട്ടുണ്ട്. എന്നാൽ ഗുരുവിൽ നിന്ന് ബ്രഹ്മതത്ത്വം കേട്ട്, ഭഗവാനിൽ ഉറച്ച പാദഭക്തിയോടെ ഭഗവാനെ ശരണം പ്രാപിച്ചവന് മുക്തിയോടൊപ്പം ജ്ഞാനമാകുന്ന മുത്തും അനായാസേന ലഭിക്കും. ഭക്തിയോഗത്തിൽ വിഘ്നം വരുന്നത് മനശ്ചാഞ്ചല്യത്താൽ ഏകാഗ്ര ധ്യാനം സാധിക്കാതെ വരുമ്പോഴാണ്. അപ്പോഴും, അവിടുത്തെ കൃപയും സൗന്ദര്യവും കൊണ്ട് അഭ്യാസം ദൃഢമായാൽ ധ്യാനത്തിൽ ഏകാഗ്രത വന്ന് ജ്ഞാനമുക്തികൾ വേഗം സ്വായത്തമാകും.

മൂലം – 8

നിർവ്വിണ്ണഃ കർമ്മമാർഗ്ഗേ ഖലു വിഷമതമേ
ത്വത്കഥാദൗ ച ഗാഢം
ജാതശ്രദ്ധോഽപി കാമാനയി ഭുവനപതേ!
നൈവ ശക്നോമി ഹാതും,
തദ് ഭൂയോ നിശ്ചയേന ത്വയി നിഹിതമനാ
ദോഷബുദ്ധ്യാ ഭജംസ്താൻ
പുഷ്ണീയാം ഭക്തിമേവ ത്വയി ഹൃദയഗതേ
മങ്ക്ഷു നങ്ക്ഷ്യന്തി സംഗാഃ.

ഭാഷ

കർമ്മ മാർഗ്ഗത്തിൽ വിരക്തൻ നിൻ പാട്ടിലും
ലീലാ ചരിത്രത്തിൽ ശ്രദ്ധയുള്ളോൻ
ശക്തനല്ലെന്നാലും പുത്രകളത്ര മി-
ത്രാദി മമത വെടിയുവാനായ്
ദോഷമെന്നോർത്തിട്ടാ കാമസേവത്താലേ
പോഷിപ്പൂ ഭക്തിയെയെന്നുമെന്നും
നീയെൻ ഹൃദയത്തിൻ വന്നു വസിച്ചാലാ
കാമങ്ങൾ താനേ കൊഴിഞ്ഞുപോകും.

അർത്ഥം : ഞാൻ കർമ്മമാർഗ്ഗത്തിൽ വിരക്തനാണ് നിന്റെ കീർത്തനത്തിലും ലീലാചരിതത്തിലും ശ്രദ്ധയുള്ളവനുമാണ്. എന്നിട്ടും പുത്രകളത്ര മിത്രാദി മമത ഉപേക്ഷിക്കാൻ എനിക്കിതുവരെ സാധിച്ചിട്ടില്ല. ഇത് ദോഷമാണ് എന്ന് സ്മരിച്ചുകൊണ്ടു തന്നെ ആ കാമസേവ ചെയ്ത് ഞാൻ ഭക്തിയെ പോഷിപ്പിക്കുകയാണ്. അവിടുന്ന് എന്റെ ഹൃദയത്തിൽ വസിച്ചാൽ അത്തരം കാമങ്ങൾ താനേ ഇല്ലാതാവും.

മൂലം – 9

കശ്ചിത് ക്ലേശാർജ്ജിതാർത്ഥക്ഷയവിമലമതിർ-
ന്നുദ്യമാനോ ജനൗഘൈഃ
പ്രാഗേവം പ്രാഹ വിപ്രോ 'ന ഖലു മമ ജനഃ
കാലകർമ്മഗ്രഹാ വാ,

ചേതോ മേ ദുഃഖഹേതുസ്തദിഹ ഗുണഗണം
ഭാവയത് സർവ്വകാരീ',
ത്യുക്ത്വാ ശാന്തോ ഗതസ്ത്വാം മമ ച കുരു വിഭോ!
താദൃശീം ചിത്തശാന്തിം.

ഭാഷ

ക്ലേശാർജ്ജിതം ധനം പോയിട്ടു, നാട്ടാർതൻ
പീഢനമേറ്റു തളർന്ന വിപ്രൻ
രാഗദ്വേഷാദിമലമുള്ള ബുദ്ധിയായ്
ക്ലേശത്തിൻ കാരണം പാർത്തറിഞ്ഞു.
"കാലകർമ്മഗ്രഹമല്ല നാട്ടാരല്ല
ചിത്തമാണെന്റെ കദനഹേതു
മാനസം ഭാവിപ്പൂ ത്രൈഗുണ്യം കർത്തൃത്വം
ഭോക്തൃത്വമെല്ലാം ചിത്താരോപിതം"
ശാന്തനായ് സായൂജ്യം നേടിയതുപോൽ ഞാൻ
ശാന്തി നേടീടണം നിൻകൃപയാൽ

അർത്ഥം : പണ്ട് പണിപ്പെട്ടു നേടിയ പണം നഷ്ടപ്പെട്ട് നാട്ടുകാരാൽ ദ്രോഹിക്കപ്പെട്ട ഒരു ബ്രാഹ്മണൻ രാഗദ്വേഷാദി അശുദ്ധിയുള്ള ചിത്തത്തോടെ തളർന്നിരുന്നു. അവൻ തന്റെ ദുഃഖകാരണം എന്തെന്ന് അന്വേഷിച്ചു. "കാലമല്ല, കർമ്മമല്ല, ഗ്രഹങ്ങളുമല്ല, നാട്ടുകാരുമല്ല – എന്റെ ദുഃഖത്തിനു കാരണം എന്റെ മനസ്സുതന്നെയാണ്. ത്രൈഗുണ്യം, കർത്തൃത്വം, ഭോക്തൃത്വം ഇതൊക്കെ മനസ്സ് വിഭാവനം ചെയ്യുന്നതാണ്. അതെല്ലാം ചിത്തം ആത്മാവിൽ ആരോപിക്കയാണ്". ഇങ്ങനെ ശാന്തി നേടിയ വിപ്രൻ സായൂജ്യമടഞ്ഞു. അതുപോലെ അവിടുത്തെ ദയയാൽ ഞാനും ശാന്തി നേടട്ടെ.

മൂലം – 10

ഐളഃ പ്രാഗുർവ്വശീം പ്രത്യതിവിവശമനാഃ
സേവമാനശ്ചിരം താം
ഗാഢം നിർവ്വിദ്യ ഭൂയോ യുവതിസുഖമിദം
ക്ഷുദ്രമേവേതി ഗായൻ,
ത്വത്ഭക്തിം പ്രാപ്യ പൂർണ്ണഃ സുഖതരമചരത്
തദ്വദുദ്ധൂതസംഗം
ഭക്തോത്തംസം ക്രിയാ മാം പവനപുരപതേ!
ഹന്ത! മേ രുന്ധി രോഗാൻ.

ഭാഷ

ഉർവ്വശീലോലൻ പുരൂരവൻ നിർവ്വിദ്യ-
നായി, വിരക്തനായ്, അന്നറിഞ്ഞു
കാമിനീസൗഖ്യം ക്ഷണികമെന്നും, സ്വാമി-
ഭക്തിയാൽ പൂർണ്ണകാമത്വമെന്നും

ഭക്തിയാൽ കീർത്തനം പാടിച്ചരിച്ചവൻ
മുക്തയാകേണമവനെപ്പോലെ
അത്യുന്നതമാമവസ്ഥയതെത്തുവാ-
നിത്തരുണത്തിലീ രോഗവിഘ്നം
മാർഗ്ഗ തടസ്സം ഹരിച്ചാമയം നീക്കി
കാക്കണം ശ്രീ ഗുരുവായൂരപ്പാ

അർത്ഥം : പണ്ട് ഉർവ്വശീലോലനായ പുന്ദൂരവസ്സ്, നിർവ്വിദ്യനും വിരക്തനുമായി, കാമിനീസൗഖ്യം ക്ഷണികമാണെന്ന് മനസ്സിലാക്കി ഈശ്വരഭക്തിയാണ്. പൂർണ്ണകാമത്വം തരിക എന്നു ഗ്രഹിച്ച് ഭക്തിപൂർവ്വം കീർത്തനം പാടി സഞ്ചരിച്ചു. എന്നേയും ആ പുത്രരവസ്സിനെപ്പോലെ ജീവന്മുക്തനാക്കണം. അത്യുന്നതമായ ആ അവസ്ഥ പ്രാപിക്കാൻ ഇപ്പോൾ തടസ്സം എന്റെ ഈ രോഗമാണ്. ഈ മാർഗ്ഗ തടസ്സം മാറ്റി, എന്നെ പരിപാലിച്ചാലും, ഗുരുവായൂരപ്പാ

O

ദശകം 97

ഭക്തിയോഗ മഹത്ത്വം

മൂലം - 1

ത്രൈഗുണ്യാത് ഭിന്നരൂപം ഭവതി ഹി ഭുവനേ
ഹീനമധ്യോത്തമം യത്
ജ്ഞാനം ശ്രദ്ധാ ച കർത്താ വസതിരപി സുഖം
കർമ്മ ചാഹാരഭേദാഃ,
ത്വത്ക്ഷേത്രത്വന്നിഷേവാദി തു യദിഹ പുന-
സ്ത്വത്പരം തത്തു സർവ്വം
പ്രാഹുർനൈർഗുണ്യനിഷ്ഠം തദനുഭജനതോ
മങ്ക്ഷു സിദ്ധോ ഭവേയം.

ഭാഷ

ജ്ഞാനവും, ശ്രദ്ധ, കർത്താവു, വസതിയും
കർമ്മം, സുഖങ്ങ, ളാഹാരഭേദം
സർവ്വം ത്രിഗുണം ഭുവനത്തിൽ ഭിന്നമായ്
ഹീനമധ്യോത്തമമായിടുന്നു.
ക്ഷേത്രം, ഭജനയീ നൈർഗുണ്യബ്രഹ്മനി-
ഷ്ഠങ്ങൾ ഭജിച്ചു ഞാൻ സിദ്ധനാകാം.

അർത്ഥം : ജ്ഞാനം, ശ്രദ്ധ, കർത്താവ്, ഗൃഹം, കർമ്മം, സുഖങ്ങൾ, വിവിധ ഭക്ഷണസാധനങ്ങൾ ഇവയെല്ലാം ത്രിഗുണാത്മകയാൽ ഗുണ

ത്തിന്റെ ഏറ്റക്കുറച്ചിൽകൊണ്ട് അധമം, മദ്ധ്യമം, ഉത്തമം എന്ന് 3 ഭേദങ്ങളുള്ളതാണ്. ക്ഷേത്രവും ഭജനയും മാത്രം നിർഗുണബ്രഹ്മാധിഷ്ഠിതമാകയാൽ ഞാൻ അവയെ മാത്രം ഭജിച്ച് സിദ്ധനായിത്തീരും.

മൂലം - 2

ത്വയ്യേവ ന്യസ്തചിത്തസ്സുഖമയി വിചരൻ
സർവ്വചേഷ്ടാസ്ത്വദർത്ഥം
ത്വദ്ഭക്തൈസ്സേവ്യമാനാനപി ചരിതചരാ-
നാശ്രയൻ പുണ്യദേശാൻ,
ദസ്യൗ വിപ്രേ മൃഗാദിഷ്വപി ച സമമതിർ-
മുച്യമാനാവമാന-
സ്പർദ്ധാസൂയാദിദോഷഃ സതതമഖിലഭൂ-
തേഷു സമ്പൂജയേ ത്വാം.

ഭാഷ

നിന്നിൽമനമൂന്നി ചിത്സുഖമായ് ചരി-
ച്ചെല്ലാം നിന്നർപ്പണമായി മാറ്റീ
പുണ്യതീർത്ഥങ്ങളിൽച്ചെന്നു, ചരാചര-
മെല്ലാം സമമെന്നറിഞ്ഞുകൊണ്ടേ
മാനാപമാനസ്പർദ്ധാസൂയാദോഷങ്ങ-
ളേതുമില്ലാതെല്ലാ ഭൂതത്തിലും
കാണും നിൻ ബ്രഹ്മസ്വരൂപ, മഖിലവും
നീയെന്നറിഞ്ഞു ഞാൻ ധ്യാനം ചെയ്യും.

അർത്ഥം : നിന്നിൽ മനസ്സുറപ്പിച്ച്, ചിത്സുഖമനുഭവിച്ച്, സർവ്വവും നിന്നിൽ സമർപ്പിച്ച് ഞാൻ സഞ്ചരിക്കും. പുണ്യതീർത്ഥങ്ങൾ സന്ദർശിക്കും. ചരാചരമെല്ലാം സമമാണ് എന്ന് മനസ്സിലാക്കി, മാനാപമാനങ്ങളോ മത്സരമോ അസൂയയോ മറ്റു ദോഷങ്ങളോ എനിക്കില്ലാതാവും. സർവ്വഭൂതങ്ങളിലും ഞാൻ അവിടത്തെ ബ്രഹ്മസ്വരൂപം മാത്രം ദർശിക്കും. സർവ്വവും നീ തന്നെ എന്നറിഞ്ഞ് ഞാൻ ധ്യാനനിരതനാവും.

മൂലം - 3

ത്വദ്ഭാവോ യാവദേഷു സ്ഫുരതി ന വിശദം
താവദേവം ഹ്യുപാസ്തിം
കുർവന്നൈകാത്മ്യബോധേ ഝടിതി വികസതി
ത്വന്മയോഽഹം ചരേയം,
ത്വദ്ധർമ്മസ്യാസ്യ താവത് കിമപി ന ഭഗവൻ!
പ്രസ്തുതസ്യ പ്രണാശ-
സ്തസ്മാത് സർവാത്മനൈവ പ്രദിശ മമ വിഭോ!
ഭക്തിമാർഗം മനോജ്ഞം.

ഭാഷ

ശത്രുമിത്രത്തിലും സർവ്വഭൂതത്തിലും
നിന്നെത്താൻ കാൺമോളം ദേവദേവാ
ഏവമുപാസിച്ചിട്ടദ്വൈത തന്മയ-
മായിക്കഴിക്കുമെൻ ശിഷ്ടജന്മം
ഇദ്ധർമ്മത്തിനില്ലനാശം, മനോജ്ഞമീ
ഭക്തിമാർഗ്ഗം തന്നരുളേണം നീ

അർത്ഥം : ശത്രു മിത്രത്തിലും സർവ്വഭൂത ഗ്രാമത്തിലും നിന്നെത്തന്നെ ദർശിക്കുന്നതുവരെ ഈ ഉപാസന തുടരും. എന്നിട്ട് നിന്നിൽ തന്മയീ ഭവിച്ച എന്റെ ശിഷ്ടജന്മം (ബാക്കി ആയുസ്സ് എന്നും ശിഷ്ടമായ ജന്മം എന്നും) കഴിച്ചുകൂട്ടും. ഈ വിഷ്ണുധർമ്മത്തിന് ഒരു കാലവും നാശമില്ല. മനോജ്ഞമായ ഈ ഭക്തിമാർഗ്ഗം എനിക്ക് കനിഞ്ഞരുളണം.

മൂലം – 4

തം ചൈനം ഭക്തിയോഗം ദ്രഢയിതുമയി മേ
സാധ്യമാരോഗ്യമായുർ-
ദിഷ്ട്യാ തത്രാപി സേവ്യം തവ ചരണമഹോ!
ഭേഷജായേവ ദുഗ്ദ്ധം,
മാർക്കണ്ഡേയോ ഹി പൂർവ്വം ഗണകനിഗദിത-
ദ്വാദശാബ്ദായുരുച്ചൈഃ
സേവിത്വാ വത്സരം ത്വാം തവ ഭടനിവഹൈർ-
ദ്രാവയാമാസ മൃത്യും.

ഭാഷ

ഭക്തിയോഗം ദൃഢമാക്കുവാനാരോഗ്യ-
മായുസ്സും വേണം, നിൻ പാദാശ്രയം
രോഗത്തിനൗഷധം പാലെന്നപോലെ
മധുരമീ മാർഗ്ഗമാശ്ചര്യമോർത്താൽ.
പന്ത്രണ്ടുവർഷമായുസ്സ് ഗണകനാൽ
അന്നു വിധിച്ചവൻ മാർക്കണ്ഡേയൻ
വത്സരമൊന്നു ഭജിച്ചു നിൻ ഭൃത്യരാൽ
മൃത്യുവെയോടിച്ചതില്ലേ കൃഷ്ണാ.

അർത്ഥം : ഭക്തിയോഗം ദൃഢമാക്കാൻ ആരോഗ്യവും ആയുസ്സും വേണം. അതിനും നിന്റെ പാദമാണാശ്രയമെന്നത്, രോഗത്തിന് ഔഷധം പാല് എന്ന് വിധിച്ചപോലെ മധുരമായിരിക്കുന്നു! എന്തൊരാശ്ചര്യം! ജ്യോതിഷക്കാർ 12 വർഷം ആയുസ്സു വിധിച്ച മാർക്കണ്ഡേയൻ ഒരു വർഷം നിന്നെ ഭജിച്ച്, നിന്റെ ഭൃത്യരാൽ മൃത്യുവിനെ ഓടിച്ച്, ചിരഞ്ജീവിയായില്ലേ?

മൂലം – 5

മാർക്കണ്ഡേയശ്ചിരായുഃ സ ഖലു പുനരപി
ത്വത്പരഃ പുഷ്പഭദ്രാ-
തീരേ നിന്യേ തപസ്യന്നതുലസുഖരതിഃ
ഷട് തു മന്വന്തരാണി,
ദേവേന്ദ്രസ്സപ്തമസ്തം സുരയുവതിമരു-
ന്മന്മഥൈർമോഹയിഷ്യൻ
യോഗോഷ്മപ്ളുഷ്യമാണൈർന്ന തു പുനരശകത്
ത്വജ്ജനം നിർജ്ജയേത് കഃ

ഭാഷ

നിർവ്വാണാസക്തൻ ചിരഞ്ജീവിയാമവൻ
ചെന്നു പുഷ്പാഭദ്രാതീരം തന്നിൽ
നിന്നെയും ധ്യാനിച്ചിട്ടാറുമന്വന്തരം
നന്നായ്ക്കഴിച്ചു തൻ ജീവിതത്തെ
ഏഴാം സുരേന്ദ്രൻ തൻ ദേവാംഗനകളാൽ
കാമവസന്തത്താൽ മോഹിപ്പിയ്ക്കെ
യോഗോർജ്ജം തട്ടീട്ടവർ വാടി, മാമുനി-
യ്ക്കേതുമിളക്കമുണ്ടായുമില്ല.

അർത്ഥം : ചിരഞ്ജീവിയായ അദ്ദേഹം നിർവ്വാണാസക്തിയാൽ പുഷ്പഭദ്രാ നദീതീരത്ത് ഏഴു മന്വന്തരം നിന്നെ തപസ്സുചെയ്ത് ഇരുന്നു. ഏഴാം മന്വന്തരത്തിൽ ദേവേന്ദ്രൻ ദേവസ്ത്രീകളേയും കാമനേയും വസന്തത്തേയും തപസ്സിളക്കാനയച്ചു. മുനിയുടെ യോഗാഗ്നിയിൽ അവർ വാടിയതല്ലാതെ മുനിയ്ക്ക് ഒരിളക്കവും ഉണ്ടായില്ല.

മൂലം – 6

പ്രീത്യാ നാരായണാഖ്യസ്ത്വമഥ നരസഖഃ
പ്രാപ്തവാനസ്യ പാർശ്വം
തുഷ്ട്യാ തോഷ്ടൂയമാനഃ സ തു വിവിധവരൈർ- ലോഭിതോ
നാനുമേനേ,
ദ്രഷ്ടും മായാം ത്വദീയാം കില പുനരവൃണോത്
ഭക്തിതൃപ്താന്തരാത്മാ
മായാദുഃഖാനഭിജ്ഞസ്തദപി മൃഗയതേ
നൂനമാശ്ചര്യഹേതോഃ

ഭാഷ

കാണാനെത്തീ നരനാരായണർ സ്തുതി
പാടി വണങ്ങിനാൻ, മാർക്കണ്ഡയൻ
'എന്തു വരവും തരാമെന്നിട്ടും ലോഭ-
മേതുമില്ലാത്തവൻ വാങ്ങിയില്ലാ

ഏറെശ്രമിയ്ക്കെയുരച്ചു 'നിൻമായയെ
കാരണപൂരുഷാ കാണാകേണം'
ഭക്തിതൃപ്താന്തരാത്മാ, മായാദുഃഖത്തെ
ഒട്ടുമറിയാത്ത മാർക്കണ്ഡേയൻ
ആശ്ചര്യഹേതുവാം മായയെ സ്വാനുഭൂ-
തിയ്ക്കുമാത്രം കാണാൻ നിശ്ചയിച്ചു.

അർത്ഥം : നരനാരായണൻ മാർക്കണ്ഡേയനെ കാണാൻ ചെന്നു. മുനി സ്തുതി പാടി വണങ്ങി. എന്തു വരവും തരാമെന്നു പറഞ്ഞിട്ടും ഒന്നിലും ആശയില്ലാത്ത മുനി ഒന്നും ആവശ്യപ്പെട്ടില്ല. വളരെ നിർബ്ബന്ധിച്ചപ്പോൾ 'എനിയ്ക്ക് അവിടുത്തെ മായയെ ദർശിക്കണ' മെന്നു പറഞ്ഞു. ഭക്തികൊണ്ട് സംതൃപ്തമായ അന്തരാത്മാവാണ് മുനിയുടേത്. മായാദുഃഖം അറിഞ്ഞിട്ടേ ഇല്ല. പിന്നെ എന്തിനാണ് മായയെ കാണാനുറച്ചത്. ആശ്ചര്യഹേതുവായ മായ താൻ അനുഭവിക്കാത്ത ഒന്നാകയാൽ സ്വാനുഭൂതി എന്ന അറിവിനുവേണ്ടി മാത്രമാണ് മുനി അന്വേഷിച്ചത്.

മൂലം - 7

യാതേ ത്വയ്യാശു വാതാകുലജലദഗല-
ത്തോയപൂർണാതിഘൂർണ്ണ-
സപ്താർണ്ണോരാശിമഗ്നേ ജഗതി സ തു ജലേ
സംഭ്രമൻ വർഷകോടീഃ,
ദീനഃ പ്രൈക്ഷിഷ്ട ദൂരേ വടദളശയനം
കഞ്ചിദാശ്ചര്യബാലം
ത്വാമേവ ശ്യാമളാംഗം വദനസരസിജ-
ന്യസ്തപാദാംഗുലീകം.

ഭാഷ

കാറ്റടിച്ചാകെച്ചലിച്ച മേഘങ്ങളാൽ
ഏറ്റം മഴ പെയ്തു കോളിളകി
സപ്തസിന്ധുക്കളിലാണ്ടു ജഗത്താകെ
തപ്തൻ മുനിയാ ജലത്തിൽ മുങ്ങി
കോടിവർഷങ്ങൾ ഭ്രമിച്ചിതാ വെള്ളത്തിൽ
ദീനനായ് ഖിന്നനായ് മാർക്കണ്ഡേൻ
ദൂരെയായ്ക്കണ്ടു ഒരാലില, ശ്യാമള-
ചാരുകിശോരം നിൻ ദീപ്തരൂപം
കയ്യാൽ പദം പിടിച്ചിട്ടു വായിൽ വിരൽ
നന്നായ്ക്കുടിക്കുന്ന ദിവ്യരൂപം
ആശ്ചര്യബാലകനാലിലക്കണ്ണനായ്
കാഴ്ച നൽകി വേദപ്പാലാഴിയിൽ

അർത്ഥം : കാറ്റടിച്ച് മേഘങ്ങളിളകി പേമാരി ചൊരിഞ്ഞു. കോളിളകി ഏഴു കടലും ഉയർന്നു. അതിൽ ലോകം മുങ്ങി. മാർക്കണ്ഡേയനാ

കട്ടെ ഒരു കോടി വർഷം ആ പ്രളയജലത്തിൽ ദീനനായി ഖിന്നനായി ഭ്രമിച്ചു. ദൂരെ ഒരാലിലയിൽ മനോഹരവും ദിവ്യവും ദീപ്തവുമായ ഒരു ശിശുരൂപം ശയിക്കുന്നതു കണ്ടു. ഒരു കയ്യാൽ കാലു പിടിച്ച്, കാലിന്റെ തള്ളവിരൽ വായിൽ തിരുകി കുടിക്കുന്ന ആശ്ചര്യബാലകൻ ആലിലക്കണ്ണനായി വേദപ്പാലാഴിയിൽ ഒഴുകി നടക്കുന്നവിധം മുനിയ്ക്ക് ദർശനമരുളി.

മൂലം – 8

ദൃഷ്ട്വാ ത്വാം ഹൃഷ്ടരോമാ ത്വരിതമഭിഗതഃ
സ്പ്രഷ്ടുകാമോ മുനീന്ദ്രഃ
ശ്വാസേനാന്തർന്നിവിഷ്ടഃ പുനരിഹ സകലം
ദൃഷ്ടവാൻ വിഷ്ടപൗഘം,
ഭൂയോഽപി ശ്വാസവാതൈർബഹിരനുപതിതോ
വീക്ഷിതസ്ത്വത് കടാക്ഷൈർ-
മോദാദാശ്ലേഷ്ടുകാമസ്ത്വയി പിഹിതതനൗ
സ്വാശ്രമേ പ്രാഗ്വദാസീത്.

ഭാഷ

ആകെപ്പുളകത്തോടൊന്നു തൊടാൻ ചെൽകെ
ശ്വാസത്തോടുള്ളിലേയ്ക്കാണ്ടുപോയി
കണ്ടു കണ്ണന്റെ യുദരത്തിലീരേഴു
ലോകം, പുറത്തേയ്ക്കു വീണുപിന്നെ
കുഞ്ഞിൻകടാക്ഷം കണ്ടേറെ പ്രണയത്തോ-
ടൊന്നു പുണരാൻ കൊതിച്ചനേരം
കുഞ്ഞില്ല, ആലിലയില്ല, പ്രളയവും;
പണ്ടത്തെപ്പോലാശ്രമത്തിൽത്തന്നെ!

അർത്ഥം : കുഞ്ഞിന്റെ സൗന്ദര്യാതിശയത്താൽ പുളകിതനായി ഒന്നു തൊടാൻ ചെന്നപ്പോൾ അവന്റെ ശ്വാസത്തോടൊപ്പം മുനി അകത്തു പോയി. അവിടെ ഈരേഴു പതിനാലു ലോകം കണ്ടു. ഉടനെ ഉച്ഛ്വാസത്തോടൊപ്പം പുറത്തേക്കു വീഴുകയും ചെയ്തു. കണ്ണൻ മുനിയെ ഒന്നു കടാക്ഷിച്ചു. അതീവ വാത്സല്യത്തോടെ ഒന്നു പുണരാൻ കൊതിച്ചപ്പോൾ കുഞ്ഞുമില്ല, ആലിലയുമില്ല, പ്രളയവുമില്ല. പുഷ്പഭദ്രാ തീരത്തെ ആശ്രമത്തിൽ പഴയപോലെ ഇരിക്കുന്നു.

മൂലം – 9

ഗൗര്യാ സാർദ്ധം തദഗ്രേ പുരഭിദഥ ഗത-
സ്ത്വത്പ്രിയപ്രേക്ഷണാർത്ഥീ
സിദ്ധാനേവാസ്യ ദത്വാ സ്വയമയമജരാ-
മൃത്യുതാദീൻ ഗതോഽഭൂത്,

ഏവം ത്വത്സേവയൈവ സ്മരരിപുരപി സ
പ്രീയതേ യേന തസ്മാ-
ന്മൂർത്തിത്രയ്യാത്മകസ്ത്വം നനു സകലനിയ-
ന്തേതി സുവ്യക്തമാസീത്.

ഭാഷ

ഗൗരിയുമായെത്തി ഗൗരീശൻ മാർക്കണ്ഡ-
മാമുനിതൻ ചാരെ സുസ്മിതനായ്
താനേ സഹജം കിടച്ചമരത്വവും
സിദ്ധിയുമേകി ചോദിച്ചിടാതെ.
കാമാരിയും നിന്റെ സേവയിൽ സംപ്രീതൻ
മൂർത്തിത്രയാത്മൻ നീയാകയാലേ
സർവ്വനിയാമക, ആർത്തത്രാണേശ്വരാ
സുവ്യക്തമല്ലൊ നിൻ ശക്തിയെല്ലാം

അർത്ഥം : ശിവൻ ഗൗരിയുമൊത്ത് മാർക്കണ്ഡേയനെ കാണാൻ വന്നു. ആദ്യമേ കിട്ടിയ അമരത്വവും സിദ്ധികളും ചോദിക്കാതെ തന്നെ വീണ്ടും നൽകി. ശിവൻ വിഷ്ണു സേവനം കൊണ്ടാണ് പ്രീതനാവുന്നത്. മൂർത്തിത്രയാത്മകൻ വിഷ്ണുവാകയാലാണിത്. സർവ്വ നിയന്താവും ആർത്തത്രാണ പരായണനുമായ ഭഗവാന്റെ ശക്തി ഇപ്രകാരം വളരെ വ്യക്തമാണ്.

മൂലം - 10

ത്ര്യംശേഽസ്മിൻ സത്യലോകേ വിധിഹരിപുരഭി-
ന്മന്ദിരാണ്യൂർദ്ധ്വമൂർദ്ധ്വം
തേഭ്യോഽപ്യൂർദ്ധ്വം തു മായാവികൃതിവിരഹിതോ
ഭാതി വൈകുണ്ഠലോകഃ,
തത്ര ത്വം കാരണാംഭസ്യപി പശുപകുലേ
ശുദ്ധസത്ത്വൈകരൂപീ
സച്ചിദ്ബ്രഹ്മാദ്വയാത്മാ പവനപുരപതേ!
പാഹി മാം സർവ്വരോഗാത്.

ഭാഷ

മൂന്നംശമുള്ളതാം സത്യലോകത്തിങ്കൽ
ബ്രഹ്മാ, ഹരി, ഹരനെന്നുസ്ഥാനം
മായാരഹിത വൈകുണ്ഠ മതിന്മേലേ
മായാമയാ നീയവിടെ വാഴ്‌വു.
കാരണ വെള്ളത്തിൽ ഗോപാങ്കണത്തിലും
ശ്രീഹരേ നീ താൻ വിളങ്ങിടുന്നു
ശുദ്ധസത്ത്വൈകരൂപി സച്ചിദാനന്ദ-
ബ്രഹ്മം നീ അദ്വയരൂപമായും
സർവ്വരോഗം നീക്കി കൃഷ്ണാ, ഗുരുവായു-
രപ്പാ, നീ പാലിയ്ക്ക വേണമെന്നെ.

അർത്ഥം : സത്യലോകത്തിന് മൂന്ന് അംശമുണ്ട്. താഴെ ബ്രഹ്മാ, നടുവിൽ വിഷ്ണു, മുകളിൽ ശിവൻ. സത്യലോകത്തിനുപരിയാണ് മായാരഹിതമായവൈകുണ്ഠം. അവിടെ മായാമയനായ മഹാവിഷ്ണു വാഴുന്നു. കാരണ ജലധിയിലും ഗോപാങ്കണത്തിലും വിളങ്ങുന്നതും അതേ പുരുഷൻ തന്നെ. ശുദ്ധസത്ത്വസ്വരൂപമായി, ഏകമായി, സച്ചിദാനന്ദ ബ്രഹ്മമായിരിക്കുന്ന കൃഷ്ണാ, ഗുരുവായൂരപ്പാ, സർവ്വരോഗം നീക്കി പരിപാലിക്കുക.

O

ദശകം 98

നിഷ്കളബ്രഹ്മോപാസനം

മൂലം – 1

യസ്മിന്നേതദിഭാതം യത ഇദമഭവ-
ദ്യേന ചേദം യ ഏതദ്-
യോഽസ്മാദുത്തീർണ്ണരൂപഃ ഖലു സകലമിദം
ഭാസിതം യസ്യ ഭാസാ,
യോ വാചാം ദൂരദൂരേ പുനരപി മനസാം
യസ്യ ദേവാ മുനീന്ദ്രാ
നോ വിദ്യുസ്തത്ത്വരൂപം കിമു പുനരപരേ
കൃഷ്ണ! തസ്മൈ നമസ്തേ.

ഭാഷ

ഹേ, കൃഷ്ണാ, നിൻ സത്യരൂപമറിവീല
ദേവർ മുനീന്ദ്രരും മാലോകരും;
വാക്കു മനസ്സുകൾക്കേറെ ദൂരെ നിന്റെ
വാസ്തവശ്രീതത്വ രൂപമല്ലോ.
ഇക്കാണും ലോകം നിൻ തേജസ്സാൽ ഭാസിച്ചു
സർവ്വമുണ്ടായി ലയിച്ചു നിന്നിൽ
ബ്രഹ്മാണ്ഡം നീ, യതിന്നപ്പുറവും നീയേ
ചിന്മഹാമൂർത്തേ, നമസ്ക്കാരങ്ങൾ!

അർത്ഥം : ഹേ, കൃഷ്ണാ, നിന്റെ സത്യസ്വരൂപം ദേവന്മാരും മുനിമാരും ഇക്കാണുന്ന മനുഷ്യരും ഒട്ടും അറിയുന്നില്ല. അത് വാക്കിനും മനസ്സിനും അതിവിദൂരതയിൽ, അവയ്ക്കു സ്പർശിക്കാനാവാത്ത തത്വസ്വരൂപമാണല്ലോ. പ്രപഞ്ചം പ്രകാശിക്കുന്നത് നിന്റെ പ്രകാശത്താലാണ്; ഇത് ഉണ്ടായതും ലയിക്കുന്നതും നിന്നിലാണ്. ബ്രഹ്മാണ്ഡവും

അതിന്നതീതവും നീ തന്നെ. അപ്രകാരമുള്ള മഹാ ചൈതന്യമൂർത്തേ, നമസ്ക്കാരം.

മൂലം – 2

ജന്മാഥോ കർമ്മ നാമ സ്ഫുടമിഹ ഗുണദോ-
ഷാദികം വാ ന യസ്മിൻ
ലോകാനാമുതയേ യഃ സ്വയമനുഭജതേ
താനി മായാനുസാരീ
ബിഭ്രച്ഛക്തീരരൂപോഽപി ച ബഹുതരരൂ-
പോഽവഭാത്യത്ഭുതാത്മാ
തസ്മൈ കൈവല്യധാമ്നേ പരരസപരിപൂ-
ർണ്ണായ വിഷ്ണോ! നമസ്തേ.

ഭാഷ

ജന്മകർമ്മങ്ങളും നാമം ഗുണദോഷം
നിന്നിലില്ലെന്നാലും മായാരൂപം
ലോക കല്യാണത്തിനായിട്ടുസ്വേച്ഛയാ
നാനാരൂപാവതാരങ്ങൾ പൂണ്ടു
വിദ്യാ വിദ്യാദിയാം ശക്തിയോടത്ഭുതം
രൂപമില്ലാത്തോൻ പല രൂപമായ്
കൈവല്യധാമമേ, ആനന്ദ ചിദ്രസ-
പൂർണ്ണാ ശ്രീ വിഷ്ണോ, നമസ്കാരങ്ങൾ!

അർത്ഥം : നിനക്ക് ജന്മമോ കർമ്മമോ നാമമോ ഗുണദോഷമോ വിദ്യാവിദ്യയോ ഒന്നുമില്ല. എന്നാൽ മായാരൂപനായ നീ ലോകമംഗളത്തിനായി സ്വന്തം ഇഷ്ടപ്രകാരം അവയൊക്കെ സ്വീകരിച്ചു നിരവധി രൂപങ്ങളിൽ അവതരിച്ചു. അരൂപിയായ നീ അത്ഭുതകരമായി അനേകരൂപിയായി. കൈവല്യധാമവും പരാനന്ദചിദ്രസമ്പൂർണ്ണനുമായ വിഷ്ണോ, അവിടേയ്ക്ക് നമസ്ക്കാരം.

മൂലം – 3

നോ തിര്യഞ്ചം ന മർത്ത്യം ന ച സുരമസുരം
ന സ്ത്രിയം നോ പുമാംസം
ന ദ്രവ്യം കർമ്മ ജാതിം ഗുണമപി സദസ-
ദ്വാപി തേ രൂപമാഹുഃ
ശിഷ്ടം യത്സ്യാന്നിഷേധേ സതി നിഗമശതൈർ-
ലക്ഷണാവൃത്തിതസ്തത്
കൃച്ഛ്രേണാവേദ്യമാനം പരമസുഖമയം
ഭാതി തസ്മൈ നമസ്തേ.

ഭാഷ

മർത്ത്യൻ മൃഗവു മസുരനും ദേവനും
സ്ത്രീയും പുരുഷനുമല്ല; ദ്രവ്യം,
കർമ്മം ഗുണം ജാതി സത്തുമസത്തല്ല
ധർമ്മജ്ഞരോതുന്നു നിൻ സ്വരൂപം

അർത്ഥം : അവിടുന്ന് മനുഷ്യനും മൃഗവും ദേവനും അസുരനും സ്ത്രീയും പുരുഷനുമല്ല; ദ്രവ്യമോ കർമ്മമോ ഗുണമോ ജാതിയോ സത്തോ അസത്തോ അല്ല എന്ന് ധർമ്മജ്ഞർ പറയുന്നു.

എത്ര നിഷേധിച്ചുവെന്നാലും ശേഷിക്കും.
ശിഷ്ടം, നിഗമശതങ്ങളെല്ലാം
ലക്ഷണമാവർത്തിച്ചേറ്റം പണിപ്പെട്ടി-
ട്ടോതുന്ന ആനന്ദചിത്സ്വരൂപം
ആ നിർഗുണപരബ്രഹ്മ മൂർത്തേ, നിന-
ക്കായിരം കോടി നമസ്ക്കാരങ്ങൾ!

എത്രയെത്ര നിഷേധിച്ചാലും അത്രയത്ര വീണ്ടും അവശേഷിക്കുന്ന അനന്തമായ ശിഷ്ടം അഥവാ പൂജ്യമെന്നും വേദശതങ്ങൾ ലക്ഷണം ആവർത്തിച്ചു പറഞ്ഞ് ഏറ്റവും പണിപ്പെട്ട് സംവദിക്കുന്ന ആനന്ദ ചിത്സ്വരൂപമെന്നും അറിയുന്ന നിർഗുണപരബ്രഹ്മമേ, നമസ്ക്കാരം!

മൂലം – 4

മായായാം ബിംബിതസ്ത്വം സൃജസി മഹദഹ-
ങ്കാരതന്മാത്രഭേദൈർ-
ഭൂതഗ്രാമേന്ദ്രിയാദ്യൈരപി സകലജഗത്
സ്വപ്നസങ്കല്പകല്പം,
ഭൂയഃ സംഹൃത്യ സർവം കമഠ ഇവ പദാ-
ന്യാത്മനാ കാലശക്ത്യാ
ഗംഭീരേ ജായമാനേ തമസി വിതിമിരോ
ഭാസി തസ്മൈ നമസ്തേ.

ഭാഷ

മായയിൽ ബിംബിച്ചുനീ മഹദാദികൾ
തന്മാത്രാഭേദങ്ങൾ പഞ്ചഭൂതം
ഏകാദശേന്ദ്രിയം കൊണ്ടു സ്വപ്നം പോലീ-
സർവ്വപ്രപഞ്ചസർഗ്ഗങ്ങൾ ചെയ്തു.
ആമ കാലുൾ വലിക്കുംപോലെ നിന്നിലീ
ശ്രീമജ്ജഗത്തിനെ സംഹരിച്ചു.
കാലശക്ത്യാത്മൻ, തമസ്സിൽത്തമോബന്ധ-
മേലാതെ ഭാസിച്ചു ചൈതന്യമായ്
സത്ചിത് സുഖാത്മകാ വാസുദേവാ നിന-
ക്കായിരം കോടി നമസ്ക്കാരങ്ങൾ

അർത്ഥം : നീ മായയാകുന്ന കണ്ണാടിയിൽ പ്രതിബിംബിച്ച് മഹത്ത്, അഹങ്കാരം, തന്മാത്രാ ഭേദങ്ങൾ, പഞ്ചഭൂതങ്ങൾ, ഏകാദശേന്ദ്രിയങ്ങൾ ഇവകളാൽ സ്വപ്നസമാനമായ ഈ പ്രപഞ്ചം സൃഷ്ടിച്ചു. പിന്നീട്, ആമ കാൽ ഉള്ളിലേക്കു വലിക്കും പോലെ ശ്രീമത്തായ ജഗത്തിനെ നിന്റെ ഉള്ളിലേക്ക് വലിച്ച് സംഹരിക്കയും ചെയ്തു. കാലശക്തിസ്വരൂപാ, അപ്പോഴത്തെ ഗംഭീരമായ തമസ്സിൽ തമസ്സിന്റെ ബന്ധം ഒട്ടും ഏല്ക്കാതെ ചൈതന്യരൂപമായിത്തന്നെ പ്രകാശിച്ചു നിൽക്കയും ചെയ്തു.

മൂലം – 5

ശബ്ദബ്രഹ്മേതി കർമ്മേത്യണുരിതി ഭഗവൻ
കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ
സർവ്വഥാ കല്പ്യമാനം,
വേദാന്തൈര്യത്തു ഗീതം പുരുഷപരചിദാ-
ത്മാഭിദം തത് തു തത്ത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃത്
കൃഷ്ണ! തസ്മൈ നമസ്തേ.

ഭാഷ

സർവ്വ മതങ്ങളും സർവ്വാത്മഭാവത്തിൽ
സർവ്വേശ്വരാ നിന്നെ സങ്കല്പിച്ചു
വിശ്വഹേതോ, നിന്നെ ശ്ശബ്ദബ്രഹ്മം, കർമ്മം,
കാല, മണുവെന്നു ചൊൽവുലോകം
വേദാന്ത വേദ്യമാം പൂരുഷൻ നീ, പരൻ,
ചിത്തു, മാത്മാവും നീ സത്യതത്ത്വം
ഒറ്റക്കടാക്ഷത്തിൽ പുരുഷനുണ്ടാക്കി
മൂലപ്രകൃതീവികൃതിസർഗ്ഗം
കൃഷ്ണാ, പരബ്രഹ്മപൂരുഷാ, ഗോപതേ
ആയിരം കോടി നമസ്ക്കാരങ്ങൾ

അർത്ഥം : സർവ്വമതങ്ങളും സർവ്വാത്മഭാവത്തിലാണ് സർവ്വേശ്വരനായ നിന്നെ സങ്കല്പിക്കുന്നത്. നീ വിശ്വകാരണമാണ്. ആ കാരണം ശബ്ദ ബ്രഹ്മമെന്നും, കർമ്മമെന്നും, കാലമെന്നും, അണുവെന്നും ലോകം പല അഭിപ്രായങ്ങൾ പറഞ്ഞു. വേദാന്തത്തിൽ പറയപ്പെടുന്ന പുരുഷൻ, പരൻ, ചിത്ത്, ആത്മാവ് എന്നീ തത്ത്വങ്ങളും നീ തന്നെ. ഒറ്റ കടാക്ഷ ത്താൽ പുരുഷൻ പ്രകൃതിയിൽ വികാരവിക്ഷോഭമുണ്ടാക്കി വികൃതി സർഗ്ഗം ഉണ്ടായി. അപ്രകാരമുള്ള പരബ്രഹ്മപുരുഷാ, കൃഷ്ണാ, നമസ്ക്കാരം.

മൂലം – 6

സത്ത്വേനാസത്തയാ വാ ച ഖലു സദസ-
ത്ത്വേന നിർവ്വാച്യരൂപാ
ധത്തേ യാസാവവിദ്യാ ഗുണഫണിമതിവ-
ദ്വിശ്വദൃശ്യാവഭാസം,
വിദ്യാത്വം സൈവ യാതാ ശ്രുതിവചനലവൈർ-
യ്യത്കൃപാസ്യന്ദലാഭേ
സംസാരാരണ്യസദ്യസ്ത്രുടനപരശുതാ-
മേതി തസ്മൈ നമസ്തേ.

ഭാഷ

സത്തോ, അസത്തോ, സദസത്തോ നിർവ്വചി-
ക്കാനാവാ മായയാമി പ്രപഞ്ചം
പാമ്പുപോലാക്കും കയറിനെ 'വിശ്വദൃ-
ശ്യാവഭാസത്തെ രചിച്ചിടുന്നു.
ഈശ്വരാ കാരുണ്യധാരയാൽ വേദാന്ത-
വാക്യം കേട്ടിട്ടു വിവേകം വന്നാൽ
വിദ്യയാൽ സംസാരം ഖണ്ഡിപ്പൂ, കാടിനെ
മൂർച്ചയേറീടും പരശുപോലെ.

അർത്ഥം : സത്തോ, അസത്തോ, സദ്സത്തോ എന്ന് ഉറപ്പിക്കാനാവാത്ത, അനിർവ്വചനീയമായ മായയാൽ കയറിനെ പാമ്പാക്കിത്തോന്നിക്കുന്ന പോലെയാണ് ഈ പ്രപഞ്ചം എന്ന ദൃശ്യത്തിന്റെ അവഭാസ സൃഷ്ടി. എന്നാൽ ഈശ്വരകാരുണ്യം പ്രവഹിച്ചാൽ വേദാന്തവാക്യം കേൾക്കാൻ ഭാഗ്യം കിട്ടും. വിവേകം കിട്ടും. വിദ്യയാൽ അവിദ്യയാകുന്ന സംസാരത്തെ മഴുകൊണ്ട് കാടിനെ എന്നപോലെ മുറിയ്ക്കാനാവും. അപ്രകാരം കരുണ കാട്ടുന്ന കൃഷ്ണാ നമസ്ക്കാരം.

മൂലം – 7

ഭൂഷാസു സ്വർണ്ണവദ്വാ ജഗതി ഘടശരാ-
വാദികേ മൃത്തികാവത്
തത്ത്വേ സഞ്ചിന്ത്യമാനേ സ്ഫുരതി തദധുനാ-
പ്യദ്വിതീയം വപുസ്തേ.
സ്വപ്നദ്രഷ്ടുഃ പ്രബോധേ തിമിരലയവിധൌ
ജീർണ്ണരജ്ജോശ്ച യദ്വ-
ദ്വിദ്യാലാഭേ തഥൈവ സ്ഫുടമപി വികസേത്
കൃഷ്ണ! തസ്മൈ നമസ്തേ.

ഭാഷ

മാലയിൽ സ്വർണ്ണംപോൽ പാത്രത്തിൽ മണ്ണുപോൽ
ലോകത്തിലദ്വിതീയം നിൻമേനി
താനേസ്പുരിപ്പൂ സ്ഥിതികാലത്തച്യുതാ
ശ്രേഷ്ഠമീ ചിദ്പ്രകാശ സ്വരൂപം.
സ്വപ്നം കാണുന്നോനുണർന്നപോലെ, യിരു-
ട്ടൊക്കെയകന്നാൽ കയറുപോലെ
വിദ്യ ലഭിക്കെയറിയുന്നു തത്വമെൻ
കൃഷ്ണാ നിനക്കെൻ നമസ്കാരങ്ങൾ

അർത്ഥം : മാലയിൽ സ്വർണ്ണം പോലെയും പാത്രത്തിൽ മണ്ണുപോലെയും ലോകത്തിൽ 'ഏക' മായ നിന്റെ മേനി സ്ഥിതികാലത്തും സ്ഫുരിക്കുന്നു. അത് ശ്രേഷ്ഠമായ ചിദ്പ്രകാശമാണ്. സ്വപ്നം കാണുന്നവൻ ഉണർന്നാൽ സ്വപ്നമില്ല; ഇരുട്ടകന്നാൽ പാമ്പല്ല, കയറാണ് എന്ന് ബോദ്ധ്യമാവും. അതുപോലെ വിദ്യ കിട്ടിയാൽ തത്വം പ്രകാശിക്കുന്നു. വിദ്യ തരുന്ന കൃഷ്ണാ, നമസ്കാരം.

മൂലം – 8

യദ്ഭീത്യോദേതി സൂര്യോ ദഹതി ച ദഹനോ
വാതി വായുസ്തഥാന്യേ
യദ്ഭീതാഃ പദ്മജാദ്യാഃ പുനരുചിതബലീ-
നാഹരന്തേഽനുകാലം
യേനൈവാരോപിതാഃ പ്രാങ്നിജപദമപി തേ
ച്യാവിതാരശ്ച പശ്ചാത്
തസ്മൈ വിശ്വം നിയന്ത്രേ വയമപി ഭവതേ
കൃഷ്ണ! കുർമ്മഃ പ്രണാമം.

ഭാഷ

സൂര്യനുദിപ്പൂ, തീ പൊള്ളുന്നു, മാരുതൻ
വീശുന്നു നിന്നെ ഭയന്നുമാത്രം
ബ്രഹ്മാദി ചെയ്‌വൂ ബലി പൂജ കാലത്തിൽ
നിന്നാജ്ഞയൊന്നിൻ ബലത്തിനാലേ
ആരാലവർ നേടീധാമം, ആരാലവർ
സ്ഥാനത്തുനിന്നും വ്യതിചലിച്ചൂ.
വിശ്വനിയന്താവാം കൃഷ്ണാ നിനക്കെന്റെ
ആയിരം കോടി നമസ്കാരങ്ങൾ

അർത്ഥം : സൂര്യനുദിക്കുന്നതും അഗ്നി ചുടുന്നതും കാറ്റു വീശുന്നതും നിന്നെ ഭയന്നാണ്. ബ്രഹ്മാദി ദേവകൾ യഥാകാലം ബലിപൂജ ചെയ്യുന്നത് നിന്റെ ആജ്ഞയാലാണ്. അവർക്ക് സ്ഥാനം കൊടുത്തതും അവിടെ നിന്ന് വ്യതിചലിപ്പിച്ചതും നീയാണ്. എല്ലാം നിയന്ത്രിക്കുന്ന കൃഷ്ണാ, നമസ്കാരം.

മൂലം - 9

ത്രൈലോക്യം ഭാവയന്തം ത്രിഗുണമയമിദം
ത്ര്യക്ഷരസ്യൈകവാച്യം
ത്രീശാനാമൈക്യരൂപം ത്രിഭിരപി നിഗമൈർ-
ഗ്ഗീയമാനസ്വരൂപം,
തിസ്രോഽവസ്ഥാ വിദന്തം ത്രിയുഗജനിജുഷം
ത്രിക്രമാക്രാന്തവിശ്വം
ത്രൈകാല്യേ ഭേദഹീനം ത്രിഭിരഹമനിശം
യോഗഭേദൈർഭജേ ത്വാം.

ഭാഷ

ത്രൈഗുണ്യമിത്രിലോകം സൃഷ്ടി ചെയ്തോനെ,
ത്ര്യക്ഷരിയാം പ്രണവാർത്ഥമേനീ
ത്രൈമൂർത്തിയ്ക്കേകരൂപം, ത്രിവേദങ്ങളാൽ
ഗീയമാനം, മൂന്നവസ്ഥാ ജ്ഞാനം
മൂന്നു യുഗത്തിലവതരിപ്പോൻ മൂന്നു
കാലടികൊണ്ടു ജഗത്തളന്നോൻ
മൂന്നു കാലത്തിലും ഭേദമറ്റോൻ നിന്നെ
മൂന്നു യോഗങ്ങളാൽ ഞാൻ ഭജിപ്പൂ.

അർത്ഥം : ത്രിഗുണാത്മകമായ ത്രിലോകം സൃഷ്ടിച്ചവനും, മൂന്നക്ഷരം ചേർന്ന പ്രണയസാരവും, ത്രിമൂർത്തികളുടെ ഏകസ്വരൂപവും മൂന്നു വേദങ്ങളാലും കീർത്തിക്കപ്പെട്ടവനും, മൂന്നവസ്ഥകളേയും അറിഞ്ഞവനും, മൂന്നു യുഗത്തിലും അവതരിക്കുന്നവനും, മൂന്നടിയാൽ മൂന്നു ലോകമളന്നവനും, ത്രികാലഭേദമില്ലാത്തവനും ആയ ഭഗവാനേ, ഞാൻ നിന്നെ മൂന്നുവിധ യോഗങ്ങളാലും സദാ ഭജിക്കുന്നു.

മൂലം - 10

സത്യം ശുദ്ധം വിബുദ്ധം ജയതി തവ വപുർ-
നിത്യമുക്തം നിരീഹം
നിർദ്വന്ദ്വം നിർവികാരം നിഖിലഗുണഗണ-
വ്യഞ്ജനാധാരഭൂതം,
നിർമ്മൂലം നിർമ്മലം തന്നിരവധിമഹിമോ-
ല്ലാസി നിർല്ലീനമന്തർ-
നിസ്സംഗാനാം മുനീനാം നിരുപമപരമാ-
നന്ദസാന്ദ്രപ്രകാശം.

ഭാഷ

സത്യം വിശുദ്ധം നീ നിത്യമുക്തം നിർവ്വി-
കാരം നിരീഹം നിർദ്വന്ദ്വമല്ലോ.
സർവ്വഗുണകാരണൻ നിർമ്മലൻ വേറെ-
ക്കാരണമില്ലാത്തോൻ നിസ്സംഗനും
നിസ്സംഗമാം മുനി മാനസത്തിൽ ലീന-
മാനന്ദസാന്ദ്ര പ്രകാശവും നീ.
സർവ്വാധാരം മഹിമാധാമം നിൻ നിത്യ-
നിഷ്ക്കള രൂപം ജയിച്ചിടുന്നു.

അർത്ഥം : നീ സത്യവും ശുദ്ധബുദ്ധനിത്യമുക്തവും, നിർവ്വികാരവും നിരീഹവും നിർദ്വന്ദ്വവുമായ ബ്രഹ്മമാണ്. സർവ്വഗുണകാരണമാണ്, നിർമ്മലനാണ്, നിനക്ക് കാരണമായി മറ്റൊന്നില്ല. നീ നിസ്സംഗനാണ്, നിസ്സംഗരായ മുനിമാനസങ്ങളിൽ നിർല്ലീനമായ ആനന്ദ സാന്ദ്രപ്രകാശ വുമാണ്. സർവ്വാധാരവും സർവ്വമഹിമാവിനും ഇരിപ്പിടവുമായ ആ നിഷ്ക്കളബ്രഹ്മരൂപം വിജയിക്കുന്നു.

മൂലം – 11

ദുർവ്വാരം ദ്വാദശാരം ത്രിശതപരിമിളത്
ഷഷ്ടിപർവ്വാഭിവീതം
സംഭ്രാമ്യത്ക്രൂരവേഗം ക്ഷണമനു ജഗദാ-
ച്ഛിദ്യ സന്ധാവമാനം,
ചക്രം തേ കാലരൂപം വ്യഥയതു ന തു മാം
ത്വത്പദൈകാവലംബം
വിഷ്ണോ! കാരുണ്യസിന്ധോ! പവനപുരപതേ!
പാഹി സർവാമയൗഘാത്.

ഭാഷ

പന്ത്രണ്ടടി, മുന മുന്നൂറ്ററുപത്,
തീവ്രവേഗം ക്ഷണം സംഭ്രമണം
ആരും തടയാത്ത കാലചക്രം നിത്യ-
പാദാവലംബിയ്ക്കു നോവേകല്ലേ
കാരുണ്യസിന്ധുവാം വിഷ്ണോ കരകേറ്റൂ
സർവ്വാമയം തീർത്തു ഭക്തയെന്നെ-

അർത്ഥം : 12 അഴി, 360 മുന, അതിവേഗം ക്ഷണത്തിൽ ഭ്രമണം ചെയ്യുന്നതും ആർക്കും തടുക്കാനാവാത്തതുമായ അവിടത്തെ കാലചക്രം നിത്യവും തൃപ്പാദം ആശ്രയിച്ചിരിക്കുന്ന എനിയ്ക്ക് വേദന തരരുതേ. കാരുണ്യസിന്ധോ, വിഷ്ണോ, രോഗങ്ങൾ ശമിപ്പിച്ച് എന്നെ സംസാരത്തിൽ നിന്നു കരകയറ്റണേ.

O

ദശകം 99

വേദസ്തുതി

മൂലം – 1

വിഷ്ണോർവ്വീര്യാണി കോ വാ കഥയതു ധരണേഃ
കശ്ച രേണൂൻ മിമീതേ
യസ്യൈവാംഘ്രിത്രയേണ ത്രിജഗദഭിമിതം
മോദതേ പൂർണ്ണസമ്പത്,
യോഽസൗ വിശ്വാനി ധത്തേ പ്രിയമിഹ പരമം
ധാമ തസ്യാഭിയായാം
ത്വദ്ഭക്താ യത്ര മാദ്യന്ത്യമൃതരസമര-
ന്ദസ്യ യത്ര പ്രവാഹഃ

ഭാഷ

ആർക്കാവും വിഷ്ണുവിൻ വീര്യം കഥിക്കുവാൻ?
ആർക്കു പരമാണുജാലമെണ്ണാം?
മൂന്നടിയാലെയളന്നുമൂലോകവും, മൂന്നും
സമൃദ്ധിസമ്പൂർണ്ണമാക്കാൻ.
സമ്പദ് സമൃദ്ധമായ് മാലോകരിന്നുമാ
സംപദം ഓണമായ് പാടിടുന്നു
ആരു ധരിപ്പു പ്രപഞ്ചങ്ങളാവിഷ്ണു
വാഴും പരമമാം ധാമമല്ലോ
ഏറെസ്സുധാസാരപ്പൂന്തേനൊഴുകുന്ന
സ്വർലോകഗംഗതൻ ചിത്പ്രവാഹം
ഭക്തരാപ്പുണ്യപദത്തിൽ മാത്രം പൂർണ്ണ-
മുക്തിതന്നാനന്ദമാസ്വദിപ്പൂ
ഏറെ പ്രിയങ്കരം ഏറെയുത്‌കൃഷ്ടമാ
തൃപ്പദം പൂകണം ഞാനുമീശാ.

അർത്ഥം : ആർക്കാണ് വിഷ്ണുവിന്റെ വീര്യം പറഞ്ഞുഫലിപ്പിക്കാനാവുക? ആർക്കാണ് പരമാണുക്കളെ എണ്ണാനാവുക? മൂന്നടികൊണ്ട് മൂന്നു ലോകമളന്ന് മൂന്നിനേയും സമ്പദ് സമൃദ്ധമാക്കിയതിന്റെ സംപദം പാടി ഇന്നും മനുഷ്യർ ഓണം ആഘോഷിക്കുന്നു. ആരാണോ സർവ്വ പ്രപഞ്ചത്തേയും ധരിക്കുന്നത്, ആ വിഷ്ണു വസിക്കുന്ന പരമധാമമാണ്, വളരെയധികം സുധാസാരമകരന്ദം ഒഴുകുന്ന സ്വർഗംഗയുടെ ചിത്പ്രവാഹം. ആ പരമപദത്തിൽ മാത്രമാണ് പൂർണ്ണമുക്തിയുടെ ആനന്ദമനുഭവിക്കുന്ന ഭക്തർ വാഴുന്നത്. ഈശ്വരാ, ഏറെ പ്രിയങ്കരവും ഏറെ ഉത്‌കൃഷ്ടവുമായ ആ തൃപ്പദം പൂകാൻ എനിയ്ക്കും സാധിയ്ക്കണം.

മൂലം - 2

ആദ്യായാശേഷകർത്രേ പ്രതിനിമിഷനവീ-
നായ ഭർത്രേ വിഭൂതേർ-
ഭക്താത്മാ വിഷ്ണവേ യഃ പ്രദിശതി ഹവിരാ-
ദീനി യജ്ഞാർച്ചനാദൗ,
കൃഷ്ണാദ്യം ജന്മ യോ വാ മഹദിഹ മഹതോ
വർണ്ണയേത് സോ//യമേവ
പ്രീതഃ പൂർണ്ണോ യശോഭിസ്ത്വരിതമഭിസരേത്
പ്രാപ്യമന്തേ പദം തത്.

ഭാഷ

ആദ്യൻ, അശേഷബ്രഹ്മാണ്ഡകർത്താവു നീ
ഓരോ നിമിഷവും നീ നവീനൻ
സർവ്വവിഭൂതിക്കും ഭർത്താവു ഭക്തരിൽ
സർവ്വകാലത്തിലും പ്രീതിയുള്ളോൻ
ആരൊരാളുത്തമഭക്ത്യാ സമർപ്പിച്ചു
യജ്ഞാർച്ചനാഹവിസ്സും പൂജയും
ആരൊരാൾ സർവ്വമഹത്തിൽ മഹത്താം നിൻ
കൃഷ്ണാവതാരത്തെ കീർത്തിക്കുന്നു.
ആ ഭക്തൻ സന്തുഷ്ടൻ, കീർത്തിമാൻ ലോകത്തിൽ,
പ്രാപിപ്പൂ വിഷ്ണുപദം പരമം.

അർത്ഥം : അവിടുന്ന് സർവ്വത്തിനും ആദിയും, ബ്രഹ്മാണ്ഡങ്ങളുടെ കർത്താവും, സർവ്വവിഭൂതിക്കും ഭർത്താവുമാണ്. പ്രതിനിമിഷം അവിടുന്ന് നിത്യനൂതനനാണ്. സർവ്വകാലത്തും ഭക്തപ്രിയനാണ്. ഏതൊരാൾ ഉത്തമഭക്തിയോടെ യജ്ഞാർച്ചനാഹവിസ്സും പൂജാദ്രവ്യങ്ങളും സമർപ്പിച്ചുവോ, ഏതൊരാൾ മഹത്തിൻ മഹത്തമമായ അവിടത്തെ കൃഷ്ണാവതാരം പ്രകീർത്തിക്കുന്നുവോ, ആ ഭക്തൻ മാത്രമാണ് ലോകത്തിൽ സന്തുഷ്ടനും കീർത്തിമാനുമായിരിക്കുന്നത്. ഒടുവിൽ അവൻ പരമമായ വിഷ്ണുപദം പ്രാപിക്കയും ചെയ്യും.

മൂലം - 3

ഹേ സ്തോതാരഃ! കവീന്ദ്രാസ്തമിഹ ഖലു യഥാ
ചേതയധ്വേ തഥൈവ
വ്യക്തം വേദസ്യ സാരം പ്രണുവത ജനനോ-
പാത്തലീലാകഥാഭിഃ,
ജാനന്തശ്ചാസ്യ നാമാന്യഖിലസുഖകരാ-
ണീതി സങ്കീർത്തയധ്വം
ഹേ വിഷ്ണോ! കീർത്തനാദ്യൈസ്തവ ഖലു മഹത-
സ്തത്ത്വബോധം ഭജേയം.

ഭാഷ

ഹേ, സ്തുതിപാടും കവീന്ദ്രരേ, വേദത്തിൻ
സാരമാം വിഷ്ണുവെച്ചിന്തചെയ്‌വിൻ
ലീലാവതാരകഥകളെപ്പാടുവിൻ
ലോകസുഖകരം നാമം ചൊൽവിൻ
വിഷ്ണോ, നിൻ നാമ സങ്കീർത്തനം പാടി ഞാൻ
തത്വജ്ഞാനം നേടി മുക്തയായി.

അർത്ഥം : ഹേ, കവികളേ, നിങ്ങൾ വേദസാരമായ. വിഷ്ണുവെ ചിന്തിച്ചറിയുവിൻ. ലീലാവതാരകഥകൾ പാടുവിൻ. ലോകത്തിനു മുഴുവൻ സുഖകരമായ വിഷ്ണുനാമം ചൊല്ലുവിൻ. ഭഗവാനേ, നിന്റെ നാമസങ്കീർത്തനത്താലും ചരിത്രകഥകളാലും ഞാൻ തത്വജ്ഞാനം നേടി മുക്തയായിരിക്കുന്നു.

മൂലം – 4

വിഷ്ണോഃ കർമ്മാണി സമ്പശ്യത മനസി സദാ
യൈഃ സ ധർമ്മാനബധ്നാ-
ദ്യാനീന്ദ്രസ്യൈഷ ഭൃത്യഃ പ്രിയസഖ ഇവ ച
വ്യാതനോത് ക്ഷേമകാരീ,
വീക്ഷന്തേ യോഗസിദ്ധാഃ പരപദമനിശം
യസ്യ സമ്യക് പ്രകാശം
വിപ്രേന്ദ്രാ ജാഗരൂകാഃ കൃതബഹുനുതയോ
യച്ച നിർഭാസയന്തേ.

ഭാഷ

ധർമ്മത്താൽക്കർമ്മത്തെബന്ധിച്ച വിഷ്ണുപ-
ണ്ടിന്ദ്രനുവേണ്ടീട്ടു ഭൃത്യനെപ്പോൽ
ഏറെപ്രിയ സഖാവെന്നപോൽ ചെയ്തതാം
കർമ്മങ്ങൾ ഹൃത്തിൽ സദാനിനപ്പിൻ
യോഗീശ്വരൻ നിത്യം കാണുന്നു വിഷ്ണുവിൻ
സമ്യക് പ്രകാശം പരമം പദം
വിപ്രന്മാർ ജാഗരൂകന്മാർ സ്തുതികളാൽ
അപ്പദത്തെത്താൻ പ്രകാശിപ്പിച്ചു.

അർത്ഥം : ധർമ്മംകൊണ്ട് കർമ്മത്തെ ബന്ധിച്ച വിഷ്ണു ഇന്ദ്രന്റെ ക്ഷേമത്തിനായി ഭൃത്യനെപ്പോലെയും സുഹൃത്തിനെപ്പോലെയും ചെയ്ത അനേകകർമ്മങ്ങളെ എപ്പോഴും മനസ്സിൽ വിചാരിയ്ക്കുവിൻ. യോഗികൾ സമാധിയിൽ നിത്യവും ആ വിഷ്ണുവിന്റെ സമ്യക്പ്രകാശ മായ പരമപദം കാണുന്നു. ജാഗരൂകരായ ബ്രാഹ്മണർ വേദസ്തുതിഗീതങ്ങളാൽ പ്രകാശിപ്പിക്കുന്നതും ആ പദത്തെത്തന്നെയാണ്.

മൂലം – 5

നോ ജാതോ ജായമാനോഽപി ച സമധിഗത-
സ്ത്വന്മഹിമ്നോഽവസാനം
ദേവ! ശ്രേയാംസി വിദ്വാൻ പ്രതിമുഹുരപി തേ
നാമ ശംസാമി വിഷ്ണോ!,
തം ത്വാം സംസ്തൗമി നാനാവിധനുതിവചനൈ-
രസ്യ ലോകത്രയസ്യാ-
പ്യൂർദ്ധ്വം വിഭ്രാജമാനേ വിരചിതവസതിം
തത്ര വൈകുണ്ഠലോകേ.

ഭാഷ

മുമ്പു ജനിച്ചോരിന്നുള്ളോർ ജനിപ്പോരും
കണ്ടെത്തിയില്ല മഹിമയ്ക്കന്തം
ശ്രേയസ്സിനാധാരം നിൻ നാമമൊന്നെന്നു
പ്രേയാനെ, ഞാനറിയുന്നതിനാൽ
നിത്യം നിമിഷമനുനിമിഷം നാമ-
കീർത്തനം പാടി സ്തുതിക്കുന്നു ഞാൻ
ലോകത്രയങ്ങൾക്കുമേലെ വിഭ്രാജിക്കും
വൈകുണ്ഠവാസനെ കീർത്തിക്കുന്നു.

അർത്ഥം : മുമ്പു ജനിച്ചവരോ ഇപ്പോഴുള്ളവരോ ഇനി ജനിക്കാനിരിക്കുന്നവരോ വിഷ്ണു മാഹാത്മ്യത്തിന്റെ അവസാനം (അറ്റം) കാണുന്നില്ല. നിന്റെ നാമമാണ് ഏറ്റവും ശ്രേയസ്കരമെന്നറിഞ്ഞ് ഞാൻ നിത്യവും അതു പാടുന്നു. മൂന്നു ലോകത്തിനുപരി വൈകുണ്ഠവാസിയായ ഭഗവാനെ സ്തുതിക്കുന്നു.

മൂലം – 6

ആപഃ സൃഷ്ട്യാദിജന്യാഃ പ്രഥമമയി! വിഭോ!
ഗർഭദേശേ ദധുസ്ത്വാം
യത്ര ത്വയ്യേവ ജീവാ ജലശയന! ഹരേ!
സംഗതാ ഐക്യമാപൻ,
തസ്യാജസ്യ പ്രഭോ! തേ വിനിഹിതമഭവത്
പദ്മമേകം ഹി നാഭൗ
ദിക്പത്രം യത് കിലാഹുഃ കനകധരണിഭൃത്
കർണ്ണികം ലോകരൂപം.

ഭാഷ

ആദിയിൽ നിന്നെ ഗർഭത്തിൽ ധരിച്ചതു
കാരണമാകും ജലധിയല്ലോ
ഹേ, ജലശായിൻ, ജീവാത്മസംഘം നിന്നി-
ലൊന്നായ് ഹരേ, ഐക്യമാർന്നു നിന്നു.

നീയജൻ നിൻനാഭിത്താമരയിൽ ദിക്കു
പത്രം, മഹാമേരുകർണ്ണികയും
ഇപ്രപഞ്ചം തന്നെ നാഭീപത്മം അതിൽ
സർവ്വചരാചരം സംശോഭിപ്പൂ.

അർത്ഥം : ആദ്യം കാരണജലധി നിന്നെ ഗർഭത്തിൽ ധരിച്ചു. ആ ജലത്തിൽ ശയനം ചെയ്യുന്ന നിന്നിൽ ജീവാത്മസംഘങ്ങൾ ഒന്നിച്ച് ഐക്യരൂപമാർന്നു. അജനായ നിന്റെ നാഭീപത്മത്തിന്റെ ഇതളുകളാണ് ദിക്കുകൾ. കർണ്ണികയാണ് മഹാമേരു. ഈ പ്രപഞ്ചം തന്നെയാണത്. അതിലാണ് സർവ്വ ചരാചരവും ശോഭിക്കുന്നത്.

മൂലം – 7

ഹേ ലോകാ! വിഷ്ണുരേതതദ് ഭുവനമജനയത്
തന്ന ജാനീഥ യൂയം
യുഷ്മാകം ഹൃന്തരസ്ഥം കിമപി തദപരം
വിദ്യതേ വിഷ്ണുരൂപം,
നീഹാരപ്രഖ്യമായാപരിവൃതമനസോ
മോഹിതാ നാമരൂപൈഃ
പ്രാണപ്രീത്യൈകതൃപ്താശ്ചരഥ മഖപരാ
ഹന്ത! നേച്ഛാ മുകുന്ദേ.

ഭാഷ

വിഷ്ണു ഭുവനസ്രഷ്ടാവെന്നറിഞ്ഞാലും
വിഷ്ണുതാൻ നിങ്ങളിലന്തര്യാമി
മഞ്ഞുപോൽ മായ മൂടീടും മനസ്സാലെ
നാമരൂപങ്ങളാൽ മോഹിതരായ്
ഇന്ദ്രിയഭോഗസുഖതൃഷ്ണരായിട്ടും
യാഗാദികർമ്മപ്രവൃത്തരായും
കഷ്ടം, മുകുന്ദപാദത്തിലഗാധമാം
മുഗ്ദ്ധാനുരാഗം വെടിഞ്ഞിടല്ലേ!

അർത്ഥം : സർവ്വപ്രപഞ്ചസ്രഷ്ടാവായ വിഷ്ണു തന്നെയാണ് നിങ്ങളുടെ അന്തര്യാമി പുരുഷനെന്ന് മനസ്സിലാക്കുക. മഞ്ഞുപോലെ മായ മൂടിയ മനസ്സുകൊണ്ട് നാമരൂപാദികളിൽ മോഹിതരായി ഇന്ദ്രിയ ഭോഗ തൃഷ്ണയാൽ വലഞ്ഞും, യാഗാദികർമ്മ പ്രവൃത്തികളിൽ ഏർപ്പെട്ടും മുകുന്ദന്റെ തീർത്ഥപാദത്തിൽ അഗാധമായ മുഗ്ദ്ധാനുരാഗം നഷ്ടപ്പെട്ടും അലയാതിരിക്കുവിൻ! (കഷ്ടം! എന്ന് കവി അത്തരക്കാരെ നോക്കി പറയുന്നു)

മൂലം – 8

മൂർധ്നാമക്ഷ്ണാം പദാനാം വഹസി ഖലു സഹ-
സ്രാണി സംപൂര്യ വിശ്വം
തത് പ്രോത്ക്രമ്യാപി തിഷ്ഠൻ പരിമിതവിവരേ
ഭാസി ചിത്താന്തരേƒപി.
ഭൂതം ഭവ്യം ച സർവ്വം പരപുരുഷ! ഭവാൻ
കിഞ്ച ദേഹേന്ദ്രിയാദി-
ഷ്വാവിഷ്ടോ ഹ്യുദ്ഗതത്വാദമൃതസുഖരസം
ചാനുഭുങ്ക്ഷേ ത്വമേവ.

ഭാഷ

ആയിരം മൂർദ്ധാ, നേത്രങ്ങൾ, പാദങ്ങളാൽ
ഇമ്മഹാ വിശ്വം നിറഞ്ഞുനില്പൂ.
വിശ്വാതീതം വ്യാപിച്ചിട്ടു മതി സൂക്ഷ്മ-
സൂക്ഷ്മചിത്തത്തിലും ശോഭിക്കുന്നു
ഭൂതവും ഭാവിയും വർത്തമാനത്തിലും
സർവ്വകാലം സർവ്വം വിഷ്ണുമാത്രം
ദേഹേന്ദ്രിയങ്ങളിലാവിഷ്ടനെന്നാലും
ദേഹേന്ദ്രിയോദ്ഗതൻ മോക്ഷരൂപൻ
നിത്യമമൃത സുഖരസാസ്വാദന
സത്യസ്വരൂപമാചിദ് വിലാസം

അർത്ഥം : ആയിരം ശിരസ്സും കണ്ണും കാലുമായി വിശ്വം നിറഞ്ഞു നിൽക്കുന്നു; വിശ്വാതീതമായി വ്യാപിക്കുന്നു; സൂക്ഷ്മതരമായി സൂക്ഷ്മ ചിത്തത്തിലും ശോഭിക്കുന്നു. ത്രികാലത്തിലും ഉള്ള സർവ്വവും, ത്രികാലവും, കാലാതീതവും വിഷ്ണു തന്നെ. ദേഹേന്ദ്രിയങ്ങളിലും ഇരിക്കുന്നു എങ്കിലും അവയിൽ നിന്ന് അതീതമായ മോക്ഷസ്വരൂപ വുമാണ്. നിത്യവും അമൃതവുമായ ആനന്ദരസാസ്വാദനത്താൽ ആചിദ് വിലാസം സത്യസ്വരൂപമായിരിക്കുന്നു. (സത്, ചിത്, ആനന്ദം)

മൂലം – 9

യത്തു ത്രൈലോക്യരൂപം ദധദപി ച തതോ
നിർഗ്ഗതോƒനന്തശുദ്ധ-
ജ്ഞാനാത്മാ വർത്തസേ ത്വം തവ ഖലു മഹിമാ
സോƒപി താവാൻ കിമന്യത്.
സ്തോകസ്തേ ഭാഗ ഏവാഖിലഭുവനതയാ
ദൃശ്യതേ ത്ര്യംശകല്പം
ഭൂയിഷ്ഠം സാന്ദ്രമോദാത്മകമുപരി തതോ
ഭാതി തസ്മൈ നമസ്തേ.

ഭാഷ

ത്രൈലോക്യ രൂപ, നതിൽനിന്നതീതയാം
ശുദ്ധമനന്തജ്ഞാനാത്മാവായും
സൂക്ഷ്മാംശംകൊണ്ടേ പതിന്നാലുലകമായ്
വ്യാപരിക്കുന്നു, മഹിമാശ്ചര്യം!
സാന്ദ്രമോദാത്മകം മുക്കാൽഭാഗം സർവ്വ
ലോകോപരി ശോഭ ചിന്തിടുന്നു.

അർത്ഥം : വിഷ്ണു ത്രൈലോക്യ രൂപനാണ്. അതിന്നതീതമായ അനന്തവും ശുദ്ധജ്ഞാനവുമായ പരമാത്മാവുമാണ്. ഒരു ചെറിയ സൂക്ഷ്മാംശംകൊണ്ട് പതിനാലു ലോകമായി വ്യാപരിച്ച അവിടത്തെ മഹിമാവ് ആശ്ചര്യകരമാണ്. ബാക്കി മുക്കാൽ ഭാഗവും (ഭൂരിഭാഗം) സാന്ദ്രാനന്ദാത്മകമായി പതിനാലു ലോകത്തിനും അതീതവും ഉപരിയുമായി ശോഭിക്കുന്ന പരമ ചൈതന്യമാണ്. (ഊർജ്ജസ്വരൂപം)

മൂലം – 10

അവ്യക്തം തേ സ്വരൂപം ദുരധിഗമതമം
തത്തു ശുദ്ധൈകസത്ത്വം
വ്യക്തം ചാപ്യേതദേവ സ്ഫുടമമൃതരസാം-
ഭോധികല്ലോലതുല്യം,
സർവ്വോത്കൃഷ്ടാമഭീഷ്ടാം തദിഹ ഗുണരസേ-
നൈവ ചിത്തം ഹരന്തീം
മൂർത്തിം തേ സംശ്രയേ/ഹം പവനപുരപതേ!
പാഹി മാം കൃഷ്ണ! രോഗാത്.

ഭാഷ

അവ്യക്തമാം നിന്റെ രൂപമറിയുവാൻ
ബുദ്ധി, മനസിന്നെളുപ്പമല്ല-
ശുദ്ധൈകസത്വമാ വ്യക്തസ്വരൂപമോ
പീയൂഷ സിന്ധുതരംഗംപോലെ
ശ്രേഷ്ഠം, മുൽകൃഷ്ടം, അഭീഷ്ടം, പ്രിയതമം
മാധുര്യത്താലെ മനം ഹരിപ്പൂ.
അസ്സുധാസിന്ധൂലഹരീ വ്യക്തരൂപത്തെ
നിത്യം ശരണം ഞാൻ പ്രാപിക്കുന്നു.
കൃഷ്ണാ, പവനപുരേശാ, രോഗം നീക്കി
ഭക്തയാമെന്നെ നീ കാത്തുകൊൾക.

അർത്ഥം : നിന്റെ അവ്യക്ത നിഷ്ക്കളരൂപം അറിയാൻ ബുദ്ധിക്കും മനസ്സിനും എളുപ്പമല്ല. ശുദ്ധസാത്വികമായ വ്യക്തരൂപമാകട്ടെ അമൃത സിന്ധുവിലെ തരംഗംപോലെയാണ്. ശ്രേഷ്ഠവും ഉത്കൃഷ്ടവും, പ്രിയങ്കരവും, മാധുര്യത്താൽ മനം കവരുന്നതുമാണ് എനിക്ക് നിന്റെ ആ അഭീഷ്ട രൂപം. ആ സുധാസിന്ധുലഹരിയാകുന്ന വ്യക്തരൂപത്തെ

ഞാൻ എന്നെന്നും ശരണം പ്രാപിക്കുന്നു. ഗുരുവായൂരപ്പാ, രോഗം നീക്കി എന്നെ പരിപാലിക്കണേ.

O

ദശകം 100

ഭഗവാന്റെ കേശാദിപാദ വർണ്ണന

മൂലം – 1

അഗ്രേ പശ്യാമി തേജോ നിബിഡതരകലാ-
യാവലീലോഭനീയം
പീയൂഷാപ്ലാവിതോഽഹം തദനു തദുദരേ
ദിവ്യകൈശോരവേഷം,
താരുണ്യാരംഭരമ്യം പരമസുഖരസാ-
സ്വാദരോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈർവ്വിലസദുപനിഷത്-
സുന്ദരീമണ്ഡലൈശ്ച.

ഭാഷ

മുന്നിൽക്കാണുന്നു, ഇടതൂർന്ന കായാമ്പൂ-
വെന്നപോൽ മോഹനതേജഃ പുഞ്ജം
ഞാനാസ്വദിച്ചു, മധുരമാമാനന്ദ
പീയൂഷത്താലഭിഷേകസൗഖ്യം
ചൈതന്യമദ്ധ്യേ താരുണ്യാരംഭത്താലെ
സുന്ദരം ദിവ്യകൈശോരരൂപം
ചുറ്റുമാനന്ദ രസാസ്വാദകർ രോമാ-
ഞ്ചാംഗിതർ നാരദാദിമുനികൾ
മുറ്റുമുപനിഷദ് സുന്ദരിമാർ ചൂഴ്ന്നു
മണ്ഡലമായി വിലസിടുന്നു.

അർത്ഥം : ഞാനിതാ എന്റെ കൺമുമ്പിൽ, ഇടതൂർന്ന കായാമ്പൂ പോലെ സുന്ദരമായ ഒരു തേജസ്സു കാണുന്നു. ഞാൻ അതിമധുരമായ ആനന്ദ പീയൂഷത്തിന്റെ അഭിഷേകസുഖം അനുഭവിച്ചു കഴിഞ്ഞു. ചൈതന്യമദ്ധ്യത്തിൽ താരുണ്യം ആരംഭിക്കയാൽ സുന്ദരമായ ദിവ്യമായ ബാലരൂപം കാണുന്നു. ചുറ്റും ആനന്ദരസാസ്വാദകരും അംഗമാകെ ഭക്തിയാൽ രോമാഞ്ചം പൂണ്ടവരുമായ നാരദാദി മുനിവൃന്ദവും ഉപനിഷദ് സുന്ദരിമാരും. മണ്ഡലാകൃതിയിൽ (വൃത്തം) വിലസുന്നത് കാണുന്നു.

മൂലം – 2

നീലാഭം കുഞ്ചിതാഗ്രം ഘനമമലതരം
സംയതം ചാരുഭംഗ്യാ
രത്നോത്തംസാഭിരാമം വലയിതമുദയ-
ച്ചന്ദ്രകൈഃ പിഞ്ഛജാലൈഃ,
മന്ദാരസ്രങ്ങ്നിവീതം തവ പൃഥുകബരീ-
ഭാരമാലോകയേഽഹം
സ്നിഗ്ദ്ധശ്വേതോർദ്ധ്വപുണ്ഡ്രാമപി ച സുലളിതാം
ഫാലബാലേന്ദുവീഥീം.

ഭാഷ

നീലാഭമഗ്രം ചുരുണ്ടിടതൂർന്നിട്ടു
ചാരുഭംഗ്യാ കെട്ടിവെച്ചതായി
രത്ന ശിരോഭൂഷചാർത്തി, കൺമിന്നുന്ന
തൂമയിൽപ്പീലി നിരക്കെക്കുത്തി,
മന്ദാരമാല വളച്ചുകെട്ടി മുടി
ക്കെട്ടു കാണുന്നിതാ ചന്തമോടെ
സ്നിഗ്ദ്ധം വെളുത്ത ഗോപിക്കുറിചാർത്തീട്ടു
പഞ്ചമിചന്ദ്രന്റെ വീഥിപോലെ
സുന്ദരം നെറ്റിത്തടം കാണ്മു രമ്യമീ-
ദർശന സൗഖ്യത്താൽ ധന്യം ജന്മം.

അർത്ഥം : നീലിച്ച്, അറ്റം ചുരുണ്ട്, ഇടതൂർന്ന്, ഭംഗിയിൽ കെട്ടിവെച്ച്, രത്ന കിരീടം ചാർത്തി, കണ്ണു മിന്നുന്ന മയിൽപ്പീലി കുത്തി, മന്ദാര മാലയാൽ ചുറ്റിക്കെട്ടിയ തിരുമുടി കാണുന്നു. മിനുത്തു വെളുത്ത പഞ്ചമി ച്ചന്ദ്രനെപ്പോലെയുള്ള ഗോപിക്കുറി ചാർത്തിയ, ആ ചന്ദ്രന്റെ വീഥി പോലെയുള്ള നെറ്റി കാണുന്നു. ഈ രമ്യദർശന സൗഖ്യത്താൽ ജന്മം ധന്യമായി.

മൂലം – 3

ഹൃദ്യം പൂർണ്ണാനുകമ്പാർണ്ണവമൃദുലഹരീ-
ചഞ്ചലഭ്രൂവിലാസൈ-
രാനീലസ്നിഗ്ദ്ധപക്ഷ്മാവലിപരിലസിതം
നേത്രയുഗ്മം വിഭോ! തേ,
സാന്ദ്രച്ഛായം വിശാലാരുണകമലദളാ-
കാരമാമുഗ്ദ്ധതാരം
കാരുണ്യാലോകലീലാശിശിരിതഭുവനം
ക്ഷിപ്യതാം മയ്യനാഥേ.

ഭാഷ

പൂർണ്ണാനുകമ്പതൻ സിന്ധുവിൽ ചാഞ്ചാടും
തൂമൃദുലം തിര പോലിളകും
ഭ്രൂവിലാസത്താൽ മനോജ്ഞം, കരിനീല-
സ്നിഗ്ദ്ധം ഇമകളാൽ ശ്രീലളിതം
സാന്ദ്രം വിശാലം ചെന്താമരപ്പൂവിതൾ
പോൽ കണ്ണും കൃഷ്ണമണികളുമായ്
കാരുണ്യമേറും കടാക്ഷത്താൽ ലോകത്തെ-
യാകെക്കുളിർപ്പിക്കും, കൃഷ്ണാ, ഹരേ-
തീരെയനാഥയാമെന്നിലാക്കണ്ണുകൾ
നീ പതിപ്പിക്കണേ, തെല്ലുനേരം.

അർത്ഥം : പൂർണ്ണാനുകമ്പാ സിന്ധുവിലെ തിരപോലെ ചാഞ്ചാടുന്ന വയും മനോഹരവുമായ പുരികക്കൊടികൾ, കരിനീലമായ മിനുത്ത ഇമരോമങ്ങളാൽ ലളിതകാന്തിയേറിയ വിശാലമായ, ചുവന്ന ചെന്താമരപ്പൂവിതൾപോലുള്ള കണ്ണുകളും അവയിലെ കൃഷ്ണമണികളും, ആ കണ്ണുകൾ കരുണാ കടാക്ഷത്താൽ ലോകത്തെയാകെ കുളിരണിയിക്കുന്നു. അനാഥയായ എന്നിലും ആ കടാക്ഷം പതിയണേ.

മൂലം – 4

ഉത്തുംഗോല്ലാസിനാസം ഹരിമണിമുകുര-
പ്രോല്ലസദ്ഗണ്ഡപാളീ-
വ്യാലോലത്കർണ്ണപാശാഞ്ചിതമകരമണീ-
കുണ്ഡലദ്വന്ദ്വദീപ്രം,
ഉന്മീലദ്ദന്തപംക്തിസ്ഫുരദരുണതര-
ച്ഛായബിംബാധരാന്തഃ-
പ്രീതിപ്രസ്യന്ദിമന്ദസ്മിതശിശിരതരം
വക്ത്രമുദ്ഭാസതാം മേ.

ഭാഷ

ഉത്തുംഗം നാസിക, ഇന്ദ്രനീലക്കവിൾ
മിന്നും മകരത്തിൻ കുണ്ഡലങ്ങൾ
അല്പം പ്രകാശിക്കും പല്ലു, തൊണ്ടിപ്പഴം
പോലധരത്തിൽ തൂമന്ദഹാസം
ഏറ്റം മധുരതമമാം തിരുമുഖം
എന്നെന്നും കാണണമെന്റെയുള്ളിൽ

അർത്ഥം : ഉയർന്ന മൂക്ക്, ഇന്ദ്രനീലം പോലെ തെളിഞ്ഞ കവിളത്ത് മിന്നുന്ന മകരകുണ്ഡലഛായ, അല്പം മാത്രം പല്ലു തെളിയുമാറ്, തൊണ്ടിപ്പഴം പോലുള്ള ചുണ്ടുകൾക്കിടയിൽ പുഞ്ചിരി. അതിമധുരമായ ഈ തിരുമുഖം എന്നും എന്റെയുള്ളിൽ കാണണം.

മൂലം – 5

ബാഹുദ്വന്ദ്വേന രത്നോജ്ജ്വലവലയഭൃതാ
ശോണപാണിപ്രവാളേ-
നോപാത്താം വേണുനാളീം പ്രസൃതനഖമയൂ-
ഖാംഗുലീസംഗസാരാം,
കൃത്വാ വക്ത്രാരവിന്ദേ സുമധുരവികസ-
ദ്രാഗമുദ്ഭാവ്യമാനൈഃ
ശബ്ദബ്രഹ്മാമൃതൈസ്ത്വം ശിശിരിതഭുവനൈഃ
സിഞ്ച മേ കർണ്ണവീഥീം.

ഭാഷ

രത്നംപതിച്ച വളയണിഞ്ഞും ചോന്ന
കൈത്തളിരോടുമാ കൈത്തണ്ടകൾ
കയ്യിലേന്തും വേണുനാളി, നഖമയൂ-
ഖാംഗുലീസംഗത്താൽ ചുണ്ടുചേർത്ത്
രാഗവിസ്താരത്താൽ മാധുര്യത്താലെയു-
മീരേഴുലകും കുളിരണിയ്ക്കും
നാദബ്രഹ്മാമൃതത്താലെൻ ചെവികളെ
മാധവാ എന്നും കുളിർപ്പിക്കേണം.

അർത്ഥം : രത്നവളയിട്ട, ചുവന്ന കരതലത്തോടുകൂടിയ കൈത്തണ്ടകൾ, കയ്യിൽ ഏന്തിയ ഓടക്കുഴൽ, അതിൽ നഖങ്ങളുടെ കിരണം പരത്തുന്ന വിരലുകളുടെ സംഗമത്താൽ ചുണ്ടോടുചേർന്ന് പുറപ്പെടീക്കുന്ന രാഗവിസ്താരത്താലും അതിന്റെ മധുരിമയാലും ഈരേഴുലകിനേയും കുളിരണിയിക്കുന്ന രസാനുഭവം - മാധവാ, ആ നാദ ബ്രഹ്മാമൃതത്താൽ എന്റെ ചെവികളെ എന്നും കുളിർപ്പിച്ചാലും.

മൂലം – 6

ഉത്സർപ്പത്കൗസ്തുഭശ്രീതതിഭിരരുണിതം
കോമളം കണ്ഠദേശം
വക്ഷഃ ശ്രീവത്സരമ്യം തരളതരസമു-
ദ്ദീപ്രഹാരപ്രതാനം,
നാനാവർണ്ണപ്രസൂനാവലികിസലയിനീം
വന്യമാലാം വിലോല-
ല്ലോലംബാം ലംബമാനാമുരസി തവ തഥാ
ഭാവയേ രത്നമാലാം.

ഭാഷ

കൗസ്തുഭശ്രീയാൽ ചുവന്ന കണ്ഠം, മാറിൽ
വത്സചിഹ്നം മുത്തുഹാരശോഭ
നാനാനിറത്തിൽ മലർ, തളിർകോർത്തതാം
ആ വനമാലയിൽ ഭൃംഗലീല
രത്നമാലാഞ്ചിതം വക്ഷസ്സു ഞാനെന്നും
അത്തലകറ്റുവാൻ ധ്യാനിക്കുന്നു.

അർത്ഥം : കൗസ്തുഭശ്രീകൊണ്ട് ചുവന്ന കോമളമായ കഴുത്ത്, മാറത്ത് ശ്രീവത്സവും മുത്തുമാലകളും, നാനാവർണ്ണത്തിലുള്ള പൂക്കളും തളിരും കോർത്ത വനമാലയിൽ വണ്ടുകളുടെ ലീലയും, രത്നമാലകളും ഉള്ള അവിടത്തെ വക്ഷസ്ഥലം ഞാൻ നിത്യം ധ്യാനിക്കുന്നു.

മൂലം - 7

അംഗേ പഞ്ചാംഗരാഗൈരതിശയവികസത്-
സൗരഭാകൃഷ്ടലോകം
ലീനാനേകത്രിലോകീവിതതിമപി കൃശാം
ബിഭ്രതം മദ്ധ്യവല്ലീം,
ശക്രാശ്മന്യസ്തതപ്തോജ്ജ്വലകനകനിഭം
പീതചേലം ദധാനം
ധ്യായാമോ ദീപ്തരശ്മിസ്ഫുടമണിരശനാ-
കിങ്കിണീമണ്ഡിതം ത്വാം.

ഭാഷ

മെയ്യിലഞ്ചംഗരാഗം പൂശി സർവ്വലോ-
കങ്ങളാകർഷിക്കും സൗരഭവും
ബ്രഹ്മാണ്ഡജാലമനേകലീനം എന്നാൽ
സമ്മോഹനം കൃശം മദ്ധ്യവല്ലി,
ഇന്ദ്രനീലം രത്നം പൊന്നിൽ പതിച്ചപോൽ
നിന്മേനി മേൽ മിന്നും മഞ്ഞപ്പട്ടും
ദീപ്തരശ്മിസ്ഫുടമാം മണി ചേരുന്ന
പൊന്നരഞ്ഞാണവും കിങ്ങിണിയും
ഊണിലുറക്കത്തിലും ഞാനീ വിഗ്രഹം
ധ്യാനിച്ചിടുന്നു പരാത്മമൂർത്തേ

അർത്ഥം : അഞ്ച് അംഗരാഗം പൂശിയ മേനിയിൽ നിന്നുയരുന്ന സുഗന്ധം സർവ്വലോകത്തേയും ആകർഷിക്കുന്നു. അനേകം ബ്രഹ്മാണ്ഡങ്ങൾ ലീനമായിരുന്നിട്ടും സമ്മോഹനമായി കൃശമായിരിക്കുന്ന അരക്കെട്ട്, ഇന്ദ്രനീലരത്നം പൊന്നിൽ പതിച്ചപോലെ നിന്റെ മേനിയിൽ ചാർത്തിയ മഞ്ഞപ്പട്ട്, ഉജ്ജ്വലമായ രശ്മികളാൽ സ്ഫുടമായ മണികൾ പതിച്ച പൊന്നരഞ്ഞാണവും കിങ്ങിണിയും. ഈ വ്യക്തദൃശ്യ വിഗ്രഹം ഹേ അദൃശ്യ പരമാത്മാവേ, ഞാൻ സദാ ധ്യാനിക്കുന്നു.

മൂലം - 8

ഊരൂ ചാരൂ തവോരൂ ഘനമസൃണരുചൗ
ചിത്തചോരൗ രമായാ
വിശ്വക്ഷോഭം വിശങ്ക്യ ധ്രുവമനിശമുഭൗ
പീതചേലാവൃതാംഗൗ,

ആനമ്രാണാം പുരസ്താന്ന്യസനധൃതസമ-
സ്താർത്ഥപാളീസമുദ്ഗ-
ച്ഛായം ജാനുദ്വയം ച ക്രമപൃഥുലമനോ-
ജ്ഞേ ച ജംഘേ നിഷേവേ.

ഭാഷ

ചാരു നിന്നൂരു ഘനമസൃണം രമാ-
ചോരം ഉലകത്തിൻ ക്ഷോഭമൂലം
പട്ടാലെ മൂടിയ ഭംഗി; നമിപ്പോർക്കു
സർവ്വകാമം നൽകും ചെപ്പുപോലെ
രണ്ടുകാൽമുട്ടുകൾ, മേലോട്ടു വണ്ണിച്ചു
താഴെ മെലിഞ്ഞിരുജംഘകളും
പിന്നെക്രമത്തിൽക്കണങ്കാലും വന്ദിപ്പൂ
സുന്ദരം നിൻമൂർത്ത ബ്രഹ്മരൂപം

അർത്ഥം : സുന്ദരവും തടിച്ചുരുണ്ടതും, രമയുടെ മനസ്സിനെ ആകർഷിക്കുന്നതും, ലോകത്തിന്റെ ക്ഷോഭകാരണവുമായ നിന്റെ തുടകൾ ഭംഗിയോടെ മഞ്ഞപ്പട്ടാൽ മൂടിയിരിക്കുന്നു. കുമ്പിടുന്നോർക്കു കൊടുക്കാൻ സർവ്വകാമവും ശേഖരിച്ചുവെച്ച മണിച്ചെപ്പുപോലെ കാൽമുട്ടുകൾ, മുകളിൽ തടിച്ചും താഴെ മെലിഞ്ഞുമുള്ള ജംഘകൾ, കണങ്കാൽ ഇവ ക്രമത്തിൽ വന്ദിക്കുന്നു. നിന്റെ മൂർത്തമായ സകല ബ്രഹ്മരൂപം എത്ര സുന്ദരം.

മൂലം – 9

മഞ്ജീരം മഞ്ജുനാദൈരിവ പദഭജനം
ശ്രേയ ഇത്യാലപന്തം
പാദാഗ്രം ഭ്രാന്തിമജ്ജത്പ്രണതജനമനോ-
മന്ദരോദ്ധാരകൂർമ്മം,
ഉത്തുംഗാതാമ്രരാജന്നഖരഹിമകര-
ജ്യോത്സ്നയാ ചാശ്രിതാനാം
സന്താപധ്വാന്തഹന്ത്രീം തതിമനുകലയേ
മംഗലാമംഗുലീനാം.

ഭാഷ

പാദഭജനമേ ശ്രേയസ്സെന്നോതുന്നു
കാൽത്തള രണ്ടും മൃദുസ്വരത്തിൽ
മായയിൽ മുങ്ങാതെ ഭക്തഹൃദയമാം
മന്ദരം പൊക്കും പാദാഗ്രകൂർമ്മം
മദ്ധ്യമുയർന്നു; തുടുത്തനഖചന്ദ്ര-
പ്പൂനിലാരശ്മി തൂകും നഖത്താൽ
ആശ്രിതദുഃഖാന്ധകാരമകറ്റീട്ടു
മംഗളശ്രീയേകുമംഗുലികൾ

അർത്ഥം : പദഭജനമാണ് ശ്രേയസ്കരമെന്ന് മൃദുസ്വരത്തിൽ പറയുന്ന കാൽത്തളകൾ, ഭക്തഹൃദയമാകുന്ന മന്ദരം മായാസമുദ്രത്തിൽ മുങ്ങാതെ പൊന്തിച്ചുനിർത്തുന്ന കൂർമ്മംപോലെ മദ്ധ്യഭാഗമുയർന്ന പുറവടികൾ, തുടുത്ത നഖചന്ദ്രൻമാരുടെ നിലാവിന്റെ രശ്മി തൂകി ആശ്രിതദുഃഖമാകുന്ന ഇരുട്ടകറ്റുന്ന മംഗളകാരികളായ കാൽവിരലുകൾ – ഈ കേശാദിപാദരൂപം വണങ്ങുന്നു.

മൂലം – 10

യോഗീന്ദ്രാണാം ത്വദംഗേഷ്വധികസുമധുരം
മുക്തിഭാജാം നിവാസോ
ഭക്താനാം കാമവർഷദ്യുതരുകിസലയം
നാഥ! തേ പാദമൂലം,
നിത്യം ചിത്തസ്ഥിതം മേ പവനപുരപതേ!
കൃഷ്ണ! കാരുണ്യസിന്ധോ!
ഹൃത്വാ നിശ്ശേഷതാപാൻ പ്രദിശതു പരമാ-
നന്ദസന്ദോഹലക്ഷ്മീം.

ഭാഷ

യോഗീന്ദ്രന്മാർക്കുനിന്നംഗങ്ങളിലേറ്റം
തൂമധുരം, മുക്തന്മാർക്കു ഗേഹം,
ഭക്തർക്കു കാമങ്ങളെല്ലാം തരും കല്പ-
വൃക്ഷത്തളിരുപോൽ പാദമൂലം
നിത്യമെൻ ചിത്തസ്ഥിതമായ്, ഗുരുവായൂ-
രപ്പാ, ശ്രീകൃഷ്ണാ, കാരുണ്യസിന്ധോ
നിശ്ശേഷതാപംഹരിച്ചു പരമമാം
ആനന്ദവാഹിനിതൻ സമൃദ്ധി
നൽകേണം, യോഗീശ, മറ്റൊന്നും വേണ്ടെനി-
യ്ക്കേകണമീവരം തമ്പുരാനേ-

അർത്ഥം : നിന്റെ അംഗങ്ങളിൽവെച്ച് ഏറ്റവും മധുരമെന്ന് യോഗീന്ദ്രന്മാർ പുകഴ്ത്തിയതും, മുക്തന്മാരുടെ വാസസ്ഥലവും, ഭക്തർക്ക് സർവ്വകാമവും തരുന്ന കല്പവൃക്ഷത്തളിരുമായ അവിടുത്തെ പാദമൂലം നിത്യവും എന്റെ ചിത്തസ്ഥിതമാവണം. കൃഷ്ണാ, ഗുരുവായൂരപ്പാ, കാരുണ്യസിന്ധോ, സർവ്വതാപവും തീർത്ത് പരമാനന്ദമാകുന്ന ഒഴുക്കിന്റെ സമൃദ്ധി എനിക്ക് തരണം. യോഗീശ്വരാ, ഇതല്ലാതെ മറ്റൊരു വരവും ഈയുള്ളവൾ ചോദിക്കുന്നില്ല.

മൂലം – 11

അജ്ഞാത്വാ തേ മഹത്ത്വം യദിഹ നിഗദിതം
വിശ്വനാഥ! ക്ഷമേഥാഃ
സ്തോത്രം ചൈതത് സഹസ്രോത്തരമധികതരം
ത്വത്പ്രസാദായ ഭൂയാത്,
ദ്വേധാ നാരായണീയം ശ്രുതിഷു ച ജനുഷാ
സ്തുത്യതാവർണ്ണനേന
സ്ഫീതം ലീലാവതാരൈരിദമിഹ കുരുതാ-
മായുരാരോഗ്യസൗഖ്യം.

ഭാഷ

അജ്ഞതയിൽ നിൻമഹത്വമറിയാതെ
കുത്തിക്കുറിച്ചൊരീ സ്ത്രോത്രങ്ങളിൽ
ചൊല്ലിയതെല്ലാം ക്ഷമിയ്ക്ക; സഹസ്രത്തി-
ലേറെ ശ്ലോകങ്ങളുള്ളീ നിവേദ്യം
നാരായണനെക്കുറിച്ചു നാരായണ-
നോതിയ നാരായണീയമല്ലോ
നിന്റെപ്രസാദത്തിനായർപ്പിതം, വേദ-
പുണ്യാവതാര സ്തുതിവർണ്ണിതം
നിൻ ലീലാവർണ്ണനാപുഷ്ടമരുളട്ടെ
ആയുരാരോഗ്യസൗഖ്യം ജഗത്തിൽ

അർത്ഥം : അവിടത്തെ മഹത്വമറിയാതെ അജ്ഞതമൂലം ഞാൻ കുത്തിക്കുറിച്ച ഈ സ്തോത്രങ്ങളിൽ വന്ന പിഴവുകളെല്ലാം ഭഗവാനേ, പൊറുത്താലും. ആയിരത്തിലധികം ശ്ലോകങ്ങളുള്ള ഈ നിവേദ്യം നാരായണനെക്കുറിച്ച് നാരായണനെഴുതിയതിനാൽ രണ്ടുവിധേനയും നാരായണീയമാണ്. ഇത് ഈശ്വരപ്രസാദത്തിനായി രചിച്ചതാണ്. വേദത്തിലും അവതാരകഥകളിലും സ്തുതിക്കപ്പെട്ട നിർഗുണ, സഗുണബ്രഹ്മരൂപമായ വിഷ്ണുവിന്റെ ലീലാചരിതവർണ്ണനകളാൽ സമ്പുഷ്ടമായ ഈ കൃതി ലോകത്തിനു മുഴുവൻ ആയുസ്സും ആരോഗ്യവും സൗഖ്യവും നൽകട്ടെ.

(നാരായണീയത്തിൽ ആകെ 1033 ശ്ലോകമുണ്ട്. അതാണ് സഹസ്രോത്തരമെന്ന് പറഞ്ഞത്)

○

ഒരു സ്വപ്നദർശനം

വടപത്രശായി

മലപെറ്റ നവരത്നമോ, ഇത് മൗനത്തി-
ന്നലയാഴി പെറ്റൊരു നാദമുത്തോ.
ഘനനീലസാന്ദ്രമാം മാനത്തു പൂത്തൊരു
കനലുപോൽ താരകപ്രണവസത്തോ
അടിയന്റെ മടിയിൽ വന്നലിവാർന്നു വീണൊരു
പുതുരാഗസാന്ദ്രമാം വീണയാണോ
കദനങ്ങളൊക്കെക്കരിച്ചു ഹരിയ്ക്കുവാൻ
മധുകുംഭമേന്തിയ വിഷ്ണുവാണോ
അരിയ തള കിലുക്കീട്ടു കാമാരിത-
ന്നരികിലെത്തും ഹരികന്യകയോ
മുരളിയുമൂതീട്ടു പുതിയൊരു ഗീതത-
ന്നരുവിയൊഴുക്കിയ സാരഥിയോ
മുനിരാമനോ, ഭൃഗുരാമനോ, ഹലമേന്തും
ബലരാമനോ, ലക്ഷ്മീനരസിംഹനോ
ഭൂഭാരമേന്തിയ കൂർമ്മമോ, വേദങ്ങൾ
ശോഭായമാക്കിയ മീനവനോ,
ഒറ്റക്കൊമ്പിൽ തേറ്റ മേലേ പ്രിയതമ-
യ്ക്കിഷ്ടഗേഹം തീർത്തവാരാഹനോ,
മൂവുലകും മൂവടിയാലളന്നവൻ
വാമനരൂപൻ ത്രിവിക്രമനോ
അവതാരമായിരം നവരൂപമായിരം
അവനുണ്ടവനിയിൽ കോടിനാമം
അവയൊന്നുമല്ലിവൻ, എൻമനപ്പാലാഴി-
ക്കവനത്തിൽ ആലിലമേലൊഴുകും
ജലശായി; ഓമനക്കുഞ്ഞായ് കൈകാൽ കുട-
ഞ്ഞരുമയായ് ചിരിതൂകും നീലമുത്ത്
ഒരു നേരമില്ലാ പിരിവു ഞങ്ങൾക്കു, ഞാൻ
തിരുനീലക്കണ്ണനു തീർത്തിരിപ്പൂ
ഹൃദയത്താലാലില, ധ്യാനസമാധിതൻ
സുധയാലെപ്പാലാഴി, യവനുമാത്രം!
അതിലുറങ്ങീട്ടുമുണർന്നു കളിച്ചിട്ടും
പുതുവെണ്ണച്ചിരിതൂകുന്നെന്റെ കണ്ണൻ.
എന്നുള്ളിലും പുറത്തെ,പ്പോഴുമാപ്പുതു
മന്ദഹാസത്തിൻ നിലാവുമാത്രം
അറിവീല മറ്റൊ, ന്നറിയാനുമില്ല യീ
ച്ചെറുജന്മസാധന സഫലമായി.

O

മേല്പുത്തൂർ നാരായണ ഭട്ടതിരിയുടെ

ശ്രീമന്നാരായണീയം

THEERABHUMI
Theerabhumi Books
GURUVAYOOR - 680 101
₹ 595 (Five Hundred and Ninety Five only)
Limited Edition